KOTTAYAM PUBLIC LIBRARY

Call No 330.95483 Acc. No 1443

Author കമാലുദ്ദീൻ ടി. എ

Title കേരളത്തിന്റെ സാമ്പത്തിക വികസനം

1037

# കേരളത്തിന്റെ സാമ്പത്തികവികസനം

1443

KOTTAYAM PUBLIC LIBRARY
KOTTAYAM.

എഡിറ്റർ

ടി. എ. കമാലുദ്ദീൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം-1

ജനറൽ എഡിറ്റർ

എൻ. വി. കൃഷ്ണവാരിയർ

ചീഫ് എഡിറ്റർ

പ്രൊഃ കെ. ജെ. മാത്യൂതരകൻ

സാങ്കേതിക എഡിറ്റർ

ടി. എ. കമാലുദ്ദീൻ

ഭാഷാ എഡിറ്റർ

ഡോക്ടർ കെ. എൻ. എഴുത്തച്ഛൻ

പ്രൂഫ്

എം. എഫ്. തോമസ്

കെ. ഏ. വാസുക്കുട്ടൻ

ഒന്നാം പതിപ്പ്: ആഗസ്റ്റ് 1972

അച്ചടി: എം. ഐ. സി. എസ്സ്. പ്രസ്സ്, കളത്തൂർ

വില: ക. 7.25

# കേരളത്തിന്റെ സാമ്പത്തികവികസനം

# Keralattinte Sampattikavikasanam

(ECONOMIC DEVELOPMENT OF KERALA)

**First Published: August 1972**

**Copies: 2000**

330.95483

**Edited by**
**T. A. Kamaluddin**

**Printed at M. I. C. S. Printers**
**Kulathur, Kazhakuttam**

**Price: Rs. 7.25**

**Publishers:**
**State Institute of Languages, Trivandrum-1**

**© State Institute of Languages, Trivandrum-1**

*This book is the Malayalam translation of 29 original papers presented at a Seminar organised by the University of Kerala on Oct. 18 & 19, 1970. Published by kind permission of the University of Kerala. Brought out under the scheme for production of University level books in regional languages, sponsored by Government of India, Ministry of Education and Social Welfare (Department of Culture), New Delhi.*

---

SIL/107

# ആമുഖം

സർവകലാശാലാനിലവാരത്തിൽ മലയാളഗ്രന്ഥങ്ങൾ നിർമിക്കുന്നതിന് കേന്ദ്രഗവണ്മെന്റിന്റെ ധനസഹായത്തോടെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പരിപാടിയിൽ ഉൾപ്പെടുത്തിയാണ് "കേരളത്തിന്റെ സാമ്പത്തികവികസനം" പ്രസിദ്ധം ചെയ്യുന്നത്. 1970 ഒക്ടോബർ 18, 19 തീയതികളിൽ കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തു നടന്ന ഒരു സെമിനാറിൽ സമർപ്പിക്കപ്പെട്ട 29 പ്രബന്ധങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഭരണകർത്താക്കൾ, സാങ്കേതികവിദഗ്ധന്മാർ, വിദ്യാഭ്യാസപ്രവർത്തകന്മാർ, ഗവേഷകന്മാർ, പൊതുക്കാര്യപ്രസക്തന്മാർ എന്നിങ്ങനെ പല നിലകളിൽ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ടവരോ വികസനത്തിൽ ഉദ്ബുദ്ധമായ താൽപര്യമുള്ളവരോ ആണ് പ്രബന്ധകർത്താക്കൾ. ഭക്ഷണവും കൃഷിയും, വ്യവസായവും മനുഷ്യശക്തിയും തൊഴിലും, വികസനത്തിലെ സാമ്പത്തികേതരഘടകങ്ങൾ എന്ന മൂന്ന് വിശാലവിഭാഗങ്ങളിലായി, വികസനത്തിന്റെ പ്രധാനപ്രശ്നങ്ങളെയെല്ലാം അവർ പരിശോധിക്കുന്നുണ്ട്. ഈ സെമിനാർ നടന്ന കാലത്ത് കേരള സർവകലാശാലയുടെ വൈസ് ചാൻസലർ ആയിരുന്ന ഡോക്ടർ എ. അയ്യപ്പൻ എഴുതിയ അവതാരികയും ഇതിൽ ചേർത്തിട്ടുണ്ട്

ബിരുദ–ബിരുദാനന്തരതലങ്ങളിലുള്ള ധനശാസ്ത്രവിദ്യാർഥികളുടെ അധികവായനയ്ക്ക് ഉദ്ദേശിക്കപ്പെട്ടതാണ് ഈ ഗ്രന്ഥം. ഭാരതീയധനശാസ്ത്രത്തിന്റെ ഒരു ഭാഗമായി കേരളധനശാസ്ത്രം അവർ മനസ്സിലാക്കിയിരിക്കേണ്ടതുണ്ടല്ലോ. അതിന്നു പുറമെ, അവികസിതരാജ്യങ്ങളുടെ വികസനത്തെസ്സംബന്ധിച്ചിടത്തോളം കേരളം ഏറെക്കുറെ ഒരു ഗവേഷണശാലയായിട്ടുണ്ട്. അമിതമായ ജനപ്പെരുപ്പം, കൃഷിയിലുള്ള ഊന്നൽ, വ്യവസായങ്ങളുടെ പിൻനില, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, സാമുദായിക-മതസംഘടനകളുടെ സമ്മർദരാഷ്ട്രതന്ത്രം, ഇടതുപക്ഷപ്പാർട്ടികളുടെ സ്വാധീനം മുതലായ കേരളത്തിന്റെ ഇന്നത്തെ സവിശേഷതകൾ ഇന്നല്ലെങ്കിൽ നാളെ അവികസിതരാജ്യങ്ങളുടെ മുഴുവൻ സവിശേഷതകൾ ആയിത്തീരാവുന്നവയാണ്. അതിനാൽ, കേരളത്തിൽ നടക്കുന്ന സാമ്പത്തികവികസനപരീക്ഷണങ്ങളിൽ നിന്ന് ഇന്ത്യയിലെ മററു പ്രദേശങ്ങൾക്കും ഇന്ത്യയ്ക്കു പുറത്തുള്ള അവികസിതരാജ്യങ്ങൾക്കും നിരവധി പാഠങ്ങൾ പഠിക്കാൻ കഴിയും. ഈ നിലയിൽ ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിന്ന് കേരളത്തിന്നു പുറത്തും പ്രസക്തിയുണ്ട്. വിദ്യാർഥികൾക്കെന്ന പോലെ പൊതുക്കാര്യങ്ങളിൽ ബുദ്ധിപൂർവമായ താൽപര്യമുള്ള സാധാരണ വായനക്കാർക്കും ഈ പുസ്തകം പ്രയോജനപ്പെടാതിരിക്കയില്ല.

ഈ പുസ്തകത്തിലടങ്ങിയ പ്രബന്ധങ്ങൾ ഇംഗ്ലീഷിലാണ് എഴുതപ്പെട്ടിരുന്നത്. 7, 9, 10, 12, 17, 18, 19, 22, 26, 28, 29 എന്നീ അധ്യായങ്ങൾ അവയുടെ ലേഖകന്മാർ തന്നെ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തു തന്നു. 1-ഉം 5-ഉം അധ്യായങ്ങൾ ഡോക്ടർ കെ. രാമചന്ദ്രൻ നായരും 2, 3, 4, 21 എന്നീ അധ്യായങ്ങൾ ശ്രീ കെ. എ. വാസുക്കുട്ടനും 6-ാം അധ്യായം ശ്രീ കെ. ഉണ്ണീൻ

കുട്ടിയും 8, 11, 15, 20, 23, 25 എന്നീ അധ്യായങ്ങൾ ഡോക്ടർ ജേക്കബ് ഈപ്പനും 13-ാം അധ്യായം ശ്രീ കെ. പി. കെ. പിഷാരടിയും 14-ഉം 24-ഉം അധ്യായങ്ങൾ ശ്രീ എസ്സ്. കമാലുദ്ദീനും 16-ാം അധ്യായം ശ്രീ ജി. സത്യശീലനും 27-ാം അധ്യായം ശ്രീ ഏ. ഡി. പിള്ളയുമാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നതു്.

ഈ പുസ്തകത്തിലുള്ള കുറവുകളും തെററുകളും ചൂണ്ടിക്കാണിക്കുന്നവരോട് ഞങ്ങൾ കൃതജ്ഞരായിരിക്കും. കുറെക്കൂടി മെച്ചപ്പെട്ട രണ്ടാം പതിപ്പ് തയ്യാറാക്കുവാൻ അത്തരം നിർമാണാത്മകനിർദേശങ്ങൾ ഉപകരിക്കുമല്ലോ.

കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്,
തിരുവനന്തപുരം,
4 ആഗസ്റ്റ്, 1972.

എൻ. വി. കൃഷ്ണവാരിയർ
ടി. ഏ. കമാലുദ്ദീൻ

# അവതാരിക

കേരളത്തിന്നു പ്രത്യേകമായുള്ള സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുവാൻ നമ്മുടെ സാമൂഹ്യശാസ്ത്രജ്ഞന്മാർ സമ്മേളിയ്ക്കുന്നതാവശ്യമാണെന്ന ആശയം വളരെ കാലമായി—കേരള സർവകലാശാലയുടെ വൈസ് ചാൻസലറായി ഞാൻ തിരുവനന്തപുരത്ത് എത്തുന്നതിന്ന് എത്രയോ മുമ്പു തന്നെ—എന്നിൽ വേരൂന്നിയിരുന്നു. അത്തരം ഒരു സമ്മേളനം ഞാൻ അന്ന് അധ്യക്ഷനായിരുന്ന ദക്ഷിണേന്ത്യൻ സാമൂഹ്യശാസ്ത്രസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാമോ എന്നതിനെപ്പററി 1967–68-ൽ ഞാൻ സുഹൃത്തുക്കളുമായി ആലോചിക്കുകയുണ്ടായി. റവ. ഫാദർ പുത്തൻകളവും മററു സുഹൃത്തുക്കളും—ഇതിലധികവും കേരളത്തിന്നു പുറത്തുള്ളവരായിരുന്നു—ആയി ആലോചിച്ച് സമ്മേളനം തിരുവനന്തപുരത്തു വെച്ചു നടത്തണമെന്ന് മിക്കവാറും തീർച്ചപ്പെടുത്തി. സമ്മേളനച്ചെലവിന്റെ ഒരു ഭാഗം സാമൂഹ്യശാസ്ത്രസമിതി വഹിക്കാമെന്ന് സമ്മതിച്ചിരുന്നതിനാൽ മററു മാർഗങ്ങളിൽക്കൂടി സാമ്പത്തിക സഹായം ലഭിക്കുന്നതിന്നു ഞങ്ങൾ ശ്രമിച്ചു കൊണ്ടിരുന്നു. ഞാൻ വൈസ് ചാൻസലറായി തിരുവനന്തപുരത്തു വന്നതിന്നു ശേഷം, കേരളത്തെസ്സംബന്ധിച്ച് അത്ര പ്രധാനമായ പ്രസ്തുത സമ്മേളനം കേരള സർവകലാശാല തന്നെ നടത്തുന്നതാണ് ഏററവും ഉചിതമെന്ന് എനിക്കു തോന്നി. ഇക്കാര്യത്തിലുള്ള എന്റെ അഭിപ്രായത്തിന്ന് കേരള സർവകലാശാലാസിൻഡിക്കേററിന്റെ ഹൃദയപൂർവമായ അംഗീകാരവും സഹായവും ലഭിച്ചു. ആകെ മൂന്നു സമ്മേളനങ്ങൾ നടത്താനാണ് തീരുമാനിച്ചതു്. അതിന്റെ സംഘടനാകമ്മററിയുടെ കൺവീനറായി സാമൂഹ്യശാസ്ത്രവകുപ്പിന്റെ അധ്യക്ഷനായ ഡോ. പി. കെ. ബി. നായരെ തിരഞ്ഞെടുത്തു. ഒന്നാമത്തെ സമ്മേളനത്തിൽ കേരളത്തിന്റെ വികസനപ്രശ്നങ്ങളുടെ പല ഭാഗങ്ങളെയും സ്പർശിക്കുന്ന ഒട്ടധികം പ്രബന്ധങ്ങൾ വിദഗ്ധന്മാരെക്കൊണ്ട് അവതരിപ്പിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞുവെന്നതിൽ എനിക്കു വളരെ സന്തോഷം തോന്നുന്നുണ്ട്. സാമൂഹ്യവും രാഷ്ട്രീയവും ആയ ചരിത്രത്തിന്റെ പ്രത്യേകത കാരണം കേരള സംസ്ഥാനത്തിന്റെ പല പ്രശ്നങ്ങളും തമിഴ്നാട്, മൈസൂർ തുടങ്ങിയ അയൽസംസ്ഥാനങ്ങളുടേതിൽ നിന്ന് വിഭിന്നമാണ്. കേരളത്തിന്റെ പ്രശ്നങ്ങളെപ്പററി ഉപരിപ്ലവമായ ജ്ഞാനം മാത്രമുള്ള ഒരാൾ, ഇവിടത്തെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്‌വാൻ വേണ്ട വിവരങ്ങൾ അറിവും തനിയ്ക്കുണ്ടെന്നു വിചാരിക്കുകയും അങ്ങനെ പറയുകയും ചെയ്തേക്കാം. എന്നാൽ, കേരളീയരായ നമുക്ക് ഉപയോഗാർഹമായ ഗവേഷണജ്ഞാനം ഒട്ടധികം ഇനിയും ആവശ്യമുണ്ടെന്നു പറയുമ്പോൾ കാര്യജ്ഞാനമുള്ളവർ നിഷേധിക്കുമെന്നു തോന്നുന്നില്ല. ഈ പുസ്തകത്തിൽ ചേർത്ത പ്രബന്ധങ്ങളും, ഇത്തരത്തിലുള്ള ഭാവിസമ്മേളനങ്ങളിൽ അവതരിപ്പിക്കാൻ പോകുന്ന പ്രബന്ധങ്ങളും, കേരളത്തിലെ ആസൂത്രക

ന്മാർക്ക്, വിദ്യാഭ്യാസം, സാമൂഹ്യ-വ്യാവസായികബന്ധങ്ങൾ, രാഷ്ട്രീയകാര്യങ്ങൾ എന്നീ രംഗങ്ങളെ സംബന്ധിച്ചുള്ള ഉപയോഗപ്രദമായ പല വിവരങ്ങളും നൽകുമെന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു. ഒന്നാമത്തെ ഈ സമ്മേളനം ഇത്രയും വലിയ വിജയമാക്കിത്തീർത്ത ഡോ. പി. കെ. ബി. നായരും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ വിവിധവിദഗ്ധന്മാരും നൽകിയ അമൂല്യസേവനത്തെപ്പററി ഹൃദയംഗമമായ അഭിനന്ദനം രേഖപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിലെ മററു ബുദ്ധിജീവികളിൽ നിന്ന് സർവകലാശാല ഒററപ്പെട്ടു നിൽക്കുന്ന പാരമ്പര്യത്തെയും ഈ സമ്മേളനം ഭഞ്ജിച്ചിരിക്കുന്നു—ഇത് അതിന്റെ വിജയത്തിന്റെ മറെറാരു സൂചനയാണ്.

ചേവായൂർ,
കോഴിക്കോട്,
4-4-1972.

എ. അയ്യപ്പൻ

# വിഷയവിവരം

ഒന്നാം ഭാഗം

## ഭക്ഷണവും കൃഷിയും


1. കുടിയായ്മബന്ധങ്ങളും ഭൂപരിഷ്കരണവും കാർഷികോൽപാദനവും 3

ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ
ഡയരക്ടർ, ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാററിസ്റ്റിക്സ്

2. കേരളത്തിൻെറ കാർഷികവികസനം 13

ഏ. ജെ. ചാക്കോ
ഡയരക്ടർ, കൃഷിവിഭാഗം, കേരള ഗവൺമെൻറ്

3. കാർഷികരംഗത്ത് കേരളത്തിൻെറ പുരോഗതി 19

ഡോക്ടർ ജെ. സാംരാജ്
പ്രിൻസിപ്പാൾ, കാർഷികകോളേജ്, തിരുവനന്തപുരം

4. ഭക്ഷ്യോൽപാദനത്തിനുള്ള വൻകിടജലസേചന പദ്ധതികളിൽ കേരളം നേടിയ പുരോഗതി 28

കെ. ഭരതൻ
ചീഫ് എൻജിനീയർ, ജലസേചനവിഭാഗം

5. കേരളത്തിലെ ഭക്ഷണവും സാമ്പത്തികവികസനവും 36

രണ്ടു ലേഖകന്മാർ

6. കടൽ — കേരളത്തിൻെറ പ്രത്യാശ 59

ഡോക്ടർ ഏ. എൻ. പി. ഉമ്മർകുട്ടി
അസിസ്റ്റൻറ് ഡയരക്ടർ, കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്

7. കേരളത്തിലെ മൽസ്യബന്ധനവികസനം 71

ഏ. ഐ. ജോർജ്
ഡയരക്ടർ ഓഫ് ഫിഷറീസ്

8. കേരളത്തിലെ "പഞ്ഞമാസങ്ങളുടെ" പ്രശ്നം 77
പി. കെ. ഗോപാലകൃഷ്ണൻ
മുൻ എം. എൽ. എ.

9. കേരളത്തിലെ കൃഷിഭൂമിവിതരണം
—ചില സാമ്പത്തികപരിഗണനകൾ 82
ഡോക്ടർ എം. എ. ഉമ്മൻ
റീഡർ, ധനശാസ്ത്രവിഭാഗം, കേരള സർവകലാശാല

10. കേരളത്തിലെ കാർഷികവികസനം 92
പി. ഡി. കുരുവിള
മാനേജിങ്ങ് ഡയരക്ടർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

11. പുതിയ കാർഷികതന്ത്രത്തിൻെറ പാപ്പരത്തം 97
ഡോക്ടർ കെ. മാത്യു കുരിയൻ എം. പി.
രാജ്യസഭാംഗം

രണ്ടാം ഭാഗം

## വ്യവസായവും മനുഷ്യശക്തിയും തൊഴിലും

12. കേരളത്തിൻെറ വികസനാസൂത്രണം ഒരു പുതിയ
വീക്ഷണത്തിൽ 105
വള്ളത്തോൾ നാരായണൻകുട്ടി മേനോൻ
മെററൽ ഇൻഡസ്ട്രീസ്, ഷൊർണൂർ

13. സാമ്പത്തികവികസനത്തിനു നാം
ബാധ്യതപ്പെട്ടിട്ടുണ്ടോ? 112
കെ. എം. മാത്യു
മാനേജിങ്ങ് എഡിററർ, മലയാള മനോരമ

14. കേരളത്തിൻെറ രോഗങ്ങളും
പരിഹാരമാർഗങ്ങളും 121
എൻ. ജെ. നായർ
വ്യവസായപ്രമുഖൻ, ബോംബെ

15. കേരളത്തിലെ മരവ്യവസായങ്ങൾ 132
എ. എസ്. അനന്തസുബ്രഹ്മണ്യൻ
കൺസർവേറർ ഓഫ് ഫോറസ്റ്റ്

16. തൊഴിലില്ലായ്മപ്രശ്നത്തിൻെറ ചില വശങ്ങൾ 137

പ്രൊഫസർ കെ. ജെ. മാത്യൂതരകൻ
അസിസ്റ്റൻറ് ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്

17. കേരളത്തിൻെറ വികസനത്തിനാവശ്യമായ മാനേജീരിയൽമനുഷ്യശക്തി 148

ഡോക്ടർ എം. വി. പൈലി
ഡയറക്ടർ, സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസ്, കൊച്ചിൻ

18. വ്യാവസായികബന്ധങ്ങൾ—കേരളത്തിൽ 155

പി. എൻ. കൃഷ്ണപിള്ള
ഓണററി പേഴ്സണൽ അഡൈ്വസർ,
കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ്

19. തൊഴിലും തൊഴിലില്ലായ്മയും—കേരളത്തിൽ 169

പി. ആർ. ഗോപിനാഥൻ നായർ
ലക്ചറർ, ധനശാസ്ത്രവിഭാഗം, കേരള സർവകലാശാല

20. കേരളത്തിലെ തൊഴിലില്ലായ്മയുടെ സാമ്പത്തികവശത്തെക്കുറിച്ച് നടത്തേണ്ട ഗവേഷണം 182

പ്രൊഫസർ കെ. എസ്. എൽ. പണിക്കർ
ചീഫ് ഇവാല്യൂവേഷൻ ആഫീസർ,
കേരള സ്റ്റേററ് പ്ലാനിങ് ബോർഡ്

21. വികസനത്തിന്റെ ജനസംഖ്യാപരമായ വശങ്ങൾ 195

പ്രൊഫസർ ആർ. കൃഷ്ണപിള്ള
പ്രൊഫസർ ഓഫ് സ്റ്റാററിസ്റ്റിക്സ്, കേരള സർവകലാശാല

22. തൊഴിലാളികളുടെ നിലപാട്—കേരളത്തിൻെറ സാമ്പത്തികവളർച്ചയ്ക്ക് ഒരു പ്രതിബന്ധം 203

പ്രൊഫസർ ജോസഫ് കെ. അലക്സാൻഡർ
ധനശാസ്ത്രവിഭാഗം,
യൂണിവേഴ്സിററി കോളേജ്, തിരുവനന്തപുരം

23. കേരളത്തിന്റെ വ്യാവസായികമായ പിന്നോക്കാവസ്ഥ—അതിൽ നിന്നുള്ള മോചനമാർഗം 224

ഡോക്ടർ കെ. മാത്യൂ കുരിയൻ എം. പി.

24. കേരളത്തിൻെറ വ്യവസായവളർച്ചയ്ക്കു തടസ്സമായിട്ടുള്ള ഘടകങ്ങൾ 229

ബി. എസ് ദേശായ്
ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ,
പ്രീമിയർ ടയേഴ്സ് ലിമിററഡ്, കൊച്ചിൻ

മൂന്നാം ഭാഗം

## വികസനത്തിലെ സാമ്പത്തികേതര ഘടകങ്ങൾ

25. വികസനത്തെ ബാധിക്കുന്ന ചില ഘടകങ്ങൾ 241

വി. രാമചന്ദ്രൻ ഐ. ഏ. എസ്.
ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

26. മനശ്ശാസ്ത്രവും ദേശീയവികസനവും 253

പ്രൊഫസർ ഇ. ഐ. ജോർജ്
ഡീൻ, ഫാക്കൽററി ഓഫ് ആർട്ട്സ്,
കേരള സർവകലാശാല

27. കേരളത്തിന്റെ സാമ്പത്തികപുരോഗതിക്ക് തടസ്സമായി നിൽക്കുന്ന രാഷ്ട്രീയവും ഭരണപരവുമായ ചില വസ്തുതകൾ 261

പ്രൊഫസർ വി. കെ. എൻ. മേനോൻ
കേരള സർവകലാശാല

28. കേരളത്തിലെ സാമ്പത്തികവികസനത്തിൻെറ രാഷ്ട്രീയവശങ്ങൾ 266

ഡോക്ടർ വി. കെ. സുകുമാരൻ നായർ
രാഷ്ട്രതന്ത്രവിഭാഗം, കേരള സർവകലാശാല

29. ആസൂത്രണത്തിൻെറ സാമൂഹ്യപശ്ചാത്തലം 272

ഡോക്ടർ പി. കെ. ബി. നായർ
സാമൂഹ്യശാസ്ത്രവിഭാഗം, കേരള സർവകലാശാല

# ഒന്നാം ഭാഗം

# ഭക്ഷണവും കൃഷിയും

# 1

# കുടിയായ്മബന്ധങ്ങളും ഭൂപരിഷ്ക്കരണവും കാർഷികോൽപാദനവും

ഭൂമിയുടെ ജന്മഭോഗരീതി മണ്ണിൽ അദ്ധ്വാനിക്കുന്ന കർഷകനും സമൂഹത്തിലെ മററു വ്യക്തികളുമായുള്ള നിലനില്പിൻെറ ചട്ടക്കൂടിനെ നിർവചിക്കുന്നു. ഭൂബന്ധങ്ങൾ കർഷകൻെറ സാമ്പത്തികപ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്ന, ആശയും നിരാശയും ഉൾക്കൊള്ളുന്ന സാമൂഹ്യസാമ്പത്തികമുകളെടുപ്പാണ്. ഭാരതത്തെപ്പോലുള്ള അധികജനസംഖ്യയുള്ള സമ്പദ്‌വ്യവസ്ഥയിൽ ഭൂപരിഷ്കരണം ലക്ഷക്കണക്കിനുള്ള ജനങ്ങളെ സ്വതന്ത്രരാക്കുന്നു. കർഷകരുടെ മെച്ചപ്പെട്ട പ്രേരണകൾ കൊണ്ടും അതിൻെറ ഫലമായി ഉണ്ടാകുന്ന സ്വകാര്യമൂലധന സ്വരൂപണം കൊണ്ടും കാർഷികോല്പാദനത്തിന് വേണ്ട ഉണർവ് കിട്ടുന്നു. ഭൂപരിഷ്കരണം കാർഷികവികസനത്തിൻെറ അടിസ്ഥാനമായേക്കാം എന്ന് ഇറാൻ, ക്യൂബ, ഇററലി, യൂഗോസ്ലേവിയ, ഈജിപ്ത്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ അനുഭവങ്ങൾ കാണിക്കുന്നു. പല രാജ്യങ്ങളിലും ഇന്ന് നിലവിലുള്ള ഘടനാബന്ധങ്ങൾ, പ്രോത്സാഹനത്തെ മാന്ദ്യപ്പെടുത്തുകയും കാർഷികവരുമാനത്തെ കുറച്ച് ധനനിക്ഷേപത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

പഴയ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശത്ത് വളരെയധികം ഭൂനിയമങ്ങൾ പ്രത്യേകം പ്രത്യേകം നിർമിക്കപ്പെട്ടിരുന്നു. 1960–ലെ കാർഷികബന്ധനിയമമാണ് ആദ്യത്തെ ഏററവും ഏകീകൃതമായ നിയമം. ഈ നിയമം പിന്നീട് റദ്ദാക്കി. അതിനുപകരം 1963–ൽ കേരള ഭൂപരിഷ്കരണനിയമം നടപ്പാക്കപ്പെട്ടു. കൈവശാവകാശസംരക്ഷണം, മര്യാദപ്പാട്ടനിർണയം, ജന്മാവകാശം വാങ്ങുവാനുള്ള അവകാശം എന്നീ മൂന്ന് പ്രധാന ആനുകൂല്യങ്ങളാണ് ഈ നിയമം കർഷകകുടിയാന് നൽകിയത്. എന്നാൽ ഉണ്ടായ പുരോഗതി തുച്ഛമായിരുന്നു. അതിനാൽ 1969–ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം കൊണ്ടുവരേണ്ടിവന്നു. സംസ്ഥാനത്തെ ജന്മിത്വം അവസാനിപ്പിച്ചുകൊണ്ട് 1970 ജനവരി 1–ാംനു അത് നിലവിൽവന്നു. ആ ദിവസം മുതൽ എല്ലാ കുടിയാന്മാരും സ്വഭൂമിയിൽ പൂർണാവകാശികളായിത്തീർന്നു. ഭൂപരിധിക്കുമേലുള്ള മിച്ചഭൂമി അതില്ലാത്തവർക്ക് വിതരണം ചെയ്യപ്പെടുന്നതാണ്.

തീച്ചയായും കേരളത്തിലെ ഭൂപരിഷ്കരണപരിപാടികളെ ശരിയായി വിലമതിക്കാൻ കടിയായ്മബന്ധങ്ങളുടെയും ബന്ധപ്പെട്ട വസ്തുതകളുടെയും വ്യാപ്തി അറിഞ്ഞിരിക്കണം. 1966—67-ൽ ധനശാസ്ത്രസ്ഥിതിവിവരക്കണക്ക ബ്യൂറോ നടത്തിയ വിപുലമായ സാംപിംസർവെ പ്രശ്നത്തിൻെറ വ്യാപ്തിയെ ക്കറിച്ച് രസകരവും സുപ്രധാനവുമായ വിവരങ്ങൾ നൽകിയിട്ടുണ്ട്. പല കുടിയായ്മബന്ധങ്ങൾക്ക കീഴിൽ സ്വകാര്യവ്യക്തികളുടെ കൈവശമിരിക്കന്ന ഭൂമിയെക്കറിച്ച് സാധുതയുള്ള കണക്കുകൾ ഈ സർവെ നൽകിക്കാണാം.

സംസ്ഥാനത്തു് ആകെയുള്ള കുടുംബങ്ങളിൽ 84 ശതമാനത്തോളം കൃഷക കുടുംബങ്ങളാണ്—അതായതു് ഭൂമിയിൽ എന്തെങ്കിലും താല്പര്യമുള്ള കുടുംബങ്ങൾ. ഇതിൽ കുടിയാന്മാരും കുടികിടപ്പുകാരും 57 ശതമാനം വരുന്നു. കാർഷികവർഗങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളുടെ വിതരണം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക—1

ഇനംതിരിച്ചുള്ള കുടുംബങ്ങൾ

(ശതമാനം)

| ജില്ല | ജന്മികൾ | ഉടമസ്ഥ കർഷകർ | കുടിയാന്മാർ | കുടികിടപ്പ് | ആകെ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| സംസ്ഥാനംആകെ | 2 | 41 | 45 | 12 | 100 |
| തിരുവനന്തപുരം | 1 | 89 | 2 | 8 | 100 |
| കൊല്ലം | 2 | 88 | 4 | 6 | 100 |
| ആലപ്പുഴ | 2 | 57 | 14 | 27 | 100 |
| കോട്ടയം | 1 | 50 | 35 | 14 | 100 |
| എറണാകുളം | 3 | 36 | 43 | 18 | 100 |
| തൃശ്ശൂർ | 3 | 6 | 74 | 17 | 100 |
| പാലക്കാട് | 2 | 13 | 79 | 6 | 100 |
| കോഴിക്കോട് | 2 | 7 | 87 | 4 | 100 |
| കണ്ണൂർ | 4 | 24 | 58 | 14 | 100 |

പഴയ തിരുവിതാംകൂറിലെ ഭൂരിപക്ഷം കർഷകരും സ്വതന്ത്രരായിരിക്കുമ്പോൾ കൊച്ചി, മലബാർ പ്രദേശത്തു്, കുടിയായ്മരീതി ശക്തിയാർജിച്ചിരിക്കുന്നു. തെളിച്ചുപറഞ്ഞാൽ, ഭൂപരിഷ്കരണനിയമങ്ങൾ കൊണ്ട് പരിഹരിക്കാവുന്ന പ്രശ്നങ്ങൾ എറണാകുളത്തിനു് വടക്കുള്ള ജില്ലകൾക്ക് മാത്രമേ ബാധകമാകുകയുള്ളു.

കേരളത്തിൽ ആലപ്പുഴജില്ലയിലാണ് ഏററവും കൂടുതൽ കുടികിടപ്പ് ഉള്ളതു്. ഇവിടെ 27 ശതമാനം കർഷകകുടുംബങ്ങളും കുടികിടപ്പുകാരാണ്. പിന്നെ ഇവർ കൂടുതലുള്ളതു് 18 ശതമാനമുള്ള എറണാകുളം ജില്ലയിലും 17 ശത

മാനമുള്ള തൃശ്ശൂർ ജില്ലയിലുമാണ്. കോഴിക്കോട്ടാണ് കുടികിടപ്പ് ഏററവും കുറവ്; എന്നാൽ സംസ്ഥാനത്തിലാകെ എട്ടിലൊന്നു കുടുംബങ്ങളും കുടികിടപ്പുകാരാണ്. ഇതു് ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളുടെ പ്രശ്നത്തിൻെറ ഗൗരവം കാണിക്കുന്നു. ഈ കുടികിടപ്പുകുടുംബങ്ങളുടെ കൈവശത്തിൽ ഒരു പാർപ്പിടംപോലും വയ്ക്കാനുള്ള സ്ഥലം സ്വന്തമായിട്ടില്ല. അതുകൊണ്ട് ആസൂത്രിത ഭൂപരിഷ്കരണനിയമം സംസ്ഥാനത്തു് കാര്യക്ഷമമായി നടപ്പിലാക്കണമെങ്കിൽ, ഈ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് പാർപ്പിടം വയ്ക്കാനുള്ള സ്ഥലം നൽകുന്നതു് കൂടാതെ കൈവശാവകാശസംരക്ഷണവും ഭുവുടമസ്ഥതയും അവക്ക് നൽകിയേ തീരൂ. ഒടുക്കം പറഞ്ഞതു് നിയമവശാൽ ജന്മികൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ. എന്നാൽ മറിച്ച് കുടികിടപ്പുകാർക്ക് മാന്യമായ രക്ഷ നൽകിയാൽ ജന്മിയോ, സ്വതന്ത്രകർഷകനോ, കുടിയാനവനോ എന്ന വ്യത്യാസം കൂടാതെ സമൂഹം മുഴുവൻ അതിൻെറ ചെലവു് വഹിക്കേണ്ടിവരുന്നു.

ഭാരതത്തിൻെറ ഇതര ഭാഗങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കേരളത്തിലെ കൃഷിയിടങ്ങൾ വളരെ ചെറുതാണ്. ഇവിടെ കൃഷിയിടങ്ങളുടെ 92 ശതമാനവും 5 ഏക്കറിൽ താഴെയാണ്. ഇവ ആകെ ഭൂമിയുടെ 51 ശതമാനത്തോളം വരുന്നു. 60 ശതമാനത്തോളം വരുന്ന ഒരേക്കറിൽ താഴെയുള്ള കൃഷിസ്ഥലങ്ങൾ ആകെ ഭൂമിയുടെ 12 ശതമാനം വരും. പത്തു് ഏക്കറിൽ കൂടിയ കൃഷിയിടങ്ങൾ 2·5 ശതമാനം മാത്രമേ ഉള്ളവെങ്കിലും അവ ആകെ ഭൂമിയുടെ 28 ശതമാനം വരുന്നു. വലുപ്പത്തിൻെറ അടിസ്ഥാനത്തിൽ കേരളത്തിലെ കൃഷിസ്ഥലങ്ങളുടെ വിതരണം പട്ടിക 2–ൽ കൊടുക്കുന്നു.

പട്ടിക—2

പ്രവർത്തനക്ഷമങ്ങളായ കൃഷിയിടങ്ങളുടെ വിതരണം

(ശതമാനം)

| വലുപ്പ വിഭാഗം | കൃഷിയിടങ്ങളുടെ എണ്ണം % | ഭൂമി % | കൃഷിയിടമൊന്നുക്കുള്ള ശരാശരി ഭൂമി (ഏക്കർ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 5 ഏക്കറിന് താഴെ (ചെറു കൃഷിയിടങ്ങൾ) | 91·9 | 50·7 | 1·01 |
| 5—10 ഏക്കർ (മധ്യകൃഷിയിടങ്ങൾ) | 5·6 | 21·2 | 6·90 |
| 10—ഉം അതിലധികവും ഏക്കർ (വലിയ കൃഷിയിടങ്ങൾ) | 2·5 | 28·1 | 20·19 |
| ആകെ | 100·0 | 100·0 | 1·82 |

വലിയ കൃഷിയിടങ്ങൾ സ്വകാര്യവ്യക്തികളുടെ കൈവശത്തിലിരിക്കുന്ന തോട്ടങ്ങളാണ്. പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട സ്വകാര്യവനങ്ങളും ഇവയിലുൾപ്പെടുന്നു. കൃത്യമായി പറഞ്ഞാൽ, മിച്ചഭൂമിയുടെ ലഭ്യത വളരെക്കുറവാണ്. 1963–ലെ കേരള ഭൂപരിഷ്കരണനിയമത്തിന്റെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മിച്ചഭൂമി 1·15 ലക്ഷം ഏക്കറാണ്. അതായത്, പ്രവർത്തനക്ഷമമായ ഭൂമി 2·5 ശതമാനത്തോളം വരുന്നു. 12 സ്റ്റാൻഡാർഡ് ഏക്കറിൽ നിന്നും 10 സ്റ്റാൻഡാർഡ് ഏക്കറിലേയ്ക്ക് ഭൂപരിധി ഇപ്പോൾ കുറച്ചിട്ടുണ്ടെങ്കിലും അപ്രകാരം കുറച്ചതുകൊണ്ട് ലഭ്യമാകുന്ന മിച്ചഭൂമി പോലും 1966—67–ന് ശേഷമുണ്ടായ കുടുംബഘടകങ്ങളുടെ വർധനവിനോടുകൂടി ഇല്ലാതായി. എന്നാൽ ഒരു ലക്ഷത്തോളം ഏക്കർ മിച്ചഭൂമിയുണ്ടാകുന്ന സ്ഥിതി വിദൂരമല്ല. സംസ്ഥാനത്തെ കുടികിടപ്പുകാരിൽ ഭൂരിപക്ഷം വരുന്ന ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് ഈ ഭൂമി ഉടനടി വിതരണം ചെയ്യേണ്ടതാണ്. വിവിധ ജില്ലകളിലുള്ള തൊഴിലാളികളുടെ സ്ഥലാന്തരഗമനമില്ലായ്മയും മിച്ചഭൂമിയുടെ ലഭ്യതയിൽ കാണുന്ന വ്യത്യാസങ്ങളും കാരണം ഓരോ ജില്ലയിലും പ്രത്യേകമായ സമീപനമാവശ്യമാണ്. പട്ടിക—3–ൽ വിവിധ ജില്ലകളിലുള്ള മിച്ചഭൂമിയുടെ ലഭ്യതയെക്കുറിച്ചുള്ള ഒരു വിവരണം കൊടുത്തിരിക്കുന്നു.

പട്ടിക—3

## ജില്ലാടിസ്ഥാനത്തിലുള്ള കൃഷിയിടങ്ങളുടെ വിതരണം

| ജില്ല | 5 ഏക്കറിന് താഴെ % | 5—10 ഏക്കർ % | 10—15 ഏക്കർ % | 15 ഏക്കറിന് മുകളിൽ % | ആകെ % | 15 ഏക്കറിന് മുകളിലുള്ള കൃഷിയിടങ്ങൾ ('000) എണ്ണം | ഏക്കർ |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| തിരുവനന്തപുരം | 93·3 | 3·5 | 1·2 | — | 100·0 | 0·1 | 3·1 |
| കൊല്ലം | 92·9 | 5·9 | 1·2 | — | 100·0 | 0·2 | 4·8 |
| ആലപ്പുഴ | 98·3 | 1·1 | 0·2 | 0·4 | 100·0 | 1·0 | 55·6 |
| കോട്ടയം | 81·3 | 12·0 | 3·4 | 3·3 | 100·0 | 6·8 | 211·1 |
| എറണാകുളം | 90·6 | 7·6 | 1·1 | 0·7 | 100·0 | 1·7 | 38·4 |
| തൃശ്ശൂർ | 87·3 | 8·3 | 1·9 | 2·5 | 100·0 | 4·4 | 115·5 |
| പാലക്കാട് | 91·0 | 5·8 | 2·2 | 1·0 | 100·0 | 3·0 | 88·5 |
| കോഴിക്കോട് | 97·2 | 1·9 | 0·4 | 0·5 | 100·0 | 2·1 | 65·5 |
| കണ്ണൂർ | 86·3 | 8·4 | 3·0 | 2·3 | 100·0 | 6·0 | 238·3 |

15 ഏക്കറിന് മുകളിലുള്ള 25000 കൃഷിയിടങ്ങളിൽ ആകെ 8·2 ലക്ഷം ഏക്കർ ഭൂമിയുണ്ട്. ഇതിലൊരു നല്ല ഭാഗം തോട്ടങ്ങളായും സ്വകാര്യവനങ്ങളായും ഒഴിവാക്കപ്പെടുന്നുണ്ടെങ്കിലും മിച്ചഭൂമിയിൽ ഭൂരിഭാഗവും കോട്ടയം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് കിട്ടുന്നതാണ്. തൃശ്ശൂർ ജില്ലയിൽ വലിയ കൃഷിയിടങ്ങളുടെ എണ്ണം അധികമുണ്ടെങ്കിലും 1963–ലെ കേരള ഭൂപരിഷ്കരണനിയമത്തിന്റെ നിബന്ധനകളുടെയടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മിച്ചഭൂമി വളരെ കുറച്ചേ ഉള്ളൂ. ഒരേ കുടുംബത്തിനകത്ത് തന്നെ അധികം

കുടുംബയൂണിററുകൾ ഉള്ളതിനാലും, അവയ്ക്ക് ഓരോന്നിനും കിട്ടാവുന്ന പൂർണ്ണമായ ആനുകൂല്യം ലഭിക്കുന്നതുകൊണ്ടുമാണ് ഇങ്ങനെ വന്നിട്ടുള്ളത്.

### ഏകീകരണത്തിനുള്ള വാദം

ഭാരതത്തിലെ മോശപ്പെട്ട കാർഷികോല്പാദനക്ഷമതയ്ക്കുള്ള കാരണങ്ങളിലൊന്ന് കൃഷിയിടങ്ങളുടെ ശകലിതസ്വഭാവമാണ് എന്ന് കരുതപ്പെടുന്നു. 1928–ലെ കൃഷിയെ സംബന്ധിച്ച റോയൽ കമ്മിഷൻെറ അഭിപ്രായത്തിൽ "ഒരു ഗ്രാമപ്രദേശത്ത് ചിതറിക്കിടക്കുന്നതും മററുള്ളവരുടെ അവകാശത്തിൽ ഇരിക്കുന്നതുമായ ഭൂമിയിൽ നിന്ന് വേർപെട്ട്, ഒരു വ്യക്തിയുടെയോ അവിഭക്തകുടുംബത്തിൻെറയോ അവകാശത്തിലിരിക്കുന്ന ഭൂമിയാണ്" ശകലിതാവസ്ഥ കൊണ്ടുദ്ദേശിക്കുന്നത്. ശിഥിലീകരിക്കപ്പെട്ടു കിടക്കുന്ന കൃഷിയിടങ്ങളുടെ സ്വഭാവം അവയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഒരു വലിയ പ്രതിബന്ധമാണ്.

1966–ലെ ഭൂപരിഷ്കരണസർവെയനുസരിച്ച് എല്ലാ കാർഷികവർഗങ്ങളിലും കൂടി നോക്കിയാൽ പ്രവർത്തനക്ഷമമായ ഒരു കൃഷിയിടത്തിന് 1·8 തുണ്ടുകളും ഒരു തുണ്ടിൻെറ ശരാശരി വിസ്തീർണം ഒരു ഏക്കറുമായിരുന്നു. 5 ഏക്കറിന് മുകളിലുള്ള കൃഷിയിടങ്ങൾക്ക് ശരാശരി 4 മുതൽ 6 വരെ തുണ്ടുകളുണ്ട്. സ്വഗ്രാമത്തിന് പുറത്തുള്ള തുണ്ടുകൾ 20 ശതമാനത്തോളമുണ്ടായിരുന്നു. എവിടെയൊക്കെ കൃഷിയിടം വലുതാണോ അവിടെയൊക്കെ ഏകീകരണത്തിനുള്ള വാദം വ്യക്തമാണ്. പട്ടിക—4 കാണിക്കുന്നതുപോലെ ജന്മിവർഗത്തിൻെറ കാര്യത്തിൽ ഈ വാദം വളരെ ശക്തിമത്താണ്.

പട്ടിക—4

**ജന്മിവർഗത്തിൻെറ കൃഷിയിടത്തിലുള്ള തുണ്ടുകളുടെ എണ്ണവും വിസ്തീർണവും**

| പ്രവർത്തനക്ഷമമായ കൃഷിയിടത്തിൻെറ വലുപ്പം (ഏക്കർ) | ഒരു കൃഷിയിടത്തിലുള്ള തുണ്ടുകളുടെ എണ്ണം | | | ഒരു തുണ്ടിൻെറ വിസ്തീർണം (ഏക്കർ) | കോളം 4–ൽ 3–ൻെറ ശതമാനം |
|---|---|---|---|---|---|
| | ഗ്രാമത്തിനകത്ത് | ഗ്രാമത്തിന് പുറത്ത് | ആകെ | | |
| (1) | (2) | (3) | (4) | (5) | (6) |
| 1·00 | 1·29 | 0·10 | 1·39 | 0·35 | 7 |
| 1·00—2·50 | 2·13 | 0·08 | 2·21 | 0·73 | 4 |
| 2·50—5·00 | 3·00 | 0·47 | 3·47 | 1·02 | 14 |
| 5·00—10·00 | 4·66 | 0·52 | 5·18 | 1·36 | 10 |
| 10·00—15·00 | 5·56 | 2·18 | 7·74 | 1·55 | 28 |
| 15·00—20·00 | 5·57 | 1·74 | 7·31 | 2·32 | 24 |
| 20·00—25·00 | 7·91 | 1·58 | 9·49 | 2·33 | 17 |
| 25–ഉം അതിന് മുകളിലും | 7·09 | 1·22 | 8·31 | 7·24 | 15 |
| ആകെ | 3·45 | 0·57 | 4·02 | 2·19 | 14 |

5 ഏക്കറിനു് മുകളിലുള്ള ജന്മികളുടെ കൃഷിയിടങ്ങളിൽ തുണ്ടുകളുടെ എണ്ണം ശരാശരി 5 മുതൽ 10 വരെയാണു്. സ്വഗ്രാമത്തിനു് പുറത്തുള്ള തുണ്ടുകൾ ഏകദേശം 30 ശതമാനത്തോളം വന്നു.

## നടപ്പുകൃഷിയിടങ്ങളുടെ സ്ഥലനിർണ്ണയം

നടപ്പുകൃഷിയിടങ്ങളുടെ സ്ഥലനിർണ്ണയം പരിശോധിച്ചതിൽ, ഉടമസ്ഥ കൈവശാവകാശത്തിലിരിക്കുന്ന ആകെ ഭൂമിയുടെ 17 ശതമാനം ഉടമസ്ഥൻെറ സ്വഗ്രാമത്തിനു പുറത്തുള്ളതാണെന്നു് കണ്ടു. പാട്ടത്തിനു് കൊടുത്ത ഭൂമിയിൽ 50 ശതമാനം ഗ്രാമത്തിനു് പുറത്താണു്. അകൽച്ചയും, അതുമൂലമുണ്ടാകുന്ന കാര്യക്ഷമമല്ലാത്ത നടത്തിപ്പും ആണു് പാട്ടത്തിനു് കൊടുക്കുവാനുള്ള പ്രധാന കാരണങ്ങൾ. ഇത്തരം ഭൂമികളുടെ അവകാശസംരക്ഷണവും ഉടമസ്ഥാവകാശവും അവയിപ്പോൾ കൈവശം വച്ചിരിക്കുന്ന കുടിയാന്മാർ ആവശ്യപ്പെടുന്നതു് സാമ്പത്തികകാരണങ്ങൾ കൊണ്ടു മാത്രം ശ്രദ്ധയാകർഷിക്കുന്നു. കൃഷിയിടങ്ങളുടെ അടുത്ത നിയന്ത്രണവും നടത്തിപ്പുമാണു് പരമാവധി ഫലം കിട്ടുവാനുള്ള എളുപ്പവഴി.

## കുടിയായ്മബന്ധങ്ങൾ

കാണം, കുഴിക്കാണം, കാണം—കുഴിക്കാണം, വെറും പാട്ടം, മൾഗേണി, ചാൾഗേണി, കുടിയിരുപ്പ് എന്നീ പ്രധാന കുടിയായ്മകൾ കൂടാതെ, വാക്കാലും മാമൂലായും ഉണ്ടായിട്ടുള്ള വളരെയധികം കുടിയായ്മകൾ സംസ്ഥാനത്തുണ്ടു്. പാട്ടത്തിനു് കൊടുത്ത ഭൂമിയിൽ 87 ശതമാനം രേഖാമൂലമുള്ള അവകാശങ്ങളുടെയടിസ്ഥാനത്തിലുള്ള കുടിയായ്മകളാണു്. ബാക്കി വാക്കാലുണ്ടാകുന്ന കുടിയായ്മകളുമാണു്. മുകളിൽ കൊടുത്തിട്ടുള്ള ആദ്യത്തെ നാലു് പ്രധാന കുടിയായ്മകൾ രേഖാമൂലമുള്ളതാണു്.

1966—67-ൽ 19·21 ലക്ഷം ഏക്കർ പാട്ടഭൂമി സംസ്ഥാനത്തുണ്ടായിരുന്നു ഇതു് സ്വകാര്യാവകാശത്തിലിരിക്കുന്ന ഭൂമിയുടെ 42·5 ശതമാനമാണു്. കുടിയായ്മ ഇനം തിരിച്ചുള്ള പാട്ടഭൂമി പട്ടിക—5-ൽ കൊടുത്തിരിക്കുന്നു.

പട്ടിക—5

കുടിയായ്മ ഇനംതിരിച്ചുള്ള പാട്ടഭൂമിയുടെ വിതരണം

| കുടിയാഴ്മ | വിസ്തീർണം '000 ഏക്കർ | ശതമാനം |
|---|---|---|
| (1) | (2) | (3) |
| ആകെ | 1921 | 100 |
| 1. കാണം | 496 | 25·8 |
| 2. കുഴിക്കാണം | 283 | 14·7 |
| 3. കാണം—കുഴിക്കാണം | 100 | 5·2 |
| 4. വെറുംപാട്ടം | 849 | 44·2 |
| 5. ചാൾഗേണി | 9 | 0·5 |
| 6. കുടിയിരുപ്പ് | 86 | 4·5 |
| 7. വിശ്വാസക്കുടിയാഴ്മ | 54 | 2·8 |
| 8. മററുള്ളവ | 44 | 2·3 |

ആകെയുള്ള പാട്ടഭൂമിയിൽ വെറുംപാട്ടം 44 ശതമാനവും കാണം 26 ശതമാനവും കുഴിക്കാണം 15 ശതമാനവും കാണം—കുഴിക്കാണം 5 ശതമാനവും കുടിയിരുപ്പ് 5 ശതമാനവും വിശ്വാസക്കുടിയായ്മ 3 ശതമാനവുമാണ്. ജില്ലകൾ തമ്മിൽ കുടിയായ്മയുടെ കാര്യത്തിലും ഭൂമിയുടെ വിസ്തീർണത്തിന്റെ കാര്യത്തിലും വലിയ വ്യത്യാസങ്ങളുണ്ട്. തെക്കൻജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ ഒരു കുടിയായ്മയും പ്രബലമായ സ്വാധീനമില്ല. എന്നാൽ കോട്ടയം, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ കാണം എന്ന കുടിയായ്മ പ്രബലമായിരുന്നു. ഈ നാലു ജില്ലകളിലും കൂടി കാണക്കുടിയായ്മയുടെ കീഴിൽ വരുന്ന ഭൂമിയുടെ 94 ശതമാനവും ഉൾപ്പെടുന്നു. കുഴിക്കാണഭൂമിയുടെ 85 ശതമാനത്തോളം വരുന്ന കണ്ണൂർജില്ലയിൽ അതു് ഒരു പ്രധാന കുടിയായ്മയാണ്. കണ്ണൂരിന്റെ കാര്യത്തിലെന്നപോലെ കാണം—കുഴിക്കാണത്തിന്റെ കീഴിൽ വരുന്ന 95 ശതമാനം ഭൂമി കോഴിക്കോട്ടപ്രദേശത്തു് കേന്ദ്രീകരിച്ചിരിക്കുകയാണ്. എറണാകുളത്തും വടക്കൻ ജില്ലകളിലുമാണ് വെറുംപാട്ടക്കുടിയായ്മ കൂടുതലായി കാണുന്നതു്. ചാർഗേണി കാസർകോട് പ്രദേശത്തിന്റെ ഒരു പ്രത്യേകതയാണ്. അതുപോലെ കുടിയിരുപ്പ് മലബാർപ്രദേശത്തെ ഒരു പ്രധാനകുടിയായ്മയാണ്.

ഇരുപത്തഞ്ച് വർഷവും അതിനു മേലും പഴക്കമുള്ള കുടിയായ്മകൾ ഭൂമിയുടെ 66 ശതമാനം വരും. അഞ്ചു വർഷത്തിനു് താഴെ പഴക്കമുള്ള കുടിയായ്മകൾ ഭൂമിയുടെ 8 ശതമാനത്തിൽ താഴെ മാത്രമേ വരികയുള്ളു.

കുടിയായ്മസ്ഥാനം

കേരളത്തിലെ ഏററവും പ്രധാനപ്പെട്ട കുടിയായ്മസ്ഥാനം ശുദ്ധകുടിയായ്മയാണ്. പാട്ടഭൂമിയുടെ 84 ശതമാനം ഇതിന്റെ കീഴിലും 5 ശതമാനം മധ്യവർത്തികളായ കുടിയാന്മാരുടെ കീഴിലും ബാക്കി 11 ശതമാനം കീഴ്ക്കുടിയാന്മാരുടെ കീഴിലുമാണ്. മധ്യവർത്തികളായ കുടിയാന്മാരുടെ കൈവശം 2·65 ലക്ഷം ഏക്കറുണ്ട്. ഇവക്ക് ഒരേസമയം ഒന്നിലധികം കുടിയായ്മസ്ഥാനം സ്വീകരിക്കാവുന്നതുകൊണ്ട് അവരുടെ കുടിയായ്മകൾ പരസ്പരഭിന്നമല്ല. ഒരു ഭൂമിയുടെ കാര്യത്തിൽ ഒരാൾ മധ്യവർത്തിയായ കുടിയാനവനും മറെറാരു ഭൂമിയുടെ കാര്യത്തിൽ കീഴ്ക്കുടിയാനവനും മൂന്നാമതൊരു ഭൂമിയുടെ കാര്യത്തിൽ ശുദ്ധകുടിയാനവനും ആയിരുന്നേക്കാം.

ശുദ്ധകുടിയായ്മ പ്രബലമായതുകൊണ്ട് കുടിയായ്മബന്ധങ്ങൾ തീർച്ചപ്പെടുത്തുവാൻ കേരളത്തിൽ വളരെ എളുപ്പമാണ്. പാട്ടത്തിനു് കൊടുക്കുന്നയാളും പാട്ടക്കാരനും മാത്രമേ അതിൽ പങ്കാളികളാകുന്നുള്ളു എന്നതാണതിനു് കാരണം. പാട്ടത്തിനു് കൊടുക്കുന്നവർ വലിയ ഉടമകളാണ്. കുടിയായ്മഭൂമിയുടെ 69 ശതമാനവും അവരുടേതാണ്. 20 ശതമാനം ഭൂമി കൈവശമുള്ള ദേവസ്വങ്ങളാണ് പിന്നത്തെ വലിയ ജന്മികൾ. ചെറുകിടയുടമകൾ പത്തു ശതമാനവും ബാക്കിയുള്ള ഒരു ശതമാനം ദേവസ്വങ്ങൾ മുതലായ സ്ഥാപനങ്ങളും നിയന്ത്രിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഭൂമി പാട്ടത്തിനു് കൊടു-

ത്തിട്ടുള്ളവരിൽ ഭൂരിപക്ഷവും ചെറുകിട ഉടമകളാണ്. നേരേമറിച്ച്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രാജകുടുംബങ്ങൾ, നമ്പൂതിരികൾ, തദ്ദേശമാടമ്പികൾ എന്നിവരാണ് വൻകിട ഭൂവുടമകൾ.

ഭൂപരിഷ്കരണപരിപാടികൾ രാഷ്ട്രീയപ്രസ്ഥാനങ്ങളുമായി ചിലപ്പോഴൊക്കെ ബന്ധപ്പെട്ടിരിക്കുന്നു. അതിൻെറ ഫലമായി അവ ചിലപ്പോൾ വിപ്ലവകരവും ഉല്പതിഷ്ണുത്വപരവും നാടകീയവുമായേക്കാം. നേരെമറിച്ച് മൂലധനസ്റ്റോക്കിൽ ചെറിയ ലാഭമുണ്ടാക്കുന്ന കൃഷിയിലെ സാമ്പത്തികവളർച്ച സാവധാനവും പരിണാമപരവുമായ ഒന്നാണ്. വമ്പരെയധികമുള്ള ചെറുകിട് ഉടമാവകാശകർഷകരുടെ നിക്ഷേപങ്ങൾ പല ഫലകാലഘട്ടങ്ങളിലും കാലികമായ വ്യതിയാനങ്ങളിലും പരന്നു കിടക്കുന്ന ചെറിയ ഉല്പാദനപ്രവാഹങ്ങളിൽ കൂടിയാണുണ്ടാകുന്നതു്. ഈ മാതിരിയുള്ള ശേഖരം ക്രമാനുഗതമായ വളർച്ചയാണ്. വ്യവസായത്തിലെ വൻതോതിലുള്ള മിച്ചശേഖരത്തിൻെറ സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണിതു്. ഈ സാവധാനത്തിലുള്ള പ്രക്രിയയിൽ ഉൾപ്പെട്ട കാലയളവിനെ അളക്കുന്നതു് വർഷങ്ങൾ കൊണ്ടല്ല ദശവർഷങ്ങൾ കൊണ്ടാണ്. സാവധാനത്തിലും ക്രമാനുഗതവുമായ മൂലധനശേഖരം, കാണുവാൻ കഴിയാത്ത വണ്ണം ഉണ്ടാകുന്നതാണ്. എന്നാലും വേലികെട്ട്, കെട്ടിടനിർമാണം, മണ്ണൊലിപ്പ്സംരക്ഷണം, വിദ്യുച്ഛക്തി, ജലസേചനസൗകര്യങ്ങൾ, മെച്ചപ്പെട്ട കാർഷികോപകരണങ്ങൾ എന്നിവ അതിനെ സൂചിപ്പിക്കുന്നു.

ഭൂപരിഷ്കരണവും, അതിനെ തുടർന്നുണ്ടാകുന്ന ഏതെങ്കിലും ഒരു ഉല്പാദന ആസ്തിയുടെ അവകാശം ഒരു പ്രത്യേകവ്യക്തിക്കു് നൽകുന്ന സംഭാവനയും, അയാളുടെ ഭാവി സുരക്ഷിതമാക്കുന്നു. ഭൂമിയുടെ ഉപയോഗവും അതിൽ നിന്നു് കിട്ടുന്ന സമ്പാദ്യവും ഉടമയുടേതു മാത്രമായിത്തീരുന്നു. ഈ പുതിയ ഉടമവർഗം, ഇന്നത്തെ ഭൂബന്ധങ്ങൾക്കുകെത്തുതന്നെ, തങ്ങളുടെ കൃഷിയിൽനിന്നുണ്ടാകുന്ന മിച്ചം വീണ്ടും നിക്ഷേപിക്കുവാൻ പ്രേരിപ്പിക്കപ്പെടും. അധ്വാനസമയം വീതിക്കുവാനുള്ള തീരുമാനങ്ങളിൽ ആരോഗ്യകരമായ ഒരു വ്യതിയാനമുണ്ടാകും. അതിൻെറ ഫലമായുണ്ടാകുന്ന വർധിച്ച സമ്പാദ്യം ഉല്പാദനആസ്തികളിൽ നിക്ഷേപിക്കുകയോ ഉപഭോഗത്തിനു് ചെലവിടുകയോ ചെയ്യുന്നതു് സമയചക്രവാളത്തെ ആശ്രയിച്ചിരിക്കുന്നു. ദീർഘവും സുരക്ഷിതവുമായ ജന്മഭോഗം കിട്ടുമെന്നുള്ള പ്രത്യാശയ്ക്കു് കുടുംബാധ്വാനസമയത്തിൻെറ കാര്യക്ഷമമായ ഉപയോഗത്തിനു വേണ്ടി പരമാവധി പ്രേരണ നൽകുവാൻ കഴിഞ്ഞേക്കും. അധ്വാനസമയത്തിൻെറയടിസ്ഥാനത്തിൽ കണക്കാക്കുന്ന രാഷ്ട്രവിഭവങ്ങളുടെ നഷ്ടം മൂലധനശേഖരസാധ്യതയുടെ നഷ്ടമാണ്. സമ്പാദ്യം ഇടിയുമ്പോഴും അനിശ്ചിതമാകുമ്പോഴും ഈ മൂലധനശേഖരസാധ്യത ഉപയോഗിക്കപ്പെടാതെ പോകുന്നു. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ കുടുംബത്തിൻെറ ഉപഭോഗം അഥവാ നിക്ഷേപം എന്നതിനെ സംബന്ധിച്ച തീരുമാനങ്ങൾ പ്രധാനമായും കുടുംബോപഭോഗത്തിനെ പ്രീതിപ്പെടുത്തുന്നതായിത്തീരും.

മാമൂലിനാൽ ചുററപ്പെട്ട കേരളത്തിലെപോലുള്ള കാർഷികസമുദായത്തിൽ കടം പൊതുവേ നിഷിദ്ധമാണ്. എന്നാൽ ഈ നിഷേധം കടത്തിനെ

KOTTAYAM PUBLIC LIBRARY
KOTTAYAM

തടയാറില്ല. നിലവിലിരിക്കുന്ന സാമൂഹ്യമായ പിന്നണിനിലയും മനഃസ്ഥിതിയും, കടംവാങ്ങി ഉപഭോഗാവശ്യങ്ങൾക്ക് ചെലവിടാൻ പ്രേരണനൽകുന്നു. കടത്തെക്കുറിച്ചും ബാധ്യതയെക്കുറിച്ചും പുതിയ മനഃസ്ഥിതി ഉണ്ടാക്കേണ്ടതാവശ്യമാണ്. വർധിച്ച സമ്പാദ്യസാധ്യതയെ അടിസ്ഥാനമാക്കിയുള്ളതും മേൽനോട്ടമുള്ളതുമായ ഉല്പാദനക്കടങ്ങൾ, ഭൂപരിഷ്കരണത്തിൽ കുറച്ചെങ്കിലും വിജയം കൈവരുത്തുവാനാവശ്യമായ പ്രതിബോധനിലയുടെ ലക്ഷണമാണ്. കേരളത്തിലെ വരുമാനവിതരണരീതിയും അനഭിലഷണീയമായ വിശിഷ്ടോപഭോഗനിലവാരവും കൃഷിയിലുള്ള മൂലധനശേഖരത്തിനെതിരായി പ്രവർത്തിക്കുന്ന സമാനശക്തികളായിത്തീർന്നേക്കും. ചുരുക്കപ്പെടുന്ന മൂലധനശേഖരം വളരെ അപകടകരമാണ്. അതു് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

പൊതുമേഖലാനിക്ഷേപത്തിനാവശ്യമായ വിഭവങ്ങളുടെ പ്രശ്നത്തിന്റെയടിസ്ഥാനം അനേകം ചെറുകിട കൃഷിയിടങ്ങളുടെ മേലുള്ള നികുതിപിരിവിന്റെ അപര്യാപ്തതയാണ്. ദുർബലമായ സർക്കാർ, ഗുണം കുറഞ്ഞ നേതൃത്വം, വയറ്റ്പിഴയ്ക്കുന്നതിനുള്ള ഉല്പാദനം എന്നിവയുടെ അന്തരീക്ഷത്തിൽ ഭൂപരിഷ്കരണങ്ങൾ ചുരുങ്ങിയതും ദുർബലവുമായ ഒരു നികുതിപ്രസ്ഥാനത്തിലേക്ക് വഴി തെളിക്കും. ഭൂനികുതി വഴി വികസനത്തിനുള്ള കൂടുതൽ പണം ശേഖരിക്കണമെന്ന് പ്രബലമായ ഒരു വാദമുണ്ട്. വിലവർധനവിന്റെ ഫലമായി ഭൂമിയുടെ പാട്ടമൂല്യം ക്രമമായി വികസിച്ചുവരുന്നതുകൊണ്ട് കൂടുതൽ നികുതിക്കുള്ള സാധ്യത ഈ മേഖലയിലുണ്ടാകുന്നു. പുതിയ വിലനിലവാരത്തിന്റെ വെളിച്ചത്തിൽ ഇപ്പോഴുള്ള ഭൂനികുതിചുമത്തൽസമ്പ്രദായം തികച്ചും കാലോചിതമല്ലാതാകും. ചില പ്രോത്സാഹനങ്ങൾ നൽകണമെങ്കിൽ തന്നെയും അവ സർക്കാരിന്റെ വരുതിയിലുള്ള ധനവിഭവങ്ങൾ കുറയ്ക്കത്തക്കവണ്ണമുള്ളതാകരുതെന്നു, ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ശക്തവും സ്ഥിരതയുമുള്ള സർക്കാർ, ബുദ്ധിയുള്ള നേതൃത്വം, യുക്തിയുക്തമായ രാഷ്ട്രീയസാമൂഹ്യസംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ടാൽ മാത്രമേ പരിഷ്കരണം ഭരണപരമായി ജീവിക്കുകയുള്ളു. അതുകൊണ്ട് തദ്ദേശമുൻകൈയെടുപ്പ്, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ, നിർവ്വഹണപ്രക്രിയയുടെ ആസൂത്രണവും പടിപടിയായ പ്രവർത്തനവും എന്നിവയെ ആധാരമാക്കി നിലകൊള്ളുന്നവയാണ് ഏറ്റവും വിജയപ്രദമായ ഭൂപരിഷ്കരണങ്ങൾ.

വിപ്ലവാത്മകമായ ഭൂപരിഷ്കരണങ്ങൾ നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽ പ്രത്യേക വിഭവലഭ്യതയുടെ പരിതഃസ്ഥിതിയിൽ സാങ്കേതികജ്ഞാനത്തിന്റെ ഉപയോഗത്തിന് ഏറ്റവും അനുയോജ്യമായതു് വൻകിട കൃഷിയിടങ്ങളാണെന്നു് കാണിക്കാൻ ധാരാളം തെളിവുകളുണ്ട്. ഔദ്യോഗിക കാര്യനിർവാഹകന്മാർ നടത്തുന്ന വൻകിടഘടകങ്ങൾ സംയോജനീയതയും, നൂതനരീതികളും നിരുത്സാഹപ്പെടുത്തുമെന്നുള്ളതിനും ധാരാളം തെളിവുകളുണ്ട്. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ സംഘടനാപരമായ അയവില്ലായ്മ വളരുകയും അതു് മാറ്റങ്ങൾക്ക് വിലങ്ങുതടിയായിത്തീരുകയും ചെയ്യുന്നു. സമുദായത്തിലെ നൂതനാശയങ്ങൾ നടപ്പിൽവരുത്തുന്നവർക്ക് പരീക്ഷണങ്ങൾ നടത്തുവാനുള്ള

സ്വാതന്ത്ര്യംതന്നെ ഈ പരിതഃസ്ഥിതിയിൽ നഷ്ടപ്പെടുന്നു. വിഷമകരമായ നടത്തിപ്പുവിടവുണ്ടാക്കുന്ന വൻതോതിലുള്ള ലുപ്തപ്രചാരതയായിരിക്കും ഇതിൻെറ ഫലം.

കാർഷികവികസനത്തിനു് ഭൂപരിഷ്കരണം യഥാർഥത്തിൽ ആവശ്യമാണെങ്കിലും അതു മാത്രം പോരാ. ഒരു രാജ്യത്തിൻെറ പ്രത്യേകമായ ഭൗതിക, സാങ്കേതിക, സാംസ്കാരികപരിതഃസ്ഥിതികൾക്കു് അനുയോജ്യമാകുന്ന തരത്തിൽ വേണം ഭൂപരിഷ്കരണപദ്ധതി തയ്യാറാക്കേണ്ടതു്. വിപ്ലവാത്മകമായ വ്യതിയാനത്തിനും വികസനത്തിനും വേണ്ടി ഉപയോഗിച്ച ആസൂത്രണം പരാജയപ്പെടുന്നതു് ശിഥിലീകരിക്കപ്പെട്ട സാമൂഹ്യഘടന, നമ്മുടെ പഴഞ്ചൻ മൂല്യങ്ങൾ എന്നിവ മൂലമാണു്. ഈ പരിതഃസ്ഥിതി വികസനത്തിനും സാമൂഹ്യപരിഷ്കാരത്തിനും അനുയോജ്യമല്ല. ശിഥിലീകരിക്കപ്പെട്ട സാമൂഹ്യപ്രസ്ഥാനത്തിൻെറ സാംക്രമികസ്വഭാവമുള്ള ആഭ്യന്തരസംഘട്ടനം, ഉത്ഭവത്തിലും ഗുണത്തിലും വളരെ മോശപ്പെട്ട രാഷ്ട്രീയത ഉണ്ടാക്കുന്നു. ജനങ്ങളിൽ ഒരു നല്ല വിഭാഗത്തിൻെറ കൂറ് മിക്കപ്പോഴും ഫ്യൂഡൽസംഘടനകളോടും അവയുടെ പ്രതീകങ്ങളോടുമാണു്. അതുകൊണ്ടു് യുക്തിയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയസാമ്പത്തിക തീരുമാനങ്ങൾ എടുക്കുവാൻ സാധ്യമല്ല. അതിൻെറ ഫലമായി സാമൂഹ്യസാമ്പത്തികഘടനയിലുണ്ടാകുന്ന തുടർച്ചയില്ലായ്മ, സാമൂഹ്യപരിഷ്കാരത്തിൽ മുൻകൈയെടുക്കുന്നതിനും അതിനെ നയിക്കുന്നതിനും അപരിഹാര്യമായ വിഷമതകളുണ്ടാക്കുന്നു. ഈ കേടുവന്ന സാമൂഹ്യഘടന, വളർച്ചയുടെയും വികസനത്തിൻെറയും തോതുകൾ വ്യത്യസ്തങ്ങളാക്കി രാഷ്ട്രീയാസ്ഥിരതയിലും സാമ്പത്തികനിശ്ചലതത്വത്തിലും എത്തിക്കുന്നു. വർഗസംഘട്ടനങ്ങളാൽ മുഖരിതമായ സമുദായത്തിൽ നിന്നും അവരുടെ ശാസ്ത്രീയച്ചുമതലകൾ മാററിനിത്താൻ ഭാരതത്തിലെ ആസൂത്രകന്മാർക്കു് സാധ്യമല്ല. അതുകൊണ്ടു്, രാഷ്ട്രീയതത്വസംഹിതകളിൽ നിന്നും നമ്മുടെ സമുദായത്തിൽ യുക്തിപരമായി ആവശ്യമുള്ള സാംസ്കാരിക വിപ്ലവത്തിൽ നിന്നും സാമ്പത്തികപ്രശ്നങ്ങളെ ഒഴിച്ചു നിർത്തുവാൻ സാധ്യമല്ല എന്നുള്ള കാര്യം ശ്രദ്ധിക്കേണ്ടതാണു്.

ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ

2

# കേരളത്തിലെ കാർഷികവികസനം

ഇന്ത്യയുടെ ഇതരഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കൂടുതൽ വിളവു ലഭിക്കുന്ന കൃഷിസമ്പ്രദായം, മികച്ച വിളവെടുപ്പ്, തീവ്രമായ കൃഷിയിറക്കൽ, മെച്ചപ്പെട്ട കാർഷികസമ്പ്രദായങ്ങൾ എന്നിവ കേരളത്തിനു പ്രത്യേക സവിശേഷത നേടിക്കൊടുക്കുന്നുണ്ട്. പാടങ്ങളിലിറക്കുന്ന കൃഷിയെ മാത്രം കണക്കിലെടുത്താൽ തന്നെ വിളവെടുപ്പിന്റെ തീവ്രത 150 ശതമാനമാണെന്നു കണക്കാക്കാവുന്നതാണ്. രണ്ടു കാലവർഷങ്ങളാൽ—തെക്കുപടിഞ്ഞാറനും വടക്കുകിഴക്കനും—അനുഗൃഹീതമായ നമ്മുടെ സംസ്ഥാനത്തിന്റെ ഭൂമധ്യരേഖാപ്രദേശത്തും നിത്യഹരിതമായ വനപ്രദേശത്തുമുള്ള കിടപ്പ്, സസ്യജാലങ്ങളുടെ നിർലോഭമായ വളർച്ചയ്ക്കനുകൂലമാണ്. കൂടുതൽ വിസ്തൃതിയുള്ള മററു സംസ്ഥാനങ്ങളെയും രാജ്യങ്ങളെയും അപേക്ഷിച്ച് കൂടുതൽ സസ്യവർഗങ്ങൾ നമുക്കുണ്ട്. ഈ വസ്തുതകളും അവയോടൊപ്പം വമ്പിച്ചൊരു കാർഷികാധ്വാനശക്തിയും ശാസ്ത്രഗവേഷണത്തിന്റെ ഫലങ്ങളായ അത്യുല്പാദനശേഷിയുള്ള വിത്തുകൾ, ആദായകരങ്ങളായ സങ്കരയിനങ്ങൾ മുതലായവയും ചേർന്നു വൈവിധ്യമാർന്ന കാർഷികസമ്പ്രദായങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള അവസരങ്ങളും വ്യത്യസ്തങ്ങളായ പലതരം വിളവുകൾ എടുക്കുന്നതിനുള്ള സാഹചര്യങ്ങളും നൽകുന്നുണ്ട്. നിർലോഭമായി ലഭിക്കുന്ന സൂര്യപ്രകാശം ചായ, റബ്ബർ, കാപ്പി, ഏലം, കുരുമുളക്, ഇഞ്ചി തുടങ്ങിയ ഉയർന്ന സാമ്പത്തികമൂല്യമുള്ള വിളകൾ കൃഷിചെയ്യുന്നതിനു സഹായകമായിട്ടുണ്ട്. തൽഫലമായി തോട്ടവിളകളുടെ കാര്യത്തിൽ, രാജ്യത്തിനു ഗണ്യമാംവിധം വിദേശനാണയം നേടിക്കൊടുക്കുന്നവെന്ന നിലയ്ക്ക് ഈ സംസ്ഥാനത്തിനു പ്രമുഖസ്ഥാനമുണ്ട്.

കൃഷിയോഗ്യമായ ഭൂമിയും ജനസംഖ്യയും തമ്മിൽ താരതമ്യേനയുള്ള താഴ്ന്ന അനുപാതം ഇവിടെ ഇന്ത്യയുടെ മററൊരു ഭാഗത്തും കാണാനില്ലാത്ത ഒരു തീവ്രകാർഷികസമ്പ്രദായത്തിന്നു പ്രേരണ നൽകിയിട്ടുണ്ട്. അഖിലേന്ത്യാശരാശരിയായ 373–നെതിരെ ചതുരശ്ര കിലോമീററിന്നു 532–നോടടുത്തുവരുന്ന ജനസാന്ദ്രതയോടെ ഒട്ടാകെ 207 ലക്ഷത്തോളം വരുന്ന ജനസംഖ്യ 14,992 ചതുരശ്രനാഴികയിലൊതുങ്ങിയിരിക്കുകയാണ്, പ്രതിവർഷ ജനസംഖ്യാവർധനവ് 2.35 ആണ്.

ഉയർന്ന ജനസാന്ദ്രതയും, പരിമിതമായ കൃഷിഭൂമിയും, ഗണ്യമായ ജനസംഖ്യാവർധനവും നിരവധി പ്രശ്നങ്ങളുയർത്തിയിട്ടുണ്ട്. ഇതിനോടൊപ്പം ഉയർന്ന സാക്ഷരതയും, വലിയൊരു വിഭാഗത്തിന്റെ മുഴുവൻ തൊഴിലില്ലായ്മയും, പകുതി തൊഴിലില്ലായ്മയും, ഇതെല്ലാം കൂടിച്ചേർന്ന് എല്ലാ പ്രവർത്തനമേഖലകളിലും അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഭക്ഷ്യോല്പാദനത്തിൽ കേരളം ഒരു കമ്മിസംസ്ഥാനമാണ്. ജനങ്ങളുടെ പ്രധാനാഹാരമായ അരിയുടെ ഉല്പാദനം 12·51 ലക്ഷം ടൺ മാത്രമേ വരുന്നുള്ളൂ. ഇതുകൊണ്ട് പകുതി ആവശ്യം പോലും നിറവേററാൻ കഴിയുന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി നാം മിച്ചസംസ്ഥാനങ്ങളിൽ നിന്ന് കനത്ത വില കൊടുത്ത് ഇറക്കുമതിചെയ്യുന്ന അരിയെയാണ് ആശ്രയിക്കുന്നത്. കഴിഞ്ഞ പത്തു വർഷങ്ങളായി കേരളത്തിലെ അരിയുല്പാദനവും കൃഷിഭൂമിയുടെ വിസ്തൃതിയും താഴെ ചേർക്കുന്നു:

| വർഷം | വിസ്തൃതി (ഏക്കർ ലക്ഷക്കണക്കിൽ) | ഉൽപാദനം (ടൺ ലക്ഷക്കണക്കിൽ) |
|---|---|---|
| 1959—60 | 19·00 | 10·22 |
| 1960—61 | 19·25 | 10·51 |
| 1961—62 | 18·60 | 9·88 |
| 1962—63 | 19·83 | 10·76 |
| 1963—64 | 19·89 | 11·10 |
| 1964—65 | 19·75 | 11·04 |
| 1965—66 | 19·83 | 9·82 |
| 1966—67 | 19·75 | 10·67 |
| 1967—68 | 20·00 | 11·24 |
| 1968—69 | 21·59 | 12·51 |

സംസ്ഥാനത്തെ അരിയുല്പാദനത്തിൽ സ്ഥിരമായി വർധനവുണ്ടായിട്ടുണ്ടെന്ന് മുകളിൽ കൊടുത്ത കണക്കുകൾ കാണിച്ചുതരുന്നതാണ്. പക്ഷേ, നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ വർധിച്ച ഉല്പാദനം വർധമാനമായിക്കൊണ്ടിരിക്കുന്ന ജനതയുടെ ആവശ്യങ്ങൾ നേരിടുവാൻ പര്യാപ്തമായിട്ടില്ല.

കേരളത്തിന്റെ കാലാവസ്ഥയും ഭൂമിശാസ്ത്രപരമായ കിടപ്പും രാജ്യത്തിനു ഗണ്യമായതോതിൽ വിദേശനാണ്യം നേടിക്കൊടുക്കുന്ന വിലപിടിച്ച വളരെയധികം നാണ്യവിളയുടെ വളർച്ചയ്ക്ക് അനുകൂലമാണെന്നാണ് കേരളത്തിന്റെ സാങ്കേതിക സാമ്പത്തിക (ടെക്‌നോ–ഇക്കണോമിക്ക്) സർവെയുടെ കർത്താവായ ഡോ. പി. എസ്. ലോകനാഥൻ അഭിപ്രായപ്പെടുന്നത്. ഇന്ത്യയിൽ കൃഷി

ചെയ്യപ്പെടുന്ന മൊത്തം ഭൂമിയുടെ 3 ശതമാനത്തിൽ താഴെ മാത്രമുള്ള ഈ കൊച്ചു സംസ്ഥാനം ഇന്ത്യയുടെ വിദേശനാണയത്തിന്റെ 11 ശതമാനം നേടിക്കൊടുക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് അമൂല്യമായ വിദേശനാണ്യം നേടിത്തരുന്ന നാണ്യവിളകളുടെ വികസനത്തിൽ നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ഭക്ഷ്യധാന്യത്തിനായി ധാന്യം വിളയുന്ന മററു സംസ്ഥാനങ്ങളെ നാം ആശ്രയിക്കണമെന്നുമാണ് അദ്ദേഹം ശുപാർശചെയ്തിട്ടുള്ളത്. ഈ നിലപാട് കേരളഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല. എന്തെന്നാൽ കഴിഞ്ഞുപോയ വർഷങ്ങളിലുണ്ടായ സംഭവങ്ങൾ, സംസ്ഥാനം ഗുരുതരമായ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ മററു സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ അളവിൽ അരി എത്തുകയുണ്ടായില്ലെന്ന് വ്യക്തമായി കാണിച്ചുതരുന്നു. മററ് മിച്ച സംസ്ഥാനങ്ങളിൽ നിന്ന് അരി ലഭിക്കുമെന്ന ന്യായത്തിന്മേൽ ഭക്ഷ്യരംഗത്തെ നമുക്ക് അവഗണിക്കാൻ സാധ്യമല്ല. അതേസമയം സംസ്ഥാനത്തിന്റെ സമ്പദ്ഘടന നാണ്യവിളകളുടെ ഉല്പാദനത്തെ വളരെയധികം ആശ്രയിച്ചിട്ടുള്ളതാകയാൽ അവയെയും അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്.

ഭക്ഷ്യോല്പാദനത്തെ പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ നാം പരിശോധിക്കുമ്പോൾ, താഴ്ന്ന ഉൽപാദനത്തിനുള്ള പ്രധാന കാരണങ്ങൾ, കൈവശഭൂമിയുടെ ചെറുപ്പം, ഉയന്ന കൂലി, യന്ത്രവൽക്കരണത്തിനുള്ള പരിമിതമായ സാധ്യതകൾ ജലസേചനത്തെ സംബന്ധിച്ചുള്ള ഉറപ്പില്ലായ്മ എന്നിവയാണെന്ന് കാണാം.

നമ്മുടെ കൈവശഭൂമികൾ താരതമ്യേന ചെറുതാകയാലും കുറേക്കാലത്തോളം അപ്രകാരം തന്നെ തുടരാനിടയുള്ളതിനാലും കേരളത്തിൽ നിലവിലുള്ള സാഹചര്യങ്ങളിൽ ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്നതിന് പാശ്ചാത്യരാജ്യങ്ങളിലെ രീതിയിലുള്ള വ്യാവസായികാടിസ്ഥാനത്തിലുള്ള വിപുലമായ പ്രവർത്തനങ്ങളെ നമുക്ക് അതേപടി പകർത്താൻ സാധ്യമല്ല; അതേസമയം കേരളത്തിന്റെ പ്രത്യേകതയായ ഉയർന്ന ഉൽപാദനച്ചെലവ് ശരിയായ ഒരു പ്രശ്നം ഉന്നയിക്കുന്നുമുണ്ട്. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ തയ്‌വാൻ, ജപ്പാൻ എന്നീ ഉയർന്ന ജനസംഖ്യയുള്ള ചില രാജ്യങ്ങളിൽ സ്വീകരിച്ചിരിക്കുന്ന സമ്പ്രദായങ്ങൾ നമുക്ക് ഗുണകരമാംവിധം സ്വീകരിക്കാമെന്ന് തോന്നുന്നു. തയ്‌വാനിലെ സവിശേഷത ഉയർന്ന ജനസാന്ദ്രതയും ചെറിയ കൈവശഭൂമികളുമാണ്. പരിമിതിയുണ്ടാക്കുന്ന ഈ രണ്ട് ഘടകങ്ങളുണ്ടായിട്ടു പോലും തയ്‌വാൻ ലോകത്തിലെ ഏററവും കാർഷികപുരോഗതി നേടിയ രാജ്യങ്ങളിലൊന്നായി വളർന്നിരിക്കുന്നു. തീർച്ചയായും 89 ശതമാനം ഭൂമിക്കും ജലസേചനം ഉറപ്പായിട്ടുണ്ട്. ജലസേചനസൊസൈററികളും കാർഷികസംഘങ്ങളുമാണതു് ഏറെറടുത്തു നടത്തിവരുന്നതു്. അതുപോലെ തന്നെ പ്രത്യേക പ്രദേശങ്ങളിലെ ഒട്ടാകെയുള്ള കാർഷികപുരോഗതിയെ സംരക്ഷിക്കുന്നതു് കർഷകസംഘങ്ങളാണ്. ഈ സംഘങ്ങൾ മുഖ്യമായും കാർഷികാഭിവൃദ്ധിയെയാണ് ലക്ഷ്യമാക്കുന്നതു്. അവയ്ക്കു് നമ്മുടെ പഞ്ചായത്തുകൾക്കു തുല്യമായ പദവിയും അധികാരങ്ങളും ആണുള്ളതെങ്കിലും ആശ്വാസകരമായ ഒരു വസ്തുത, ഇവ ഉണ്ടായതു് കൃഷി മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത കൃഷിക്കാർക്കു് ബോധ്യമായതിന്റെ ഫലമാ

യിട്ടാണ് എന്നതാണ്. നമ്മുടെ പഞ്ചായത്തുകൾക്കാവട്ടെ ഒരു രാഷ്ട്രീയാരംഭമാണുള്ളത്. അതുപോലെതന്നെ സഹകരണസമ്പ്രദായം തയ്‌വാനിൽ നല്ലപോലെ വികസിപ്പിച്ചിട്ടുണ്ട്. നമ്മുടെ വിവിധോദ്ദേശ്യസഹകരണസംഘങ്ങൾക്ക് പേരിൽ മാത്രമേ വിവിധോദ്ദേശ്യമുള്ളു; വാസ്തവത്തിൽ വാണിജ്യ ബാങ്കുകളുടെ ഗ്രാമീണപതിപ്പുകളായിട്ടാണവ പ്രവർത്തിക്കുന്നത്. തയ്‌വാനിലെ വിവിധോദ്ദേശ്യസഹകരണസംഘങ്ങൾ വിത്ത്, വളം, രാസവസ്തുക്കൾ, പണിയായുധങ്ങൾ, വായ്പ തുടങ്ങി കൃഷിക്കാരന്റെ ഓരോ ആവശ്യവും നിറവേററിക്കൊടുക്കുന്നു. പണം കടംകൊടുക്കുന്നത് അവയുടെ രണ്ടാമത്തെ ജോലി മാത്രമേ ആവുന്നുള്ളു. കാർഷികവികസനത്തിലും ആവശ്യമായ വിഭവങ്ങളും സാങ്കേതികപരിജ്ഞാനങ്ങളും നൽകുന്നതിലും ആണ് അവ പ്രധാനമായും ശ്രദ്ധിക്കുന്നത്.

ഇപ്പോൾ നമ്മുടെ കർഷകർ നേരിടുന്ന മറെറാരു പ്രധാന തടസ്സം മെച്ചപ്പെട്ട ഭക്ഷ്യധാന്യോല്പാദനത്തിനത്യന്താപേക്ഷിതമായ ജലസേചനത്തിന്റെ അഭാവമാണ്. ജലസേചനത്തിനുറപ്പുവരുത്തിയാൽ അത് കൃഷിക്കാരുടെ നിലവിലുള്ള വിളവ് ഉറപ്പുവരുത്താൻ മാത്രമല്ല, അതേ സ്ഥലത്തു നിന്നുതന്നെ കൂടുതൽ വിളവെടുക്കാനും ഉല്പാദനവർധനവിന്റെ കഴിവ് വർധിപ്പിക്കാനും സഹായിക്കുന്നു. മതിയായ ജലസേചനസൗകര്യമുണ്ടെങ്കിൽ ഭൂമിയുടെ ഉപയോഗം തീവ്രമാക്കാൻ കഴിയും. നമ്മുടെ നാട്ടിൽ ചെറുകിട ജലസേചന ഡിപ്പാർട്ട്മെൻറും കാർഷികഡിപ്പാർട്ടുമെൻറും തമ്മിൽ സംയുക്തപ്രവർത്തനം വേണ്ടത്രയില്ലെന്ന് ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഭക്ഷ്യോല്പാദനപരിപാടി ഫലപ്രദമായി നടപ്പാക്കുന്നതിനു് ഈ രണ്ട് ഡിപ്പാർട്ട്മെൻറുകളെയും തമ്മിൽ ബന്ധപ്പെടുത്തുവാൻ കഴിയുമോ എന്ന കാര്യം പരിഗണിക്കുന്നത് പ്രയോജനകരമാണ്.

അടുത്ത കാലം വരെ നമ്മുടെ കൃഷിക്കാർ എതിരിട്ടുകൊണ്ടിരുന്ന മറെറാരു വിഷമം അവരെ സഹായിക്കുന്ന ഗവേഷണത്തിന്റെ അഭാവമായിരുന്നു. ഇപ്പോഴും, കൃഷിയിലും ഭക്ഷ്യോല്പാദനത്തിലുമുള്ള ഗവേഷണത്തിനു് അതർഹിക്കുന്ന പ്രാധാന്യം ലഭിച്ചിട്ടുണ്ടെന്ന് അവകാശപ്പെടാൻ കഴിയുകയില്ല. കൂടുതൽ മെച്ചപ്പെട്ട ഉല്പാദനം നൽകുന്ന ഇനങ്ങളുടെ ആവിഷ്കരണം ഗവേഷണത്തിലൂടെ കൃഷിയെ മെച്ചപ്പെടുത്താൻ കഴിയുമെന്നു വ്യക്തമായി കാണിച്ചുതന്നിട്ടുണ്ട്.

ഉയർന്ന ഉല്പാദനച്ചെലവ് കാരണം, കൃഷി ആദായകരമായിത്തീരണമെങ്കിൽ തന്റെ ഭൂമിയിൽ നിന്നു് കൂടുതൽ ഉല്പാദിപ്പിക്കാനും ധാന്യത്തിന്റെ ഓരോ അളവിന്റെയും ഉല്പാദനച്ചെലവ് കുറയ്ക്കാനും കൃഷിക്കാരനു് കഴിയണം. ഇതു് കൃഷിയിൽ ഏററവും ആധുനികമായ ശാസ്ത്രീയരീതികൾ അവലംബിക്കുന്നതുകൊണ്ടേ നേടാൻ കഴിയൂ. വ്യത്യസ്തതോതിലുള്ള വിജയം നേടിക്കൊണ്ട് കൃഷിയുടെ വികസനത്തിനു് പല പരിപാടികളും നാം പരിശോധിച്ചു നോക്കിയിട്ടുണ്ട്. ഉദാഹരണത്തിനു് സാമൂഹ്യവികസനപദ്ധതി, തീവ്രകാർഷികപ്രദേശപരിപാടി തുടങ്ങിയവ. ഈ പരിപാടികളുടെ സമീപകാലത്തെ

വിലയിരുത്തൽ, എണ്ണത്തിൽ കൂടുതലുള്ള ചെറുകിട കൃഷിക്കാർ വേണ്ടവിധത്തിൽ ഈ പരിപാടികളിൽ ഭാഗഭാക്കുകളായിട്ടില്ലെന്നതു് വ്യക്തമായും തെളിയിച്ചിട്ടുണ്ട്. തൽഫലമായി ലഭിച്ച വിജയത്തിന്റെ അളവും വ്യത്യസ്തമായിരുന്നു. അതുകൊണ്ടാണ് ഈ പരിതഃസ്ഥിതിയെ നേരിടുന്നതിനു് "ഏലാവികസനപദ്ധതി" നടപ്പാക്കാൻ ഡിപ്പാർട്ടുമെന്റ് നിർദേശിച്ചതു്. പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്രമായ ഈ പരിപാടി എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കും. തദ്വാരാ ആസൂത്രണം അടിയിൽ നിന്നു് മുകളിലോട്ടായിരിക്കും. ആ പ്രദേശത്തെ മുഴുവൻ കൃഷിക്കാരുടെയും പരിപൂർണസഹകരണം ലഭിക്കുന്നതിനു്, അവരുടെ തെരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാരുടെ കയ്യിലായിരിക്കും ആ പരിപാടി. അതു് ആ പ്രദേശത്തെ കൃഷിക്കാരുടെ ഒരു അസോസിയേഷൻ പോലെ ആയിരിക്കും. അത്തരം പ്രദേശങ്ങളുടെ സജീവമായ ആവശ്യങ്ങൾക്കുറപ്പുവരുത്തിക്കൊണ്ട് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഉല്പാദനവർധനവിനുതകുന്ന വിധത്തിൽ പാടങ്ങൾ തിരിക്കൽ; വളങ്ങൾ, വായ്പസൗകര്യങ്ങൾ, മെച്ചപ്പെട്ട കാർഷികയന്ത്രോപകരണങ്ങൾ, സാങ്കേതികപരിജ്ഞാനം മുതലായവ നൽകൽ—എന്നിവ ആയിരിക്കും ഈ പരിപാടി. ഇതിനു് ഓരോ പ്രദേശത്തും സഹകരണമേഖല വികസിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. അത്തരം യൂണിറ്റുകളുടെ മുഴുവൻ ഉല്പാദനപ്രക്രിയകളും—കൂടുതൽ വിളവുതരുന്ന വിത്തുപയോഗിക്കൽ, ശരിയായ വളംചേർക്കൽ, കൃത്യസമയത്തു് സാംക്രമികരോഗങ്ങൾ തടയൽ, ആവശ്യത്തിനനുസരിച്ച് ജലസേചനസൗകര്യമേർപ്പെടുത്തൽ എന്നിവ—കൂട്ടായിട്ടാണ് നടത്തപ്പെടേണ്ടതെന്നു് നിർദേശിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ സ്ഥലത്തിന്റെ കൈവശാവകാശം കൃഷിക്കാർക്കായിരിക്കുമ്പോൾ തന്നെ മെച്ചപ്പെട്ട കാർഷികസമ്പ്രദായം കൊണ്ട് വമ്പിച്ച വിള ലഭിക്കുകയെന്ന മെച്ചം അവർക്കു് ലഭ്യമാകുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 1970—71-ൽ തന്നെ ഈ പരിപാടി നടപ്പാക്കാനാണ് നിർദേശിക്കപ്പെടുന്നതു്. അനുഭവങ്ങളാർജിച്ചതിനുശേഷം മററു സ്ഥലങ്ങളിലേക്കു് ഈ പരിപാടി വ്യാപിപ്പിക്കുന്നതാണ്.

തുല്യപ്രാധാന്യം നാണ്യവിളകളുടെ വികസനത്തിനും കൊടുക്കേണ്ടതുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിലെന്നപോലെ കുരുമുളക്, കൈതച്ചക്ക, നാളികേരം തുടങ്ങിയ നാണ്യവിളകളുടെ ഉല്പാദനച്ചെലവും ഭാരിച്ചതാണ്. നമ്മുടെ ഉല്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്തോനേഷ്യൻ കുരുമുളകും ഹവായ്‌യിൽ നിന്നുള്ള ടിന്നിലാക്കിയ കൈതച്ചക്കകളും മലയേഷ്യൻറബ്ബറും ലോകവിപണിയിൽ വിലകുറഞ്ഞതാണ്. അതുകൊണ്ട് അവരുമായി മത്സരിക്കാൻ കഴിയുന്ന ഒരു സ്ഥിതിയിലല്ല നമ്മൾ. അതുകൊണ്ട് ഈ ഉല്പന്നങ്ങളുടെ ഉല്പാദനച്ചെലവും കുറയ്ക്കണമെന്നു് സ്പഷ്ടമാകുന്നു. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിലെന്നപോലെ ഇവിടെയും ഇതു് തീവ്രകാർഷികസമ്പ്രദായമുപയോഗിച്ച് യൂണിററ് ഏറിയയിൽ നിന്നു് ഉല്പാദനം വർധിപ്പിക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ. നമ്മുടെ പ്രധാന നാണ്യവിളയായ നാളികേര കൃഷിയെ സംബന്ധിച്ചിടത്തോളം, ഭയാനകമായ നാളികേരരോഗം ഉല്പാദനം

വർധിപ്പിക്കുന്നതിനുള്ള നമ്മുടെ ശ്രമത്തിനു മുമ്പിൽ ഒരു പ്രധാന പ്രശ്നം അവതരിപ്പിക്കുന്നു. റബ്ബർബോർഡിൻെറ നേതൃത്വത്തിൽ റബ്ബർ പുന:കൃഷി ചെയ്യുന്നതുപോലെ നാളികേരത്തിൻെറ കാര്യത്തിലും അതു് ഗുണകരമായി പകർത്താവുന്നതാണ്. നമ്മുടെ നാണ്യവിളകളുടെ കാര്യത്തിലും ഗവേഷണത്തിൻെറ അഭാവം വ്യക്തമായും പ്രകടമാണ്. പന്നിയൂർ-1 കുരുമുളക്, T×D നാളികേരം എന്നിവയുടെ ഉല്പാദനം ഈ വിളകളുടെ കൂടുതൽ സാധ്യതകളിലേക്കു് നമ്മുടെ കണ്ണു് തുറപ്പിക്കേണ്ടതാണ്. നെൽക്കൃഷിയിലെന്നപോലെ നാണ്യവിളകളുടെ വികസനത്തിലും ശാസ്ത്രീയരീതിയിലുള്ള കൃഷിസമ്പ്രദായം അവലംബിക്കേണ്ടുന്നതിനു് ഇനിയും നമ്മുടെ കൃഷിക്കാരുടെ അംഗീകാരം കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്. നിർദിഷ്ടമായ ഏലാവികസനപരിപാടി, ഏറെത്താമസിയാതെ ഈ വിളകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

സാങ്കേതികവിദഗ്ധന്മാരുടെ ഒരു കമ്മിററി വരുന്ന 15 വർഷക്കാലത്തേക്കു് കൃഷിയുടെയും അതുമായി ബന്ധപ്പെട്ട ജലസേചനം, മൃഗസംരക്ഷണം എന്നിവപോലുള്ള വിഷയങ്ങളുടെയും വളർച്ചയ്ക്കു് സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. അതിൻെറ അടിസ്ഥാനത്തിലായിരിക്കണം പഞ്ചവത്സരപദ്ധതിയുടെ പരിപാടികൾ കെട്ടിപ്പടുക്കേണ്ടതു്.

മുകളിൽ പറഞ്ഞ പരിപാടിയുടെ മുന്നോടിയെന്ന നിലയിൽ സംസ്ഥാനത്തു് ലഭ്യമായിട്ടുള്ള പ്രകൃതിവിഭവങ്ങളെക്കുറിച്ചുള്ള ഒരു വിശദമായ പഠനവും സർവെയും നടത്തണമെന്നു് ഞാൻ നിർദേശിക്കുന്നു. വ്യക്തവും യാഥാർത്ഥ്യാധിഷ്ഠിതവുമായ വികസനപരിപാടികൾ മെനഞ്ഞെടുക്കുന്നതിനു് ഇതു് ക്രമാനുഗതമായിത്തന്നെ നടത്തേണ്ടിയിരിക്കുന്നു.

നമ്മുടെ നിയന്ത്രണത്തിലുള്ള വിഭവങ്ങളുടെ ശരിയായ നിർണയവും അവ ഉപയോഗിക്കേണ്ടതിൻെറ ശരിയായ പരിപാടികളും നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികോന്നമനത്തിലേക്കും ഐശ്വര്യത്തിലേക്കും നയിക്കുമെന്നു് എനിക്കു് വിശ്വാസമുണ്ട്.

എ. ജെ. ചാക്കോ

# 3

## കാർഷികരംഗത്ത് കേരളത്തിൻെറ പുരോഗതി

### ആമുഖം

കേരളത്തിൻെറ കാർഷികമേഖലയ്ക്കു നിരവധി പ്രത്യേകതകളുണ്ട്. വളരെ ഉയർന്ന ജനസാന്ദ്രതയും (ചതുരശ്രകിലോമീററിന് 545 പേർ) തൽഫലമായുള്ള ഭൂമിയും മനുഷ്യനും തമ്മിലുള്ള താഴ്ന്ന അനുപാതവും കൂടുതൽ വാണിജ്യവൽക്കരിക്കപ്പെട്ട കാർഷികമേഖലയും ആവശ്യത്തെക്കാൾ എത്രയോ താഴ്ന്ന നിലവാരത്തിലുള്ള ഭക്ഷ്യോല്പാദനവും ഈ സംസ്ഥാനത്തിൻെറ സവിശേഷതകളാണ്.

ശീഘ്രഗതിയിലുള്ള ജനസംഖ്യാവർധനവ് കാരണം, ഭൂമിയുടെ മേലുള്ള ജനസമ്മർദത്തിൽ കേരളം ഇന്ത്യയിലെ മററു പ്രദേശങ്ങളെ കവച്ചുവെക്കുന്നുണ്ട്. ഭൂമിശാസ്ത്രപരമായി ഒട്ടാകെയുള്ള ഭൂമിയുമായി തട്ടിച്ചുനോക്കുമ്പോൾ, ഒട്ടാകെ വിതയ്ക്കുന്ന ഭൂമിയുടെ അനുപാതം ഇന്ത്യയിലെ മററു പ്രദേശങ്ങളിലുള്ളതിനേക്കാൾ (41·56 ശതമാനം) കേരളത്തിൽ വളരെ കൂടുതലാണ് (55·82 ശതമാനം). നാട്ടിൻപുറത്തെ ജനങ്ങളിൽ തീക്ഷ്ണമായ തൊഴിലില്ലായ്മയ്ക്കും ഭാഗികമായ തൊഴിലില്ലായ്മയ്ക്കുമുള്ള ഉത്തരവാദിത്വം വഹിക്കുന്നത് ജനസംഖ്യയിലുള്ള വർധനവാണ്. കേരളത്തിൽ കൃഷിയിറക്കുന്ന സമ്പ്രദായം ഇന്ത്യയിലെ മററു പ്രദേശങ്ങളിലുള്ളതിനെക്കാൾ ശ്രമരഹിതമായതിനാൽ അതും ഗുരുതരമായ തൊഴിലില്ലായ്മയ്ക്ക് കാരണമായിത്തീരുന്നുണ്ട്. അടയ്ക്ക, കശുവണ്ടി, തേങ്ങ, ചായ, കാപ്പി, റബ്ബർ തുടങ്ങിയ നിത്യമായ വിളവുകൾ, ഒട്ടാകെ കൃഷിചെയ്യുന്ന നിലത്തിൻെറ 51·1 ശതമാനം വരുന്നു. ഈ വിളവുകൾക്ക് സംരക്ഷിക്കുന്നതിനും, വിളവെടുക്കുന്നതിനും ആവശ്യമായ ആവർത്തനസ്വഭാവത്തിലുള്ള അധ്വാനം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. പക്ഷേ, തേയില, റബ്ബർ തുടങ്ങിയ വിളവുകൾക്ക് ഇല നുള്ളുന്നതിനും റബ്ബറെടുക്കുന്നതിനും വിപുലമായ തോതിൽ മനുഷ്യാധ്വാനം ആവശ്യമാണ്. ഈ വിളവുകളെ സംബന്ധിച്ചിടത്തോളം, കൃഷിയിറക്കാനുള്ള നിലമൊരുക്കൽ, വിതയ്ക്കൽ തുടങ്ങിയ അടിസ്ഥാനപ്രവർത്തനങ്ങൾക്കാവശ്യമായ അധ്വാനം അവയുടെ ജീവിതകാലത്ത് ഒരിക്കൽ മാത്രമേ ആവശ്യമായിവരുന്നുള്ളൂ. ഈ തരത്തിലുള്ള കൃഷിസമ്പ്രദായത്തിൻെറ പ്രത്യക്ഷഫലങ്ങളിലൊന്ന്, കാർഷികമേഖലയിൽ നേടിയിരിക്കുന്ന

ഉയർന്നനിലയിലുള്ള വാണിജ്യവൽക്കരണമാണ്. ഇതിന് സംസ്ഥാനത്തിൻെറ സമ്പദ്ഘടനയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്.

## ഭൂമിയുടെ ഉപയോഗം

താഴെ ചേർത്ത പട്ടിക 1966–67–നും 1968–69–നും ഇടക്കു് കൃഷിയിറക്കിയ മൊത്തം പ്രദേശത്തിൻെറ വിസ്തീർണം, ഒന്നിൽ കൂടുതൽ തവണ കൃഷിയിറക്കിയ പ്രദേശം, ഒട്ടാകെ വിളവിറക്കിയ പ്രദേശം എന്നിവയിലുണ്ടായ മാററങ്ങളെ കാണിക്കുന്നു.

പട്ടിക 1

(വിസ്തീർണം ഹെക്ടർ ലക്ഷക്കണക്കിൽ)

| | 1966—67 | 1967—68 | 1968—69 | 1966—67–ലേക്കുണ്ടായ മാററത്തിൻെറ ശതമാനം |
|---|---|---|---|---|
| മൊത്തം കൃഷിയിറക്കിയ പ്രദേശം | 20·91 | 21·29 | 21·54 | + 3·01 |
| ഒന്നിൽ കൂടുതൽ തവണ കൃഷിയിറക്കിയ പ്രദേശം | 5·30 | 6·28 | 6·99 | + 31·88 |
| മൊത്തം കൃഷിയിറക്കിയ പ്രദേശം | 26·21 | 27·57 | 28·53 | + 8·85 |

സംസ്ഥാനത്തു് 1966—'67–ൽ മൊത്തം വിത്തിറക്കിയ പ്രദേശത്തിൻെറ വിസ്തീർണം 20·9 ലക്ഷം ഹെക്ടറായിരുന്നതു് 1968—'69–ൽ 21·54 ലക്ഷം ഹെക്ടറായി വർധിച്ചു. ഇതു് 0·63 ലക്ഷം ഹെക്ടർ വർധനവാണ് കാണിക്കുന്നതു് (3·01 ശതമാനം). ഒന്നിലധികം തവണ വിത്തിറക്കുന്ന പ്രദേശത്തിൻെറ വിസ്തീർണം ഈ കാലഘട്ടത്തിൽ 5·30 ലക്ഷം ഹെക്ടറിൽ നിന്നു് 6·99 ലക്ഷം ഹെക്ടറായി ഉയർന്നു. 31·8 ശതമാനം വർധനവാണിതിലുണ്ടായതു്. ഇതിൻെറ അർഥം വിളയിറക്കുന്നതിൻെറ തീവ്രത പരിഗണനനീയമാംവിധം വർധിച്ചിട്ടുണ്ടെന്നാണ്. ഒട്ടാകെ കൃഷിയിറക്കിയ പ്രദേശത്തിൻെറ വിസ്തീർണം 1966—'67–ൽ 26·21 ലക്ഷം ഹെക്ടറായിരുന്നതു് 1968—'69–ൽ 28.53 ലക്ഷം ഹെക്ടറായി വർധിച്ചു. അതായതു് ഈ കാലത്തിനിടക്കു് ഇതിൽ 8·58 ശതമാനത്തിൻെറ വർധനവുണ്ടായി.

## കാർഷികോല്പാദനം

1968-ൽ അവസാനിച്ച ദശകത്തിൽ ഒട്ടാകെ വിത്തിറക്കിയ പ്രദേശത്തിന്റെ വിസ്തീർണത്തിൽ 23 ശതമാനത്തിന്റെ വർധനവുണ്ടായതായി കാണപ്പെട്ടു. അതേ കാലഘട്ടത്തിൽ തന്നെ കാർഷികോല്പാദനത്തിൽ 27 ശതമാനം വർധനവുണ്ടായി. ജലസേചനത്തിനു് വിധേയമാക്കപ്പെട്ട 3·99 ലക്ഷം ഹെക്ടർ 5·72 ലക്ഷം ഹെക്ടറായി ഈ ദശകത്തിൽ വർധിച്ചു. 3·21 ശതമാനത്തിന്റെ വർധനവു് ഇതിലുണ്ടായി. 1960—61 മുതൽ 1968—69-വരെയുള്ള കാലഘട്ടങ്ങളിൽ രാസവളങ്ങളുടെയും മററു വളങ്ങളുടെയും ഉപയോഗത്തിൽ അമ്പരപ്പിക്കുന്ന വർധനവുണ്ടായി. അതു് 1960—61-ലെ അമ്പതിനായിരം ടണ്ണിൽ നിന്നു് 1968—'69-ൽ ഇരുന്നൂററിഅറുപത്തിമൂവായിരമായി വർധിച്ചു. ഇതിന്റെ അർഥം ഈ കാലഘട്ടത്തിൽ വളങ്ങളുടെ ഉപയോഗം 426 ശതമാനമായി വർധിച്ചുവെന്നാണു്.

### 1. അരിയുല്പാദനം

(എ) കേരളത്തിലെ അരിയുല്പാദനത്തിലും നെൽക്കൃഷിസ്ഥലങ്ങളിലുമുള്ള സമീപകാലത്തെ പ്രവണത.

1969-ൽ അരിയുല്പാദനം ഗണ്യമായതോതിൽ വർധിക്കുകയുണ്ടായി. ഗുരുതരമായ ഒരു ഭക്ഷ്യസ്ഥിതിയുടെ മുമ്പാകെ, ഗവൺമെൻറ് ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്നതിനു് സാധ്യമായ എല്ലാ നടപടികളും എടുത്തുവരികയായിരുന്നു.

1969-ൽ മതിപ്പുളവാക്കുന്ന തരത്തിൽ ഉണ്ടായ അരിയുല്പാദനവർധനവു്. കൂടുതൽ സ്ഥലത്തു കൃഷിചെയ്തതിന്റെയും, മെച്ചപ്പെട്ട കാർഷികസമ്പ്രദായങ്ങൾ സ്വീകരിച്ചതിന്റെയും ഫലമായിരുന്നു. ഉല്പാദനം വർധിപ്പിച്ചതിൽ അത്യുല്പാദനശക്തിയുള്ള വിത്തുകൾ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ടു്. 1969-ൽ നെൽക്കൃഷി ചെയ്തിരുന്ന പ്രദേശത്തിന്റെ വിസ്തീർണത്തിൽ 8 ശതമാനത്തിന്റെ വർധനവുണ്ടായി. ഒന്നിലധികം തവണ കൃഷിചെയ്യുന്ന സമ്പ്രദായമായിരുന്നു കൃഷിചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണം വർധിക്കുന്നതിനുള്ള പ്രധാന കാരണം. അരിയുല്പാദനം 1967—'68-ൽ 11·24 ലക്ഷം ടണ്ണായിരുന്നതു് 1968—'69-ൽ 12·31 ലക്ഷം ടണ്ണായി വർധിച്ചു. ഇതു് ഒരു വർഷത്തിനുള്ളിൽ 1·07 ലക്ഷം ടൺ വർധിച്ചതായിട്ടാണു് കാണിക്കുന്നതു്. ഒരു വർഷത്തിനുള്ളിൽ ഇത്രയും വർധനവുണ്ടായതു് തീർച്ചയായും പ്രശംസാർഹമാണു്.

(ബി) കൃഷിചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണം, ഉല്പാദനം എന്നീ കാര്യങ്ങളിൽ മററു സംസ്ഥാനങ്ങളുമായുള്ള ഒരു താരതമ്യം.

പട്ടിക 2 ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നെൽക്കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണവും, അരിയുല്പാദനവും (1967-68-ലും 1968-69-ലും) കാണിച്ചുതരുന്നു.

പട്ടിക 2 *

| | സംസ്ഥാനം | വിസ്തീർണം (ആയിരം ഹെക്ടറിൽ) 1967—68 A | വിസ്തീർണം (ആയിരം ഹെക്ടറിൽ) 1968—69 (a) | ഉല്പാദനം (ആയിരം ടണ്ണിൽ) 1967—68 A | ഉല്പാദനം (ആയിരം ടണ്ണിൽ) 1968—69 (a) | 1967—'68—ലേക്ക ഉണ്ടായ മാററത്തിന്റെ ശതമാനം | ഉല്പാദനത്തിലുണ്ടായ മാററത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| 1. | ആന്ധ്രപ്രദേശം | 3508 | 3053 | 4793 | 4341 | —12·97 | —9·43 |
| 2. | ആസ്സാം | 2103 | 2199 | 1999 | 2251 | 4·56 | 12·61 |
| 3. | ബിഹാർ | 5248 | 5428 | 4725 | 5197 | 3·42 | 9·99 |
| 4. | കേരളം | 83 | 98 | 1124 | 1251 | 18·07 | 11·29 |
| 5· | മധ്യപ്രദേശം | 4245 | 4391 | 3301 | 3005 | 3·44 | —8·97 |
| 6· | തമിഴ്നാട് | 2764 | 2572 | 4291 | 3940 | —6·94 | —8·17 |
| 7· | മഹാരാഷ്ട്രം | 1409 | 1372 | 1408 | 1369 | —2·62 | —2·76 |
| 8· | മൈസൂർ | 1168 | 1193 | 1849 | 2001 | 2·14 | 8.22 |
| 9. | ഒറീസ്സ | 4308 | 4300 | 3628 | 4699 | —0·18 | 29·52 |
| 10· | പഞ്ചാബ് | 295 | 338 | 391 | 460 | 14·57 | 17·64 |
| 11· | ഉത്തരപ്രദേശം | 4359 | 4521 | 3200 | 2922 | 5·72 | —9·00 |
| 12· | പശ്ചിമബംഗാൾ | 4720 | 4839 | 5198 | 6250 | 2·52 | 1·00 |
| 13· | ഇന്ത്യയൊട്ടാകെ | 36722 | 36966 | 37858 | 39761 | 0·66 | 5·03 |

പട്ടികയിൽ കാണിച്ച സംസ്ഥാനങ്ങളിൽ 1967–68–നും 1968–69–നും ഇടയ്ക്ക് അരിയുല്പാദനം നടത്തിയിരുന്ന പ്രദേശത്തിന്റെ വിസ്തീർണത്തിലുണ്ടായ വർധനവ് 18·07 ശതമാനമുണ്ടായ കേരളത്തിൽ പരമാവധിയാണ്. കേരളത്തിനു തൊട്ടടുത്ത് 14·57 ശതമാനം വർധനവ് കാണിച്ച പഞ്ചാബ് നിൽക്കുന്നു, മററു സംസ്ഥാനങ്ങളൊന്നും ഈ സംസ്ഥാനങ്ങളുടെ അടുത്തെങ്ങും വരുന്നില്ല. ഈ വർഷങ്ങളിൽ ഉണ്ടായ ഉൽപാദനവർധനവിനെ സംബന്ധിച്ചിടത്തോളം കേരളം നാലാമതായിവരുന്നു (11·29 ശതമാനം). ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമം ഒറീസ്സ (29·52 ശതമാനം), പഞ്ചാബ് (17·64 ശതമാനം), ആസ്സാം (12·61 ശതമാനം) എന്നിവയ്ക്കാണുള്ളത്. മററു സംസ്ഥാനങ്ങളു

* അവലംബം A ഇന്ത്യയിലെ കാർഷികസ്ഥിതിഗതികൾ ആഗസ്റ്റ്, 1968
(a) ഇന്ത്യയിലെ കാർഷികസ്ഥിതിഗതികൾ ഒക്ടോബർ, 1969
ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്സ്, മിനിസ്ട്രി ഓഫ് ഫുഡ് ആൻറ് അഗ്രിക്കൾച്ചർ, ഗവൺമെൻറ് ഓഫ് ഇന്ത്യ.

മായി താരതമ്യപ്പെടുത്തുമ്പോൾ, ഇൗയിടെയായി നെൽക്കൃഷിചെയ്യുന്ന പ്രദേശത്തിലും ഉല്പാദനത്തിലും മതിപ്പുളവാക്കുന്ന വർധനവ് കേരളം നേടിയിട്ടുണ്ടെന്നാണിതു് കാണിക്കുന്നതു്.

(സി) കേരളത്തിലെ ഇന്നത്തെ ഭക്ഷ്യനില

1969–ൽ ഉപഭോഗത്തിനായുള്ള ഭക്ഷ്യധാന്യത്തിൻെറ ആഭ്യന്തരലബ്ധി 11.26 ലക്ഷം ടൺ ആയിരുന്നു. അതിൻെറകൂടെ 9.05 ലക്ഷം ടൺ ഇറക്കുമതി ചെയ്തുകൊണ്ടു് സ്റ്റോക്കു് വർധിപ്പിച്ചു. ഉപഭോഗത്തിനായി ഒട്ടാകെ ലഭിക്കുമായിരുന്ന ഭക്ഷ്യധാന്യത്തിൻെറ അളവു് മുൻകൊല്ലത്തിൽ 16.36 ലക്ഷം ടൺ ആയിരുന്നതു് 20.31 ലക്ഷം ടൺ ആയി ഉയർന്നു. ആഭ്യന്തരമായ ഉപഭോഗത്തിനായി അരിയുടെ ആളോഹരിലഭ്യത 1969–ൽ ദിവസം ഒന്നുക്കു് 148 ഗ്രാം ആയിരുന്നു. 1968–ൽ ഇതു് 137 ഗ്രാമായിരുന്നു. ഇറക്കുമതിയെ കൂടി കണക്കിലെടുത്താൽ ദിവസമൊന്നുക്കു് അരിയുടെ ആളോഹരിലഭ്യത 1969–ൽ 267ഗ്രാം ആയിരുന്നു. അതിനു മുൻകൊല്ലത്തിൽ ഇതു് 221 ഗ്രാമും ആയിരുന്നു. ധാന്യസംഭരണത്തിലും കാര്യമായ വർധനവുണ്ടായി. 1965–ൽ സംഭരിച്ചതു് 76000 ടൺ ആയിരുന്നുവെങ്കിൽ 1969–ൽ അതു് 140000 ടൺ ആയി ഉയർന്നു. ഇതു് 85 ശതമാനത്തിൻെറ വർധനവാണു് കാണിക്കുന്നതു്. അങ്ങനെ ഇൗയിടെയായി സംസ്ഥാനത്തിലെ ഭക്ഷ്യനില ഗണ്യമായതോതിൽ മെച്ചപ്പെട്ടിട്ടുണ്ടു്.

## മററു വിളകളുടെ ഉല്പാദനം

അരിയല്ലാതുള്ള വിഭവങ്ങളുടെ ഉല്പാദനം, കൃഷിചെയ്യുന്ന സ്ഥലത്തിൻെറ മൊത്തം വിസ്തൃതി എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കാണുന്ന പട്ടിക കാണിച്ചുതരുന്നതാണു്. (1965–66 മുതൽ 1968–69 വരെ)

പട്ടിക 3

| വിളകൾ | കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി (ഹെക്ടറിൽ) 1965–66 | 1968–69 | 1965-66 ലേക്കുള്ള മാററത്തിൻെറ ശതമാനം | ഉല്പാദനം 1965–'66 | 1968–69 | 1965–'66–ലേക്കുള്ള മാററത്തിൻെറ ശതമാനം |
|---|---|---|---|---|---|---|
| 1. മരച്ചീനി | 229684 | 296661 | 29·16 | 3096000 ടൺ | 4081115 ടൺ | 31·81 |
| 2. പയർ വർഗങ്ങൾ | 43312 | 42671 | —1·48 | 16901 ടൺ | 16757 ടൺ | —0·85 |
| 3. വാഴക്കൃഷിയും തോട്ടങ്ങളും | 47779 | 51588 | 7·97 | 361121 ടൺ | 390479 | 5·30 |
| 4. ജോവർ | 1235 | 1235 | മാററമില്ല | 450 ടൺ | 450 ടൺ | മാററമില്ല |

| വിളകൾ | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി (ഹെക്ടറിൽ) 1965–66 | 1968–69 | 1965–66 ലേക്കുള്ള മാററത്തിന്റെ ശതമാനം | ഉല്പാദനം 1965–'66 | 1968–69 | 1965–'66–ലേക്കുള്ള മാററത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 5. റാഗി | 5097 | 4989 | —2·12 | 7084 ടൺ | 7062 ടൺ | —0·31 |
| 6. കശുവണ്ടി | 87366 | 96019 | 9·9 | 98025 ടൺ | 107732 ടൺ | 9·89 |
| 7. കരിമ്പ് | 9193 | 7893 | —14·14 | 40948 ടൺ | 50304 ടൺ | —5·75 |
| 8. കുരുമുളക് | 99695 | 98827 | —0·87 | 21685 ടൺ | 20347 ടൺ | —5·75 |
| 9. ഇഞ്ചി | 11847 | 11423 | —3·57 | 11190 ടൺ | 10839 ടൺ | —3·13 |
| 10. നാളികേരം | 586313 | 686063 | 17·01 | 3293 ദശലക്ഷം തേങ്ങ | 3334 | 16·42 |
| 11. നിലക്കടല | 15215 | 13118 | —13·78 | 26220 ടൺ | 24029 | —4·72 |
| 12. സെസാമം | 11950 | 11995 | 0·38 | 2365 ടൺ | 3961 | 67·48 |
| 13. പരുത്തി | 7160 | 6299 | —12·02 | 6933 180 കി. ഗ്രാമിന്റെ ബെയിലുകൾ | 5556 | —19·86 |
| 14. ചായ | 39470 | 41158 | 4·28 | 39154 ടൺ | 44781 | 14·37 |
| 15. കാപ്പി | 23602 | 27678 | 17·26 | 9878 ടൺ | 11988 | 21·36 |
| 16. റബ്ബർ | 149634 | 168534 | 12·63 | 46953 ടൺ | 66473 | 41·57 |
| 17. ഏലം | 28684 | 47026 | 63·94 | 1606 ടൺ | 1058 ടൺ | 34·31 |

മരച്ചീനിയെ സംബന്ധിച്ചിടത്തോളം കൃഷിചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയിലും ഉല്പാദനത്തിലും ഗണ്യമായ വർധനവുണ്ടായിട്ടുള്ളതായി

KOTTAYAM PUBLIC LIBRARY KOTTAYAM
1443

കാണാം. ഇക്കാലത്തിൽ കൃഷിചെയ്യുന്ന പ്രദേശത്തിൻെറ വിസ്തൃതി 29·16 ശതമാനത്തോളവും ഉല്പാദനം 31·8 ശതമാനത്തോളവും വർധിച്ചിട്ടുണ്ട്. പയർ വർഗങ്ങളെ സംബന്ധിച്ചിടത്തോളവും രണ്ടിലും കുറവ് സംഭവിച്ചിട്ടുണ്ട്. വാഴ കൃഷിക്കും തോട്ടങ്ങൾക്കും ഉപയോഗിക്കപ്പെട്ട നിലത്തിൻെറ വിസ്തൃതി 7·97 ശതമാനത്തോളവും ഉൽപാദനം 5·03 ശതമാനത്തോളവും വർധിച്ചു. സംസ്ഥാനത്തിലെ പ്രധാനപ്പെട്ട നാണ്യവിളകളിലൊന്നായ കശുവണ്ടിക്കൃഷി യിലാകട്ടെ കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയിലും ഉല്പാദനത്തിലും യഥാക്രമം 9·9 ശതമാനത്തിൻെറയും 9·89 ശതമാനത്തിൻെറയും വർധനവുണ്ടായി. കുരുമുളക് കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയിലും ഉല്പാദനത്തിലും കുറവുണ്ടായിട്ടുണ്ടെന്നതു് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട നാണ്യവിളയായ നാളികേരത്തിൻെറ ഉല്പാദനത്തിലും കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയിലും യഥാക്രമം 16·42 ശതമാനവും 17·01 ശതമാനവും വർധനവുണ്ടായി.

തേയില കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയിൽ 4·28 ശതമാനവും ഉൽപാദനത്തിൽ 14·37 ശതമാനവും വർധനവുണ്ടായി. കാപ്പിക്കൃഷിയിൽ, കൃഷിചെയ്യുന്ന പ്രദേശത്തിൻെറ വിസ്തൃതി 17·26 ശതമാനമുയന്നപ്പോൾ ഉൽപാദനം 21·36 ശതമാനമായുയർന്നു. തോട്ടമുല്പന്നങ്ങളിൽ ഏററവും കൂടുതൽ വർധനവുണ്ടായതു് റബ്ബറിനായിരുന്നു. 41·57 ശതമാനമായി റബ്ബർ ഉല്പാദനം വർധിച്ചപ്പോൾ കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി 12·63 ശതമാനമായി ഉയർന്നു. ഏലത്തെ സംബന്ധിച്ചിടത്തോളം തോട്ടവിളകളിൽ വച്ചു് കൃഷിചെയ്യുന്ന പ്രദേശത്തിൻെറ വിസ്തൃതി ഏററവുമധികം വർധിച്ചുവെങ്കിലും ഉല്പാദനം കുറയുകയാണുണ്ടായതു്.

### മഴയും ജലസേചനവും

#### (എ) മഴ

കഴിഞ്ഞ കുറെ വഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കേരളസംസ്ഥാനത്തിൽ 1968—69-ൽ കനത്ത മഴപെയ്യുകയുണ്ടായി. 1968—69-ൽ സംസ്ഥാനത്തിലെ ശരാശരി മഴ 3250 മില്ലിമീററായി കണക്കാക്കപ്പെട്ടിരിക്കുന്നു. 1967—68-ൽ ഇതു് 2746 മില്ലിമീററായിരുന്നു.

പട്ടിക 4

വർഷപാതത്തിൻെറ സ്ഥിതിവിവരക്കണക്കുകൾ

| വർഷം | വർഷപാതം (മില്ലിമീററർ) |
|---|---|
| 1965—66 | 2209 |
| 1966—67 | 2682 |
| 1967—68 | 2746 |
| 1968—69 | 3250 |

കഴിഞ്ഞ കുറെ വർഷങ്ങളായി വർഷപാതം വർധിക്കുകയാണെന്നു് കാണാവുന്നതാണു്.

## (ബി) ജലസേചനം

ജലസേചനം നടത്തപ്പെട്ട മൊത്തം കൃഷിസ്ഥലത്തിൻെറ വിസ്തീർണം 1967—68-ൽ 4·11 ലക്ഷം ഹെക്ടർ ആയിരുന്നതു് 1968-69-ൽ 4·18 ലക്ഷം ഹെക്ടറായി വർധിച്ചു.

ജലം ലഭിക്കുന്ന കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസേചിതപ്രദേശത്തിൻെറ വിതരണം.

പട്ടിക 5

(വിസ്തീർണം: ഹെക്ടർ ആയിരക്കണക്കിൽ)

| ലഭ്യസ്ഥാനം | 1967—68 മൊത്തംവിസ്തീർണം | 1968—69 മൊത്തം വിസ്തീർണം |
|---|---|---|
| 1. ഗവൺമെൻറുതോടുകൾ | 182·96 | 189·29 |
| 2. സ്വകാര്യതോടുകൾ | 10·16 | 10·16 |
| 3. കുളങ്ങൾ | 70·50 | 71·36 |
| 4. കിണറുകൾ | 5·46 | 5·46 |
| 5. മററുള്ളവ മുഖേന | 141·43 | 141·70 |
| ആകെ | 410·51 | 418·06 |

ജലസേചനത്തിനുള്ള മുഖ്യമാർഗം ഗവൺമെൻറുതോടുകളാണു്. രണ്ടാമതായി പ്രാധാന്യമർഹിക്കുന്നതാണു് കുളങ്ങൾ. ഗവൺമെൻറുതോടുകളെ മാത്രം ആശ്രയിച്ചു് 1968—69-ൽ ഒട്ടാകെ കൃഷിയിറക്കിയ പ്രദേശത്തിൻെറ വിസ്തീർണത്തിൽ 6·33 ആയിരം ഹെക്ടർ വർധനവുണ്ടായി. സ്വകാര്യതോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ മുഖേന ജലസേചനം നടത്തിയ പ്രദേശങ്ങളുടെ വിസ്തീർണത്തിലുണ്ടായ വർധനവ് എടുത്തുപറയത്തക്കതല്ല. വിളവുകളനുസരിച്ചു് കൃഷി ചെയ്ത സ്ഥലത്തിൻെറ വിതരണം താഴെ ചേർക്കുന്നു.

പട്ടിക 6

### വിളവുകളനുസരിച്ചുള്ള ജലസേചനം

(വിസ്തീർണം: ഹെക്ടർ ആയിരക്കണക്കിൽ)

| വിളവുകൾ | 1967—68 വിസ്തീർണം | 1967—68 ശതമാനം | 1968—69 വിസ്തീർണം | 1968—69 ശതമാനം |
|---|---|---|---|---|
| 1. നെല്ലു് | 459·72 | 80·4 | 470·11 | 80·66 |
| 2. കരിമ്പു് | 4·29 | 0.7 | 4·29 | 0·74 |
| 3. മററു ഭക്ഷ്യധാന്യങ്ങൾ | 55·69 | 9·7 | 55·69 | 9·55 |
| 4. മൊത്തം ഭക്ഷ്യേതരധാന്യം | 52.50 | 9.2 | 52·77 | 9·05 |
| 5. എല്ലാ ധാന്യങ്ങളും | 572·20 | — | 582·86 | 100·00 |

KOTTAYAM PUBLIC LIBRARY

1967--68-നും 1968—69-നുമിടയ്ക്കു് ജലസേചനത്തിനു വിധേയമാക്കപ്പെട്ട നെൽക്കൃഷിസ്ഥലത്തിന്റെ മൊത്തം വിസ്തീർണത്തിൽ 10·39 ആയിരം ഹെക്ടറിന്റെ വർധനവുണ്ടായി. മററു വിളകളെ സംബന്ധിച്ചു് വ്യക്തമായ മാററമൊന്നും നിരീക്ഷിക്കപ്പെട്ടിട്ടില്ല. മിച്ചോല്പാദനത്തിനു് ജലസേചനം പൊതുവേ മെച്ചപ്പെടേണ്ടിയിരിക്കുന്നു. നെൽക്കൃഷി ചെയ്യുന്ന പ്രദേശങ്ങളുടെ 53·79 ശതമാനം മാത്രമേ ജലസേചനത്തിന്റെ ഗുണം അനുഭവിക്കുന്നുള്ളു. അതേസമയം ഇതു തമിഴ്നാട്ടിൽ 91·6 ശതമാനവും ആന്ധ്രയിൽ 93·7 ശതമാനവുമാണു്. മററു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിനു കനത്ത മഴ ലഭിക്കുന്നുണ്ടെങ്കിലും, വരൾച്ച മൂലം നെൽക്കൃഷി നശിക്കുന്നതു് ഈ സംസ്ഥാനത്തിൽ അസാധാരണ സംഭവമല്ല. ഗവൺമെൻറുതോടുകൾ മുഖേനയാണു് കൂടുതൽ പ്രദേശങ്ങൾ ജലസേചനത്തിനു വിധേയമാക്കപ്പെട്ടതു്. മററു മാർഗങ്ങൾ മുഖേനയുള്ള വർധനവു് ഒട്ടുംതന്നെയില്ലെന്നു പറയാം.

## നിഗമനങ്ങൾ

ഈ അടുത്ത വർഷങ്ങളിൽ കാർഷികോല്പാദനത്തിൽ കേരളം മികച്ച പുരോഗതി നേടിയിട്ടുണ്ടു്. അനുകൂലമായ വർഷപാതവും, മെച്ചപ്പെട്ട കാർഷിക സമ്പ്രദായങ്ങളും ആണു് ഉല്പാദനവർധനവിനു് സഹായകരമായതു്. അരിയുല്പാദനത്തിലുണ്ടായ വർധനവു് പ്രശംസനീയമാണു്. തീവ്രകാർഷികപരിപാടികൾ കാർഷികോല്പാദനത്തിനു സഹായകരമായിട്ടുണ്ടു്; പ്രത്യേകിച്ചും, അരിയുടെ കാര്യത്തിൽ. ഇതു് ഭക്ഷ്യസ്ഥിതിയെ മെച്ചപ്പെടുത്തിയിട്ടുണ്ടു്, പക്ഷേ, കുരുമുളകു്, ഏലം എന്നിവയുടെ ഉല്പാദനത്തിൽ കുറവു് സംഭവിച്ചിട്ടുണ്ടെന്നു് നിരീക്ഷിക്കേണ്ടതാണു്. ഈ വിളകളുടെ ഉല്പാദനം വർധിപ്പിക്കുന്നതിനു് എല്ലാ മാർഗങ്ങളും സ്വീകരിക്കേണ്ടിയിരിക്കുന്നു. കനത്ത മഴ ലഭിച്ചിട്ടുപോലും കേരളത്തിൽ വേണ്ടത്ര ജലസേചനപദ്ധതികളില്ല. ഗവൺമെൻറുകനാലുകളൊഴിച്ചുള്ള മററെല്ലാ ജലസേചനപദ്ധതികളെയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതും വികസിപ്പിക്കേണ്ടതും ആവശ്യമായിത്തീർന്നിരിക്കുന്നു.

ഡോക്ടർ ജെ. സാം. രാജു്

# 4

## ഭക്ഷ്യോൽപാദനത്തിനുള്ള വൻകിട ജലസേചന പദ്ധതികളിൽ കേരളം നേടിയ പുരോഗതി

### ആമുഖം

കേരളം ഇന്ത്യയിലെ ഏററവും ചെറിയ സംസ്ഥാനങ്ങളിലൊന്നാകുന്നു. എങ്കിലും ഇവിടുത്തെ ജനസാന്ദ്രത വളരെ ഉയർന്നതാണ്. 38855 ചതുരശ്രകിലോമീററരിൽ 20 ദശലക്ഷം ജനങ്ങളാണ് ഇവിടെ അധിവസിക്കുന്നത്. ഇവിടെ ഏററവും രൂക്ഷമായിട്ടുള്ളതും കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം കാണപ്പെടേണ്ടതുമായ പ്രശ്നങ്ങൾ ഭൂമിയുടെ മേലുള്ള സമ്മർദം, ഭക്ഷ്യധാന്യത്തിൽ 50 ശതമാനം കണ്ടുള്ള കുറവ്, പൂർണവും ഭാഗികവുമായ തൊഴിലില്ലായ്മ എന്നിവയാകുന്നു. പ്രായപൂർത്തിയെത്തിയ ഒരാൾക്ക് 340 ഗ്രാം, ഒരു കുട്ടിക്ക് 170 ഗ്രാം എന്ന നിരക്കിൽ 1971–ലേക്ക് 21·5 ലക്ഷം ടൺ അരി (കേരളീയരുടെ മുഖ്യ ആഹാരമതാണ്) ആവശ്യമായിവരും. മെച്ചപ്പെട്ട നിലയിലും തീവ്രമായ അടിസ്ഥാനത്തിലും കൃഷിനടത്തിയിട്ടും ആവശ്യമായ അരിയുടെ പകുതി മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു.

### വർധിച്ചുവരുന്ന ജനസംഖ്യയും ഭക്ഷ്യക്കമ്മിയും

ലോകത്തിലെ ജനസംഖ്യ വർഷംതോറും 1·3 ശതമാനം എന്ന നിരക്കിലാണ് വർധിച്ചുവരുന്നതെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതുതന്നെ ആശങ്കാജനകമാണ്. ഇന്ത്യയിലാകട്ടെ സ്ഥിതി ഇതിലും മോശമാണ്, പ്രത്യേകിച്ചും കേരളത്തിൽ. ഈ പ്രവണത, ഭക്ഷണം നൽകേണ്ട ജനങ്ങളുടെ എണ്ണവും ലഭ്യമായ ഭക്ഷ്യധാന്യവും തമ്മിൽ സമതുലിതമല്ലാത്ത ഒരവസ്ഥ സൃഷ്ടിക്കുന്നു. പട്ടിണിയിൽ നിന്നും ഇല്ലായ്മയിൽ നിന്നും നമ്മുടെ ജനതയെ രക്ഷിക്കണമെങ്കിലും, ഈ തിന്മകൾ വളരാതിരിക്കണമെങ്കിൽ പോലും, നമുക്ക് ജനസംഖ്യാവർധനവും ഭക്ഷ്യോല്പാദനവും തമ്മിലുള്ള അസന്തുലിതാവസ്ഥ മാററുവാൻ വേണ്ട മാർഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. ജനസംഖ്യാവർധനവിനെതിരായും, മണ്ണിന്റെയും സസ്യങ്ങളുടെയും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുവേണ്ടിയും ഒരു ദ്വിമുഖസമരം അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു.

ഈ പ്രബന്ധം മേൽപ്പറഞ്ഞ മാർഗങ്ങളിലെ രണ്ടാമത്തേതിനെപ്പററിയാണ്; ജനസംഖ്യാവർധനവും ഭക്ഷ്യലഭ്യതയും തമ്മിലുള്ള വിടവിനെ ഭക്ഷ്യോല്പാദനത്തിലൂടെ നികത്തുന്നതിനുള്ള മാർഗത്തെ സംബന്ധിക്കുന്നതാണ്.

## കാർഷികോല്പാദനം: ഒരേയൊരു പോംവഴി

സമുദ്രത്തിൽ നിന്നും ജീവികളുടെയും സസ്യങ്ങളുടെയും രൂപത്തിൽ ലഭ്യമാകുന്ന നിരവധി ഭക്ഷ്യവസ്തുക്കൾ നമ്മുടെ ശ്രദ്ധയെ ക്ഷണിച്ചിട്ടുണ്ട്. ഇന്ന്, ഈ കേന്ദ്രത്തിൽ നിന്നുള്ള ഭക്ഷ്യവസ്തുക്കളുടെ ശേഖരണം, കേന്ദ്രീകരണം, വിതരണം എന്നീ കാര്യങ്ങൾ വൻതോതിൽ പ്രായോഗികമാക്കാൻ വയ്യാത്തവിധം സാങ്കേതികദുർഘടങ്ങൾ നിറഞ്ഞതാണ്. ശുദ്ധജലത്തിലുണ്ടാകുന്ന "ആൽഗേ" ഉപയോഗിച്ച് പ്രകാശസംശ്ലേഷണഫാക്ടറികൾ നിർമിക്കുന്നതിനെ സംബന്ധിച്ചും ഇതുതന്നെ പറയാം. എന്തായാലും ഇന്ന് നമ്മുടെ ഭക്ഷ്യലബ്ധി മെച്ചപ്പെടുത്തുന്നതിനു് ഇത്തരത്തിലുള്ള മാർഗങ്ങൾ തീരെ പ്രായോഗികമല്ലെന്നാണ് തോന്നുന്നതു്. അതുകൊണ്ട് ഇന്നു് ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്നതിനുള്ള ഒരൊററ പോംവഴി പുതിയ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുകയും വ്യാപകവും തീവ്രവുമായ കൃഷിയിലൂടെ ഇപ്പോൾ കൃഷിചെയ്യുന്ന പ്രദേശങ്ങളിലെ ഉല്പാദനനിരക്ക് വർധിപ്പിക്കുകയുമാണ്.

## വ്യാപകവും തീവ്രവുമായ കൃഷിക്കുള്ള സാധ്യത

കൃഷിചെയ്യാവുന്ന ഭൂമിയുടെ 90 ശതമാനവും കലപ്പയ്ക്കുകീഴിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. അതുകൊണ്ട് വ്യാപകമായ കൃഷിസമ്പ്രദായം സ്വീകരിക്കുന്നതിനുള്ള സാധ്യത വളരെ പരിമിതമാണ്. ലഭിക്കാവുന്ന ചെറിയ ഭൂഭാഗങ്ങൾക്കാവട്ടെ, ഉല്പാദനക്ഷമത വളരെ താഴ്ന്ന നിലയിലാണുള്ളതു്. പക്ഷേ, "ഒരു പുൽക്കൊടി വളർന്നിടത്തു രണ്ടു പുൽക്കൊടികൾ വളർത്തു"കയെന്ന ലക്ഷ്യമുള്ള തീവ്രകാർഷികപരിപാടിക്ക് വലിയ സാധ്യതകളുണ്ട്. ഒന്നിലധികം തവണ കൃഷിചെയ്യുന്നതു് തീവ്രകാർഷികപരിപാടിയുടെ ഒരു ഭാഗമാണ്. അതിനു ജലസേചനം അനുപേക്ഷണീയഘടകവുമാണ്.

ഇന്നു നെൽക്കൃഷി ഒട്ടാകെ 4·45 ലക്ഷം ഹെക്ടർ നിലത്തു (മൊത്തം വിളവെടുപ്പുവിസ്തീർണം 8·00 ലക്ഷം ഹെക്ടർ ആണ്) നടത്തിവരുന്നു. ഇതിൽ 0·94 ഹെക്ടർ നിലത്തിൽ മൊത്തം (1·79 ലക്ഷം) വൻകിട ഇടത്തര ജലസേചനപദ്ധതികൾ ഉണ്ട്. നിലം നികത്തിയും ജലസേചനം നടത്തിയും ഇതു് 5·7 ലക്ഷം ഹെക്ടർ (മൊത്തം 11.4 ലക്ഷം) ആയി വർധിപ്പിക്കാവുന്നതാണ്. അതിൽ ഏതാണ്ട് 80 ശതമാനം നിലം ജലസേചനത്തിനു വിധേയമാകുന്നതാണ്.

## ജലസേചനത്തിൻെറ ആവശ്യം

മെച്ചപ്പെട്ട കൃഷിക്കും കൂടുതൽ വിളവെടുപ്പിനും ആവശ്യമായ നിക്ഷേപധനം ജലസേചനമാണെന്നു അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കൃഷിക്കാവശ്യമായ മററെല്ലാ നിക്ഷേപങ്ങളിൽ നിന്നും—അതായതു് വിത്തു്, രാസവളങ്ങൾ, കീട

ങ്ങളുടെ ആക്രമണത്തിൽ നിന്നുള്ള സംരക്ഷണം, രോഗനിയന്ത്രണം എന്നിവയിൽ നിന്നും—പരമാവധി നേട്ടങ്ങളുണ്ടാകുവാൻ വെള്ളം ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണ്. അതായത് കാർഷികോല്പാദനത്തിനുള്ള മറ്റെല്ലാ സഹായ ഘടകങ്ങളും അവയുടെ പരമാവധി പ്രവർത്തനം നിർവഹിക്കാൻ വെള്ളത്തെയാണ് ആശ്രയിക്കുന്നത്. ഇത്തരത്തിലുള്ള ജലം ലഭിക്കുന്നത് മഴയിൽകൂടിയാണ്. കേരളത്തിൽ കനത്ത മഴ പെയ്യാറുണ്ടെങ്കിലും, ഒട്ടാകെയുള്ള വാർഷിക വർഷപാതം ഐക്യരൂപ്യപൂർണ്ണമല്ല. സസ്യജാലങ്ങളുടെ ആവശ്യംവെച്ചു നോക്കുമ്പോൾ ഒന്നുകിൽ വളരെ കൂടുതലോ അല്ലെങ്കിൽ കുറഞ്ഞതോ ആയ തോതിലാണ് മഴ ലഭിക്കുന്നത്. അതുകൊണ്ട് കാലവർഷങ്ങൾ സാധാരണഗതിയിലാണെങ്കിൽപോലും, വെള്ളം വിതരണം ചെയ്യുന്നതിനു ചില നിയന്ത്രണനടപടികളാവശ്യമാണ്. അതിന് പുറമെ കാലവർഷങ്ങൾ പരാജയപ്പെടുന്നതും അസാധാരണമല്ല. അതു് കൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. പ്രകൃതിയുടെ ഇത്തരത്തിലുള്ള അസാധാരണ പ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ടിയാണ് കൃത്രിമജലസേചനമാർഗം അവലംബിക്കേണ്ടിവരുന്നത്.

## കേരളത്തിന്റെ ജലസമ്പത്ത്

പശ്ചിമഭാഗത്തേക്ക് ഒഴുകുന്ന 41 നദികളാലും പൂർവഭാഗത്തേക്കു പ്രവഹിക്കുന്ന മൂന്നു നദികളാലും കേരളം അനുഗൃഹീതമാണ്. പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് ഈ നദികൾ, ജലവൈദ്യുതോല്പാദനത്തിനുള്ള വമ്പിച്ച സാധ്യതകൾ സൃഷ്ടിച്ചുകൊണ്ട് പർവതപ്രദേശങ്ങളിലെ നിരവധി ജലപാതങ്ങളിലൂടെയാണ് മുന്നോട്ടുനീങ്ങുന്നത്. ഈ നദികൾ സമതലങ്ങളിൽ പ്രവേശിച്ച് അലകൾപോലെ പൊങ്ങിയും താഴ്ന്നുമുള്ള കേരളത്തിന്റെ മധ്യഭാഗങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ട് ജലസേചനം നടത്തുന്നതിനു വലിയ സാധ്യതകൾ സൃഷ്ടിക്കുന്നു. തീരപ്രദേശങ്ങളിൽ മന്ദഗതികളായി അവ കായലുകളിൽകൂടിയും നദീമുഖങ്ങളിൽകൂടിയും സമുദ്രത്തെ പ്രാപിക്കുകയും ചെയ്യുന്നു. പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ മൊത്തം 2500 സഹസ്രദശലക്ഷം ഘനമീററർ വെള്ളം കടലിലേക്ക് ഒഴുക്കുന്നു. ഇവിടെ ജലസേചനപ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ ധാരാളമായും ഉണ്ട്.

## കേരളത്തിലെ വൻകിട ജലസേചനപദ്ധതികൾ

നമ്മുടെ സംസ്ഥാനത്ത് ആദ്യമായി നിർമിക്കപ്പെട്ട വൻകിട ജലസേചനപദ്ധതികൾ ചാലക്കുടി 1—ാംഘട്ടവും പീച്ചിജലസേചനപദ്ധതിയുമാണ്. ഈ നിരയിൽ പിന്നീട് വരുന്നത് മലമ്പുഴ, വാഴാനി, വാളയാർ, മംഗലം, നെയ്യാർ ഒന്നാംഘട്ടം എന്നീ പദ്ധതികളാണ്. ഈ പദ്ധതികളെല്ലാം തന്നെ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിക്കപ്പെട്ടവയായിരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതി പെരിയാർ വാലി, നെയ്യാർ രണ്ടാംഘട്ടം, ചാലക്കുടി രണ്ടാംഘട്ടം, ചീരക്കുഴി, പോത്തുണ്ടി, ഗായത്രി എന്നീ പദ്ധതികൾ ഏറെറ

KOTTAYAM PUBLIC LIBRARY KOTTAYAM

ടുത്തു. മൂന്നാം പദ്ധതിക്കാലത്തു് പമ്പ, കുററ്യാടി, ചിററൂർപ്പുഴ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ പദ്ധതികൾ ആരംഭിച്ചു. അങ്ങനെ മൊത്തം 2·50 ലക്ഷം ഹെക്ടർ നിലത്തു് ജലസേചനസൗകര്യം നൽകുമെന്നു പ്രതീക്ഷിക്കുന്ന 19 ജലസേചനപദ്ധതികൾ ഇതുവരെയായി ആരംഭിക്കപ്പെട്ടിട്ടുണ്ടു്. ഈ പദ്ധതികളിൽ മംഗലം, ചാലക്കുടി 1—ാംഘട്ടം, നെയ്യാർപദ്ധതി 1—ാംഘട്ടം, നെയ്യാർപദ്ധതി 2—ാംഘട്ടം, പീച്ചി, ചാലക്കുടിപദ്ധതി 2—ാംഘട്ടം, വാഴാനി, ചീരക്കുഴി, പോത്തുണ്ടി. വാളയാർ, ഗായത്രി, മലമ്പുഴ എന്നിവയുടെ എല്ലാ പണികളും പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. വളരെയധികം മുമ്പോട്ടു പോയിക്കഴിഞ്ഞിരിക്കുന്ന പെരിയാർവാലി ജലസേചനപദ്ധതിയും ഭാഗികമായി പ്രവർത്തനമാരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഇപ്പോൾ നിർമ്മാണഘട്ടത്തിലിരിക്കുന്ന വൻകിട ജലസേചനപദ്ധതികൾ കല്ലട, പമ്പ, പെരിയാർ, ചിററൂർപ്പുഴ, കാഞ്ഞിരപ്പുഴ, കുററ്യാടി, പഴശ്ശി എന്നിവയാണു്. ഇതിനോടനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക ഇതുവരെ ജലസേചനത്തിനു വിധേയമാക്കപ്പെട്ടതും, ഇനി ജലസേചനം നടത്തേണ്ടതുമായ പ്രദേശത്തിൻെറ വിസ്തീർണ്ണത്തെ കാണിക്കുന്നു. അതിൽനിന്നു മേൽപ്രസ്താവിച്ച പദ്ധതികൾ രണ്ടര ലക്ഷം ഹെക്ടർ സ്ഥലത്തിനു ഗുണകരമായിത്തീരുമെന്നും, ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്നതിൽ ഇതു വലിയൊരു കാൽവെപ്പായിരിക്കുമെന്നും കാണാവുന്നതാണു്. പക്ഷേ ഉദ്ദേശിച്ചരീതിയിൽ ഇവയുടെ നിർമ്മാണം ത്വരിതമാക്കാൻ കഴിയുന്നില്ല. നിർമ്മാണത്തെ തടസ്സപ്പെടുത്തുന്ന മുഖ്യഘടകം ധനദൗർല്ലഭ്യമാണു്. നിർമ്മാണവസ്തുക്കളുടെ വിലയിലും തൊഴിൽച്ചെലവിലും ഉണ്ടായ കുത്തനെയുള്ള കയററം ഇവയുടെ നിർമ്മാണച്ചെലവിനെ വളരെ മടങ്ങു് വർധിപ്പിച്ചിരിക്കുന്നു. നിർമ്മാണവസ്തുക്കളുടെ വിലയിലും തൊഴിൽച്ചെലവിലും ഉണ്ടായിരിക്കുന്ന വർധനവു് തുടരാനുള്ള പ്രവണത ഇപ്പോഴും നിലനിൽക്കുകയാൽ, ഈ പദ്ധതികൾക്കു് വേണ്ടിവരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്ന ചെലവു് ഇനിയും കൂടിയേക്കാം. അതിനുംപുറമെ ഇവയിൽ നിന്നുള്ള നേട്ടങ്ങൾ എത്രയും നേരത്തെ ലഭിച്ചില്ലെങ്കിൽ, ഈ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട പണം മൃതനിക്ഷേപങ്ങളായിത്തീരുന്നതാണു്. ഈ കാരണങ്ങളാൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തേണ്ടതും സാധ്യമായ ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ നിർവഹിക്കേണ്ടതും അത്യന്താപേക്ഷിതവുമാണു്. ഇത്തരുണത്തിൽ, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനു് ഒട്ടാകെ 87 കോടി രൂപ വേണ്ടിവരുമെന്നു് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

## എന്തുകൊണ്ടു് കേന്ദ്രസഹായം?

ഏറെറടുത്തിരിക്കുന്ന പദ്ധതികളുടെ ശീഘ്രമായ പൂർത്തീകരണത്തിനു മതിയാംവണ്ണം ധനസഹായം വേണം, ജോലിക്കാരെയും നൽകണം. ഇതു് മൂലധനനിക്ഷേപം തടസ്സപ്പെട്ടുകിടക്കുന്നതു തടയാൻ മാത്രമല്ല, അണകെട്ടിനിറുത്തിയ വെള്ളം നമ്മുടെ വിശാലമായ ഭൂമിയിലെത്തിച്ചുകൊടുക്കുവാനും, അങ്ങനെ

ദശലക്ഷക്കണക്കിനുള്ള നമ്മുടെ ജനങ്ങൾക്ക് കൂടുതൽ, കൂടുതൽ ഭക്ഷണം നേടിക്കൊടുക്കുവാനും കൂടിയാണ്. ഇതിനു് കേന്ദ്രഗവണ്മെൻറ് നമ്മുടെ സഹായത്തിനെത്തേണ്ടിയിരിക്കുന്നു. ഇത്രയധികം ജലസമ്പത്തും വളക്കൂറുള്ള മണ്ണും വിദ്യാസമ്പന്നരായ ജനങ്ങളും ഉണ്ടായിട്ടുപോലും, സംസ്ഥാനത്തിന്നു് അതിന്റെ ജലസമ്പത്ത് വികസിപ്പിക്കാൻ വേണ്ട ധനശേഷിയില്ലാത്തതു എന്തുകൊണ്ടാണെന്ന ചോദ്യം ഉയർന്നു വന്നേക്കാം. ആശുപത്രികൾ, വിദ്യാലയങ്ങൾ തുടങ്ങിയ സാമൂഹ്യസേവനത്തുറകളുടെ കാര്യത്തിൽ, കേരളം മററു സംസ്ഥാനങ്ങളുടെ മുന്നിലാണെന്ന സമ്മതി കണ്ടെത്തുണ്ട്. ഈ രംഗത്തുള്ള ഇപ്പോഴത്തെ നിലവാരം നിലനിറുത്തുന്നതിനും, ജനസംഖ്യാവർധനവിനനുസരിച്ച് വികസിപ്പിക്കുന്നതിനും സംസ്ഥാനത്തിനു താങ്ങാൻവയ്യാത്തത്ര കനത്ത ഭാരം താങ്ങേണ്ടിയിരിക്കുന്നു. ഇതു് വികസനപ്രവർത്തനങ്ങൾക്ക് വേണ്ട ആഭ്യന്തരവിഭവങ്ങൾ സമാഹരിക്കുവാനുള്ള നമ്മുടെ കഴിവിൽ ഗൗരവമേറിയ പരിമിതിയാണ് അടിച്ചേല്പിക്കുന്നതു്.

## ഭാവിനിർദേശങ്ങൾ

ഇന്നു നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾക്കുപുറമെ നിരവധി, പദ്ധതികൾ പരിശോധനാദശയിലിരിക്കുകയാണ്. കാക്കടെവു് പദ്ധതി, ചിമ്നി മുല്ലി, കുറിയാർക്കുററി, മൂവാററുപുഴവാലിപ്രോജക്ട്, വാമനപുരംവാലിപ്രോജക്ട് എന്നിവയാണവ. കൂടാതെ, കിഴക്കോട്ടൊഴുകുന്ന നദികളെ ഉപയോഗിച്ച് ചില പദ്ധതികൾ ഏർപ്പെടുത്തുന്ന കാര്യവും പരിശോധനയിലാണ്. ഇവയെക്കുറിച്ചുള്ള അന്വേഷണം വളരെയധികം മുന്നോട്ടുപോയ ഒരു ഘട്ടത്തിലെത്തിയിട്ടുണ്ട്. ആവശ്യമായ പണം ലഭ്യമാണെങ്കിൽ ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ അവയുടെ പണി ആരംഭിക്കാൻ കഴിയും.

## വൻകിടപദ്ധതികളും മററു ജലസേചനപദ്ധതികളും

വൻകിട ജലസേചനപദ്ധതികൾ പ്രയോഗത്തിൽവരണമെങ്കിൽ വളരെയധികം സമയമെടുക്കുമെന്ന ധാരണ പൊതുവെയുണ്ട്. അതു കൊണ്ട് ഈയിടെയായി ചെറുകിട ജലസേചനപദ്ധതികൾക്ക് കൂടുതൽ ശ്രദ്ധ നൽകിവരുന്നു. അതായതു് ചുരുങ്ങിയ ചെലവിൽ, കേന്ദ്രഗവണ്മെൻറ് നൽകുന്ന ധനസഹായത്താൽ 15 ലക്ഷം രൂപയിൽ കുറഞ്ഞതും വേഗത്തിൽ നടപ്പാകുന്നതും നേരത്തെ നേട്ടങ്ങൾ ലഭ്യമാകുന്നതുമായ ചെറുകിട ജലസേചനപദ്ധതികൾക്കാണ് മുൻഗണന. ഇത്തരം പ്രവർത്തനങ്ങൾക്ക് കേരളത്തിൽ അവയുടേതായ സ്ഥാനം ഉണ്ടെങ്കിൽപോലും, അവയ്ക്കു വൻകിടപദ്ധതികളുടെ സ്ഥാനം ഏറെറടുക്കാൻ സാധ്യമാവുകയില്ല, ചെറുകിട പദ്ധതികളെ വൻകിടപദ്ധതികളുടെ കൂടെ ചേർക്കുവാനേ കഴിയൂ. സാങ്കേതികബുദ്ധിമുട്ടുകൾകാരണം വൻകിടപദ്ധതികൾ വ്യാപിക്കാത്തിടത്തു മാത്രമേ അവ ഏർപ്പെടുത്താവൂ. ഈ സംസ്ഥാനത്തിലെ വൻകിടജലസേചനപദ്ധതികൾ, ഇന്ത്യയിൽ ഇതരഭാഗങ്ങളിലുള്ളവയിൽ നിന്നു, പ്രത്യേകിച്ചു വടക്കെ ഇന്ത്യയിലുള്ളവയിൽ നിന്നു്, തികച്ചും വ്യത്യസ്തമാണ്. ഒരു പദ്ധതിയുടെ ശരാശരി ചെലവ് 5 കോടി മുതൽ 10 കോടി

വരെ മാത്രമേ വരുന്നുള്ളൂ. ആവശ്യമായ പണം ലഭിച്ചാൽ ഒരു ജലസേചനപദ്ധതിയുടെ പ്രധാന പണികൾ മൂന്നു മുതൽ നാലു വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കാനും, ഭാഗികമായ നേട്ടങ്ങൾ നേടിയെടുക്കാനും സാധ്യമാണ്. അതിനും പുറമേ, ജലസേചനസാധ്യത സൃഷ്ടിക്കുന്നതിനും, അതുപയോഗിക്കുന്നതിനും ഇടയ്ക്കു വളരെ കുറച്ചു സമയം മാത്രമേ നഷ്ടപ്പെടുകയുള്ളു. മാത്രമല്ല നമ്മുടെ പദ്ധതികൾക്ക് വിദേശനാണ്യം ആവശ്യമായി വരുന്നുമില്ല. ഈ പശ്ചാത്തലത്തിലാണ് നിർമാണത്തിലിരിക്കുന്ന നമ്മുടെ പദ്ധതികളെ, ഭക്ഷ്യധാന്യോല്പാദന വർധനവിലേക്ക് നേരിട്ടുള്ള ഒരു സംഭാവന എന്ന നിലക്ക് ഒരു യുദ്ധത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതും, അതേ സമയം പുതിയ പദ്ധതികൾ ആരംഭിക്കേണ്ടതും.

## ജലസേചനവും കൃഷിയും

വൻകിട ജലസേചനപദ്ധതികൾ മതിയായ വെള്ളം നെൽപ്പാടങ്ങൾക്കു നൽകുമ്പോൾ, അതിനെ ഏററവും നല്ല മാർഗത്തിൽ വിനിയോഗിക്കേണ്ടതു് കൃഷിക്കാരനാണ്. ഓരോ വിളയ്ക്കും അതേ വിളയുടെ എല്ലാ വൈവിധ്യങ്ങൾക്കും പരമാവധി ഫലം നൽകുന്നതിനു് അനുഗുണവും ആവശ്യവുമായ ജലം വ്യത്യസ്തമായിത്തീരാം. കേരളത്തിൽ വെള്ളം ലാഭകരമായ തോതിൽ വിനിയോഗിക്കുന്നതിനെക്കുറിച്ചുള്ള പഠനം വളരെയേറെ മുന്നോട്ടുപോയിട്ടില്ല. ജലസേചന കാർഷിക വകുപ്പുകളുടെ ഏററവും അടുത്ത സഹകരണത്തോടെയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഇതു സാധ്യമാകൂ. പ്രസ്തുത പഠനത്തിനായി ഗവേഷണപ്രവർത്തനങ്ങളും, പൈലററുഫാമുകളും സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. സ്വന്തം കൃഷിക്കായി ജലം ആവശ്യത്തിനു മാത്രവും, മികച്ചരീതിയിലും ഉപയോഗിക്കേണ്ടവിധവും ആധുനിക കാർഷികസമ്പ്രദായങ്ങളും കൃഷിക്കാരനെ പഠിപ്പിക്കേണ്ടതുണ്ട്.

ജലസേചനത്തിലൂടെ ലഭിക്കാവുന്ന ജലത്തിന്റെ ലഭ്യതയും അതിന്റെ ഏററവും നന്നായ ഉപയോഗവും ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്ന കാര്യത്തിൽ വലിയ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്. ഇതു് ഭക്ഷ്യസ്വയംപര്യാപ്തതയെന്ന ലക്ഷ്യത്തിലേയ്ക്കു നമ്മെ എത്തിക്കും.

## നിഗമനങ്ങൾ

കേരളത്തിന്റെ വികസനത്തിൽ വൻകിട ജലസേചനപദ്ധതികൾ വഹിക്കുന്ന പങ്കു് ഇതാണ്. ഇതെല്ലാം ഒരൊററ ലക്ഷ്യത്തിലേക്കു്—അതായതു നമ്മുടെ ജലസമ്പത്തു് വികസിപ്പിക്കുന്നതിലേയ്ക്കു—നയിക്കുന്നു. "കേരളത്തിലെ ജലസമ്പത്തു്—അഡ്വാൻസ് റിപ്പോർട്ട്" എന്ന കേരളാ പി. ഡബ്ല്യൂ. ഡി.യുടെ ജലസേചനവിഭാഗത്തിന്റെ പ്രസിദ്ധീകരണത്തിൽ നിന്നുള്ള ചില ഉദ്ധരണികളോടെ ഈ പ്രബന്ധം ഉചിതമായവിധത്തിൽ ഉപസംഹരിക്കാവുന്നതാണ്.

"ഭാരിച്ചതും വർധിച്ചുവരുന്നതുമായ ജനസംഖ്യ, ഭക്ഷ്യധാന്യത്തിൽ 10 ശതമാനം കുറവ്, എല്ലാ നിലവാരത്തിലുമുള്ള തൊഴിലില്ലായ്മ—ഇവയാണ് നമ്മുടെ സംസ്ഥാനത്തെ നേരിടുന്ന പ്രശ്നങ്ങൾ. ഇതിനെ നേരിടാവുന്ന സുനിശ്ചിതവും ത്വരിതവുമായ മാർഗം, നമ്മുടെ പ്രകൃതിവിഭവങ്ങളെ വികസിപ്പിക്കുന്നതിനുള്ള ശക്തിമത്തും അനുസ്യൂതവുമായ പ്രവർത്തനത്തിൽ അടങ്ങുന്നു. നമ്മുടെ പ്രകൃതിവിഭവങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നതു് ജലമാണ്; അതാകട്ടെ ദൈവദത്തവും."

പട്ടിക 1

## വൻകിട ജലസേചനപദ്ധതികൾ—ഭൗതികനേട്ടങ്ങൾ

(1000 ഹെക്ടറിൽ)

| നമ്പർ | പദ്ധതിയുടെ പേര് | ആത്യന്തികനേട്ടം (മൊത്തം) | മൂന്നാംപദ്ധതിയുടെ അവസാനംവരെ ലഭിച്ച നേട്ടങ്ങൾ (1965—66-ൽ അവസാനിക്കുന്നത്) | 3/69-ന്റെ അവസാനംവരെയുള്ള സഞ്ചിത നേട്ടങ്ങൾ | നാലാംപദ്ധതിക്കാലത്തും തുടർന്നുള്ള പദ്ധതിക്കാലങ്ങളിലും ലഭിക്കേണ്ട നേട്ടങ്ങൾ |
|---|---|---|---|---|---|
| എ. | ആസൂത്രണത്തിനുമുമ്പുള്ള പദ്ധതികൾ | | | | |
| 1. | മലമ്പുഴ | 38·53 | 38·53 | 38·53 | |
| 2. | പീച്ചി | 28·08 | 28·08 | 28·08 | — |
| 3. | ചാലക്കുടി 1 | 22·99 | 22·99 | 22·99 | — |
| 4. | വാഴാനി | 7·13 | 7·13 | 7·13 | — |
| ബി. | ഒന്നാംപദ്ധതിയിലെ പ്രോജക്റ്റുകൾ | | | | |
| 5. | വാളയാർ | 6·47 | 6·47 | 6·47 | — |
| 6. | മംഗലം | 6·47 | 6·47 | 6.47 | — |
| 7. | നെയ്യാർ 1 | 15·38 | 10·12 | 12·95 | 2·43 |
| സി. | രണ്ടാംപദ്ധതിയിലെ പ്രോജക്റ്റുകൾ | | | | |
| 8. | നെയ്യാർ 11 | 8·09 | 5·67 | 7·69 | 0·40 |
| 9. | പെരിയാർവാലി | 41·00 | 6·11 | 13·76 | 27·24 |
| 10. | ചാലക്കുടി 11 | 16·39 | 16·39 | 16·39 | — |
| 11. | ചീരക്കുഴി | 3·24 | — | 0·85 | 2·39 |
| 12. | പോത്തുണ്ടി | 8·90 | — | 7·84 | 1·06 |
| 13. | ഗായത്രി | 10·93 | 8·50 | 10·12 | 0·81 |

| | | | | | |
|---|---|---|---|---|---|
| ഡി. | മൂന്നാംപദ്ധതി പ്രോജക്റ്റുകൾ | | | | |
| 14. | പമ്പ | 33·99 | — | — | 33·99 |
| 15. | കുററ്യാടി | 31·16 | — | — | 31·16 |
| 16. | ചിററൂർപ്പുഴ | 22·50 | — | — | 22·50 |
| 17. | കാഞ്ഞിരപ്പുഴ | 19·43 | — | — | 19·43 |
| 18. | പഴശ്ശി | 28·33 | — | — | 28·33 |
| 19. | കല്ലട | 105·22 | — | — | 105·22 |
| | ആകെ | 454· 23 | 156·46 | 179·27 | 274·96 |

കെ. ഭരതൻ

5

# കേരളത്തിലെ ഭക്ഷണവും സാമ്പത്തികവികസനവും

## മുഖവുര

ഭക്ഷ്യപ്രശ്നം കേരളത്തിന്റെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായി കരുതപ്പെടുന്നു. "സംസ്ഥാനത്തിന്റെ ഏററവും ദുർബലമായ വശം, രാജ്യത്തിലെ ഏററവും കുറഞ്ഞ അതിന്റെ ഭക്ഷ്യോല്പാദനമാണ്[1]." 1968–69-ലെ ബജററ് അവതരിപ്പിച്ചപ്പോൾ അന്നത്തെ ധനകാര്യമന്ത്രി പറഞ്ഞു: "ഞങ്ങൾക്ക് ഏററവും ഉൽക്കണ്ഠ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നം ഭക്ഷ്യപ്രശ്നമാണ്"[2] സംസ്ഥാന ആസൂത്രണബോർഡും ഭക്ഷ്യോല്പാദനവും ഭക്ഷ്യാവശ്യവും തമ്മിലുണ്ടായിരുന്ന വിടവ് സംസ്ഥാനത്തിന്റെ ഏററവും ഗൗരവതരമായ പ്രശ്നമായി കരുതി[3].

അങ്ങനെ അടുത്തകാലത്ത് അധികാരികളുടെ മനസ്സിൽ ഭക്ഷ്യപ്രശ്നം സ്ഥിരപ്രതിഷ്ഠമായി. ചിലപ്പോഴൊക്കെ ഭക്ഷ്യപ്രശ്നം വഷളായി ഒരു സന്ദിഗ്ദ്ധാവസ്ഥയിലെത്തുകയും ചെയ്തിരുന്നു. എന്നാൽ സംസ്ഥാനസക്കാരിന് പ്രശ്നത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ശരിയായ അറിവുണ്ടായിരുന്നുവോ എന്ന് സംശയമാണ്. പ്രധാനമായും സംസ്ഥാനത്തുള്ള അരിയുടെ ഉല്പാദനവും ഉപഭോഗാവശ്യങ്ങളും തമ്മിലുള്ള വിടവിനെയാണ് ഔദ്യോഗികമായ വിലയിരുത്തലിൽ സംസ്ഥാനത്തിന്റെ ഭക്ഷ്യപ്രശ്നമായി കണക്കാക്കിയത്. "സംസ്ഥാനത്തിന്റെ സ്ഥായിയായി ഭക്ഷ്യക്കമ്മി പ്രസിദ്ധമായതുകൊണ്ട്, അത് പ്രത്യേകം എടുത്തു പറയേണ്ടതില്ല. സംസ്ഥാനത്തിലെ കുതിച്ചുയരുന്ന ജനസംഖ്യ കാരണം പരിതസ്ഥിതി ദിനംപ്രതി വഷളായിക്കൊണ്ടിരിക്കുന്നു. പ്രായപൂർത്തിയായ ഒരാൾക്ക് ആളോഹരി 14 ഔൺസ് എന്ന കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ഭക്ഷ്യാവശ്യം 19·28 ലക്ഷം ടണ്ണാണ്. അതിൽ നിലവിലുള്ള ഉല്പാദനം 10·40 ലക്ഷം ടണ്ണാണ്. കഴിഞ്ഞ വർഷത്തെയപേക്ഷിച്ച് ഈ വർഷം 4 ലക്ഷം ജനങ്ങൾക്ക് കൂടുതലായി ഭക്ഷണം നൽകേണ്ടിയിരിക്കുന്നു. ജനസംഖ്യയിലുള്ള വർധനവുകാരണം ആണ്ടുതോറും സാധാരണയുള്ളത് കൂടാതെ 59 ആയിരം ടൺ കൂടുതൽ ഭക്ഷ്യസാധനങ്ങൾ ആവശ്യമായിവരുന്നു. കാലംചെല്ലുന്തോറും ജനസംഖ്യാവർധനവിനോടൊപ്പം ഇതും വർധിച്ചുകൊണ്ടിരിക്കും. ഭക്ഷ്യാവശ്യത്തിലുള്ള വാർഷിക

വർധനവ് നേരിടാൻ മാത്രം ഭക്ഷ്യോല്പാദനം ആണ്ടുതോറും 5.5 ശതമാനം വർധിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴ് ഭക്ഷ്യോല്പാദനത്തിലുള്ള വർധനവ് ആണ്ടിൽ 4·4 ശതമാനം മാത്രമാണ്. ഈ വർധനത്തോതിൽ മാററമില്ലെങ്കിൽ സംസ്ഥാനത്തെ ഭക്ഷ്യപ്രശ്നം കൂടുതൽ വഷളാകുന്നതാണ് [4]." "വാർഷികസാമ്പത്തികപുനരവലോകനത്തിൽ" ഭക്ഷ്യപ്രശ്നത്തെ ഭക്ഷ്യാവശ്യങ്ങളും ലഭ്യതയും തമ്മിലുള്ള വിരസമായ ഒരു താരതമ്യപഠനത്തിൽ ഒതുക്കിനിർത്തിയിരിക്കുന്നു [5]. ഏററവും പുതിയ സാമ്പത്തികപുനരവലോകനത്തിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു. "മുൻകാലങ്ങളിൽ ഗൗരവതരമായിരുന്ന സംസ്ഥാനത്തിന്റെ ഭക്ഷ്യപ്രശ്നം നടപ്പുവർഷത്തിൽ മെച്ചപ്പെട്ടുവരുന്നതായി ലക്ഷണങ്ങളുണ്ട്. സംസ്ഥാനത്തിനകത്തെ അരിയുല്പാദനം മെച്ചപ്പെട്ടതുകൊണ്ടും, കേന്ദ്രത്തിൽനിന്നു കൂടുതൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമായതുകൊണ്ടുമാണ് ഈ സ്വീകാര്യമായ മാററം ഉണ്ടായതു്" [6], മൂന്നാംപദ്ധതിയുടെ കരടുരൂപരേഖയിൽ ഇപ്രകാരം പരാമർശിക്കുന്നു. "സംസ്ഥാനം സ്ഥിരമായി ഭക്ഷ്യക്കമ്മിയിലാണ്. 1951-ലെ കനേഷുമാരിക്കണക്കനുസരിച്ച് ജനസംഖ്യ 135·5 ലക്ഷമായിരുന്നു. അതു് 1961-ൽ 172 ലക്ഷമാകുമെന്നു് കണക്കാക്കുന്നു. ആളോഹരി 15 ഔൺസ് എന്ന കണക്കിനു് സംസ്ഥാനത്തിന്റെ ഭക്ഷ്യാവശ്യം 26·2 ലക്ഷം ടൺ ആയിരിക്കും. ഇതിൽ 1961-നോടുകൂടി 10·22 ലക്ഷം ടൺ ആഭ്യന്തരമായി ഉല്പാദിപ്പിക്കും. ഇതു് സംസ്ഥാനത്തിന്റെ അഞ്ചു മാസത്തെ ആവശ്യത്തിനു്തന്നെ തികയുകയില്ല. അതുകൊണ്ട് പിന്നീടുള്ള ഏഴു മാസത്തേക്കെങ്കിലും പുറത്തു നിന്നും ലഭ്യമാകുന്ന ഭക്ഷ്യസാധനങ്ങളെ ആശ്രയിക്കേണ്ടിവരും [7]. മൂന്നാംപദ്ധതിയുടെ നയപരിപാടികളിൽ 1965-66-ലെ ഭക്ഷ്യാവശ്യം ആളോഹരി ഉപഭോഗത്തിന്റെയും അരിയുടെ ഉല്പാദനത്തിന്റെയും അടിസ്ഥാനത്തിലാണ് കണക്കാക്കിയിട്ടുള്ളതു് [8]. അതുപോലെ സംസ്ഥാനത്തിന്റെ നാലാംപദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നു് "ഭക്ഷ്യക്കമ്മി, പ്രത്യേകിച്ച്, അരിയിലുള്ള കമ്മി ക്രമമായി കുറയ്ക്കുക" എന്നതാണ് [9]. സംസ്ഥാന ആസൂത്രണബോർഡ് ഈ വിഷയത്തെ വിശദീകരിക്കുന്നതിങ്ങനെയാണ്: "കാർഷികമേഖലയിൽ, നാലാംപദ്ധതിക്കാലത്തു് സംസ്ഥാനത്തു് കൈകാര്യംചെയ്യേണ്ട പ്രശ്നങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് 54 ശതമാനത്തോളം വരുന്ന ഭക്ഷ്യക്കമ്മി നികത്തുക എന്നതാണ്. പുറത്തുനിന്നും ലഭ്യമാകുന്ന അരി വളരെ അനിശ്ചിതമായതുകൊണ്ട് ജനങ്ങൾക്കു് ഭക്ഷണംനൽകുകയെന്നതു് സംസ്ഥാനത്തിനു് വലിയ ഭാരമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഒരു സമയപരിധിക്കകം ഭക്ഷ്യസ്വയംപര്യാപ്തതയുടെ അടുത്തെങ്കിലും എത്താൻ ഭക്ഷ്യോൽപാദനശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. നാലാംപദ്ധതിയുടെ അവസാനത്തോടുകൂടി ഭക്ഷ്യക്കമ്മി 40 ശതമാനമായിട്ടും, അഞ്ചാംപദ്ധതിയുടെ അവസാനം അതു് 25 ശതമാനമായിട്ടും കുറയ്ക്കണമെന്നുദ്ദേശിക്കുന്നു [10]."

ഇതേ സങ്കുചിതസമീപനം തന്നെ പ്രസ്തുതവിഷയത്തെക്കുറിച്ചുള്ള പല പണ്ഡിതന്മാരുടെ ചിന്താഗതിയിലും മുന്തിനിൽക്കുന്നു. ഉദാഹരണത്തിനു് ഡോക്ടർ മാത്യു കുര്യൻ "ഭക്ഷ്യനയം കേരളത്തിനു്" എന്ന തന്റെ പ്രബന്ധ

ത്തിൽ ഭക്ഷ്യക്കമ്മി (അരി) ആകെ ആവശ്യത്തിൻെറ 54 ശതമാനമാണെന്ന് കരുതുന്നു[11]. ഡോക്ടർ നടരാജനം സമീകൃതാഹാരത്തിൻെറ പ്രശ്നം തൊടാതെ ധാന്യങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ പഠനം നടത്തുകയാണുണ്ടായത്[12].

സംസ്ഥാനത്തിൻെറ ഭക്ഷ്യപ്രശ്നത്തെക്കുറിച്ച് ഇതുവരെ നടന്നിട്ടുള്ള ചർച്ച തികച്ചും സങ്കുചിതവും അപൂർണവുമായിരുന്നുവെന്ന് മുകളിൽ പറഞ്ഞതിൽ നിന്നു വ്യക്തമാണ്. സർക്കാരിനെ സംബന്ധിച്ചാണെങ്കിൽ പ്രശ്നം അരിയുടെ കമ്മിയിൽ ഒതുങ്ങിനിൽക്കുന്നു. സർക്കാരിൻെറ മിഥ്യാബോധം ഭക്ഷ്യമേഖലയിൽ വിഭാവനചെയ്യുന്ന ലക്ഷ്യങ്ങളിലും പ്രശ്നപരിഹാരത്തിനുദ്ദേശിക്കുന്ന മാർഗങ്ങളിലും നിഴലിച്ചിരിക്കുന്നു. കേരളത്തിൻെറ ഭക്ഷ്യപ്രശ്നത്തിൻെറ പൂർണമായ വ്യാപ്തിയും പ്രാധാന്യവും പരിശോധിച്ച്, സമീകൃതാഹാരത്തിൻെറ അടിസ്ഥാനത്തിൽ ഏററവും കുറഞ്ഞ ഭക്ഷ്യാവശ്യങ്ങൾ ഏതെന്നു കണക്കാക്കി അതു കൈവരുത്തുവാനുള്ള മാർഗങ്ങൾ ആരായുകയും അവയുടെ ഭവിഷ്യത്തുകൾ അപഗ്രഥിക്കുകയും ചെയ്യുന്നതിന് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നു.

## വിശപ്പിൻെറ വ്യാപ്തി

ആദ്യമേതന്നെ പോഷകക്കുറവ്, പോഷകവൈകല്യം എന്നിവയുടെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ വിശപ്പിൻെറ വ്യാപ്തി പരിശോധിക്കാം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസെർച്ച് (I. C. M. R.) സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നടത്തിയ ആഹാരക്രമസർവേകളുടെ ഫലങ്ങൾ ചുരുക്കത്തിൽ താഴെ കൊടുക്കുന്നു.

പട്ടിക 1

### ഭക്ഷ്യോപഭോഗനിലവാരം കേരളത്തിൽ

| ഇനം | പ്രതിദിന ആളോഹരി (ഗ്രാം) |
|---|---|
| അരി | 318 |
| ഗോതമ്പ് | 27 |
| മററു ധാന്യങ്ങൾ | 8 |
| പയറുവർഗങ്ങൾ | 27 |
| പാലും ക്ഷീരോല്പന്നങ്ങളും | 50 |
| മാംസം, മത്സ്യം, മുട്ട | 48 |
| ഇലവർഗങ്ങൾ | 10 |
| മററു സസ്യങ്ങൾ (മരച്ചീനി ഉൾപ്പെടെയുള്ള അന്നജ കിഴങ്ങുകൾ) | 170 |
| പഴവർഗങ്ങൾ | 35 |
| കൊഴുപ്പും എണ്ണയും | 7 |
| പഞ്ചസാരയും ശർക്കരയും | 16 |

അവലംബം: ഐ. സി. എം. ആർ. ആഹാരക്രമസർവേകൾ.

## (എ) പോഷകക്കുറവ്

പട്ടികയിൽ കൊടുത്തിരിക്കുന്ന കേരളത്തിലെ ജനങ്ങളുടെ ഏറ്റവും പ്രാതിനിധ്യസ്വഭാവമുള്ള ആഹാരക്രമത്തിന്റെ പ്രധാനപ്പെട്ട സവിശേഷത പോഷകക്കുറവിന്റെ വ്യാപ്തിയാണ്. മേൽക്കൊടുത്തിട്ടുള്ള ആളോഹരി പ്രതിദിന ആഹാരത്തിൽ അടങ്ങിയിരിക്കുന്ന 1670 കലോറികൾ ഏതു മാനദണ്ഡമുപയോഗിച്ചാലും ശോചനീയമാംവിധം വളരെക്കുറവാണ്. ലഘു അധ്വാനംചെയ്യുന്നവർക്ക് പ്രതിദിനം 2400 കലോറികളും മിതമായ അധ്വാനംചെയ്യുന്നവർക്ക് 3000 കലോറികളും കഠിനാധ്വാനംചെയ്യുന്നവർക്ക് 3600 കലോറികളുമാണ് പോഷകോപദേശകസമിതി നിർദേശിച്ചിട്ടുള്ളത്. ഐ. സി. എം. ആറിന്റെയും ഇന്ത്യൻ കാർഷികഗവേഷണകൗൺസിലിന്റെയും ഒരു സംയുക്തസമിതി പ്രതിദിന ആളോഹരി 3000 മൊത്തകലോറികളും 2700 അററകലോറികളും നല്കുന്ന ആഹാരക്രമമാണ് നിർദേശിച്ചത് [13]. അമേരിക്കയിലെ പോഷകബോർഡും ബ്രിട്ടനിലെ മെഡിക്കൽ അസ്സോസിയേഷനും ആ രണ്ട് രാജ്യങ്ങൾക്കും യഥാക്രമം നിർദേശിച്ച ആഹാരക്രമം ഇതിലും ഉയർന്നതാണ്. ശാരീരികനിലവാരത്തിലാവശ്യമായ എഫ്. എ. ഒ. (ലോകഭക്ഷ്യകാർഷികസംഘടന) പട്ടിക ഉപയോഗിച്ച് കണക്കാക്കിയിട്ട് പോഷകഉപദേശകസമിതി 1958–ൽ നിർദേശിച്ചിരിക്കുന്നത് പ്രതിദിന ആളോഹരി 2100 കലോറികളാണ് [14]. ഐ. സി. എം. ആറിന്റെ പോഷകവിദഗ്ധസംഘം നിർദേശിച്ചിട്ടുള്ളത് പ്രതിദിന ആളോഹരി 2400 കലോറികളാണ്. അതുകൊണ്ട് പോഷകാഹാരവിദഗ്ധർ നിർദേശിച്ചിട്ടുള്ളതിൽ നിന്നും എത്രയോ കുറവാണ് കേരളത്തിലെ കലോറികളുടെ അനുഭവം.

നാട്ടിലെ ജനങ്ങളുടെ ആഹാരക്രമത്തിലെ കലോറിക്കുറവ് മററുള്ള രാജ്യങ്ങളിലേതുമായി താരതമ്യപ്പെടുത്തിയാൽ വളരെ കൂടുതലാണെന്നു കാണാം. ഇന്നത്തെ ഉപഭോഗനിലവാരം വച്ചുനോക്കിയാൽ ലോകത്തിൽ ശരാശരി ആളോഹരി 2420 കലോറികളാണുള്ളത്. യൂറോപ്പ്, വടക്കെ അമേരിക്ക, ഓഷ്യാനിയാ തുടങ്ങിയ വികസിതപ്രദേശങ്ങളിൽ ശരാശരി 3060 കലോറികളുള്ളപ്പോൾ ഭാരതത്തിൽ അതു് ശരാശരി 1970 കലോറികളേയുള്ളു. ഈ കണക്കുകൾ കേരളത്തിൽ നിലവിലുള്ള പോഷകക്കുറവിന്റെ ആകെയുള്ള വ്യാപ്തി കാണിക്കുന്നു.

പ്രത്യക്ഷമായി, ശരാശരി കണക്കുകൾ മുഴുവൻ കഥയും പറയുന്നില്ല. വിവിധ വരുമാനവിഭാഗങ്ങൾ തമ്മിലും ഗ്രാമീണ–നാഗരികകുടുംബങ്ങൾ തമ്മിലും ഒരേ കുടുംബത്തിലുള്ള അംഗങ്ങൾ തമ്മിലും ഉപഭോഗനിലവാരത്തിൽ വ്യക്തമായ അസമത്വങ്ങൾ കാണാം. വരുമാനത്തിലുള്ള അസമത്വം കാരണം ഭക്ഷണം തുല്യമായി വിതരണംചെയ്യപ്പെടുന്നില്ല. അതുകൊണ്ട് കണക്കുകൾ കാണിക്കുന്നതിനുമപരി ഒരു നല്ല ശതമാനം കുടുംബാംഗങ്ങൾക്ക് കലോറി അപര്യാപ്തത ഉണ്ട്. സുഖാട്മേയുടെ അഭിപ്രായത്തിൽ ഏകദേശം മൂന്നിലൊന്നു കുടുംബങ്ങളെങ്കിലും കലോറിക്കുറവ് അനുഭവിക്കുന്നവയാണ്. ഗ്രാമപ്രദേശങ്ങളെക്കാളും നഗരപ്രദേ

ങ്ങളിൽ കലോറിക്കുറവിന്റെ തോതു് കൂടിയിരിക്കാമെന്നും സൂചനയുണ്ടു്. ഒരേ കുടുംബത്തിനകത്തു്തന്നെയും ആവശ്യത്തിനനുസരിച്ചു് ഭക്ഷണം വിതരണംചെയ്യപ്പെടുന്നില്ല. ഉദാഹരണത്തിനു്, അധ്വാനിച്ചു് സമ്പാദിക്കുന്ന അംഗങ്ങൾ താരതമ്യേന കൂടുതൽ ഭക്ഷണം കഴിക്കുമ്പോൾ സ്ത്രീകളും കുട്ടികളും ആവശ്യത്തിൽ കുറഞ്ഞ ഒരളവിലേ ഭക്ഷണം കഴിക്കുന്നുള്ളു. സാധുകുടുംബങ്ങളിൽ ഇതു് പ്രത്യേകിച്ചും കാണാം. എന്നാൽ ആവശ്യത്തിലധികം കലോറികൾ ഉള്ള ആഹാരം കിട്ടുന്ന കുടുംബങ്ങളിലും ഇതു് ശരിയായിരുന്നേക്കാം.

പ്രതിദിന ആളോഹരി 1670 കലോറിക്കുടുതൽ നിലതന്നെ പൂർണ ആരോഗ്യവും സജീവവുമായ ജീവിതം പുലർത്തുന്ന ഒരാൾക്കാവശ്യമുള്ളതിൽ 30 ശതമാനം കണ്ടു് കുറവാണു്. ആ വിടവു് വളരെയധികമുണ്ടു്. ഒരു വിഭാഗം ജനങ്ങളുടെമേലുള്ള അതിന്റെ ഫലം ഊന്നിപ്പറയേണ്ട ആവശ്യമില്ല. കിട്ടിയിടത്തോളം വസ്തുതകളുടെ വെളിച്ചത്തിൽ ഈ വിടവു് ഒരു നല്ല ശതമാനം ജനങ്ങളുടെ കാര്യത്തിൽ ശരിയാണെങ്കിലും സാധുജനങ്ങളുടെ കാര്യത്തിൽ ഇതു് ഏററവും കൂടുതലാണെന്നു കാണാം. ചുരുങ്ങിയതു് നാലിലൊന്നു കുടുംബങ്ങളെങ്കിലും പോഷകക്കുറവു് അനുഭവിക്കുന്നവരാണെന്നു് എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു[17]. വികസിതരാജ്യങ്ങളിൽ കലോറിലഭ്യതയുടെ നില താരതമ്യേന കുറഞ്ഞ വരുമാനവിഭാഗങ്ങൾക്കു് തന്നെയും ആവശ്യത്തിലധികം ഉണ്ടെന്നു കണ്ടിരിക്കുന്നു.

പോഷകക്കുറവിന്റെ ഗൗരവഫലങ്ങൾ ആപത്തുകൂടാതെ അവഗണിക്കുവാൻ സാധ്യമല്ല. പോഷകക്കുറവു് വളരെയധികംകാലം തുടരാൻ അനുവദിച്ചാൽ ഒന്നുകിൽ അധ്വാനത്തിനാവശ്യമായ സാധാരണ ശാരീരികതൂക്കത്തിൽ നഷ്ടം വരികയും, അല്ലെങ്കിൽ ശാരീരികതൂക്കത്തിനാവശ്യമായ അധ്വാനത്തിൽ കുറവുവരികയും അല്ലെങ്കിൽ രണ്ടും സംഭവിക്കുകയുംചെയ്യും. ഈ നിർവചനം പ്രായപൂർത്തിയായവർക്കു് അനുയോജ്യമാണെങ്കിലും കുട്ടികളുടെ കാര്യത്തിൽ അതു് യോജിക്കുകയില്ല. കുട്ടികളുടെ കാര്യത്തിൽ കലോറിയുടെ പോരായ്മ അവരുടെ തൃപ്തികരമായ വളർച്ചയുടെയും ആരോഗ്യമുള്ള കുട്ടികളുടെ സവിശേഷമായ അധ്വാനശീലത്തിന്റെയും അടിസ്ഥാനത്തിൽ വേണം നിർണയിക്കുവാൻ. കലോറിലഭ്യതയിലുള്ള പോരായ്മ മനുഷ്യന്റെ ജീവിതവഴക്കം തന്നെ മാററി. ഉദാസീനത, അധ്വാനക്കുറവു്, അന്തഃശക്തിയില്ലായ്മ, അമിതമായ വിശ്രമം എന്നിവയ്ക്കു് ഉത്തരവാദിയാകുന്നു. അതു് ജനങ്ങളെ കൂടുതൽ രോഗങ്ങൾക്കു് ഇരയാക്കുകയും അവസാനം അവരെ പട്ടിണിമരണത്തിലേക്കു് നയിക്കുകയും ചെയ്യുന്നു[18].

## (ബി) പോഷകവൈകല്യം

പോഷകക്കുറവു കൂടാതെ പോഷകവൈകല്യവും കേരളത്തിലെ ആഹാരക്രമത്തിന്റെ സവിശേഷതയാണു്. യൂറോപ്പു്, അമേരിക്ക മുതലായ വികസിതരാജ്യങ്ങളെക്കാൾ ധാന്യങ്ങൾ, പയറുവർഗങ്ങൾ എന്നിവയുടെ ശരാശരി ഉപഭോഗം കൂടുതലാണെങ്കിലും, പാൽ, ക്ഷീരോല്പന്നങ്ങൾ, മാംസം, മത്സ്യം, മുട്ട, പഴ

ങ്ങൾ, സസ്യങ്ങൾ. കൊഴുപ്പും എണ്ണയും, പഞ്ചസാര എന്നിവയുടെ ആളോഹരി ഉപഭോഗം കുറവാണ്.

പട്ടിക * 2

ഭക്ഷ്യഉപഭോഗനില—കേരളത്തിലും ലോകത്തിന്റെ മററു ഭാഗങ്ങളിലും

(പ്രതിദിന ആളോഹരി—ഗ്രാം)

| ഇനം | കേരളം | വികസിത രാജ്യങ്ങൾ | ലോകം |
|---|---|---|---|
| ധാന്യങ്ങൾ | 355 | 328 | 370 |
| പയറുവർഗങ്ങൾ | 25 | 16 | 42 |
| പഴങ്ങൾ, സസ്യങ്ങൾ | 215 | 362 | 227 |
| പാൽ, ക്ഷീരോല്പന്നങ്ങൾ | 50 | 573 | 228 |
| മാംസം, മത്സ്യം, മുട്ട | 48 | 219 | 106 |
| കൊഴുപ്പും എണ്ണയും | 8 | 47 | 22 |
| പഞ്ചസാര | 18 | 88 | 47 |

പട്ടിക കാണിക്കുന്നതുപോലെ പാൽ, ക്ഷീരോൽപന്നങ്ങൾ, മാംസം, മത്സ്യം കൊഴുപ്പ്, എണ്ണ, പഞ്ചസാര എന്നിവയുടെ കാര്യത്തിൽ കേരളത്തിലെ ആഹാരക്രമത്തിലെ കുറവ് വളരെ പ്രകടമാണ്. വികസിതരാജ്യങ്ങളെയപേക്ഷിച്ച് പഴങ്ങളുടെയും സസ്യങ്ങളുടെയും ഉപഭോഗവും വളരെക്കുറവാണ്.

പൊതുവായിപ്പറഞ്ഞാൽ മാംസ്യാംശക്കുറവ് കേരളത്തിലെ ജനങ്ങളുടെ ആഹാരക്രമത്തിന്റെ ഏററവും അസ്വാസ്ഥ്യകരമായ ലക്ഷണമാണ്. ആഹാരക്രമത്തിന്റെ ഗുണം ഉറപ്പുവരുത്തുന്നതിൽ സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നത് മാംസ്യാംശമാണെന്ന് എല്ലാവർക്കുമറിയാം. കലോറികളും ഊർജവും നൽകുന്നതിനു പുറമേ ശരീരത്തിന്റെ ശരിയായ വളർച്ചയ്ക്കും വികസനത്തിനും ശരീരത്തിൽ അനുസ്യൂതമായി ഉണ്ടാകുന്ന കോശകലകളുടെ നഷ്ടം പരിഹരിക്കുവാനും മാസ്യാംശം ആവശ്യമാണ്.

മാംസ്യാംശം ജന്തുക്കളിൽ നിന്നോ സസ്യങ്ങളിൽനിന്നോ ഉത്ഭവിക്കുന്നവയാവാം. ജൈവമാംസ്യാംശം, മാംസം, കോഴി, മത്സ്യം, ക്ഷീരോൽപന്നങ്ങൾ എന്നിവയിൽ നിന്നും കിട്ടുന്നു. വളരെയധികം ജൈവമൂല്യമുള്ളതാണ് ജന്തുക്കളിൽ നിന്നും കിട്ടുന്ന മാംസ്യാംശം. കേരളീയരുടെ മാതൃകാഹാരക്രമത്തിൽ ഉൾക്കൊള്ളുന്ന മാംസ്യാംശത്തിന്റെ പ്രതിദിന ആളോഹരി 46 ഗ്രാമാണ്. കേരളത്തിലും മററുരാജ്യങ്ങളിലും നിലവിലുള്ള ആഹാരക്രമത്തിലെ മാംസ്യാംശം താഴെ കൊടുക്കുന്നു.

* അവലംബം: ഐ. സി. എം. ആർ. ആഹാരക്രമസർവേകൾ സുഖാട്മേ പേജ്, 79.

പട്ടിക 3

## കേരളത്തിലും മററു രാജ്യങ്ങളിലുമുള്ള മാതൃകാഹാര ക്രമത്തിലെ മാംസ്യാംശം

| പ്രദേശം | ജൈവം | സസ്യം | ആകെ |
|---|---|---|---|
| ആസ്ട്രേലിയ | 65 | 30 | 95 |
| ഡന്മാക്ക് | 55 | 44 | 99 |
| യു. എസ്. എ. | 60 | 30 | 90 |
| കാനഡ | 57 | 35 | 92 |
| യു. കെ. | 49 | 43 | 92 |
| യു. എസ്. എസ്. ആർ. | 75 | 72 | 147 |
| കേരളം | 9·5 | 36·5 | 46 |

അവലംബം: അഗർവാൾ, ഇന്ത്യയുടെ ഭക്ഷ്യപ്രശ്നം, പേജ്, 931 ഐ. സി. എം. ആർ, 1969

പട്ടിക 4

## മാംസ്യാംശത്തിന്റെ മൂലം—കേരളം

| ഭക്ഷ്യഇനം | മാംസ്യാംശം (ഗ്രാം) | ശതമാനം |
|---|---|---|
| ധാന്യങ്ങൾ | 26·7 | 57·9 |
| പയറുവർഗങ്ങൾ | 8·0 | 17·4 |
| ഇലവർഗങ്ങൾ | 0·4 | 0·9 |
| മററു സസ്യങ്ങളും കിഴങ്ങുകളും | 0·3 | 0·7 |
| പഴങ്ങൾ | 0·6 | 1·3 |
| കൊഴുപ്പും എണ്ണയും | 0·5 | 1·2 |
| ആകെ സസ്യമാംസ്യാംശം | 36·5 | 79·4 |
| പാൽ, ക്ഷീരോല്പന്നങ്ങൾ | 1·7 | 3·7 |
| മാംസം, മത്സ്യം, മുട്ട | 7·8 | 16·9 |
| ആകെ ജൈവമാംസ്യാംശം | 9·5 | 20·6 |
| ആകെ | 46·0 | 100·00 |

ഐ. സി. എം. ആറിന്റെ 1969–ലെ ആഹാരക്രമസർവേകളിൽ നിന്നു ശേഖരിച്ചതു്

കേരളത്തിലെ പ്രതിദിന ആളോഹരിമാംസാ്യംശത്തിന്റെ ഉപയോഗം 46 ഗ്രാമാണ്. അതു് ലോകത്തിലെ വികസിതരാജ്യങ്ങളെക്കാൾ വളരെ കുറവും ഭാരതത്തിലെ ശരാശരിയായ 53 ഗ്രാമിനേക്കാൾ കുറവുമാണ്. എന്നാൽ പ്രതിദിനം 44 ഗ്രാം എന്ന ഐ. സി. എം. ആറിന്റെ നിർദേശവുമായി തട്ടിച്ചുനോക്കിയാൽ കേരളത്തിൽ മാംസ്യാംശ്യത്തിന്റെ ആവശ്യം പൂർണമായും നിറവേററുന്നതായി കാണാം. എന്നാൽ ഈ പ്രദേശത്തെ മാതൃകാഹാരക്രമത്തിലുള്ള ആകെ മാംസ്യാംശത്തിന്റെ 57·9 ശതമാനം ധാന്യങ്ങളിൽനിന്നാണ് കിട്ടുന്നതു്,

മാംസ്യാംശലഭ്യതയിൽ ഒരു നല്ലഭാഗം സസ്യങ്ങളിൽനിന്നുള്ളതാണെന്നും അതിൽ തന്നെ ഒരു നല്ല ഭാഗം ധാന്യങ്ങളും പയറുവർഗങ്ങളുമാണ് നൽകുന്നതെന്നു ശ്രദ്ധിക്കേണ്ടതാണ്. ജൈവമായാലും സസ്യമായാലും ഉയന്ന ഗുണമുള്ള മാംസ്യാംശത്തിൻെറ ഉപഭോഗം വളരെക്കുറഞ്ഞിരിക്കുന്നു. നിലവിലുള്ള ശരാശരി ഉപഭോഗം നിർദേശിക്കപ്പെട്ട മാംസ്യാംശഅലവൻസിനോട് അടുത്തു വരുമെങ്കിലും ആ മാംസ്യാംശത്തിൻെറ ഗുണം എത്രയോ മെച്ചപ്പെടുവാനുണ്ട്.

കലോറികളുടെ കാര്യത്തിലെന്നപോലെ വിവിധ ജനവിഭാഗങ്ങൾക്കിടയ്ക്കുള്ള മാംസ്യാംശത്തിൻെറ വിതരണം, കലോറികൾ നൽകുന്ന മററുള്ള ആഹാരങ്ങളേക്കാൾ മാംസ്യാഹാരം ചെലവുള്ളതായതുകൊണ്ട് തുല്യമാകാൻ വഴിയില്ല. സംസ്ഥാനത്തെ സാധുജനവിഭാഗങ്ങളിലാണ് കലോറിക്കുറവും മാംസ്യാംശക്കുറവും ഏററവും കൂടുതൽ കാണുന്നതു്. വരുമാനവർധനവിനോടൊപ്പം കലോറികളുടെയും മാംസ്യാംശത്തിൻെറയും ഉപഭോഗം വർധിക്കുകയും, ഒരു പരിധികഴിഞ്ഞാൽ കുറഞ്ഞതോതിൽ വർധിച്ച് ഉയന്ന വരുമാനവിഭാഗത്തിൽ കലോറിലഭ്യത ഏകദേശം സ്ഥിരമായി നിൽക്കുകയും ചെയ്യുന്നു. വരുമാനവർധനവിനോടൊപ്പം മാംസ്യാംശത്തിൻെറ അളവ് വർധിക്കുമെന്നും അതിനോടൊപ്പം അതിൻെറ ഗുണവും വർധിക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രോട്ടീൻ അഡൈ്വസറിഗ്രൂപ്പ് പറഞ്ഞതുപോലെ, ഏതെങ്കിലും പ്രദേശത്തു് മാംസ്യാംശത്തിൻെറ ലഭ്യത തൃപ്തികരമാണെങ്കിലും അതു് തുല്യമായി വിതരണം ചെയ്യപ്പെടുന്നില്ല. ചില മർമപ്രധാനങ്ങളായ വിഭാഗങ്ങൾ അക്കാര്യത്തിൽ വളരെ പുറകോട്ടാകുന്നു[19]. ദേശീയ ആവശ്യങ്ങളെക്കാൾ 20 ശതമാനം കൂടുതൽ മാംസ്യാംശം ലഭ്യമാണെങ്കിലും ഒരു നല്ല വിഭാഗം കുഞ്ഞുങ്ങൾക്കും ചെറിയ കുട്ടികൾക്കും വേണ്ടിടത്തോളം മാസ്യാംശം തീർച്ചയായും കിട്ടുന്നില്ല. ഒരു കുടുംബത്തിനകത്തു തന്നെ മാംസ്യാംശത്തിൻെറ വിതരണം തുല്യമായിരിക്കാൻ വഴിയില്ല. സ്കൂൾ പ്രായം എത്താത്ത കുട്ടികൾക്കും ഗർഭിണികൾക്കും മുലകൊടുക്കുന്ന അമ്മമാർക്കും അവരുടെ ആവശ്യത്തിനുള്ള മാംസ്യാംശം കിട്ടുന്നില്ല. 6 മാസത്തിനും 24 മാസത്തിനും ഇടയ്ക്കു് പ്രായമുള്ള കുട്ടികൾ ധാരാളമുള്ള വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ ഈ പ്രശ്നം കൂടുതൽ ഗൗരവതരമായിരിക്കുന്നു. മാംസ്യാംശാവശ്യങ്ങൾ കൂടുതലുള്ള ഇവർ മാംസ്യാംശക്കുറവ് കൊണ്ട് രോഗബാധക്കിരയാകുന്നു.

അതുകൂടാതെ, കേരളത്തിൽ മാസ്യാംശക്കുറവുള്ള ഭൂരിപക്ഷം കുടുംബങ്ങളും കലോറിക്കുറവുള്ളവയുമാണ്. ആഹാരമാംസ്യാംശം കലോറിലഭ്യതയിലുള്ള കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതുകൊണ്ട് വർധിച്ച മാംസ്യാംശനഷ്ടത്തിനിടയാക്കുകയും പരോക്ഷമായി മാംസ്യാംശക്കുറവ് കൂടുതൽ വഷളാകുകയും ചെയ്യുന്നു. 30 ശതമാനത്തോളം വരുമെന്ന് കണക്കാക്കപ്പെടുന്ന ഇപ്പോഴത്തെ കലോറിക്കുറവിൻെറ നിലവച്ചുനോക്കിയാൽ മാംസ്യാംശനഷ്ടം വളരെയധികമായിരിക്കും.

ആഹാരക്രമത്തിലെ മററൊരു പ്രധാനഘടകം കൊഴുപ്പാണ്. കൊഴുപ്പ് കലോറികളുടെ ഒരു സുപ്രധാന ഉറവിടവും വളരെ ഒതുങ്ങിയതും സാന്ദ്രീകൃതവു

മായ ഊർജാഹാരവുമാണ്. പ്രത്യേകിച്ച് നാഡികളുടെയും തലച്ചോറിൻെറയും കോശകലകളുടെ ഘടനയിലും ധർമത്തിലും കൊഴുപ്പ് ഒരു പ്രധാനമായ ഘടകമാണ്. മാംസ്യാംശത്തിൻെറ കാര്യത്തിലെന്നപോലെ ജൈവകൊഴുപ്പുകളിൽ സസ്യക്കൊഴുപ്പുകളെയപേക്ഷിച്ച് കുറച്ച് ചില ജീവകങ്ങൾ ഉള്ളതുകൊണ്ട് അവയ്ക്ക് കൂടുതൽ ജൈവകമൂല്യമുണ്ട്.

ലോകശരാശരിയായ 22 ഗ്രാം, വികസിതരാജ്യങ്ങളിലെ 47 ഗ്രാം എന്നിവയെ അപേക്ഷിച്ച്, കേരളത്തിലെ കൊഴുപ്പിൻെറയും എണ്ണയുടെയും ഉപഭോഗം 7 ഗ്രാം മാത്രമേ ഉള്ളു എന്ന് നാം ഓർക്കണം. വികസിതരാജ്യങ്ങളിലെ 13 ശതമാനത്തെയപേക്ഷിച്ച് കേരളത്തിൽ കൊഴുപ്പിൻെറ ഉപഭോഗം ആകെയുള്ള കലോറിലഭ്യതയുടെ 4·3 ശതമാനം മാത്രമേ ഉള്ളൂ.[20] കൂടാതെ, കേരളത്തിൽ കൊഴുപ്പുകൾ പ്രധാനമായും സസ്യഎണ്ണകളിൽ നിന്നുമാണ് കിട്ടുന്നത്.

കോശകലകളുടെ വളർച്ചക്കും രക്ഷയ്ക്കും വേണ്ടിവരുന്ന നിർമാണഘടകങ്ങളും ഊർജവും നൽകുന്നതിനു പുറമേ ക്രമീകൃതവസ്തുക്കൾ ഉൾപ്പെടുന്നതായിരിക്കണം ആഹാരം. ശാരീരികസ്ഥിതി ശരിപ്പെടുത്തി, ജീവിതപ്രക്രിയകൾ സ്നിഗ്ദ്ധമായി കൊണ്ടുപോകുക എന്നതാണ് അതിൻെറ ധർമം. ശരീരത്തിലെ കോശങ്ങളുടെയും എല്ലുകളുടെയും ഘടകവസ്തുക്കളായും ശരീരത്തിലെ ഗ്രന്ഥികളുടെ ചേരുവയും സ്ഥിരതയും നിർണയിക്കുന്നതും ജീവനു് ആവശ്യമുള്ളതുമായ ലയനലവണങ്ങളായും ഈ അജൈവവസ്തുക്കൾ ഉപയോഗിക്കപ്പെടുന്നു. ധാതുലവണങ്ങളെ ശരിക്കും ഒരു രണ്ടാം രക്ഷാനിരയായി ഗണിക്കാം. മനുഷ്യശരീരത്തിൻെറ വളർച്ചയ്ക്കും പ്രവർത്തനത്തിനും ആവശ്യമായ കാൽസ്യം, ലവണം. ഫോസ്ഫറസ്, അയോഡിൻ, സൽഫർ, അയൺ, മഗ്നീഷ്യം, പൊട്ടാസ്യം മുതലായവ ആഹാരത്തിൻെറ പ്രധാന ഘടകങ്ങളാണ്. ഡോക്ടർ മക്കാറിസൺ പറയുന്നു.! "ധാതുക്കളില്ലെങ്കിൽ ജീവിതം അസാധ്യമാകുന്നത് വെള്ളവും ആഹാരവുമില്ലാതെ ജീവിതം അസാധ്യമാകുന്നതുപോലെയാണ്. നമ്മുടെ ആഹാരത്തിൽ ശരിക്കുള്ളയളവിൽ ഇവ ഉൾപ്പെട്ടില്ലെങ്കിൽ പൂർണ ആരോഗ്യം അസാധ്യമാകുന്നു."[21] സാധാരണയായി എല്ലാ ആഹാരസാധനങ്ങളിലും പ്രത്യേകിച്ച് പാൽ, പുത്തൻപഴങ്ങൾ, ഇലസസ്യങ്ങൾ, എന്നിവയിലും ധാതുക്കൾ കണ്ടുവരുന്നു. എന്നാൽ, ആഹാരം പാകപ്പെടുത്തുന്നതിനിടക്ക് മിക്കധാതുക്കളും നഷ്ടപ്പെടുന്നു. ജനങ്ങളുടെ ആഹാരത്തിൽ ഉൾക്കൊള്ളുന്ന ധാതുക്കളുടെ നിലവാരം നിർണയിക്കുവാൻ വേണ്ട സ്ഥിതിവിവരക്കണക്കുകൾ ഇല്ല.

അടുത്തകാലത്ത് ജീവകങ്ങളുടെ പ്രാധാന്യം കൂടുതലായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രക്തത്തിൻെറ ഘടന ശരിയാക്കുവാനും, കാർബോഹൈഡ്രേറ്റുകളിൽ നിന്നും കിട്ടുന്ന ഊർജത്തിൻെറ ക്രമമായ ഉപയോഗത്തിനും ശരീരം കെട്ടിപ്പെടുക്കുന്നതിനും ഇവ സഹായിക്കുന്നു. വെണ്ണ, നെയ്യ്, ക്ഷീരോല്പന്നങ്ങൾ, മുട്ട, മാംസം, മത്സ്യം, എന്നിവയിൽ നിന്നുമാണ് ജീവകങ്ങൾ പ്രധാനമായും കിട്ടുന്നത്. പഴങ്ങൾ, അണ്ടിപ്പരിപ്പുകൾ, ഇലവർഗങ്ങൾ എന്നിവയിലും ജീവകങ്ങൾ ധാരാളമുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ പ്രദേശ

KOTT.AYAM PUBLIC LIBRARY KOTTAYAM

ത്തുള്ള ജനങ്ങളുടെ ഈ പറഞ്ഞ സാധനങ്ങളുടെ ഉപഭോഗം എത്രയോ കൂടുതൽ മെച്ചപ്പെടുവാനുണ്ട്.

സംസ്ഥാനത്തെ ജനങ്ങൾക്കിടയിലുള്ള പോഷകവൈകല്യത്തിൻെറ വ്യാപ്തി ഈ ചർച്ച വ്യക്തമാക്കുന്നു. ധാന്യങ്ങൾ, അന്നജകിഴങ്ങുകൾ, പഞ്ചസാര എന്നിവയിൽ നിന്നും കിട്ടുന്ന കാർബോഹൈഡ്രേററുകൾ നൽകുന്ന കലോറികളുടെ ഒരു നല്ല ശതമാനവും, ജനങ്ങളുടെ ആഹാരത്തിലെ ഉയർന്ന ഗുണമുള്ള മാംസ്യാംശത്തിൻെറ, പ്രത്യേകിച്ച് ജൈവമാംസ്യാംശത്തിൻെറ താരതമ്യേന യുള്ള കുറവും, പോഷകവൈകല്യത്തെ കാണിക്കുന്നു. കലോറികളുടെ ഏകദേശം 80 ശതമാനവും കാർബോഹൈഡ്രേററുകളിൽ നിന്നും കിട്ടുന്നു. എന്നാൽ മാംസ്യാംശലഭ്യതയുടെ 20 ശതമാനം മാത്രമേ ഉയന്ന ഗുണമുള്ളതുള്ളു 22. ആരോഗ്യത്തിനാവശ്യമായ ജൈവമാംസ്യാംശത്തിൻെറയും മററ് പോഷകമൂല്യങ്ങളുടെയും ഗൗരവതരമായ കുറവിൻെറ ഫലം കൂടെക്കൂടെയുണ്ടാകുന്ന രോഗങ്ങളാണ്.

## (സി) പോഷകക്കുറവിൻെറയും പോഷകവൈകല്യത്തിൻെറയും വ്യാപ്തി

ഗർഭധാരണവയസ്സിനകത്തുവരുന്ന സ്ത്രീകൾ, സ്കൂളിൽ പോകാനുള്ള വയസ്സു തികയാത്ത കുട്ടികൾ തുടങ്ങിയ മർമപ്രധാനങ്ങളായ ജനവിഭാഗങ്ങളിലാണ് പോഷകവൈകല്യം ഏററവും കൂടുതൽ കാണുന്നത്. 15 വയസ്സിനും 45 വയസ്സിനുമിടയ്ക്കുള്ള സ്ത്രീകൾ ജനസംഖ്യയുടെ ഒരു നല്ലഭാഗമാകുന്നു. രാജ്യത്തിനാകെ ഇതു് 21 ശതമാനമാണ്. ഇവരിൽ 34 ശതമാനത്തിനു മാത്രമേ മിതമായ ആരോഗ്യമെങ്കിലും ഉള്ള എന്നുള്ള യാഥാർഥ്യം സങ്കടകരമാണ്. 56 ശതമാനത്തോളം പേർ ബി കോംപ്ലക്സ് ജീവകത്തിൻെറ കുറവു കൊണ്ട് ഒരുതരം വായ്പ്പുണ്ണ് **(angular stomatitis glossitics)** ചുടുവാതം **(burning feet)** എന്നീ രോഗങ്ങൾക്കിരയാകുന്നു. 14·5 ശതമാനം സ്ത്രീകളിലും ജീവകം എ. യുടെ കുറവ് കണ്ടുവരുന്നു. 9·5 ശതമാനം സ്ത്രീകളിൽ നീർവീക്കത്തോടുകൂടിയ രക്തക്ഷയവും **(anaemia with oedema)** 55 ശതമാനം സ്ത്രീകളിൽ പത്തുശതമാനത്തിൽ കുറഞ്ഞ ഹീമോഗ്ലോബിൻ നിലയും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അങ്ങനെ ഭാരതത്തിലെ മാതൃപോഷകാഹാരനില വളരെ ഭയാനകമാണ്. ഒരുലക്ഷം ജനങ്ങൾക്ക് 253 എന്ന മാതൃമരണനിരക്ക് ഇതു് എടുത്തുകാട്ടുന്നു. ഇതിൽതന്നെ 10 ശതമാനത്തോളം മാതൃമരണങ്ങൾ രക്തക്ഷയംകൊണ്ടുണ്ടാകുന്നതാണെന്ന് കണക്കാക്കപ്പെടുന്നു. ഗർഭകാലത്തു് ഒരു ഇന്ത്യൻ മാതാവിൽ ഉണ്ടാകുന്ന തൂക്കത്തിലുള്ള വ്യത്യാസം (6—7 കിലോഗ്രാം) പാശ്ചാത്യരാജ്യങ്ങളിലുള്ള ഒരു മാതാവിൽ ഉണ്ടാകുന്നതിൻെറ പകുതി മാത്രമേ ഉള്ള എന്ന വസ്തുത വളരെ അർഥവത്താണ്.

നമ്മുടെനാട്ടിൽ ധനികകുടുംബങ്ങളിലെ ശിശുക്കളുടെ ജനനസമയത്തുള്ള തൂക്കം 3·1 കിലോഗ്രാം ആകുമ്പോൾ സാധുശിശുക്കളുടേതു് 2·87 കിലോഗ്രാം മാത്രമാണ്. കേരളത്തിൽ എല്ലാ സമുദായസാമ്പത്തിക വിഭാഗങ്ങളിലും ശിശു

ക്കളുടെ ജനനസമയത്തുള്ള തൂക്കം 2·87 കിലോഗ്രാം ആണ്. ഭാരതത്തിലെ ശിശുമരണനിരക്ക് വളരെ ഉയർന്നതാണ്—81. ഇതു് സ്വീഡനിൽ 14—ഉം, യു. എസ്. എ-യിൽ 24—ഉം ആണ്. ശിശുമരണത്തിൽ മൂന്നിലൊന്നും അകാലികത്വംകൊണ്ടാണുണ്ടാകുന്നതു്. 45 ശതമാനം ശിശുമരണങ്ങളും ആദ്യത്തെ ഒരു മാസക്കാലത്തിനകത്താണ് ഉണ്ടാകുന്നതു്. മാതാവിന്റെ പോഷകവൈകല്യത്തിന്റെ ഫലമായ അതിജീവിയ്ക്കാനുള്ള കഴിവില്ലായ്മ കൊണ്ടാണ് ഉയർന്ന നവജനനമരണനിരക്കുണ്ടാകുന്നതു്,

പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങളിൽ ഏററവും വ്യാപകമായതു് മാംസ്യാംശക്കുറവു കൊണ്ടുണ്ടാകുന്ന ക്വാഷിയോർകോർ **(kwashiorkor)** എന്ന രോഗമാണ്. മാംസ്യാംശക്കുറവുകൊണ്ടുണ്ടാകുന്ന ഗൗരവതരമായ വളർച്ചയില്ലായ്മ, കഠിനമായ ധാതുക്ഷയം എന്നിവ മുതൽ, പ്രത്യേകിച്ച് മുലകുടിമാററുന്ന കാലത്തുണ്ടാകുന്നതും മാംസ്യാംശക്കുറവിന്റെ ലക്ഷണങ്ങളായ പോഷകക്കുറവുണ്ടാക്കുന്ന നീർവീക്കം **(nutritional oedema)** കുറഞ്ഞ സിറം ആൽബ്യുമിൻ **(serum albumin)** വരെ 40 ശതമാനം ശിശുക്കളും അനുഭവിക്കുന്നുണ്ടെന്ന് ഐ. സി. എം. ആർ. റിപ്പോർട്ടുചെയ്യുന്നു.

മാംസ്യാംശകലോറി പോഷകവൈകല്യംകൊണ്ടുണ്ടാകുന്ന ഫലം സ്കൂളിൽ പോകാൻ വയസ്സ് തികയാത്ത കുട്ടികളിൽ 15 ശതമാനത്തിലും കാണാം. ജീവകം എ യുടെ കുറവ് കൊണ്ടുണ്ടാകുന്ന നേത്രരോഗങ്ങൾ 7·5 ശതമാനത്തിലും കാണാം. ബി കോംപ്ലക്സ് ജീവകത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങളിൽ പ്രധാനമായ വായ്പ്പുണ്ണ് എന്ന രോഗം 5 ശതമാനത്തിലും കണ്ടുവരുന്നു. ജപ്പാനിലെ 1·9, യു. എസ്. എ. യിലെ 1, സ്വീഡനിലെ 0·8 എന്ന കണക്കിനെയപേക്ഷിച്ച് ഭാരതത്തിൽ 1000-ന് 12 എന്നതാണ് പിച്ചവച്ച് നടക്കുന്ന പ്രായത്തിലുള്ള ശിശുക്കളുടെ മരണനിരക്ക്, ഈ പ്രായത്തിലുള്ള ശിശുക്കൾ ജനസംഖ്യയുടെ 16·5 ശതമാനം മാത്രമേ വരുന്നുള്ളവെങ്കിലും രാജ്യത്തുണ്ടാകുന്ന മരണങ്ങളിൽ 40 ശതമാനവും അവരുടെതാണ്. ഇതിന്റെ പ്രധാനകാരണം പോഷകവൈകല്യവുമാണ്.

പോഷകവൈകല്യത്തിന്റെ ഒരു ചെറിയവശം മാത്രമേ പോഷകക്കുറവു കൊണ്ടുണ്ടാകുന്ന രോഗങ്ങൾ കാണിയ്ക്കുന്നുള്ളു. സാമൂഹ്യവീക്ഷണകോണിൽ നിന്നും നോക്കിയാൽ ഇതിലും പ്രധാനപ്പെട്ടതു് ചികിത്സാവിധി സംബന്ധിച്ച പോഷകവൈകല്യമാണ്. കാരണം, അതു് കുറേ കൂടി വ്യാപകവും ഫലത്തിൽ നിഗൂഢവുമാണ്. ജനങ്ങളെ രോഗങ്ങൾക്കും രോഗബാധകൾ കൂടുതലായി അടിമപ്പെടുത്തുന്നതു് കൂടാതെ ശാരീരികവളർച്ചയെയും ആരോഗ്യത്തെയും കാര്യക്ഷമതയെയും ബാധിച്ച് അതു് ആയുസ്സിനെത്തന്നെ കുറയ്ക്കുന്നു. ചികിത്സാവിധി സംബന്ധിച്ച പോഷകവൈകല്യത്തിന്റെ ഫലമായ രോഗപ്രധിരോധശക്തിക്കുറവ്, ന്യൂനമായ ശാരീരികവളർച്ച, വിരസത, ആരോഗ്യക്ഷയം എന്നിവയുടെ വ്യാപ്തി അളക്കുവാൻ ഒരു വഴിയുമില്ല.

## ആവശ്യങ്ങളും ലഭ്യതയും

സമീകൃതാഹാരത്തിന്റെ അടിസ്ഥാനത്തിൽ ആകെ ആവശ്യവും, സംസ്ഥാനത്തിനകത്തെ ഭക്ഷ്യോല്പാദനത്തിന്റെ അളവും ഇനി നമുക്ക് കണക്കാക്കാം. പിന്നീട് ആഹാരത്തിലുള്ള വിടവും അതിന്റെ പരിണത ഫലങ്ങളും പരിശോധിക്കാം. താഴെ കൊടുക്കുന്ന പട്ടികയിൽ സമീകൃതാഹാരത്തിന്റെ ഒരു രൂപരേഖ കൊടുത്തിരിക്കുന്നു. കേരളത്തിൽ നിലവിലുള്ള ആഹാരക്രമവും താരതമ്യ പഠനത്തിനുവേണ്ടി അതിൽ കൊടുത്തിട്ടുണ്ട്.

പട്ടിക 5

### സമീകൃതാഹാരത്തിന്റെ രൂപരേഖ

| ഇനം | (പ്രതിദിന ആളോഹരി ഗ്രാം) നിർദേശിക്കപ്പെട്ട അലവൻസ് | നിലവിലുള്ള ആഹാരക്രമം |
|---|---|---|
| ധാന്യങ്ങൾ | 370 | 353 |
| പയറുവർഗങ്ങൾ | 70 | 27 |
| ഇലസസ്യങ്ങൾ | 115 | 10 |
| മററുസസ്യങ്ങൾ | 125 | 170 |
| പഴങ്ങൾ | 38 | 35 |
| പാലും ക്ഷീരോല്പന്നങ്ങൾ | 180 | 50 |
| മാംസം, മത്സ്യം, മുട്ട | 35 | 48 |
| കൊഴുപ്പും എണ്ണയും | 38 | 7 |
| പഞ്ചസാരയും ശർക്കരയും | 40 | 16 |

നിർദേശിക്കപ്പെട്ട അലവൻസ്, ഐ. സി. എം. ആർ. രാജ്യത്തിനാകെ നിർദേശിക്കപ്പെട്ടതുതന്നെയാണ്. അതിന്റെ കണക്കുകൂട്ടലിന് ഐ. സി. എം. ആർ. സ്വീകരിച്ച നടപടിക്രമം ഈ പ്രബന്ധത്തിന്റെ അനുബന്ധം—2-ൽ കൊടുത്തിരിക്കുന്നു. നിർദേശിക്കപ്പെട്ട സമീകൃതാഹാരത്തിൽ ഉൾക്കൊണ്ട പ്രതിദിന ആളോഹരി ഊർജം 2400 കലോറികളായി കണക്കാക്കപ്പെട്ടിരിക്കുന്നു. ആഹാരക്രമത്തിന്റെ ഗുണത്തിൽ മിതമായ അഭിവൃദ്ധി ഇതു് കാണിക്കുന്നു. ഈ നിർദേശങ്ങൾ ജനങ്ങളുടെ ആഹാരക്രമത്തിൽ സാരമായ മാററങ്ങൾക്കിടവരുത്തുന്നില്ല. നിലവിലുള്ള വിലനിലവാരത്തിന്റെയടിസ്ഥാനത്തിൽ പ്രതിദിന ആളോഹരി 1·56 ഉറുപ്പിക മാത്രം ചെലവ് വരുന്ന ഒരു ആഹാരക്രമമാണിതു്. അതായതു്, വർഷത്തിൽ 569·4 ഉറുപ്പിക. ഏററവും ക്ഷമയുള്ള വായനക്കാരനും ഇതിനോട് എതിർപ്പ് പ്രകടിപ്പിക്കും. കേരളീയന്റെ ശരാശരിവരുമാനം സമീകൃതാഹാരാവശ്യത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ തന്നെ വാങ്ങാൻ തികയുകയില്ല. (സംസ്ഥാന ധനശാസ്ത്ര–സ്ഥിതിവിവരക്കണക്ക് ബ്യൂറോ 1967-68–ലെ വിലനിലവാരത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആളോഹരി വാർഷികവരുമാനം 505 ഉറുപ്പികയായിട്ടാണ് കണക്കാക്കിയിരിക്കുന്നതു്) ഏതായാലും

മനുഷ്യൻ ആഹാരംകൊണ്ടുമാത്രമല്ല ജീവിക്കുന്നതു്. എതിരഭിപ്രായം ഏതായാലും ശരിതന്നെ. ജനങ്ങൾക്കു് സമീകൃതാഹാരം നൽകുന്നതു് തടയുകയില്ല. എന്നാൽ അവരുടെ വരുമാനനില ഉയർത്തുകയാണു് ഇതിനുള്ള ഏക പ്രതിവിധി. മററൊരുതരത്തിൽ പറഞ്ഞാൽ സംസ്ഥാനത്തെ ഭക്ഷ്യപ്രശ്നത്തിൻെറ പരിഹാരം സംസ്ഥാനത്തിൻെറ സാമ്പത്തികവികസനത്തോട് ബന്ധപ്പെട്ടതാണു്.

ധാന്യങ്ങളുടെ നിലവിലുള്ള ഉപഭോഗം നിർദ്ദേശിക്കപ്പെട്ട അലവൻസിനോട് അടുത്തുവരുന്നുണ്ടെങ്കിലും, മാംസം, മത്സ്യം, മുട്ട എന്നിവയുടേതു് അതിൽ കുറച്ചു് കൂടുതലുമാണു്. എന്നാൽ, സമീകൃതാഹാരം നൽകണമെങ്കിൽ മററു പല ഇനങ്ങളുടെയും ഉപഭോഗം വളരെ വർധിപ്പിക്കേണ്ടിയിരിക്കുന്നു. പയറുവർഗങ്ങൾ, ഇലസസ്യങ്ങൾ, പാലും ക്ഷീരോല്പന്നങ്ങളും കൊഴുപ്പും എണ്ണയും പഞ്ചസാരയും ശക്കരയും എന്നിവയുടെ കാര്യത്തിൽ കുറവു് വളരെയധികമാണു്. അതേസമയത്തു തന്നെ പാൽ. മത്സ്യം, മാംസം, മുട്ട എന്നിവയുടെ കാര്യത്തിൽ നിർദ്ദേശിക്കപ്പെട്ട അലവൻസ് വികസിതരാജ്യങ്ങളിലെ ഉപഭോഗത്തെയപേക്ഷിച്ചു് വളരെ കുറവാണു്. അഭികാമ്യതയെ അപേക്ഷിച്ചു് പ്രായോഗികത നോക്കിയാണു് മേൽ വിവരിച്ച സമീകൃതാഹാരം തയ്യാറാക്കിയിട്ടുള്ളതു്.

കേരളത്തിൻെറ ആകെ ആവശ്യങ്ങളും കണക്കാക്കപ്പെട്ട ഉല്പാദനയളവും താഴെ കൊടുത്തിരിക്കുന്നു.

### പട്ടിക 6

### നിലവിലുള്ള ആവശ്യങ്ങളും ഭക്ഷ്യോല്പാദനം അളവും 1969—70

| ഇനം | ആവശ്യം (ദശലക്ഷം മെട്രിക്ക്ടൺ) | ഉല്പാദനം |
|---|---|---|
| ധാന്യങ്ങൾ | 2·861 | 1·119 |
| പയറുവർഗങ്ങൾ | 0·541 | 0·016 |
| പാൽ, ക്ഷീരോല്പന്നങ്ങൾ | 1·388 | 0·318 * |
| മാംസം, മത്സ്യം, മുട്ട | 0·270 | 0·352 |
| സസ്യങ്ങൾ | 1·817 | 0·095 ** |
| പഴങ്ങൾ | 0·286 | 1·521 ** |
| കൊഴുപ്പും, എണ്ണയും | 0·293 | 0·322 |
| പഞ്ചസാരയും, ശർക്കരയും | 0·309 | 0·034 |

* 1960—61
** 1966—67

അവലംബം:—സംസ്ഥാന ആസൂത്രണബോർഡു്, "ഫാക്ട്ബുക്ക് ഇൻ അഗ്രിക്കൾച്ചർ", കേരളസർക്കാർ; ഫാം ഇൻഫർമേഷൻ ബ്യൂറോ കേരളസർക്കാർ.

കുറിപ്പ്:

രേഖാപ്രവണത (**linear trend**) ഉപയോഗിച്ച് 1960–61–ലെ കണക്കിനെ ആധാരമാക്കി അന്നു മുതൽ 1967–68 വരെയുള്ള ധാന്യങ്ങൾ, പയറുവർഗങ്ങൾ, മുട്ട എന്നിവയുടെ ഉല്പാദനം ഗണിച്ചാണ് 1969–70–ലെ കണക്കുകളിൽ എത്തിയിട്ടുള്ളതു്. 1967–68–ലെയും 1968–69–ലെയും കണക്കുകളുടെയടിസ്ഥാനത്തിലും 1969–70–ൽ അവയിൽ മാററമുണ്ടാകുകയില്ല എന്ന ധാരണയുടെ അടിസ്ഥാനത്തിലുമാണ് മാംസം, മത്സ്യം എന്നിവയുടെ കണക്കുകൾ തയ്യാറാക്കിയതു്. കൊഴുപ്പിൻെറയും പഞ്ചസാരയുടെയും ഉല്പാദനക്കണക്ക് തയ്യാറാക്കിയതു് താഴെ വിവരിക്കുംപ്രകാരമാണ്. ഒന്നാമതായി, രേഖാപ്രവണത ഉപയോഗിച്ച് എണ്ണക്കുരുക്കൾ എന്ന വിഭാഗത്തിൽപ്പെടുന്ന നാളികേരം, കപ്പലണ്ടി, എള്ള് എന്നിവയുടെ 1958–59 മുതൽ 1967–68 വരെയുള്ള ഉല്പാദനം ഗണിച്ച് അതിൻെറ അടിസ്ഥാനത്തിൽ 1969–70–ലെ കണക്കുകൾ തയ്യാറാക്കി. സ്വീകാര്യമായ അനുപാതങ്ങളുപയോഗിച്ച് എണ്ണക്കുരുക്കളുടെ ഉല്പാദനം എണ്ണയുടെ കണക്കാക്കി മാററി. അതുപോലെ 1965–66 മുതൽ 1968–69 വരെയുള്ള കരിമ്പിൻെറ ഉല്പാദനം രേഖാപ്രവണത ഉപയോഗിച്ച് 1969–70–ലെ കണക്കു തയ്യാറാക്കി. സ്വീകാര്യമായ അനുപാതങ്ങളുപയോഗിച്ച് അതു് പഞ്ചസാരയുടെയും ശക്കരയുടെയും കണക്കാക്കി മാററി.

ധാന്യങ്ങൾ, പയറുവർഗങ്ങൾ, പാലും ക്ഷീരോല്പന്നങ്ങളും, സസ്യങ്ങൾ, പഞ്ചസാരയും ശക്കരയും എന്നിവയിൽ സാരമായ കമ്മി ഉള്ളതായി കാണാം. എന്നാൽ പഴങ്ങൾ, മാംസം, മത്സ്യം, മുട്ട എന്നിവയിൽ കുറച്ച് മിച്ചവും കാണാം. ഈ മിച്ചം ഉണ്ടെങ്കിൽതന്നെയും സംസ്ഥാനത്തെ ജനങ്ങൾ അവർക്കാവശ്യമായ കലോറികളുടെയും പോഷകാംശത്തിൻെറയും ഒരു നല്ലഭാഗം ധാന്യങ്ങളിൽ നിന്നും പയറുവർഗങ്ങളിൽ നിന്നുമാണ് സമ്പാദിക്കുന്നതു്, എന്നുള്ള കാര്യം മനസ്സിൽ വയ്ക്കേണ്ടതാണ്. പോഷകത്തിനു വേണ്ടിയുള്ള ധാന്യങ്ങളിലും പയറുവർഗങ്ങളിലുമുള്ള ആശ്രയത്വം വരുംകാലങ്ങളിലും തുടർന്നേക്കാം.

മേൽ വിവരിച്ച സമീകൃതാഹാരത്തിൻെറ അടിസ്ഥാനത്തിൽ നാലാംപദ്ധതിയുടെയും അഞ്ചാംപദ്ധതിയുടെയും അവസാനത്തിൽ ഉണ്ടായേക്കാവുന്ന ഭക്ഷ്യാവശ്യങ്ങളുടെ കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 7

## നാലാംപദ്ധതിയുടെയും അഞ്ചാംപദ്ധതിയുടെയും അവസാനത്തിലുള്ള ഭക്ഷ്യാവശ്യം

(ദശലക്ഷം മെട്രിക് ടൺ)

| ഇനം | 1974—75 | 1979—80 |
|---|---|---|
| ധാന്യങ്ങൾ | 3·237 | 3.661 |
| പയറുവർഗങ്ങൾ | 0·612 | 0·692 |
| പാലും ക്ഷീരോല്പന്നങ്ങളും | 1·567 | 1·776 |
| സസ്യങ്ങൾ | 2·055 | 2·325 |
| പഴങ്ങൾ | 0·324 | 0·366 |
| മാംസം, മത്സ്യം, മുട്ട | 0·305 | 0·345 |
| കൊഴുപ്പും എണ്ണയും | 0·331 | 0·375 |
| പഞ്ചസാരയും ശർക്കരയും | 0·349 | 0·395 |

മുൻപേജിൽ കൊടുത്തിട്ടുള്ള കണക്കുകൾ വളരെ മിതമാണ്. വരുമാനവർധനവ് കണക്കിലെടുക്കാതെ ജനസംഖ്യയിലുണ്ടാകുന്ന 2·5ശതമാനം വരുന്ന വാർഷിക വർധനവ്മാത്രം കണക്കിലെടുത്താണ് ഇതു് തയ്യാറാക്കിയിട്ടുള്ളതു്. ജനസംഖ്യാഫലത്തേക്കാളും പ്രധാനപ്പെട്ടതാണ് വരുമാനഫലമെന്നുള്ള കാര്യം സമ്മതിക്കുന്നു. ജനസംഖ്യാവർധനവിന്റെയും വരുമാനവർധനവിന്റെയും കൂട്ടായഫലം ഇതിലുമധികമായിരിക്കും. ലോകഭക്ഷ്യ-കാർഷികസംഘടന(എഫ്. എ. ഓ.) 1962–85 കാലത്തു വികസനരാജ്യങ്ങളിലുണ്ടായേക്കാവുന്ന ഭക്ഷ്യസാധനങ്ങൾക്കുള്ള ചോദനവർധനവ് 3·9 ശതമാനമായിരിക്കുമെന്ന് കണക്കാക്കുമ്പോൾ നമ്മുടെ കണക്കുകൂട്ടലിൽ അതു് 2,5 ശതമാനമായി മാത്രമേ എടുത്തിട്ടുള്ളു. ഓരോ ഇനത്തിലും വേണ്ടിവരുന്ന വർധനവ് തുല്യമാക്കാൻ സാധ്യമല്ല. ധാന്യങ്ങൾക്ക് 3·1%, അന്നജക്കിഴങ്ങുകൾക്ക് 3·2%, പയറുവർഗങ്ങൾക്ക് 3·5%, പഞ്ചസാരയ്ക്ക് 4·6%, സസ്യഎണ്ണകൾക്ക് 5·1%, പഴങ്ങൾക്ക് 4·3%, സസ്യങ്ങൾക്ക് 5.4% മുട്ടയ്ക്ക് 6·4% എന്നീ തോതിലാണ് ഏഷ്യയിലും വിദൂരപൗരസ്ത്യദേശങ്ങളിലും 1962–85 കാലത്തു് ചോദനത്തിലുണ്ടാകുന്ന വാർഷികവർധനവെന്ന് ലോകഭക്ഷ്യ-കാർഷികസംഘടനയുടെ "തൽക്കാലിക ആഗോള സൂചനാപദ്ധതി **(Provisional Indicative World Plan-I. W. P.)** കണക്കാക്കുന്നു. എന്നാൽ നമ്മുടെ കണക്കുകൂട്ടലിൽ ജനസംഖ്യാവർധനവിനോടു സമാനമായ ഒരു നിരക്കാണ് നാം ഉപയോഗിച്ചിട്ടുള്ളതു്.

## പ്രശ്നപരിഹാരത്തിനുള്ള പൊതുവായ സമീപനം

ആവശ്യങ്ങളും ലഭ്യതയും തമ്മിലുള്ള വർധിച്ചുവരുന്ന വിടവിന്റെ പരിണതഫലങ്ങൾ വ്യക്തമാണ്. ഇപ്പോൾ തന്നെ വിശപ്പിന്റെ വ്യാപ്തി വിപുലമാണ്. അതു് ഇനിയും വിപുലമായാൽ ജനങ്ങളുടെ ആരോഗ്യം, പ്രവൃത്തി എന്നിവയെ കൂടാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക—രാഷ്ട്രീയ—സാമൂഹ്യ സ്ഥിരതയെ തന്നെ ബാധിക്കുന്ന വിനാശകരമായ ഫലങ്ങൾ ഉണ്ടാകും. ക്രമമായി വർധിച്ചുവരുന്ന ഭക്ഷ്യക്കമ്മി സംസ്ഥാനത്തിന്റെ ശുഷ്കമായ ധനവിഭവങ്ങളിൽ വലുതായ സമ്മർദമുണ്ടാക്കുകയും സ്വകാര്യമിച്ചസമ്പാദ്യം ക്ഷയിപ്പിക്കുകയും ചെയ്യുന്നു. പരിതഃസ്ഥിതി മോശപ്പെട്ടാൽ നമ്മുടെ വികസനശ്രമങ്ങൾ തടസ്സപ്പെടുമെന്നു മാത്രമല്ല സമ്പദ്‌വ്യവസ്ഥയുടെ വളർച്ച തന്നെ ചുരുങ്ങുകയും ചെയ്യും. കേരളത്തിന്റെ ഭക്ഷ്യപ്രശ്നം പരിഹരിക്കുവാൻ ഉറച്ചതും യോജിച്ചതുമായ പരിശ്രമങ്ങൾ വേണ്ടിയിരിക്കുന്നു. ഞങ്ങൾ ഇവിടെ അതിനാവശ്യമായ പൊതുവായ ഒരു സമീപനം സൂചിപ്പിക്കുവാൻ ശ്രമിക്കുകയാണ്.

## (എ) ധാന്യക്കമ്മി

ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന ആഹാരവും കലോറികളുടെയും മാംസ്യാംശത്തിന്റെയും പ്രധാന ഉറവിടവും ധാന്യങ്ങളാണ്. അതുകൊണ്ട് പ്രകൃത്യാ, അവയ്ക്കു മാനസികമായും പോഷകപരമായും സാമ്പത്തികമായും പ്രാധാന്യമുണ്ട്. വർധിച്ച തോതിലുള്ള ധാന്യങ്ങളുടെ ഉല്പാദനം കാരണം, മററുള്ള പ്രധാന വിളകൾക്ക് കൂടുതൽ വിഭവങ്ങൾ ലഭ്യമാകുകയും കന്നുകാലികൾക്ക്

വേണ്ട തീററസാധനങ്ങൾ നൽകുകയും ഇറക്കുമതി കുറച്ച് വിദേശനാണ്യം ലാഭിക്കുകയും, വിലനിലവാരം സ്ഥിരമാകുകയും സർക്കാരിൻെറ ധനസ്ഥിതി മെച്ചപ്പെടുകയും, സമ്പദ്‌വ്യവസ്ഥയിൽ വർധമാനമായ പുരോഗതി സാധ്യമാകുകയും ചെയ്യുന്നു.

1969–70 ൽ സംസ്ഥാനത്തെ ധാന്യോല്പാദനം ആകെ ആവശ്യമായ 2·9 ദശലക്ഷം ടണ്ണിന് പകരം 1·8 ദശലക്ഷം ടൺ കമ്മിയുണ്ടാക്കുന്ന 1·1 ദശലക്ഷം ടൺ മാത്രമായിരുന്നു. നിലവിലുള്ള പദ്ധതിക്കാലത്തിൻെറ അവസാനം 2.015 ദശലക്ഷം ടണ്ണും പദ്ധതിക്കാലത്തിൻെറ അവസാനം 2·485 ദശലക്ഷം ടണ്ണുമായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

വ്യക്തമായ കാരണങ്ങൾ കൊണ്ട്, വിദേശങ്ങളിൽ നിന്നുമുള്ള ഇറക്കുമതി വഴി കേരളത്തിൻെറ അരിയുടെയും മററു ധാന്യങ്ങളുടെയും കമ്മി നികത്തുവാൻ സാധ്യമല്ല. ഭാരതത്തിലെ മിച്ച ഉൽപാദനമുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്നു ധാന്യങ്ങൾ വാങ്ങി ഇപ്പോഴുള്ള ഉൽപാദനത്തിൻെറ കുറവു നികത്താൻ കഴിഞ്ഞേക്കും. എന്നാൽ ആഭ്യന്തരോൽപാദനത്തിൽ സാരമായ വർധനവും അസാധ്യമാകുമോ എന്ന് സംശയിക്കേണ്ടതില്ല. കാരണം പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട കേരളം, അരിയുൽപാദനത്തിനുതകുന്ന ഭൂമിയും, കാലാവസ്ഥയും, സുലഭമായ മഴയും, പ്രകൃതിദത്തമായ ജലസേചന–നീർവാർച്ചാസൗകര്യങ്ങളും ഉള്ളതുകൊണ്ട് നെൽക്കൃഷിക്കേററവും പററിയതാണ്. നെടുംകൃഷിക്കുള്ള സാധ്യത കുറവാണെന്നുള്ളത് സത്യമാണ്,എന്നാൽ കുടാകൃഷിക്ക് വളരെ സാധ്യതയുണ്ടുതാനും. സംസ്ഥാനത്തെ അരിയുല്പാദനം ഹെക്ടറിന് 2100 കിലോഗ്രാം മാത്രമാണ്. യു എ ആറിൻെറ 5800, ജപ്പാൻെറ 5700, തയ്‌വാൻെറ 3600, കൊറിയയുടെ 3100എന്നിവയുമായി തട്ടിച്ചുനോക്കിയാലിത് വളരെ കുറവാണ്. അരിയുടെയും മററ് ഭക്ഷ്യവിളകളുടെയും ഉല്പാദനം കേരളത്തിലിപ്പോഴും പഴയ പരമ്പരാഗതമായ രീതികളെ ആശ്രയിച്ചിരിക്കുന്നു. മെച്ചപ്പെട്ട കാർഷികരീതികളുടെ പ്രചരണത്തെക്കുറിച്ച് ധനശാസ്ത്ര–സ്ഥിതിവിവരക്കണക്ക് ബ്യൂറോ ഈയിടയ്ക്ക് നടത്തിയ പഠനം ഇക്കാര്യത്തിലേക്ക് വെളിച്ചം വീശിയിട്ടുണ്ട്. മെച്ചപ്പെട്ട വിത്തുകൾ, രാസവളങ്ങൾ, ശാസ്ത്രീയമായി തയ്യാറാക്കിയ കംപോസ്റ്റ് രാസകീടനാശിനികൾ, നല്ല ഉപകരണങ്ങൾ, മെച്ചപ്പെട്ട സമ്പ്രദായങ്ങൾ എന്നിവ സംസ്ഥാനത്തിലെ കർഷകരിൽ നാലിലൊന്നു പേരെങ്കിലും സ്വീകരിച്ചിട്ടില്ലെന്ന് ആ പഠനം പറയുന്നു 27. "അനുഭോക്‌തൃ" കൃഷിക്കാരിൽ നാലിലൊന്നിൽ താഴെയുള്ളവർ മാത്രമേ മെച്ചപ്പെട്ട നെൽവിത്തുകൾ ഉപയോഗിച്ചുള്ളു. അതിൽ തന്നെ ആറിലൊന്ന് പേർ സർക്കാർ ഏജൻസികളിൽ നിന്നും വിത്തുകൾ സമ്പാദിച്ചവരാണ്. പക്ഷേ രാസവളം ഉപയോഗിക്കുന്നവരുടെ എണ്ണം വളരെയധികമാണ്. ധാന്യങ്ങളുടെ കാര്യത്തിലെന്നപോലെ പയറുവർഗങ്ങൾ, സസ്യങ്ങൾ, പഴങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കാര്യത്തിലും ഉൽപാദനവിപ്ലവം ഉണ്ടാകുന്നതിനാവശ്യമായ സംഗതികൾ വളരെ പ്രസിദ്ധമാണ്. ജലസേചന–നീർവാർച്ചാസൗകര്യങ്ങളുടെ വർധനവും കാര്യക്ഷമമായ ഉപയോഗവും, രാസ

വളം, കീടനാശിനികൾ, മെച്ചപ്പെട്ട അധികോൽപാദനം തരുന്ന വിത്തുകൾ, മെച്ചപ്പെട്ട കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും, ഗവേഷണം, വികസനസേവനങ്ങൾ എന്നിവയും ഇവയിലുൾപ്പെടുന്നു. ഏകദേശം മൂന്നിൽ രണ്ട് അനുഭോക്താക്കളല്ലാത്ത കർഷകരുൾപ്പെടെ സംസ്ഥാനത്തെ ഒരു നല്ല ശതമാനം കർഷകരും മെച്ചപ്പെട്ട കാർഷികരീതികളുടെ ഫലത്തെക്കുറിച്ച് ബോധവാന്മാരാണെന്ന് മേൽപറഞ്ഞ പഠനം വെളിപ്പെടുത്തുന്നു. അങ്ങിനെ ആധുനിക കാർഷികവിജ്ഞാനം സംസ്ഥാനത്തെ കർഷകരുടെയിടയിൽ വ്യാപകമായി പ്രചരിച്ചിട്ടുണ്ടെങ്കിലും അവരിൽ ചെറിയ ഒരു വിഭാഗം മാത്രമേ അവ പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ളു. വിഭവങ്ങളുടെ ദൗർലഭ്യം, അവ വാങ്ങി ഉപയോഗിക്കുവാനുള്ള കഴിവിന്റെയും പ്രേരണയുടെയും അഭാവം, അവ തീവ്രമായി ഉപയോഗിക്കുവാനാവശ്യമായ ഭൗതികവും സ്ഥാപനപരവുമായ പരിതസ്ഥിതികളുടെ അഭാവം എന്നിവ കൊണ്ടാണ്. അല്ലാതെ പ്രവൎത്തനവൈദഗ്ധ്യത്തിന്റെ കുറവ് കൊണ്ടല്ല അങ്ങനെ സംഭവിച്ചിട്ടുള്ളത്. ഈ പരിതസ്ഥിതികൾ മെച്ചപ്പെടുന്നതോടുകൂടി ധാന്യക്കമ്മി നികത്തുന്ന കാര്യം പ്രായോഗികമാകുന്നതാണ്.

(ബി) മാംസ്യാംശക്കുറവ്

നേരത്തേ പ്രസ്താവിച്ചതു പോലെ, മാംസ്യത്തിന്റെ ഉപഭോഗം അളവിലും ഗുണത്തിലും കുറവാണ്. പയറുവർഗങ്ങൾ, അണ്ടിപ്പരിപ്പുകൾ, സസ്യങ്ങൾ, പാല്, ക്ഷീരോല്പന്നങ്ങൾ എന്നിവയുടെ കാര്യത്തിൽ ഈ കുറവ് വളരെയധികമാണ്. മാംസം, മത്സ്യം, മുട്ട എന്നിവയുടെ ആകെയുല്പാദനം സമീകൃതാഹാരത്തിന്റെ അടിസ്ഥാനത്തിലുള്ള ആകെ ആവശ്യങ്ങളേക്കാൾ അധികമാണെങ്കിലും, അവ ഭൂരിപക്ഷം ജനങ്ങളുടെയും കഴിവിനപ്പുറത്താണ്.

വർധിച്ച ഗുണമുള്ള മാംസ്യാംശം കലർന്ന പയറുവർഗങ്ങൾ രുചികരവും ജനങ്ങളുടെയിടയ്ക്കിപ്പോൾ തന്നെ വ്യാപകമായി സ്വീകരിക്കപ്പെട്ടവയുമാണ്. എന്നാലവയുടെ ഏക്കർ ഒന്നിനുള്ള ഉല്പാദനം വളരെ കുറവാണ്. വർധിച്ച ഉല്പാദനം നൽകുന്ന വിവിധങ്ങളായ പയറുവർഗങ്ങളും അണ്ടിപ്പരിപ്പുകളും ഭാരതത്തിൽ ഇനി ഉണ്ടാക്കേണ്ടിയിരിക്കുന്നു. അവയുടെ വികസനത്തിന് വൻതോതിൽ വിഭവങ്ങൾ ഉപയോഗിക്കണം. വർധിച്ച ഉല്പാദനം നൽകുന്ന പയറുവർഗങ്ങൾ വികസിപ്പിക്കുവാൻ പ്രബലമായ ഗവേഷണം അത്യാവശ്യമാണ്. എന്നാൽ അതു് വളരെക്കാലം എടുക്കുമെന്നുള്ളതുകൊണ്ട്, ഉൽപാദനം പെട്ടെന്ന് വർധിപ്പിക്കുവാനാവശ്യമായ ഹ്രസ്വകാലനടപടികളാവശ്യമായിത്തീരുന്നു [28]. അതുകൊണ്ട് പ്രത്യേകം തെരഞ്ഞെടുത്ത വിളകളായ കപ്പലണ്ടി, സോയാബീൻസ്, പയറ്വർഗസസ്യങ്ങൾ, വർധിച്ച ഉല്പാദനം നൽകുന്ന മധുരക്കിഴങ്ങ്, ഉരുളക്കിഴങ്ങ് തുടങ്ങിയ വിളകൾക്ക് മുൻഗണന നൽകണമെന്ന് ലോകഭക്ഷ്യ–കാർഷിക സംഘടന നിർദേശിച്ചിട്ടുണ്ട്.

സസ്യങ്ങളിലുള്ള കുറവ് വളരെയധികമുണ്ടെങ്കിലും ദൃഢമായ പരിശ്രമമുണ്ടെങ്കിൽ അതു് നികത്തുവാൻ സാധിക്കും. നമ്മുടെ വീടുകളുടെ പിൻമുറ്റത്തു സസ്യപഴത്തോട്ടങ്ങൾ വച്ചു വികസിപ്പിക്കുവാൻ ധാരാളം സാധ്യതകളുണ്ട്. ഉദാ

മായ ധനസഹായവും ഉത്തേജനങ്ങളും, പരിശീലനം സിദ്ധിച്ച ഉപദേശകവികസന സേവന സൗകര്യങ്ങൾ, വിത്തുകളുടെ അനുസ്യൂതമായ ലഭ്യത, രാസവളങ്ങൾ, മററു വിഭവങ്ങൾ എന്നിവ കൊണ്ട് ശക്തിപ്പെടുത്തിയ അഭംഗുരമായ പ്രചരണത്തിന് ഈ മേഖലയെ ഒരു യഥാർത്ഥ ഹരിതവിപ്ലവത്തിലേക്ക് നയിക്കുവാൻ കഴിയും.

കാലിവളർത്തൽ, മത്സ്യബന്ധനം എന്നീ മേഖലകളിൽ നമ്മുടെ പരിശ്രമങ്ങൾ ഇരട്ടിപ്പിക്കേണ്ടതുണ്ട്. "യഥാർത്ഥത്തിൽ, സാങ്കേതികപരമായും വർധിച്ച പുരോഗതി സാധ്യമാകുന്ന കാലിവളർത്തൽ വ്യവസായത്തിന്റെ" നല്ലഭാവിയുള്ള വിഭാഗങ്ങളാണ് പന്നിവളർത്തലും കോഴിവളർത്തലും [29]. പരിപൂർണമായ പരിശ്രമങ്ങൾ, ആധുനിക വ്യാവസായികോല്പാദനരീതികളുടെ അംഗീകരണം, പൂരിത കാലിത്തീററയുടെ ഉപയോഗം, മെച്ചപ്പെട്ട മൃഗസംരക്ഷണസേവനങ്ങൾ, ഗവേഷണം എന്നിവ കാലിവളർത്തൽമേഖലയിൽ ഉണ്ടാകുന്ന വിപ്ലവത്തിനാവശ്യമാണ്. 366 മൈൽ വരുന്ന തീരദേശവും, അതിൽ നിന്നു കടലിലേക്ക് തള്ളിനിലകൊള്ളുന്ന 30—35 മൈൽ വരുന്ന മത്സ്യബന്ധനപ്രദേശവും, വിപുലമായ ഉൾനാടൻ മത്സ്യബന്ധനസൗകര്യങ്ങളും കൊണ്ട് അനുഗൃഹീതമായ കേരളത്തിൽ മത്സ്യബന്ധനവ്യവസായവികസനത്തിന് അന്തമില്ലാത്ത സാധ്യതകളുണ്ട്. നാമിപ്പോൾ സമുദ്രത്തിന്റെ ഒരു അരിക് മാത്രമേ തൊട്ടിട്ടുള്ളു. നമ്മുടെ ഭക്ഷ്യപ്രശ്നത്തിന്റെ പരിഹാരത്തിനും, സമ്പദ്‌വ്യവസ്ഥയുടെ പൊതുവായ വികസനത്തിനും സാരമായ സംഭാവനകൾ നൽകുവാനും വളരെ ഭാവിയുള്ളതുമായ ഈ സാധ്യതകളെ പരമാവധി മുതലെടുക്കുവാൻ യോജിച്ച പരിശ്രമമാവശ്യമാണ്. ആധുനിക മത്സ്യബന്ധനവ്യവസായത്തിനാവശ്യമായ വിഭവങ്ങളെക്കുറിച്ചും സാങ്കേതികരീതികളെക്കുറിച്ചും ഉള്ള നമ്മുടെ അറിവ് പരിമിതമാണെന്ന് സമ്മതിക്കാതെ വയ്യ. "സംസ്ഥാനത്തിന്റെ സമുദ്രവിഭവങ്ങളെ ഇതുവരെ വസ്തുനിഷ്ഠമായും ശാസ്ത്രീയമായും തിട്ടപ്പെടുത്തിയിട്ടില്ല. മത്സ്യബന്ധനപ്രദേശങ്ങൾ, മത്സ്യബന്ധനവിഭവങ്ങൾ, മത്സ്യബന്ധനരീതികൾ എന്നിവയെക്കുറിച്ചുള്ള നമ്മുടെ അറിവ് ഇന്നും ശൈശവാവസ്ഥയിൽ തന്നെയാണ്" [30].

എല്ലായിനം ആഹാരസാധനങ്ങളുടെ കാര്യത്തിലും വലിയ കമ്മിയുണ്ട്. അവയുടെയൊക്കെ ലഭ്യത വർധിപ്പിക്കാൻ സാധിച്ചാൽ അതൊരു വലിയ കാര്യമായിരിക്കും. എന്നാൽ ചുരുങ്ങിയ ഭൂവിഭവങ്ങളും മൂലധനവും കൊണ്ട് ഇത് സാധ്യമാകുമെന്ന് വിചാരിക്കുന്നത് വെറുതെയാണ്. അതുകൊണ്ട് നമ്മുടെ ആവശ്യങ്ങളും വിഭവങ്ങളും കണ്ടു കൊണ്ട് വർധിച്ച ഫലം ഏററവും വേഗത്തിൽ കിട്ടുവാൻ വേണ്ട ഒരു മുൻഗണനാക്രമം തന്നെ സ്വീകരിക്കേണ്ടിയിരിക്കുന്നു. ധാന്യക്കമ്മി നികത്തുന്നതിന് മുന്തിയ മുൻഗണന തന്നെ നൽകണം. ധാന്യങ്ങളിലുള്ള ആശ്രയത്വം, വെളിയിൽ നിന്നു കിട്ടാവുന്നതിന്റെ അനിശ്ചിതത്വവും ഉയന്ന ചെലവും, ആധുനിക വിഭവങ്ങളുടെയും രീതികളുടെയും തീവ്രമായ ഉപയോഗത്തിൽ കൂടി വർധിച്ച തോതിലുള്ള വിളവ് നേടാനുള്ള സാധ്യത എന്നിവ ഇതിനെ ന്യായീകരിക്കുന്നു. രണ്ടാമത്തെ മുൻഗണന നമ്മുടെ മത്സ്യ

ബന്ധനസൗകര്യങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിനായിരിക്കണം. ഇക്കാര്യത്തിൽ സംസ്ഥാനത്തിനു് അനന്തമായ സാധ്യതകളുണ്ടെങ്കിലും അവയിൽ ഒരു അംശം മാത്രമേ ഉപയോഗിക്കപ്പെട്ടിട്ടുള്ളു. വേണമെങ്കിൽ ഇതിനെ ഒരു വലിയ സ്വർണഖനിയെന്നോ ഡോളർഖനിയെന്നോ വിളിക്കാം. മത്സ്യത്തിൻെറയും മററു സമുദ്രോല്പന്നങ്ങളുടെയും വർധനവു് സ്പഷ്ടമായും നമ്മുടെ ഭക്ഷ്യപ്രശ്നപരിഹാരത്തെ പല വിധത്തിൽ സഹായിക്കും. പിന്നീടു വരുന്നതു് സസ്യങ്ങളാണു്. അവയുടെ ഉയന്ന പോഷകമൂല്യം കണക്കിലെടുത്താൽ ചെറിയ തോതിലും, കുറഞ്ഞ ചെലവിലും നടത്താവുന്ന വൻകിട സസ്യോല്പാദനത്തിനു് ഉയന്ന മുൻഗണന അവകാശപ്പെടാം. അവസാനത്തേതാണെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് നാശനഷ്ടം, കേടു് എന്നിവ കുറയ്ക്കുന്ന സംഭരണ വിതരണ–പാകപ്പെടുത്തൽ സൗകര്യങ്ങളെ മെച്ചപ്പെടുത്തുക എന്നതു്.

## സംഗ്രഹവും അനുമാനങ്ങളും

സംസ്ഥാനത്തു് നിലവിലുള്ള ആഹാരക്രമം തികച്ചും അപര്യാപ്തവും അസമീകൃതവുമാണു്. നാലിലൊന്നു ജനങ്ങളെങ്കിലും പോഷകക്കുറവുള്ളവരും, രണ്ടിലൊന്നു ജനങ്ങളെങ്കിലും പോഷകവൈകല്യമുള്ളവരുമാണെന്നു് ശരിക്കും ഊഹിക്കാവുന്നതാണു്. പോഷകക്കുറവുള്ളവരിൽ ഭൂരിഭാഗവും പോഷകവൈകല്യമുള്ളവരാണെന്നു അനുഭവം കാണിക്കുന്നു. ചുരുക്കത്തിൽ, ആരോഗ്യവും ചുറുചുറുക്കുമുള്ള ഒരു ജീവിതത്തിനു് വേണ്ട പോഷകാവശ്യങ്ങളുമായി തട്ടിച്ചുനോക്കിയാൽ സംസ്ഥാനത്തെ 50 ശതമാനം ജനങ്ങളും പോഷകക്കുറവു് അഥവാ പോഷകവൈകല്യം അഥവാ അവ രണ്ടും അനുഭവിക്കുന്നവരാണു്.

ഇന്നത്തെ വരുമാനനില കണക്കിലെടുത്താൽ, ഭൂരിഭാഗം ജനങ്ങളുടെയും കാര്യത്തിൽ സമീകൃതാഹാരം പ്രാപ്യമല്ല. ഐ. സി. എം. ആർ. നിർദ്ദേശിച്ച തരത്തിലുള്ള സമീകൃതാഹാരക്രമത്തിൻെറ അടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾ സംസ്ഥാനത്തെ ഭക്ഷ്യോല്പാദനത്തിലുമധികമാണു്. ധാന്യങ്ങൾ, പയറുവർഗങ്ങൾ, പാൽ, സസ്യങ്ങൾ, കൊഴുപ്പു്, പഞ്ചസാര തുടങ്ങിയ മിക്ക ആഹാരഇനങ്ങളിലും വലിയ കമ്മി നിലവിലുണ്ടു്. പഴങ്ങൾ, മാംസം, മത്സ്യം, മുട്ട എന്നിവയുടെ കാര്യത്തിൽ കുറച്ചു് മിച്ചമുണ്ടെങ്കിലും അവ വിലകൂടിയവയായതുകൊണ്ടു് സാധാരണ ജനങ്ങൾക്കു് വാങ്ങുവാൻ കഴിവില്ല. ഇക്കാര്യം നിലവിലുള്ള ആഹാരക്രമത്തിൽ തെളിഞ്ഞുകാണാം. അതുകൊണ്ടു് ഇപ്പോൾ പറഞ്ഞ ഇനങ്ങളുടെയും ഉല്പാദനം സാധാരണജനങ്ങൾക്കും കിട്ടത്തക്കവണ്ണം വളരെയധികം ഉയത്തിക്കൊണ്ടുവരേണ്ടതുണ്ടു്. ചുരുങ്ങിയ വിഭവങ്ങൾ വച്ചുകൊണ്ടു് ഇവയുടെയെല്ലാം ഉല്പാദനം വർധിപ്പിക്കുവാൻ സാധ്യമല്ല. അതിനാൽ ചില മുൻഗണനാക്രമങ്ങൾ സ്വീകരിക്കേണ്ടതുണ്ടു്. ഈ ദശവർഷത്തിൽ ധാന്യങ്ങൾ, മത്സ്യം, സസ്യങ്ങൾ എന്നിവക്കായിരിക്കണം മുൻഗണന എന്നു് താല്ക്കാലികമായി ഇവിടെ നിർദ്ദേശിക്കുന്നു.

കേരളത്തിലെ ഭക്ഷ്യപ്രശ്നത്തിൻെറ പരിഹാരം സാധ്യമാകുമെന്നുള്ള അനുമാ

KOTTAYAM PUBLIC LIBRARY KOTTAYAM.

നത്തിലാണ് ഞങ്ങൾ എത്തിയിട്ടുള്ളത്. സ്വയംപര്യാപ്തത കൈവരുത്തുകയെന്നത് അയുക്തിപരമല്ലെങ്കിലും, ഞങ്ങൾ അത് ശുപാർശചെയ്യുന്നില്ല.

ഭക്ഷ്യപ്രശ്നത്തിന്റെ പരിഹാരത്തിന് ഒരു സഞ്ചിതസമീപനവും അഭംഗുരവും യോജിച്ചതുമായ പ്രവർത്തനവും ആവശ്യമാണ്. കേരളത്തിലെ ഭക്ഷ്യപ്രശ്നം അഗാധമായ ഒരു രോഗത്തിന്റെ ലക്ഷണം മാത്രമാണ്—സാമ്പത്തിക പിന്നോക്കാവസ്ഥയുടെയും നിശ്ചലതത്വത്തിന്റെയും. യഥാർഥത്തിൽ, പ്രശ്നത്തിന്റെ പരിഹാരം പൊതുവായ വികസനതന്ത്രവുമായി സംയോജിപ്പിക്കണം.

വിവിധങ്ങളായ ആഹാരസാധനങ്ങളുടെ കാര്യത്തിൽ കണ്ടുവരുന്ന വലിയ വിടവുപോലെ തന്നെയാണ് ഭക്ഷ്യപ്രശ്നത്തിന്റെ വിവിധവശങ്ങളെക്കുറിച്ചുള്ള നമ്മുടെ അറിവിലും കണ്ടുവരുന്ന വിടവ്. നമ്മുടെ അറിവില്ലായ്മയുടെ സൂചിക വളരെ വലുതാണ്. ഞങ്ങളുടെ ഈ പഠനഅഭ്യാസത്തിൽ അനുഭവപ്പെട്ട ഏററവും വലിയ പ്രശ്നഭാഗം, പ്രശ്നത്തെ ശരിക്കും വിലയിരുത്തുവാനും പ്രവർത്തനത്തിനാവശ്യമായ നിർദേശങ്ങളുടെ പരിണതഫലങ്ങൾ കണക്കാക്കുന്നതിനും വേണ്ട അടിസ്ഥാനവസ്തുതകളുടെ അഭാവമാണ്. അതിനാൽ ഞങ്ങളുടെ ഈ അഭ്യാസത്തിന്റെ അഗാധത, ഉഗ്രത, സൂക്ഷ്മത എന്നിവ തീർച്ചയായും കുറഞ്ഞിട്ടുണ്ട്.

ഇതു് ഭാവിമാർഗങ്ങളും, ഗവേഷണമേഖലകളും നിർദേശിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നു. ഭക്ഷ്യപ്രശ്നത്തിന്റെ പഠനത്തിൽ ഒരു ബഹുശിക്ഷണസമീപനം കൊണ്ടുവരേണ്ടതുണ്ട്. കേരളത്തിന്റെ ഭക്ഷ്യപ്രശ്നം സർക്കാരിന്റെ കുറച്ച് ഡിപ്പാർട്ടുമെന്റുകളുടെ മാത്രം താല്പര്യമായി തീർന്നിരിക്കുന്നുവെന്നു തോന്നുന്നു. അവിടെ തന്നെ താല്പര്യമുള്ള ആളുകൾ ഒന്നിച്ചുകൂടാറില്ല. പോഷണം, പൊതുജനാരോഗ്യം, വിളശാസ്ത്രം (**agronomy**), ധനശാസ്ത്രം, സ്ഥിതിവിവരക്കണക്ക്, സാമൂഹ്യമനശ്ശാസ്ത്രം എന്നീ മേഖലകളിലെ വിദഗ്ധന്മാരുടെ യോജിച്ച ശ്രമങ്ങൾ അവരുടെ ഒററയ്ക്കുള്ള ശ്രമങ്ങളേക്കാൾ ഫലവത്തായിരിക്കും. ഈ മേഖലകളിൽ പെടുന്ന ധാരാളം വൈദഗ്ധ്യവാസനകൾ സംസ്ഥാനത്തുണ്ട്. പക്ഷേ സർക്കാരിനെപോലുള്ള ഒരു ഏജൻസിക്കു മാത്രമേ സംസ്ഥാനത്തിന്റെ ഏററവും പ്രമുഖമായ പ്രശ്നത്തിന്റെ പരിഹാരത്തിനു വേണ്ടി ഈ വാസനകളെ ഒന്നിച്ചുകൊണ്ടുവരുവാൻ സാധിക്കുകയുള്ളു.

## അനുബന്ധം-1

### ശരാശരി പ്രാദേശിക ആഹാരക്രമങ്ങളുടെ ചേരുവ—പ്രധാന ഭക്ഷ്യവിഭാഗങ്ങളിൽ നിന്നും കിട്ടുന്ന കലോറികൾ

| | പ്രതിദിന ആളോഹരി—റീട്ടെൽതലത്തിൽ | | | | | | | |
|---|---|---|---|---|---|---|---|---|
| | ലോകം | | വിഭാഗം II | | ഇന്ത്യ | | കേരളം | |
| | കലോറികൾ | % | കലോറികൾ | % | കലോറികൾ | % | കലോറികൾ | % |
| ധാന്യങ്ങൾ | 1317 | 54·3 | 1168 | 38·2 | 1324 | 67·2 | 1203 | 72·1 |
| പഞ്ചസാര | 179 | 7·4 | 349 | 11·4 | 158 | 8·0 | 72 | 4·3 |
| പയറുവർഗങ്ങളും അണ്ടിപ്പരിപ്പുകളും | 135 | 5·6 | 62 | 2·0 | 204 | 10·3 | 83 | 4·9 |
| അന്നജക്കിഴങ്ങുകൾ | 198 | 8·2 | 227 | 7·4 | 28 | 1·4 | 120 | 7·2 |
| പഴങ്ങളും സസ്യങ്ങളും | 81 | 3·3 | 118 | 3·9 | 30 | 1·5 | — | — |
| മാംസം | 140 | 5·8 | 322 | 10·5 | 6 | 0·3 | — | — |
| മത്സ്യം | 20 | 0·8 | 26 | 0·9 | 4 | 0·2 | 87 | 5·2 |
| മുട്ട | 17 | 0·7 | 43 | 1·4 | 1 | 0·1 | — | — |
| പാൽ | 144 | 6·0 | 345 | 11·3 | 118 | 6·0 | 33 | 2·0 |
| കൊഴുപ്പും എണ്ണകളും | 192 | 7·9 | 399 | 13·0 | 97 | 4·9 | 72 | 4·3 |
| ആകെ | 2420 | 100·0 | 3060 | 100·0 | 1970 | 100·0 | 1670 | 100·0 |

അവലംബം: ലോകം, വിഭാഗം II, ഇന്ത്യ എന്നിവയെ സംബന്ധിച്ച കണക്കുകൾ എടുത്തിട്ടുള്ളത് സുഖാട്മേയിൽ (1965) നിന്നാണ്; കേരളത്തിനെ സംബന്ധിച്ച കണക്കുകൾ എടുത്തിട്ടുള്ളത് ഐ. സി. എം. ആർ. (1969)-ൽ നിന്നും.

## അനുബന്ധം—2

ശരാശരി ഭാരതീയ സമീകൃതാഹാരക്രമത്തിൻെറ കണക്കുകൂട്ടലിനു് ഐ. സി. എം. ആർ (1969) സ്വീകരിച്ച അടിസ്ഥാനം.

1. 1—3, 4—6, 7—9, 10—12, 13—18, പ്രായപൂർത്തിയായവർ എന്നിങ്ങനെ വയസ്സു് മുറയ്ക്കു് തിരിച്ച ജനവിഭാഗങ്ങൾ + ഗർഭകാലം, മുലകൊടുക്കുന്ന ഘട്ടം എന്നിവയ്ക്കുള്ള അലവൻസുകൾ.

2. തൂക്കം, പ്രവർത്തനം, വളർച്ച, ഭക്ഷണത്തിൻെറ ഗുണം എന്നിവ മുന്നിൽ കണ്ടുകൊണ്ടു് ശാസ്ത്രീയമായി തയ്യാറാക്കിയ പഠനങ്ങൾ ഉപയോഗിച്ചാണു് ഓരോ ജനവിഭാഗങ്ങളുടെയും ആവശ്യങ്ങൾ കണക്കാക്കിയിട്ടുള്ളതു്.

3. ആകെ = $\sum P_i t_i$. അതിൽ $_{ith}$ ജനവിഭാഗത്തിലുള്ളവരുടെ ശതമാനം $P_i$ യും, $t_i$ അവയ്ക്കു് നിർദേശിക്കപ്പെട്ട ഭക്ഷണത്തിൻെറ അളവും.

4. $$\text{ശരാശരി} = \frac{\text{ആകെ}}{\sum P_i} = \frac{\text{ആകെ}}{100} = \frac{P_i t_i}{\sum P_i}$$

5. സസ്യഭുക്കുകൾക്കും മാംസഭുക്കുകൾക്കും കൂടി തയ്യാറാക്കിയതു്. അവർ യഥാക്രമം 28·4 ശതമാനവും 71·6 ശതമാനവും ആകുന്നു, അവരുടെ ശരാശരി കണക്കു കൂട്ടിയിരിക്കുന്നു.

അടിക്കുറിപ്പുകൾ

1. കേരളസർക്കാർ, മൂന്നാംപഞ്ചവത്സരപദ്ധതി—കരടുരൂപരേഖ, 1960 പേജ്, 7.

2. കേരളസർക്കാർ, ബജററ് 1968–69, ധനകാര്യമന്ത്രിയുടെ പ്രസംഗം പേജ്. 3.

3. കേരളസർക്കാർ, നാലാംപഞ്ചവത്സരപദ്ധതി, 1969–74, ഒരു കരടുരൂപരേഖ, പേജ്. 8.

4. കേരളസർക്കാർ, കേരളം–1961, വാർഷിക സാമ്പത്തികപുനരവലോകനം, തിരുവനന്തപുരം, 1962, പേജ് 25.

5. കേരളസർക്കാർ, കേരളം ഒരു സാമ്പത്തികപുനരവലേകനം, 1963 പേജ് 22; കേരളം, ഒരു പുനരവലോകനം, 1968, പേജ്, 33.

6. കേരളസർക്കാർ, സാമ്പത്തികപുനരവലോകനം, കേരളം 1969, തിരുവനന്തപുരം, 1970, പേജ് 19.

7. മൂന്നാംപഞ്ചവത്സരപദ്ധതി, കരടുരൂപരേഖ പേജ് 21.

8. കേരളസർക്കാർ, മൂന്നാംപഞ്ചവത്സരപദ്ധതി നയവും പരിപാടിയും, പേജ് 9.

9. നാലാംപഞ്ചവത്സരപദ്ധതി, പേജ് 15.

10. നാലാംപഞ്ചവത്സരപദ്ധതി, പേജ് 20,

11. ഡോക്ടർ മാത്യൂ കുര്യൻ, "ഭക്ഷ്യനയം കേരളത്തിനു്", ഫോക്കസ് ഓൺ കേരള, എൻടിൻടെ പ്രൈവററ് ലിമിററഡ്, ന്യൂ ഡൽഹി, പേജ് 25.

12. ഡോക്ടർ ബി. നടരാജൻ, "കേരളത്തിൻെറ ഭക്ഷ്യപ്രശ്നം ദേശീയ പശ്ചാത്തലത്തിൽ," ഫോക്കസ് ഓൺ കേരള, പേജുകരം, 21—23 നോക്കുക. സി. നാരായണൻ, "കൃഷിയും ഭക്ഷ്യപ്രശ്നവും കേരളത്തിൽ", ഫോക്കസ് ഓൺ കേരള, പേജുകരം 39—40.

13. എൻ. സി. അഗർവാരം, ഇന്ത്യയുടെ ഭക്ഷ്യപ്രശ്നം. വോറ ആൻഡ് കമ്പനി, ബോംബെ, 1961. പേജുകരം 75—77.

14. പി. വി. സുഖാട്മേ, ഇന്ത്യയുടെ വളരുന്ന ദശലക്ഷങ്ങളുടെ ഭക്ഷണം, ഏഷ്യാപബ്ലിഷിങ് ഹൗസ്, ബോംബെ. 1965. പേജ് 35.

15. ഐ. സി. എം. ആർ, ഇന്ത്യയുടെ ആഹാരക്രമഭൂപടം, 1969.

16. സുഖാട്മേ, പേജ് 79.

17. ഇന്ത്യയുടെ ന്യൂട്രീഷൻ സൊസൈററിയുടെ പ്രവത്തനറിപ്പോർട്ട് 1967.

18. സുഖാട്മേ, പേജ് 3.

19. എഫ്. എ. ഓ / ഡബ്ല്യൂ. എച്ച്. ഓ / യു. നി. സെ. ഫ്.

20. അനുബന്ധം—പട്ടിക—1 നോക്കുക.

21. അഗർവാരം, പേജ് 99.

22. അനുബന്ധം—പട്ടിക—1 നോക്കുക.

23. ഡോക്ടർ ഗോപാലൻ, ഇൻഡ്യയുടെ ന്യൂട്രീഷൻ ഭൂപടം, ഐ. സി. എം. ആർ, 1969.

24. ഐ. സി. എം. ആർ, 1969.

25. ഡോക്ടർ ഗോപാലൻ, 1969.

26. ഡോക്ടർ ഗോപാലൻ, ആറു കേന്ദ്രങ്ങളിലെ ഐ. സി. എം. ആർ. പഠനങ്ങളെയടിസ്ഥാനമാക്കി.

27. ഇവാല്യൂവേഷൻ വിഭാഗം, സംസ്ഥാന പ്ലാനിങ് ബോർഡ്, മെച്ചപ്പെട്ട കാർഷികരീതികളുടെ പ്രചരണത്തിൻെറ വ്യാപ്തി, ഇവാല്യൂവേഷൻപഠനം, 1969, സൈക്ലോസ്റ്റൈൽ ചെയ്തതു്.

28. ഐ. ഡബ്ല്യൂ. പി., പേജ് 34.

29. ഐ. ഡബ്ല്യൂ. പി., പേജ് 35.

30. കേരളസർക്കാർ, ഫിഷറീസ്, പ്രബന്ധം, 3 നാലാം പഞ്ചവത്സരപദ്ധതിയെക്കുറിച്ചുള്ള സെമിനാർ, കേരളം. 1964, പേജ് 9.

രണ്ടു ലേഖകന്മാർ

# 6

# കടൽ—കേരളത്തിന്റെ പ്രത്യാശ

## ആമുഖം

ഈ ലേഖനം തയ്യാറാക്കുന്നതിൽ രണ്ടു് ഉദ്ദേശ്യങ്ങളാണു് എനിക്കുള്ളതു്. അധികാരതലങ്ങളിലിരിക്കുന്ന സർവരാലും ഇതു്വരെ തീരെ അവഗണിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയിലേക്കു്, കേരളത്തിന്റെ സാമ്പത്തികപ്രശ്നങ്ങളിൽ താല്പര്യമുള്ള സാമ്പത്തികചിന്തകന്മാരുടെയും, പദ്ധതിയാവിഷ്കാരകന്മാരുടെയും ശ്രദ്ധ ക്ഷണിക്കുകയെന്നതാണു് ഇതിലാദ്യത്തേതു്. കേരളത്തിന്റെ സാമ്പത്തികോന്നതി കടലുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണു് വസ്തുത. കേരളത്തെ സംബന്ധിച്ചിടത്തോളം, കടലിൽ നിന്നുള്ള വിഭവങ്ങൾക്കാണു് ഒരു പക്ഷേ, കരയിൽ നിന്നുള്ളവയെക്കാൾ പ്രാധാന്യം. ഈ കടൽസമ്പത്തുകളെ പരമാവധി ഉപയോഗിക്കത്തക്കരീതിയിൽ നമ്മുടെ വികസനപദ്ധതികൾ മുഴുവൻ പുനരാവിഷ്കരിക്കേണ്ടതുണ്ടു്. കടൽത്തീരത്തിന്നപ്പുറത്തുള്ള വിഭവങ്ങളെ പൂർണമായി പ്രയോജനപ്പെടുത്താതെ കേരളത്തിന്നു് ഒരിക്കലും സാമ്പത്തിക സ്വാതന്ത്ര്യം കൈവരിക്കാനാവില്ല. കേരളത്തെ സംബന്ധിച്ചു് കടലുകളുടെ വിഭവസമൃദ്ധിയിലേക്കു് ഈ സിംപോസിയത്തിൽ പങ്കെടുക്കുന്നവരുടെ ശ്രദ്ധ തിരിച്ചുവിടുകയും കടൽസമ്പത്തിനെ സംഘടിപ്പിക്കുന്നതിൽ നാം സ്വീകരിക്കേണ്ട പ്രവൃത്തിപഥങ്ങൾ സൂചിപ്പിക്കുകയുമാണു് എന്റെ രണ്ടാമത്തെ ഉദ്ദേശ്യം. നമ്മുടെ രാജ്യത്തിന്റെ ചുററുമുള്ള സമുദ്രങ്ങളുടെ വിഭവസമൃദ്ധിയിലേക്കു് വളരെ വൈകിയാണു് നാം കണ്ണുതുറന്നു നോക്കുന്നതു്. ഇക്കാരണത്താൽ, പ്രയോജനകരമായ എല്ലാ നടപടികളെയും ഉടനെ എടുത്തു പറയുക പ്രയാസമാണു്. ശാസ്ത്രീയവും സാങ്കേതികവുമായ രംഗങ്ങളിൽ മാത്രമല്ല, പ്രായോഗികനടപടികൾ കൈക്കൊള്ളാനുള്ള സാമ്പത്തികശേഷിയിലും നമുക്കു് പോരായ്മകൾ ധാരാളമുണ്ടു്.

## ജനസംഖ്യ—കടൽ വിസ്തീർണ അനുപാതം

ഭൂമിയിലെ കരപ്രദേശത്തിന്റെ 2·5 ശതമാനം മാത്രമാണു് ഇന്ത്യ. എങ്കിലും ഈ രാജ്യം ആഗോളജനസംഖ്യയുടെ 15 ശതമാനത്തെ തീററിപ്പോറേറണ്ടതുണ്ടു്. കേരളത്തിന്റെ നില ഇതിലും ശോചനീയമാണു്. കേരളം ഭാരതഭൂമിയുടെ നൂറിലൊന്നാണെങ്കിലും, രാഷ്ട്രത്തിന്റെ നാലു ശതമാനം ജനങ്ങളും

ഇവിടെ തിങ്ങിവസിക്കുന്നു. ആളോഹരി ലോകശരാശരിയുടെ ഇരുപത്തഞ്ചി ലൊന്നു ഭൂമി മാത്രമാണ് ഓരോ കേരളീയനും ലഭിക്കുന്നത് എന്നർഥം. ജനങ്ങളും ഭൂമിയും തമ്മിലുള്ള അനുപാതത്തിലെ ഈ അസന്തുലിതാവസ്ഥ തന്നെയാണ് കേരളീയരുടെ പല വിഷമങ്ങൾക്കും കാരണമെന്ന് നിസ്സംശയം പറയാം. എന്നാൽ തുല്യപ്രസക്തിയുള്ള മററൊരു വസ്തുതയിലേയ്ക്ക് കൂടി ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. ഇന്ത്യയുടെ കടൽത്തീരത്തിൻെറ പത്തിലൊന്നു കേരളത്തിൻേറതാണ്. നമ്മുടെ കടൽവിഭവങ്ങളുടെ പത്തു ശതമാനമെങ്കിലും കേരളത്തിൻെറ വരുതിയിലാണെന്നർഥം, തീർച്ചയായും, കടൽവിഭവത്തിൻെറ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരളം തന്നെയാണ്. ജനങ്ങളും കടലും തമ്മിലുള്ള അനുപാതത്തെ അവഗണിച്ചു കൊണ്ട് ജനങ്ങളും ഭൂമിയും തമ്മിലുള്ള അനുപാതത്തെ മാത്രം പരിഗണിക്കുന്നത് ഇന്നത്തെ കാലത്ത് അപര്യാപ്തമാണ്. വികസിതരാഷ്ട്രങ്ങളുടെ സാമ്പത്തിക ചിന്തനങ്ങളിൽ ആൾ—കടൽ അനുപാതത്തിന് ഇപ്പോൾ തന്നെ പ്രാമുഖ്യം നൽകപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. നമുക്ക് ലഭ്യമായ കരപ്രദേശം പരിമിതമാണെന്നും എന്നാൽ നമുക്ക് പ്രയോജനപ്രദമാക്കാവുന്ന കടൽപ്രദേശം സീമാതീതമാണെന്നും സ്പഷ്ടമായിരിക്കെ കരസമ്പത്തിനെ മാത്രം ആസ്പദമാക്കി വിപുലമായ വികസനപദ്ധതികൾ തയ്യാറാക്കിയതു കൊണ്ട് എന്തു പ്രയോജനമാണുള്ളത്? നമ്മുടെ എല്ലാ സാമ്പത്തികോദ്ധാരണപദ്ധതികളിലും കടലിനു വേണ്ടത്ര പ്രാധാന്യം നാം കൊടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## വിഭവവൈവിധ്യം

നമ്മുടെ രാജ്യം വളരെ വലുതാണ്, നാനാത്വത്തിൽ ഏകത്വമുൾക്കൊണ്ട നാടാണ് എന്നത് പലതവണ ആവർത്തിക്കപ്പെടാറുള്ള ഒരു പ്രസ്താവനയാണ്. ഭാഷ, സംസ്കാരം, ചരിത്രം എന്നിവയിൽ മാത്രമല്ല, സാമ്പത്തികവിഭവങ്ങളിലും ഓരോ സംസ്ഥാനത്തിനും സ്വന്തമായ പ്രത്യേകതകൾ ഉണ്ട്. വിഭവങ്ങളുടെ കാര്യത്തിൽ അയൽസംസ്ഥാനങ്ങളുമായി അനാവശ്യമായ തർക്കങ്ങളിലേർപ്പെടാതെ, സ്വതന്ത്രമാർഗങ്ങളിലൂടെ വികസനപ്രവർത്തനങ്ങളുമായി മുന്നേറാൻ അവസരവും ഉത്തരവാദിത്വവും ഓരോ സംസ്ഥാനത്തിന്നുമുണ്ട് എന്നാണ് ഈ വസ്തുത വ്യക്തമാക്കുന്നത്. ഇന്ത്യയിലെ ഏററവും വലിയ സംസ്ഥാനം മധ്യപ്രദേശമാണ്. എന്നാൽ അതിനെക്കാൾ ചെറിയ സംസ്ഥാനങ്ങളായ പഞ്ചാബിനും തമിഴ്നാടിനും കൈവരുന്ന കാർഷികസമൃദ്ധി കൈവരിക്കാൻ മധ്യപ്രദേശത്തിനു പ്രയാസമാണ്. വിസ്തൃതി കൂടുതലുണ്ടെങ്കിലും, പാറയും മണലും നിറഞ്ഞ വരണ്ട ഭൂപ്രകൃതി തീക്ഷ്ണമായ കാർഷികശ്രമങ്ങൾക്കോ നേട്ടങ്ങൾക്കോ യോജിച്ചതല്ല. മൈസൂരിലെന്നപോലെ ഇടതിങ്ങിയ ഹരിതവനങ്ങൾ കാശ്മീരിൽ കാണപ്പെടുന്നില്ല. പഴക്കൃഷിയും ടൂറിസവുമാണ് കാശ്മീരിൻെറ വരുമാനമാർഗങ്ങൾ. ബിഹാർ, ഒറീസ്സ തുടങ്ങിയ മദ്ധ്യേന്ത്യൻ സംസ്ഥാനങ്ങളിൽ ഇരുമ്പും കൽക്കരിയും സുലഭമാണ്. എന്നാൽ ഗുജറാത്തിലും ആസ്സാമിലും എണ്ണ

യാണ് സമൃദ്ധമായി കാണപ്പെടുന്നത്. പരിമിതമായ ഭൂമി, നന്നേ കുറച്ച് ഖനന വിഭവം, കണക്കില്ലാതെ വളൎന്നുകൊണ്ടിരിക്കുന്ന ജനസംഖ്യ—ഈ വസ്തുതകൾ വ്യക്തമാക്കുന്നത് കേരളത്തിന് സാമ്പത്തികാഭിവൃദ്ധി കൈവരിക്കാൻ ഒരേയൊരു പോംവഴി കടലിലേക്കു തിരിയുകയെന്നതു് മാത്രമാണ് എന്നാണ്. സ്വന്തം വിഭവങ്ങളെയും സാധ്യതകളെയും അസ്പദമാക്കിയാണ് സാമ്പത്തികവികസനപരിപാടികൾ ആവിഷ്കരിക്കേണ്ടതു്. കേരളത്തെ സംബന്ധിച്ചിടത്തോളം കടൽപ്രദേശത്തിന് കരപ്രദേശത്തെക്കാൾ പ്രാധാന്യം ഇനിയുള്ള കാലങ്ങളിൽ നല്കപ്പെടണം. അനുകൂലമായ ആൾ—കടൽ അനുപാതം നമുക്ക് ലഭിച്ച ഒരു അനുഗ്രഹമാണ്. ഈ വസ്തുത അവഗണിക്കുന്നതു് യുക്തിസഹമായിരിക്കുകയില്ല. വാസ്തവത്തിൽ ഒരു തീരദേശരാജ്യത്തിനും കടലിനെ അവഗണിക്കാൻ ഇനി സാധ്യമല്ല. നമ്മുടെ വിഭവങ്ങളുടെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട്, കേരളത്തിൻെറ വികസനപ്രവൎത്തനങ്ങൾക്കു തികച്ചും വ്യത്യസ്തമായ മാനദണ്ഡങ്ങളും ലക്ഷ്യങ്ങളും സ്വീകരിക്കുവാൻ നാം സ്വയം ഒരുങ്ങേണ്ടതുണ്ട്. കേരളത്തിൻെറ വികസനപരിപാടികൾ തയാറാക്കുന്നതിൽ കേന്ദ്രസൎക്കാരിൻെറ പഴകിയ മാതൃക തന്നെ നാം പിന്തുടരേണ്ടതില്ല. പഴയ രീതികളിൽ തന്നെ ഉറച്ചു നിൽക്കുകയും നമ്മുടെ മുമ്പിൽ തുറന്നു കിടപ്പുള്ള പുത്തൻ കർമചക്രവാളങ്ങളുടെ നേരെ കണ്ണടയ്ക്കുകയും ചെയ്യുന്നതു് വാസ്തവത്തിൽ ഹാനികരമാണ്.

## പ്രാദേശികപ്രശ്നങ്ങൾ

ജനസംഖ്യാവർധന, ഭക്ഷ്യക്കമ്മി, തൊഴിലില്ലായ്മ എന്നിവയാണ് നമ്മുടെ സംസ്ഥാനത്തിൻെറ മാറാവ്യാധികൾ. എന്നാൽ പ്രാദേശികാടിസ്ഥാനത്തിലുള്ള വിശകലനം വ്യക്തമാക്കുന്നതു് സ്റ്റേററിൻെറ എല്ലാ ഭാഗങ്ങളിലും ഈ പ്രശ്നങ്ങൾ ഒരേ തീക്ഷ്ണതയിൽ അനുഭവപ്പെടുന്നില്ല എന്നാണ്. ഭൂപരമായും സാമ്പത്തികമായും കേരളത്തെ കടലോരപ്രദേശം, ഉൾനാടൻസമതലം, ഉയൎന്ന മലമ്പ്രദേശങ്ങൾ എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി തിരിക്കാമെന്ന് തോന്നുന്നു. ജനസംഖ്യാധിക്യം, ഭക്ഷ്യക്കമ്മി, തൊഴിലില്ലായ്മ എന്നിവ ഏററവും തീക്ഷ്ണമായി അനുഭവപ്പെടുന്നതു് കടലോരപ്രദേശത്താണ്. നമ്മുടെ നഗരങ്ങളിൽ ഭൂരിഭാഗവും വളർന്നുവന്നിട്ടുള്ളതും കടലോരത്തിലാണ്. കടലോരപ്രദേശങ്ങളിൽ നഗരവികസനം കൂടുതൽ സംഭവിച്ചിട്ടുള്ളതു് ഒരു ശാപവും അതേ അവസരത്തിൽ ഒരനുഗ്രഹവുമാണെന്ന് പറയാം. വർധിച്ച ജനനിബിഡത ഭക്ഷ്യസ്വയംപൎയ്യാപ്തതയുടെ കാൎയ്യത്തിൽ കടലോരപ്രദേശങ്ങളെ പരാജയപ്പെടുത്തിയിരിക്കുന്നു. കാർഷികപ്രവൎത്തനങ്ങൾ പരിപൂർണമായി വികസിപ്പിച്ചാൽ പോലും ഭക്ഷ്യസ്വയംപൎയ്യാപ്തത കൈവരിക്കാൻ കടലോരപ്രദേശത്തിന് പ്രയാസമാണ് എന്നതാണ് ആദ്യത്തെ ശാപം. നഗരങ്ങളിലേക്ക് കുതിക്കുന്ന ജനങ്ങൾക്കെല്ലാം തൊഴിൽ ലഭിക്കാത്തതിനാൽ തൊഴിൽരഹിതരുടെ എണ്ണം ക്രമാതീതമായി പെരുകിക്കൊണ്ടേയിരിക്കുന്നുവെന്നതാണ് കടലോരനഗരങ്ങളിലെ മറെറാരു ശാപം. തീരത്തു നിന്നകലുന്തോറും ഈ രണ്ടു വിഷമതകളും പൊതുവേ

കുറയുന്നുവെന്നു് പറയാവുന്നതാണു്. തീരദേശത്തെ പ്രശ്നങ്ങളെ ആൾ–ഭൂമി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പരിഹരിക്കുക ദുഷ്കരമാണു്. വികസ്വരമായ ജനസംഖ്യയും ആനുപാതികമായി കുറഞ്ഞുവരുന്ന ഭൂമിയും സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ വിജയകരമായി കൈകാര്യംചെയ്യണമെങ്കിൽ കടലിനെക്കൂടി പരിഗണിച്ചേ മതിയാവൂ. ആൾ–കടൽ അനുപാതം കടലോരപ്രദേശത്തിന്റെ കാര്യത്തിൽ ഏററവും അനുകൂലമാണെന്നു് പറയേണ്ടതില്ലല്ലോ. ജനപ്പെരുപ്പം ചതുരശ്രകിലോമീററിൽ 1000 മോ 2000 മോ ഉള്ള സ്ഥലങ്ങളിൽ കരവിഭവങ്ങളെ മാത്രം ആശ്രയിച്ച സാമ്പത്തിക സ്വാതന്ത്ര്യം നേടുകയെന്നതു് എളുപ്പമല്ല. സമുദ്രവിഭവങ്ങളെ ആസ്പദമാക്കിയുള്ള തീവ്രവ്യവസായവൽക്കരണം മാത്രമാണു് ഒരേയൊരു പോംവഴി. ഇക്കാരണത്താലാണു്, കേരളത്തിന്റെ പ്രശ്നങ്ങൾ കടലോരപ്രദേശത്തിൽ കേന്ദ്രീകൃതമായിരിക്കുന്നതു് ഒരു അനുഗ്രഹമാണെന്നു് ഞാൻ മുൻമ്പേ സൂചിപ്പിച്ചതു്. സമുദ്രവിഭവങ്ങളെ ഏററവും കൂടുതൽ പ്രയോജനപ്പെടുത്താവുന്നതു് കടലോരത്തിലാണല്ലോ.

## മത്സ്യവ്യവസായത്തിന്റെ പ്രത്യേകതകൾ

കഴിഞ്ഞ രണ്ടു ദശകങ്ങളിലെ മത്സ്യബന്ധനപ്രവത്തനങ്ങളുടെ സവിശേഷത, ലോകമത്സ്യോൽപാദനം 1948–ൽ വെറും 19 ദശലക്ഷം ടണ്ണായിരുന്നതു് 1969 ആയപ്പോൾ 65 ദശലക്ഷം ടണ്ണായി വർധിച്ചു എന്നതാണു്. ഈ വർധനത്തോതു് കരയിൽ നിന്നുള്ള ഭക്ഷ്യോൽപാദനത്തിന്റെയും ജനസംഖ്യാവർധനവിന്റെ തോതിനേക്കാൾ കൂടിയതാണു്. എഫ്. ഏ. ഓ. വിദഗ്ധന്മാർ പറയുന്നതു് ലോകസമുദ്രങ്ങളുടെ മൊത്തവാർഷിക ജൈവോൽപാദനക്ഷമത 1,30,000 ദശലക്ഷം ടണ്ണാണെന്നാണു്. എന്നാൽ ഇന്ത്യയുടെ ഇന്നത്തെ വാർഷികമത്സ്യോൽപാദനം വെറും ഒരു ദശലക്ഷം ടണ്ണാണു്. എഫ്. ഏ. ഓ. വിദഗ്ധന്മാരും നമ്മുടെ ശാസ്ത്രജ്ഞന്മാരും ഒരുപോലെ അഭിപ്രായപ്പെടുന്നതു്, നിലവിലുള്ള സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ തന്നെ നമ്മുടെ മത്സ്യോൽപാദനം ഇന്നത്തേതിന്റെ പത്തിരട്ടിയാക്കി വർധിപ്പിക്കാമെന്നാണു്. ഇപ്പോൾ തന്നെ ഇന്ത്യയിൽ ഏററവുമധികം മത്സ്യബന്ധനം നടത്തുന്ന സംസ്ഥാനം കേരളമാണു്. രാജ്യത്തിന്റെ പത്തു ശതമാനം തീരമാണു് കേരളത്തിനുള്ളതെങ്കിലും, നാൽപതു് ശതമാനം മത്സ്യം ഇവിടെയാണു് പിടിക്കപ്പെടുന്നതു്. കഴിഞ്ഞ പല വർഷങ്ങളായി കേരളത്തിലെ സാമ്പത്തികരംഗം പൊതുവെ നിഷ്ക്രിയമായിരുന്നുവെന്നും വാർഷികവരുമാനത്തിലെ വർധന വെറും ഒരു ശതമാനത്തോടടുത്തായിരുന്നുവെന്നതും സുവിദിതമാണല്ലോ. എന്നാൽ മത്സ്യവ്യവസായരംഗത്തിൽ വ്യക്തമായ സക്രിയത പ്രകടമായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് അത്യധികം വാർഷിക വ്യതിയാനത്തിന് വിധേയമായിരുന്ന മത്സ്യബന്ധനപ്രവർത്തനങ്ങൾ ഈ വർഷങ്ങളിൽ സ്ഥിരീകൃതമായി എന്നു മാത്രമല്ല, എല്ലാ തുറകളിലും മത്സ്യവ്യവസായം വളരുകയും ചെയ്തിട്ടുണ്ടു്. 1947–നു മുമ്പ് യന്ത്രവൽകൃത മത്സ്യബന്ധനം ഇന്ത്യയിൽ ഏതാണ്ടു് അജ്ഞാതമായിരുന്നു. എന്നാൽ ഇന്നു 2000

ത്തിലേറെ യന്ത്രവൽകൃതബോട്ടുകാം ഈ നാട്ടിലുണ്ട്. ആദ്യം കൊച്ചിയിലും പരിസരങ്ങളിലും പിന്നീട് മററിടങ്ങളിലുമായി അനവധി സംസ്കരണഫാക്ടറികാം കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. മത്സ്യോൽപന്നങ്ങളുടെ കയററുമതി ഓരോ വർഷവും വർധിച്ചിട്ടുണ്ട്. ഈ വർധനവിനു കാരണം, രാജ്യത്തിൽ നിന്നുള്ള കാർഷിക—മത്സ്യോല്പന്നക്കയററുമതിയുടെ 29 ശതമാനം ഇന്നു കേരളത്തിൽ നിന്നാണ് എന്നതത്രേ. നേരിട്ട് മത്സ്യവ്യവസായത്തിലും നേരിട്ടല്ലാതെ ഐസ്പ്ലാൻറുകാം, മറൈൻവർക്ഷാപ്പുകാം, ബോട്ട്നിർമാണശാലകാം, മത്സ്യസംസ്കരണകേന്ദ്രങ്ങാം, മത്സ്യബന്ധനതുറമുഖങ്ങാം എന്നിവയിലും തൊഴിലവസരങ്ങാം നിരന്തരമായി കൂടിക്കൊണ്ടേയിരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നതു്, സാമ്പത്തികരംഗം തീരെ നിശ്ചലമായിരുന്ന കഴിഞ്ഞ പല വർഷങ്ങളിൽ മത്സ്യവ്യവസായം പൊതുവെയും, സമുദ്രോല്പന്നക്കയററുമതിവ്യവസായം പ്രത്യേകിച്ചും സജീവമായിരുന്നുവെന്നാണ്.

ജപ്പാൻ, പെറു എന്നീ രാഷ്ട്രങ്ങാം അടുത്ത കാലത്തു കൈവരിച്ചപോലുള്ള നേട്ടങ്ങാം ഫിഷറീസ്‌രംഗത്തു് നേടിയെടുക്കാനുള്ള സകല സാധ്യതകളും കേരളത്തിനുണ്ട്. പെറുവിൻെറ കാര്യം പ്രത്യേകം പരിഗണന അർഹിക്കുന്നു. അറബിക്കടലിന്നും സഹ്യാദ്രിക്കുമിടയിൽ കേരളമെന്നപോലെ, ഈ കൊച്ചുരാജ്യം ആൻഡസ്‌പർവതനിരകാംക്കും വിശാലമായ പസഫിക്ക് സമുദ്രത്തിനുമിടയിൽ സ്ഥിതി ചെയ്യുന്നു. സാമ്പത്തികമായി അത്യധികം പിന്നോക്കാവസ്ഥയിലായിരുന്ന പെറുവിന്നു മത്സ്യബന്ധനരംഗത്തു് ലോകത്തിൽ ഇരുപതാമത്തെ സ്ഥാനമാണുണ്ടായിരുന്നതു്. എന്നാൽ ആ രാജ്യത്തിൻെറ മത്സ്യസമ്പത്തു് അതിവിപുലമായിരുന്നു. പെറുവിലെ ജനങ്ങളും സർക്കാരും കാണിച്ച ബുദ്ധിപൂർവമായ ഉത്സാഹം കാരണം ഫിഷറീസ്‌വികസനത്തിനു് ഒരു ബൃഹത്പദ്ധതി ആവിഷ്കരിക്കപ്പെടുകയും നടപ്പാക്കപ്പെടുകയുംചെയ്തു. ഇന്നു ലോകത്തിലെ മത്സ്യബന്ധനരാഷ്ട്രങ്ങളിൽ ഒന്നാംസ്ഥാനമാണ് പെറുവിനുള്ളതു്, ഒരുകോടി ടൺ മത്സ്യം ഒരു വർഷത്തിൽ പെറുവിൽ ബന്ധിക്കപ്പെടുന്നുണ്ട്. അന്നാട്ടിൻെറ കടൽത്തീരത്തിനു കേരളതീരത്തിൻെറ മൂന്നിരട്ടി ദൈർഘ്യമാണുള്ളതു്. എന്നാൽ അവിടെ ബന്ധിക്കപ്പെടുന്നതു് കേരളത്തിൽ ബന്ധിക്കപ്പെടുന്നതിൻെറ ഇരുപതിരട്ടി മത്സ്യമാണ്! പെറുവിൻെറ സമ്പദ്‌വ്യവസ്ഥ പൊതുവെയും, കയററുമതി വ്യവസായം പ്രത്യേകിച്ചും സമുദ്രവിഭവങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. മത്സ്യബന്ധനത്തിൽ റഷ്യ, ജപ്പാൻ തുടങ്ങിയ വൻവ്യവസായരാഷ്ട്രങ്ങാം പോലും പെറുവിൻെറ പിന്നിലാണ്.

## കേരളത്തിൻെറ സാധ്യതകാം

മത്സ്യബന്ധനവ്യവസായത്തിൻെറ വികസനസാധ്യതയുടെ കാര്യത്തിൽ കേരളം അത്യധികം അനുഗൃഹീതമാണ്. വിശദമായ സമുദ്രശാസ്ത്രപഠനങ്ങാം വ്യക്തമാക്കുന്നതു് ഇന്ത്യയുടെ പൂർവതീരത്തെ അപേക്ഷിച്ച് പശ്ചിമതീരം കൂടുതൽ ഉൽപാദനാത്മകമാണെന്നാണ്. വിപുലമായ ഒരു കടലോരം മാത്രമല്ല,

മത്സ്യോൽപാദനത്തിന്നനുകൂലമായ കടൽജലത്തിന്റെ കലങ്ങിയിളക്കം, ലവണസമ്പന്നമായ ജലപ്രവാഹം തുടങ്ങിയ പ്രകൃതിപ്രക്രിയകളും സാധാരണമായിരിക്കുന്നതു് പശ്ചിമതീരത്താണു്. ഇതിൽ മൈസൂർ തീരത്തിന്റെ ഭൂരിഭാഗവും മത്സ്യബന്ധനപ്രവർത്തനങ്ങൾക്കു് യോജിച്ചതല്ല. വടക്കൻകാനറാ ജില്ലയിൽ പശ്ചിമഘട്ടനിരകൾ അറബിക്കടൽവരെയെത്തുന്ന എന്നതു് കാരണം ജനവാസയോഗ്യമായ കടൽത്തീരങ്ങളും മത്സ്യവ്യവസായവികസനത്തിന്നാവശ്യമായ പട്ടണങ്ങളും നന്നേ കുറവാണു്. ഗോവയുടെയും ദക്ഷിണമഹാരാഷ്ട്രത്തിന്റെയും പല ഭാഗങ്ങൾക്കും ഇതു്പോലുള്ള ഭൂപ്രകൃതി തന്നെയാണുള്ളതു്. ഗുജറാത്തുകരയോരം അത്യധികം ഫലഭൂയിഷ്ഠമാണു്. എന്നാൽ ഇവിടത്തെ ജനങ്ങളിൽ നല്ലൊരു ഭാഗത്തിനു് മത്സ്യാഹാരം സ്വീകാര്യമല്ല. ഇക്കാരണത്താൽ അതിരുചികരമായ മത്സ്യയിനങ്ങൾ പോലും വിദൂരമായ ബോംബെയിലേക്കും മററും അയക്കപ്പെടുകയാണു് ചെയ്യുന്നതു്. സാമൂഹ്യബോധം, വിദ്യാഭ്യാസം, സഹകരണപ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിൽ മേൽപറഞ്ഞ സർവ സംസ്ഥാനങ്ങളിലും മത്സ്യത്തൊഴിലാളികൾ തീരെ പിന്നോക്കാവസ്ഥയിലാണു്. പ്രകൃതിപരവും, സാമൂഹ്യവും, മാനുഷികവുമായ ഈ ന്യൂനതകളിൽ നിന്നു താരതമ്യേന സ്വതന്ത്രമായിരിക്കുന്നതു് തീരസംസ്ഥാനങ്ങളിൽ കേരളം മാത്രമാണു്. പുത്തൻ പ്രശ്നങ്ങൾ ഒന്നും തന്നെ സൃഷ്ടിക്കാതെ മത്സ്യബന്ധനവ്യവസായം പതിന്മടങ്ങു് വർധിപ്പിക്കാനും നൂതനദശകളിലേയ്ക്കു് വികസിപ്പിക്കാനും കേരളത്തിൽ സാധ്യമാണു്.

കടൽവിഭവമെന്നു പറയുമ്പോൾ മത്സ്യത്തെക്കുറിച്ചു മാത്രമാണു് പലരും ചിന്തിക്കുന്നതു്. എന്നാൽ മത്സ്യബന്ധനം കടലിന്റെ പ്രയോജനങ്ങളിൽ ഒന്നു മാത്രമാണു്. പൊതുവെ പറഞ്ഞാൽ സമുദ്രവിഭവങ്ങൾ നാലു് ഇനത്തിൽ പെടുന്നു: (1) ഏററവും പഴയതും ഇന്നും ഏററവും പ്രധാനപ്പെട്ടതും ആയ കടൽവിഭവം ഭക്ഷ്യവസ്തുക്കൾ തന്നെ. മനുഷ്യാഹാരത്തിന്നു് പററിയവയും കാലികൾക്കും കോഴികൾക്കും തീററയായി ഉപയോഗിക്കാൻ പററിയ വസ്തുക്കളും ഇതിൽ ഉൾപ്പെടുന്നു. (2) വിലപിടിച്ച പല രാസപദാർത്ഥങ്ങളും (കറിയുപ്പു് ഉൾപ്പെടെ) കടൽജലത്തിൽ നിന്നു് വേർതിരിക്കപ്പെടുന്നു. (3) പെട്രോളിയം, ഇരുമ്പു്, വൈരം തുടങ്ങിയ അനവധി വസ്തുക്കൾ കടൽത്തറയിൽ നിന്നു ഖനനം ചെയ്യപ്പെടുന്നു. (4) കടലിന്റെ മൗലികശക്തികൾ എന്നു വിശേഷിപ്പിക്കാവുന്ന വേലിയേററം, തിരമാലകൾ, താപം തുടങ്ങിയവ ഊർജോൽപാദനത്തിനു് പ്രയോജനപ്പെടത്താവുന്നവയാണു്. സമുദ്രാധിഷ്ഠിതമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ടു് വികസിതരാഷ്ട്രങ്ങളിൽ വലിയ ഫാക്ടറികോംപ്ലക്സുകൾ തീരദേശങ്ങളിലും പുറംകടലിലും ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ടു്. വാസ്തവത്തിൽ സമുദ്രവിഭവങ്ങൾ പിടിച്ചടക്കാനും സമുദ്രത്തിൽ ആധിപത്യം സ്ഥാപിക്കാനും വമ്പിച്ച മത്സരം തന്നെ നടക്കുന്നുണ്ടു്. ഇതു മൂത്തു് കടലായകടലൊക്കെ വൻരാഷ്ട്രങ്ങൾക്കു് വിധേയമായിത്തീർന്നേക്കാം എന്ന ഘട്ടം വന്നപ്പോഴാണു്, സമുദ്രവിഭവങ്ങളിലുള്ള തങ്ങളുടെ സ്വന്തം താൽപര്യം സംരക്ഷിക്കാനായി ചില ചെറുരാ

ഷ്ട്രങ്ങൾ സമുദ്രവിഭവപ്രശ്നം ഐക്യരാഷ്ട്രസഭയിൽ കൊണ്ടുവന്നത്. കടൽത്തറകളെയും ഇന്നത്തെ ദേശീയാധികാരപരിധിക്കപ്പുറമുള്ള സമുദ്രത്തറകളെയും സമാധാനപരമായ ഉദ്ദേശ്യങ്ങൾക്ക വേണ്ടി മാത്രം നീക്കിവെക്കുന്നതിനെയും, അവിടങ്ങളിലെ വിഭവങ്ങളെ മനുഷ്യരാശിയുടെ പൊതുതാല്പര്യത്തിനു വേണ്ടി ഉപയോഗിക്കുന്നതിനെയും സംബന്ധിക്കുന്ന പ്രഖ്യാപനവും ഉടമ്പടിയും" എന്ന പ്രമേയം 1967–ൽ ഇരുപത്തിരണ്ടാം ജനറൽ അസംബ്ലിയോഗത്തിൽ മാൾട്ട എന്ന കൊച്ചു രാഷ്ട്രത്തിന്റെ പ്രതിനിധി അവതരിപ്പിച്ചു. പ്രമേയത്തിന്റെ സത്തയോട് എല്ലാ രാഷ്ട്രങ്ങളും പൂർണമായി യോജിപ്പു പ്രകടിപ്പിച്ചു. എന്നാൽ വൻരാജ്യങ്ങൾ, കടലിൽ തങ്ങൾ കൈവരിച്ച മേധാവിത്വത്തെ നിലനിർത്താനും വികസിപ്പിക്കാനും കിണഞ്ഞുശ്രമിക്കുകയാണ് ചെയ്തത്. വാസ്തവത്തിൽ കടലിൽ ഇന്നു നിലനിൽക്കുന്നത് ഒരുതരം കൊളോണിയലിസമാണ്. കടൽ കൈയേററത്തിലാണ് ശക്തിരാഷ്ട്രങ്ങൾ ഇന്ന് ഏർപ്പെട്ടിരിക്കുന്നത്. വിദൂരമല്ലാത്ത ഭാവിയിൽ സമുദ്രവിഭവത്തിന്റെ നല്ലൊരുഭാഗം വൻരാജ്യങ്ങൾ ചൂഷണം ചെയ്യുകയോ, സ്വന്തമെന്ന് അവകാശപ്പെടുകയോ ചെയ്തേക്കാം.

## പ്രായോഗികവിഷമതകൾ

കടലിന്റെ സാധ്യതകളെക്കുറിച്ച് വർണപ്പകിട്ടുള്ള ഒരു ചിത്രമാണ് ഞാൻ വരച്ചിട്ടുള്ളത്. എന്നാൽ കടൽവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ ഉപകരിക്കുന്ന പ്രായോഗികനടപടികൾ പരിശോധിക്കുമ്പോഴാണ് നമ്മുടെ നിസ്സഹായത തെളിഞ്ഞുകാണുന്നത്. കടലിനെ സംബന്ധിക്കുന്ന സാങ്കേതികവിദ്യയിൽ നാം തീരെ പിന്നിലാണ്. എന്നാൽ അജ്ഞതയുടെ പേരിൽ കടൽസാധ്യതകളെ സാക്ഷാത്ക്കരിക്കാനുള്ള ശ്രമം നീട്ടിവെക്കുന്നത് അജ്ഞതയും പിന്നാക്കാവസ്ഥയും ശാശ്വതീകരിക്കാൻ മാത്രമേ പര്യാപ്തമാവുകയുള്ളൂ. തീവ്രമായ ശ്രമത്തിലൂടെ മാത്രമേ ഇവയെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ. സമുദ്രശാസ്ത്രത്തിലും സമുദ്രസാങ്കേതികവിദ്യയിലും നാം പിന്നോക്കാവസ്ഥയിലാണെന്നതും വൻതോതിൽ സമുദ്രവ്യവസായം സംഘടിപ്പിക്കുവാനുള്ള സാമ്പത്തികശേഷി ഇന്ന് നമുക്കില്ലെന്നതും ശരിതന്നെ. എങ്കിലും സമുദ്രവിഭവങ്ങളെ ചൂഷണം ചെയ്യാനുള്ള ഒരു ബൃഹത്പരിപാടി തയാറാക്കാനും നടപ്പിലാക്കാനും നാം ഒരുങ്ങണം. സമുദ്രവിഭവങ്ങളെ നമ്മുടെ ജനങ്ങളുടെ നനാമുഖമായ വളർച്ചയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്താൻ നിശ്ചിതകാലയളവിൽ പൂർത്തിയാക്കാവുന്ന പദ്ധതികൾ നാം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ആദ്യപടിയെന്ന നിലയിൽ നമ്മുടെ സമുദ്രവിഭവങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്താനും നിശ്ചിത കാലയളവിൽ നടപ്പിലാക്കാവുന്ന ഒരു പ്രായോഗികപദ്ധതിയും വിപുലമായ ഒരു റിപ്പോർട്ടും സമർപ്പിക്കാനും ഒരു ഉന്നതാധികാര കമ്മിഷനെ കേരളഗവണ്മെൻറ് നിയമിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തികവികസനം ദ്രുതഗതിയിൽ നേടിയെടുക്കാൻ പര്യാപ്തമായരീതിയിൽ സമുദ്രശാസ്ത്രത്തെയും സമുദ്രസാങ്കേതികവിദ്യയെയും പുനരാവിഷ്കരിക്കാൻ ആവശ്യമായ ക്രിയാത്മകമായ നിർദേശങ്ങൾ സമർപ്പിക്കാൻ കമ്മിഷനെ ഉത്തരവാദപ്പെടുത്തണം. കമ്മിഷനിലെ അംഗങ്ങൾ

ഭാവനയുള്ളവരായിരിക്കണം. യുവശാസ്ത്രജ്ഞന്മാർ, വ്യവസായപ്രമുഖർ, സാമ്പത്തികവിദഗ്ധന്മാർ, ഭരണോദ്യോഗസ്ഥന്മാർ, എൻജിനീയർമാർ എന്നിവരെയൊക്കെ കമ്മിഷനിൽ ഉൾപ്പെടുത്തുന്നതു് നന്നു്. ഇന്നത്തെ പഞ്ചവത്സരപദ്ധതികളിൽ നിന്നു തികച്ചും വ്യത്യസ്തമായ രീതിയിലായിരിക്കണം പ്രായോഗികപദ്ധതികൾ ആവിഷ്കരിക്കുന്നതു്. അലോട്ട്മെൻറ് പാസ്സാക്കുകയെന്നതോ, നിലവിലുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുകയെന്നതോ അല്ല പ്രശ്നം. പുത്തൻ ആശയങ്ങൾ ആവിഷ്കരിക്കുകയും അവയെ സാക്ഷാത്ക്കരിക്കുകയുമാണാവശ്യം.

## സക്കാരിൻെറ മാസ്റ്റർപ്ലാൻ

കേരളസക്കാർ തയ്യാറാക്കിയ '20-വർഷ ഫിഷറീസ് വികസനമാസ്റ്റർപ്ലാൻ' നമ്മുടെ മുമ്പിലുണ്ടു്. ഈ പദ്ധതിയുടെ വിശദാംശങ്ങളിലേയ്ക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചില അഭിപ്രായങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്താം. ആദ്യമായി, അതിൻെറ ഉദ്ദേശ്യങ്ങളിലും പ്രവത്തനരീതികളിലും പദ്ധതി തികച്ചും അനുദ്ധതമാണു്. എന്നിരുന്നാലും, പൂർണമായും ആത്മാർഥമായും നടപ്പിലാക്കിയാൽ ഈ സംസ്ഥാനത്തിൻെറ മുഖമാകെ മാററിമറിക്കാൻ ഈ മാസ്റ്റർപ്ലാനിനു് സാധ്യമായേക്കാം. പ്ലാനിലുൾപ്പെടുത്തിയിരിക്കുന്ന വികസനപരിപാടികൾ നടപ്പിലാക്കിയാൽ, സമുദ്രാധിഷ്ഠിതവും അല്ലാത്തതുമായ വ്യവസായങ്ങളുടെ വളർച്ചക്കാവശ്യമായ ആധാരഘടന പ്രദാനംചെയ്യാനും അനുകൂലവും ക്രിയാത്മകവുമായ ഒരന്തരീക്ഷം സൃഷ്ടിക്കാനും സാധ്യമായിത്തീരുന്നതാണു്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ രണ്ടു ദശകം തീർച്ചയായും കൂടുതലാണു്. പന്ത്രണ്ടോ പതിനഞ്ചോ വർഷങ്ങൾ ധാരാളം മതിയാകും. ഇത്രയും കാലയളവിൽ ഒതുങ്ങുന്ന രീതിയിൽ പദ്ധതിവിഹിതങ്ങൾ മാററി തയ്യാറാക്കണം. രണ്ടാമതായി, മത്സ്യവിഭവത്തിനു പുറമെ മററു സമുദ്രവിഭവങ്ങളെക്കൂടി, അവയെക്കുറിച്ചുള്ള പ്രായോഗികവിവരങ്ങൾ ലഭ്യമാകുമ്പോൾ, മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്താൻ സാധിക്കണം. സമുദ്രവിഭവങ്ങളെക്കുറിച്ചു് പഠിക്കാനും, പ്രായോഗികവിഭവാർജനപരിപാടികൾ തയ്യാറാക്കാനും ഒരു വിദഗ്ധക്കമ്മിഷനെ നിയമിക്കണമെന്നു് ഞാൻ മുമ്പ് പറഞ്ഞല്ലോ. ഫിഷറീസ് വികസനപദ്ധതിയോടനുബന്ധിച്ചു നടപ്പിലാക്കാവുന്ന ഇനങ്ങൾ കമ്മിഷൻെറ റിപ്പോർട്ടിലുണ്ടെങ്കിൽ തീർച്ചയായും അവയെക്കൂടി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണു്. വാസ്തവത്തിൽ നമ്മുടെ സമുദ്രവിഭവങ്ങളെക്കുറിച്ചു് ഒരു വിദഗ്ധറിപ്പോർട്ടു് തയ്യാറാക്കപ്പെടുകയാണെങ്കിൽ അതിൻെറ വെളിച്ചത്തിൽ ഫിഷറീസ് വികസനമാസ്റ്റർപ്ലാൻ ആകെ ഉടച്ചുവാർക്കണം. പ്ലാനിൻെറ ഉദ്ദേശ്യങ്ങളും അതിൻെറ പ്രവർത്തനരീതികളും കാലയളവും എല്ലാം തിരുത്തേണ്ടതുണ്ടാവും. കയററുമതിയെ ലാക്കാക്കിയുള്ള മത്സ്യവ്യവസായവികസനമാണു് മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നതു്. കയററുമതിവ്യാപാരം തല്ക്കാലം പ്രയോജനകരം തന്നെ; കാരണം നമ്മുടെ വികസനപ്രവത്തനങ്ങൾക്കാവശ്യമായ വിദേശനാണയം നമുക്കു് ലഭിക്കുന്നു. എന്നാൽ ഒരു സംസ്ഥാനത്തിൻെറ വ്യവസായവൽക്കരണത്തെ പൂർണമായും കയററുമതിവ്യാപാരത്തിൻെറ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതു് തീർച്ചയായും ആശാസ്യമല്ല. കേരള

ത്തെ സംബന്ധിച്ചിടത്തോളം ഇതു് കൂടുതൽ പ്രസക്തമാണു്. കാരണം, കരവിഭവങ്ങൾ തീരെ പരിമിതമായ നമ്മുടെ സംസ്ഥാനം വ്യവസായവൽക്കരണത്തിനു് കൂടുതൽ ആശ്രയിക്കേണ്ടതു് കടലിനെയാണു്. സമുദ്രാധിഷ്ഠിതവ്യവസായവൽക്കരണം കൂടുതൽ സമതുലിതമായിരിക്കുക തന്നെ വേണം.

## ദേശീയവിപണിയുടെ പ്രാധാന്യം

ഇന്ത്യ ഏതാണ്ടു് ഒരു വൻകരയാണെന്നു് പറയാം. ഒരു വൻരാജ്യമായിരിക്കുന്നതിൻെറ മുഖ്യ ഗുണം, നിർമിക്കപ്പെടുന്ന ഏതു് ഉല്പന്നത്തിനും രാജ്യാതിർത്തിക്കകത്തു തന്നെ വിപണി കണ്ടുപിടിക്കാമെന്നതാണു്. നമ്മുടെ വികസനോദ്യമങ്ങളിലൊക്കെ ഈ വസ്തുത നാം മുമ്പിൽ കാണണം. രാജ്യത്തിനകത്തെ വിപണികൾ തീർച്ചയായും പുറത്തുള്ളവയെക്കാൾ സ്ഥിരസ്വഭാവമാർന്നതാണു്. രാജ്യം കൂടുതൽ കൂടുതൽ സാമ്പത്തികമായി മുന്നേറുമ്പോൾ ഈ വസ്തുത കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ജനങ്ങളുടെ ഉപഭോഗശേഷി വർധിക്കുന്നുവെന്നതു് മാത്രമല്ല, കൂടുതൽ വ്യവസായവൽക്കരണത്തിനാവശ്യമായ സൂക്ഷ്മപരിഷ്കൃത യന്ത്രങ്ങൾ കുറഞ്ഞ വിലക്കു് നാട്ടിൽ തന്നെ നിർമിക്കപ്പെടുമെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണു്. ഭക്ഷ്യയിനമെന്ന നിലയിലുള്ള മത്സ്യത്തിൻെറ സവിശേഷത അതു പ്രോട്ടീൻസമൃദ്ധമാണു് എന്നതാണു്. കൂടുതൽ മത്സ്യാഹാരം ലഭിക്കുകയാണെങ്കിൽ, നമ്മുടെ ഭക്ഷ്യക്കമ്മിയും പ്രോട്ടീൻകമ്മിയും (ഇതു് ഇന്ത്യയിലുള്ള ഒരു ശാപമാണു്) എളുപ്പം നികത്താൻ കഴിയും. എന്നാൽ കിട്ടുന്ന മത്സ്യവിഭവം മുഴുവൻ കയററി അയക്കുകയാണെങ്കിൽ, പിന്നെ ഭക്ഷ്യക്കമ്മിയും പ്രോട്ടീൻകമ്മിയും നികത്താൻ മത്സ്യം പ്രയോജനപ്പെടുന്നതു് എങ്ങനെയാണു്? വിദേശവിപണിയോടൊപ്പം സ്വദേശവിപണിയും മുന്നിൽ കാണണമെന്നതിനു് വേറൊരു ന്യായം കൂടിയുണ്ടു്. നമ്മുടെ സംസ്ഥാനത്തിൻെറ വിഭവങ്ങളാണു് നാം വിദേശവിപണിയിൽ വിററഴിക്കുന്നതു്. നാമിതു് ചെയ്യുന്നതു് രാഷ്ട്രത്തിൻെറ പൊതുനന്മയെ മാത്രം ലാക്കാക്കിയാണു്. കാർഷിക-മത്സ്യോല്പന്നരംഗങ്ങളിൽ ഇന്ത്യയിൽ ഏററവുമധികം കയററുമതി നടത്തുന്ന സംസ്ഥാനം കേരളമാണെന്നു് പറഞ്ഞുവല്ലോ. എന്നാൽ നമ്മുടെ സംസ്ഥാനത്തിൻെറ വികസനപ്രവർത്തനങ്ങൾക്കു് ഈ ലാഭത്തിൻെറ ഒരു അംശം മാത്രമേ ലഭ്യമാകുന്നുള്ളു. അന്താരാഷ്ട്രീയരംഗത്തെ തർക്കങ്ങളും മത്സരങ്ങളും നമ്മെ അവതാളത്തിലാക്കാത്ത രീതിയിൽ വേണം നമ്മുടെ സംസ്ഥാനം വ്യവസായവൽക്കരിക്കപ്പെടുന്നതു്. ഫിഷറീസ് വികസനപരിപാടികൾക്കു് ഇന്ത്യാഗവണ്മെൻറിൽ നിന്നു വൻതോതിലുള്ള സഹായം പ്ലാനിൻെറ നിർമാതാക്കൾ പ്രതീക്ഷിക്കുന്നുണ്ടു്. ഈ പ്രതീക്ഷ തീർച്ചയായും ന്യായീകരിക്കത്തക്കതാണു്. കാരണം നാം നേടുന്ന വിദേശനാണ്യം മുഴുവൻ കേന്ദ്രസർക്കാരാണു് നിയന്ത്രിക്കുന്നതു്. ഫിഷറീസ് മാസ്റ്റർപ്ലാൻ പൂർണമായി നടപ്പാക്കാനാവശ്യമായ സർവ സഹായസഹകരണങ്ങളും നിർല്ലോഭം നൽകാൻ കേന്ദ്രസർക്കാരിനെ നിർബന്ധിക്കേണ്ട ചുമതല ഈ സ്റ്റേററിലെ സർക്കാരിനും ജനങ്ങൾക്കുമുണ്ടു്.

കേരളത്തിന്റെ കരയോരത്തിൽ പെട്രോളിയം, പ്രകൃതിവാതകം, എളുപ്പത്തിൽ ലഭിക്കാവുന്ന മററു ലവണപദാർത്ഥങ്ങൾ എന്നിവയ്ക്കു വേണ്ടി തീവ്രമായ ഒരു ശാസ്ത്രീയാന്വേഷണം സംഘടിപ്പിക്കാനും കേന്ദ്രസർക്കാറിനെ നാം നിർബന്ധിക്കേണ്ടതുണ്ട്. നമ്മുടെ ജനങ്ങളുടെ ക്ഷേമത്തിൽ അല്പമെങ്കിലും താല്പര്യമുള്ളവരുടെ സത്വരശ്രദ്ധപതിയേണ്ട ഒരു വിഷയമാണിത്.

## സമുദ്രവിഭവമന്ത്രികാര്യാലയം

വേറൊരു നിർദേശം കൂടി സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ ഫിഷറീസ്മന്ത്രികാര്യാലയത്തെ ഫിഷറീസിനും മററു സമുദ്രവിഭവത്തിനും വേണ്ടിയുള്ള മന്ത്രികാര്യാലയമായി വികസിപ്പിക്കണം. കരയിൽ സമ്പദ് വികസനത്തിൽ പ്രാഥമിക സെക്ടർ ദ്വിതീയ സെക്ടർ, തൃതീയ സെക്ടർ എന്നിവ പ്രകടമായി കാണാവുന്നതാണ്. എന്നാൽ ഇത്തരം പിരമിഡ്–രൂപവികസനം കടലിന്റെ കാര്യത്തിൽ നാം കാണുന്നില്ല. കടലിൽ, വാസ്തവത്തിൽ, പ്രാഥമിക സെക്ടറും ദ്വിതീയ സെക്ടറും ഒന്നായാണ് വളരുന്നത്. കടലിൽ 'കൃഷി'യില്ല; മാനേജ്മെൻറ് മാത്രമാണുള്ളത്. ഇക്കാരണത്താൽ ജൈവവിഭവം കൃഷിചെയ്യുന്നതിനാവശ്യമായ മൂലധനവും ശ്രമവും കടലിൽ വേണ്ടിവരുന്നില്ല. പൂർണമായ ശുശ്രൂഷിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്ത് വളച്ച്യെത്തിയ ജൈവവിഭവങ്ങൾ കൊയ്തെടുക്കുകയാണ് കടലിൽ നാം ചെയ്യുന്നത്. വാസ്തവത്തിൽ മത്സ്യബന്ധനമെന്നത് പ്രാഥമിക സെക്ടറിന്റെ അന്ത്യവും ദ്വിതീയ സെക്ടറിന്റെ ആരംഭവുമാണ്. ബന്ധനത്തിനു് ശേഷമുള്ള സർവ മത്സ്യവ്യവസായപ്രക്രിയകളും ദ്വിതീയ സെക്ടറിലും തൃതീയ സെക്ടറിലും ഉൾപ്പെടുന്നു. പ്രാഥമിക സെക്ടറിന്റെ വളർച്ച മുട്ടുമ്പോൾ ദ്വിതീയ—തൃതീയ സെക്ടറുകളും നിശ്ചലമാകുന്നുവെന്നത് കരയിലെ വിഭവങ്ങളെ ആശ്രയിക്കുന്ന വ്യവസായങ്ങളുടെ അനുഭവമാണ്. എന്നാൽ കടലിൽ ഇത്തരമൊരവസ്ഥ ദുരൂഹമാണ്. കാരണം കടലിലെ പ്രാഥമിക സെക്ടർ അനന്തമാണ്. ദ്വിതീയ—തൃതീയ സെക്ടറുകളുടെ വികസനത്തിനനുസൃതമായി പ്രാഥമികസെക്ടറിനെ വലിച്ചു നീട്ടാമെന്നതാണ് സത്യം. ഇതു് സാധിക്കുവാൻ മുടക്കുമുതലിനോടൊപ്പം ധാരാളം പുത്തൻ ആശയങ്ങളും വേണം. ധീരമായ ഉദ്യമങ്ങൾക്കു് മുതിരുകയാണെങ്കിൽ സമുദ്രാധിഷ്ഠിതവ്യവസായസംരംഭങ്ങളിലൂടെ അപരിമിതമായ തൊഴിലവസരവും സമ്പദ്‌വികസനവും സാധിച്ചെടുക്കാവുന്നതാണ്. അതാണ് ആദ്യമേ നിർദേശിച്ചതു്, ഇത്തരം നൂതനപ്രശ്നങ്ങളെ അവയർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യംചെയ്യാൻ ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായ ഒരു മുഴുസമയമന്ത്രികാര്യാലയം സംഘടിപ്പിക്കണമെന്നു്. വാസ്തവത്തിൽ കാലക്രമേണ സംസ്ഥാനമന്ത്രികാര്യാലയങ്ങളിൽ പ്രമുഖസ്ഥാനം സമുദ്രവിഭവമന്ത്രികാര്യാലയം കൈവരിച്ചേക്കാം. കാരണം കേരളത്തിന്റെ സമ്പദ്ഘടനയിൽ കരയോളം പ്രാധാന്യം കടലിനുമുണ്ട്.

## ഫിഷറീസ് സർവകലാശാല

കേരളം ഒരു തീരസംസ്ഥാനമാണെന്നും, ഭാവിയിൽ കൃഷിക്കു നൽകുന്ന പ്രാധാന്യം തന്നെ മത്സ്യബന്ധനത്തിനു് നല്കണമെന്നും ഞാൻ ആവർത്തിച്ചു വാദിക്കുകയായിരുന്നു. ഇതു് വികസനരംഗത്തു് മാത്രം പോരാ. വിദ്യാഭ്യാസ—ഗവേഷണ—പരിശീലനരംഗങ്ങളിലും ഈ പുത്തൻവീക്ഷണം പ്രതിഫലിക്കേണ്ടതാണു്. കാർഷികഗവേഷണങ്ങളിലും കാർഷികവികസനപ്രവർത്തനങ്ങളിലും നേതൃത്വം നൽകുന്നതിൽ കാർഷികസർവകലാശാലകൾ സ്തുത്യർഹമായ പങ്കു് വഹിച്ചതു കാരണമാണു് അടുത്ത കാലത്തു് യു. പി. പഞ്ചാബു് തുടങ്ങിയ സംസ്ഥാനങ്ങളിൽ കാർഷികരംഗത്തു വമ്പിച്ച നേട്ടങ്ങൾ കൈവന്നിട്ടുള്ളതു്. കൃഷി പ്രബലമായ സംസ്ഥാനങ്ങളിൽ കാർഷികസർവകലാശാലയ്ക്കു് അതിപ്രധാനമായ പങ്കു വഹിക്കാനുണ്ടു്. ഇതേ അടിസ്ഥാനത്തിൽ, കേരളത്തിൽ ഒരു ഫിഷറീസ് സർവകലാശാല സംഘടിപ്പിക്കുകയെന്നതു് അവശ്യം ആവശ്യമാണു്. ഉത്തരേന്ത്യൻസംസ്ഥാനങ്ങളിൽ ഒരു ഹരിതവിപ്ലവം സൃഷ്ടിക്കുന്നതിൽ കാർഷികസർവകലാശാലകൾ പ്രയോജനപ്രദമായതു പോലെ, നമ്മുടെ സംസ്ഥാനത്തിൻെറ സമുദ്രവിഭവങ്ങളെ വേണ്ട വിധത്തിൽ വികസിപ്പിച്ചെടുക്കുന്നതിൽ ഞാൻ നിർദേശിച്ച ഫിഷറീസ് സർവകലാശാല അനിവാര്യമായ പങ്കുവഹിക്കണം. സർവ്വകലാശാലയെന്നു പറയുമ്പോൾ, അനവധി പണ്ഡിതന്മാരെയും ഭരണോദ്യോഗസ്ഥന്മാരെയും ഉടനെ നിയമിക്കുകയെന്നോ, പടുകൂററൻ മന്ദിരങ്ങൾ നിർമിക്കുകയെന്നോ അർഥമാക്കരുതു്. തൊഴിൽരഹിതരായ വിദ്യാസമ്പന്നരുടെ എണ്ണം കൂട്ടുവാനായി പരീക്ഷകളും ക്ലാസ്സുകളും നടത്തുന്ന ഏർപ്പാടുകൾ കൂടുതൽ വിപുലമാക്കുകയാണെന്നും ധരിക്കരുതു്. പുത്തൻ കെട്ടിടങ്ങൾ വെക്കുകയും ക്യാമ്പസുകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തുകൊണ്ടു് ഖജനാവിൻെറ ഭാരം കൂട്ടണമെന്നു് വിവക്ഷയില്ല. സംസ്ഥാനത്തിൻെറ പരിധിക്കകത്തു് ഇന്നു നടക്കുന്ന സർവ ഫിഷറീസ് ഗവേഷണങ്ങളെയും പഠനങ്ങളെയും —കേന്ദ്രത്തിൻെറയും സംസ്ഥാനത്തിൻെറയും കീഴിലായി ഏററവും കൂടുതൽ ഫിഷറീസ് ഗവേഷണം നടക്കുന്നതു് കേരളത്തിലാണു്—ഒരു കേന്ദ്രീകൃത അക്കാഡമിക്സംഘടനയുടെ പൊതുമേൽനോട്ടത്തിൽ കൊണ്ടുവരണമെന്നും നാടിൻെറ നന്മക്കു് പ്രയോജനകരമാകത്തക്കവണ്ണം ഫിഷറീസ് പഠനങ്ങളെയും ഗവേഷണങ്ങളെയും ആവശ്യാധിഷ്ഠിതമാക്കിമാററണമെന്നുമാണു് ഞാൻ വാദിക്കുന്നതു്. കോളേജുകൾ, സർവകലാശാലാവകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ ഇവിടങ്ങളിൽ ഇന്നു ഫിഷറീസ് ഗവേഷണം നടത്തുന്ന ഉദ്യോഗസ്ഥന്മാരും പുതിയ സർവകലാശാലയുടെ മർമമായി പ്രവർത്തിക്കണം.

## കേരളത്തിനു് ഒരു സമുദ്രകാര്യട്രസ്റ്റ്

പ്രാദേശികമായ മുതൽമുടക്കിനു വേണ്ട വക കേരളത്തിൽ എങ്ങനെ സംഭരിക്കാം എന്നതിനെക്കുറിച്ചും അവസാനമായി ഒരു വാക്കു പറയട്ടെ. മറൈൻട്രസ്റ്റ് ഓഫ് കേരള എന്ന പേരിലോ മറേറാ അറിയപ്പെടുന്ന സ്വയംഭരണാവകാശമുള്ള ഒരു ട്രസ്റ്റ് രൂപീകരിക്കുകയും മാസ്റ്റർപ്ലാൻ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം

ഈ ട്രസ്റ്റിനെ തന്നെ ഏല്പിക്കുകയും ചെയ്യുന്നതു് നന്നു്. സർക്കാരിനും ജനങ്ങൾക്കും തുല്യ പങ്കാളിത്തമുണ്ടാവുകയാണെങ്കിൽ, പൊതു–സ്വകാര്യമേഖലകൾക്കു് പ്രത്യേകമായുള്ള ന്യൂനതകൾ ദൂരീകരിച്ചുകൊണ്ടു് വ്യക്തമായ ലാഭാടിസ്ഥാനത്തിൽ ട്രസ്റ്റ് നടത്തപ്പെടാവുന്നതാണു്. മുതലും ലാഭവും സർക്കാർ ഉറപ്പുചെയ്യുമെങ്കിൽ മിതമായ വിലയുള്ള ഷയറുകൾ താഴ്ന്ന വരുമാനക്കാരായ സാധാരണക്കാർ പോലും ധാരാളമായി വാങ്ങുമെന്നു് ഞാൻ കരുതുന്നു. ഈ സംഘടന ഏതാണ്ടു് 'യൂനിററ് ട്രസ്റ്റ് ഓഫ് ഇന്ത്യ' യുടെ മാതൃകയിലാണു് സംഘടിപ്പിക്കേണ്ടതെന്നു് പറയാം. എന്നാൽ ക്രോഡീകരിക്കപ്പെടുന്ന മുതൽ പൂർണമായി സമുദ്രാധിഷ്ഠിത വ്യവസായങ്ങൾക്കാണു് വിനിയോഗിക്കപ്പെടുകയെന്നതും ഇത്തരം വ്യവസായ സംരംഭങ്ങൾ എല്ലാം തന്നെ ട്രസ്റ്റ് ഭരണത്തിന്റെ കീഴിൽ തന്നെയാണു് പ്രവർത്തിക്കുകയെന്നതും ഞാൻ നിർദേശിച്ച ട്രസ്റ്റിന്റെ സവിശേഷതകളായിരിക്കും. തികച്ചും പ്രാദേശികമായ ജനങ്ങളുടെ പങ്കാളിത്തം സുനിശ്ചിതമായ, ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ സാമ്പത്തികോന്നമനത്തിൽ മഹത്തായ പങ്കു് നിർവഹിക്കുമെന്നു് ഞാൻ കരുതുന്നു.

ഡോ. ഏ. എൻ. പി. ഉമ്മർകുട്ടി

# കേരളത്തിലെ മൽസ്യബന്ധനവികസനം

കേരളത്തിലെ മത്സ്യവ്യവസായമേഖല ദേശീയസമ്പാദ്യത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമേ സ്വരൂപിക്കുന്നുള്ളു. എന്നാൽ ജപ്പാന്റെയും, നോർവെ, ഐസ്‌ലാൻഡ്, സ്വീഡൻ, ഇംഗ്ലണ്ട് തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളുടെയും ദേശീയവരുമാനത്തിന്റെ കാതലായ ഭാഗം മത്സ്യവ്യവസായവിഭാഗത്തിൽ നിന്നുമാണ് ലഭ്യമാകുന്നത്. കേരളത്തിലെ ദേശീയവരുമാനത്തിൽ മത്സ്യമേഖല കുറഞ്ഞ പങ്ക് വഹിക്കുന്നതിനു് പലേ കാരണങ്ങൾ ഉണ്ട്. ഈ വ്യവസായം രാഷ്ട്രത്തിലെ ഏററവും ദരിദ്രവും പിന്നോക്കം നില്ക്കുന്നതുമായ ഒരു വിഭാഗം കൈകാര്യം ചെയ്തിരുന്ന ഒരു വ്യവസായമായിരുന്നു. മാത്രമല്ല, മത്സ്യബന്ധനം തന്നെയും വളരെ മോശമായിട്ടുള്ള ഒരു തൊഴിലായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നതു്. അതിനാൽ സ്വാഭാവികമായും മത്സ്യബന്ധനത്തിലേർപ്പെട്ടിട്ടുള്ള ആളുകളിൽ ആധുനികരീതിയിലുള്ള പുരോഗതി വളരെ തുച്ഛമായ സ്വാധീനം മാത്രമേ ചെലുത്തിയിരുന്നുള്ളു. രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായിട്ടാണ് ഇന്ത്യയിലെ മത്സ്യസമ്പത്തിന്റെ പ്രാധാന്യം ആളുകൾ മനസ്സിലാക്കിത്തുടങ്ങിയതു്. അതനുസരിച്ചാണ് ഇന്ത്യാഗവണ്മെന്റും മററു പല സംസ്ഥാനഗവണ്മെന്റുകളും അവരുടെ വികസനപദ്ധതികളിൽ മത്സ്യവികസനത്തിനു് വേണ്ടത്ര പ്രാധാന്യം നൽകിത്തുടങ്ങിയതു്. ഇതിനുള്ള ഒരു പ്രധാന കാരണം ആഹാരത്തിലെ പ്രോട്ടീന്റെ അഭാവം പരമ്പരാഗതമായിട്ട് അനുഭവിക്കുന്ന ജനതക്കു് അതു് കൂടുതൽ അടങ്ങിയിട്ടുള്ള ആഹാരം നൽകുന്നതിന്റെ ആവശ്യകത വർധിച്ചതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം മത്സ്യവ്യവസായവികസനത്തിനു് വളരെയധികം സാധ്യതകളുണ്ട്. വേണ്ടതുപോലെ വികസിപ്പിച്ചെടുത്താൽ മത്സ്യവ്യവസായം രാഷ്ട്രത്തിന്റെ ദേശീയസമ്പദ്ഘടനയിലേക്കു് ഗണ്യമായ സംഭാവനചെയ്യുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

കേരളത്തിനു് 590 കിലോമീററർ കടൽക്കരയുണ്ട്. ഈ കരയോടു തൊട്ട് 40 ഫാതം (ഒരുഫാതം = ഏകദേശം രണ്ടു മീററർ)വരെ ആഴമുള്ള കടൽപ്രദേശങ്ങൾ 25000 ചതുരശ്രകിലോമീററർ വിസ്താരമുള്ളതാണ്.

പലതരത്തിലുള്ള പൗരാണികമായ മത്സ്യബന്ധനോപകരണങ്ങൾ കൊണ്ട് മീൻപിടിത്തക്കാർ കടലിലെ മത്സ്യസമ്പത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമേ ചൂഷണം ചെയ്യുന്നുള്ളു. അങ്ങനെ മത്സ്യബന്ധനം സ്വാഭാവികമായിരാത്രി സമയത്തോ പകൽസമയത്തോ മാത്രം നടത്തപ്പെടുന്നു. യന്ത്രവൽക്കരിച്ചിട്ടില്ലാത്ത ബോട്ടുകളിൽ കരയിൽ നിന്നും 10—15 മൈൽ അകലെപ്പോയി മത്സ്യബന്ധനം ചെയ്യാൻ സാധിക്കാതെ, പകൽസമയത്തെയോ രാത്രിസമയത്തെയോ മത്സ്യബന്ധനത്തിനു ശേഷം തൊഴിലാളികൾ അവർക്കു ലഭിക്കുന്ന മത്സ്യവുമായി അവ കേടുവരുന്നതിനു മുമ്പു തന്നെ കരയിലേക്കു് മടങ്ങുന്നു. യന്ത്രവൽകൃതബോട്ടുകളുടെ ആവിർഭാവത്തോടുകൂടി ആഴക്കടലിലേക്കു് പോകുന്നതിനും, മത്സ്യബന്ധനത്തിനുള്ള ഉപകരണങ്ങൾ കൊണ്ടു് സമുദ്രോപരിതലത്തിലും അടിത്തട്ടിലും ഒരുപോലെ മീൻപിടിത്തം നടത്തുന്നതിനും സാധ്യമായിട്ടുണ്ടു്. ഉൾനാട്ടിലെ ശുദ്ധജലമത്സ്യബന്ധനത്തിന്റെ കാര്യം പരിഗണിക്കുമ്പോഴും മത്സ്യബന്ധനവിഭാഗത്തിന്റെ പുരോഗതിക്കായി വളരെ ചെറിയ യത്നം മാത്രമേ എടുക്കുന്നതായി കാണുന്നുള്ളു, പ്രകൃതിദത്തമായി ലഭിക്കുന്നവയെ ചൂഷണം ചെയ്യുന്നതല്ലാതെ ഉൾനാടൻകായലിലും തടാകങ്ങളിലും കൂടുതൽ കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കുന്നതിനു് യാതൊരു ശ്രമവും നടത്തിയിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം, മത്സ്യവ്യവസായവിഭാഗത്തിനു് ഗണ്യമായ പുരോഗതി സാധ്യമാക്കിത്തീർക്കാവുന്ന പല നദികളും വിസ്തൃതിയുള്ള ഉൾനാടൻജലാശയങ്ങളും ധാരാളമുണ്ടു്. ഒരിക്കൽ വേണ്ടവിധത്തിൽ പ്രവർത്തിച്ചാൽ ഉൾനാടൻജലാശയങ്ങളിൽ നിന്നു മത്സ്യത്തിന്റെ മൂല്യം മാത്രമല്ല, ധാരാളം പ്രോട്ടീൻ അടങ്ങിയിട്ടുള്ള ആഹാരം കൂടി ലഭിക്കുന്നതും, തദ്വാരാ രാഷ്ട്രത്തിന്റെ സമ്പദ്ഘടനയിലേക്കു് അതു് ഗണ്യമായ സംഭാവന ചെയ്യുമെന്നുള്ളതും തർക്കമററ കാര്യങ്ങളാണു്.

വഞ്ചികളും ചാളത്തടികളും ഉപയോഗിച്ചു വളരെ അകലെ സമുദ്രത്തിൽ ചെന്നു മത്സ്യബന്ധനം നടത്താൻ സാധിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്കു്—പ്രത്യേകിച്ചു് സമുദ്രജലമത്സ്യത്തൊഴിലാളികൾക്കു്—മത്സ്യസമൂഹം പുറംകടലിൽ നിന്നും കടൽത്തീരങ്ങളിലേക്കു് എത്തിച്ചേരുന്നതു വരെ കാത്തിരിക്കേണ്ടിവന്നിരുന്നു. വഞ്ചികളുടെയും മററും വലിപ്പത്തിനനുസരിച്ചു വല മുതലായതിന്റെ വലിപ്പവും ക്രമീകരിക്കേണ്ടിവന്നിരുന്നു. സുരക്ഷിതമായി കരയിലേക്കു് കൊണ്ടുവരാൻ കഴിയുന്നതിനെക്കാൾ കൂടുതൽ മത്സ്യംപിടിക്കുവാൻ ആർക്കും സാധിച്ചിരുന്നില്ല, ഓടിക്കുന്നതിനു് യന്ത്രസഹായം ഇല്ലാതിരുന്നതിനാൽ തുഴയുടെയോ കാററിന്റെയോ സഹായത്താൽ മാത്രമേ മത്സ്യബന്ധനത്തിനു പോകാൻ സാധിച്ചിരുന്നുള്ളു. ഇതുകാരണം വഞ്ചികൾ പോകുന്ന ദൂരം സ്വാഭാവികമായി നിയന്ത്രിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ യന്ത്രവൽക്കരണം തുടങ്ങിയതോടെ മീൻപിടിക്കുന്നതിന്റെ സ്വഭാവം തന്നെ മാറിത്തുടങ്ങിയിട്ടുണ്ടു്.

ഇപ്പോൾ മത്സ്യത്തെ തേടി എത്ര ദൂരമെങ്കിലും പോകുന്നതിനു മീൻപിടുത്തക്കാർക്കു് സാധിക്കുന്നു. കൂടുതൽ മണിക്കൂറുകൾ മീൻപിടിക്കുന്നതിനു് ചെലവാ

ക്കാനും കഴിയുന്നു. എന്തെന്നാൽ ഇപ്പോൾ കരയിൽ മടങ്ങിവരുന്നതിനു് കാററിനെ ആശ്രയിക്കുകയോ, ശാരീരികാധ്വാനത്താൽ തുഴഞ്ഞുശ്രമപ്പെടുകയോ ചെയ്യേണ്ടതില്ല. കൂടാതെ ഇപ്പോൾ പഴ്സ്സീൻ (purse seine )വലപോലുള്ള വലിയ വലിയ വലകളുപയോഗിച്ചു മത്തി, അയില മുതലായ മത്സ്യങ്ങളെ പെട്ടെന്നു് പിടിച്ചെടുക്കാൻ സാധിക്കുന്നു. ഇതുപോലെ തന്നെ പററംപററമായി സഞ്ചരിക്കുന്ന മററു മീൻവർഗങ്ങളെയും പിടിക്കാൻ കഴിയും. ഇപ്പോൾ പററംപററമായി സഞ്ചരിക്കുന്നതോ അല്ലാത്തതോ ആയ മത്സ്യങ്ങൾ കരയോടടുത്തുവരുന്നതിനു് കാത്തിരിക്കേണ്ട ആവശ്യമില്ല. കരയിൽ നിന്നു എത്ര ദൂരമിരുന്നാലും ഈ മീൻപററങ്ങളെ തേടിപ്പിടിക്കാൻ സാധിക്കുന്നു. അങ്ങനെ മീൻപിടുത്തരീതിയിൽ തന്നെ വലിയ ഒരു പരിവർത്തനമാണു് വന്നുകൊണ്ടിരിക്കുന്നതു്. മുമ്പിലത്തേക്കാൾ വളരെയധികം മീൻപിടിക്കുന്നതിനു് ഇപ്പോൾ സാധിക്കുന്നു.

മത്സ്യവിപണനരീതികളിലും വലിയ വ്യത്യാസങ്ങൾ വന്നുകൊണ്ടിരിക്കുകയാണു്. മുമ്പു് "പച്ചയായി" വിററഴിക്കാൻ നിവൃത്തിയില്ലാതെവരുന്ന എല്ലാ മീനും ഉപ്പിട്ടുണക്കി സൂക്ഷിക്കേണ്ടിവന്നിരുന്നു. എന്നാൽ ഇപ്പോൾ ഐസിൽ സൂക്ഷിച്ചു കേടുവരാതെ ഇൻസുലേററഡ് വണ്ടികളിലോ റെയിൽവണ്ടികളിലോ ദൂരസ്ഥലങ്ങളിലേയ്ക്കു് മീൻ എത്തിക്കാൻ സാധിക്കുന്നു. കൂടാതെ മീൻ തണുപ്പിച്ചും മരവിപ്പിച്ചും അതാതു സ്ഥലങ്ങളിൽ കേടുവരാതെ സൂക്ഷിക്കാൻ കഴിയും. അറബിക്കടലിൽ നിന്നു് വൻതോതിൽ പിടിച്ചെടുക്കുന്ന ചെമ്മീൻ മിക്കവാറും മുഴവൻതന്നെ ഉണക്കിയായിരുന്നു വിററഴിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ വളരെ കുറച്ചു മാത്രമേ ഇപ്രകാരം ഉണക്കാൻ ഉപയോഗപ്പെടുത്തുന്നുള്ളു. ബാക്കിയുള്ളതു മുഴവനും ഒന്നുകിൽ മരവിപ്പിച്ചോ ടിന്നിലടച്ചോ വിദേശരാജ്യങ്ങളിലേക്കു് കയററി അയയ്ക്കുകയാണു്. ഇപ്രകാരമുള്ള വിദേശവ്യാപാരം കൊണ്ടു് മുമ്പു കിട്ടുന്നതിൽ എത്രയോ ഉപരി വിലയും, വിററഴിക്കുന്നതിനുള്ള അളവററ സാധ്യതകളും ലഭിക്കുന്നുണ്ടു്.

കൂടുതൽ കൂടുതൽ മത്സ്യം സമുദ്രത്തിൽ നിന്നു പിടിച്ചെടുക്കുന്നതിനു് യന്ത്രവൽക്കരണം കൊണ്ടു മാത്രമേ സാധിക്കുകയുള്ളു. ഇപ്പോൾ അറബിക്കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിൻെറ ഇരുപതു മുതൽ മുപ്പതു മടങ്ങുവരെ മത്സ്യം കൂടുതൽ പിടിച്ചെടുക്കാമെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. അറബിക്കടലിൽ നിന്നു് ഒരു കൊല്ലത്തിൽ പിടിച്ചെടുക്കുന്ന മത്സ്യം ഉദ്ദേശം 3·65 ലക്ഷം ടണ്ണാണു്. എന്നാൽ 20–25 കൊല്ലത്തിനുള്ളിൽ ഇതു് 16 ലക്ഷം ടണ്ണായി ഉയർത്താൻ കഴിയുന്നതാണു്. ഇതിനു് ഇപ്പോൾ ഉള്ളതിൽ വളരെയധികം ബോട്ടുകളും ട്രോളറുകളും വേണം. കേരളത്തിൽ ഇപ്പോൾ 50 അടിയിൽ താഴെ വലിപ്പമുള്ള ഏകദേശം 1500 ബോട്ടുകളുണ്ടു്. എന്നാൽ ഇതു് ആറായിരമോ ഏഴായിരമോ ആകേണ്ടതു് ആവശ്യമാണു്. അതുപോലെ 50 അടിക്കു മേലെ വലിപ്പമുള്ള വലിയ ട്രോളറുകളും ധാരാളം ഉണ്ടാകേണ്ടതുണ്ടു്. വഞ്ചികളും ചാളത്തടികളും ഉപയോഗി

ക്കുന്നതുപോലെ ഈ യന്ത്രവൽക്കൃതബോട്ടുകളോ ട്രോളറുകളോ കടൽക്കരയിൽ നിന്നും തള്ളിയിറക്കി ഉപയോഗിക്കാൻ സാധിക്കുന്നതല്ല. സുരക്ഷിതമായ ഹാർബറുകളിൽ നിന്നു മാത്രമേ ഇവയുടെ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളു. കൂടാതെ മീൻ ഇറക്കുന്നതിനും വെള്ളം, ഐസ്, എണ്ണ മുതലായവ കയററുന്നതിനും സൗകര്യങ്ങളുണ്ടായിരിക്കേണ്ടതുണ്ട്. ഓരോ മത്സ്യബന്ധന തുറമുഖത്തിലും (ഫിഷിങ്ഹാർബർ) ബോട്ടുകൾ അടുപ്പിക്കുന്നതിനുള്ള ജട്ടികൾ, മീൻ ലേലം ചെയ്യാനുള്ള ഷെഡ്ഡുകൾ, പാക്കിങ്ഹാൾ, സ്റ്റോർഷെഡ്ഡുകൾ, ഐസ്പ്ലാൻറ് റിപ്പയർഷോപ്പുകൾ, ഡ്രൈഡോക്ക് (**Dry Dock**), സ്ലിപ്പ്വേ (**Slipway**) മുതലായ കരയിലെ സൗകര്യങ്ങളും വേണം. എന്നാൽ മാത്രമേ ധാരാളം ബോട്ടുകൾ മുടക്കം കൂടാതെ പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളു. എണ്ണ, വെള്ളം, മററു മീൻപിടുത്തോപകരണങ്ങൾ മുതലായവ കൊടുക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഹാർബറുകളിൽ ആവശ്യമാണ്. ഹാർബറുകളിലേക്ക് എത്താനുള്ള നല്ല റോഡുകൾ ഉണ്ടാക്കുകയെന്നുള്ളതാണ് മറെറാരാവശ്യം. ഇതിനെല്ലാം വളരെയധികം മുതൽ മുടക്കും വിദഗ്ധമായ സാങ്കേതികപരിജ്ഞാനവും ആവശ്യമാണ്. ഈ കാരണങ്ങളാൽ തന്നെ ലക്ഷ്യപ്രാപ്തിക്കു വളരെയധികം തടസ്സങ്ങളുണ്ട്. യന്ത്രവൽക്കൃതബോട്ടുകൾ, ട്രോളറുകൾ മുതലായവ ഉണ്ടാക്കുന്നതിന് ആവശ്യമായ പണവും വളരെയധികമാണ്.

ഉദ്ദേശിക്കുന്ന 16 ലക്ഷം ടൺ മത്സ്യം ഉല്പാദിപ്പിക്കാൻ കഴിയുമ്പോൾ കേരളത്തിൻെറ ഭക്ഷ്യക്കമ്മി തന്നെ പരിപൂർണമായി നികത്താൻ സാധിക്കും. മത്സ്യം ഏററവും ഉത്തമമായ പോഷകാഹാരമാണല്ലോ? മത്സ്യം കൊണ്ട് പലവിധത്തിലുള്ള സോസേജുകൾ, ഫിഷ്കേക്കുകൾ, ഫിഷ്സ്ററിക്കുകൾ, ഫിഷ്പ്രോട്ടീൻകോൺസൻറേററ് മുതലായവ ഉണ്ടാക്കുവാൻ സാധിക്കുന്നു.

ഇപ്പോൾ കയററി അയക്കുന്ന ചെമ്മീൻ, കൊഞ്ച് മുതലായവ കൂടാതെ ഇവയും വിദേശവിപണനത്തിനു അയയ്ക്കാവുന്നതാണ്.

ഈ വ്യവസായങ്ങൾ കൊണ്ട് വളരെയേറെ തൊഴിൽസാധ്യതകൾ ഉണ്ടാകുന്നു. യന്ത്രവൽക്കൃതബോട്ടുകളും, ട്രോളറുകളും പ്രവർത്തിപ്പിക്കാൻ വേണ്ട വളരെയേറെ വിദഗ്ധന്മാരായ മീൻപിടിത്തക്കാരെക്കൂടാതെ, ഈ വ്യവസായത്തോടനുബന്ധിച്ച എല്ലാ ഉപവ്യവസായങ്ങൾക്കും അനവധി ആളുകളെ ആവശ്യമായിവരും. അനേകം ബോട്ടുകളിൽ നിന്ന് ഇറക്കുന്ന മത്സ്യം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ആളുകൾ ഓരോ ഹാർബറിലും വേണ്ടിവരും. കൂടാതെ, മീൻ ഉൾനാടൻവ്യാപാരത്തിനും വിദേശവ്യാപാരത്തിനും പാകപ്പെടുത്താനും ബോട്ടുകളുടെ കേടുപാടുതീർക്കാനും വലകൾ മുതലായ മീൻപിടിത്തോപകരണങ്ങൾ നന്നാക്കാനും ആവശ്യമായ ആളുകൾ, ബോട്ടുകൾക്കു വേണ്ട സ്റ്റോർസാമാനങ്ങൾ നൽകാൻ ആവശ്യമായ ആളുകൾ, ഇങ്ങനെ അനേകമായിരം പേർക്കു തൊഴിലുണ്ടാകുന്നു. മീൻപിടിത്തോപകരണങ്ങൾ നിർമിക്കുന്ന ഉപവ്യവസായങ്ങളും ഉടലെടുക്കും. ഇവ വലകൾ, ട്രോൾവലകൾ, പെർസീൻ വലകൾ, ട്രോൾവിഞ്ചുകൾ മുതലായവ ഉണ്ടാക്കും. ഇതും ധാരാളം പേർക്ക് തൊഴിൽ നൽകും.

ഇപ്പോഃ കേരളത്തിൽ നിന്നു മാത്രം കയററി അയക്കുന്ന സമുദ്രോല്പന്നങ്ങഃ ഏകദേശം മുപ്പതുകോടി രൂപയോളം വിദേശനാണ്യം നേടുന്നുണ്ട്. ഈ തുക ഒരു നൂറു കോടിയായി ഉയത്തുന്നതിനു് വലിയ പ്രയാസമില്ല. എന്തെന്നാൽ വളരെയധികം മത്സ്യബന്ധനഃബോട്ടുകഃ ആധുനികരീതിയിൽ മത്സ്യം പിടിക്കാൻ തുടങ്ങുമ്പോഃ ഇത്രയും തുകയ്ക്കുള്ള സമുദ്രോല്പന്നങ്ങഃ കയററി അയക്കാൻ പ്രയാസമെന്യേ സാധിക്കുന്നതാണ്.

ഇപ്രകാരമുള്ള ഒരു വളർച്ചക്കു് എത്രമാത്രം മനുഷ്യനു് പങ്കുണ്ടെന്നുള്ളതു് പറയാതെ അറിയാമല്ലോ. ഏതു വ്യവസായവും അഭിവൃദ്ധിപ്പെടുന്നതു് അതിൽ ഏർപ്പെട്ടിരിക്കുന്നവർ എത്രമാത്രം ജാഗരൂകരും തീക്ഷ്ണബുദ്ധികളും ആയിരിക്കും എന്നതിനെ ആശ്രയിച്ചാണ്. ഈ പ്രശ്നം മത്സ്യവ്യവസായത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക പ്രധാന്യം അർഹിക്കുന്ന ഒന്നാണ്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പിന്നണിനിലയും അജ്ഞതയും പ്രസിദ്ധമാണ്. അതുകൊണ്ടു് ഏതു് ദീർഘകാലമത്സ്യവ്യവസായവികസനപരിപാടികളുടെയും വിജയം ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളെ സാമൂഹ്യവുംസാമ്പത്തികവുമായ രംഗങ്ങളിൽ എങ്ങനെ പരമാവധി ഉദ്ധരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു.

കേരളത്തിൽ ഇന്നു് 264 സമുദ്രതീരഗ്രാമങ്ങഃ ഉണ്ട്. ഇതിൽ ഏകദേശം 40,200 വീടുകഃ ഉണ്ട്. മൂന്നു ലക്ഷത്തോളം വ്യക്തികഃ കാണുമെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്.

1958 —ലെ ഫിഷറീസ് ഡിപ്പാർട്ടുമെൻറ് നടത്തിയ ഒരു ഫിഷറിസെൻസസ് അനുസരിച്ച് കേരളത്തിലെ ഒരു മത്സ്യത്തൊഴിലാളികുടുംബത്തിൻെറ ശരാശരി വരുമാനം 542 രൂപയും ഒരാളുടെ ശരാശരി വരുമാനം 85 രൂപയും ആണ്. കുടുംബത്തിൻെറ ശരാശരി കടബാധ്യത ഈ വർഷത്തിൽ 322 രൂപയും ശരാശരി സ്വത്തു് 70 രൂപയുമായി കണക്കാക്കിയിരുന്നു. ഈ തൊഴിലാളികഃ കടൽത്തീരത്തിൽ വളരെ തിങ്ങിക്കൂടി ശരിയായ ശുചീകരണസാധ്യതകഃപോലുമില്ലാത്ത സാഹചര്യത്തിൽ ജീവിക്കുകയാണ്. ഈ കാരണങ്ങളാൽ ഇവരുടെ സാമൂഹ്യോദ്ധാരണപരിപാടികഃക്കു് പഞ്ചവൽസരപദ്ധതികളിൽ പ്രത്യേക പ്രാധാന്യം കൊടുത്തുപോരുന്നു. ഇതിനു് ആവശ്യമായ പരിപാടികഃ മത്സ്യോല്പാദകസഹകരണസംഘങ്ങഃ സംഘടിപ്പിക്കുക, ഭവനനിർമാണകോളനികഃ ഉണ്ടാക്കുക, കിണറുകഃ, മാർക്കററുസൗകര്യങ്ങഃ, വില്ലേജ്റോഡുകഃ, വിദ്യാഭ്യാസസൗകര്യങ്ങഃ മുതലായവ ഏർപ്പെടുത്തുക എന്നിവയാണ്. കൂടാതെ ഉപതൊഴിലുകഃ ഏർപ്പെടുത്തുകയും ചെയ്യുന്നു.

താമസസൗകര്യങ്ങളുടെ അഭാവം തീർക്കാനായി ഭവനനിർമാണകോളനികഃ സ്റ്റേററിൻെറ പലഭാഗത്തായി ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഇപ്പോഃ ഏകദേശം 600 വീടുകളോളം ഈ പദ്ധതിപ്രകാരം ഉണ്ടാക്കി ദാനം ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ നേരിടുന്ന ഏററവും വലിയ പ്രശ്നം വീടുകഃ ഇല്ലെന്നുള്ള

താണ്. ആളുകൾ വളരെ തിങ്ങിക്കൂടി തൊട്ടു തൊട്ട് കിടക്കുന്ന കുടിലുകളിൽ പാർക്കുന്നു. ഇതുകൊണ്ട് പലവിധത്തിലുള്ള വ്യാധികൾക്കും ഈ തൊഴിലാളികൾ വിധേയരാകുന്നു. കുടിക്കുന്നതിനുള്ള വെള്ളം പോലും അനേകം സ്ഥലങ്ങളിൽ ലഭിക്കുന്നില്ല. ഈ ശോചനീയമായ നില പരിഹരിക്കുന്നതിനു് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനു് തീരുമാനിച്ചിരിക്കുകയാണ്.

40,200 കുടുംബങ്ങൾ ഉണ്ടെന്നു് കണക്കാക്കപ്പെട്ടിട്ടുള്ളതിനാൽ ഇത്രയും വീടുകൾ ഉണ്ടാക്കുകയെന്നുള്ളതാണ് ആവശ്യം. ഇതിൽ വളരെ തുച്ഛമായ ഒരു ഭാഗം മാത്രമേ സഹായപദ്ധതിപ്രകാരം ഇതുവരെ ചെയ്യാൻ സാധിച്ചിട്ടുള്ളു. ആവശ്യവുമായി ഒത്തുനോക്കുമ്പോൾ ഇനിയും എത്രയോ അധികം വീടുകൾ നിർമിച്ചുകൊടുക്കേണ്ടതുണ്ട്. സ്റ്റേററിന്റെ ഇന്നത്തെ പരാധീനതകൾക്കിടയിൽ ഇത്രമാത്രം ഭവനങ്ങൾ ചുരുങ്ങിയ കാലയളവിൽ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതു് അസാധ്യമാണ്. എന്നാലും ഈ പ്രശ്നപരിഹാരത്തെ മുൻനിറുത്തി 35,000 ഇരട്ടവീടുകൾ നിർമിക്കുവാനാണ് ഉദ്ദേശിക്കുന്നതു്. ഇവ അതാതു സ്ഥലങ്ങളിൽ കോളനികളായി സ്ഥാപിക്കുന്നതിനും, അതോടൊന്നിച്ച് അത്യാവശ്യമായ മറെറല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ഇപ്രകാരമുള്ള പദ്ധതികൾ മൂലം മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹ്യസ്ഥിതി പരിപൂർണമായി മാറുമെന്നും, ഈ വ്യവസായത്തിന്റെ ഉന്നമനത്തിൽ കാര്യമായ വിധത്തിൽ ഇവർക്കു സഹായിക്കാൻ സാധിക്കുമെന്നും കരുതപ്പെടുന്നു.

കേരളത്തിലെ മത്സ്യവ്യവസായ പുരോഗതിക്കുവേണ്ടി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കടൽമത്സ്യവും ഉൾനാടൻമത്സ്യവും പരമാധികം ചൂഷണം ചെയ്യുന്നതിനുള്ള എല്ലാ പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെ ഈ പദ്ധതികൾ നടപ്പിൽ വരുന്നതോടെ കേരളത്തിന്റെ മത്സ്യവ്യവസായം അത്യുന്നതകോടിയിൽ എത്തുമെന്നുള്ളതിൽ സംശയമൊന്നുമില്ല.

എ. ഐ. ജോർജ്.

# 8

## "കേരളത്തിലെ പഞ്ഞമാസങ്ങളുടെ" പ്രശ്നം

### ആമുഖം

മിഥുനം, കർക്കിടകം എന്നീ മലയാളമാസങ്ങൾ (ജൂൺ 15 മുതൽ ആഗസ്റ്റ് 15 വരെ) പട്ടിണിയുടെ മാസങ്ങൾ എന്ന നിലയിൽ കേരളത്തിൽ വളരെ കുപ്രസിദ്ധങ്ങളാണ്. ഈ മാസങ്ങളുടെ സംസ്കരിച്ചപേരാണ് പഞ്ഞമാസങ്ങൾ.

പഞ്ഞമാസങ്ങളുടെ സ്വഭാവവിശേഷങ്ങൾ എന്തൊക്കെയാണ്?

1. കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണജനസാമാന്യത്തെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ പൂർണമായ തൊഴിലില്ലായ്മയുടെ മാസങ്ങളാണ്.

2. ഈ മാസങ്ങൾ ഭക്ഷ്യദൗർല്ലഭ്യത്തിനു പ്രസിദ്ധമാണ്.

3. ഈ മാസങ്ങളിൽ ഭക്ഷ്യപദാർത്ഥങ്ങളുടെ വില പൊതുവായി ഉയരുന്നു.

4. താഴ്ന്ന പ്രദേശങ്ങൾ സാധാരണയായി വെള്ളപ്പൊക്കത്തിന് വിധേയമാവുകയും പാവങ്ങൾക്ക് കൂടുതൽ ദുരിതമുണ്ടാവുകയും ചെയ്യുന്നു.

ഇനി നമുക്ക് ഈ ലക്ഷണങ്ങൾ ഓരോന്നായി പരിശോധിക്കാം.

### തൊഴിലില്ലായ്മ

ഭാഗികമായ തൊഴിലില്ലായ്മ ഗ്രാമീണജനതയെ സംബന്ധിച്ചിടത്തോളം ഒരു സാധാരണ സ്ഥിതിവിശേഷമാണ്. കൃഷിപ്പണി നടക്കുന്ന കാലങ്ങളിൽ പോലും കർഷകത്തൊഴിലാളികൾക്ക് എല്ലാ ദിവസവും ജോലി ലഭിക്കുന്നില്ല. ജോലിയില്ലാത്ത ദിവസങ്ങളിലും ആ ആഴ്ചയിൽ അവർ സമ്പാദിച്ച കൂലി കൊണ്ട് കഴിഞ്ഞുകൂടാൻ കഴിയുമെന്നതുകൊണ്ട് ഇതുവരെ അത്രയധികം സാധിക്കുന്നില്ല. കൃഷിപ്പണിയുടെ കുറഞ്ഞകൂലി താരതമ്യേന ഉയർന്ന നിരക്കിൽ നിജപ്പെടുത്തിയിട്ടുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം ഇതു് പ്രത്യേകിച്ചും അങ്ങനെയാണ്.

എന്നാൽ പഞ്ഞമാസങ്ങളിലെ തൊഴിലില്ലായ്മ മറ്റൊരു സംഗതിയാണ്. ഈ മാസങ്ങളിൽ, ഏറെക്കുറെ പരിപൂർണമായി തൊഴിലില്ലായ്മയുടെ അവസ്ഥയാണുള്ളതു്. തുറന്ന സ്ഥലങ്ങളിൽ ആളുകൾക്ക് ജോലി ചെയ്യാൻ പററാത്ത

വിധം മഴ ശക്തമാണ്. ഏകദേശം എല്ലാ സ്ഥലങ്ങളിലും നെൽക്കൃഷിയുടെ ഒഴിവുകാലമാണിത്. മററു കൃഷിപ്പണികളും അപൂർവമായിരിക്കുന്നതുമൂലം കർഷകത്തൊഴിലാളികൾക്ക് അവരുടെ കുടിലുകളിൽ വെറുതെ സമയം ചെലവഴിക്കേണ്ടിവരുന്നു.

മീൻപിടിത്തക്കാർക്ക് കോപിച്ച കടലിൽ തോണി ഇറക്കാൻ പററില്ല. ദിവസങ്ങളോളവും ആഴ്ചകളോളവും കോളുനിറഞ്ഞ ആകാശത്തും കോപിച്ച കടലിലും നല്ലൊരു കാലാവസ്ഥയെ പ്രതീക്ഷിച്ചുകൊണ്ട് അവർ കണ്ണുകൾ പായിക്കുന്നു. അവരുടെ അടുപ്പുകളിൽ പുക ഉയരുന്നില്ല; അവരുടെ അടുക്കളയും വയറുകളും ദിവസങ്ങളോളവും ആഴ്ചകളോളവും ശൂന്യമായിരിക്കുന്നു.

5 ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളുടെയും കയർവ്യവസായത്തെ ആശ്രയിച്ചു കഴിയുന്ന 15 ലക്ഷത്തോളം വരുന്ന ജനങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. ചൂടി ഉണക്കാൻ സൂര്യപ്രകാശം ലഭിക്കുന്ന കാലത്ത് മാത്രമേ ഈ ഗ്രാമീണവ്യവസായം നടത്താൻ പററുകയുള്ളു.

ഗ്രാമങ്ങളിലെ പട്ടിണിപ്പാവങ്ങളുടെ ഏററവും വലിയഭാഗം ഈ കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും ചേർന്നതാണ്. ചുമട്ടുതൊഴിലാളികൾ, വണ്ടിത്തൊഴിലാളികൾ, കൈക്കോട്ടുപണിക്കാർ തുടങ്ങി ഗ്രാമങ്ങളിലെ മററു തൊഴിലാളികളും ഈ കാലത്ത് തൊഴിലില്ലാത്തവരായിത്തീരുന്നു. സാധനങ്ങളുടെ കയററിറക്കുമതി ഈ കാലത്ത് ആകെ കുഴപ്പത്തിലാവുകയും ജനങ്ങൾക്ക് അത്തരം പണികൾ നടത്താൻ തെളിഞ്ഞ ദിവസങ്ങൾക്കുവേണ്ടി കാത്തരിക്കേണ്ടിവരുകയും ചെയ്യുന്നു. ഈ കാലം ഏതാണ്ട് മുഴുവനും ഗുരുതരമായ തൊഴിലില്ലായ്മയുടെ കാലമാണ്. കേരളത്തിലെ ഗ്രാമങ്ങൾ, പ്രത്യേകിച്ചും തീരപ്രദേശങ്ങൾ, വളരെ മ്ലാനമായിരിക്കും. ഈ കാലത്ത് ഗ്രാമീണരുടെ, പ്രത്യേകിച്ചു പട്ടിണിപ്പാവങ്ങളുടെ, മുഖങ്ങളിൽ നിരാശ തെളിഞ്ഞുകാണാം,

## ഭക്ഷ്യദൗർല്ലഭ്യം

കേരളത്തിലെ ജനങ്ങളുടെ മുഖ്യാഹാരമായ അരിയുടെ ഉല്പാദനത്തിൽ ഉയർന്ന കമ്മി അനുഭവപ്പെടുന്ന സ്ഥലമാണ് കേരളമെന്നതു് പ്രസിദ്ധമായ വസ്തുതയാണ്. കന്നിമാസത്തിലാണ് ആദ്യത്തെ കൊയ്ത്തു നടക്കുന്നതു് (സെപ്ററമ്പർ—ഒക്ടോബർ) അതിനുശേഷം മേടം അവസാനം വരെ തുടർച്ചയായ കൃഷിപ്പണികൾ നടക്കുന്ന (ഏപ്രിൽ–മെയ്). ഈ പരിതസ്ഥിതികളിൽ, കർക്കിടകം–മിഥുനം തുടങ്ങിയ പഞ്ഞമാസങ്ങൾ (ജൂൺ 15 മുതൽ ആഗസ്റ്റ് 15 വരെ) കഠിനമായ ഭക്ഷ്യക്കമ്മിയുടെ ഭാരം അനുഭവിക്കേണ്ടിവരികയും സംസ്ഥാനത്തിന്റെ പുറത്തു നിന്ന് ഇറക്കുമതിചെയ്യപ്പെടുന്ന അരിയുടെ മേൽ പൂർണമായും ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. ഭക്ഷ്യമേഖലകളിൽ നിന്ന് പുറത്തേക്ക് ഭക്ഷ്യസാമഗ്രികളുടെ കടത്ത് ശക്തിയായി നിരോധിക്കുകയും അതിർത്തികളിൽ കാവലേർപ്പെടുത്തുകയും ചെയ്തിരുന്ന കാലത്ത് ഗ്രാമീണർക്കു് (കൊല്ലം മുഴുവൻ ഉപയോഗിക്കാൻ

വെണ്ടത്ര അരി ഉല്പാദിപ്പിക്കുന്ന കഷ്കരൊഴിച്ച്) പൂർണമായും സംസ്ഥാനഗവണ്മെൻറ് ഏർപ്പെടുത്തിയിരുന്ന അരിറേഷനെത്തന്നെ ആശ്രയിക്കേണ്ടിവന്നു. ഈ സ്ഥിതി 'പഞ്ഞമാസ'ങ്ങളിലെ ഭക്ഷ്യദൗർല്ലഭ്യത്തെ കാണിക്കുന്നു.

## വിലക്കയററം

ഒരു കൊല്ലത്തെ വിവിധകാലങ്ങളിലെ വിലയുടെ ഏററക്കുറച്ചിലുകൾ നിരീക്ഷിക്കുന്ന ഒരാൾക്ക്, പഞ്ഞമാസങ്ങളിൽ, അവശ്യഭക്ഷ്യപദാർഥങ്ങളുടെ പ്രത്യേകിച്ചും അരിയുടെ വിലയിൽ ഒരു കുത്തനെയുള്ള കയററം വളരെ എളുപ്പത്തിൽ നിരീക്ഷിക്കാൻ കഴിയും. ഉയന്ന നിരക്കിലുള്ള തൊഴിലില്ലായ്മയുടെയും ഗ്രാമീണതൊഴിലാളികളുടെ ഇടയിൽ തൽഫലമായുണ്ടാവുന്ന വാങ്ങുവാനുള്ള കഴിവിൻെറ കുറവിൻെറയും അടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ ഇതൊരു അസത്യാഭാസമായി തോന്നിയേക്കാം. എന്തായാലും, ഭക്ഷ്യപദാർഥങ്ങളുടെ വിലക്കയററത്തിന്ന് രണ്ടു പ്രധാന കാരണങ്ങൾ ഉണ്ട്. ഒന്നാമത്തേതു്, ഈ കാലത്തെ ഭക്ഷ്യപദാർഥങ്ങളുടെ, പ്രധാനമായും അരിയുടെ, ദൗർല്ലഭ്യമാണ്. രണ്ടാമത്തേതു്, ഈ കാലത്തു് അരിയുടെയും മററു ഭക്ഷ്യപദാർഥങ്ങളുടെയും ഗതാഗതത്തിന്നുള്ള വൈഷമ്യമാണ്. അരിച്ചാക്കുകൾ ലോറികളിൽ നിറയ്ക്കുന്നതിനു് മുൻമ്പ് മഴവെള്ളം കടക്കാതിരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. മഴപെയ്യുമ്പോൾ, സാധനങ്ങൾ ഇറക്കുകയും കയററുകയും ചെയ്യുന്നതാണ് മററൊരുപ്രശ്നം. മഴക്കാലത്തു്, ഈ പ്രവൎത്തനങ്ങൾക്കിടയിൽ കുറെഭാഗം അരി പെട്ടെന്ന് ചീത്തയാവുന്നു. എല്ലാം കൂടെ, കടത്തുകൂലി ഉയൎത്തുകയും ഭക്ഷ്യപദാർഥങ്ങളുടെ വിലയിൽ അതനുസരിച്ച് വർധനവുണ്ടാവുകയും ചെയ്യുന്നു,

## താഴ്ന്ന പ്രദേശങ്ങളിലെ വെള്ളപ്പൊക്കം

തെക്കു് പടിഞ്ഞാറൻ കാലവർഷക്കാലത്തു് കേരളത്തിലെ പുഴകൾ മിക്കവാററും കരകവിയുന്നു. വലിയ പുഴകളിൽ കുറേയേറെ ജലസേചനഅണകളുടെ നിർമാണത്തോടെ ഈ സ്വഭാവം കുറഞ്ഞുവരികയാണ്, എങ്കിലും താഴ്ന്നപ്രദേശങ്ങളിലെ നീർവാർച്ചാപാനലുകൾ എക്കൽ കേറി അടയുകയോ മണ്ണടിയുകയോ ചെയ്യുന്നതുമൂലം ഭൂമി വെള്ളത്തിനടിയിലാവുകയും നൂറുകണക്കിന് ഗ്രാമീണഭവനങ്ങൾ വെള്ളത്താൽ ചുററപ്പെടുകയും ചെയ്യുന്നു. വർഷംതോറും അത്തരം കുടിലുകളിൽ താമസിക്കുന്നവരെ സുരക്ഷിതപ്രദേശങ്ങളിലേക്കു് നീക്കേണ്ടിവരികയും സംസ്ഥാനഗവണ്മെൻറിനു് ഇക്കാലത്തു് ഇവക്കു് സൗജന്യറേഷൻ നൽകുന്നതിനുവേണ്ടി ഒരു വലിയ തുക വകകൊള്ളിക്കേണ്ടിവരികയും ചെയ്യുന്നു, ഇക്കൂട്ടരെ പകർച്ച വ്യാധികൾ പെട്ടെന്ന് പിടികൂടുന്നു. സമൂഹത്തിലെ പരിഷ്കൃതവിഭാഗങ്ങൾ ഇവരുടെ തികച്ചും വർണനാതീതമായ കഷ്ടപ്പാടുകളും ദുഃഖങ്ങളും കാണുന്നതേയില്ല.

മുകളിൽപറഞ്ഞ എല്ലാ പ്രകൃതികോപങ്ങളുടെയും മൊത്തം ഫലം പഞ്ഞമാസങ്ങളിൽ ഗ്രാമീണജനങ്ങൾക്കു് ഉണ്ടാകുന്ന ഹൃദയഭേദകമായ ദുരിതവും പട്ടിണിയും ആണ്,

## പ്രശ്നപരിഹാരം

സാമ്പത്തികവിദഗ്ധന്മാരും ഭരണാധികാരികളും കുറഞ്ഞ ശ്രദ്ധ മാത്രം പതിപ്പിച്ചിട്ടുള്ള ഒരു പ്രശ്നമാണിതു്. ഇന്ത്യയിൽ മുഴുവൻ സാധാരണമായിട്ടുള്ള കാലികമായ തൊഴിലില്ലായ്മയുടെ പ്രശ്നമെന്ന നിലയിൽ ഇതിനെ മാററിവച്ചിരിക്കുകയാണു്. ഇന്ത്യയുടെ മററു ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കാലികമായ തൊഴിലില്ലായ്മ കേരളത്തിൽ പഞ്ഞമാസങ്ങളിൽ അനുഭവപ്പെടുന്നിടത്തോളം നിർണായകവും സ്വഭാവത്തിൽ ഇത്രത്തോളം വ്യത്യസ്തവുമല്ല. ഈ മാസങ്ങളിലെ പ്രസ്തുത പ്രശ്നം കേരളത്തിൽ ഗുരുതരമാണു് എന്നതു കൊണ്ടു തന്നെ സ്വഭാവത്തിൽ—രൂപത്തിലും ഉള്ളടക്കത്തിലും—തികച്ചും വ്യത്യസ്തമായ ഒരു പ്രശ്നമെന്ന നിലയിൽ ഇതിനെ കൈകാര്യംചെയ്യേണ്ടിയിരിക്കുന്നു.

ഇതിനു അടിയന്തിരവും ഹ്രസ്വകാലത്തേക്കുള്ളതുമായ ഒരു പരിഹാരത്തെക്കുറിച്ചാണു് നാം ചിന്തിക്കേണ്ടതു്. അല്ലെങ്കിൽ ഗ്രാമങ്ങളിലെ പട്ടിണിപ്പാവങ്ങൾ കേരളത്തിൽ സമൃദ്ധിയും ഐശ്വര്യവും പുലരുന്നതുവരെ ഈ ഭയങ്കരപ്രശ്നത്തിന്റെ ചവിട്ടടികളിൽ കിടന്നു് നരകിക്കേണ്ടിവരും.

ഈ കാലത്തു് ഗ്രാമങ്ങളിലെ പട്ടിണിപ്പാവങ്ങൾക്കു് മറെറന്തെങ്കിലും തൊഴിലുകൾ നൽകാനുള്ള മാർഗങ്ങൾ അവലംബിക്കുന്നതു കൂടാതെ പഞ്ഞമാസങ്ങളിലെ ദുരിതങ്ങൾ നീക്കാൻ സഹകരണശ്രമങ്ങളിലൂടെ അടിച്ചേല്പിക്കുന്ന മിതവ്യയശീലമാണു് ഈ പ്രശ്നത്തിനുള്ള ഒരു അടിയന്തിരപരിഹാരമെന്നു് തോന്നുന്നു.

അത്തരം ഒരു പരിഹാരത്തിന്റെ സാധ്യതയും പ്രവർത്തനക്ഷമതയും ഒന്നു പരിശോധിക്കാം. കേരളത്തിലെ ഒരു കർഷകത്തൊഴിലാളികുടുംബം ഒരാഴ്ചയിൽ ശരാശരി 30 ക. സമ്പാദിക്കുന്നുണ്ടെന്നു് കരുതാം. ഒരാൺതൊഴിലാളിക്കും പെൺതൊഴിലാളിക്കും പഞ്ഞമാസങ്ങളൊഴിച്ചുള്ള മാസങ്ങളിൽ ഒരാഴ്ചയിൽ 4 ദിവസം ജോലി ലഭിക്കും എന്ന ധാരണയെ അടിസ്ഥാനപ്പെടുത്തിയാണിതു് (ഒരാൺതൊഴിലാളിയുടെ ഒരു ദിവസത്തെ കുറഞ്ഞ കൂലി 4 രൂ. 50 പൈസയും ഒരു പെൺതൊഴിലാളിയുടെ ഒരു ദിവസത്തെ കുറഞ്ഞകൂലി 3 രൂപയുമാണു്. ഒരു ദിവസം അവരൊന്നിച്ച് 7 രൂ. 50 പൈസ സമ്പാദിക്കുന്നു. 4 ദിവസത്തെ അവരുടെ ജോലിയിൽ നിന്നുള്ള വരുമാനം 30 രൂപയായിരിക്കും). സാധാരണയായി പുരുഷന്മാർ കൂടുതൽ ദിവസങ്ങളും സ്ത്രീകൾ പുരുഷന്മാരെക്കാൾ അല്പം കുറഞ്ഞ ദിവസങ്ങളും ജോലിചെയ്യുന്നു. മൊത്തത്തിൽ ഇവിടെ നിർദേശിച്ചതിനേക്കാൾ അല്പം കൂടിയ വരുമാനം ലഭിക്കും. ഏതായാലും, ഒരാഴ്ചയിൽ ഒരു തൊഴിലാളികുടുംബത്തിന്റെ വരുമാനം 30 രൂപ ആയിരിക്കുമെന്ന മുകളിൽപ്പറഞ്ഞ സങ്കൽപ്പത്തിൽത്തന്നെ നില്ക്കുകയാണെങ്കിൽ അതൊരു തെററായ നിഗമനമല്ല. 44 ആഴ്ചകളിലെ (ഒരു കൊല്ലത്തിൽ പഞ്ഞമാസങ്ങളിലെ 8 ആഴ്ചകൾ ഉപേക്ഷിച്ചാൽ) ആകെ വരുമാനം 1320 രൂപയായിരിക്കും. ഒരു കൊല്ലത്തെ എല്ലാ കാലങ്ങളിലേക്കും ഈ വരുമാനം നീതിപൂർവമായി വിതരണം ചെയ്താൽ ഒരു കുടുംബത്തിനു് പഞ്ഞമാസങ്ങൾ ബുദ്ധിമുട്ടു കൂടാതെ തരണംചെയ്യാൻ കഴിയും.

ഈ നിർദേശം നടപ്പിലാക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. നല്ല കാലങ്ങളിലെ വരുമാനത്തിൻെറ ഒരംശം സൂക്ഷിച്ചുവയ്ക്കാൻ എത്ര തന്നെ നിർബന്ധം ചെലുത്തിയാലും നടക്കാൻ പോവുന്നില്ല. 'സഹകരണശ്രമങ്ങളിലൂടെ അടിച്ചേല്പിക്കുന്ന' മിതവ്യയശീലം മാത്രമാണ് ഒരുമാർഗം.

എന്താണ് ഈ മാർഗം? അതിൻെറ രൂപം എന്താണ്? ഒരാഴ്ച സമ്പാദിക്കുന്ന 30 രൂപയിൽ, ഒരു കുടുംബം 20 രൂപയോളം ഭക്ഷണപദാർഥങ്ങൾ വാങ്ങാൻ വേണ്ടി പലചരക്കുകടയിൽ ചെലവഴിക്കുന്നു. ഈ തുക അവരുടെ സ്വന്തം സഹകരണസ്റ്റോറുകളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻവേണ്ടി ഉപയോഗിക്കട്ടെ. 20 രൂപയുടെ സാധനങ്ങൾക്ക് അല്പം കൂടി അധികം, അതായത് 22 രൂപ അവരിൽ നിന്നും ഈടാക്കണം. ഇതിനർഥം അയാൾ യഥാർഥത്തിൽ കൊടുക്കേണ്ട തുകയുടെ 10 ശതമാനം അധികം കൊടുക്കുന്നു എന്നാണ്. സാധാരണയായി പ്രൊവിഷൻസ്റ്റോറുകൾ നല്ലവണ്ണം നടത്തുകയാണെങ്കിൽ, അതിലെ മെമ്പറന്മാക്ക് 10 ശതമാനം വാങ്ങൽബോണസ് നൽകുവാൻ കഴിയും. ഈ രണ്ടു തുകയും കൂടെ (അധികം കൊടുത്ത തുകയും, കിട്ടേണ്ട വാങ്ങൽബോണസും കൂടെ) അയാൾ ആകെ ചെലവാക്കിയ തുകയുടെ 20% ഉണ്ടാകും. ഈ 20% തുക പഞ്ഞമാസങ്ങളിൽ അയാൾക്കു വാങ്ങൽബോണസ്സായി വിതരണം ചെയ്യാൻ പററും. ആഴ്ചതോറും 22 രൂപയുടെ സാധനങ്ങൾ വാങ്ങും എന്ന നമ്മുടെ നിഗമനത്തെ അടിസ്ഥാനമാക്കി 44 ആഴ്ചകളിൽ അയാൾ സാധനങ്ങൾ വാങ്ങുന്ന ആകെ തുക 968 രൂപയായിരിക്കും. ഈ തുകയുടെ ഇരുപതു ശതമാനം പഞ്ഞമാസങ്ങളിലെ 8ആഴ്ചകളിൽ ഒരു കുടുംബത്തിനു ഭക്ഷ്യപദാർഥങ്ങൾക്കും മററാവശ്യങ്ങൾക്കും വേണ്ടിവരുന്ന തുകയിലും അധികമായിരിക്കും. സഹകരണസംഘം സ്റ്റോറുകൾ പഞ്ഞമാസങ്ങളിൽ കുടുംബങ്ങൾക്ക് സാധനങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും അവക്കു നൽകേണ്ടതായ വാങ്ങൽബോണസ്സിൽ നിന്നു പിടിച്ചെടുക്കുകയും വേണം. ഈ കാലത്തു് മററത്യാവശ്യസാധനങ്ങൾ വാങ്ങുവാൻ വേണ്ടി കുടുംബത്തിനു് പണം കിട്ടത്തക്കവണ്ണം ബാക്കിവരുന്ന തുക പണമായി വിതരണംചെയ്യണം.

ഈ ലക്ഷ്യം വെച്ചുകൊണ്ടു്, സഹകരണസംഘം സ്റ്റോറുകൾ കർഷകത്തൊഴിലാളികളുടെ ഇടയിലും മത്സ്യത്തൊഴിലാളികളുടെ ഇടയിലും സ്ഥാപിക്കണം. ഇത്തരം സംഘങ്ങളുടെ സ്ഥാപനത്തിനാവശ്യമായ തുകയുടെ ഒരു ഭാഗം മിഥുനം, കർക്കിടകം തുടങ്ങിയ ശപിക്കപ്പെട്ട മാസങ്ങളിൽ ഏററവും കൂടുതൽ കഷ്ടപ്പെടുന്ന സമൂഹത്തിലെ ഏററവും പാവപ്പെട്ടവരെ സഹായിക്കാനുള്ള അവശ്യോപാധിയെന്ന നിലയിൽ സർക്കാർ എടുക്കണം. ഈ അടിയന്തിരകടമ ഏറെറടുക്കുമ്പോൾ ഗ്രാമങ്ങളിലെ പട്ടിണിപ്പാവങ്ങളുടെ പരിതാപകരമായ നിലനില്പിനൊരു ശാശ്വതപരിഹാരമല്ലിതെന്നും, മറിച്ച് ചെലവുകൾ ഒന്ന് സമീകരിക്കാനുള്ള താൽക്കാലികമാർഗം മാത്രമാണിതെന്നും ഓർമിക്കണം.

**പി. കെ. ഗോപാലകൃഷ്ണൻ,**

# 9

## കേരളത്തിലെ കൃഷിഭൂമിവിതരണം-
## ചില സാമ്പത്തികപരിഗണനകൾ


കേരളത്തിൻെറ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തെ സാരമായിസ്പർശിക്കുന്ന ഒരു പ്രശ്നമാണ് കൃഷിഭൂമിയുടെ വിതരണം. വനഭൂമി, പരിധിയിൽ കവിഞ്ഞുള്ള മിച്ചഭൂമി തുടങ്ങിയ കൃഷിയിടങ്ങൾ ഭൂരഹിതർക്കും ചെറുകിട കൃഷിക്കാർക്കും മററുമായി വിതരണം ചെയ്യാനുള്ള മുറവിളി ഇവിടെ കേൾക്കാൻ തുടങ്ങിയിട്ട് നാളുകൾ കുറെ ആയി. ചില വിതരണങ്ങൾ നടന്നിട്ടുമുണ്ട്. വൈകാരികമായിട്ടാണ് പലരും ഈ പ്രശ്നത്തെ സമീപിച്ചിട്ടുള്ളത്. തന്മൂലം അടിസ്ഥാനപരമായ പല സാമ്പത്തികപരിഗണനകളും വിട്ടുകളഞ്ഞിട്ടുള്ളതായിക്കാണാം. ഈ പ്രശ്നത്തിൻെറ ചില സാമ്പത്തികവശങ്ങൾ പരാമർശിക്കുക എന്നതാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

ഇന്ത്യയിലെ മറേറതൊരു സംസ്ഥാനത്തെ അപേക്ഷിച്ചും, ഭൂമിയുടെ പുനർവിഭജനത്തിൻെറ ആവശ്യം ഏററവും അധികമുള്ളത് കേരളത്തിലാണ്. ഈ സംസ്ഥാനത്ത് ഏറെനാളുകളായി ഭൂവുടമാവകാശം ഏതാനും ആളുകളിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കേരളത്തിലായിരുന്നു ഈ കേന്ദ്രീകരണം കൂടുതൽ. സാംഖ്യികത്തിൽ കേന്ദ്രീകരണവും വിതരണാസമത്വവും അളക്കുന്നതിനു് പല ഉപാധികളുമുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് കേന്ദ്രീകരണാനുപാതം. എല്ലാ കൃഷിയിടങ്ങളും സമമായി വിതരണം ചെയ്യുകയാണെങ്കിൽ ഈ അനുപാതം പൂജ്യമായിരിക്കും. മറിച്ച് എല്ലാ ഭൂമിയും ഒരാളുടെ കൈവശമായാൽ ഈ അനുപാതം ഒന്ന് ആയിരിക്കും. അനുപാതം ഒന്നിനോട് അടുത്ത സംഖ്യ ആയിരുന്നാൽ കേന്ദ്രീകരണം അത്രയ്ക്ക് അധികമാണെന്ന് ഊഹിക്കാം. 1950-51-ൽ കർഷകത്തൊഴിലാളി അന്വേഷണ കമ്മിററി റിപ്പോർട്ടനുസരിച്ച്, കേരളത്തിലെ ഭൂമിയുടെ കേന്ദ്രീകൃതാനുപാതം 0.66 ആയിരുന്നു [1] മറേറതൊരു സംസ്ഥാനത്തെക്കാളും അധികമായിരുന്നു അതെന്ന

1. Report on the 1ntensive survey of AgricuItural Labour, voI (1) All India (govt. of India, Ministry of Labour,New Delhi. 1954)p 18
ഈ അനുപാതം തിരു-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചായിരുന്നുവെങ്കിലും കേരളത്തിൻെറ മൊത്തം സ്ഥിതിയായി കണക്കാക്കുന്നതിൽ തെററില്ല. കാരണം മലബാറിലാണ് തിരു-കൊച്ചിയേക്കാൾ കൂടുതൽ കേന്ദ്രീകരണം എന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്.

റിപ്പോർട്ടിൽ നിന്നു ഗ്രഹിക്കാം. 1961–62-ൽ ഈ അനുപാതം 0·61 ആയി കുറഞ്ഞു. 1966-67ൽ സ്ഥിതിഗതിക്ക് വലിയ മാററം വന്നില്ല,

ലോറൻസ്‌വക്രം ഉപയോഗിച്ച് ഭൂവിതരണത്തിലെ അസമത്വം ഏററക്കുറെ അളക്കാവുന്നതാണ്. 1961–62–ലെയും 1966—67–ലെയും സ്ഥിതി കാണിക്കുന്ന ഒരു ലോറൻസ്‌വക്രം ഉൾക്കൊള്ളുന്ന ചിത്രം താഴെ കൊടുക്കുന്നു.




വിതരണത്തിലെ സമത്വം കാണിക്കുന്നതാണ് 45 ഡിഗ്രിയിൽ കാണുന്ന രേഖ. 1961–1962–ലെയും 1966–67–ലെയും കേരളത്തിലെ സ്ഥിതി ഈ രേഖയിൽ നിന്നും വളരെ താഴെയാണെന്ന് കാണാവുന്നതാണ്. 1966–67–ൽ മേലേക്കിടയിൽ കേന്ദ്രീകരണം അല്പം കൂടിയെന്ന് ചിത്രത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

ഈ വൻപിച്ച കേന്ദ്രീകരണത്തോടൊപ്പം തന്നെ കണക്കിലെടുക്കേണ്ട ഒരു പ്രശ്നമാണ് കേരളത്തിലെ ജനസാന്ദ്രത. ഇന്ത്യയിലെ ഏററവും ജനനിബിഡമായ പ്രദേശം കേരളമാണ്. തൻമൂലം കൃഷിഭൂമിയിന്മേലുള്ള സമ്മർദം വളരെ കൂടുതലത്രേ. ലോകത്തിൽ മറെറങ്ങും ഇത്രയും തുച്ഛമായ ആളോഹരി കൃഷിഭൂമി ഉണ്ടെന്നു തോന്നുന്നില്ല. ഭൂമിയുടെ ഉടമാവകാശത്തിന്റെ കേന്ദ്രീകരണവും അതോടൊപ്പം കൃഷിയിടങ്ങൾക്ക് വേണ്ടിയുള്ള തീവ്രമായ ദാഹവും പ്രശ്നം ഗുരുതരമാക്കുന്നുണ്ട്.

പട്ടിക 1

## കൃഷിയിടങ്ങളുടെ വലുപ്പവും ഉടമാവകാശവും (1966—67)

| ഓരോ കുടുംബത്തിൻെറയും കൃഷിയിടത്തിൻെറ വലുപ്പം (ഏക്കർ) | | കുടുംബങ്ങൾ എണ്ണം | | കൃഷിയിടങ്ങൾ എണ്ണം | | മൊത്തം വിസ്തീർണം | | വീടൊന്നുകളുള്ള ശരാശരി ഭൂമി | കൃഷിയിടം ഒന്നിൻെറ ശരാശരി വിസ്തീർണം |
|---|---|---|---|---|---|---|---|---|---|
| | | (1000) കണക്കിൽ | ആകെ % | (1000) കണക്കിൽ | ആകെ % | (1000) ഏക്കർ | ആകെ % | | |
| 1 | | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1–നു° താഴെ | 1·00 | 908·0 | 60·0 | 1040·1 | 54·6 | 347·8 | 10·2 | 1·15 | 0·33 |
| 1·00 | 2·50 | 337·3 | 22·4 | 458·5 | 24·1 | 510·2 | 15·0 | 1·36 | 1·11 |
| 2·50 | 5·00 | 134·7 | 9·0 | 202·9 | 10·6 | 480·9 | 14·2 | 1·50 | 2·37 |
| 5·00 | 10·00 | 87·7 | 5·8 | 125·8 | 6·6 | 601·9 | 17·7 | 1·43 | 4·78 |
| 10·00 | 15·00 | 22·7 | 1·5 | 47·3 | 2·5 | 272·0 | 8·0 | 2·09 | 5·75 |
| 15·00 | 20·00 | 5·1 | 0·4 | 7·5 | 0·4 | 86·1 | 2·5 | 1·48 | 11·45 |
| 20·00 | 25·00 | 3·5 | 0·2 | 4·8 | 0·2 | 75·9 | 2·3 | 1·38 | 16·00 |
| 25–നുമേൽ | | 10·2 | 0·7 | 19·0 | 1·0 | 1020·8 | 30·1 | 1·86 | 53·75 |
| ആകെ | | 1504·2 | 100·0 | 1905·9 | 100·0 | 3395·6 | 100·0 | 1·27 | 1·78 |

Reqort on the survey of Land Reforms in Kerala 1966–67, Bureau of Economics and Statistics, Government of kerala, Trivandrum (Mimeographed) P.62.

പട്ടിക ഒന്നിൽ ചേർത്തിരിക്കുന്ന കണക്കുകൾ പ്രശ്നത്തിൻെറ ഒരേകദേശ രൂപം നല്കുന്നതിനു സഹായിക്കും. ഇതിൽ നിന്നും 60 ശതമാനം കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറഞ്ഞ കൃഷിഭൂമി മാത്രമേയുള്ളുവെന്നു കാണാവുന്നതാണ്. എന്നാൽ മൊത്തം സ്വകാര്യകൃഷിഭൂമിയുടെ 10 ശതമാനം മാത്രമേ ഇതു് വരുന്നുള്ളു. 91 ശതമാനം കുടുംബങ്ങൾക്ക് 5 ഏക്കറിൽ അധികം ഭൂമിയില്ല. പക്ഷേ മൊത്തം കൃഷിഭൂമിയുടെ 39 ശതമാനം മാത്രമേ ഇതു് വരുന്നുള്ളു. എന്നാൽ 15 ഏക്കറിൽ കൂടുതൽ വരുന്ന കൃഷിയിടങ്ങളുടെ എണ്ണം കേവലം 0·6 ശതമാനമേയുള്ളുവെങ്കിലും 27 ശതമാനം വിസ്തീർണം വരുന്ന കൃഷിയിടങ്ങൾ അവരുടെ കൈകളിലാണ്. 25 ഏക്കറിൽ കവിഞ്ഞതു് മിക്കവാറും തോട്ടങ്ങളാണ്. അവ മിക്കതും പരിധിയിൽ നിന്നു് ഒഴിവാക്കപ്പെട്ടിരിക്കുകയാണ്.

ഇതുവരെ നാം പറഞ്ഞുവന്നതു് ഭൂമിയുള്ളവരുടെ കഥയാണ്. വിതരണത്തിലെ അസമത്വത്തിൻെറ വ്യാപ്തി മനസ്സിലാക്കുവാൻ ഭൂരഹിതരെക്കൂടി കണക്കിലെടുക്കേണ്ടതുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ ഭൂരഹിതരുടെ എണ്ണം രണ്ടിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

കേരളത്തിൽ 1961–62–ൽ മൊത്തം 24·92 ലക്ഷം ഭവനങ്ങൾ നാട്ടിൻപുറത്തുണ്ടായിരുന്നുവെന്നും, അതിൽ 7·73 ലക്ഷം വീട്ടുകാർ സ്വന്തം ഭൂമിയില്ലാത്തവരായിരുന്നുവെന്നും പട്ടികയിൽ നിന്നു കാണാവുന്നതാണ്. അതായതു മൊത്തം ഗ്രാമീണകുടുംബങ്ങളിൽ 31 ശതമാനം ഭൂമിയില്ലാത്തവരാണ്. കേരളം കഴിഞ്ഞാൽ ഏററവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമായ പശ്ചിമബംഗാളിൽ പോലും 12·3 ശതമാനം മാത്രമേ ഭൂരഹിതരായുള്ളു. ഏററവും വലിയ സംസ്ഥാനമായ ഉത്തരപ്രദേശത്തിൽ ഇതു് വെറും 2·7 ശതമാനത്തിൽ അധികമല്ല.

അങ്ങനെ കേരളത്തിൽ കൃഷിഭൂമി വിതരണംചെയ്യേണ്ടതിൻെറ ആവശ്യം വളരെ വ്യക്തമാണ്. എന്നാൽ ഭൂവിതരണം പരിഗണിക്കുമ്പോൾ ഓർത്തിരിക്കേണ്ട ഒരു പ്രശ്നമുണ്ട്. അതായതു ഭൂമി, ഉല്പാദനത്തിൻെറ ഉപാധി മാത്രമല്ല, ഒരു പാർപ്പിടസ്ഥലവും കൂടിയാണ്. ഭൂമിവിതരണം ചെയ്യുമ്പോൾ ഈ രണ്ടു പ്രശ്നങ്ങളും വ്യത്യസ്തമായി കാണേണ്ടിയിരിക്കുന്നു. രണ്ടാമത്തേതു് ഒരു ധാർമികപ്രശ്നമാണ്. ഈ മണ്ണിൽ ജനിച്ചവർക്കെല്ലാം താമസിക്കാനിടം ഉറപ്പുവരുത്തുക കേവലം സാമൂഹികനീതി മാത്രമാണ്. എന്നാൽ കൃഷിഭൂമിയുടെ വിതരണം ഒരു സാമ്പത്തികപ്രശ്നമാണ്. ഉല്പാദനക്ഷമത, വിഭവങ്ങളുടെ ഏററവും മെച്ചപ്പെട്ട ഉപയോഗം തുടങ്ങി നിരവധി മാനദണ്ഡങ്ങൾ കൃഷിഭൂമി വിതരണംചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്. കൃഷിഭൂമി തുണ്ടുതുണ്ടായി അംശിച്ച് സാമ്പത്തികഭദ്രതയില്ലാത്ത കൃഷിയിടങ്ങൾ കൂടുതലായി ഉണ്ടാകുവാൻ അനുവദിക്കുക ആശാസ്യമായ ഒരു നടപടിയല്ല. ഏതായാലും സർക്കാരിൻെറ പരിപാടി അത്തരം അംഗീകരണം നിരുത്സാഹപ്പെടുത്തുന്ന തരത്തിലായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

പട്ടിക 2

ഭൂരഹിതഭവനങ്ങളുടെ എണ്ണം-സംസ്ഥാനാടിസ്ഥാനത്തിൽ (1961—62)

| സംസ്ഥാനങ്ങൾ | മൊത്തം ഭവനങ്ങൾ ('000 കണക്കിൽ) | ഭൂരഹിതരുടെ ഭവനങ്ങൾ (ശതമാനം) |
|---|---|---|
| 1 | 2 | 3 |
| 1. ആന്ധ്രപ്രദേശ് | 6641 | 6·84 |
| 2. ആസ്സാം | 2024 | 27·77 |
| 3. ബിഹാർ | 8503 | 8·63 |
| 4. ഗുജറാത്ത് | 3141 | 14·74 |
| 5. ജമ്മുവും കാശ്മീരും | 604 | 10·93 |
| 6. കേരളം | 2492 | 30·90 |
| 7. മധ്യപ്രദേശ് | 5479 | 9·14 |
| 8. മദ്രാസ് (തമിഴ്നാട്) | 6764 | 24·20 |
| 9. മഹാരാഷ്ട്രം | 5302 | 16·03 |
| 10. മൈസൂർ | 3567 | 18·64 |
| 11. ഒറീസ്സ | 3799 | 7.84 |
| 12. പഞ്ചാബ് | 2494 | 12·33 |
| 13. രാജസ്ഥാൻ | 2956 | 11·84 |
| 14. ഉത്തരപ്രദേശം | 13372 | 2·78 |
| 15. പശ്ചിമബംഗാൾ | 4914 | 12.56 |
| 16. കേന്ദ്രപ്രദേശങ്ങൾ | 144 | 15·22 |
| 17. അഖിലേന്ത്യ | 72466 | 11·68 |

അങ്ങനെ വരുമ്പോൾ ഏററവും കൂടിയ പരിധിപോലെതന്നെ, ഏററവും കുറഞ്ഞ പരിധിയും നിശ്ചയിക്കേണ്ടതായിവരുന്നു. ഭൂമിയുടെ ഉല്പാദനക്ഷമത കൃഷിഭൂമിയിൽ നിന്നുള്ള ബിസിനസ്സ് വരുമാനം, കൃഷിയെ ചുററിപ്പററിയുള്ള വ്യാപാരങ്ങളിൽ നിന്നുള്ള ഉല്പാദനം, മൊത്തം ആസ്തികൾ തുടങ്ങിയ ചില മാനദണ്ഡങ്ങൾ ഉപയോഗിച്ച് വിവിധ വലുപ്പത്തിലുള്ള കൃഷിയിടങ്ങളുടെ സാമ്പത്തികശേഷി പരിശോധിക്കാം. അതിൽ നിന്നും ഏററവും കുറഞ്ഞ വലിപ്പമുള്ളതും സാമ്പത്തികഭദ്രതയുള്ളതുമായ കൃഷിയിടം കണ്ടുപിടിക്കാവുന്നതാണ്. ആലപ്പുഴ, കൊല്ലം ജില്ലകളിൽ 1962 മുതൽ മൂന്നു വർഷം തുടർച്ചയായി നടത്തിയ പഠനങ്ങളുടെ ഫലമായി ലഭിച്ചിട്ടുള്ള കണക്കുകളാണ് ഇതിനു ഉപോൽബലകമായി ഉദ്ധരിച്ചിരിക്കുന്നത്. മൂന്നു മുതൽ ആറു വരെയുള്ള പട്ടികകളിൽ ഇതു കാണാവുന്നതാണ്.

പട്ടിക 3

### വിവിധ ഗ്രൂപ്പുകളുടെ ഹെക്ടാർ ഒന്നുക്കുള്ള ഉല്പാദനം

| കൃഷിയിടങ്ങളുടെ വലിപ്പത്തിൻെറ ഗ്രൂപ്പുകൾ (ഏക്കർ) | ഹെക്ടാർ ഒന്നിനുള്ള ശരാശരി ഉല്പാദനം (1962–63, 1963–64, 1964–1965) |
|---|---|
| | ഉറുപ്പിക |
| 0 — 1·0 | 1,150·77 |
| 1·0 — 2·5 | 1,172·73 |
| 2·5 — 5·0 | 1,046·15 |
| 5·0 — 10·0 | 1,118·75 |
| 10·0 — 15·0 | 1,093·33 |
| 15·0 — 25·0 | 1,100·59 |
| 25–നുമേൽ | 778·07 |
| ആകെ | 1,033·62 |

Studies in the Economics of Farm Management in Kerala (unpublished) P· 55,

പട്ടിക 4

വിവിധ വ്യാപാരങ്ങളിൽ നിന്നുള്ള മൊത്തം ഉല്പാദനം ഹെക്ടാർ ഒന്നിനു് എന്ന കണക്കിൽ (1962-63, 1964-65)

| വിസ്തൃതി ഏക്കർ | ശരാശരി ഉറുപ്പിക |
|---|---|
| 0 — 1·0 | 1105·68 |
| 1·0 — 2·5 | 1172·59 |
| 2·5 — 5·0 | 1046·04 |
| 5·0 10·0 | 1118·63 |
| 10·0 15·0 | 1093·03 |
| 15·0 25·0 | 1100·54 |
| 25–നു മുകളിൽ | 778·01 |
| ആകെ | 1,033·52 |

Studies in the Economics of Farm Management in Kerala of cit P. 124.

പട്ടിക 5

കാർഷികബിസിനസ്സിൽ നിന്നു കൃഷിയിടം ഒന്നിനും ഹെക്ടാർ ഒന്നിനുമുള്ള വാർഷികവരുമാനം (1962-63 മുതൽ 1964-65 വരെ)

| വിസ്തൃതി (ഏക്കർ) | | ഹെക്ടാർ ഒന്നിനു് ശരാശരി ഉറുപ്പിക. | | കൃഷിയിടം ഒന്നിനു് (ശരാശരി ക) |
|---|---|---|---|---|
| 0 — 1·0 | – | 74·98 | – | 22·87 |
| 1·0 — 2·5 | + | 511·76 | + | 312·77 |
| 2·5 — 5·0 | + | 244·84 | + | 353·61 |
| 5·0 — 10·0 | + | 285·80 | + | 381·30 |
| 10·0 — 15·0 | + | 232·43 | + | 1,178·39 |
| 15·0 — 25·0 | + | 339·47 | + | 2,625·94 |
| 25–നു മേൽ | + | 169·44 | – | 10,997·96 |
| ആകെ | + | 263·62 | + | 1,318·12 |

മേൽപ്പറഞ്ഞ ഗ്രന്ഥം പുറം 203.

പട്ടിക 6

വിവിധ തട്ടിലുള്ള കൃഷിയിടങ്ങളുടെ ഏക്കർ ഒന്നിനുള്ള ആസ്തികളുടെ വില

| വിസ്തൃതി (ഏക്കർ) | ഭൂമി ഉറുപ്പിക. | മററിനങ്ങൾ ഉറുപ്പിക. | മൊത്തം ആസ്തികൾ ഉറുപ്പിക. |
|---|---|---|---|
| 0 — 1·0 | 2,944·46 | 1217·78 | 4,162·24 |
| 1·0 — 2·5 | 3,060·88 | 1,613·21 | 4,674·09 |
| 2·5 — 5·0 | 2,462·15 | 830·09 | 3,292·24 |
| 5·0 — 10·0 | 2,937·07 | 1,122·71 | 4,059·78 |
| 10·0 — 15·0 | 2,545·39 | 1,141·12 | 3,686·51 |
| 15·0 — 25·0 | 1,851·87 | 692·73 | 2,544·60 |
| 25–ന മേൽ | 955·33 | 949·29 | 1,904·62 |
| ആകെ | 2,238·05 | 961·59 | 3,199·64 |

Studies in the economics of Farm Managment in Kerala Vol; 1965-63 (Mimeographed) P. 312

1 മുതൽ $2\frac{1}{2}$ ഏക്കർ വരെ വലുപ്പമുള്ള കൃഷിയിടങ്ങൾ സാമ്പത്തികമായി നോക്കിയാൽ പലതുകൊണ്ടും മെച്ചപ്പെട്ടവയാണെന്നു് ഈ പട്ടികകളിൽ നിന്ന ഏറെക്കുറെ മനസ്സിലാക്കാം. ഏക്കർ ഒന്നിനുള്ള വിളവു് ഏററവും കൂടുതൽ ഈ ഗ്രൂപ്പിലാണു്. കോഴിവളർത്തൽ, കന്നുകാലിവളർത്തൽ തുടങ്ങി കൃഷിയോടു ബന്ധപ്പെട്ട പ്രവൃത്തികൾ കൂടി കണക്കിലെടുക്കുമ്പോഴും ഈ വലുപ്പത്തിലുള്ള കൃഷിയിടങ്ങൾക്കാണു് കൂടുതൽ ഉല്പാദനക്ഷമത. അഞ്ചാം പട്ടിക സൂക്ഷിച്ചാൽ ഇതു് വ്യക്തമാകും.

ആലപ്പുഴയിലെ നെൽപ്പാടങ്ങളിൽ നിന്നു 1962 മുതൽ മൂന്നു വർഷക്കാലത്തെ വരുമാനം കൃഷിയിടങ്ങളുടെ വലുപ്പമനുസരിച്ചു് അഞ്ചാംപട്ടികയിൽ ചേർത്തിരിക്കുന്നു. കൃഷി ഒരു ബിസിനസ്സു് എന്ന നിലയിൽ കണക്കാക്കുകയാണു് ഇവിടെ. മൊത്തം വരുമാനത്തിൽ നിന്നു, ചെലവുകൾ കുറച്ചു കിട്ടുന്ന ആദായമാണു് ബിസിനസ്സു് വരുമാനമായി പ്രസ്തുത പട്ടികയിൽ കാണിച്ചിട്ടുള്ളതു്. ബിസിനസ്സു് വരുമാനം ഏററവും കൂടുതൽ 1 മുതൽ $2\frac{1}{2}$ ഏക്കർ വലുപ്പമുള്ള കൃഷിയിടങ്ങളിലാണെന്നു് മനസ്സിലാക്കാം. ഒരേക്കറിൽ കുറഞ്ഞ കൃഷിയിടങ്ങളിൽ 75 ക. നഷ്ടമുള്ളതായി കാണാം. കാർഷികബിസിനസ്സു് നഷ്ടത്തിൽ നടത്തുന്ന ഏക ഗ്രൂപ്പ് ഒരേക്കറിൽ കുറഞ്ഞ കൃഷിയിടങ്ങളാണു്. തന്മൂലം ഇത്തരം ചെറു തുണ്ടുകൾ വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ഭൂവിതരണംചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ടു്.

ഒരു കൃഷിയിടത്തിൻെറ സാമ്പത്തികശേഷിയുടെ സൂചികയായി അതിലെ ആസ്തികളുടെ വില കണക്കാക്കാം. വിവിധ വലിപ്പത്തിലുള്ള കൃഷിയിടങ്ങളിലെ വിവിധ ആസ്തികളുടെ വില 6–ാം പട്ടികയിൽ ചേർത്തിരിക്കുന്നു. ഏക്കർ ഒന്നിനു് എന്ന കണക്കിൽ നോക്കിയാൽ യന്ത്രങ്ങൾ, കാർഷികോപകരണങ്ങൾ തുടങ്ങിയ ആസ്തികൾ ഏററവും അധികം ഒന്നു മുതൽ രണ്ടര ഏക്കർ വരെ വലിപ്പമുള്ള കൃഷിയിടങ്ങളിലാണെന്നു് കാണാവുന്നതാണു്.

അങ്ങനെ വിവിധ പരിഗണനകൾ വെച്ചു നോക്കുമ്പോൾ ഒന്നു മുതൽ രണ്ടര ഏക്കർ വരെ വലിപ്പമുള്ള കൃഷിയിടങ്ങൾ സാമ്പത്തികമായി ഭദ്രതയുള്ളവയാണെന്നു് ഏതാണ്ടു് തറപ്പിച്ചു തന്നെ പറയാമെന്നു് തോന്നുന്നു. ഇത്തരം കുടുംബകൃഷിയിടങ്ങൾ പ്രോത്സാഹിപ്പിക്കുക ഒരടിസ്ഥാനലക്ഷ്യമായി സ്വീകരിച്ചു് കാർഷികമേഖല പുനസ്സംഘടിപ്പിക്കുവാൻ സർക്കാർ മുൻകൈ എടുക്കുന്നതു പ്രായോഗികമായ ഒരു കാൽവെയ്പായിരിക്കും. ഇത്തരം ഒരു നയം സ്വീകരിക്കുന്ന ഒരു ഗവണ്മെൻറ് ഈ പ്രശ്നം വിശദമായി പഠിക്കേണ്ടതുണ്ടു്. വിവിധ വിളകൾക്കും, മണ്ണുകൾക്കും അനുയോജ്യമായ മാതൃകാകൃഷിയിടങ്ങളുടെ വലിപ്പം ഓരോ പ്രദേശത്തും ഭിന്നമായിരിക്കും. ഈ പ്രശ്നത്തിലേയ്ക്കുള്ള ഒരു ശ്രദ്ധക്ഷണിക്കൽ എന്നതിൽ കവിഞ്ഞൊന്നും ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നില്ല.

മുകളിൽ പറഞ്ഞ നിർദേശം അംഗീകരിക്കുമ്പോൾ ന്യായമായ ചില ചോദ്യങ്ങൾ ഉയർന്നുവരുന്നു. ഒന്നാമതായി രണ്ടര ഏക്കറിൽ കവിഞ്ഞ കൃഷിയിടങ്ങൾ താരതമ്യേന ഉല്പാദനക്ഷമത കുറഞ്ഞവയായതിനാൽ അവ നിരുത്സാഹപ്പെടുത്തേണ്ടതല്ലേ? ഇന്നത്തെ സാഹചര്യത്തിൽ അതിനു പല വൈഷമ്യങ്ങളുമുണ്ടു്. ഒരു കുടുംബത്തിനു് നമ്മുടെ അടിസ്ഥാന കൃഷിയിടം കൊണ്ടു മാത്രം കഴിഞ്ഞുകൂടുവാൻ സാധ്യമല്ല. കുറഞ്ഞതു് ആളോഹരിവരുമാനത്തിൻെറ നാലഞ്ചിരട്ടിയെങ്കിലും ആദായം ലഭിക്കുന്നതിനു് കാർഷികബിസിനസ്സു് സഹായിക്കണം. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ 15 ഏക്കറിൽ കവിഞ്ഞ കൃഷിയിടങ്ങളിൽ നിന്നു മാത്രമേ അത്രയും വരുമാനം ലഭിക്കുകയുള്ളു. കാർഷികേതരവരുമാനവും തൊഴിലും വർധിക്കുമ്പോൾ മുമ്പറഞ്ഞ തോതിലുള്ള കുടുംബകൃഷിയിടങ്ങൾ കുറേക്കൂടി സത്വരമായി അംഗീകരിക്കാവുന്നതാണു്.

ചെറുകിട കൃഷിയിടങ്ങൾ ലാഭകരമാണെങ്കിൽ ഭൂപരിഷ്കരണനിയമത്തിൽ ചില തോട്ടങ്ങൾ പരിധിയിൽ നിന്നും ഒഴിവാക്കുന്നതു് ശരിയായ നടപടിയാണോ? തോട്ടങ്ങളുടെ ഘടന സാധാരണ കൃഷിയിടങ്ങളിൽ നിന്നും കുറെയൊക്കെ ഭിന്നമാണു്. തന്മൂലം വിവിധ വലുപ്പത്തിലുള്ള തോട്ടഭൂമികളുടെ സാമ്പത്തികഭദ്രത ക്ലലംകഷമായി പഠിക്കേണ്ടിയിരിക്കുന്നു. അപ്പോഴും ചെറുകിട ത്തോട്ടങ്ങൾ ന്യായീകരിക്കാമെങ്കിൽ തോട്ടങ്ങളെ പരിധിയിൽ നിന്നു് ഒഴിവാക്കുന്നതു് ശരിയല്ല. മറിച്ചാണു് നിഗമനമെങ്കിൽ കൃഷിത്തോട്ടങ്ങളുടെ ഘടനയ്ക്കു് മാററംവരുത്താതെ തന്നെ, തോട്ടങ്ങളുടെ ഉടമാവകാശം കമ്പനിഷെയറുകൾ മാതിരി വിതരണംചെയ്യുന്ന പ്രശ്നം പരിഗണിക്കേണ്ടതാണു്. ഇത്തരം

ഷെയറുകൾ കൈമാറുന്നതിനും മററും നിബന്ധനകൾ നിർദേശിക്കേണ്ടിവരുമെന്നു പറയേണ്ടതില്ലല്ലോ.

കാർഷികമേഖലയുടെ സാമ്പത്തികഭദ്രതയ്ക്കു് കോട്ടംവരാതെ ഇവിടത്തെ ഭൂവിതരണം നടത്തേണ്ട ആവശ്യം ചൂണ്ടിക്കാണിക്കുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളൂ. തുലോം ചെറുതായ തുണ്ടങ്ങളായി ഭൂമി അംശിക്കാതിരിക്കുക; ആവുന്നത്ര സാമ്പത്തികഭദ്രതയുള്ള കുടുംബകൃഷിയിടങ്ങൾ പ്രോത്സാഹിപ്പിക്കുക–ഇതാണ് ഈ ലഘുലേഖനത്തിലെ അടിസ്ഥാനപ്രമേയം.

**ഡോക്ടർ എം. എ. ഉമ്മൻ**

10

# കേരളത്തിലെ കാർഷികവികസനം

ദേശീയവികസനത്തെപ്പററി ചിന്തിക്കുമ്പോൾ പ്രതിശീർഷവരുമാനമാണ് നമ്മുടെ ചിന്തകളുടെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നത്.

പ്രതിശീർഷവരുമാനത്തെ സംബന്ധിച്ചുള്ള നമ്മുടെ പ്രത്യാശകളും കണക്കുകൂട്ടലുകളും പലപ്പോഴും തെററായി കലാശിച്ചിട്ടുണ്ട്; തൻമൂലം പലപ്പോഴും നമുക്കു നിരാശയും ഉണ്ടായിട്ടുണ്ട്.

പ്രതിശീർഷവരുമാനം തന്നെ കൃത്യമായി നിർണയിക്കുവാൻ എളുപ്പമല്ലാത്ത ഒരു സ്ഥിതിയാണിന്ന് നമുക്കുള്ളത്. നിലവിലുള്ള വിലനിരക്കനുസരിച്ചു കണക്കുകൂട്ടുന്നതായാൽ ഒരു കേരളീയൻെറ ഇപ്പോഴത്തെ ശരാശരി വരുമാനം പ്രതിമാസം 32 ക. യാണെന്നാണ് ആധികാരികമായി പറയുന്നത്. പക്ഷേ നിലവിലുള്ള വിലനിരക്ക് എന്നു പറയുന്നത് എത്രകണ്ട് അനിശ്ചിതമായ ഒരു കാര്യമാണെന്നത് എല്ലാവർക്കും അറിയാമല്ലോ. ഈ അനിശ്ചിതത്വത്തിന് ഒരു പ്രത്യേകതയുണ്ട്. എപ്പോഴും വ്യതിയാനം വരുന്നത് മേല്പോട്ടായിരിക്കും; കീഴ്പോട്ടല്ല. പ്രതിമാസം 32 ക. എന്നു പറയുന്നതു തന്നെ വളരെ തുച്ഛമായ ഒരു സംഖ്യയാണ്. ഈ തുച്ഛമായ വരുമാനത്തിൻെറ ക്രയശക്തി ദിവസേന കുറഞ്ഞുവരുന്നുവെന്നുകൂടി ആയാൽ നമ്മുടെ സ്ഥിതി എത്രയ്ക്ക് ദയനീയമാണെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പക്ഷേ നമ്മുടെ സാമ്പത്തികസ്ഥിതിക്ക് മറെറാരുവശമുണ്ട്. 1947-നു ശേഷം നമ്മുടെ ദേശീയസമ്പത്തിലും ദേശീയോൽപാദനത്തിലും വളരെയധികം വളർച്ചയുണ്ടായിട്ടുണ്ട്. കാർഷികരംഗത്ത് വിവിധ മേഖലകളിൽ ഉല്പാദനം ഇരട്ടിക്കുകയോ ഇരട്ടിയിൽ അധികമാവുകയോ ചെയ്തിട്ടുണ്ട്. ഈ ഉയർച്ച വഴി ആധുനിക രീതിയിലുള്ള ജീവിതനിലവാരത്തിൻെറ ആദ്യപടിയിലെങ്കിലും എത്താൻ നമുക്ക് കഴിയേണ്ടതായിരുന്നു. എന്നാൽ ജനസംഖ്യയുടെ ക്രമാതീതമായ വളർച്ച മൂലം നമ്മുടെ പ്രയത്നം നിഷ്ഫലമായിപ്പോയി. ജീവിതനിലവാരത്തിൻെറ കാര്യത്തിൽ ഭൂരിപക്ഷം ആളുകളും സ്വാതന്ത്ര്യലബ്ധിക്കു മുൻപ് അവർ എവിടെ നിന്നിരുന്നോ അവിടത്തന്നെ ഇപ്പോഴും നില്ക്കുന്നുവെന്ന് ഏറെക്കുറെ പറയാം.

[പ്രധാനമായി നമുക്ക് കേരളത്തെ സംബന്ധിച്ച് ചിന്തിക്കാം. കേരളത്തിലെ നമ്മുടെ ചിന്താകേന്ദ്രം പ്രതിശീഷ്വരുമാനമാണെന്നും അതേകദേശം പ്രതിമാസം 32 ക. ആണെന്നും പറഞ്ഞുവല്ലോ. ആധുനികജീവിതനിലവാരത്തിൻെറ ആദ്യപടിയിലെങ്കിലും നാം എത്തണമെങ്കിൽ 32 ക. യിൽ നില്ക്കുന്ന പ്രതിമാസവരുമാനം ഇരട്ടിച്ച് 60 ക–70 ക വരെയെങ്കിലും എത്തണം. നമുക്ക് അങ്ങേയററം ആഗ്രഹിക്കാവുന്നതു് പത്തു കൊല്ലം കൊണ്ടു് ഈ സ്ഥാനത്തു് എത്തുക എന്നുള്ളതാണ്. പത്തു കൊല്ലം കൊണ്ടു് ഈ നില പ്രാപിക്കണമെങ്കിൽ പത്തു ശതമാനമോ അതിലധികമോ വാർഷികവർധനവു് നമ്മുടെ വരുമാനത്തിലുണ്ടാവണം. ഈ 10 കൊല്ലത്തിലും നമ്മുടെ ജനസംഖ്യ വർധിച്ചുകൊണ്ടിരിക്കുമെന്നു നാം കണക്കിലെടുക്കേണ്ടതുണ്ടു്.

ഈ തോതിലുള്ള വരുമാനവർധനവു് നമുക്ക് കൈവരുത്തുവാൻ സാധിക്കുമെന്നു് നമ്മുടെ സാമ്പത്തികവിദഗ്ധന്മാർ എളുപ്പത്തിൽ സമ്മതിക്കുകയില്ല. പത്തിലൊന്നു് കൂട്ടതലാദായം കുറേപേർക്കല്ല, ജനങ്ങൾക്കു മുഴുവനും—എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും ശിശുക്കൾക്കും അല്ലെങ്കിൽ സംസ്ഥാനത്തുള്ളവക്കെല്ലാം കൂടി—ലഭിച്ചെങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്ന വർധനവുണ്ടാവുകയുള്ളു. നമ്മുടെ മുമ്പിലുള്ള വിഭവങ്ങളും കഴിവുകളും കണക്കിലെടുക്കുന്നുവെങ്കിൽ നാം ആഗ്രഹിക്കുന്ന ഈ ആദായവർധനവു് സാധ്യമാണെന്നു കണ്ടേക്കാം. പക്ഷേ ഇതു സാധ്യമാണെന്നു മാത്രം കണ്ടാൽ പോരാ, പ്രായോഗികമാക്കുക കൂടി വേണം.

കാർഷികരംഗത്തു് ഒരു തീവ്രപരിപാടി ആവിഷ്കരിച്ചു് നാം മുന്നോട്ടുപോകുന്നുവെങ്കിൽ, അതുകൊണ്ടു് മാത്രം നാം ആഗ്രഹിക്കുന്ന ഈ 10 ശതമാനം ആദായവർധനവു് മുഴുവൻ തന്നെയോ, അതിൽ സിംഹഭാഗമോ നമുക്ക് കൈവരുത്തുവാൻ സാധിച്ചേക്കുമെന്നാണ് എൻെറ വിനീതമായ അഭിപ്രായം.

കേരളത്തിലെ മൊത്തത്തിലുള്ള വരുമാനം പ്രതിവർഷം 8,00 കോടി ഉറപ്പികയാണെന്നു് കരുതപ്പെടുന്നു. ഇതിൽ 40 ശതമാനം, അതായതു് 350 കോടി ഉറപ്പികയോളം, കൃഷി ഇനത്തിൽ നിന്നു ലഭിക്കുന്ന ആദായമാണ്.

മേല്പറഞ്ഞ 350 കോടി രൂപയിൽ തെങ്ങുകൃഷിയുടെ വിഹിതം ഏകദേശം 150 കോടി രൂപയാണ്. സംസ്ഥാനത്തു് ഏകദേശം 16 ലക്ഷം ഏക്കർ ഭൂമിയിൽ ഇപ്പോൾ തെങ്ങുകൃഷിയുണ്ടു്. ഒരു കൊല്ലത്തിലെ വിള ഏകദേശം 350 കോടി നാളികേരമാണെന്നാണ് കണക്കാക്കിയിട്ടുള്ളതു്—അതായതു് ഒരേക്കറിൽ നിന്നു് 2300 നാളികേരം. പ്രകൃതിയുടെ അമൂല്യസംഭാവനയായ നമ്മുടെ തെങ്ങിൽ നിന്നും പ്രത്യേക പരിചരണമൊന്നുമില്ലാതെ കിട്ടുന്ന ആദായമാണിതു്.

മിക്കവാറും തെങ്ങുകളിൽ നിന്നു് ലഭിക്കാവുന്ന ആദായത്തിൻെറ മൂന്നിലൊന്നു മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളുവെന്നതു് തെങ്ങുകൃഷിയെ സംബന്ധിച്ചു പഠിച്ചിട്ടുള്ള ഏവർക്കും അറിയാവുന്ന ഒരു വസ്തുതയാണ്. ഭൂരിപക്ഷം

തെങ്ങിൻതോപ്പുകളിലും ജലസേചനമോ ശാസ്ത്രീയരീതിയിലുള്ള വളംചേർക്കലോ സസ്യസംരക്ഷണമോ ഒന്നും തീരെയില്ലെന്നു പറയാം. അനുകൂലമായ സാഹചര്യങ്ങൾ ലഭ്യമാക്കാമെങ്കിൽ ഒരു തെങ്ങിൻെറ ശരാശരി ഉല്പാദനം വർഷത്തിൽ 100 തേങ്ങയ്ക്കപ്പുറം എത്തിക്കുവാൻ സാധിക്കുന്നതാണ്. അതായതു് ഒരേക്കർ തെങ്ങിൻതോപ്പിൽ നിന്നു് 6,000–7,000 നാളികേരം ലഭിക്കാവുന്നതാണ്. പ്രത്യാശകളുടെ ഈ കണക്കു് തല്ക്കാലം നമുക്കു് മാററിവയ്ക്കാം. എന്നാൽ ഒരേക്കറിൽ നിന്നുള്ള ഇന്നത്തെ ഉല്പാദനം 2,300–ൻെറ 50 ശതമാനം എങ്കിലും വർധിപ്പിച്ചു് 3500 ആക്കിക്കൂടേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതു സാധ്യമാണെന്നു മാത്രമല്ല പ്രായോഗികവും കൂടിയാണ്. ആവശ്യമായ സ്ഥലങ്ങളിൽ ജലസേചനം നടത്തണം; അത്യാവശ്യമായ തോതിൽ വളം ചേർക്കണം. സസ്യസംരക്ഷണം നടത്തണമെന്നുമാത്രം.

തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം ഇപ്പോൾ ഏക്കറിന്നു് 2300 എന്നുള്ളതു് 3500 എന്ന തോതിൽ വർധിച്ചാൽ അതുകൊണ്ടു മാത്രം 20 കോടി രൂപയുടെ ആദായവർധനവു് കേരളത്തിനുണ്ടാകും.

കേരളത്തിൽ 20 ലക്ഷം ഏക്കറിൽ നെൽക്കൃഷിയുണ്ട്. ഇപ്പോഴത്തെ ഉല്പാദനം 12ലക്ഷം ടണ്ണാണ്; രൂപാകണക്കിലുള്ള ആദായം 100 കോടിരൂപയും. ഏക്കറൊന്നിനു് 600 കി ഗ്രാം. അഥവാ 1400 റാത്തൽ ആണുല്പാദനം. തെങ്ങുകൃഷിയിൽ കൂടുതൽ നാം നെൽക്കൃഷിയിൽ ശ്രദ്ധിച്ചിട്ടുണ്ട്. പത്തുവർഷത്തിനു മുമ്പു് നമ്മുടെ നെല്ലുല്പാദനം ഏക്കറിനു് 1,000 റാത്തലിനു താഴെയായിരുന്നു. 10 വർഷത്തിനുള്ളിൽ 40 ശതമാനത്തിൽ കൂടുതൽ വർധനവുണ്ടായതിൽ നമുക്കഭിമാനിക്കാം. പക്ഷേ മററുരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴാണ് നമ്മുടെ ഉല്പാദനത്തിൻെറ പാപ്പരത്തം മനസ്സിലാകുന്നതു്. ഉദാഹരണമായി ജപ്പാനിലെ ഇപ്പോഴത്തെ നെല്ലുല്പാദനം ഏക്കറിനു് ശരാശരി 5000 റാത്തലോളം വരുന്നുണ്ട്. ജപ്പാനിലെ മണ്ണു് കേരളത്തിലേതിനേക്കാൾ ഫലഭൂയിഷ്ഠമാണെന്നു് ആരും അവകാശപ്പെടുകയില്ല. ആസൂത്രിതമായ ജലസേചനം, രാസവളങ്ങൾ, കീടനാശിനികൾ, യന്ത്രവത്കൃതകൃഷിരീതി എന്നിവ വഴി ജപ്പാൻ നേടിയ വിജയം കേരളത്തിലും സാധ്യമാണ്.

ഇതു സാധ്യമാണെന്നു മാത്രമല്ല പ്രായോഗക്ഷമം കൂടിയാണെന്നു് നമ്മുടെ കർഷകസുഹൃത്തുക്കൾ അങ്ങിങ്ങായി ഇപ്പോൾ തന്നെ കാണിച്ചു തരുന്നുണ്ട്. ഏക്കറിനു് 3000 റാത്തലും അതിനപ്പുറവും ഉല്പാദിപ്പിക്കുകയെന്നുള്ളതു് ചുരുക്കമായെങ്കിലും ഇന്നൊരു യാഥാർഥ്യമാണ്. ആധുനികവും കാര്യക്ഷമവുമായ സമ്പ്രദായങ്ങളിലേയ്ക്കു് രാജ്യവ്യാപകമായി നമ്മുടെ കൃഷിക്കാർ എല്ലാവരും നീങ്ങുന്നുവെങ്കിൽ, അതായതു് പുതിയ സമ്പ്രദായങ്ങളിലേയ്ക്കു് ആരംഭിച്ചിട്ടുള്ള നീക്കത്തിനു് വ്യാപ്തിയും ആക്കവും വേണ്ടുവോളം വരുന്നുവെങ്കിൽ, ഇന്നത്തെ 1400 റാത്തൽ ഉല്പാദനം ശരാശരി 2500 റാത്തൽ വരെയെങ്കിലും എത്തിക്കുവാൻ നമുക്കു കഴിയാത്തതാണ്. അങ്ങനെ, ഇന്നു് നെൽക്കൃഷിയിൽ നിന്നു് കിട്ടുന്ന 100 കോടിരൂപയുടെ 50 ശതമാനമോ അതിൽ കൂടുതലോ വരുന്ന ആദായവർധനവു് കൈവരുത്തുവാനും കഴിയേണ്ടതാണ്.

നമുക്കു് ഒരു കൊല്ലം വേണ്ട ആദായവർധനവു് 80 കോടി രൂപയാണല്ലോ. തെങ്ങിനെയും നെൽക്കൃഷിയെയും സംബന്ധിച്ചു് മുകളിൽപ്പറഞ്ഞ കണക്കുകൾ വച്ചുനോക്കുന്നുവെങ്കിൽ നമുക്കാവശ്യമായ ആദായവർധനവിൽ വളരെക്കൂടുതൽ ഭാഗം ഈ രണ്ടു കൃഷികളിൽ നിന്നു തന്നെ ലഭ്യമാക്കാമെന്നു കാണാം. തെങ്ങു്, നെല്ലു് എന്നീ വിളകളിൽ സാധ്യമാകുന്നതു് കമുകു്, കുരുമുളകു്, കപ്പ എന്നീ വിളകളിലും തീർച്ചയായും സാധ്യമാണു്. വേറെയും വിളകൾ തരുന്നവ പലതുണ്ടല്ലോ.

നാലാം പഞ്ചവത്സരപദ്ധതിയിൽ നാമമാത്രമായ ഒരു വിഹിതം മാത്രം (1 കോടിരൂപ) ഉൾക്കൊള്ളിച്ചു് സമാരംഭിച്ചിട്ടുള്ള ഏലവികസനപദ്ധതി സംസ്ഥാനവ്യാപകമായ ഒരു പരിപാടിയാക്കി വളർത്തുന്നതിനു് നമുക്കു് സാധിച്ചാൽ നമ്മുടെ നെല്ലുല്പാദനം മുമ്പു പറഞ്ഞ തോതിൽ മാത്രമല്ല, ഇരട്ടിയാക്കുവാൻ തന്നെ, സാധിച്ചുവെന്നുവരാം. ഇന്നു് ഏകദേശം 100 കോടി രൂപാ നാം അരിവാങ്ങുന്നതിനുമാത്രം കേരളത്തിനു വെളിയിൽ കൊടുത്തുകൊണ്ടിരിക്കുകയാണു്. മേൽ പറഞ്ഞ തോതിൽ നെല്ലുല്പാദനം വർധിപ്പിക്കുവാൻ സാധിക്കുന്നുവെങ്കിൽ നമ്മുടെ ഭക്ഷ്യക്കമ്മി തുടച്ചുമാററുന്നതിനു് തീർച്ചയായും കഴിയും. തന്മൂലം നമുക്കു് ലാഭിക്കുവാൻ കഴിയുന്ന 100 കോടി ഉറപ്പിക സാമ്പത്തികശേഷിയുടെ അഭാവം മൂലം ഞെരുങ്ങുന്ന നമ്മുടെ കാർഷിക— വ്യവസായികരംഗങ്ങളിൽ ഫലപ്രദമായി മുടക്കുവാൻ കഴിയുന്നതുമാണു്. ഏലവികസനപദ്ധതി രാജ്യവ്യാപകമാക്കുന്നതിനു് തന്നെ 50 കോടി രൂപയിൽ കൂടുതൽ ആകെ വേണ്ടിവരികയില്ല. മുമ്പു പറഞ്ഞ 100 കോടി രൂപ ലാഭം പ്രതിവർഷം ഉണ്ടാകുന്ന തുകയാണു്.

ഏലവികസനപദ്ധതി ഉപയോഗകരമായിട്ടുള്ളതു് നെൽക്കൃഷിക്കു മാത്രമല്ല. മററു വിളകൾക്കും, പ്രത്യേകിച്ചു് തെങ്ങു്, കമുകു് മുതലായ കൃഷികൾക്കും ഈ സ്കീം വളരെ പ്രയോജനപ്പെടുമെന്നു തീർച്ചയാണു്.

കോടിക്കണക്കിനു് രൂപയുടെ മുടക്കിനെ സംബന്ധിച്ചും, തന്മൂലമുണ്ടാകുന്ന ഉല്പാദനവർധനവിനെ സംബന്ധിച്ചും ഒക്കെ പറയുമ്പോൾ ഇതൊന്നും അത്രയ്ക്കു എളുപ്പമല്ല. പ്രായോഗികമല്ല എന്നു് പലരും ഭയപ്പെട്ടേയ്ക്കും. ഈ ഭയത്തിനു പരമാർഥത്തിൽ വലിയ അടിസ്ഥാനമില്ല. കാർഷികരംഗത്തു് ആവശ്യമായ പണംമുടക്കിനു് ഒരു പ്രത്യേകതയുള്ളതു്, അതിൽ നിന്നുള്ള പ്രയോജനം അതായതു് ആദായ വർധനവു്, താമസം വിനാ ഉണ്ടാകും എന്നുള്ളതാണു്. മൂന്നു മാസം മുതൽ 12—18 മാസം കൊണ്ടു് മുടക്കുമുതൽ മടങ്ങി എത്തുവാൻ തുടങ്ങും. ഒരു തരം 'റിവോൾവിങ്ക്യാപ്പിററൽ' മാത്രമാണു് കൂടുതലായും മുടക്കേണ്ടിവരുന്നതു്. ഏലവികസനപദ്ധതി മൂലം നെല്ലു്, തെങ്ങു് മുതലായ കൃഷി മെച്ചപ്പെടുത്തുന്നതിനായാലും, മററു വിളകളുടെ കാര്യത്തിൽ പുതിയ സമ്പ്രദായങ്ങൾ സ്വീകരിപ്പിക്കുന്നതിനായാലും ഇവയ്ക്കെല്ലാം അത്യന്താപേക്ഷിതമായ ഒരു ഘടകമുണ്ടു്. കൃഷിയുടെ യന്ത്രവത്ക്കരണമാണതു്. ഇപ്പോഴത്തെ കലപ്പയും കാളയും തേക്കുകൊട്ടയും തിരസ്കരിച്ചു് പ്രാഥമികമായ തോതിലെങ്കിലും കൃഷി യന്ത്രവൽ

ക്കരിക്കുക എന്നതു് അനിവാര്യമാണു്. കൂടുതൽ നൂതനവും സങ്കീർണവുമായ യന്ത്രവൽക്കരണം സാവകാശത്തിൽ മതിയെന്നു കരുതാം. എന്നാൽ ബുൾഡോസർ, ട്രാക്ടറർ, ടില്ലർ, സ്പ്രേയർ, പമ്പുസെററു് എന്നിവ ഉടനടി ആവശ്യമായ തോതിൽ ലഭ്യമായേ തീരൂ.

കേരളത്തിൽ ഇന്നു് ഏകദേശം 2000 ട്രാക്ടററുകളും 500 ടില്ലറുകളും ഉണ്ടു്. ഒരു ട്രാക്ടററിനു് ഏകദേശം തുല്ല്യമാണു് രണ്ടു് ടില്ലർ. അങ്ങനെ ഏകദേശം 4,500 ടില്ലറുകൾ ഈ സംസ്ഥാനത്തുള്ളതായി കരുതാം. വിശദാംശങ്ങൾ ഉദ്ധരിക്കാതെ ഒരു കണക്കു പറഞ്ഞുകൊള്ളട്ടെ. നമ്മുടെ നെൽക്കൃഷിക്കും മററു വിളവുകൾക്കും കൂടി യന്ത്രവൽക്കൃതസമ്പ്രദായങ്ങൾ രാജ്യവ്യാപകമായി ഏർപ്പെടുത്തണമെങ്കിൽ ഏകദേശം ഇരുപതിനായിരം ടില്ലറെങ്കിലും വേണ്ടിവരും. അതായതു് വരുന്ന 5—10 കൊല്ലം കൊണ്ടു് 15,000 ടില്ലറെങ്കിലും കൂടുതലായി ആവശ്യമായിവരും.

ഇന്നു് നിലവിലുള്ളതും അടുത്തകാലത്തു് നിലവിൽവരാൻ ഇടയുള്ളതുമായ, ചെറുതും വലുതുമായ, ജലസേചനപദ്ധതികളുടെ കണക്കുകൾ നോക്കുമ്പോൾ ഇവകൊണ്ടൊന്നും പ്രയോജനം ലഭിക്കാതെ ബാക്കിവരുന്ന 10 ലക്ഷം ഏക്കർ കൃഷിഭൂമിയെങ്കിലും നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുമെന്നു കാണുന്നുണ്ടു്. പമ്പുകൾ വഴിയുള്ള ജലസേചനം മാത്രമേ ഈ ഭൂമിയിൽ സാധ്യമാകൂ. രണ്ടു ലക്ഷം പമ്പുസെററുകളെങ്കിലും ഇതിനു വേണ്ടിവരും. ഇപ്പോൾ ഈ സംസ്ഥാനത്തുള്ളതു് ഏകദേശം 35,000 പമ്പുസെററുകൾ മാത്രമാണു്. ഒന്നരഒന്നേമുക്കാൽ ലക്ഷം പമ്പുസെററുകൾക്കു മാത്രം 30 കോടി രൂപ മുതൽമുടക്കു വേണ്ടിവരും; 15,000 ടില്ലറിനു് ഉദ്ദേശം 15 കോടി രൂപയും. അങ്ങനെ യന്ത്രവൽക്കരണത്തിൻെറ പ്രാഥമിക പടിക്കുതന്നെ 45—50 കോടി രൂപ ആവശ്യമുണ്ടു്. ഈ തുക ഭീമമാണെന്നു് നമുക്കു് തോന്നിയേക്കാം. പക്ഷേ മുമ്പു പറഞ്ഞതുപോലെ പ്രധാനമായും 'റോളിങ്ങ് ക്യാപ്പിററലാ'ണു് ഇതിലേയ്ക്കാവശ്യമായിട്ടുള്ളതു്. ഗവണ്മെൻറും ബാങ്കുകളും അവരുടെ സഹായത്തോടുകൂടി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും ആസൂത്രിതമായ ഒരു പരിപാടിവഴി പ്രവത്തിക്കുന്നു എങ്കിൽ ഈ തോതിലുള്ള യന്ത്രവത്ക്കരണം അസാധ്യമല്ല, തികച്ചും സാധ്യമാണു് അടുത്ത അഞ്ചു് പത്തു് കൊല്ലത്തിനുള്ളിൽ.

എല്ലാററിനും ഉപരിയായി ബന്ധപ്പെട്ട അധികാരികളും മററു പ്രവത്തകരും കർഷകസുഹൃത്തുക്കളും അറിഞ്ഞിരിക്കേണ്ട ഒരു വസ്തുത നമ്മുടെ സംസ്ഥാനത്തു് ഗണ്യമായ തോതിൽ കാർഷികവികസനം പ്രായോഗികമാണെന്നുള്ളതാണു്. മറെറാരു വസ്തുത കാർഷികവികസനത്തിൽ നിന്നു മാത്രം നമ്മുടെ മൊത്തം ആദായം 50 ശതമാനമോ അതിൽ കൂടുതലോ വരുന്ന ഏതാനും കൊല്ലങ്ങൾക്കുള്ളിൽ വർധിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതാണു്.

പി. ഡി. കുരുവിള

11

# പുതിയ കാർഷികതന്ത്രത്തിൻെറ പാപ്പരത്തം

കേരളത്തിൻെറ കാർഷികവികസനത്തെ കുറിച്ച നടന്ന ചർച്ചകളിൽ പ്രത്യേകിച്ചും അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ കണ്ടുപിടിത്തത്തിൻെറ പശ്ചാത്തലത്തിൽ, അഞ്ചു വർഷത്തിൻെറ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഭക്ഷ്യസ്വയംപര്യാപ്തത നേടുമെന്ന അഭിപ്രായം പലരും പ്രകടിപ്പിച്ചിരിക്കുകയാണ്. ഈ ശുഭപ്രതീക്ഷ ഏററവും ഉച്ചത്തിൽ പ്രചരിപ്പിച്ചിരുന്നതു് കാർഷികവകുപ്പു് കൈകാര്യംചെയ്യുന്ന മന്ത്രിമാർ തന്നെയായിരുന്നു. കാർഷികോൽപാദനഡയറക്ടറും കമ്മീഷണറും എല്ലാം ഇതു് ഏററുപാടുകയും ചെയ്തു. താഴെ പറയുന്ന നടപടികളിൽ നിന്നു സംജാതമാകുന്ന സാങ്കേതികസാധ്യതകളുടെ അടിസ്ഥാനത്തിലുള്ള ലളിതമായ ചില കണക്കുകൂട്ടലുകളാണു് ഈ വിശ്വാസത്തിൻെറ അടിത്തറ.

1) നിലവിലുള്ള ഒരുപ്പൂനിലങ്ങളെ ഇരുപ്പൂവാക്കി മാററുക.

2) കായൽനിലങ്ങളെയും ചതുപ്പുനിലങ്ങളെയും നികത്തി കൃഷിയോഗ്യമാക്കിത്തീർക്കുക.

3) അത്യുൽപാദനശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുക.

4) രാസവളങ്ങൾ കൂടുതലായി ഉപയോഗിക്കുക.

5) മെച്ചപ്പെട്ട സസ്യസംരക്ഷണനടപടികൾ സ്വീകരിക്കുക.

6) വർധിച്ച തോതിൽ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ജലോപയോഗം കാര്യക്ഷമമായി നടത്തുകയും ചെയ്യുക.

7) കൃഷി യന്ത്രവൽക്കരിക്കുകയും ട്രാക്ടറുകൾ, മററു കാർഷികസാമഗ്രികൾ എന്നിവ കൂടുതലായി ഉപയോഗിക്കുകയും ചെയ്യുക.

അരിയുടെ കാര്യത്തിൽ സാമാന്യമായ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യം, നിലവിലുള്ള സാങ്കേതികസാധ്യതകളുടെ അടിസ്ഥാനത്തിൽ മാത്രം നോക്കുകയാണെങ്കിൽ പ്രാപ്യമാണെന്നതു് സത്യമാണു്. പക്ഷേ വെറും സാങ്കേതികഘടകങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ള എല്ലാ വിശകലനങ്ങളുടെയും പോരായ്മ, മാനുഷികവും സാമൂഹികവുമായ ഘടകങ്ങളോടു കാണിക്കുന്ന അവഗണനയാണു്. വിവിധ വലുപ്പത്തിലും സാമൂഹിക—സാമ്പത്തികവർഗ

ങ്ങളിലും പെട്ട കൃഷിക്കാരുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ കണക്കിലെടുക്കുന്നില്ല. വിവിധവർഗങ്ങളെ പ്രത്യേകമായി പരിഗണിക്കുന്നതിനു പകരം പാലക്കാട്ടെയും കുട്ടനാട്ടിലെയും വൻകിട കൃഷിക്കാരെപ്പററി തങ്ങൾക്കുള്ള അറിവിൻെറ വെളിച്ചത്തിൽ, നിലവിലുള്ള ഉല്പാദനബന്ധങ്ങളിൽ സമൂലമായ മാററങ്ങൾ വരുത്തി, അവരുടെയും, ചെറുകിട—ഇടത്തരം കൃഷിക്കാർ, ഭൂരഹിത കാർഷികത്തൊഴിലാളികൾ എന്നിവരുടെയും ആവശ്യങ്ങൾ വ്യത്യസ്തങ്ങളാണെന്നു മനസ്സിലാക്കാതെയാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ കാർഷികരംഗത്തെ പദ്ധതികൾക്ക് രൂപംകൊടുക്കുന്നത്. സാമൂഹ്യഘടനയിൽ കാർഷികോൽപാദനത്തിൻെറ സ്ഥാനപ്രശ്നം പരിഹരിച്ചാൽ മാത്രമേ ടെക്നോളജിയുടെ സഹായത്തോടെ വികസിപ്പിക്കാനുള്ള പദ്ധതികൾക്ക് വിജയസാധ്യതയുള്ളു. ഇന്ത്യൻ യൂണിയനിലെ കേന്ദ്രസർക്കാരിൻെറയും പ്ലാനിങ്ങ്കമ്മിഷൻെറയും നയങ്ങൾ പ്രോത്സാഹിപ്പിച്ച് കാർഷികോൽപാദനതന്ത്രം ഭൂപ്രഭുക്കന്മാരും ധനികകൃഷിക്കാരും ഉൾപ്പെടുന്ന ഒരു ന്യൂനപക്ഷത്തിൻെറ താല്പര്യങ്ങളെ മാത്രം ലാക്കാക്കിയിട്ടുള്ളതായിരുന്നു എന്നതാണ് നിർഭാഗ്യകരമായ വസ്തുത. ഗവണ്മെൻറു നൽകുന്ന ധനസഹായങ്ങളും മററു സഹായങ്ങളും, ചെറുകിട കർഷകർക്കും ഇടത്തരം കർഷകർക്കും ഭൂരഹിതരായ കാർഷികത്തൊഴിലാളികൾക്കും തികച്ചും ദ്രോഹകരമാകുമാറു്, വൻകിട കൃഷിക്കാരുടെ കൈകളിലേക്കാണ് പോയിരിക്കുന്നത്.

പാക്കേജ്പരിപാടികളിലും ഐ. എ. ഡി. പി, യിലും ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന പുതിയ കാർഷികതന്ത്രം, കൃഷിയിൽ നാടുവാഴിത്ത—അർധനാടുവാഴിത്തചൂഷണം നിലനിർത്തുന്നതും, ധനികകൃഷിക്കാരുടെയും മുതലാളിത്ത ജന്മികളുടെയും കൈകൾക്ക ശക്തികൂട്ടുന്നതുമായ ഒന്നാണെന്നു സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. നമ്മുടെ ഇടയിൽ ഇനിയും സംശയമുള്ളവർക്കായി നാലാം പഞ്ചവത്സരപദ്ധതി (1969—74) യെ കുറിച്ചുള്ള പ്ലാനിങ്ങ്കമ്മിഷൻെറ ഒരു രേഖയിൽ കൊടുത്തിരിക്കുന്നതു് ഇവിടെ ഉദ്ധരിക്കാം:

"ഉൽപാദനം വേണ്ടവിധം വർധിപ്പിക്കുന്നതിലുള്ള ഔത്സുക്യം പലപ്പോഴും വളർച്ചയ്ക്കുള്ള അവസരങ്ങൾ നന്നായി ചൂഷണംചെയ്യാൻ കഴിവുള്ള പ്രദേശങ്ങളിലും ജനവിഭാഗങ്ങളിലും പ്രവർത്തനം കേന്ദ്രീകരിക്കുന്നതു് ആവശ്യമാക്കിത്തീർക്കുന്നു. ഈ പരിഗണനയാണ് ജലസിക്തകൃഷിയുടെ തീവ്രവികസനമെന്ന തന്ത്രത്തിനു രൂപം നൽകിയതു "[1].

നിലവിലുള്ള ഫ്യൂഡൽചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടു് കാർഷികരംഗത്തിൽ ഉയർന്ന നിലവാരത്തിലുള്ള വളർച്ച പ്രാപിക്കണമെങ്കിൽ, വിഭവങ്ങളുടെ മേൽ ഉള്ള ആധിപത്യത്താലും, വൻകിട ബിസിനസ്സുമായും ഉദ്യോഗസ്ഥമേധാവിത്വവുമായും ഉള്ള ബന്ധത്തിലൂടെ സഹായങ്ങൾ കൈക്കലാക്കാനുള്ള കഴിവനാലും വളർച്ചയ്ക്കുള്ള സാധ്യത ഏററവുമധികമുള്ള ഭൂപ്രഭുക്കന്മാരും ധനികകൃഷിക്കാ

---

1. പ്ലാനിങ്ങ്കമ്മിഷൻ 4-ാം പഞ്ചവത്സരപദ്ധതി 1969—74, പേജ്. 21,

തുമുറംപ്പെടുന്ന വർഗങ്ങറംക്കും വിഭാഗങ്ങറംക്കും ഗവണ്മെൻറിൻെറ പിന്തുണനൽകേണ്ടി വരുന്നു. ഇതു് അസമത്വങ്ങളെയും അസ്ഥിരതയെയും സാമൂഹിക സംഘർഷങ്ങളെയും സൃഷ്ടിക്കുമെന്നതു തർക്കമററ കാര്യമാണു്. ഈ സ്ഥിതിയാകട്ടെ കാർഷികോൽപാദനവർധനവെന്ന ലക്ഷ്യത്തെ തന്നെ പൂർണമായി തകർക്കുകയും ചെയ്യും.

ഇന്നു കാണുന്ന കാർഷികസംഘർഷങ്ങറംക്കുള്ള കാരണവും അവയുടെ പ്രകൃതവും എന്ന വിഷയത്തെ കുറിച്ചു് ഒരു പഠനം നടത്തിയ അവസരത്തിൽ കേന്ദ്ര ആഭ്യന്തരവകുപ്പിനു തന്നെ അത്ര രുചികരമല്ലാത്ത ഈ സത്യത്തെ അംഗീകരിക്കേണ്ടതായി വന്നു.

"ഇതുവരെ നടപ്പിലാക്കിയ പരിപാടികറം ചെറുകിട കുടിയാൻകർഷകനേക്കാറം ഉടമസ്ഥന്മാരായ വൻകിട കൃഷികാർക്കു അനുകൂലമായവയായിരുന്നു. പങ്കുകൃഷിക്കാരനെയും ഭൂരഹിതനായ തൊഴിലാളിയെയും സംബന്ധിച്ചിടത്തോളം അവർ പലപ്പോഴും അവയിൽ നിന്നു് ഒഴിവാക്കപ്പെട്ടിരിക്കുകയാണു്. ഈ വസ്തുതകളുടെ ഫലമായി സാമൂഹ്യസംഘർഷങ്ങളെ വർധിപ്പിച്ചുകൊണ്ടു് വ്യത്യാസങ്ങളും വിടവുകളും വലുതാവുകയാണു് ചെയ്തിരിക്കുന്നതു്[2].

ഇതിൻെറ ഫലമോ? സമതുലിതമായ സാമ്പത്തികവികസനത്തിനു് വേണ്ടതെന്നു കരുതുന്ന 4 മുതൽ 5 വരെ ശതമാനം വാർഷികകാർഷികോൽപാദന വർധനവിനു് പകരമായി 1964-65 മുതൽ 1969--70 വരെയുള്ള കാലഘട്ടത്തിലെ വർധനനിരക്കു് ഭക്ഷ്യധാന്യത്തിൻെറ കാര്യത്തിൽ 2·4 ശതമാനവും കാർഷികോൽപന്നങ്ങറം ഒട്ടാകെയെടുത്താൽ 1·1 ശതമാനവും മാത്രമായിരുന്നു. ഗോതമ്പിൻെറ കാര്യത്തിൽ പറയത്തക്ക പുരോഗതിയുണ്ടായിട്ടുണ്ടെന്നതു് ശരിതന്നെ.എന്നാൽ ഭക്ഷണധാന്യത്തിൻെറ ദിനംപ്രതിയുള്ള ആളോഹരിലഭ്യത 1965-ൽ 476 ഗ്രാം ആയിരുന്നതു് 1969-ൽ 438 ഗ്രാം ആയിച്ചുരുങ്ങി. കാർഷികോൽപാദനത്തിൽ ഒററപ്പെട്ട രീതിയിൽ ചില കൊല്ലങ്ങളിൽ കുതിച്ചുകയററമുണ്ടായിരുന്നു. ഉദാഹരണത്തിനു്, 1967—68-ൽ നല്ല കാലവർഷമുണ്ടായതിനെ തുടർന്നു നല്ല വിളവുണ്ടായി. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളെടുത്താൽ ശരാശരി ഇതു് 5·5 ശതമാനത്തിനും താഴെ മാത്രമാണെന്നു കാണാം. എല്ലാ സാധ്യതകളും നശിച്ചതും പൊളിഞ്ഞു പാപ്പരായതുമായ നവീനകാർഷികതന്ത്രം തുടരുകയല്ലാതെ മറെറാന്നും ചെയ്യാനില്ലെന്നിരിക്കെ, നാലാം പഞ്ചവത്സരപദ്ധതിയെ കുറിച്ചുള്ള ധീരമായ ശുഭപ്രതീക്ഷയെ എങ്ങനെ നിലനിർത്താൻ കഴിയും? സംസ്ഥാന പ്ലാനിങ്ങ്ബോർഡ് തയ്യാറാക്കിയ കേരളത്തിൻെറ നാലാം പഞ്ചവത്സരപദ്ധതി (കരടുരേഖ) കേരളത്തിൽ അരിയുൽപാദനം വർധിപ്പിക്കുന്നതിനു് ഒരു ദീർഘമായ കാഴ്ചപ്പാടു് അവതരിപ്പിക്കുകയുണ്ടായി. അതനുസരിച്ചു് അന്നുണ്ടായിരുന്ന 54 ശതമാനത്തിൻെറ കമ്മി നാലാംപദ്ധതിയുടെ അവസാ

2. ഗവണ്മെൻറു് ഓഫ് ഇന്ത്യ, ആഭ്യന്തരമന്ത്രികാര്യാലയം, 'ഇന്നുള്ള കാർഷികസംഘർഷങ്ങറംക്കുള്ള കാരണങ്ങളും അവയുടെ പ്രകൃതവും' പേജ് 32.

നമാകുമ്പോഴെക്കും 40 ശതമാനവും അഞ്ചാംപദ്ധതിയുടെ അന്ത്യത്തിൽ 25 ശതമാനവും ആയി കുറയ്ക്കാമെന്നു കണ്ടു. ഭക്ഷ്യോല്പാദനത്തിനായി ബോർഡ് ആവിഷ്കരിച്ച തന്ത്രത്തിലെ മുഖ്യഘടകങ്ങൾ താഴെ പറയുന്നവയായിരുന്നു.

1. ഏലാ അടിസ്ഥാനത്തിൽ നെൽക്കൃഷി സംഘടിപ്പിച്ച്, തുടർച്ചയായി കിടക്കുന്ന നെൽക്കൃഷിയിടങ്ങളിൽ ഏകീകരിച്ച കൃഷിപ്രവർത്തനം നടത്തുക.

2. ഗവണ്മെൻറ് സഹായം നൽകുന്ന കാര്യത്തിൽ ചെറുകിടകൃഷിക്കാർക്കു മുൻഗണന നൽകുക.

3. ഭൂപരിഷ്കരണം ത്വരിതമായി പൂർത്തീകരിക്കുക.

4. ക്രെഡിററുകാർഡ് സമ്പ്രദായം നടപ്പിലാക്കുക.

5. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ, ഉപ്പുപ്രദേശങ്ങൾ എന്നിവയെ കൃഷിയോഗ്യമാക്കിത്തീർക്കുക. അതിനു വേണ്ടി കായൽ, കരി, കോൾ, നിലങ്ങളിൽ അണ കെട്ടുകയും വനപ്രദേശങ്ങളിലുള്ള താഴ്ന്ന നിലങ്ങൾ വെട്ടിത്തെളിയിക്കുകയും വേണം.

6. മെച്ചപ്പെട്ട കൃഷിസമ്പ്രദായങ്ങൾ സ്വീകരിച്ചു നെൽവിളവ് വർധിപ്പിക്കുക. ഇതിനുള്ള സഹായകവസ്തുക്കളായ മെച്ചപ്പെട്ട വിത്തുകൾ (ഐ. ആർ. 8, തയ്ച്ചുങ് നേററീവ്—1, കാഞ്ചർ 28 തുടങ്ങിയവ), രാസവളങ്ങൾ, വെള്ളം, കീടനാശിനികൾ, വായ്പാസൗകര്യങ്ങൾ എന്നിവയിലെല്ലാം ശ്രദ്ധിക്കണമെന്നർഥം. വേണ്ടത്ര ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കുക; ജലോപയോഗം ശാസ്ത്രീയമാക്കുക.

കേരള സംസ്ഥാന പ്ലാനിങ്ബോർഡ് തയ്യാറാക്കിയ 4–ാം പഞ്ചവത്സര പദ്ധതിയുടെ കരടുരേഖ വീണ്ടും ഇപ്രകാരം പ്രസ്താവിച്ചു: "ഉൽപാദനപരിപാടിയുടെ ആസൂത്രണത്തിനും നടത്തിപ്പിനും "ഏലാ" അടിസ്ഥാനയൂനിററായി അംഗീകരിച്ചുകൊണ്ട് നെൽക്കൃഷി സംഘടിപ്പിക്കുകയെന്നതായിരിക്കും നാലാംപഞ്ചവത്സരപദ്ധതിക്കാലത്ത് കാർഷികരംഗത്തിലെ മുഖ്യതന്ത്രം. പാക്കേജ്പദ്ധതിയെക്കാൾ മെച്ചപ്പെട്ട ഏലാ ഉൽപാദനപരിപാടിക്ക് താഴെ പറയുന്ന ലക്ഷ്യങ്ങളാണുള്ളത്.

(a) കൃഷിക്കാർക്കിടയിൽ പരസ്പരസഹായത്തിൻെറ ഉയർന്ന രൂപങ്ങൾ വളർത്താനുതകുന്ന സംഘടനാപരമായ ചട്ടക്കൂട് ഏർപ്പെടുത്തുക.

(b) വിത്ത്, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ വിതരണത്തിൽ പരമാവധി ഏകോപനം പാലിക്കുക.

(c) കൂടുതൽ കൃഷി നടത്തുന്നതിനും മെച്ചപ്പെട്ട കൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും അത്യുൽപാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗം കൂടുതൽ പ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനും ഉത്തേജനം നൽകുക.

(d) ഇപ്പോൾ ആലപ്പുഴയിലും പാലക്കാട്ടും നടപ്പാക്കപ്പെട്ടിട്ടുള്ള പാക്കേജ് പദ്ധതി നിർത്തലാക്കുകയും പുതിയ ഏലാപരിപാടിയിൽ അതിനെ സംയോജിപ്പിക്കുകയും ചെയ്യുക.

(e) ഏലാകൃഷിസ്ഥലങ്ങളിൽ യഥാർത്ഥ കർഷകർ തിരഞ്ഞെടുത്ത ഏലാ കമ്മിററികളായിരിക്കും ഉൽപാദനപരിപാടി നടപ്പിലാക്കുക. ഏലാ കമ്മിററിക ളുടെ പ്രവർത്തനം ജനാധിപത്യപരമാക്കും. എല്ലാ കൃഷിക്കാരുടെയും, പരമാവധി പങ്കാളിത്തം ഉറപ്പുചെയ്യുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊണ്ടതായിരിക്കും ഇതു്.

സംസ്ഥാന പ്ലാനിങ്ങ്ബോർഡ് തയ്യാറാക്കിയ കരടുപദ്ധതിയിൽ ചെറുകിട കൃഷിക്കാർക്കു നൽകിയിരുന്ന മുൻഗണനയെപ്പററി വളരെ വ്യക്തമായി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്.

"മുൻകാലത്തു് ഗവണ്മെൻറിൻെറ വായ്പകൾ, ധനസഹായം എന്നിവ കൊണ്ടു പ്രധാനമായും നേട്ടമുണ്ടാക്കിയിട്ടുള്ളവർ ഭൂപ്രഭുക്കന്മാരും വൻകിട കൃഷിക്കാരുമായിരുന്നു. ഒട്ടാകെയുള്ള കൈവശഭൂമികളുടെ ഭൂരിഭാഗം വരുന്ന ചെറുകിട–ഇടത്തരം കൃഷിക്കാർക്കു് പറയത്തക്ക യാതൊരു സഹായവും ലഭിച്ചിട്ടില്ല. നാലാം പദ്ധതിക്കാലത്തു് ഈ വിഭാഗത്തിൽപ്പെട്ട കൃഷിക്കാർക്കായിരിക്കും ഗവണ്മെൻറിൽ നിന്നുള്ള ധനസഹായവും, വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ മുതലായവയും ലഭിക്കുന്നതിൽ മുൻഗണന കല്പിക്കുക."

മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ, പ്ലാനിങ്ങ്ബോർഡ് നിർദ്ദേശിച്ച തന്ത്രം ഇന്ത്യാഗവണ്മെൻറിൻെറ പുതിയ കാർഷികതന്ത്രത്തിൻെറ നേരെ വിപരീതമാണു്. ധനിക കൃഷിക്കാരോടും ജന്മികളോടും വേഴ്ച കാണിക്കുന്ന കേന്ദ്രഗവണ്മെൻറിൻെറ കാർഷികതന്ത്രത്തിനു തികച്ചും എതിരായി ചെറുകിട—ഇടത്തരം കൃഷിക്കാരോടു ബന്ധം പുലർത്തുന്ന ഒരു കാർഷികതന്ത്രത്തിനു വേണ്ടിയായിരുന്നു ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ അധ്യക്ഷതയിലുള്ള സംസ്ഥാനപ്ലാനിങ്ങ്ബോർഡ് ആവശ്യപ്പെട്ടതു്.

ശ്രീ അച്യുതമേനോൻെറ അധ്യക്ഷതയിൽ പുനഃസംഘടിപ്പിക്കപ്പെട്ടതെന്നു പറയപ്പെടുന്നതും ഉദ്യോഗസ്ഥന്മാരെ കൊണ്ടു് മാത്രം നിറച്ചതുമായ പ്ലാനിങ്ങ് ബോർഡ് മേൽപ്രസ്താവിച്ച സമീപനത്തെ നിരാകരിച്ചു് കേന്ദ്രഗവണ്മെൻറിൻെറ പൊളിഞ്ഞ കാർഷികതന്ത്രത്തെ സ്വീകരിച്ചതിൽ ഒട്ടും തന്നെ അത്ഭുതമില്ല. കാരണം, കേരളത്തിൻെറ "4-ാം പഞ്ചവത്സരപദ്ധതി (1969-74)" യുടെ അന്തിമരേഖയിൽ ചെറുകിട കർഷകർക്കുള്ള മുൻഗണന അതിൻെറ അഭാവം കൊണ്ടാണു് പ്രകടമായിരുന്നതു്. കൂടാതെ കേന്ദ്രഗവണ്മെൻറിൻെറ പൊളിഞ്ഞ നയത്തെ സംബന്ധിച്ചിടത്തോളം മുൻപറഞ്ഞ അന്തിമരേഖ വ്യക്തമായും ക്ഷമാപണപരവും പിൻതിരിപ്പനും ആണു്. താഴെ ചേർത്ത താരതമ്യം അതു വെളിവാക്കുന്നു. സംസ്ഥാന പ്ലാനിങ്ങ്ബോർഡിൻെറ കരടുരേഖ ഇപ്രകാരം പ്രസ്താവിച്ചു.

"ഇപ്പോൾ ആലപ്പുഴ—പാലക്കാട്ടു ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള പാക്കേജ്പദ്ധതി ഇന്നത്തെ നിലയിൽ നിർത്തലാക്കി അതിനെ പുതിയ ഏലാ ഉൽപാദനപദ്ധതിയിൽ സംയോജിപ്പിക്കുന്നതാണു്" [3].

ഉദ്യോഗസ്ഥമേധാവികളെക്കൊണ്ടു പുനസ്സംഘടിപ്പിച്ച പ്ലാനിങ്ങ്ബോർഡിൻെറ അന്തിമരേഖ ഇപ്രകാരം പറയുന്നു:

3. 4-ാം പഞ്ചവത്സരപദ്ധതി (ഒരു കരടുരേഖ) പേജ് 21.

"പാക്കേജ്പരിപാടിയും കട്ടംകൃഷിപരിപാടിയും അഖിലേന്ത്യാമാതൃകയും അനുസരിച്ച് തുടന്ന് നടത്തുമ്പോൾ നാലാം പദ്ധതിക്കാലത്തു ഏലാപരിപാടി തിരഞ്ഞെടുത്ത ചില സ്ഥലങ്ങളിൽ പരീക്ഷിക്കുന്നതായിരിക്കും" 4.

(അടിവര ലേഖകൻേറതു്)

കേരളത്തിൻെറ നാലാം പഞ്ചവത്സരപദ്ധതി (1969-74)യെ സംബന്ധിച്ചുള്ള അന്തിമരേഖ 1973-74 ലേയ്ക്കുള്ള ലക്ഷ്യമായി മുന്നോട്ടുവെച്ചിരിക്കുന്നതു് 17.5 ലക്ഷം ടൺ അരിയാണു്. ഈ ലക്ഷ്യം നേടണമെങ്കിൽ പ്ലാൻ രേഖയിൽ പിൻവാതിലിലൂടെ കുത്തിക്കയററിയ കേന്ദ്രഗവൺമെൻറിൻെറ പൊളിഞ്ഞ നയങ്ങൾ അപ്പാടെ മാററുകയും, തൽസ്ഥാനത്തു് ചെറുകിട-ഇടത്തരം കൃഷിക്കാർക്കു് മുൻഗണന കൊടുത്തുകൊണ്ടുള്ളതും, ആവശ്യമായ സാമൂഹ്യപരിവർത്തനത്തിനു റപ്പുവരുത്താൻ ജനങ്ങളുടെ—പ്രത്യേകിച്ചും ഭൂരഹിതരായ കാർഷികത്തൊഴിലാളികളുടെ—സംഘടിതശക്തിയെ ആശ്രയിച്ചിട്ടുള്ളതും ആയ ഒരു നയം സ്വീകരിക്കുകയും ആവശ്യമായിത്തീരുന്നു.

പക്ഷേ നിർഭാഗ്യവശാൽ കേന്ദ്രഭരണവും കേരളഭരണകൂടവും ഇന്നു കാർഷികരംഗത്തു് സ്വീകരിച്ചിട്ടുള്ള നയങ്ങൾ എല്ലാം തന്നെ കാര്യങ്ങൾ ഇന്നത്തെപ്പോലെ തുടരുക എന്ന ലക്ഷ്യം വെച്ചുള്ളതാണു്. ഇതു സമൂലമായ ഒരു പരിവർത്തനത്തിനു് സഹായകമല്ല. ഹരിതവിപ്ലവമെന്ന മരീചികയുടെ പേരിൽ കണ്ടമാനം ട്രാക്ടറുകളും മററു യന്ത്രങ്ങളും കൊണ്ടുവന്നു വളരെയധികം കാർഷികത്തൊഴിലാളികളെ തൊഴിലില്ലായ്മയിലേയ്ക്കു തള്ളിവിട്ടാൽ യഥാർത്ഥമായ മാററം ഉണ്ടാവുകയില്ല. കർഷകത്തൊഴിലാളികളുടെയും ചെറുകിട—ഇടത്തരം കൃഷിക്കാരുടെയും ശക്തിയിൽ അധിഷ്ഠിതമായ ഒരു വികസനപ്രക്രിയയിലൂടെ മാത്രമേ പരിവർത്തനം സാധ്യമാകൂ.

ഡോക്ടർ കെ. മാത്യു കുര്യൻ

4. 4-ാം പഞ്ചവത്സരപദ്ധതി (1969—74) പേജ് 42.

## രണ്ടാം ഭാഗം

# വ്യവസായവും മനുഷ്യശക്തിയും തൊഴിലും

# 12

## കേരളത്തിൻെറ വികസനാസൂത്രണം ഒരു പുതിയ വീക്ഷണത്തിൽ

രണ്ടു ദശകങ്ങൾക്കു മുമ്പ് നടപ്പിൽവരുത്തിയ സങ്കരാസൂത്രണം ഏറെക്കാലത്തേയ്ക്കു് ഭാരതത്തിൻെറ സമ്പദ്സ്ഥിതിയെ നിർണ്ണയിക്കുന്നതായിരുന്നു. സാമ്രാജ്യത്വാരാധകനായിരുന്ന റഡ്യാർഡ് കിപ്ലിങ്ങ് എന്ന ആംഗ്ലേയകവിയുടെ കുപ്രസിദ്ധമായ ഈരടികളുടെ വിഡംബനമായിപ്പറഞ്ഞാൽ, ശാസ്ത്രീയസമ്പദ് വ്യവസ്ഥയിൽ "മുതലാളിത്തം മുതലാളിത്തമാണ്, സോഷ്യലിസം സോഷ്യലിസമാണ്; രണ്ടും ഇണങ്ങിച്ചേരുക അസാധ്യമാണ്" അങ്ങനെ ഇന്ന് രാജ്യത്തു് തലതിരിഞ്ഞൊരു സമ്പദ്‌വ്യവസ്ഥ സംജാതമായിരിക്കയാൽ, വന്നുചേർന്ന കുഴപ്പത്തിൽ നിന്നു കൂടുതൽ മെച്ചപ്പെട്ട ഒരു വ്യവസ്ഥ കെട്ടിപ്പൊക്കുക എന്ന മാർഗം മാത്രമാണ് നമ്മുടെ മുമ്പിൽ ഇനി കിടക്കുന്നതു്. ഈദൃശമൊരു സാധാരണ പശ്ചാത്തലത്തിലേ കേരളത്തിൻെറ വികസനാസൂത്രണത്തെയും പുരോഗതിയെയും കുറിച്ച് നമുക്ക് ചിന്തിക്കാൻ നിർവാഹമുള്ളു.

ആദ്യത്തെ മൂന്നു പദ്ധതികളാസൂത്രണം ചെയ്തപ്പോൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ കിടക്കുന്ന മററു പല സ്റ്റേററുകളുടെതെന്നപോലെ കേരളത്തിൻെറയും പ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടാണ് അവ നടപ്പിലാക്കപ്പെട്ടതു്. 'പെഴ്സ്പെക്ററീവ് പ്ലാൻ' (സമഗ്രവീക്ഷണപദ്ധതികൾ) എന്ന പേരിൽ ചില രേഖകൾ തയ്യാറാക്കി വിതരണംചെയ്യപ്പെട്ടിരുന്നുവെങ്കിലും അധികാരത്തിൻെറ തലപ്പത്തിരുന്നിരുന്നവർക്കു് രാജ്യത്തിൻെറ ശരിയായ ആവശ്യങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള സമഗ്രമായൊരു വീക്ഷണം തന്നെയുണ്ടായിരുന്നില്ല. പിന്നണിയിൽ കിടക്കുന്ന എല്ലാ പ്രദേശങ്ങളെയും സമീകൃതവികസിതസമ്പദ്‌വ്യവസ്ഥയിലേയ്ക്കുയർത്തിക്കൊണ്ടുവരുന്നതിനുതകുന്ന വിധത്തിൽ എല്ലാ സ്റ്റേററുകളിലൂടെയും ഭൗതികവിഭവങ്ങൾ, മൂലധനാഗമമാർഗങ്ങൾ, സാമൂഹ്യജീവിതക്രമങ്ങൾ, ഉല്പാദനസങ്കേതങ്ങൾ, ഉല്പാദനശക്തികളെ പരമാവധി ഉപയുക്തമാക്കാനുള്ള പ്രായോഗികമാർഗങ്ങൾ എന്നീ നാനാപ്രശ്നങ്ങളെയും പററി സമഗ്രമായി പഠനം നടത്തിയെങ്കിലല്ലാതെ ഒരു സമഗ്രവീക്ഷണപദ്ധതിയെ സമർത്ഥമായി രൂപപ്പെടുത്തുവാൻ സാധിക്കുന്നതല്ല. അത്തരമൊരു വീക്ഷണപഠനത്തിൻെറ അഭാവം മൂലം രാജ്യത്തു് നടപ്പിൽവരുത്തിയ 'മുതലാളി

ത്തസോഷ്യലിസ്'സങ്കരാസൂത്രണം, പൊതുമേഖലാസമ്പദ്ഘടകങ്ങളായ വൻകിടവ്യവസായങ്ങൾ സ്ഥാപിക്കാത്ത പിന്നണിപ്രദേശങ്ങളുടെ വികസനത്തിന്റെ ചുമതല ഏറിയ പങ്കും സ്വകാര്യമേഖലയുടെ ദയക്കായി വിട്ടുകൊടുക്കുകയാണുണ്ടായത്. ഈ പദ്ധതി രാഷ്ട്രത്തിൽ ഒരു ശക്തിയായംഗീകരിക്കപ്പെട്ട സ്വകാര്യമേഖലയെ, ഈ നാട്ടിലെ ബൂർഷ്വാസിയെ, പ്രീതിപ്പെടുത്താൻ ബോധപൂർവം നടപ്പിലാക്കിയ ഒരു തന്ത്രം കൂടിയായി ഗണിക്കപ്പെടാവുന്നതാണ്. ഏതായിരുന്നാലും, ബണിയ–വൈശ്യസാമൂഹ്യഘടകങ്ങളിൽ കൂടി പ്രതിഫലിച്ച വ്യക്തമായൊരു ബൂർഷ്വാവർഗം നിലനിന്നിടത്തെല്ലാം ഈ സമീപനം ഒരതിർത്തി വരെ തൃപ്തികരമായ ഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; അത്തരം ബൂർഷ്വാസിയുടെ സ്വാധീനപ്രദേശങ്ങളായ സ്റ്റേറ്റുകളിൽ പുതുതായ നിരവധി വ്യവസായങ്ങൾ സ്ഥാപിച്ചുകൊണ്ട് സ്വകാര്യമൂലധനശക്തിയെ ഏറെക്കുറെ കെട്ടഴിച്ചുവിടാനും പുതുതായി തൊഴിൽസാധ്യതകൾ അവിടങ്ങളിൽ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത നിഷേധിച്ചുകൂടാ.

എന്നാൽ, മേൽപ്രസ്താവിച്ച വിധമുള്ള ഒരു ബൂർഷ്വാവർഗം ഇല്ലാതെപോയതിനാൽ കേരളത്തിലെ സാമ്പത്തികവികസനസ്തംഭനം കൂടുതൽ രൂക്ഷതരമാവാനിടയായി. കേരളത്തിന്റെ സാമൂഹ്യചരിത്രത്തിൽ ഒരു കാലത്തും വൈശ്യ–ബണിയ വിഭാഗങ്ങൾ നിലനിന്നിരുന്നതായി കാണുന്നില്ല. പൗരാണികമധ്യകാലങ്ങളിൽ കേരളത്തിൽ വ്യാപാരംനടത്തിയിരുന്നവർ പാണ്ടിദേശത്തു നിന്നു വന്നവരും കടൽതാണ്ടി വന്ന അറബികളും മററുമായിരുന്നു. പിൽക്കാലത്ത്, ഹിന്ദുനാടുവാഴിത്തത്തിന്റെ എതിർപ്പു മൂലം ഭൂവുടമാവകാശം നിഷേധിക്കപ്പെട്ട ചില വിഭാഗം മുസ്ലീങ്ങളും ക്രിസ്ത്യാനികളും അറബികളുടെയും പാണ്ടിക്കച്ചവടക്കാരുടെയും ചുവടുപിടിച്ച് വ്യാപാരരംഗത്തിറങ്ങാൻ തുടങ്ങി. എന്നിരുന്നാൽ കൂടി, അത്തരം വ്യാപാരവിഭാഗങ്ങളുടെ പരമാവധി ലക്ഷ്യം ഭൂപ്രഭുത്വം കൈക്കലാക്കലും അതുവഴി സാമൂഹ്യപദവി നേടലുമായിരുന്നു. അന്ന് അധികാരവും പദവിയും നേടാനുള്ള മറെറാരു മാർഗം, ഭരണാധികാരത്തിൽ കടന്നുകൂടുകയായിരുന്നു. ബ്രിട്ടീഷ്—നാട്ടുരാജാക്കളുടെ ആധിപത്യക്കാലത്ത് ഭരണാധികാരത്തിലേറാനുള്ള എളുപ്പമാർഗമായ കലാശാലാവിദ്യാഭ്യാസം തങ്ങളുടെ സന്തതികൾക്കുണ്ടാക്കിക്കൊടുക്കുകയെന്ന ലക്ഷ്യംവെച്ചുകൊണ്ട് ഈ പുത്തൻ വ്യവസായബൂർഷ്വാസി വ്യവസായശാലകൾ തുടങ്ങുന്നതിനു പകരം ഭൂപ്രഭുത്വത്തിൽ കണ്ണുവച്ചു കൊണ്ട്, വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർമിക്കുന്നതിലാണ് തങ്ങളുടെ കഴിവ് ഏറിയ പങ്കും കേന്ദ്രീകരിച്ചത്. അങ്ങനെ ഇതരസംസ്ഥാനങ്ങളിൽ മാർവാടി, ഗുജറാത്തിബണിയൻമാരും, ചെട്ടിയാർവൈശ്യന്മാരും അവരവരുടെ മേഖലകളിൽ ചെറുകിടവ്യവസായങ്ങളും തുണിമില്ലുകളും വലിയ എൻജിനീയറിങ്ങ് സ്ഥാപനങ്ങളും ക്രമാനുഗതമായി സ്ഥാപിച്ചു കൊണ്ടിരുന്നപ്പോൾ, കേരളത്തിലെ തത്തുല്യവർഗം തങ്ങളുടെ ശക്തിക്കനുസൃതമായി പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും കോളേജുകളും ആണ് സ്ഥാപിക്കാൻ ശ്രദ്ധിച്ചത്. ഇതിന്റെ ഫലമായി പഞ്ചവത്സരപദ്ധതിപ്രവർത്തനങ്ങൾ രാജ്യത്ത്

നടപ്പാക്കാൻ ആരംഭിച്ച അവസരത്തിൽ അവയിൽ നിന്നു നേടാവുന്ന പരമാവധി മെച്ചങ്ങൾ കയ്യടക്കാനും തങ്ങളുടെ പ്രദേശത്തേയ്ക്ക് പ്രത്യേക പരിഗണന ലഭിക്കത്തക്കവിധം കേന്ദ്രമേഖലാവ്യവസായങ്ങൾ സ്ഥാപിച്ചുകിട്ടാനും, രാഷ്ട്രീയ സാമ്പത്തികരംഗത്തു് തന്ത്രപരമായി മുൻകൈ എടുത്തു് പ്രവർത്തിക്കാൻ നിശ്ചയദാർഢ്യവും ഊർജസ്വലതയും കർമകുശലതയും തികഞ്ഞ ഒരു ബൂർഷ്വാസി കേരളത്തിൽ വളരുകയുണ്ടായില്ല. തന്മൂലം, അടിസ്ഥാനപരമായി സ്വകാര്യമൂലധനത്തിന്റെ അഭാവം നിമിത്തം കേരളത്തിന്റെ വികസനത്തിനു് സർക്കാർമൂലധനത്തെ മാത്രമേ ഇനി ആശ്രയിക്കാൻ നിവൃത്തിയുള്ളു. ഇതിനായി സ്റ്റേറ്റ്–കേന്ദ്രഗവണ്മെൻറുകൾ ചേർന്നാലോചിച്ച് കേരളത്തിന്റെ വികസനത്തിനാവശ്യമായ മൂലധനമാർഗങ്ങൾ അടിയന്തിരമായും കണ്ടുപിടിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. പുതിയൊരു രൂപത്തിൽ വിവക്ഷിക്കുകയാണെങ്കിൽ കേരളത്തിന്റെ വികാസത്തിനു് ഒരു മുതലാളിത്തേതര വികസനപാത സ്വീകരിക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ ഈ വസ്തുതയായിരിക്കണം കഴിഞ്ഞ കാലത്തിലെ ആസൂത്രണത്തിൽ കാണാതെപോയതും കേരളത്തിലെ വികസനസ്തംഭനത്തിനു് സ്ഥായിയായി നിലനിന്നിരുന്നതുമായ കാരണവും.

കേരളത്തിന്റെ വികസനത്തിനു് ഏക പരിഹാരമാർഗം വ്യവസായവല്ക്കരണം മാത്രമാണെന്നു് കേൾക്കാൻ തുടങ്ങിയിട്ടു് വർഷങ്ങളേറെയായി. എന്നാൽ പ്രസ്താവനകളും പ്രക്ഷോഭങ്ങളും ഏറിയ കൂറും പ്രശ്നത്തിന്റെ കാതൽ കാണാതെയുള്ള പൊതുനിഗമനങ്ങളും ഒഴുക്കൻചിന്തകളുമായിട്ടാണു് പരിണമിച്ചിരുന്നതു്. കേരളത്തെ വ്യവസായവല്ക്കരിക്കുന്നതിനു് നിർദിഷ്ടാസൂത്രണപ്രക്രിയയിൽക്കൂടി ഉൽപാദനശക്തികളെ പരമാവധി കെട്ടഴിച്ചുവിടുന്നതിനുപയുക്തമായ വിധത്തിൽ, പ്രയത്നംചെയ്തു് ഉപജീവനം കഴിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളുടെ പൗരാണികവും പരമ്പരാഗതവുമായ ഉൽപാദനസമ്പ്രദായങ്ങൾ, പ്രത്യേക സാമൂഹ്യബന്ധങ്ങൾ മുതലായവയെപ്പററി സമഗ്രമായ പഠനം അനുപേക്ഷണീയമാണു്. ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാന ഉല്പാദനമാർഗം കൃഷിയാണെന്നതു് ശരിതന്നെ. പക്ഷേ ജനങ്ങളും ഭൂമിയും തമ്മിലുള്ള അനുപാതം ഇന്നു് ഭയാനകമായ രീതിയിൽ താഴോട്ടു പോയിട്ടുണ്ടെന്ന വസ്തുത കണക്കിലെടുക്കേണ്ടതുണ്ടു്. ഭൂമിശാസ്ത്രപരമായി ഒരു തീരപ്രദേശം എന്ന നിലയ്ക്കു് നമ്മുടെ പൂർവികരുടെ തൊഴിൽ, തീരപ്രദേശങ്ങളിൽ മീൻപിടിത്തവും മധ്യസമതലപ്രദേശങ്ങളിൽ കളിമൺവ്യവസായവും നെയ്ത്തും, മലയോരപ്രദേശങ്ങളിൽ വനസമ്പത്തുകൊണ്ടുള്ള തൊഴിലുകളും ആയിരുന്നു. എന്നാൽ, പദ്ധതി ആസൂത്രണം ചെയ്തിരുന്ന കഴിഞ്ഞ ഇരുപതു വർഷങ്ങളിലും ഈ തൊഴിലുകളിലേർപ്പെട്ട ജനങ്ങളുടെ കാര്യം ശ്രദ്ധിക്കപോലും ഉണ്ടായിട്ടില്ല. പ്രത്യുത, സമൂഹത്തിൽ അധഃസ്ഥിതരായി ഗണിക്കപ്പെട്ടിരുന്ന ഈ തൊഴിൽക്കാരുടെ പ്രയത്നശക്തി എത്രയും അപ്രധാനമെന്ന നിലയിൽ പുറംതള്ളപ്പെടുകയാണുണ്ടായതു്. അതങ്ങനെ, കഴിഞ്ഞകാലങ്ങളിൽ ഈ വിഭാഗം ജനങ്ങളിൽ നിക്ഷിപ്തമായ, അതുല്യമായ ഉല്പാദനശക്തികളുടെ വളർച്ചയും വികാസവും കുററകരമായ വിധത്തിൽ പിന്നോക്കം തള്ളിനിർത്തപ്പെട്ടു.

## വനവിഭവങ്ങൾ

കേരളത്തിലെ വനസമ്പത്തിനെപ്പററി ഇനി അങ്ങോട്ട് ചിന്തിച്ചിട്ട് വലിയ പ്രയോജനം കാണുന്നില്ല. കേരളം വനസമ്പത്തിൻെറ കാര്യത്തിൽ പ്രാധാന്യമുള്ള രാജ്യമല്ലാതായിക്കഴിഞ്ഞിരുന്നു. ഒട്ടാകെയുള്ള വനപ്രദേശം ഇന്നു് 20% ആയി കുറഞ്ഞിരിക്കുന്നു. വിഭവാർജനം സാധിക്കാവുന്ന വനം പതിന്നാലു ശതമാനമായും കുറഞ്ഞിരിക്കുന്നു, ജനസംഖ്യാനുപാതത്തിൽ ലോകനിലവാരത്തിൽ ആളൊന്നുക്കു് 1·60 ഹെക്ററർ വനവും അഖിലേന്ത്യാനിലവാരത്തിൽ 0·18 ഹെക്ററർ വനവുമുള്ളപ്പോഴ, കേരളത്തിൽ വനസമ്പത്തു് ആളൊന്നുക്കു് 0·012 ഹെക്ററർ മാത്രമാണെന്ന നഗ്നയാഥാർഥ്യം ശ്രദ്ധിക്കേണ്ടതുണ്ടു്. ജനസംഖ്യാവർധനയും ഭൂമിക്കുള്ള ദാഹവും കണക്കിലെടുത്താൽ ഈ പരിമിതമായ വനം തന്നെ അതിശീഘ്രം കുറഞ്ഞുപോകാനാണു് സാധ്യത.

(കൈത്തറിനെയ്ത്തു വ്യവസായപ്രശ്നം അഖിലേന്ത്യാടിസ്ഥാനത്തിൽ പരിഗണനയിൽപെട്ടു കഴിഞ്ഞിരിക്കയാൽ തല്ക്കാലം ഈ പ്രബന്ധത്തിൽ ആ വിഷയം ഉൾക്കൊള്ളിച്ചിട്ടില്ല.)

## മത്സ്യവ്യവസായം

കേരളത്തിലെ ഉല്പാദനശക്തികളെ കെട്ടഴിച്ചുവിടാനും സ്റ്റേററിൻെറ സാമ്പത്തികവികസനത്തെ ത്വരിതമാക്കുവാനും പരമാവധി സംഭാവനചെയ്യാൻ പ്രാപ്തിയുള്ള ഒരു മേഖലയാണു് മത്സ്യവ്യവസായം. 590 കിലോമീററർ ദീർഘിച്ചു കിടക്കുന്ന കേരളത്തിൻെറ തീരം മുഴുവനും മീൻപിടിത്തത്തിന്നുപയുക്തമായതാണു്. അറബിക്കടലിൽ നിന്നു ഇന്ത്യൻമഹാസമുദ്രത്തിൻെറ വടക്കൻ പാർശ്വപ്രദേശങ്ങളിൽ നിന്നും ലക്ഷദ്വീപസമൂഹത്തിലുള്ള ആഴക്കടലിൽ നിന്നും ലഭിക്കാവുന്ന മത്സ്യസമ്പത്തു് പ്രധാനമായി ഗണിക്കപ്പെടുന്നുണ്ടു്. 1967–ൽ ഐക്യരാഷ്ട്രസംഘടനയുടെ ഫുഡ്ഡു് ആൻഡു് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ (എഫ്. എ. ഒ) ലോകമത്സ്യസമ്പത്തിൻെറ കണക്കു് തിട്ടപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ചു് മൊത്തം 6 കോടി ടണ്ണിൻെറ 20–ൽ ഒരു അംശമെങ്കിലും—30 ലക്ഷം ടൺ—ഈ പ്രദേശത്തു നിന്നു് ലഭിക്കാവുന്നതാണു് എന്നു് വിദഗ്ദ്ധന്മാർ സമ്മതിക്കുന്നുണ്ടു്.

കേരളസർക്കാർ ഒരു ഫിഷറീസു് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടു്. ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ യാഥാസ്ഥിതികവീക്ഷണവും ഔദ്യോഗികകാലതാമസവും ഇല്ലാതാക്കി. സ്റ്റേററുഗവണ്മെൻറിൻെറ എല്ലാ കഴിവുകളും ഈ പദ്ധതിയുടെ വിജയത്തിനായി കേന്ദ്രീകരിച്ചു് ഒരു തീവ്രയത്നപരിപാടിയായി നടപ്പിൽ വരുത്തുകയാണെങ്കിൽ, മാസ്റ്റർപ്ലാനിൽ കുറിച്ച ഇരുപതു വർഷങ്ങൾ ഗണ്യമായിച്ചുരുക്കിത്തീർക്കാൻ കഴിയും. അർപ്പണബോധത്തോടെ പരിശ്രമിച്ചാൽ 550 ട്രോളറുകളും 8000 ബോട്ടുകളും 7 വർഷങ്ങൾ കൊണ്ടു് പണിതുതീർക്കാവുന്നതാണു്. തുറമുഖങ്ങളുടെ പരിഷ്കരണങ്ങളും അനുബന്ധസംവിധാനങ്ങളും മറെറാരു മൂന്നു വർഷങ്ങൾ കൊണ്ടു് തീർക്കാൻ കഴിയും. 550 ട്രോളറുകളും 8000 ബോട്ടുകളും കൊണ്ടു് നവീനരീതിയിൽ സമർത്ഥമായി മത്സ്യവ്യവസായം

യന്ത്രവൽക്കരിച്ച് വികസിപ്പിച്ചാൽ പ്ലാൻ കാലഘട്ടത്തിന്റെ അന്ത്യത്തോടു കൂടി മുന്നൂറുകോടി രൂപയുള്ള 30 ലക്ഷം ടൺ സമുദ്രസമ്പത്ത് പ്രതിവർഷം പിടിച്ചെടുക്കാൻ നമുക്ക് സാധിക്കുന്നതാണ്. കൂടാതെ ട്രോളറുകൾ നിർമിക്കുന്നതിൽ കൂടി സാങ്കേതികപരിജ്ഞാനം നേടിയ നമ്മുടെ എൻജിനീയർമാരുടെ വൈദഗ്ധ്യം രണ്ടു ശതാബ്ദങ്ങൾക്കകം വൻകിട ട്രോളറുകളും ഫാക്ടറിഷിപ്പുകളും നിർമിച്ചു തുടങ്ങുന്ന ഒരു ഉയർന്ന ഉല്പാദനമേഖലയിലേയ്ക്ക് വികസിച്ചു വളരും. അങ്ങനെ, ട്രോളറുകളും കപ്പലുകളും വിദേശത്തേയ്ക്ക് കയററിയയയ്ക്കുവാൻ കേരളത്തിനു കഴിയും. ഗുണാംശത്തിൽ, ഇന്നു നാം നിസ്സാരമായിക്കണക്കാക്കുന്ന മീൻപിടിത്തക്കാരുടെ പ്രയത്നശക്തി വിപ്ലവപരമായ സാമ്പത്തികപരിവർത്തനം നമ്മുടെ സ്റ്റേററിന്നുണ്ടാക്കിത്തീർക്കാൻ കഴിവുററ ഒരു അത്ഭുതവിളക്കാണെന്നു നാം ഓർക്കേണ്ടതാണ്.

## കളിമണ്ണും മൺപാത്രവ്യവസായവും.

കേരളത്തിൽ അവഗണിക്കപ്പെട്ടു കിടക്കുന്ന മറെറാരു ഉല്പാദനസമ്പത്താണ് കളിമണ്ണ്. നമ്മുടെ പൂർവികർ കുടിലിനോളം വലുപ്പമുള്ള ഭരണികൾ പോലും നിർമിച്ചിരുന്നതിനു തെളിവുകളുണ്ട്. ഇന്നും അത്തരം നിർമിതികളിൽ വൈദഗ്ധ്യം പ്രകടിപ്പിക്കുന്നവരുണ്ട്. ഇന്ത്യയിൽ വെച്ച് ഏററവും ഗുണമൂല്യം കൂടിയതത്രേ കേരളത്തിലെ ചീനക്കളിമണ്ണ്. വ്യവസായപരമായി ഓടും ഇഷ്ടികയും നിർമിക്കാൻ പററിയതായി കേരളത്തിന്റെ കളിമണ്ണിനെ രൂപാന്തരപ്പെടുത്തിയതു് ജർമൻ മിഷനറിമാർ കേരളത്തിൽ വന്നതിനു ശേഷമാണ്. ഇന്ന് ഓടുനിർമാണം സ്റ്റേററിലൊട്ടാകെ പടർന്നുപിടിച്ചു കിടക്കുന്ന ഒരു വ്യവസായമാണ്. പക്ഷേ യാതൊരുവിധ ഗവേഷണസൗകര്യങ്ങളും ഇന്നേവരെ ഈ മേഖലയിൽ വളർന്നുവന്നിട്ടില്ല. കേരളത്തിലെ ചീനക്കളിമൺ പാത്രങ്ങൾ, സ്ഫടികസാമഗ്രികൾ, വൈദ്യുത ഇൻസുലേററുകൾ, തുണിമിൽയന്ത്രഭാഗങ്ങൾ തുടങ്ങിയ അവശ്യവസ്തുക്കളുണ്ടാക്കാൻ മേൽത്തരമാണെന്നു പറയപ്പെടുന്നു. വ്യവസായവികസനത്തിനും തൊഴിൽസാധ്യതയ്ക്കും പററിയ ഒരു ധാതുസമ്പത്തെന്ന നിലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം ചീനക്കളിമണ്ണിനു് കല്പിച്ചുകാണുന്നില്ല. 1951-ൽ ചീനക്കളിമണ്ണുല്പാദനം വെറും 1800 ടൺ ആയിരുന്നതു് 1959-ൽ 12,400 ടണ്ണായും 1967-ൽ 81,300 ടണ്ണായും വർധിക്കുകയുണ്ടായി. പക്ഷേ ഇതെല്ലാം പുറംനാടുകളിലേയ്ക്ക് വെറും മണ്ണിന്റെ രൂപത്തിൽ തന്നെയാണ് ഇന്നും കയററി അയച്ചുകൊണ്ടിരിക്കുന്നതു്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കളിമണ്ണുനിക്ഷേപങ്ങൾ ഒരു തീവ്രയത്നപദ്ധതിയനുസരിച്ചും നവീന സാങ്കേതികസഹായത്തോടെയും ഗവേഷണമാർഗങ്ങളിലൂടെയും ഉല്പന്നങ്ങളാക്കിത്തീർക്കാൻ തുടങ്ങിയാൽ പ്രതിവർഷം 120 കോടിരൂപ വിലയുള്ള 10 ലക്ഷം ടൺ കളിമണ്ണുല്പന്നങ്ങൾ വിപണനം ചെയ്യാനും അതുവഴി ഒന്നരലക്ഷം ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാനും കഴിയേണ്ടതാണ്,

## കാർഷികവ്യവസായങ്ങൾ

ഇന്ത്യയുടെ കാർഷികാവശ്യങ്ങൾക്കായി ഭീമമായ തോതിൽ ഇന്നു് ട്രാക്ടറുകളും ടില്ലറുകളും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. സ്പെയർപാർട്ടുകളും അസംബ്ലികളും ഉല്പാദിപ്പിക്കുവാൻ കുടിൽവ്യവസായാടിസ്ഥാനത്തിൽ ചെറുകിട വർക്കുഷോപ്പുകൾ തുടങ്ങാം. നിരവധി ചെറുകിട–മധ്യമ വ്യവസായങ്ങൾക്കു് സ്ഥിരമായി തൊഴിലുണ്ടാക്കിക്കൊടുക്കാൻ സാധ്യതയുള്ള ഒരു ട്രാക്ടർ പ്ലാൻറും രണ്ടു പവർടില്ലർ ഫാക്ടറികളും കേരളത്തിൽ അടിയന്തിരമായി സ്ഥാപിക്കാവുന്നതാണു്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ വീക്ഷണരേഖയിൽ പോലും 40 ഏക്കർ മുതൽ 100 ഏക്കർ വരെ ഒന്നിച്ചുനില്ക്കുന്ന 12 ലക്ഷം കൃഷിയിടങ്ങൾ ഇന്ത്യയിലുണ്ടെന്നു് കണക്കാക്കേണ്ടിയിരിക്കുന്നു. എന്നുവെച്ചാൽ, പ്രതിവർഷം 1 ലക്ഷം ട്രാക്ടർവീതമെങ്കിലും 12 വർഷങ്ങൾ കൊണ്ടുണ്ടാക്കിത്തീർത്താലേ കൃഷിയോഗ്യമായ സ്ഥലങ്ങളിലെല്ലാം യന്ത്രവൽകൃത കൃഷി നടപ്പാക്കാൻ കഴിയൂ എന്നു വ്യക്തമാണല്ലോ. പക്ഷേ നാലാംപദ്ധതിയുടെ ഈ ഘട്ടത്തിൽ പോലും ആവശ്യമുള്ളതിന്റെ 25 ശതമാനമെങ്കിലും കാർഷികയന്ത്രങ്ങൾ ഇന്ത്യയിൽ സ്വയം ഉൽപാദിപ്പിക്കാൻ തുടങ്ങിയിട്ടില്ല.

## എൻജിനീയറിങ്ങ് വ്യവസായങ്ങൾ

യന്ത്രവൽകൃത മത്സ്യബന്ധനവ്യവസായം, നവീനസാങ്കേതിക രൂപത്തിലുള്ള കളിമൺവ്യവസായം, കാർഷിക യന്ത്രനിർമാണം എന്നീ മണ്ഡലങ്ങളുടെ ബൃഹത്തായ വളർച്ചയോടെ അവയ്ക്കാവശ്യമായ യന്ത്രസാമഗ്രികളും ദശസഹസ്രം പാർട്ടുകളും മററും നിർമിക്കുന്നതിനു് വേണ്ടതായ എൻജിനീയറിങ്ങ് ഫാക്ടറികളുടെ ഒരു വ്യൂഹം തന്നെ നമുക്കുണ്ടാവേണ്ടിയിരിക്കുന്നു. അത്തരമൊരു വ്യവസായശൃംഖലയ്ക്കു് കേരളത്തിലെ എൻജിനീയറിങ്ങ് ബിരുദ—ഡിപ്ലോമാധാരികളുടെയിടയിൽ ഇന്നു് നിലനില്ക്കുന്ന ഭയാനകമായ തൊഴിലില്ലായ്മ എന്നേക്കുമായി നിർമാർജനം ചെയ്യാൻ കഴിയുന്നതാണു്,

## സ്റ്റീൽപ്ലാന്റ്

വ്യവസായസംസ്കൃത വിഭവങ്ങളുടെ, വിശിഷ്യ ഉരുക്കിന്റെ, ക്ഷാമം ഇന്നു് അതിരൂക്ഷമായിട്ടുണ്ടു്. ആവശ്യത്തിനു വേണ്ടത്ര ഉരുക്കില്ലാതെ ഒരു വ്യവസായവൽകൃതസാമൂഹ്യഘടനയുടെ അസ്ഥിവാരം പോലും നിർമിക്കാൻ സ്വപ്നം കണ്ടിട്ടു് പ്രയോജനമില്ല. കേരളം അതിന്റേതായ ഒരു സ്റ്റീൽ പ്ലാൻറ് സ്ഥാപിക്കാൻ മുൻകയ്യെടുക്കാത്തിടത്തോളം കാലം എന്നും നമുക്കു് കേന്ദ്ര സ്റ്റീൽ ഉല്പാദന വിതരണസംഘടനകളുടെ അനിയന്ത്രിതവും ആകസ്മികവുമായ നയവ്യതിയാനങ്ങൾക്കടിമപ്പെട്ടു കഴിയേണ്ടിവരും. സമൃദ്ധമായി നമുക്കു് ലഭിക്കാവുന്ന വൈദ്യുതശക്തിയുപയോഗിച്ചു കൊണ്ടു് പ്രാരംഭമായി ഒരു ലക്ഷം ടൺ പച്ചിരുമ്പുല്പാദിപ്പിക്കാവുന്ന ഒരു സ്റ്റീൽ പ്ലാൻറു് ചെറിയ നിലയിൽ (നമ്മെ സംബന്ധിച്ചിടത്തോളം വലിയ നിലയിൽത്തന്നെ) സ്ഥാപിക്കാൻ പരിശ്രമിക്കാം. രണ്ടാംപടിയായി മൈസൂറിൽ ചെയ്തതു പോലെ കിട്ടാവുന്ന വിദേശ

സാങ്കേതികസഹായങ്ങളം നേടി പകുതി ഇരുമ്പു കൊണ്ടു് സാധാരണ ഉരുക്കും ബാക്കിയുള്ളതുകൊണ്ടു് സ്പെഷ്യൽ സ്റ്റീലും ഉൽപാദിപ്പിക്കാം.

കോഴിക്കോട്ടെ ഇരുമ്പയിരിൻെറ സാധ്യതകൾ ഇനിയും നിർണയിക്കപ്പെട്ടു കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് മൈസൂറുമായി ഒരു പരസ്പരാനുകൂല്യക്കരാറിലേർപ്പെട്ടു, മംഗലാപുരത്തു നിന്നു് അത്ര ദൂരത്തല്ലാത്ത കുതിരമുഖിയിലെ ഇരുമ്പയിർ കേരളത്തിലേയ്ക്കു് കൊണ്ടുവരുവാൻ പരിശ്രമിക്കണം. എന്നാൽ പിന്നണിയിൽ കിടക്കുന്ന കാസർകോട്ടുപ്രദേശത്തിൻെറ വികസനത്തിനുപയുക്തമാകുമാറു് നമ്മുടെ സ്റ്റീൽപ്ലാൻറ് ആ പ്രദേശത്തു് സ്ഥാപിക്കാവുന്നതാണു്. ദക്ഷിണമലബാർ പ്രദേശത്തു് പതിനായിരത്തിൽപരം ജനങ്ങൾക്കു നേരിട്ടും പരോക്ഷമായും തൊഴിലുണ്ടാക്കിക്കൊടുക്കാനും അങ്ങനെ അവഗണനയിൽക്കിടക്കുന്ന മലബാർപ്രദേശത്തിൻെറ മുഖച്ഛായ തന്നെ മാററാനും കഴിയുന്നതാണു്. കേരളത്തിലെ കർണാടകന്യൂനപക്ഷത്തെപ്പററി മൈസൂർ ഗവണ്മെൻറിനുണ്ടെന്നു പറയപ്പെടുന്ന ദീനാനുകമ്പയുടെ മാററു പരീക്ഷിക്കാൻ പര്യാപ്തമായ ഉരകല്ലുകൂടിയായിരിക്കും അത്തരമൊരു നടപടി. ഇങ്ങനെ ഒരു സ്റ്റീൽപ്ലാൻറ് സ്ഥാപിതമായാൽ കേരളത്തിൽ ഉരുക്കിനുള്ള ക്ഷാമം തീരും.

### ധനാഗമമാർഗങ്ങൾ

മേൽ പ്രസ്താവിച്ചവിധം ഒതുങ്ങിയതും, എന്നാൽ സമഗ്രവുമായ ഒരു വികസനപദ്ധതിക്കാവശ്യമായ ധനം ദേശസാൽകൃത ബാങ്കുകളിൽ ഏറെക്കുറെ നിഷ്ക്രിയമായി കിടക്കുന്ന നിക്ഷേപങ്ങളുടെ ഒരു ചെറിയ അംശം കൊണ്ടുമാത്രം നേടാവുന്നതാണു്. തികയാതെ വരുന്ന സംഖ്യ കേന്ദ്രത്തിലെ വിവിധ ധനസഹായകോർപ്പറേഷനുകളിൽ നിന്നു് ലഭിക്കാവുന്നതാണു്.

### മാനേജ്മെൻറ്

കേരളത്തിലെ അഭ്യസ്തവിദ്യർക്കിടയിൽ നിന്നു ലഭിക്കാവുന്ന "പ്രധാനമായ അസംസ്കൃതവിഭവം" വൈദഗ്ധ്യമാണു്. വ്യവസായങ്ങളിൽ വൈദഗ്ധ്യത്തിൻെറ രൂക്ഷമായ ദാരിദ്ര്യമാണു് ഇതരസ്റ്റേററുകളെ അലട്ടിക്കൊണ്ടിരിക്കുന്ന തലവേദന. വൈദഗ്ധ്യം കൊണ്ടു് അനുഗൃഹീതമായ, വൈദഗ്ധ്യം കയററുമതി ചെയ്തുകൊണ്ടിരിക്കുന്ന, ഒരു സംസ്ഥാനമാണു് കേരളം. ശരിയായ മാർഗത്തിലുള്ള പരിശീലനവും നിർദ്ദേശവും നൽകി നേതൃത്വം കൊടുത്താൽ, നമ്മുടെ അഭ്യസ്തവിദ്യരുടെയിടയിൽ നിന്നു മാത്രമല്ല, തൊഴിലാളികളുടെ ഇടയിൽ നിന്നുപോലും ഏതു സങ്കീർണപ്രതിസന്ധികളെയും അഭിമുഖീകരിച്ചു് നിർദിഷ്ടലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനു വേണ്ട ദൃഢചിത്തതയും പ്രാപ്തിയും തൻേറടവുമുള്ള കാഡറുകളെ നമുക്കു് സുലഭമായി ലഭിക്കാനുണ്ടു്. ഇന്നൊരുപക്ഷേ, അവരിൽ പലരും ആപൽക്കരമായ പന്ഥാവിൽ കൂടി ചരിക്കാനുള്ള വാസന പ്രകടിപ്പിക്കുന്നുണ്ടെങ്കിൽക്കൂടി, വളരുന്ന തലമുറകൾക്കെല്ലാം തൊഴിലും ഭാവിയും സൃഷ്ടിച്ചുകൊടുക്കാനുതകുന്ന തരത്തിൽ അനുസ്യൂതമായി വളരുകയും വികസിക്കുകയും ചെയ്യുന്ന വ്യവസായവൽകൃതമായൊരു കേരളം—സമ്പൽസമൃദ്ധമായ കേരളം—കെട്ടിപ്പടുക്കുന്നതിൽ നിർണായകഘടകം കേരളത്തിലെ യുവജനങ്ങളാണു്. നമുക്കവരിൽ തികച്ചും വിശ്വാസമർപ്പിക്കാം.

വള്ളത്തോൾ നാരായണൻകുട്ടിമേനോൻ

# 13

## സാമ്പത്തികവികസനത്തിനു നാം ബാധ്യതപ്പെട്ടിട്ടുണ്ടോ?

### രാജ്യസേവനത്തിൽ നാം ശരിയായ മാർഗത്തിലാണോ?

ഈ ലേഖനത്തിൻെറ വിഷയം "സാമ്പത്തികവികസനത്തിനു നാം ബാധ്യതപ്പെട്ടിട്ടുണ്ടോ?" എന്നാണല്ലോ. എന്നാൽ ഞാൻ അതിനു് ഒരു ഉപശീർഷകം കൂടി ചേർത്തിട്ടുണ്ടു്—"രാജ്യസേവനത്തിൽ നാം ശരിയായ മാർഗത്തിലാണോ?" ഈ ഉപശീർഷകം വിഷയസമീപനത്തെ കൂടുതൽ സുകരമാക്കുമെന്നു് എനിക്കു തോന്നുന്നു.

ഇന്നത്തെ ചർച്ചയുടെ സാരാംശം പ്രത്യേകമായി കേരളത്തെ സംബന്ധിച്ചുള്ളതാണെങ്കിലും, ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്നു് കേരളത്തെ നാം ഒററതിരിച്ചാൽ, ഈ ചർച്ചയുടെ ശരിയായ വീക്ഷണം നഷ്ടപ്പെടുമെന്നു് ഞാൻ വിചാരിക്കുന്നു—സാമ്പത്തികവികസനം പോലെ വ്യാമിശ്രമായ ഒരു വിഷയം കൈകാര്യം ചെയ്യുമ്പോഠ വിശേഷിച്ചും. അതുകൊണ്ടു് ഈ പ്രശ്നത്തിൻെറ നേരെ ഞാൻ പൊതുവായ ഒരു സമീപനം സ്വീകരിച്ചുകൊള്ളട്ടെ.

ചില പ്രമുഖ ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമനുസരിച്ചു്, ഒരു രാഷ്ട്രത്തിൻെറ വളർച്ചയിൽ അഞ്ചു പ്രധാന ഘടകങ്ങളുണ്ടു്.

1. പരമ്പരാഗതമായ സമുദായം.
2. "കുതിച്ചുയരുന്ന"തിനുള്ള മുന്നുപാധി പിന്നീടു വന്നുചേരുന്നു. ആധുനിക ശാസ്ത്രത്തിൻെറ സൽഫലങ്ങഠ പ്രയോജനപ്പെടുത്തുന്നതിനു പരമ്പരാഗതമായ സമുദായത്തെ പരിവത്തനം ചെയ്യുന്ന ഘട്ടമാണിതു്.
3. അടുത്തതു "കുതിച്ചുയരുന്ന" ഘട്ടം തന്നെയാണു്. അപ്പോഠ വളർച്ച അതിൻെറ സഹജസ്വഭാവമായിത്തീരുന്നു.
4. ഇതിനെത്തുടർന്നു വരുന്നതു് "വമ്പിച്ച ഉപഭോഗ"ത്തിൻെറ കാലഘട്ടമാണു്. ഉപഭോഗത്തെ അതിശയിക്കത്തക്കവണ്ണം ഓരോ വ്യക്തിയു

ടെയും സാമ്പത്തികനില വർധിക്കുന്നു. അമേരിക്കയിൽ നാം കാണുന്നതുപോലെയുള്ള ഒരു സ്ഥിതിവിശേഷമാണിതു്.

5. അവർ വിഭാവനം ചെയ്യുന്ന അവസാനത്തെ ഘട്ടം "വമ്പിച്ച ഉപഭോഗത്തിനും അതീതം" ആണു്. സമൃദ്ധിയുടെ ഫലം ആസ്വദിക്കാൻ കുടുംബം കൂടുതൽ വലുതാകണമെന്ന ആഗ്രഹം വരാം; എൽ. എസ്. ഡി. യും മററും ജനങ്ങൾ തൃഷ്ണ പ്രകടിപ്പിക്കാം.

നാം "കുതിച്ചുയരുന്ന" ഘട്ടത്തിന്റെ വക്കത്താണെന്നും, എന്നാൽ "കുതിച്ചുയരുന്നതിനുള്ള മുന്നുപാധി" ക്രമീകരിക്കുന്നതിനു വേണ്ടി ഇപ്പോഴും കഠിന ശ്രമം നടത്തിക്കൊണ്ടിരിക്കയാണെന്നും ഞാൻ പ്രസ്താവിച്ചാൽ നിങ്ങളാരും അത്ഭുതപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു.

കേരളത്തിന്റെ സവിശേഷങ്ങളും അടിയന്തിരങ്ങളുമായ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം (അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, കാർഷികരംഗത്തെ തൊഴിൽകുറവു്, ജനസംഖ്യയിലുള്ള വമ്പിച്ച വർധന, കൂടുതൽ വികസനത്തിനുള്ള ശരിയായ സാമ്പത്തികാടിസ്ഥാനത്തിന്റെ അഭാവം മുതലായവ) ഈ ഘട്ടത്തിൽ വ്യക്തമായി എന്തെങ്കിലുമുണ്ടെങ്കിൽ, അതിതാണു്—അത്യൂർജസ്വലമായ സാമ്പത്തികവികസനത്തിനു മാത്രമേ പ്രശ്നസംസ്ഥാനമായ കേരളത്തെ രക്ഷിക്കാൻ കഴിയൂ.

"ഈ സാമ്പത്തികവികസനത്തിനു് ഇന്ത്യയിലെ ഒരു പൗരനെന്ന നിലയിൽ ഞാൻ ബാധ്യതപ്പെട്ടിട്ടുണ്ടോ?" എന്ന പ്രശ്നം ഓരോരുത്തരും പരിഗണിക്കേണ്ടതാണു്.

ഒരു രാജ്യത്തിന്റെ സാമ്പത്തികവികസനമെന്നതു വളരെ വ്യാമിശ്രമായ ഒരു പ്രശ്നമാണു്. ഈ പ്രശ്നത്തെ നാം അഭിമുഖീകരിക്കുമ്പോൾ, അതു് തൊഴിൽമാനേജർമാർ എന്ന ചെറുവിഭാഗത്തെയല്ലാതെ ജനതയെ മുഴുവൻ ലക്ഷീകരിച്ചാകുന്നതു കൂടുതൽ സമുചിതമായിരിക്കും. അതേ സമയം, നാമിന്നിവിടെ സമ്മേളിച്ചിരിക്കുന്നതു് തൊഴിൽമാനേജർമാർ എന്ന നിലയ്ക്കായതുകൊണ്ടു്, മാനേജർമാരെ പ്രത്യേകമായി അഭിമുഖീകരിക്കുന്ന പ്രശ്നമായി ഇതിനെ പരിഗണിക്കുന്നതിനും പ്രസക്തിയുണ്ടു്. അതുകൊണ്ടു്, ഈ പ്രശ്നത്തെ താഴെ പറയുന്ന രണ്ടു ഭാഗങ്ങളായി വിഭജിച്ചു് പരിഗണിക്കാൻ നിർദേശിച്ചുകൊള്ളട്ടെ:

1. നാം ഒരു രാഷ്ട്രമെന്ന നിലയിൽ സാമ്പത്തികവികസനത്തിനു ബാധ്യതപ്പെട്ടിട്ടുണ്ടോ?

2. നാം വ്യവസായത്തിന്റെയും വ്യാപാരത്തിന്റെയും ചുമതല വഹിക്കുന്നവർ എന്ന നിലയിൽ സാമ്പത്തികവികസനത്തിനു ബാധ്യസ്ഥരാണോ?

മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കുള്ള ഉത്തരം തന്നെ, നാം ശരിയായ മാർഗങ്ങളിലൂടെയാണോ പോകുന്നതെന്നു് തെളിയിച്ചുകൊള്ളും.

ചർച്ചയ്ക്കു ശ്രുതിയിടുന്നതിനായി, ഈ പ്രശ്നം പുനർവിധാനം ചെയ്തു് സാക്ഷിപ്തമായി പരിശോധിക്കാം. അങ്ങനെ ചെയ്യുമ്പോൾ ഞാനിവിടെ പറയുന്ന

തെല്ലാം തന്നെ, ഒരു അവിദഗ്ധമാനേജരെന്നനിലയിൽ എൻെറ സ്വന്തം അനുഭവങ്ങളെയും നിരീക്ഷണങ്ങളെയും മാത്രം അടിസ്ഥാനമാക്കിയാണെന്നു് സൂചിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തെപ്പററി കൂടുതൽ അഗാധപഠനം നടത്തിയിരിക്കാവുന്ന നിങ്ങളിൽ ചിലക്കു് ഞാൻ പറയുന്നതിനെപ്പററി കൂടുതൽ വിശദമായും അഗാധമായും ചർച്ചചെയ്യാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു.

ഈ പ്രശ്നത്തിൻെറ രണ്ടു ഭാഗങ്ങളിൽ ആദ്യത്തേതിനെപ്പററി പരാമർശിക്കാം.

ഒരു രാഷ്ട്രമെന്ന നിലയിൽ സാമ്പത്തികവികസനത്തിനു നാം ബാധ്യതപ്പെട്ടിട്ടുണ്ടോ? ഉത്തരം തീർച്ചയായും ഉണ്ടെന്നതാണു്.

ഈ രാജ്യത്തെ പൗരന്മാർക്കു് ആശാസ്യതരമായ സാമ്പത്തികപദവി നേടിക്കൊടുക്കുക എന്നതു ഗവണ്മെൻറിൻെറയും രാഷ്ട്രത്തിൻെറയും പ്രാഥമിക ലക്ഷ്യങ്ങളിൽ ഒന്നാണെന്നു് ഇന്ത്യയുടെ ഭരണഘടന വ്യവസ്ഥചെയ്യുന്നുണ്ടു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഗവണ്മെൻറു് സ്വപ്രയത്നംകൊണ്ടും വ്യവസായികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടും, സാമ്പത്തികവളർച്ചയെ സഹായിക്കാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കയാണു്. 1947-ലേയ്ക്കു തിരിഞ്ഞുനോക്കുകയും, അന്നും ഇന്നുമുള്ള സാമ്പത്തികസ്ഥിതി തുലനം ചെയ്തു നോക്കുകയും ചെയ്യുന്ന ആർക്കും, വളരെ പ്രോത്സാഹജനകമായ ഒരു ചിത്രം കാണാമെന്നതു് തീർച്ചയാണു്.

നമ്മുടെ ദേശീയവരുമാനം 1950-ൽ 9,500 കോടി രൂപയാണെന്നു കണക്കാക്കപ്പെട്ടിരുന്നതു് 1968-ൽ 27,900 കോടിയായി വർധിച്ചിട്ടുണ്ടു്. അതേ കാലഘട്ടത്തിൽ പ്രതിശീർഷവരുമാനവും 240-ൽ നിന്നു് 440 രൂപയായി ഉയർന്നു. ഭക്ഷ്യധാന്യങ്ങൾ 5 കോടി 50 ലക്ഷത്തിൽ നിന്നു് 9 കോടി 50 ലക്ഷം ടൺ ആയി. വൈദ്യുതോല്പാദനക്ഷമത 20 ലക്ഷം കിലോവാട്ടിൽ നിന്നു് ഒരു കോടി നാല്പതുലക്ഷം കിലോവാട്ടു് ആയി. സാമ്പത്തിക പ്രവർത്തനത്തിൽ പല മണ്ഡലങ്ങളിലും നാം വിഷമഘട്ടം തരണം ചെയ്തിട്ടുണ്ടു്.

വളരെ പ്രോത്സാഹജനകമായ മറെറാരു കാര്യമുണ്ടു്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു്, ഇന്ത്യയിലെ സാമ്പത്തികവികസനത്തിൻെറ ഗതിവേഗം ജനസംഖ്യാവർധനയുടെ ഗതിവേഗത്തിനൊപ്പമെത്തിയിരുന്നില്ല. അതുകൊണ്ടു് മുരടിച്ചതും പൊതുവെ പ്രതിലോമപരവുമായ സാമ്പത്തികനിലയാണു് നമുക്കുണ്ടായിരുന്നതു്. 1950 മുതലുള്ള ദശകത്തിലെ ആരംഭകാലം മുതൽ സ്ഥിതി അഭിവൃദ്ധിപ്പെട്ടുതുടങ്ങി. കാരണം, ജനസംഖ്യാവർധന രണ്ടര ശതമാനമായിരുന്നപ്പോൾ സാമ്പത്തികവികസനം മൂന്നു ശതമാനമായി വർധിച്ചു. അതുകൊണ്ടു് ജീവിതനിലവാരം ഉയർത്തുന്നതിനും മൂലധനം മുടക്കുന്നതിനുമായി ഏതാണ്ടു് ഒരു ശതമാനം മിച്ചം ലഭ്യമായി. ഇതു വളരെ കുറഞ്ഞ ഒരു സംഖ്യയാണെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ കമ്മികളുടേതായ മുൻ നൂററാണ്ടുമായി തുലനംചെയ്യുമ്പോൾ ഇതു് യഥാർഥത്തിൽ വമ്പിച്ച അഭിവൃദ്ധി തന്നെയാണു്.

എന്നാൽ ഇന്ത്യൻ സാമ്പത്തികസ്ഥിതിയുടെ കൂടുതൽ പ്രകടമായ ഒരു പ്രത്യേകത ദേശീയവരുമാനത്തിൻെറ വളർച്ചയുടെ നിരക്കിൽ വളരെ

അടുത്തകാലത്തുണ്ടായ അഭ്യുത്ഥാനമാണ്. നമ്മിൽ പലരും അതു് ഇനിയും പൂർണമായി മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇപ്പോഴത്തെ വർധനനിരക്ക് ഏതാണ്ട് അഞ്ചുശതമാനമാണെന്നു് നിങ്ങൾക്കറിയാമല്ലോ. ജനസംഖ്യാവർധന രണ്ടര ശതമാനവുമാണ്. അതു കൊണ്ട് ജീവിതനിലവാരം ഉയർത്തുവാനും മൂലധനം മുടക്കുവാനുമായി രണ്ടരശതമാനം മിച്ചം അവശേഷിക്കുന്നുണ്ട്. അസ്സൽമിച്ചം ഒരു ശതമാനത്തിൽനിന്നു രണ്ടരശതമാനമായി ഉയർന്നുവെന്നതു വളരെ ശ്രദ്ധേയമായ വസ്തുതയാണ്.

ഉപഭോഗങ്ങളുടെ മുൻവിതാനങ്ങൾക്കുപരി ഇരട്ടിച്ച ഈ വിഭവശക്തി ഗ്രാമങ്ങളിലെ ഐശ്വര്യത്തിലും സൈക്കിളുകൾ, ട്രാൻസിസ്റ്റർറേഡിയോകൾ, രാസവളങ്ങൾ മുതലായ പരിഷ്കൃത ഉപഭോഗവസ്തുക്കളുടെ വർധിതാവശ്യങ്ങളിലും തെളിഞ്ഞുകാണാം. ഇതു യഥാർഥത്തിൽ തൊഴിൽ മാനേജർമാർക്കുള്ള സുവർണാവസരത്തെയും വെല്ലുവിളിയെയുമാണ് കുറിക്കുന്നതു്.

അതുകൊണ്ട് കഴിഞ്ഞ 20 വർഷങ്ങളിലെ നമ്മുടെ പ്രവർത്തനം വച്ചു നോക്കുമ്പോൾ, നാം ഒരു രാഷ്ട്രമെന്ന നിലയിൽ സാമ്പത്തികവികസനത്തിനു ബാധ്യതപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, ഈ ബാധ്യത നിറവേററുന്നതിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും പലപ്പോഴും ഉദ്യമങ്ങളെ പിൻതള്ളുകയും ചെയ്യുന്ന ചില നിയന്ത്രണശക്തികളുണ്ടെന്നു കൂടി ഇതോടൊപ്പം തന്നെ പറഞ്ഞുകൊള്ളട്ടെ.

അത്തരം ഘടകങ്ങളിൽ അതിപ്രധാനമായിട്ടുള്ളതു് "രാഷ്ട്രീയ–പരിഗണനകളാ"ണ്. ഒരു ജനാധിപത്യസംവിധാനത്തിൽ പ്രത്യേകിച്ചും അത്തരം പരിഗണനകൾക്ക് സാമ്പത്തികവികസനവുമായി അവിഭാജ്യബന്ധമുണ്ട്. ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ സമ്പത്തു് ഉല്പാദിപ്പിക്കുന്നുവെന്നു് ഉറപ്പുവരുത്തിയാൽ മാത്രം പോരാ; ആ സമ്പത്തു വിവിധവരുമാനക്കാരുടെ ഇടയിലും രാജ്യത്തെ വിവിധപ്രദേശങ്ങളിലും നീതിപൂർവകമായി വിതരണംചെയ്യുന്നുവെന്നു കൂടി ഉറപ്പുവരുത്തേണ്ടതും അതുപോലെ അത്യാവശ്യമാണ്. ചിലപ്പോൾ അതു കൂടുതൽ ആവശ്യമാണെന്നും തോന്നിപ്പോകും. ജനങ്ങളിൽ ബഹുഭൂരിപക്ഷം പേരും ദരിദ്രരായിരിക്കുന്ന ഒരു രാജ്യത്തു വിഭജനത്തിന്റെ ഈ ആവശ്യകത കുറെക്കൂടി അനിവാര്യമാണ്. സുപ്രധാനമായ ഈ രാഷ്ട്രീയപരിഗണന സാമ്പത്തികവികസനത്തിനുള്ള നമ്മുടെ പരിശ്രമത്തെ വളരെ മന്ദീഭവിപ്പിക്കുന്ന ഒരു ഘടകമാണ്.

സാമ്പത്തികവികസനപ്രക്രിയയിൽ വലിയ വിപ്ലവം വരുത്തിയ വ്യവസായികളുടെയും കമ്പനികളുടെയും മേൽ വ്യവസായനയപ്രമേയത്തിനുള്ള ഭേദഗതികൾ മുഖേനയും കുത്തകനിയമം മുതലായ നിയമനിർമാണങ്ങൾ മുഖേനയും ഗവണ്മെൻറു് അനുക്രമമായി വിവിധ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതു് നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ നിയന്ത്രണങ്ങൾ രാജ്യത്തിന്റെ ആത്യന്തികമായ സാമ്പത്തികവികസനത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നു നയനിർമാതാക്കൾ പൂർണമായി മനസ്സിലാക്കിയിട്ടുണ്ടോ എന്നു് ഈ

സെമിനാറിൽ വച്ച് പരിശോധിച്ചുനോക്കാൻ ഒരുപക്ഷേ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടായിരിക്കും.

സാമ്പത്തികവികസനത്തിനു നാം ബാധ്യതപ്പെട്ടിരിക്കുമ്പോൾ തന്നെ വർഗപരവും പ്രാദേശികവുമായ രാഷ്ട്രീയപരിഗണനകളാൽ നാം കൂടുതൽ കൂടുതൽ ബന്ധിതരായിത്തീരുന്നു. താല്ക്കാലികമായ രാഷ്ട്രീയയാഥാർഥ്യം വച്ചു നോക്കുമ്പോൾ ഇതു് അനിവാര്യമായിരിക്കാമെങ്കിലും ഈ പ്രവണതയുടെ ദീർഘകാല സാമ്പത്തികപ്രത്യാഘാതങ്ങൾ നാം അവഗണിച്ചുകൂടാത്തതാണ്. രാഷ്ട്രീയവും പ്രാദേശികവുമായ പരിഗണനകൾ മൂലം കേരളം ദുരിതമനുഭവിച്ചിട്ടില്ലേ?

ഇന്ത്യ വളരെ വിസ്തൃതമായ ഒരു രാജ്യമാണ്. സാമ്പത്തികവളർച്ചയിലുള്ള അസംതുലിതനില ഒരു സുപ്രധാനപ്രശ്നമായി എല്ലാ രാഷ്ട്രീയക്കാരെയും സാമ്പത്തികവിദഗ്ധന്മാരെയും ഇനിയും ദീർഘകാലത്തേയ്ക്കു് അഭിമുഖീകരിച്ചുകൊണ്ടിരിക്കുമെന്നതു തീർച്ചയുമാണ്. എന്നാൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പദ്ധതി ആവിഷ്കരിക്കുകയോ ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്കു വേണ്ടി ഗണ്യമായ തുക വിനിയോഗിക്കുകയോ ചെയ്യുമ്പോഴൊക്കെ രാഷ്ട്രീയപരിഗണനകൾ മാത്രമാണ് നമ്മുടെ ചില രാഷ്ട്രീയനേതാക്കളുടെ മനസ്സിൽ സ്വാധീനം ചെലുത്തുന്നതു് എന്നതു തികച്ചും നിരാശാജനകമായിരിക്കുന്നു. അത്തരം ശ്രമങ്ങൾക്കു താല്ക്കാലികങ്ങളായ ചില രാഷ്ട്രീയനേട്ടങ്ങളുണ്ടായേക്കാം. എന്നാൽ രാജ്യത്തിൻെറ സാമ്പത്തികപുരോഗതിയെ സഹായിക്കാൻ അവയ്ക്കു കഴിയുകയില്ല.

കഴിഞ്ഞ ഇരുപതു വർഷത്തിനിടക്കുണ്ടായിരുന്ന അസ്ഥിരഗവണ്മെൻറുകളാണ് കേരളത്തിൻെറ പുരോഗതിയെ കാര്യമായി തടസ്സപ്പെടുത്തിയതു്. (നാം വസ്ത്രങ്ങൾ മാറുന്നതുപോലെയാണ് മന്ത്രിമാരെയും മന്ത്രിസഭകളെയും മാററിയതു്.) ക്രമസമാധാനനിലകളുടെ കൂടെക്കൂടെയുള്ള തകർച്ചയും ഈ പ്രശ്നത്തിൻെറ രൂക്ഷത വർധിപ്പിച്ചു.

അതുപോലെതന്നെ, ബി. സി. റോയിയെപ്പോലെയോ പണ്ഡിററ് പന്ത്, സർദാർ പട്ടേൽ എന്നിവരെപ്പോലെയോ ഉള്ള രാഷ്ട്രീയനേതാക്കളുടെ കുറവും കേന്ദ്രഗവണ്മെൻറിൻെറ ദൃഷ്ടിയിൽ നമ്മെ തികച്ചും നിസ്സാരരാക്കിത്തീർത്തു.

എല്ലാ കേരള എം. പി. മാരും ചേർന്നു കേന്ദ്രത്തിൽ നമ്മുടെ അവകാശങ്ങൾ ഉയർത്തിപ്പറയുന്നതിനു സംയുക്തശ്രമങ്ങൾ നടത്തുന്നതു് ഇതിനൊരു പരിഹാരമാർഗമാകുമായിരുന്നു. എന്നാൽ കേന്ദ്രത്തിൽ ഒരു സുശക്തകോൺഗ്രസ് ഭരണമുണ്ടായിരുന്നപ്പോൾ നമ്മുടെ എം. പി. മാരുടെ സമ്മർദം (അവർ യോജിച്ചിരുന്നാൽ തന്നെയും) സൗകര്യപൂർവം അവഗണിക്കാൻ കേന്ദ്രത്തിനു കഴിയുമായിരുന്നു. ഇപ്പോൾ നമ്മുടെ എം. പി. മാരുടെ എണ്ണം മതിക്കപ്പെടുന്ന കാലത്തു് അവർ വിഘടിതരാകുകയും തങ്ങളുടെ സാന്നിധ്യം അനുഭവപ്പെടുത്തത്തക്കവിധം ഒന്നിച്ചു പ്രവർത്തിക്കാൻ വയ്യാത്ത നിലയിലും വർത്തിക്കുന്നു. അങ്ങനെ നമ്മുടെ നീതിപൂർവകമായ അവകാശങ്ങൾ പലതും നമുക്കു നഷ്ടപ്പെട്ടു; ഇപ്പോഴും നഷ്ട

പ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് വിവിധ വിതാനങ്ങളിൽ ശരിയായ ബഹുജനസമ്പർക്കപ്രവർത്തനം (പബ്ലിക്ക് റിലേഷൻസ്) നടത്തുന്ന കാര്യം പ്രത്യേക പഠനം അർഹിക്കുന്നു.

കേരളത്തിലെ തൊഴിലാളിപ്രശ്നം വളരെ പ്രകടമായതുകൊണ്ടു് അതിനെപ്പററി ഞാൻ സവിസ്തരം പ്രതിപാദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ട്രേഡ്യൂണിയൻ നേതാക്കന്മാരിൽ മിക്കവരും യൂണിയൻ അംഗങ്ങളെ ഉപയോഗിക്കുന്നതു തങ്ങളുടെ പാർട്ടിയെ ശക്തിപ്പെടുത്താനോ രാഷ്ട്രീയനേതൃശ്രേണിയിൽ സ്വയം ഉയരാനോ വേണ്ടിയാണെന്നുള്ളതു സർവവിദിതമായ ഒരു വസ്തുതയാണ്. ഇതു എല്ലാവരെ സംബന്ധിച്ചും ശരിയായിക്കൊള്ളണമെന്നില്ല; എന്നാൽ പലരെ സംബന്ധിച്ചും ശരിയാണെന്നു തീർച്ച പറയാം. ഈ പശ്ചാത്തലത്തിൽ, യൂണിയൻമത്സരങ്ങൾ കൂടുതൽ പ്രാധാന്യം ആർജിക്കുന്നു. നമ്മുടെ രാജ്യത്തിൻെറ സാമ്പത്തികപുരോഗതിയുടെ ചിറകറുത്തുകളയുന്ന സ്വാധീനശക്തിയാണു് ഇത്തരം സ്ഥിതിഗതികൾക്കുള്ളതു്.

ഇതിനു് പരിഹാരമുണ്ടാക്കേണ്ടതു് സംസ്ഥാനത്തിൽ വച്ചു തന്നെയാണു്. നമ്മുടെ രാജ്യത്തിൻെറ സാമ്പത്തികപുരോഗതിയിൽ താല്പര്യമുള്ള എല്ലാവരുടെയും മനസ്സിനെ അലട്ടുന്ന സുപ്രധാനപ്രശ്നമായിരിക്കണം ഇതു്.

മററെല്ലാവരെയും പോലെ ആദർശപരമായ ഒരു സമൂഹം സ്ഥാപിക്കുന്നതിനു് നാമും ആഗ്രഹിക്കുന്നു. ആദർശപരമായ ആ സമൂഹത്തിനു നാം നൽകിയിട്ടുള്ള പേരു് "സോഷ്യലിസം" എന്നാണു്. നാമെല്ലാവരും ഇപ്പോൾ സോഷ്യലിസ്ററുകളാണു്. എന്നാൽ ഈ സോഷ്യലിസത്തിൻെറ ഉള്ളടക്കത്തെപ്പററിയും അതു നേടുന്നതിനുള്ള മാർഗങ്ങളെപ്പററിയും വളരെ അഭിപ്രായവ്യത്യാസങ്ങളുണ്ടു് (ഒരു സ്വതന്ത്രസമൂഹത്തിൽ അതുണ്ടായിരിക്കയും വേണമല്ലോ). ഘെരാവോകളും പണിമുടക്കുകളും ബസ്സുകൾ കത്തിക്കലും മാനേജർമാരെ പ്രഹരിക്കലും മനുഷ്യരെ വധിക്കലും ദേശസാൽക്കരണഭീഷണി പ്രയോഗിക്കലും സ്വത്തവകാശനിർമാർജനവുമെല്ലാം ചിലർക്കു തനിരൂപത്തിലുള്ള സോഷ്യലിസമാണു്. ഈ സോഷ്യലിസം ഇതിലധികം വ്യക്തമായി നിർവചിക്കാൻ സാധ്യമാണോ? സമ്പത്തിൻെറ നശീകരണവും സമ്പദുല്പാദനത്തെ തടസ്സപ്പെടുത്തലും സോഷ്യലിസത്തെ പിൻതള്ളുകയേയുള്ളു. സമ്പത്തിൻെറ വിതരണത്തിലാണു് സോഷ്യലിസം അതിൻെറ ശരിയായ പങ്കു നിർവഹിക്കേണ്ടതു്. സോഷ്യലിസം എന്താണെന്നും സോഷ്യലിസ്ററുവിരുദ്ധവൃത്തി എന്താണെന്നും വിശദീകരിക്കാൻ നമ്മുടെ രാഷ്ട്രീയക്കാരും സമുദായനേതാക്കളും ധൈര്യപ്പെടുമോ?

നമ്മുടെ ഇടയിൽ കാണുന്ന വിപൽക്കരവും അപലപനീയവുമായ മററൊരു പ്രവണത വലിയതായ എന്തിനോടുമുള്ള വിദ്വേഷമാണു്. സാങ്കേതികവികസനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനു് ആധുനികഫാക്ടററികൾ എത്രമാത്രം വലിയവ ആയിരിക്കണമെന്നതിനെപ്പററി യാതൊരു വിവരവും നമുക്കില്ല. ഇന്ത്യയിലെ ഏററവും വലിയ സ്വകാര്യവ്യവസായസ്ഥാപനം ഒരു പക്ഷേ ടാററാ

അയൺ ആൻഡ് സ്റ്റീൽ കമ്പനിയാണ്. അതു ജനറൽമോട്ടോഴ്സിൻെറ ·07 ശതമാനം മാത്രമേ ആകുന്നുള്ളു. വൻകിടസംരംഭങ്ങളോടുള്ള എതിർപ്പ് പല വൻകിടവ്യവസായികളെയും പൊതുജനാഭിപ്രായഭീതരാക്കുന്നു. തന്മൂലം തങ്ങളുടെ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിൽ അവർ ശങ്കിക്കുകയും ഉദാസീനരാകുകയും ചെയ്യുന്നു.

ബിസിനസ് പശ്ചാത്തലമൊന്നുമില്ലാത്തവരും രാഷ്ട്രീയമണ്ഡലത്തിൽ സുപ്രധാനസ്ഥാനം വഹിക്കുന്നവരുമായ ആളുകൾ സ്വകാര്യവ്യവസായങ്ങളിലെ വ്യവസായികളെയും പൊതുവ്യവസായങ്ങളിലെ തൊഴിൽമാനേജർമാരെയും അപഹസിക്കുന്നതു് അതുപോലെ തന്നെ നിരാശാജനകമായിരിക്കുന്നു. സംസ്ഥാനനിയമസഭകളിലും പാർലിമെൻറിലും ചർച്ചകൾ നടക്കുമ്പോൾ ഈ പ്രവണതയുടെ പ്രാധാന്യം വർധിക്കുകയും ചെയ്യുന്നു. (നിയമസമാധാനം, സാമ്പത്തികപുരോഗതി മുതലായ സുപ്രധാനപ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം നിസ്സാരങ്ങളും താരതമ്യേന പ്രാധാന്യം വളരെ കുറഞ്ഞവയുമായ കാര്യങ്ങളെപ്പററി നമ്മുടെ പരമാധികാരസഭകളിൽ ചർച്ചചെയ്തു് സമയം പാഴിലാക്കുന്നതു പരമദയനീയമാണ്).

ഇതു് പൊതുവ്യവസായസ്ഥാപനങ്ങളിലെ തൊഴിൽമാനേജർമാരും സ്വകാര്യമേഖലയിലെ വ്യവസായികളും കൂടുതൽ വികസനത്തിന് സജീവ-സമഗ്രപ്രവർത്തകരായിത്തീരുന്നതിനെ തടഞ്ഞെന്നു വരാം.

വ്യാവസായികോല്പാദനത്തിനു സാങ്കേതികജ്ഞാനം പ്രയോജനപ്പെടുത്താവുന്നതിൻെറ ശരിയായ രീതി മനസ്സിലാക്കീട്ടില്ലെന്നു തോന്നുന്നു. ഒരു മോട്ടോർകാറോ ഒരു സൈക്കിളോ വാങ്ങുന്നതുപോലെ സാങ്കേതികജ്ഞാനം വിലയ്ക്കു വാങ്ങാവുന്നതല്ല. സങ്കേതികജ്ഞാനത്തിൻെറ വളർച്ച അനുസ്യൂതമായ ഒരു പ്രക്രിയയാണ്; അതു ഗവേഷണത്തെയും പരീക്ഷണത്തെയും ആശ്രയിച്ചിരിക്കുന്നു. അതിനൊക്കെ വിദൂരവീക്ഷണത്തോടുകൂടിയ ദീർഘകാലആസൂത്രണങ്ങൾ അത്യാവശ്യമാണ്.

ഈ പ്രശ്നങ്ങളെല്ലാം ഗവൺമെൻറു ഗ്രഹിച്ചിട്ടുണ്ടോ? ഈ കാര്യങ്ങളെപ്പററി പഠിക്കാനും ഗവൺമെൻറിനെ ഉപദേശിക്കാനും ഒരു പ്രത്യേകവിഭാഗത്തെ ഏർപ്പെടുത്തീട്ടുണ്ടോ? അത്തരം ഉപദേശങ്ങൾ ലഭ്യമാണെങ്കിൽ തന്നെ അവ സ്വീകരിക്കാൻ നമ്മുടെ ഗവൺമെൻറു തയ്യാറുണ്ടോ? നിങ്ങളിൽ ചിലർ ഈ പ്രശ്നം കൂടുതൽ ആഴത്തിൽ കൈകാര്യം ചെയ്യുമെന്നതു കൊണ്ടു് ഞാനിതു ഇവിടെ വിടുകയാണ്.

ഇനി, പ്രശ്നത്തിൻെറ രണ്ടാം ഭാഗത്തെപ്പററി: നാം മാനേജർമാരെന്ന നിലയിൽ, സാമ്പത്തികവികസനത്തിനു ബാധ്യതപ്പെട്ടിട്ടുണ്ടോ; അതു തീരുമാനിക്ക നുള്ള ഉത്തമമാർഗം രാഷ്ട്രത്തിൻെറ സമഗ്രമായ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം മാനേജ്മെൻറിൻെറ പ്രവർത്തനങ്ങളെപ്പററി വിധി കല്പിക്കാനുള്ള നമ്മുടെ സ്വന്തം മാനദണ്ഡങ്ങളെ പരിശോധിക്കുകയാണ്. വിവിധ കമ്പനികളുടെ ലക്ഷ്യം രാഷ്ട്രത്തിൻെറ വികസനലക്ഷ്യങ്ങൾ പുരോഗമിപ്പിക്കുകയാണോ?

അതോ കേവലം ഹ്രസ്വവീക്ഷണത്തോടെ ആക്ഷേപാർഹമായ രീതിയിൽ ആദായമുണ്ടാക്കുകയാണോ? മിക്ക തൊഴിൽമാനേജർമാരും ദീർഘവീക്ഷണമെടുക്കാനാണു പ്രേരിതരാകാറുള്ളതെന്നു പറയാം. അതു മിക്കപ്പോഴും ദേശീയലക്ഷ്യവുമായി യോജിച്ചിരിക്കയും ചെയ്യും. മററു വിധത്തിൽ പറഞ്ഞാൽ, പെട്ടെന്നു ലാഭമെടുക്കുന്നതിനുള്ള കച്ചവടമനോഭാവം ഇന്ത്യൻ വ്യവസായമണ്ഡലത്തിൽ നിന്നു് അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്.

നേരെ മറിച്ചു്, നമ്മുടെ വ്യവസായപ്രവർത്തനം കാര്യക്ഷമവും ഉല്പന്നങ്ങളുടെ ഗുണത്തെപ്പററി ബോധമുള്ളതുമാണോ? ഉത്തരം അത്രയൊന്നും പ്രശംസാർഹമല്ല തന്നെ. നമ്മുടെ നിർമാണച്ചെലവും അന്താരാഷ്ട്രവിലനിലവാരവും തമ്മിലുള്ള വമ്പിച്ച അന്തരം വളരെ ഫലപ്രദമായ താരിപ്പുസംരക്ഷണം മൂലം നാം പൂർണമായി മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു. അതിൻെറ ഒരംശമെങ്കിലും കാര്യക്ഷമതാരാഹിത്യത്തിൻെറ ഫലമാണ്. അതുപോലെതന്നെ അന്താരാഷ്ട്രകമ്പോളത്തിൽ ഉല്പന്നഗുണം പുലർത്തണമെന്ന ബോധം നമുക്കില്ല. ഈ രാജ്യത്തു മാനേജ്മെൻറുകളെ അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണിവ. വിലയെപ്പററിയും സാധനമേന്മയെപ്പററിയുമുള്ള ഈ രണ്ടു പരിഗണനകളും എണ്ണത്തിൽ വർധിച്ചുവരുന്ന പൊതുമേഖലാവ്യവസായസ്ഥാപനങ്ങളുടെ കാര്യത്തിൽ കൂടുതൽ പ്രസക്തങ്ങളാണ്. എല്ലാവരും സാമ്പത്തികവികസനത്തിനു ബാധ്യതപ്പെട്ടവരാണെന്നു് എനിക്കു് ഉറപ്പുണ്ടെങ്കിലും നമ്മുടെ വ്യവസായങ്ങൾ കാര്യമായി പ്രവർത്തിക്കാത്ത പക്ഷം, ഈ ലക്ഷ്യം നേടാൻ സാധ്യമാവുകയില്ല. ഇതു നേടുന്നതിനായി, സാമ്പത്തികമല്ലാത്ത സാമൂഹ്യരാഷ്ട്രീയഘടകങ്ങൾക്കു പ്രാധാന്യം കുറക്കേണ്ടിവരുമെന്നു ഞാൻ സമ്മതിക്കുന്നു—പ്രത്യേകിച്ചു പൊതുമേഖലാസ്ഥാപനങ്ങളിൽ അത്തരം ഘടകങ്ങൾ സാമ്പത്തികവികസനത്തിനുള്ള ബാധ്യതയെ എങ്ങനെ തടസ്സപ്പെടുത്തുന്നുവെന്നും അവയെ എങ്ങനെ തരണം ചെയ്യാമെന്നും ചർച്ചചെയ്യാൻ ഒരു പക്ഷേ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടായിരിക്കും.

ഇനി, വ്യക്തിമാനേജർമാരുടെ കാര്യമെടുക്കാം. ഈ മാനേജർമാരുടെ പ്രവർത്തനത്തെപ്പററി വിധികല്പിക്കുവാൻ ഏതു ലക്ഷ്യങ്ങളെ ആധാരമാക്കി അവർ എത്രത്തോളം പ്രവർത്തിക്കുന്നു എന്നതിനെ ആസ്പദമാക്കി വേണം. ആധുനികകാലത്തെ വ്യവസായസ്ഥാപനങ്ങളിൽ മാനേജർക്കു സാക്ഷാത്കരിക്കാനുള്ള ലക്ഷ്യങ്ങൾ കമ്പനിയുടെ സമഗ്രലക്ഷ്യങ്ങളുടെ ഒരു ഭാഗമായിരിക്കും. അവയെല്ലാം നിർവചിച്ചു് അദ്ദേഹത്തെ അറിയിച്ചിരിക്കും. ആ ലക്ഷ്യങ്ങൾ എത്രമാത്രം സാക്ഷാത്കരിക്കുന്നുണ്ടെന്നു് നിർണയിക്കാനായി യഥാകാലം പുനരവലോകനം ചെയ്യുന്ന ഒരു സമ്പ്രദായവുമുണ്ടു്. ഒരു വ്യവസായസ്ഥാപനത്തിൻെറ സമഗ്രമായ ലക്ഷ്യം അതിനു ലഭ്യമായ സാമ്പത്തികവിഭവശക്തികൾ ഒരു മിച്ചസംഖ്യ ഉണ്ടാകത്തക്കവണ്ണം പ്രയോജനപ്പെടുത്തുകയെന്നതാണ്. ആ മിച്ചസംഖ്യ വിതരണം ചെയ്യുകയോ വ്യവസായത്തിൽ വീണ്ടും മുടക്കുകയോ ചെയ്യുന്നു. ഈ ലക്ഷ്യം വ്യക്തിമാനേജർമാരുടെ പ്രവർത്തനമൂല്യനിർണയത്തിൽ പ്രതിബിംബിച്ചുകാണുന്ന വ്യവസായസ്ഥാപനങ്ങളിൽ ഈ ബാധ്യത (Commitment) വളരെ

വ്യക്തമായിക്കാണാം. അതുകൊണ്ട് മാനേജർമാരിൽ ആ ബാധ്യതയുടെ കാലാവസ്ഥ ഉളവാക്കുന്നതിന് "ലക്ഷ്യങ്ങളാൽ നിയന്ത്രിതമായ മാനേജ്മെൻറ്," ഏതെങ്കിലും രൂപത്തിൽ, ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമായ ഒരു ഉപാധിയാണെന്നു ഞാൻ പറയും.

ഇവയെല്ലാമാണ് നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്ന ചില ചിന്തകൾ. രസകരമായ ഒരു ചർച്ചയ്ക്ക് ഇതു കളമൊരുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. യാതൊരു പരിഹാരമാർഗവും ഞാൻ നിർദേശിച്ചിട്ടില്ല. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലുള്ള, ശരിയായി ചിന്തിക്കുന്ന ഒരു സംഘം ആളുകളുടെ പരിപക്വമായ പരിഗണന അതിന് ആവശ്യമാണ്.

കെ. എം. മാത്യു

14

# കേരളത്തിൻെറ രോഗങ്ങളും പരിഹാരമാർഗങ്ങളും

## ആമുഖം

നമ്മുടെ സാമ്പത്തികാധഃപതനത്തിൻെറ പരിഹാരം സംസ്ഥാനത്തിൻെറ ത്വരിതഗതിയിലുള്ളതും ക്രമീകൃതവുമായ വ്യവസായവല്കരണത്തിൽ അധിഷ്ഠിതമാണ്. എന്നാൽ നമ്മുടെ ആളുകളുടെ ഇടയിലുള്ള ചില അനാരോഗ്യകരമായ സംഗതികൾ വ്യവസായവികസനത്തിൽ കൂടുതൽ ആശയ്ക്ക് ഇടം തരാതെ ഒരു ദുർഘടസന്ധിയിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ട് വ്യാഴവട്ടക്കാലത്തിനിടയ്ക്ക് നമ്മുടെ അയൽസംസ്ഥാനങ്ങളായ മദ്രാസും മൈസൂറും പുരോഗമനപരങ്ങളായ വ്യവസായങ്ങളിൽ ബഹുദൂരം മുന്നേറിയപ്പോൾ, നമ്മെ മറികടന്ന് മുന്നോട്ടു പോയതു് പ്രവർത്തിക്കുന്നതിനുള്ള താല്പര്യക്കുറവും തളർച്ചയുമാണ്. നാം ക്ഷീണിതരും ഉത്സാഹമില്ലാത്തവരുമായിത്തീർന്നു. നാളെയുടെ കാര്യങ്ങളിൽ അശ്രദ്ധരായി ദിനകൃത്യങ്ങൾ മാത്രം നോക്കിക്കൊണ്ടു പോകുന്നതിൽ നാം സന്തുഷ്ടരും സംതൃപ്തരുമായി മാറി. യുവാക്കളുൾപ്പെടെയുള്ള നമ്മുടെ ജനങ്ങളിൽ ഒരു വലിയ വിഭാഗം ഇന്ന് അടിയുറച്ച ക്ഷമാശീലരും ദാർശനികരും വേദാന്തികളുമായി, ദിവസങ്ങളും ആഴ്ചകളും വ്രതമനുഷ്ഠിച്ചും പ്രാർത്ഥിച്ചും തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ചും ചെലവഴിക്കുന്നു. എന്നിട്ടും ഇവർ രാഷ്ട്രീയപ്ലാററ്ഫോറങ്ങളിൽനിന്ന് ഘോരമായി പ്രസംഗിച്ച്, ശ്രോതാക്കളെ ക്രമീകൃതവും സംഘടിതവുമായ ഒരു സമുദായം കെട്ടിപ്പടുക്കാൻ വേണ്ടി യത്നിക്കുന്നവർക്കെതിരെ സമരം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. രാഷ്ട്രീയസ്ഥിരതയെയും സാമ്പത്തികക്കഴിവിനെയും വർധിപ്പിക്കുന്ന ഗവണ്മെൻറും വ്യവസായവുമെല്ലാം എത്ര നന്നായിരുന്നാലും ഇവർക്കു പൊളിക്കുവാനുള്ളതാണ്. വളരെ വർഷങ്ങൾക്കു മുൻപ് എനിക്ക് ന്യൂയോർക്ക് ഓഡിറേറാറിയത്തിൽ വച്ച് ആരെയും ഇളക്കുവാൻ കഴിയുന്ന ഒരു പ്രഭാഷണം കേൾക്കുവാൻ നല്ലൊരവസരമുണ്ടായി. ഈ പ്രഭാഷണം, മരിച്ചു പോയ അഖിലലോകപ്രശസ്തതൊഴിലാളിനേതാവായ വാൾട്ടർ റൂത്തറുടെതായിരുന്നു. ആ സന്ദർഭം ഞാൻ എൻെറ ജീവിതത്തിൽ ഒരി

ക്കലും വിസ്മരിക്കയില്ല. കാരണം ഞാൻ പിന്നിട്ടു വന്ന ജീവിതത്തെ സ്പർശിക്കുന്ന ഒന്നായിരുന്നു അതു്. (ബോംബെയിലെ അമേരിക്കൻ ഉടമയിലുള്ള ഒരു വ്യവസായസ്ഥാപനത്തിൽ ഗുമസ്തനായി 45 വർഷങ്ങൾക്കു മുമ്പു് ഞാൻ എൻെറ ഔദ്യോഗികജീവിതം ആരംഭിച്ചു.) മുൻപറഞ്ഞ പ്രഭാഷണത്തിൽ ആഗ്രഹം, അർഹത, ആവശ്യം—ഈ മൂന്നെണ്ണമാണു് ഊന്നിപ്പറയപ്പെട്ടതു്. ആദ്യമായി, ആളുകൾക്കു് ഒരു ആഗ്രഹം ഉണ്ടായിരിക്കണം. അതു് അവരുടെ ജീവിതത്തെ പുരോഗമിപ്പിക്കുന്നതും എന്തെങ്കിലും കുറച്ചു വിലയുള്ളതു് നേടുക എന്ന ലക്ഷ്യമുള്ളതുമായിരിക്കണം. രണ്ടാമതായി, അതു് സാധ്യമാക്കുന്നതിനു് അവർ സത്യസന്ധമായും ക്രമം വിടാതെയും യത്നിക്കണം—നേടിയതിനു് അവർ അർഹതയുള്ളവരാകണമെങ്കിൽ. മൂന്നാമതായി, അവർ അധ്വാനഫലത്തിനു് അർഹത നേടിയതിനു ശേഷം, സമ്പാദിച്ചതിൻെറ ഒരു നല്ല ഭാഗത്തിനു് വേണ്ടി അവകാശപ്പെടണം. ഒററയ്ക്കു നിന്നു് സമരം ചെയ്തു് അവകാശപ്പെടുന്നതു് അസാധ്യമായതിനാൽ ആധുനികലോകം അർഹിക്കുന്നവരുടെ അവകാശങ്ങൾ നേടി കൊടുക്കുന്നതിനു വേണ്ടി യൂണിയനുകൾ സൃഷ്ടിച്ചിട്ടുണ്ടു്. വികസിതരാജ്യങ്ങളിൽ തൊഴിലാളിയൂണിയനുകൾക്കു് രാഷ്ട്രീയചായ്‌വു് ഇല്ലെന്നുള്ളതു് എടുത്തു പറയേണ്ട കാര്യമാണു്. ഈ യൂണിയനുകൾ അംഗങ്ങളുടെ താല്പര്യങ്ങളും സാമ്പത്തികക്ഷേമവും നിലനിർത്തിക്കൊണ്ടു് പോകുന്നതിനു മാത്രമാണു്. അംഗങ്ങൾ വിശ്വസിക്കുന്ന രാഷ്ട്രീയചിന്താഗതിക്കു് യൂണിയനിൽ യാതൊരു സ്വാധീനവും ഉണ്ടായിരിക്കുകയില്ല.

കഴിഞ്ഞ രണ്ടു് വ്യാഴവട്ടകാലത്തെ ക്രമീകൃതമായ സാമ്പത്തികപുരോഗതിക്കെതിരായുള്ള ചില അടിസ്ഥാനസംഗതികൾ എടുത്തു കാണിക്കുന്ന എൻെറ തീസിസിൽ നിന്നും അല്പം വിട്ടു് സംസാരിച്ചു പോയി. പക്ഷേ എൻെറ തീസിസുമായി ബന്ധപ്പെട്ടതും ഉചിതമായിട്ടുള്ളതും ആയ ഒരു കാര്യം തന്നെയാണിതും. കാടുകേറി സംസാരിക്കാതെ, പൊടിപ്പും തൊങ്ങലും വയ്ക്കാതെ അവ ഓരോന്നായി തുടർന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടെ അവയുടെ പരിഹാരത്തെക്കുറിച്ചുള്ള എൻെറ ചില ചിന്താശകലങ്ങളും അവതരിപ്പിക്കാം.

## രാഷ്ട്രീയമായ അസ്ഥിരത

1947 മുതൽ വ്യവസായവൽക്കരണത്തിലേയ്ക്കുള്ള ചുവടുവയ്പുകളെ പുറകോട്ടു പിടിച്ചു വലിക്കുന്നതിൽ ഏററവും പ്രധാനമായതു് രാഷ്ട്രീയമായ അസ്ഥിരതയാണു്. സാമ്പത്തികപുരോഗതിക്കു വേണ്ടിയുള്ള ഏതെങ്കിലും നിർമാണപരിപാടി വേണ്ടതുപോലെ നടപ്പിൽ വരുത്തുവാനുള്ള സൗകര്യം ഒരു രാഷ്ട്രീയപാർട്ടിക്കും ലഭിച്ചിട്ടില്ല. കൂടക്കൂടെ ഭരണരീതിയിൽ ഉണ്ടാകുന്ന മാററം ഭരണക്രമത്തെ നശിപ്പിക്കുക തന്നെ ചെയ്യുന്നു. ഒരു രാഷ്ട്രീയനേതാവിനു് സ്റ്റേററിനു് ഉപകാരപ്രദമായ രീതിയിൽ ചിന്തിക്കുന്നതിനു വേണ്ട അവസരം നല്കപ്പെടുന്നില്ല. ആളുകളുടെ സാമ്പത്തികതാല്പര്യങ്ങൾക്കു വേണ്ടി മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ഇവരെ വിടുന്നു. ഇതിനു് ഒരു

ഒരു പരിഹാരമാർഗമേ എനിക്കു നിർദേശിക്കുവാനുള്ളു. ഈ സംസ്ഥാനത്തിലെ പ്രധാനരാഷ്ട്രീയപാർട്ടികളുടെ നേതാക്കളോട് ധൈര്യവും ദേശീയബോധവും ഉള്ളവരാകാൻ ഞാൻ അപേക്ഷിക്കുന്നു. അഞ്ചോ പത്തോ വർഷത്തേയ്ക്കു് രാഷ്ട്രീയമായ വടംവലികൾ നിർത്തി വെയ്ക്കുക. സ്ഥിരമായ ഭരണക്രമത്തിനും വേഗതയിലുള്ള വ്യവസായവല്ക്കരണത്തിനും അവർ ശ്രമിക്കണം. എല്ലാവർക്കും വേണ്ട നയങ്ങൾ നടപ്പാക്കുന്നതിനും തുടർന്നു മുന്നോട്ട് കൊണ്ടുപോകുന്നതിനും അവർ തയ്യാറാവണം. സ്റ്റേററ് കാര്യങ്ങൾ ആദ്യം, പിന്നെ സ്വന്തം പാർട്ടിതാല്പര്യങ്ങൾ എന്ന നിലയിൽ ചിന്തിച്ച് പ്രവർത്തിക്കുന്നതിനുള്ള അധികാരം നമ്മുടെ ബുദ്ധിമാന്മാരായ രാഷ്ട്രീയമേധാവികളിൽ ഉണ്ടെങ്കിലും, കഴിഞ്ഞ കാലങ്ങളിലെല്ലാം രാഷ്ട്രീയതാല്പര്യം സംസ്ഥാനത്തിന് ഉപദ്രവകരമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളതു്. ഇത്തരത്തിലുള്ള ഒരു മികച്ചപദ്ധതി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിരുന്നെങ്കിൽ കേരളം മററു സംസ്ഥാനങ്ങൾക്കും ഒരു മാതൃകയാകുമായിരുന്നു. അങ്ങനെ മററുള്ളവരുടെ അഭിനന്ദനങ്ങൾ നേടുന്നതു കൂടാതെ, ഇന്നു് ദാരിദ്ര്യം കൊണ്ടു് കഷ്ടപ്പെടുന്ന ലക്ഷക്കണക്കിനു് ആളുകളുടെ നന്ദിയും ലഭിക്കുമായിരുന്നു. കഴിഞ്ഞ രണ്ടു് വ്യാഴവട്ടക്കാലത്തിനിടയ്ക്കു്, പീഡനമനുഭവിക്കുന്ന നമ്മുടെ നാട്ടുകാരെ തരം താഴ്ന്ന രാഷ്ട്രീയം കൊണ്ടു് താറടിച്ചുവെന്നതു് നമുക്കു് ഏററവും ലജ്ജാകരമായ ഒരു കാര്യമാണ്. കഴിഞ്ഞ രീതിയിലുള്ള—കൂടക്കൂടെ മാററങ്ങൾ സംഭവിക്കുന്ന—ഗവണ്മെൻറ് നമ്മെ വീണ്ടും സാമ്പത്തികക്കുഴപ്പത്തിൽ കൊണ്ടെത്തിക്കും. ഇതിൻെറ അനന്തരഫലം നമ്മുടെ നാട്ടുകാർക്കെല്ലാം പല രീതിയിലുമുള്ള കഷ്ടപ്പാടുകൾ ആയിരിക്കും.

## സമനില തെററിയ ആസൂത്രണം

ഒന്നും രണ്ടും മൂന്നും പഞ്ചവത്സരപദ്ധതികൾ പ്രധാനമായും കൃഷിക്കു് പ്രാധാന്യം നല്കിക്കൊണ്ടുള്ളതായിരുന്നു. ഇതു് വളരെ ഉചിതമായ ഒരു ലക്ഷ്യമാണെങ്കിലും നിലനില്ക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ പുരോഗതിയും വിപുലീകരണവും പുതിയവയുടെ സ്ഥാപനവും കൂടി കണക്കിലെടുക്കുമ്പോൾ കൃഷിക്കു കൊടുത്ത പ്രാധാന്യം അതിരു കടന്നതാണെന്നു് മനസ്സിലാകും. നല്ല ഉല്പാദനശേഷിയുള്ള വിത്തുപയോഗിച്ചും രാസവളങ്ങളുടെ അളവു് കൂട്ടിയും വിപുലമായ രീതിയിൽ സസ്യസംരക്ഷണം സ്വീകരിച്ചും തീവ്രകൃഷിമാർഗങ്ങൾ അംഗീകരിച്ചും ഇരിപ്പൂകൃഷി പോലെയുള്ളവ നടപ്പിൽ വരുത്തിയും ഭക്ഷ്യോത്പാദനം വർധിപ്പിക്കുവാൻ വേണ്ടി നാം എത്ര മാത്രം പ്രയത്നിച്ചാലും അതു കൊണ്ടു് നാട്ടിനു് പൂർണമായും സ്വയംപര്യാപ്തത നേടാനുള്ള യാതൊരു സാധ്യതയും ഇല്ല.

ഇതു് യാഥാർഥ്യങ്ങളുടെ കാര്യമാണ്; അതായതു് നമുക്കു് നമ്മുടെ 30 ശതമാനം ഭൂമി കൃഷിക്കു വേണ്ടി ഉപയോഗിക്കുവാൻ സാധിക്കും. എന്നാൽ ഇത്രയും പരിമിതമായ സ്ഥലം, വർധിച്ചു വരുന്ന നമ്മുടെ ഭക്ഷ്യക്ഷാമം നികത്താൻ പോരാ. അതിനാൽ, ഒരേ ഒരു പരിഹാരം, നമ്മുടെ വ്യാവസായികസമ്പത്തു് ബലപ്പെടുത്തുക എന്നതും സ്വയം വളരാൻ അതിനു സൗകര്യം നൽകുക എന്ന

തുമാണ്. ഈ അവസരത്തിൽ ഒരു ചെറിയ രാജ്യമായ ജപ്പാൻെറ കാര്യം ഓർമിക്കുന്നതു് നന്നായിരിക്കും. ഈ രാജ്യം ഭക്ഷ്യവസ്തുക്കളുടെ 80% തയ്‌വാൻ (ഫോർമോസ), തായ്‌ലൻഡു്, മലേഷ്യ, ബർമ എന്നീ രാജ്യങ്ങളിൽ നിന്നു വാങ്ങുകയും, തിരിച്ചു് അവർക്കു തന്നെ സംസ്കരിച്ച വ്യവസായോല്പന്നങ്ങളായി വില്ക്കുകയും ചെയ്യുന്നു. ഇതേ രീതിയിൽ നാമും സ്റ്റേററിലെല്ലായിടത്തും ചെറുകിട–വൻകിട–മധ്യമരീതിയിലുള്ള വ്യവസായസ്ഥാപനങ്ങൾ അസംസ്കൃതസാധനങ്ങളുടെ ലഭ്യതയെ കണക്കിലെടുത്തു് സ്ഥാപിക്കേണ്ടതുണ്ടു്. ഇതിൻെറ ഫലമായി, മുൻകൂട്ടി കാണാൻ കഴിയുന്ന ഭാവിയിൽ, വളരെക്കൂടുതൽ ധാന്യങ്ങൾ മററു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങാനുള്ള കഴിവു് നമുക്കു് ഉണ്ടാകും. അങ്ങനെ നമ്മുടെ ഉൽപാദനക്കമ്മി നികത്താൻ സാധിക്കുകയും ചെയ്യും. അസംസ്കൃതവസ്തുക്കളുടെ ലഭ്യതയെ കണക്കിലെടുത്തു കൊണ്ടു് എന്നു മുൻപു പറഞ്ഞപ്പോൾ ഞാൻ മനസ്സിൽ കരുതിയതു് സ്റ്റേററു് ഗവണ്മെൻറ് താലൂക്കുകളിലും പഞ്ചായത്തുകളിലും വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനു് അവശ്യം വേണ്ട ശ്രദ്ധ കൊടുക്കണമെന്നുള്ളതാണു്. അസംസ്കൃതവസ്തുക്കൾ ലഭിക്കുന്ന താലൂക്കുകളിലും പഞ്ചായത്തുകളിലും ഇങ്ങനെ ചെറിയ വ്യവസായസ്ഥാപനങ്ങൾ ആരംഭിച്ചു് ഓരോ പ്രദേശത്തെയും സ്വയംപര്യാപ്തതയിലേക്കു് എത്തിക്കേണ്ടതാണു്. അസംസ്കൃതപദാർഥങ്ങളെ അന്വേഷിച്ചു് മററു പ്രദേശങ്ങളിൽ പോകാതെ നമ്മുടെ വ്യവസായങ്ങൾ വികേന്ദ്രീകരിച്ചു് ഗ്രാമങ്ങളിൽ കൊണ്ടു പോകുന്നതു് എപ്പോഴും നല്ലതാണു്. പക്ഷേ വ്യവസായങ്ങൾ തുടങ്ങുന്നതിനും തുടർന്നു നടത്തി പുരോഗതിയിലേക്കു് കൊണ്ടു പോകുന്നതിനും വേണ്ട ജലവും ശക്തിയും ഗവണ്മെൻറു് നൽകണം.

വ്യവസായവികേന്ദ്രീകരണത്തിലും വ്യവസായസഹകരണത്തിലും ജപ്പാൻ വളരെയധികം വിജയിച്ചിരിക്കുന്നു. എന്നാൽ നമുക്കു് എന്തു കൊണ്ടു് ഇതു കഴിയുന്നില്ല എന്നതിനു് യാതൊരു കാരണവും കാണുന്നില്ല. ജാപ്പനീസ് സാങ്കേതികവിദഗ്ധന്മാരെയും കരകൗശലവിദഗ്ധന്മാരെയും കാലാകാലങ്ങളിൽ ക്ഷണിച്ചു വരുത്തി, ഗ്രാമയൂണിററുകളിലും വികസനബ്ലോക്കുകളിലും, അസംസ്കൃത പദാർഥങ്ങളിൽ നിന്നു് മനോഹരമായ പല സാധനങ്ങൾ എങ്ങനെ സംസ്കരിച്ചെടുക്കാമെന്നു് പഠിക്കുന്നതു് ഒരു നല്ല കാര്യമായി ഞാൻ കരുതുന്നു. നമ്മുടെ ആളുകൾക്കു് പുതിയതും നല്ലതുമായ ആശയങ്ങൾ പകർന്നു കൊടുത്തു് നമ്മുടെ പ്രകൃതിസമ്പത്തു് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനു് ഈ വിദേശികളായ വിദഗ്ധരെ കൂടക്കൂടെ ആവശ്യമുണ്ടു്. ഇങ്ങനെ കുറെക്കാലം തുടരുമ്പോൾ നാട്ടുകാർക്കു് ക്രമേണ അവരുടെതായ പുരോഗമനാശയങ്ങൾ ഉണ്ടായിക്കൊള്ളും.

### ജനസംഖ്യാസ്ഫോടനം

പശ്ചിമബംഗാൾ, ആസ്സാം എന്നീ സ്റ്റേററുകളെ കേരളം വാർഷികജനസംഖ്യാവർധനവിൽ മറികടന്നിരിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഈ പെരു

പ്പത്തെ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി വളരെ ശക്തിമത്തായ ചില യത്നങ്ങൾ നടത്തപ്പെട്ടു കൊണ്ടിരിക്കുന്നുവെന്ന കാര്യത്തിനു് സംശയമില്ല. എന്നാൽ ഇതിനു വേണ്ടി നടത്തുന്ന പരസ്യങ്ങൾ കൊണ്ടു് ഗുണമുണ്ടാകുന്നതു് സമൂഹത്തിലെ ഉയർന്ന വിഭാഗക്കാർക്കും സാധാരണക്കാർക്കും മാത്രമാണു്. സമുദായത്തിലെ താഴ്ന്ന കൂട്ടരെ ഇതു് കാര്യമായി സ്പർശിച്ചിട്ടില്ല. അതിനാൽ അപൂർവം ചില അവസരങ്ങളൊഴിച്ചാൽ ഈ കൂട്ടരുടെ ഇടയിലെ ജനപ്പെരുപ്പം പഴയതു പോലെ തന്നെ നിലനിന്നു പോകുകയാണു്. ഒട്ടും തന്നെ താമസിയാതെ, മാററി വയ്ക്കാതെ, നാട്ടിൻപുറത്തെ ജനങ്ങളുടെ ഇടയിൽ ഇക്കാര്യത്തിനു് മുൻഗണന കൊടുത്തു് പ്രവർത്തിക്കേണ്ടതുണ്ടു്. എൻെറ നോട്ടത്തിൽ ഇക്കാര്യത്തിൽ ഗവണ്മെൻറ് ചെലവഴിക്കുന്ന തുകയ്ക്കു് കൂടിയാൽ മൂന്നോ നാലോ വർഷങ്ങൾക്കകം പ്രതിഫലമുണ്ടാകുമെന്നതിൽ സംശയമില്ല. ജനനത്തെയും മരണത്തെയും സംബന്ധിച്ചു് ഇന്നും നമ്മുടെ ഗ്രാമങ്ങളിലെയും നാട്ടിൻപുറങ്ങളിലെയും ആളുകൾക്കു് തത്വശാസ്ത്രപരമായ ഒരു മനോഭാവമാണുള്ളതു്. ഇതു് അവരെ ജനനം, മരണം എന്നിവ പ്രകൃതി നിർവഹിക്കുന്ന കാര്യങ്ങളാണെന്നുള്ള ഒരു ചിന്താഗതിയിൽ കൊണ്ടെത്തിച്ചിരിക്കുന്നു. നമ്മുടെ തൊഴിൽ രഹിതരായ, അർപ്പണമനോഭാവമുള്ള, യുവാക്കളായ ഡോക്ടർമാരും നഴ്സുമാരും നല്ലതു പോലെ പണി എടുക്കേണ്ടതു് ഇങ്ങനെയുള്ള ഗ്രാമങ്ങളിലും പ്രദേശങ്ങളിലുമാണു്. ഈ അഭിപ്രായത്തിനു് ഇവിടെ ഇപ്പോൾ വേണ്ട പ്രാധാന്യം കൊടുത്തില്ലെങ്കിൽ, വ്യവസായരംഗത്തും കാർഷികരംഗത്തും ചെയ്യു എല്ലാ നല്ല കാര്യങ്ങളെയും പെരുകിക്കൊണ്ടിരിക്കുന്ന ജനസംഖ്യ തുച്ഛമാക്കി മാററും.

ഇപ്പോൾ നമ്മുടെ സംസ്ഥാനജനസംഖ്യ 2·1 കോടിയോളമാണു്. നിയന്ത്രിച്ചില്ലെങ്കിൽ വരുന്ന 10 വർഷങ്ങൾക്കകം ഇതു് ഇരട്ടിയാകുകയും 25 വർഷങ്ങൾക്കകം നാലിരട്ടിയാകുകയും ചെയ്യും. ആദ്യം വിവരിച്ചതു പോലെ ഭക്ഷ്യലഭ്യത കുറയ്ക്കുകയും, ഒടുവിൽ ഒരു പ്രതിസന്ധിയുടെയും കുഴപ്പത്തിൻെറയും സ്വഭാവമുള്ള സമ്പദ്‌വ്യവസ്ഥ ഉണ്ടാകുകയും ചെയ്യും.

## വ്യവസായമുതൽമുടക്കിലെ കുറവു്

സ്വാതന്ത്ര്യലബ്ധിക്കു ശേഷം നമ്മുടെ വ്യവസായങ്ങളുടെ വളർച്ച പുറകിലേയ്ക്കു് ആയിരുന്നു. ആലുവയിലെ ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിററഡ്, പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് ലിമിററഡ്, തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈററാനിയം പ്രോഡക്ററ്സ് ലിമിററഡ്, ആലുവയിലെ ദി അലൂമിനിയം കമ്പനി ലിമിററഡ്, കോട്ടയത്തെ ദി ട്രാവൻകൂർ സിമൻറ് ലിമിററഡ്, ആലുവയിലെ ട്രാവൻകൂർ ഒഗേൽ ഗ്ലാസ് ഫാക്ടറി, കോട്ടയത്തെ ദി ട്രാവൻകൂർ ഇലക്ട്രോകെമിക്കൽസ് ഇൻറസ്ട്രീസ് ലിമിററഡ് തുടങ്ങിയ നമുക്കു് അഭിമാനിക്കാവുന്ന വലിയ വ്യവസായ

സ്ഥാപനങ്ങളെല്ലാം സ്ഥാപിതമായതു് ഇതിനു മുമ്പായിരുന്നു. തിരുവനന്തപുരത്തെ വിമാനത്താവളനിർമ്മാണം പോലും സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുള്ള ഒരു സംരംഭമായിരുന്നു. ഇതു് സംസ്ഥാനത്തിൻെറ താല്പര്യങ്ങൾക്കു് പിന്നീട് വളരെയധികം ഉതകിയിട്ടുണ്ട്. മാവൂരിലെ ഗ്വാളിയർ റയോൺസ്, ആലുവയിലെ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസും തോഷിബാ ആനന്ദും അങ്കമാലിയിലെ ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ്, കളമശ്ശേരിയിലെ പ്രീമിയർ ടയേഴ്സ്, ഒരു അപ്പോളോ/ആഡസൻ സ്പിന്നിംഗ് മില്ലുകൾ, മററു ചില ചെറിയ വ്യവസായങ്ങൾ തുടങ്ങിയ കുറച്ചു വ്യവസായസ്ഥാപനങ്ങൾ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്കു് നടപ്പിൽ വന്നു എന്നുള്ള കാര്യം ശരിയാണ്. എന്നാൽ നമ്മുടെ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ഇവ എണ്ണത്തിൽ വളരെ കുറവാണ്. അതു പോലെ തന്നെ മററു സംസ്ഥാനങ്ങളിൽ ക്രമാതീതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളുമായി തട്ടിച്ചു നോക്കുമ്പോഴും നമ്മുടെ നില മോശമാണ്.

ഇപ്പോഴുള്ള വ്യവസായങ്ങളിൽ മുടക്കുവാനോ അല്ലെങ്കിൽ പുതിയവ തുടങ്ങാനോ കൃഷിക്കാരുടെ പക്കൽ ചുരുക്കമായിട്ടേ അധികപ്പണം ഉള്ളു എന്ന കാര്യം തിട്ടപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. എത്രയൊക്കെ യത്നിച്ചാലും കാർഷികരംഗത്തു് നാം പൂർണമായും സ്വയംപര്യാപ്തത നേടുകയില്ലെന്നു് ഞാൻ നേരത്തേ സൂചിപ്പിച്ചുവല്ലോ. കൃഷിക്കാരിൽ നിന്നു് വ്യവസായത്തിനു് മുതൽ മുടക്കുണ്ടാകാൻ സാധ്യമല്ലെന്നു തെളിയുന്നു. എന്നാൽ നമ്മുടെ നാട്ടിൽ ഭൂരിപക്ഷവും കൃഷിക്കാരാണ്. സാധനങ്ങളുടെ വില കുതിച്ചു കയറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിലവിലുള്ള വ്യവസായസ്ഥാപനങ്ങളിലെ ഉയർന്ന തൊഴിലാളികളിൽ നിന്നോ സർക്കാർ ഉദ്യോഗസ്ഥന്മാരിൽ നിന്നോ മുതൽമുടക്കു് ഉണ്ടാകുമെന്നു ധരിക്കുന്നതു് ശരിയായിരിക്കുകയില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി വ്യവസായങ്ങൾക്കു് മുതൽമുടക്കാനുള്ള കേരളീയരുടെ കഴിവു് കുറഞ്ഞു വരികയാണ്. അതിൻെറ ഫലമായി സംസ്ഥാനത്തിനു് വെളിയിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും ഉള്ള മുതൽമുടക്കുകളെ ആശ്രയിക്കേണ്ടി വന്നു. എന്നാൽ കൂടക്കൂടെ, രാഷ്ട്രീയകാര്യങ്ങൾക്കു് പ്രാധാന്യം കൊടുത്തുകൊണ്ടു് രാഷ്ട്രീയപ്പാർട്ടികളുടെ നേതൃത്വത്തിൽ ഉണ്ടാകുന്ന തൊഴിൽസമരങ്ങൾ, സംസ്ഥാനത്തിലെ രാഷ്ട്രീയാസ്ഥിരത, വ്യാവസായികാന്തരീക്ഷമില്ലായ്മ എന്നിവ കാര്യമായി മുതൽമുടക്കുവാൻ തയ്യാറായ, സംസ്ഥാനത്തിനു് പുറത്തും വിദേശത്തുമുള്ളവരെ അതിൽ നിന്നും മാററി നിർത്തുവാനാണു് ഉതകിയിട്ടുള്ളതു്. മററ സ്റ്റേററുകളിൽ സാങ്കേതികപരിജ്ഞാനവും സമ്പത്തും വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വളർത്തി എടുക്കുന്നതിനും വേണ്ടി മതിയാവോളം ഉണ്ടെങ്കിലും, നമുക്കു് ഇവയുടെ കുറവു് നന്നായി അനുഭവപ്പെടുന്നു. അതിനു പരിഹാരമായി ഒന്നും ചെയ്യുന്നുമില്ല. വരുന്ന 5 വർഷങ്ങൾക്കുള്ളിൽ നാം നമ്മുടെ നാട്ടിനെ വ്യവസായവല്ക്കരിക്കണം അല്ലെങ്കിൽ നശിപ്പിക്കണം എന്നു പറയാൻ ഞാൻ നിർബന്ധിതനായി തീരുകയാണ്. ഈ പ്രതിസന്ധി നമ്മുടെ മുഖ്യമന്ത്രി മനസ്സിലാക്കുകയും സ്ഥാനം കൈയേററ ഉടനെ തന്നെ വ്യവ

സായവല്ക്കരണത്തിന് ധ്രുതഗതിയിലുള്ള ഒരു പദ്ധതി തന്റെ ആദ്യത്തെ നയ പരിപാടിയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തതു് ചരിത്രാർത്ഥ്യജനകമാണ്. ഭാഗ്യവശാൽ നമുക്ക് ഇവിടെ വേണ്ടുവോളം പ്രകൃതിസമ്പത്തു്, മനുഷ്യശക്തി, കുറഞ്ഞ നിരക്കിൽ വൈദ്യുതി, റോഡ്, റെയിൽവേ, കടൽ, വാർത്താവിനിമയ മാർഗങ്ങൾ, അനുകൂലമായ കാലാവസ്ഥ എന്നീ അടിസ്ഥാനപരങ്ങളായ ഘടകങ്ങളുണ്ട്. ഇവയെ അടിസ്ഥാനമാക്കി സാമ്പത്തികൈശ്വര്യം എങ്ങനെ നേടാമെന്നുള്ളതാണ് അവസാനമായി നമ്മുടെ യത്നങ്ങളുടെ നേട്ടത്തെ തിട്ടപ്പെടുത്തുക.

## സർക്കാർവകുപ്പുകളിലെ ചുവപ്പുനാട

ഞാൻ ഈ സംസ്ഥാനത്തിനു് പുറത്തു കഴിയുന്നവരിൽ ഒരാളാണ്. എങ്കിലും എനിക്കു് സ്ഥിരവും ആത്മാർത്ഥവുമായ താല്പര്യം ഇതിന്റെ പുരോഗതിയിൽ എന്നെന്നുമുണ്ടു്. 1967 മേയിലെ ഗവണ്മെന്റിന്റെ വ്യവസായനയങ്ങൾ എന്നെ വല്ലാതെ ആഹ്ലാദപ്പെടുത്തി. ഇതു നമ്മുടെ ഉലഞ്ഞ വ്യവസായസമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ട ബലവത്തായ അടിത്തറ പാകി. ഇതു് വ്യവസായസമാധാനവും വ്യവസായാഭിവൃദ്ധിയും മുതൽമുടക്കുന്നവർക്കും മാനേജുമെന്റിനും തൊഴിലാളികൾക്കും ഒരുപോലെ ഉറപ്പുനല്കി. എന്നിരുന്നാലും ഗവണ്മെന്റിന്റെ വാഗ്ദാനങ്ങൾ മിക്കതും നടപ്പിലാകാതെ കാലഹരണപ്പെടുന്നതു പോലെ ഈ നയവും ശരിയായ രീതിയിൽ തുടർന്നു കൊണ്ടു പോയില്ല. പരിപാടികളൊന്നും തന്നെ നടപ്പിൽ വരുത്തിയില്ല. മാറിമാറി വരുന്ന രാഷ്ട്രീയകക്ഷിനേതൃത്വവും സ്ഥിരസർവീസുകളിലെ ചുവപ്പുനാടയും അധികാരത്തിൽ നിന്നും ഒഴിഞ്ഞു പോന്നവരുടെ പക്കൽ നിന്നുണ്ടാകുന്ന താല്പര്യക്കുറവുമൊക്കെയാണ് ഇതിനു കാരണം. ഇങ്ങനെയുള്ള ബ്യൂറോക്രാററിക് ചുവപ്പുനാട സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഉണ്ടായ നേട്ടത്തിന്റെ അളവിലുള്ള വ്യത്യാസത്തെ എടുത്തു കാട്ടുന്നു. വ്യക്തിയുടെ പ്രത്യേകതാല്പര്യം ആദ്യത്തേതിൽ ഉണ്ടെന്നുള്ളതും അങ്ങനെയുള്ള യാതൊന്നും രണ്ടാമത്തേതിൽ ഇല്ലെന്നുള്ളതും ആയ സത്യം മാത്രമാണ് ഈ വ്യത്യാസത്തിനെല്ലാം നിദാനം. ഈ വൈരുധ്യങ്ങൾ തുടർന്നു നിലനില്ക്കുന്നതു കൊണ്ടു് അധികാരത്തിലുള്ള ഗവണ്മെന്റ് ഒരു ഉറച്ച പ്രയോജനപ്രധാനമായ നിലപാടു് എടുക്കുന്നതു് ബുദ്ധിപൂർവകമായിരിക്കും. സ്റ്റേററിന്റെ വ്യവസായസമ്പദ്ഘടനയെ വികസിപ്പിക്കുന്നതിനു വേണ്ട ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യത്തെപ്പററി സ്പർശിക്കുമ്പോൾ ഞാൻ വീണ്ടും ഈ സംഗതിയിലേയ്ക്കു് കടന്നു് ഇതിന്റെ പ്രാധാന്യത്തെ കൂടുതൽ വ്യക്തമാക്കാം,

## ടൂറിസവ്യവസായം

പ്രകൃതിദത്തമായി നമുക്കു ലഭിച്ചിട്ടുള്ള ഐശ്വര്യങ്ങളെ പണമാക്കി മാററി ഭൗതികപുരോഗതി നേടുന്നതിൽ നാം വേണ്ട ശ്രദ്ധ ചെലുത്തുന്നില്ല. മനോഹരങ്ങളായ കാഴ്ചകളുടെ കാര്യത്തിൽ നാം എന്തുമാത്രം ഭാഗ്യവാന്മാരാണെന്നു് സ്റ്റേററിനു

പുറത്തുള്ളവരും വിദേശികളും പറഞ്ഞു നാം കേട്ടിട്ടുണ്ട്. നമ്മുടെ ചില ജലാശയങ്ങളും കടൽത്തീരങ്ങളും കുന്നുകളും മനോഹരങ്ങളാണ്. പല തവണ ലോകം ചുററി സഞ്ചരിച്ചിട്ടുള്ള ഒരു വ്യക്തി എന്ന നിലയ്ക്ക്, പ്രകൃതിദത്തമായ പല മനോഹരങ്ങളായ കാഴ്ചസ്ഥലങ്ങളിൽ കേരളം മററു പല രാജ്യങ്ങൾക്കും മുന്നിലാണ് എന്ന് എനിക്ക് നിസ്സംശയം പറയാൻ കഴിയും. ഇവിടെ നാം ചെയ്യേണ്ടത് സംസ്ഥാനത്തിനു പുറത്തു നിന്നും വിദേശങ്ങളിൽ നിന്നും വരുന്ന ധനികർക്കും സാധാരണക്കാർക്കും വേണ്ട ആധുനികരീതിയിലുള്ള ഹോട്ടലുകൾ മിതമായ ചെലവിൽ സ്ഥാപിക്കുകയാണ്. ഈ കേന്ദ്രങ്ങളിലേയ്ക്കുള്ള നല്ല റോഡുകൾ ഉണ്ടാക്കണം. പട്ടണങ്ങളിലേയ്ക്കും നഗരങ്ങളിലേയ്ക്കും ഇവിടെ നിന്ന് എളുപ്പം എത്താൻ കഴിയുകയും വേണം. ടൂറിസ്റ്റ്കേന്ദ്രങ്ങൾ വളരെ വൃത്തിയായും ആകർഷകമായും സൂക്ഷിക്കുന്നതിനു പുറമെ സന്ദർശകർക്ക് നമ്മുടെ പരമ്പരാഗതമായ നൃത്തങ്ങളും ഗാനങ്ങളും നാടോടിക്കലകളും ക്രമീകൃതമായ രീതിയിൽ കാഴ്ച വയ്ക്കുന്നതിനുള്ള പരിപാടികൾ ഉണ്ടായിരിക്കുകയും വേണം. സന്ദർശകർക്ക് ഉപദ്രവകരമായിത്തീരാവുന്ന അനാരോഗ്യകരമായ പല കാര്യങ്ങളിലും ദൃഢമായ നിയന്ത്രണം ചെലുത്തണമെന്നുള്ളത് ഏററവും പ്രധാനപ്പെട്ട കാര്യമാണ്. പട്ടണങ്ങൾ, നഗരങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ടൂറിസ്റ്റ്കേന്ദ്രങ്ങളിലും അവയുടെ പരിസരങ്ങളിലും ഉള്ള യാചന നിശ്ചയമായും നിർത്തലാക്കണം. ഇപ്പോൾ ഉള്ളതിനേക്കാൾ കുറെക്കൂടി ശക്തിയും ഭാവനയും ഉയർജസ്വലതയുമുള്ള ഒരു ഡിപ്പാർട്ടുമെൻറ് നമ്മുടെ ടൂറിസവ്യവസായവികസനത്തിനു വേണ്ടി അടുത്തു വരുന്ന വർഷങ്ങളിൽ ആരംഭിക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. ഇതു് നമ്മുടെ സ്റ്റേററിൻെറ ധനസ്ഥിതി വർധിപ്പിക്കുകയും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുകയും ചെയ്യും.

## പൊതുവായ ചില അഭിപ്രായങ്ങൾ

സ്വകാര്യമേഖലയ്ക്കു വലിയ മുതൽമുടക്കുവാനുള്ള കഴിവില്ലാത്തതു കൊണ്ട് സ്റ്റേററിന് മൊത്തത്തിൽ ഗുണകരമായ വൻകിടവ്യവസായസ്ഥാപനങ്ങൾ പൊതുമേഖലയിലായിരിക്കണം എന്ന് ഞാൻ ഇവിടെ നിർദ്ദേശിക്കുന്നു. ഇരുമ്പ്–ഉരുക്കുവ്യവസായം, കപ്പൽനിർമാണം, രാസവളനിർമാണം, പെട്രോകെമിക്കൽ കോംപ്ലക്സ്, എണ്ണശുദ്ധീകരണം, ധാതുശേഖരണം, കടൽതീരത്തോട് തൊട്ട സ്ഥലങ്ങളിലെ മീൻപിടിത്തത്തുറമുഖങ്ങളുടെ സ്ഥാപനവും വികസനവും, കരകൗശലവികസനവും കയററുമതിയും, അഗ്രോ ഇൻഡസ്ട്രീസ്, ടൂറിസവ്യവസായം മുതലായവ ഇത്തരത്തിൽപ്പെടുന്ന വ്യവസായങ്ങളാണ്. പഞ്ചവത്സരപദ്ധതികളിൽ വ്യവസായശാലകൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ട പണം നീക്കി വെയ്ക്കുക, കൃത്യമായി വ്യവസായലൈസൻസുകൾ നല്കുക, എവിടെ ഒക്കെ അത്യാവശ്യമുണ്ടോ അവിടെ ഒക്കെ സാങ്കേതികവിദഗ്ധന്മാർക്കും സാങ്കേതികവൈദഗ്ധ്യത്തിനും വേണ്ടിയുള്ള വിദേശനാണ്യം അനുവദിക്കുക മുതലായവയാണ് പൊതുമേഖലയിലെ വ്യവസായങ്ങൾക്ക് ഉറച്ച ഒരു അടിത്തറ നൽകുന്ന

തിനു വേണ്ടി സംസ്ഥാനഗവണ്മെൻറ് ചെയ്യേണ്ടതു്. കേന്ദ്രഗവണ്മെൻറുമായി ഇടപെട്ടു് നമ്മുടെ അവകാശങ്ങൾ നേടി എടുക്കുന്നതിനു് നമുക്കു് ഒരു ഉറച്ച ഗവണ്മെൻറു് ഉണ്ടാകണമെന്നതിൻെറ ആവശ്യകത ഇവിടെ ആണു് അനുഭവപ്പെടുന്നതു്. അതു പോലെ തന്നെ ഗവണ്മെൻറിൻെറ വ്യാവസായികസ്കീമുകളെ വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനു വേണ്ട കഴിവുള്ളതും അർപ്പണമനോഭാവത്തോടു കൂടിയതുമായ ഒരു സർവീസ്കേഡറും നമുക്കു വേണം. നമ്മുടെ സ്റ്റേററിലെന്ന പോലെ മററു സ്റ്റേററുകളിലും സ്ഥിരഗവണ്മെൻറുകൾ അടുത്തൊന്നും ഉണ്ടാവുകയില്ല. എങ്കിലും നല്ലതുപോലെ ശമ്പളം കൊടുത്തു നിലനിർത്തി വരുന്ന സർവീസുകൾ, ഗവണ്മെൻറു് തീരുമാനിച്ചുറച്ചു കഴിഞ്ഞ പല വ്യവസായസ്കീമുകളും നടപ്പിൽ വരുത്താതിരിക്കുന്നതും ശക്തിപ്പെടുത്താതിരിക്കുന്നതും എന്തു കൊണ്ടെന്നു് സഗൗരവം ചിന്തിക്കേണ്ടതുണ്ടു്. സ്വകാര്യമേഖലയിലെ വ്യവസായശാലകളിലെല്ലാം ഇക്കാര്യം വളരെ ചിട്ടയായി നിർവഹിക്കപ്പെടുന്നു. ഗവണ്മെൻറു് എന്തു കൊണ്ടു് ഇതിൽ അയവു വരുത്തുന്നു എന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഓരോ വ്യവസായപ്രോജക്ററിനും ഒരു വിഭാഗം ഉറച്ച നിയമങ്ങൾ നടപ്പിലാക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. ജോലി തക്ക കാലത്തു തീർത്തില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരെ തരം താഴ്ത്തണം. ചുരുക്കിപ്പറഞ്ഞാൽ, ദൈനംദിനഭരണകാര്യത്തിലും നിയന്ത്രണത്തിലും നേട്ടങ്ങളിലും സർക്കാർ വ്യവസായസംരംഭങ്ങൾ സ്വയംഭരണം നടത്തുന്ന സ്ഥാപനങ്ങളായി മാറണം. ഗവണ്മെൻറു് പ്രോജക്ററായ ഇടുക്കിപദ്ധതി പൂർത്തീകരിക്കേണ്ട കാലം കഴിഞ്ഞിട്ടു് രണ്ടു കൊല്ലമായി. ഇനിയും മൂന്നു വർഷം കൂടി കഴിഞ്ഞാലേ ഇതു് പൂർത്തിയാകു എന്നതു് നമ്മെ ലജ്ജിപ്പിക്കുന്നു. ആദ്യം തയ്യാറാക്കിയ പരിപാടിയനുസരിച്ചു് പ്രോജക്ററു് പൂർത്തിയാക്കുമെന്നു പറഞ്ഞ ദിനം മുതൽ ഓരോ ദിവസവും സ്റ്റേററിനു് 5 ലക്ഷം രൂപ വെച്ചു് നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നു് എനിക്കു് തീർത്തുമറിയാം. എല്ലാററിനുമുള്ള കാരണങ്ങൾ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരിൽ ചുമത്തുന്നതു് നല്ലതല്ലെന്നും നിർദയമാണെന്നും ഉള്ള കാര്യം ഞാൻ തികച്ചും മനസ്സിലാക്കുന്നു. എന്തു കൊണ്ടെന്നാൽ ഈ പ്രോജക്ററു് പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന പരാജയത്തിനു കാരണം തൊഴിലാളിപ്രശ്നങ്ങൾ കൂടി ആണു്. ഭാവിയിൽ, തൊഴിലാളികളെ നിസ്സാരകാര്യങ്ങൾക്കു വേണ്ടി പോലും അത്യാവശ്യപൊതുമേഖലാപ്രോജക്ററുകൾ നശിപ്പിക്കുന്നതിൽ നിന്നു് അകററി നിർത്തുവാൻ തൊഴിൽകാര്യമന്ത്രി വേണ്ട പോലെ ശ്രദ്ധിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. ഇതു് ഒരു നല്ല ഗവണ്മെൻറിൻെറ നല്ല പരിപാടിയാണു്.

നമ്മുടെ മുഖ്യമന്ത്രിയുടെ ധൃതഗതിയിലുള്ള വ്യവസായവല്ക്കരണപരിപാടി നടപ്പിലാക്കുമെന്ന വാഗ്ദാനത്തെ സ്പർശിച്ചു കൊണ്ടു് ഞാൻ നിർദ്ദേശിക്കുന്നതു് ഇതാണു്: നമ്മുടെ സ്റ്റേററിൻെറ ആവശ്യത്തിലേയ്ക്കായി, ഗവണ്മെൻറു് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള വ്യവസായങ്ങളെ ചെറുകിടവ്യവസായങ്ങൾ, വൻകിടവ്യവസായങ്ങൾ, മധ്യമവ്യവസായങ്ങൾ, സഹകരണ

സ്ഥാപനങ്ങൾ എന്നിങ്ങനെ വേർതിരിക്കണം. അവയ്ക്കു് കൂടക്കൂടെയുള്ള പരസ്യം കൊടുക്കണം. സാമ്പത്തികവും മററു് എല്ലാ രീതിയിലുമുള്ള സഹായങ്ങളും സ്വകാര്യമേഖലയിലെ ഉടമകൾക്ക പുതിയ വ്യവസായങ്ങൾ ഉയർത്തിക്കൊണ്ടു് വരുന്നതിനു് ഗവൺമെൻറു് നല്ലേണ്ടതാണു്. അവയ്ക്കു വേണ്ട പരസ്യവും കൊടുക്കണം. ചെറുതരം കാറുകൾ ഉണ്ടാക്കുന്നതിനു വേണ്ടി ഇന്ത്യാ ഗവൺമെൻറു് അടുത്ത കാലത്തു് നടപ്പിൽ കൊണ്ടുവന്ന രീതിയിലുള്ള ജോയിൻറു് സെക്ടറിലുള്ള വ്യവസായസ്ഥാപനങ്ങൾ പരീക്ഷണാർത്ഥം നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കുന്നതു് നല്ലതായിരിക്കുമെന്നു് എനിക്കു തോന്നുന്നു. നമ്മുടെ മിക്ക ആൾക്കാർക്കും ചെറിയ വ്യവസായസ്ഥാപനങ്ങൾ പോലും തുടങ്ങാൻ വേണ്ട പണവും വൈദഗ്ധ്യവും ഇല്ലാത്തതു കൊണ്ടു്, സർക്കാർ ഇക്കാര്യത്തിൽ അല്പം ശ്രദ്ധിച്ചു് ചില പൈലററു് സ്കീമുകൾ കഴിയുന്നതും വേഗം പരീക്ഷണാർത്ഥം നടത്തുന്നതു് നന്നായിരിക്കും. എല്ലാ രംഗത്തും ഗവൺമെൻറും ജനങ്ങളും കൈകോർത്തു് മുന്നോട്ടു് പോകുന്നുവെങ്കിൽ ഒരു രാജ്യമോ സംസ്ഥാനമോ നല്ല രീതിയിൽ സാമ്പത്തികമായി പുരോഗമിക്കുമെന്നു് എനിക്കു് പൂർണ്ണവിശ്വാസമുണ്ടു്. എല്ലാ വികസനപരിപാടികളും ജനങ്ങളുടെ ഇടയിൽ നിന്നുണ്ടാകണമെന്നു് മന്ത്രിമാർ പറയുന്നതു് അപ്രായോഗികമാണു്. ആധുനികകാലത്തെ ഒരു വലിയ ചിന്തകനായ ജോൺ സ്ററുവർട്ടു് മിൽ പറയുന്നതു്, കൂടുതൽ കൂടുതൽ ആളുകളെ ഗവൺമെൻറിൻെറയും വ്യവസായത്തിൻെറയും പ്രവൃത്തികളിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ട ആരംഭപ്രവർത്തനം ഗവൺമെൻറു് എടുക്കണമെന്നാണു്. നേരെ മറിച്ചു് ആദ്യം പറഞ്ഞതു പോലെ ആണെങ്കിൽ ഗവൺമെൻറിൻെറ ആവശ്യമെന്താണെന്നു ആരും ചോദിച്ചു പോകും.

നമ്മുടെ നാട്ടിലെ ഗ്രാമീണസമ്പദ്‌വ്യവസ്ഥയെ പുരോഗമിപ്പിച്ചു് കൊണ്ടു വരുന്നതിനു് നൂറുകണക്കിനു് സ്കീമുകൾ നടപ്പിൽ വരുത്തി ജനങ്ങളെ ഇതിൽ പങ്കെടുപ്പിക്കാം. ഇന്നത്തെ ബ്ലോക്കു്ഡെവലപ്പ്മെൻറു് പ്രോജക്ററുകൾ തീർച്ചയായും നല്ലതാണെങ്കിലും ചില ഭാഗങ്ങൾ മാത്രമേ കൊള്ളാവുന്നവയായുള്ളു. അവ ആളുകളുടെ നന്മയ്ക്കാണെന്നു പറഞ്ഞാൽ പോരാ. അവർക്കങ്ങനെ തോന്നുക കൂടി വേണം. നമ്മുടെ സംസ്ഥാനത്തെ ഇൻറസ്ട്രിയൽ എസ്റ്റേററുകൾ ഇന്നു് പ്രവൃത്തിശൂന്യമായി തീർന്നിരിക്കുകയല്ലേ എന്നു് എനിക്കു ബലമായ സംശയമുണ്ടു്. ഉടമകൾക്കു് നടത്തിപ്പിൽ സഹകരിക്കണമെന്ന ബോധം ഗവൺമെൻറു് ഉണ്ടാക്കിയിട്ടില്ല എന്നതാണു് ഇതിനു് കാരണം. കൂടാതെ ഉടമകൾ ഒരിക്കൽ എസ്റ്റേററുകൾ വാടകയ്ക്കു് എടുത്തു കഴിഞ്ഞാൽ പിന്നെ അവർ തന്നെ അതു് ഏതെങ്കിലും വിധം നടത്തിക്കൊണ്ടു് പോകേണ്ടതായിട്ടുണ്ടു്.

## വിദഗ്ധക്കമ്മിററികൾ

ഈ ലേഖനം അവസാനിപ്പിക്കുന്നതിനു് മുമ്പു് താഴെപ്പറയുന്ന വ്യവസായങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, അത്തരം പരമ്പരാഗതങ്ങളായ വ്യവസായങ്ങളെ നിലനിർത്തി പോഷിപ്പിച്ചു് എടുക്കേണ്ടതിൻെറ പ്രാധാന്യത്തെ ചെറുതായി ഒന്നു സ്പർശിക്കുകയും ചെയ്യാം. ദിനംപ്രതി ഇവയുടെ പ്രശ്നങ്ങൾ കൂടി കൂടി വരുന്നു.

ഇവ പരിഹരിക്കാൻ ഇനി കാലതാമസം ഒട്ടും പാടില്ല. ഇവയെല്ലാം നാശം സംഭവിക്കാതിരിക്കുന്നതിനും സ്റ്റേററിൻെറ മുഴുവൻ സമ്പദ്‌വ്യവസ്ഥ ഉത്തേജിപ്പിക്കുന്നതിനും ഗവണ്മെൻറിൻെറ അടിയന്തിരമായിട്ടുള്ളതും തുടർന്നുള്ളതുമായ സഹായം ആവശ്യമുണ്ട്. അങ്ങനെ ഇന്നത്തെ ഈ പ്രതിസന്ധിഘട്ടത്തിൽ ഈ രംഗത്തെ ഒരു ചെറിയ പുരോഗതി പോലും, മത്സ്യവ്യവസായം, കശുവണ്ടി വ്യവസായം, കയർവ്യവസായം, കൈത്തറിവ്യവസായം, പഴക്കൃഷി-പഴ സംരക്ഷണവ്യവസായം, അനാവശ്യവസ്തുക്കൾ ശേഖരിച്ച് അവ ഉപയോഗിച്ച് നടത്തുന്ന വ്യവസായം, മുള കൊണ്ട് കുട്ട, വട്ടി മുതലായവ ഉണ്ടാക്കുന്ന വ്യവസായം, മരച്ചീനിവ്യവസായം, കരകൗശലവ്യവസായം തുടങ്ങിയ വിഭാഗങ്ങളിലെ വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരുമായ തൊഴിൽരഹിതരുടെ താല്പര്യങ്ങളെ കാര്യമാം വണ്ണം സംരക്ഷിക്കും. കശുവണ്ടി ഒഴിച്ച് മേൽ പറഞ്ഞവസ്തു യാതൊരു കാരണവശാലും ഇവിടെ ക്ഷാമമുണ്ടായിട്ടില്ല. കൂടാതെ ഇവ പ്രകൃതിയിൽ നിന്ന് ലഭ്യമായിട്ടുള്ളവയുടെ ഒരു ചെറിയ ഭാഗം മാത്രമേ ആകുന്നുള്ളു. ഈ വ്യവസായങ്ങളുടെ താല്പര്യത്തെ ഉയർത്തിക്കൊണ്ട് വരുന്നതിനു വേണ്ടി നല്ല സ്വാധീനശക്തിയും കഴിവുമുള്ള വിദഗ്ധക്കമ്മിററികളെ ഗവണ്മെൻറ് നിയമിക്കേണ്ടതായിട്ടുണ്ട്. ചെയർമാനായി അതാതു വ്യവസായവുമായി വളരെ അടുത്ത് ബന്ധമുള്ള ഒരു അനുദ്യോഗസ്ഥനും സെക്രട്ടറിയായി ആ വ്യവസായത്തിൻെറ മുഴുവൻ ഉത്തരവാദിത്വം വഹിക്കുന്ന ഒരു ഉയർന്ന ഗവണ്മെൻറ് ഉദ്യോഗസ്ഥനും ഓരോ കമ്മിററിക്കും ഉണ്ടായിരിക്കണം. ഇവർ വ്യവസായത്തെ ഇന്നത്തെ കുഴഞ്ഞു മറിഞ്ഞ ചുററുപാടുകളിൽ നിന്നും ഉയർത്തി സംസ്ഥാനത്തിൻെറ സമ്പദ്‌വ്യവസ്ഥ വിപുലപ്പെടുത്തുന്നതിൽ കാര്യമായ പങ്കു വഹിക്കുവാൻ സജ്ജമാക്കുന്നതിന് എങ്ങനെയാണ് വ്യവസായസ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകേണ്ടതെന്ന് ഗവണ്മെൻറിനെ ഉപദേശിക്കുന്നു. ഓരോ കമ്മിററിയിലെയും മററ് അംഗങ്ങൾ, ചെയർമാനുമായി ആലോചിച്ച് ഗവണ്മെൻറ് നാമനിർദ്ദേശം ചെയ്യുന്ന അനുദ്യോഗസ്ഥന്മാരായിരിക്കണം. ഈ കമ്മിററികൾ ചെയർമാന് ആവശ്യമെന്നു തോന്നുമ്പോൾ കൂടക്കൂടെ സമ്മേളിക്കേണ്ടതായിട്ടുണ്ട്.

ഗവണ്മെൻറിൽ നിന്നും സംസ്ഥാനത്തെ ജനങ്ങളിൽ നിന്നും മററൊന്നിനും കവച്ചു വയ്ക്കാൻ കഴിയാത്ത രീതിയിലുള്ള അതിവിപുലമായ ഒരു യത്നവും രാഷ്ട്രീയനേതാക്കളിൽ നിന്നു മഹാമനസ്കതയും ഉണ്ടായാൽ, അത് അടുത്ത കുറെ വർഷങ്ങൾക്കകം നമ്മുടെ വ്യാവസായികോല്പാദനത്തെ ഉച്ചകോടിയിലെത്തിക്കുകയും, നമ്മെ ഇന്നത്തെ ദയനീയമായ സ്ഥിതിയിൽ നിന്നു രക്ഷിക്കുകയും ചെയ്യും. വ്യവസായവികസനത്തിലെ പ്രയാസങ്ങളെ അതിവേഗം തരണം ചെയ്ത് മുന്നോട്ട് പോയാൽ മാത്രമേ ഭാവിയിൽ പല പുതിയ പ്രശ്നങ്ങളുണ്ടായാലും അവയിൽ മുങ്ങി നശിക്കാതെ നമുക്ക് നിലനിൽക്കാൻ കഴിയുകയുള്ളു.

എൻ. ജെ. നായർ

# 15

## കേരളത്തിലെ മരവ്യവസായങ്ങൾ

ലോകത്തിലെ മുഖ്യപ്രകൃതിവിഭവങ്ങളിലൊന്നും പുനർലഭ്യത സാധ്യമായതും എല്ലാ രാജ്യങ്ങൾക്കും ഉള്ളതും അല്ലെങ്കിൽ അവസ്ഥ സൃഷ്ടിക്കാൻ കഴിവുള്ളതുമായ ഒന്നാണ് മരത്തടി. കേരളത്തിൽ ആയാസരഹിതമായി ലഭിക്കാവുന്ന ഒരൊററ അസംസ്കൃതവിഭവമാണ് തടി. അതു കൊണ്ടു് അതിന്നു രാജ്യത്തിൻെറ സാമ്പത്തികവളർച്ചയുമായി അഭേദ്യമായ ബന്ധമുണ്ടെന്നു പറയുന്നതു് ഒട്ടും തന്നെ അതിശയോക്തിപരമല്ല.

കേരളത്തിലെ തേക്കിനു് ഗണ്യമായ പ്രിയം ഉണ്ടായിരുന്നുവെന്നു നമുക്കറിവുള്ളതാണ്. എന്നാൽ വനപ്രദേശങ്ങളുടെ വിസ്തൃതഭാഗങ്ങളിൽ നിന്നും ഇവ നിർമാർജനം ചെയ്യപ്പെട്ടിരിക്കുന്നു. തേക്കു് കപ്പൽനിർമാണത്തിന്നു് ഏററവും പററിയതാണെന്ന മാത്രമല്ല, മരത്തടി ഉപയോഗിക്കുന്ന എല്ലാ സുപ്രധാനകാര്യങ്ങൾക്കും അതുപയോഗിക്കാവുന്നതാണെന്നു കണ്ടെത്തി. തേക്കിൻെറ ലഭ്യത കുറഞ്ഞപ്പോൾ അതു നികത്തേണ്ടതിൻെറയും, ഭാവിയിൽ അതിൻെറ ലഭ്യത അവിരാമം തുടരേണ്ടതിൻെറയും ആവശ്യകതയെക്കുറിച്ചു ബോധ്യമായി. ഇതു് ശാസ്ത്രീയപഠനത്തിലേക്കും തേക്കിൻതോട്ടം വെച്ചുപിടിപ്പിക്കുന്നതിൽ വിജയം സുനിശ്ചിതമാക്കുന്നതിന്നു് ചെലവു കുറഞ്ഞതും വിശ്വസനീയവുമായ ഒരു സമ്പ്രദായം ആവിഷ്കരിക്കുന്നതിലേക്കും നയിച്ചു. നിരവധി ഏക്കർ സ്ഥലത്തു് തേക്കിൻതോട്ടം വെച്ചുപിടിപ്പിക്കപ്പെട്ടു.

പിന്നീടുണ്ടായ വർഷങ്ങളിൽ മററു വൃക്ഷങ്ങളിലും പരീക്ഷണങ്ങൾ നടത്തുകയും, ഒരു ഫലം മറെറാന്നിലേക്കു നയിക്കുകയും ചെയ്തു. പൊതുശാസ്ത്രവും സാങ്കേതികശാസ്ത്രവും വികസിക്കുകയും അതിൻെറ ഫലമായി മരത്തടിക്കു നിരവധി ഉപയോഗങ്ങൾ കണ്ടെത്തുകയുമുണ്ടായി. തേയിലവ്യവസായത്തിൻെറ വികസനം മൂലം, വില കുറഞ്ഞതെങ്കിലും, ബലമുള്ള പാക്കിംഗ് പെട്ടികൾ ആവശ്യമായി വന്നപ്പോൾ അതു് പ്ലൈവുഡ്ഡിൻെറ വികസനത്തിലേക്കു് വഴിതെളിയിച്ചു. ഈ സമ്പ്രദായം മെച്ചപ്പെട്ടതിൻെറ ഫലമായി മററു പല രീതികളും കണ്ടുപിടിക്കപ്പെട്ടു. തുടർന്നു് മികച്ച ഗുണമുള്ള, അടുക്കുകളോടു കൂടിയ ഒരു തരം മരം ഉപയോഗത്തിൽ വന്നു. പ്ലൈവുഡ്ഡു് അലങ്കാരങ്ങൾക്കായി ഉപയോഗിക്കാമെന്നു കണ്ടുപിടിച്ചതിൻെറ ഫലമായിട്ടാണു് റോസ്

വുഡ്ഡ് ഇന്നു് അലങ്കാരരംഗത്തു് പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. പ്ലൈവുഡ്ഡിന്റെ തൊലിയുരുന്ന സമ്പ്രദായം കണ്ടുപിടിക്കപ്പെട്ടപ്പോൾ അതു് കുറഞ്ഞ ചെലവിൽ, കൂടുതൽ വേഗത്തിൽ തീപ്പെട്ടി ഉല്പാദിപ്പിക്കുന്നതിനുള്ള മാർഗമുണ്ടാക്കി.

അടുക്കുകളുള്ള മരത്തിൽ നിന്നു് ഉരിച്ചെടുത്ത ഭാഗങ്ങൾ കൊണ്ടു് പെട്ടികളും കൊള്ളികളും ഉണ്ടാക്കുന്ന സമ്പ്രദായമാണു് നമ്മുടെ തീപ്പെട്ടികൾക്കു് ഇന്നത്തെ നിലയിലെത്താൻ സഹായകമായിത്തീർന്നതു്. പക്ഷേ, മുമ്പറഞ്ഞ രണ്ടു വ്യവസായങ്ങൾക്കും കട്ടി കുറഞ്ഞ മരം ആവശ്യമായിരുന്നതിനാൽ, ഇവ തമ്മിൽ ഒരു കടുത്ത മത്സരമുണ്ടായി. ഈ രണ്ടു വ്യവസായങ്ങളുടെയും ആവശ്യങ്ങൾ തമ്മിൽ ഒരു സമതുലിതാവസ്ഥ സൃഷ്ടിക്കത്തക്ക വണ്ണം ഇന്നും അവ അനുരഞ്ജനത്തിലെത്തിയിട്ടില്ല. പക്ഷേ, തീപ്പെട്ടിവ്യവസായത്തിന്നാവശ്യമായ സോഫ്റ്റ്‌വുഡ്ഡിനു (കട്ടി കുറഞ്ഞ മരം) പകരമായി മററു വസ്തുക്കൾ ഉപയോഗിക്കുവാൻ കഴിയുന്ന വിധം ഇന്നു് പ്ലൈവുഡ്ഡ്‌വ്യവസായം അഭിവൃദ്ധിപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

അതു കൊണ്ടു് വനവിഭവങ്ങൾ എല്ലാ മേഖലകളിലേയ്ക്കും നുഴഞ്ഞു കയറിയിരിക്കുന്നു. അവയ്ക്കുള്ള ആവശ്യം, വ്യാവസായിക-സാമ്പത്തികവളർച്ചയുമായി പല പല മാർഗങ്ങളിലൂടെയും ബന്ധപ്പെട്ടിരിക്കുന്നു. ആവശ്യത്തെ നേരിടാൻ സാധിക്കാത്തിടത്തോളം ഉപഭോഗം വർധിച്ചു വരുന്നതിനാൽ, ബദൽവസ്തുക്കൾ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുകയാണു്. ലോകത്തെമ്പാടും ആവശ്യത്തിലുണ്ടായിട്ടുള്ള വർധനവു് ഇപ്രകാരമാണു്.

| | 1950–52 | 1965 | 1975–ലെ ലക്ഷ്യം |
|---|---|---|---|
| സാൻവുഡ്ഡ് ക്യൂബിക്ക് മീററർ * | 266·1 | 368·7 | 427 |
| പ്ലൈവുഡ്ഡ് ക്യൂബിക്ക് മീററർ * | 6·8 | 24·0 | 76 (ആകെ) |
| ഫൈബർ ബോർഡു് മെട്രിക്ക്ടൺ | 2·2 | 6·1 | |
| പാർട്ടിക്കിൾ ബോർഡു് | 0·04 | 5·2 | |
| കടലാസ് നിർമാണം ക്യൂബിക്ക് മീററർ * | 44·3 | 95·8 | 162 |
| റൗണ്ട്‌വുഡ്ഡ് ക്യൂബിക്ക് മീററർ | 129·2 | 116·4 | 185 |

* ദശലക്ഷക്കണക്കിൽ.

ഒരു ആഗോളഅസംസ്കൃതവിഭവമെന്ന നിലയ്ക്കു് മരത്തടിയുടെ ഉപഭോഗം 1043 ദശലക്ഷം ക്യൂബിക്ക് മീറററിൽ നിന്നു് 1493 ദശലക്ഷം ക്യൂബിക്ക് മീററർ ആയി വർധിക്കുമെന്നാണു് കണക്കാക്കപ്പെടുന്നതു്. ലോകത്തിൽ വ്യാവസായികാവശ്യത്തിനുള്ള മരത്തടിയുടെ ഉപഭോഗം മുമ്പുണ്ടായിരുന്നതിനേക്കാൾ ത്വരിതഗതിയിൽ ഉയർന്നു വരികയാണു്. ഇതു് വനങ്ങളുടെ മേൽ നിരവധി ആവശ്യങ്ങൾ നിർവഹിപ്പിക്കുന്നതിനുള്ള സമ്മർദം ചെലുത്താനിടയാക്കുന്നുണ്ടു്. മരത്തടിക്കുള്ള ആവശ്യം, അന്താരാഷ്ട്രവ്യാപാരം മുഖേന നേരിടേണ്ടിയിരിക്കുന്നു.

ആഭ്യന്തരവും സാർവദേശീയവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള ഒരു ഉല്പാദനനയത്തെക്കുറിച്ച് പുനർവിചിന്തനം നടത്തുന്നതിന്നും, അങ്ങനെയൊന്ന് ആവിഷ്കരിക്കുന്നതിനുമുള്ള സമയം സമാഗതമായിക്കഴിഞ്ഞിരിക്കുന്നു. വികസനത്തിനു വേണ്ടിയുള്ള ഇത്തരമൊരു നയം, മരത്തടിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, അവയുടെ ഉല്പാദനശക്തി, ഉല്പാദനാവശ്യങ്ങൾ എന്നിവയെ കൃത്യമായി കണക്കിലെടുക്കേണ്ടതുണ്ട്. ആഭ്യന്തരവിതരണം, ആവശ്യം എന്നിവയെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിന്നു പുറമെ, മരത്തടിയുടെയും അതിൽ നിന്നുള്ള ഉല്പന്നങ്ങളുടെയും സാർവദേശീയവ്യാപാരത്തിലെ പ്രവണതകളെ പരിശോധിക്കേണ്ടതും ആവശ്യമാണ്. കാരണം രാജ്യത്തിലെ മരത്തടിവ്യവസായത്തിൻെറ മേൽ ഇതിന്ന് സ്വാധീനം ചെലുത്താൻ കഴിയും. ആവശ്യത്തെ സംബന്ധിച്ചുള്ള വ്യക്തമായ ധാരണ, അളവ്, വിലകൾ എന്നിവയോട് ബന്ധപ്പെട്ടു കൊണ്ടുള്ള ആവശ്യത്തിൻെറ ക്രമത്തെക്കുറിച്ച് പ്രവചനം നടത്താനുള്ള കെൽപ്പുണ്ടാക്കിക്കൊടുക്കുന്നു. ഇതു് കൂടുതൽ ആസൂത്രണത്തിന്നും വികസനത്തിന്നും സഹായകമായിത്തീരും.

നിർഭാഗ്യവശാൽ ഈ സംസ്ഥാനത്തു് മരവ്യവസായത്തിൻെറ സ്ഥിതിയെക്കുറിച്ച് കൃത്യമായി വിവരം ശേഖരിക്കാൻ നമ്മുടെ കൈവശം സാമഗ്രികളൊന്നുമില്ല. എന്തായാലും, കേരളത്തിൽ മരത്തടിയടിസ്ഥാനമാക്കിയുള്ള വ്യവസായം നാലാം സ്ഥാനത്താണ് നില്ക്കുന്നതു് എന്ന് നമുക്കറിയാം. ഈർച്ചമില്ലുകൾക്ക് എട്ടാം സ്ഥാനമാണുള്ളതു്. ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ കശുവണ്ടി, പരുത്തി, ഇഷ്ടികനിർമാണം എന്നിവക്കും അഞ്ചും ആറും ഏഴും സ്ഥാനങ്ങൾ തേയില, കയർ, അച്ചടി എന്നിവക്കുമാണുള്ളതു്. കയറ്റുമതിവ്യാപാരത്തിൽ തടിക്കു പത്താം സ്ഥാനം കിട്ടുന്നു. അതു കൊണ്ട് സംസ്ഥാനത്തെ സമ്പദ്ഘടനയിൽ പരമപ്രാധാന്യമർഹിക്കുന്ന ഒന്നാണ് മരവ്യവസായമെന്ന് ഇതിൽ നിന്നും തെളിയുന്നു.

പക്ഷേ, ഈ വ്യവസായത്തിൻെറ വികസനത്തിന് ശരിക്കുള്ള ആസൂത്രണം നടത്തുക പ്രയാസകരമായിത്തീർന്നിട്ടുണ്ട്. എന്തു കൊണ്ടെന്നാൽ നമുക്ക് താഴെ പറയുന്ന കാര്യങ്ങളെ കുറിച്ച് ഒന്നുമറിയില്ല.

1. ഉപഭോക്തൃമേഖലയുടെ വികസിതാവസ്ഥ.
2. മരത്തടിയുടെ ഉപയോഗവും ഓരോ വിഭാഗത്തിലുള്ള പ്രവർത്തനവും തമ്മിൽ ഉള്ള സാങ്കേതികവും അതിനോടനുബന്ധിച്ചുള്ളതുമായ ബന്ധങ്ങൾ.
3. മരത്തടിയിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വില.
4. അസംസ്കൃതവിഭവത്തിൻെറ പരമാവധി ഉപയോഗം, അതായതു് ഉപയോഗിക്കാവുന്ന മരത്തടിയുത്പന്നങ്ങളെല്ലാം കണ്ടെത്തൽ.

ലഭ്യമായ തുച്ഛസ്ഥിതിവിവരങ്ങൾ രണ്ടു സുപ്രധാനവ്യവസായങ്ങളുടെ, അതായതു് പ്ലൈവുഡ്—തീപ്പെട്ടിവ്യവസായങ്ങളുടെ, മേൽ അല്പം വെളിച്ചം വീശുന്നുണ്ട്.

കേരളത്തിലൊട്ടാകെ പ്ലൈവുഡ് വ്യവസായം ഒന്നര കോടി രൂപയുടെ ചരക്ക് ഉല്പാദിപ്പിക്കുന്നുണ്ട്. 82 ലക്ഷം ചതുരശ്രമീററർ ഉല്പാദിപ്പിക്കുവാനുള്ള ശേഷി ഉണ്ടെങ്കിലും, ആ ശേഷിയുടെ 43·2% മാത്രമേ ഉപയോഗിക്കുന്നുള്ളൂ. 56·3% ഉപയോഗപ്പെടുത്താതിരിക്കാനുള്ള കാരണം അസംസ്കൃതവിഭവങ്ങളുടെ മുഖ്യമായും സംസ്കരിച്ച മരത്തിന്റെ-ദൗർലഭ്യമാണെന്നും പറയപ്പെടുന്നു. തീപ്പെട്ടിവ്യവസായത്തെ സംബന്ധിച്ചിടത്തോളം 172 ലക്ഷം രൂപയുടെ ഉല്പാദനം നടത്തുന്നുണ്ടെങ്കിലും, ഉപയോഗിക്കപ്പെടുന്ന ശേഷി 48·4% മാത്രമാണ്. ഈ രണ്ടു വ്യവസായങ്ങൾക്കുമായി വിപുലമായ ഒരു വികസനപദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. 1980–81 ആകുമ്പോഴേയ്ക്കും പ്ലൈവുഡിന്റെ ഉല്പാദനം 120 ലക്ഷം ചതുരശ്രമീററർ ആയി വർധിപ്പിക്കാനാണുദ്ദേശം. തീപ്പെട്ടിവ്യവസായത്തിന്നും തത്തുല്യമായ ഒരു വികസനപദ്ധതിയുണ്ട്.

വളരെ വേഗത്തിൽ ലാഭം നേടാനുള്ള വ്യഗ്രതയോടെ, വ്യാവസായിക അസംസ്കൃതവിഭവങ്ങളുടെ ലഭ്യതയെ കുറിച്ച് ദീർഘവീക്ഷണമില്ലാതെ, അതിന്റെ പുനർലഭ്യതയെക്കുറിച്ച് ആശങ്കയില്ലാതെ, കൂടുതൽ മരം തേടുന്നതിൽ നിർബന്ധം പ്രകടിപ്പിക്കുകയാണു ചെയ്തതു്. ആവശ്യത്തിനു വേണ്ട മരത്തടി ലഭിക്കുമെന്ന മോഹനസ്വപ്നത്തോടെ വ്യവസായഘടകങ്ങൾ സ്ഥാപിക്കപ്പെട്ടു. എന്നാൽ വനംവകുപ്പ് ഇക്കാലമത്രയും നൽകി വന്നിരുന്ന അസംസ്കൃതവിഭവങ്ങൾ കൂടി ഭാവിയിൽ നൽകാൻ സാധ്യമല്ലെന്ന നില ഇപ്പോൾ വന്നിരിക്കുന്നു. ഈ വ്യവസായങ്ങളുടെ തുടർച്ചയായുള്ള നിലനിൽപ്പും വികസനവും പരമപ്രാധാന്യമുള്ളതാണ്. തുടർച്ചയായുള്ള നിലനിൽപ്പ് താഴെ പറയുന്ന രണ്ടു മാർഗങ്ങളിൽ ഏതെങ്കിലുമൊന്നിലൂടെ സാധിക്കാം. (എ) പ്രിയമുള്ള വൃക്ഷങ്ങളുടെ വർഗം നട്ടുപിടിപ്പിക്കുക. (ബി) വ്യവസായങ്ങളിൽ ബദൽവസ്തുക്കൾ സ്വീകരിക്കുക. പ്ലൈവുഡിനെ സംബന്ധിച്ചിടത്തോളം, തേക്ക്, റോസ്‌വുഡ് എന്നിവ പോലുള്ള കട്ടപ്പം കൂടിയ മരത്തരം ഉഴിഞ്ഞു് അലങ്കരണത്തിന് ഉപയോഗിക്കാവുന്ന പ്ലൈവുഡാക്കി മാററാമെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം പ്ലൈവുഡിന് വലിയ പ്രിയം കാണുന്നു. കാരണം ഒരു തുണ്ട് ശുദ്ധമായ തേക്കോ റോസ്‌വുഡോ ആയി താരതമ്യപ്പെടുത്തുമ്പോൾ ഇതു് ഏററവും മികച്ച മരമാണ്. സൗകര്യവും വിലക്കുറവുമുണ്ട്. ആവശ്യമുള്ള ഒരു പ്രത്യേകമരം കിട്ടാനില്ലെങ്കിൽ ബദൽമരം കണ്ടുപിടിക്കുന്നതും അത്യാവശ്യമാണ്. ആ മാററമാകട്ടെ കൂടുതൽ ലാഭകരവും കയററുമതി വർധിപ്പിക്കുന്നതുമായിരിക്കും. പ്രാസംഗികമായിപ്പറയട്ടെ, ചായപ്പൊടി നിറയ്ക്കുന്ന പെട്ടിയും വില ചുരുങ്ങിയ പ്ലൈവുഡും ഉണ്ടാക്കുന്നതിന്ന് ഉപയോഗപ്പെടുത്തുന്ന മരത്തരം അതിന് വേണ്ടി ഉപയോഗിക്കാതെ നീക്കിവയ്ക്കുകയാണെങ്കിൽ, തീപ്പെട്ടിവ്യവസായത്തിന്നു് അതു് സഹായകരമായിത്തീരും. നമ്മുടെ കയററുമതി പരിശോധിക്കുകയാണെങ്കിൽ റോസ്‌വുഡ് (ഉരുണ്ട തടികൾ) അധികവും കയററിപ്പോകുന്നതു് ഇററലി, ജപ്പാൻ തുടങ്ങിയ വിദേശമാർക്കററുകളിലേയ്ക്കാണെന്നു കാണാം. അലങ്കാരത്തിനുള്ള പ്ലൈവുഡ നിർമാണം നാം ആരംഭിച്ചാൽ, ഇന്നു് ഉരുണ്ട തട്ടി

കൾ കയററി അയയ്ക്കുമ്പോൾ ലഭിക്കുന്നതിനേക്കാൾ വിദേശനാണയം നമുക്കു് ലഭിക്കും.

പ്ലൈവുഡ്‌വ്യവസായങ്ങൾ വ്യാപാരത്തിനും അലങ്കാരത്തിനുമുള്ള പ്ലൈവുഡ്‌നിർമാണത്തിലേയ്ക്കു് മാറിയാൽ മാത്രം പോര. ഇപ്പോൾ ഉപയോഗിച്ചു വരുന്ന വൃക്ഷവർഗങ്ങളെ മാത്രം ആശ്രയിക്കാതെ, മററു മരങ്ങളും അവർ പരീക്ഷിക്കേണ്ടതുണ്ടു്. കൂടുതൽ പ്രിയമുള്ള വൃക്ഷങ്ങളുടെ തോട്ടം ഗവണ്മെൻറു് വെച്ചു പിടിപ്പിക്കേണ്ടതായി വരും. ഇന്ത്യയിൽ വ്യവസായത്തിനുള്ള മരത്തടിയുടെ മിക്ക ഭാഗവും ഗവണ്മെൻറുവനങ്ങളിൽ നിന്നാണു് ലഭിക്കുന്നതു്. വിപുലമായ തോതിൽ തോട്ടങ്ങൾ നട്ടു പിടിപ്പിച്ചു കൊണ്ടു് ഇതു് തുടർന്നു നിലനിർത്തേണ്ട ചുമതലയും ഗവണ്മെൻറിനുണ്ടു്.

ഒരു ന്യൂസ്‌പ്രിൻറു് മിൽ സ്ഥാപിക്കുന്നതിനെ കുറിച്ചു് കേരള ഗവണ്മെൻറു് ഗൗരവമായി ആലോചിച്ചു വരികയാണു്. ഇതിനു് വിപുലമായ തോതിൽ വച്ചുപിടിപ്പിക്കുന്ന യൂക്കാലിപ്‌ററ്‌സു് മരങ്ങൾ ആയിരിക്കും ഉപയോഗിക്കപ്പെടുക. മില്ലിന്റെ ഉല്പാദനശേഷി പിന്നീടു് മൂന്നു മടങ്ങായി വർധിക്കുന്നതു് സാധ്യമാക്കാൻ, തോട്ടങ്ങളെ വിപുലപ്പെടുത്താൻ വനംവകുപ്പിനു് വമ്പിച്ചൊരു പദ്ധതിയുണ്ടു്. അതിവിപുലമായ പദ്ധതിയാണിതു്. അതു് നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്തിനു് വലിയൊരു നേട്ടമായിത്തീരും. വ്യവസായികളും വനംവകുപ്പും കൂടി ശ്രദ്ധാപൂർവം നടത്തിയ ആസൂത്രണത്തിലൂടെയാണു് ഈ പദ്ധതി സാധ്യമായിത്തീർന്നിട്ടുള്ളതു്. ഇതു പോലെ ശ്രദ്ധാപൂർവം നടത്തുന്ന മറെറാരു ആസൂത്രണം, ദേശീയസമ്പദ്‌വ്യവസ്ഥയ്ക്കു് നിലവിലുള്ള ഏതേതു് വ്യവസായങ്ങളാണു് മററുള്ളവയേക്കാൾ കൂടുതൽ പ്രധാനപ്പെട്ടവയെന്നും കേരളത്തിന്റെ ശരിയായ വികസനത്തിനു് ഇവയെ എങ്ങനെ വളർത്തി എടുക്കാമെന്നും മനസ്സിലാക്കാൻ നമുക്കു സഹായമായിത്തീരും.

എ. എസ്. അനന്തസുബ്രഹ്മണ്യൻ

# 16

## തൊഴിലില്ലായ്മപ്രശ്നത്തിന്റെ ചില വശങ്ങൾ

ഇന്ത്യയിലെ, പ്രത്യേകിച്ചും കേരളത്തിലെ ഇന്നത്തെ ഏററവും ഗൗരവമേറിയ ഒരു സാമൂഹ്യപ്രശ്നമാണ് തൊഴിലില്ലായ്മ. തികച്ചും സാമ്പത്തികമായ വീക്ഷണത്തിലൂടെയല്ല, സാമൂഹ്യമായ കാഴ്ചപ്പാടിലൂടെയാണ് ഈ പ്രശ്നത്തെ വീക്ഷിക്കേണ്ടതു്. സാമ്പത്തികഘടകങ്ങളാണ് ഈ വിഷയത്തിൽ സ്ഫുരിച്ചു നില്ക്കുന്നതു്. മററു ഘടകങ്ങളും അവഗണിക്കത്തക്കതല്ലെങ്കിലും ഒരു രോഗിയുടെ രോഗത്തിന്റെ വിവിധ ഭാവങ്ങൾ മനസ്സിലാക്കി രോഗനിർണയം നടത്തിയാൽ മാത്രമേ ശരിയായ പ്രതിവിധി കണ്ടുപിടിക്കുവാൻ സാധിക്കുകയുള്ളു. തൊഴിലില്ലായ്മപ്രശ്നത്തിന്റെ വിവിധ ഘടകങ്ങളെ അവഗണിക്കാതെ ശരിക്കും പരിശോധിച്ചാൽ മാത്രമേ ഈ പ്രശ്നം എത്ര മാത്രം ഗുരുതരമാണെന്നു മനസ്സിലാക്കുന്നതിനും പരിഹാരം കണ്ടുപിടിക്കുന്നതിനും സാധിക്കുകയുള്ളു. ഇന്ത്യക്കു് പൊതുവെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രശ്നങ്ങളിൽ നിന്നു് ഭിന്നമല്ല കേരളത്തിന്റെ പ്രശ്നങ്ങൾ. തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന്റെ കാര്യത്തിലും ഇതു ശരിയാണു്. ഇന്ത്യയിലെ മററു ഭാഗങ്ങളിലെ സ്ഥിതിയെ അപേക്ഷിച്ചു്, വിവിധകാരണങ്ങൾ കൊണ്ടു്, തൊഴിലന്വേഷകരുടെ പ്രശ്നം കേരളത്തിൽ കൂടുതൽ ഗൗരവാവഹവുമാണ്. പെട്ടെന്നു് പരിഹാരം കാണാതിരുന്നാൽ രക്തച്ചൊരിച്ചിലും അക്രമവും സൃഷ്ടിക്കുവാൻ പര്യാപ്തമായ രീതിയിൽ വഷളായിരിക്കുകയാണു് ഈ പ്രശ്നം. മാർക്സിയൻ സിദ്ധാന്തം അനുസരിച്ചു് 'പരിമാണപര'മായ വ്യതിയാനങ്ങൾ ചില പ്രത്യേകസാഹചര്യത്തിലെത്തുമ്പോൾ 'ഗുണപര'മായ വ്യതിയാനങ്ങൾ ഉണ്ടാകും. ഉദാഹരണമായി, ഊഷ്മാവു് കൂടുമ്പോൾ 'ഖര' രൂപത്തിലുള്ള മഞ്ഞുകട്ടി ഉരുകി ദ്രാവകാവസ്ഥയിൽ ജലമായി മാറുന്നു. ഊഷ്മാവു് വീണ്ടും വർധിച്ചു് 100 ഡിഗ്രി സെൻറിഗ്രേഡിലെത്തുമ്പോൾ ദ്രാവകാവസ്ഥയിലുള്ള ജലം, വാതകരൂപത്തിലുള്ള നീരാവിയായി മാറും. വികസനത്തിന്റെ വിവിധ മേഖലകളിലാണു് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ. ബംഗാളിൽ നിന്നും കേരളത്തിൽ നിന്നും ആന്ധ്രപ്രദേശത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വിപ്ലവത്തിന്റെയും അക്രമത്തിന്റെയും മുഴക്കങ്ങൾ ഉയർന്നു കേൾക്കുന്നുണ്ടു്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കൂടുതൽ ദുരിതങ്ങൾ ഉള്ളതിനാലല്ല ഈ സംസ്ഥാനങ്ങളിൽ നിന്നും ഇങ്ങനെ ഭീഷണി ഉയർന്നു കേൾ

ക്കുന്നതു്. പ്രത്യുത, സമൂഹത്തിലെ വർധമാനമായ വ്യതിയാനങ്ങൾ ഒരു പ്രത്യേകഅവസ്ഥയിൽ എത്തിയിരിക്കുന്നതിനാലാണു്. ഈ സാഹചര്യം ഇനിയും മോശമായാൽ വൻപിച്ച കോളിളക്കം, പരിവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന ഒരു മുന്നേററം ഉണ്ടാകാതിരിക്കില്ല. ഇന്ത്യയിൽ പൊതുവെയും, കേരളത്തിൽ പ്രത്യേകിച്ചും, ഗുരുതരമായിട്ടുള്ള തൊഴിലില്ലായ്മ ഈ സാഹചര്യവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിൽ ഒന്നാണു്.

## തൊഴിലില്ലായ്മ—ഇന്ത്യയിൽ

ഒന്നാം പഞ്ചവത്സരപദ്ധതി 4·5 ദശലക്ഷം പുതിയ തൊഴിലുകൾ സൃഷ്ടിച്ചെങ്കിലും പദ്ധതി കഴിഞ്ഞപ്പോൾ 5·3 ദശലക്ഷം തൊഴിലന്വേഷകർ ഇന്ത്യയിൽ ഉണ്ടായിരുന്നു. ഇപ്രകാരം 5·3 ദശലക്ഷം തൊഴിലന്വേഷകരുമായി ആരംഭിച്ച രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് പുതിയതായി പത്തു ദശലക്ഷം തൊഴിലന്വേഷകർ കൂടി ഉണ്ടായി. അതായതു്, രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആകെ 15·3 ദശലക്ഷം തൊഴിലന്വേഷകർക്കു തൊഴിൽസാധ്യതകൾ കണ്ടുപിടിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തൊഴിൽ നൽകുവാൻ സാധിച്ചതു് 6·3 ദശലക്ഷം തൊഴിലന്വേഷകർക്കു മാത്രമാണു്. ആകയാൽ രണ്ടാം പദ്ധതിയുടെ അവസാനത്തിൽ തൊഴിലന്വേഷകരുടെ എണ്ണം ഒന്നാം പദ്ധതിയുടെ അവസാനത്തിൽ ഉണ്ടായിരുന്ന 5.3 ദശലക്ഷത്തിൽ നിന്നു് 9 ദശലക്ഷമായി വർധിച്ചു. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ 17 ദശലക്ഷം പുതിയ തൊഴിലന്വേഷകർ ഉണ്ടായി. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ അവശേഷിച്ചിരുന്ന ഒൻപതു ദശലക്ഷവും കൂടിയായാൽ തൊഴിലന്വേഷകരുടെ സംഖ്യ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ 26 ദശലക്ഷം ആയിരുന്നു. ഇതിൽ മൂന്നാം പഞ്ചവത്സരപദ്ധതി പതിനാലുദശലക്ഷം തൊഴിലന്വേഷകർക്കു് മാത്രമേ തൊഴിൽസാധ്യത ഉണ്ടാക്കിക്കൊടുത്തിട്ടുള്ളു. ഇപ്രകാരം രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ അവശേഷിച്ച തൊഴിലന്വേഷകരുടെ സംഖ്യ ഒൻപതു ദശലക്ഷത്തിൽ നിന്നു് മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ 12 ദശലക്ഷമായി വർധിച്ചു.

മൂന്നു് വാർഷികപദ്ധതികളിലും കാര്യമായി തൊഴിൽസാധ്യതകൾ ഉണ്ടായില്ല. തൊഴിലന്വേഷകരുടെ സംഖ്യ വീണ്ടും വർധിക്കുവാൻ ഇടയായി. നാലാം പഞ്ചവത്സരപദ്ധതിയിലും പുതിയ തൊഴിലന്വേഷകർ ഉണ്ടാകും. നാലാം പദ്ധതിയിലും ഇപ്രകാരം 35 ദശലക്ഷം തൊഴിലന്വേഷകർ ഉണ്ടായിരിക്കുമെന്നു് ഔദ്യോഗികമായി കണക്കാക്കപ്പെട്ടിട്ടുണ്ടു്. ഇതു് തികച്ചും കുറഞ്ഞ തോതാണു്. അഥവാ ഇതു് വളരെ ശരിയാണെന്നിരിക്കട്ടെ. എന്നാലും നാലാം പദ്ധതിക്കാലത്തു് തൊഴിലില്ലായ്മ പരിപൂർണ്ണമായും പരിഹരിക്കുവാൻ തക്ക സാധ്യതകളില്ല. മാത്രമല്ല, ചരിത്രം വീണ്ടും ആവർത്തിക്കുവാനും മൂന്നാം പദ്ധതിയുടെ അവസാനത്തിൽ അവശേഷിച്ചിരുന്ന തൊഴി

ലന്വേഷകരുടെ സംഖ്യ നാലാം പദ്ധതിയുടെ അവസാനത്തിൽ വർധിക്കുവാനും സാധ്യതയുണ്ട്.

## തൊഴിലില്ലായ്മ—കേരളത്തിൽ

ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിക്കാലങ്ങളിൽ കേരളത്തിലുണ്ടായിരുന്ന തൊഴിലന്വേഷകരെ സംബന്ധിച്ച യഥാർഥസ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല. ഇന്നത്തെ അവസ്ഥയും ഇതിൽ നിന്ന് വളരെ വ്യത്യസ്തമല്ല. എന്നാൽ ഇന്ത്യയിൽ പൊതുവെയും, കേരളത്തിൽ പ്രത്യേകിച്ചും, ഓരോ പഞ്ചവത്സര പദ്ധതി കഴിയും തോറും തൊഴിലന്വേഷകരുടെ സംഖ്യ അമിതമായി വർധിച്ചു കൊണ്ടിരിക്കുകയാണ് എന്നു വിശ്വസിക്കുവാൻ വ്യക്തമായ കാരണങ്ങൾ ഉണ്ട്.

നാലാം പദ്ധതിയുടെ 'കരടുരേഖ'യിൽ 31–7–1968–ൽ കേരളത്തിലെ തൊഴിലന്വേഷകരുടെ സംഖ്യ 7.8 ലക്ഷമായിരുന്നെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ തീയതിക്കു ശേഷം ഇതു് അസാമാന്യമായി വർധിച്ചിട്ടുണ്ട്. തൊഴിലുള്ളവരിൽ തന്നെ നല്ലൊരു വിഭാഗം ഭാഗികമായി മാത്രം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്ന വസ്തുത ഈ പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കുന്നുണ്ട്. 1965–ൽ കേരളത്തിൽ തൊഴിലുള്ളവരെ സംബന്ധിച്ച് നടത്തിയ ഒരു പഠനം അനുസരിച്ച് 25·2 ശതമാനവും ഭാഗികമായി മാത്രം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

ഇന്ത്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലന്വേഷകരായ അഭ്യസ്തവിദ്യരുടെ സംഖ്യ വലുതാണ്. കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ സംബന്ധിച്ച ഒരു പ്രത്യേകത, ഇവരിൽ ബിരുദധാരികളുടെ അനുപാതം വർധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഈ അനുപാതം 30–6–67–ൽ 4.7 ശതമാനമായിരുന്നതു് 30–6–68–ൽ 5·9 ശതമാനമായി വർധിച്ചു. മെഡിസിൻ, എൻജിനീയറിങ് എന്നിവയിൽ ബിരുദം നേടിയിട്ടുള്ളവരിലും തൊഴിലില്ലായ്മപ്രശ്നം വളരെ ഗുരുതരമായിട്ടുണ്ട്.

ഇന്ത്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലില്ലായ്മ കൂടുതൽ ഗുരുതരമാണെന്നതിനു് മറെറാരു തെളിവു കൂടിയുണ്ട്. 1961–ലെ സെൻസസ്സ് പ്രകാരം കേരളത്തിലെ ജനസംഖ്യ 169 ലക്ഷം ആണ്. ഇതിൽ ഭാഗികമായോ പൂർണമായോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഖ്യ 56.3 ലക്ഷം മാത്രമാണ്. ഇതു് ആകെ ജനസംഖ്യയുടെ 33·3% വരും. ഇവരുടെ സംഖ്യ ദേശീയതലത്തിൽ 43 ശതമാനമത്രേ.

കേരളത്തിൽ തൊഴിലില്ലായ്മപ്രശ്നം ഇത്ര ഗുരുതരമാകുവാനുള്ള കാരണങ്ങളെന്തെല്ലാമാണെന്ന് പരിശോധിക്കാം. ഒന്നാമതായി, കേരളത്തിൽ ജനസാന്ദ്രത വളരെ കൂടുതലാണ്. ഭൂപ്രദേശവ്യാപ്തിയിൽ, ഇന്ത്യയുടെ 1·27 ശതമാനം മാത്രമായ കേരളം, ജനസംഖ്യയുടെ 3·35 ശതമാനം ഉൾക്കൊള്ളുന്നു. കേരളത്തിലെ ജനസാന്ദ്രത, 1961–ലെ സെൻസസ്സ് അനുസരിച്ച് ഒരു ചതുരശ്രകി

ലോമീററിന് 435 ആണ്. എന്നാൽ ഇന്ത്യയിൽ പൊതുവിൽ ഇതു് 138 മാത്രമാണ്. ഇതു കാരണം, ഓരോ വ്യക്തിയും ഭൂമിയും തമ്മിലുള്ള അനുപാതം കുറയുകയും ആളോഹരിവിഭവങ്ങൾ പരിമിതപ്പെടുകയും ചെയ്യുന്നു. രണ്ടാമതായി, ജനസംഖ്യാവർധനയുടെ നിരക്കും കേരളത്തിൽ കൂടുതലാണ്. 1951 മുതൽ 1961 വരെയുള്ള ഒരു ദശാബ്ദത്തിനുള്ളിൽ കേരളത്തിലെ ജനസംഖ്യ 24·76 ശതമാനം വർധിച്ചു. ഇതേ ഘട്ടത്തിൽ ഇന്ത്യയിൽ മൊത്തത്തിലുണ്ടായ ജനസംഖ്യാവർധന 21·5 ശതമാനം മാത്രമായിരുന്നു.

വ്യവസായവൽക്കരണത്തിലേയ്ക്കുള്ള ഗതിയുടെ മന്ദതയും തൊഴിൽസാധ്യതകളുടെ കുറവും ആണ് കേരളത്തിൽ തൊഴിലില്ലായ്മ വർധിക്കുന്നതിൻെറ പ്രധാനകാരണങ്ങൾ. അതു് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേകസഹായം നല്കി വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തികഅസമത്വം തുടച്ചുമാററുവാനുള്ള ഒരു പരിപാടിക്ക് കേന്ദ്രഗവണ്മെൻറ് രൂപം നൽകിയിട്ടുണ്ട്. വിവിധ പ്രദേശങ്ങളുടെ സമതുലിതാവസ്ഥയിലുള്ള വികാസമെന്ന ആശയത്തിന് പഞ്ചവത്സരപദ്ധതികളിലും പ്രാധാന്യം കൊടുത്തിട്ടുണ്ട്. എന്നാൽ, കേന്ദ്രഗവണ്മെൻറ് കേരളത്തെ സംബന്ധിച്ചിടത്തോളം ഈ നയം മറന്നിരിക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, ഇന്ത്യയിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കേരളത്തിൽ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും മററു പദ്ധതികൾ (projects) നടപ്പിലാക്കുന്നതിനും വേണ്ട കേന്ദ്രമൂലധനനിക്ഷേപം ഏതാണ്ട് പൂജ്യമായിരുന്നെന്നു പറയാം. രണ്ടാം പഞ്ചവത്സരപദ്ധതിയിലും ഈ ഇനത്തിൽ വലിയ നേട്ടമൊന്നും ഉണ്ടായില്ല. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ അല്പം പുരോഗതി ഉണ്ടായെങ്കിലും, കേരളത്തിൻെറ ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു് വളരെ കുറവായിരുന്നു. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം മൂലധനശേഖരം വളരെ പിന്നോക്കമാണ്. ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിൽ നിന്നോ വിദേശരാജ്യങ്ങളിൽ നിന്നോ കേരളത്തിലേയ്ക്കുള്ള മൂലധനത്തിൻെറ ഒഴുക്കും വളരെ കുറവാണ്. കേരളത്തിലെ രാഷ്ട്രീയാസ്ഥിരതയും പുരോഗതിയെ തടസ്സപ്പെടുത്തുന്നുണ്ട്. ഈ കാരണങ്ങളാൽ ദ്രുതഗതിയിലുള്ള വ്യവസായവികസനപരിപാടികൾ നിർജീവമായിപ്പോവുകയാണ് ചെയ്യുന്നതു്.

### ഒരു പുതിയ സമീപനം ആവശ്യമുണ്ട്

സ്ഥിതിവിവരക്കണക്കുകൾ കൊണ്ട് കസർത്തു് കാണിക്കുന്നതിന് ഉപരിയായി ഒരു സാമൂഹ്യപ്രശ്നമെന്ന നിലയിൽ തൊഴിലില്ലായ്മയെ നോക്കിക്കാണേണ്ടതായിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകളനുസരിച്ച് ഇന്ത്യയിലെ ജനങ്ങളുടെ ജീവിതനിലവാരം വളരെ ഉയർന്നിട്ടുണ്ട്. ദേശീയവരുമാനത്തിൽ വളരെ കൂടുതൽ വർധന ഉണ്ടായിട്ടുണ്ട്. ദേശീയവരുമാനവർധനക്ക് ആനുപാതികമായിട്ടല്ലെങ്കിലും, പ്രതിശീർഷവരുമാനവും വർധിച്ചിരിക്കുന്നു. എന്നാൽ, സാന്ദർഭികമായിഇന്ത്യയിൽ ഒരു പര്യടനം നടത്തിയ ബാദ്ഷാഖാൻ ചെയ്ത ഒരു

സാധാരണ പ്രസ്താവന ഈ സ്ഥിതിവിവരക്കണക്കുകളിലെ വസ്തുസ്ഥിതിയെ ചോദ്യം ചെയ്യുന്നതാണ്. കഴിഞ്ഞ 20 വർഷങ്ങൾക്കു ശേഷം ഇന്ത്യയിലെത്തിയ അദ്ദേഹത്തിന് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ജീവിതനിലവാരത്തിൽ യാതൊരു മാററവും കാണുവാൻ കഴിഞ്ഞില്ല. ഇന്ത്യാഗവണ്മെൻറിൻെറയും മററ് അനവധി ഏജൻസികളുടെയും സ്ഥിതിവിവരക്കണക്കുകളേക്കാൾ കൂടുതലായി, യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ഈ പ്രസ്താവനയ്ക്ക് സാധിച്ചിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകളെ ചില പരിമിതികളോടു കൂടി മാത്രമേ വീക്ഷിക്കുവാൻ സാധിക്കുകയുള്ളു എന്നതും പരമാർത്ഥമാണ്. ശരാശരിക്കണക്ക് യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നതിലേറെ മറച്ചു വെച്ചു എന്നു വരാം. പ്രതിശീർഷവരുമാനം തന്നെ കണക്കാക്കുന്നത്, ആകെ വരുമാനത്തിൻെറയും മുഴുവൻജനസംഖ്യയുടെയും ശരാശരിഅടിസ്ഥാനത്തിലാണല്ലോ. ഇതിൽ ആകെ വരുമാനം കണക്കാക്കുമ്പോൾ കൂടുതൽ വരുമാനം ഉള്ളവരും കുറഞ്ഞ വരുമാനക്കാരും എല്ലാം ഉൾപ്പെടും. ഇതിൻെറ ശരാശരി കണക്കാക്കുമ്പോൾ കിട്ടുന്ന കണക്കിന് യാഥാർത്ഥ്യവുമായി ബന്ധം ഉണ്ടായിരിക്കണമെന്നില്ല. ഇന്ത്യയിൽ ഭൂരിപക്ഷം ആളുകളുടെയും യഥാർത്ഥവരുമാനം ഗവണ്മെൻറ് കണക്കാക്കിയിട്ടുള്ള പ്രതിശീർഷവരുമാനത്തേക്കാൾ കുറവാണ്. അതു കൊണ്ട് സാമ്പത്തികപുരോഗതി കൈവരിക്കുന്ന കാര്യത്തിൽ നാം അല്പം മാത്രമേ മുന്നോട്ടു പോയിട്ടുള്ളൂ, എന്ന സത്യം അംഗീകരിക്കുകയാണ് നല്ലതു്.

അടുത്ത കാലത്തു് ഇന്ത്യ സന്ദർശിച്ച പർക്കിൻസൻെറ അഭിപ്രായം, ഇന്ത്യയിലെ സാമ്പത്തികരംഗം നിശ്ചലാവസ്ഥയിലാണെന്നാണ്. കാരണം, സ്ഥിതിസമത്വസിദ്ധാന്തവും മുതലാളിത്തവ്യവസ്ഥിതിയും കൂടിച്ചേർന്ന മൂന്നാമതൊരു വ്യവസ്ഥിതിയാണ് ഇവിടെ നാം സ്വീകരിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അമേരിക്ക, പശ്ചിമജർമനി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ മുതലാളിത്തവ്യവസ്ഥിതിയിൽ കൂടിയാണ് പുരോഗതി നേടിയതു്. എന്നാൽ, റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങൾ സ്ഥിതിസമത്വസിദ്ധാന്തം നടപ്പിലാക്കിയതിലൂടെ അസൂയാവഹമായ പുരോഗതി കൈവരിച്ചു. ഈ രണ്ട് വ്യവസ്ഥിതികൾ കൂട്ടിക്കലർത്തിയതിനാലാണ് ഇന്ത്യയുടെ പുരോഗതി തടസ്സപ്പെട്ടു നില്ക്കുന്നതു്. ആകയാൽ ഇടകലർത്തലോ കൂട്ടിമുട്ടിക്കലോ ഇല്ലാതെ ഈ രണ്ട് വ്യവസ്ഥിതികളിൽ ഏതെങ്കിലും ഒന്നു മാത്രം ഇന്ത്യയിൽ നടപ്പിലാക്കണമെന്നതാണ് അദ്ദേഹത്തിൻെറ ഉപദേശം.

പർക്കിൻസൻെറ ഈ ഉപദേശം ഒരു പരിധി വരെ ശരിയാണ്. നമ്മുടെ സാമ്പത്തികരംഗം നിശ്ചലാവസ്ഥയിലായിരിക്കുന്നതു് നാം ഒരു വ്യവസ്ഥിതി മാത്രം നടപ്പിലാക്കാഞ്ഞതിനാൽ അല്ല. ഒരു വ്യവസ്ഥിതിയിൽ നിന്നും മറെറാന്നിലേയ്ക്കുള്ള പരിവർത്തനത്തിനു് ശ്രമിച്ചതോടെ മുമ്പോട്ടു പോകാതെ രണ്ട് വ്യവസ്ഥിതികൾക്കും ഇടയിൽ തന്നെ നില്ക്കേണ്ടി വന്നതു മൂലമാണ് ഇപ്രകാരം നിശ്ചലാവസ്ഥ സംജാതമായതു്. യഥാർത്ഥപുരോഗതി കൈവരിക്കുന്നതിനു പകരം പുരോഗതിയെപ്പററിയുള്ള തെററായ മുദ്രാവാക്യങ്ങ

ളാണ്  നാം സ്വീകരിച്ചിട്ടുള്ളതു്. വെറും മുദ്രാവാക്യങ്ങൾ കൊണ്ടു മാത്രം പൊതുജനങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല. പർക്കിൻസൻ നടത്തിയ വിശകലനം തെററാണെങ്കിലും, മാറുന്ന സാഹചര്യത്തിൽ അദ്ദേഹത്തിൻെറ അഭിപ്രായം യാഥാർത്ഥ്യമായിത്തീർന്നു കൂടെന്നില്ല. അസംതൃപ്തരായ ജനങ്ങളാണ് ഇന്ത്യയിൽ ഭൂരിഭാഗവും. അവരുടെ അസംതൃപ്തിയെ ചൂഷണം ചെയ്തു് ശക്തി ഉപയോഗിച്ച് വലതുപക്ഷശക്തികൾ മുതലാളിത്തവ്യവസ്ഥിതി പുനസ്ഥാപിച്ചേക്കാം; അതുമല്ലെങ്കിൽ, സമാധാനമാർഗത്തിലൂടെ സ്ഥിതിസമത്വവ്യവസ്ഥിതി കെട്ടിപ്പടുക്കുവാനുള്ള നമ്മുടെ പ്രയത്നത്തെ തട്ടിമാററി വിപ്ലവമാർഗങ്ങൾ അവലംബിക്കുന്ന നക്സലൈററുകൾ അവരുടെ മാർഗത്തിലൂടെ സ്ഥിതിസമത്വവ്യവസ്ഥിതിക്കു് രൂപം കൊടുത്തേക്കാം.

മുതലാളിത്തവ്യവസ്ഥിതിയിൽ നിന്നു് സ്ഥിതിസമത്വവ്യവസ്ഥിതിയിലേയ്ക്കുള്ള വേഗത്തിലുള്ള പരിവർത്തനത്തിനു് തടസ്സം ഉണ്ടാക്കുന്ന ഒരു പ്രധാനവസ്തുത, ജനാധിപത്യപരവും സമാധാനപരവുമായ രീതിയിലൂടെ ഈ പരിവർത്തനത്തെ നയിക്കുന്നതിനുപയുക്തമായ ഒരു തത്വസംഹിത ഇന്നു് നിലവിലില്ല എന്നതാണ്. മുതലാളിത്തരാജ്യങ്ങൾക്കും സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം മാതൃക പറയുവാനുണ്ടെങ്കിലും, മുതലാളിത്തത്തിൽ നിന്നും സോഷ്യലിസത്തിലേയ്ക്കു് സമാധാനപരമായ രീതിയിൽ വളരുന്നതിനു് മാർഗദർശനം നല്കുന്ന ഒരു തത്വസംഹിത ഇവർക്കു രണ്ടു കൂട്ടർക്കും ഇല്ല. ഇന്ത്യയിലെ തൊഴിലില്ലായ്മപ്രശ്നത്തിനു് ശരിയായ രീതിയിൽ പരിഹാരം കണ്ടുപിടിക്കുന്നതിനു് കഴിയാതെ പോകുന്നതിൻെറ ഒരു സുപ്രധാനകാരണവും ഇതാണ്.

## ചില നിർദേശങ്ങൾ

തൊഴിലന്വേഷകർക്കു് തൊഴിൽ കണ്ടുപിടിക്കുന്നതിനുള്ള പുതിയ പദ്ധതികളെപ്പററി ഈയിടെയായി ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ ചവാനും പ്രസിഡൻറു് ശ്രീ. വി. വി. ഗിരിയും വളരെ കൂടുതൽ പ്രസംഗിക്കുന്നുണ്ടു്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പല നല്ല പരിപാടികളെപ്പററിയും അവർ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, എത്ര സമയത്തിനുള്ളിൽ ഇതു് തീർത്തും പരിഹരിക്കാം എന്നു് ഉറപ്പിച്ചു പറയുന്നതിനോ അതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനോ ഉള്ള ധൈര്യം അവർക്കു ഉണ്ടായിട്ടില്ല. കാലാവധി സൂചിപ്പിച്ചു കൊണ്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്താൽ, തൊഴിലില്ലായ്മ പരിഹരിക്കപ്പെടും എന്ന വിശ്വാസം ജനങ്ങൾക്കു് ഉണ്ടാകും. മാത്രമല്ല, അതിനാവശ്യമായ കഠിനയത്നത്തിൽ പങ്കു ചേരുന്നതിനു് ആവശ്യമായ പ്രചോദനം ജനങ്ങൾക്കു് ലഭിക്കുകയും ചെയ്യും. എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്താലും, നാലാം പഞ്ചവത്സരപദ്ധതിയിൽ തൊഴിലില്ലായ്മ പരിപൂർണ്ണമായും പരിഹരിക്കുവാൻ സാധ്യമല്ല. നാലാം പദ്ധതിയിൽ തൊഴിലില്ലായ്മ 50 ശതമാനം പരിഹരിക്കുമെന്നു് കേന്ദ്രഗവൺമെൻറു് ജനങ്ങൾക്കു് ഉറപ്പു നല്കണം; അതിനു വേണ്ടി പ്രവർത്തിക്കുകയും വേണം. മാത്രമല്ല, അഞ്ചാം പഞ്ചവത്സര

പദ്ധതിയിൽ തൊഴിലില്ലായ്മപ്രശ്നം പരിപൂർണമായും പരിഹരിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ജനങ്ങൾക്ക് ഉറപ്പ് നൽകുകയും വേണം.

'തൊഴിലില്ലായ്മയ്ക്ക് പരിഹാരം, അല്ലെങ്കിൽ വിപ്ലവം'––ഇന്ത്യയിലെ ഇന്നത്തെ സ്ഥിതിവിശേഷം ഇതാണ്. അസംതൃപ്തരായ ജനങ്ങളുടെ വികാരം ആളിക്കത്തി, നാശങ്ങൾ സൃഷ്ടിക്കുന്ന ഒരു സാഹചര്യം ഉണ്ടാകാതിരിക്കണമെങ്കിൽ, കാലാവധിയെ അടിസ്ഥാനമാക്കി പ്രശ്നം പരിഹരിക്കുന്നതിനുള്ള പരിപാടികൾക്ക് രൂപം കൊടുക്കുവാൻ കേന്ദ്രഗവണ്മെന്റ് തയ്യാറാകണം. കേരളത്തിൽ വിപ്ലവകരങ്ങളായ പ്രവർത്തനങ്ങൾ പലതും തല ഉയർത്തിത്തുടങ്ങിയിരിക്കുന്നു. ഇതിനെ മനഃശാസ്ത്രപരമായി നേരിടുന്നതിന്, നാലാം പഞ്ചവത്സര പദ്ധതിയിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ എല്ലാം ചെയ്യുമെന്നും, അതിനടുത്ത 5 വർഷങ്ങൾക്കുള്ളിൽ പരിപൂർണമായും പ്രശ്നം പരിഹരിക്കുമെന്നും ജനങ്ങൾക്ക് ഉറപ്പു നൽകുവാൻ ഗവണ്മെന്റ് തയ്യാറാകണം.

തൊഴിലില്ലായ്മപ്രശ്നം അടുത്ത പത്തു വർഷങ്ങൾക്കുള്ളിൽ പരിപൂർണമായും പരിഹരിക്കണമെങ്കിൽ, കഴിഞ്ഞ കാലത്തെ അനുഭവത്തിലൂടെ നോക്കിയാൽ, ഇന്നത്തെ പദ്ധതിയുടെ സംവിധാനത്തിൽ സമൂലമായ പരിവർത്തനം വരുത്തേണ്ടതായിട്ടുണ്ട്. മൂലധനസംഭരണം, നിക്ഷേപം എന്നിവ വർധിപ്പിക്കുക, സാങ്കേതികവൈദഗ്ധ്യം വർധിപ്പിക്കുക, കയററുമതി വർധിപ്പിക്കുക, ഇറക്കുമതി കുറയ്ക്കുക തുടങ്ങിയ പരിപാടികളിലൂടെ ദേശീയവരുമാനവും പ്രതിശീർഷവരുമാനവും വർധിപ്പിച്ച് രാജ്യത്ത് പുരോഗതി കൈവരുത്തുക എന്ന ഉദ്ദേശ്യത്തോടെ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളതാണ് ഇന്നത്തെ പഞ്ചവത്സരപദ്ധതികൾ. ഈ പരിപാടികളോടൊപ്പം തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുന്നതിന് നേരിട്ട്, ക്രിയാത്മകമായ പരിപാടികൾ കൂടി ഉൾക്കൊള്ളിക്കേണ്ടതാണ്. തൊഴിലിനു വേണ്ടിയുള്ള പദ്ധതിയെ, പുരോഗതിക്കു വേണ്ടിയുള്ള പദ്ധതിയുടെ ജീവൽഘടകമായി കണക്കാക്കണം. പിൻനിലയിൽ വർത്തിക്കുന്നതും സമ്മിശ്രസമ്പദ്‌വ്യവസ്ഥിതിയോടു കൂടിയതുമായ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ഇതു പ്രത്യേകിച്ചും ആവശ്യമാണ്. കാരണം, ഒരു ക്ഷേമരാഷ്ട്രത്തിലെയോ സോഷ്യലിസ്റ്റ്‌രാഷ്ട്രത്തിലെയോ ഗുണങ്ങൾ ഇന്ത്യയിലെ ജനങ്ങൾക്ക് ലഭ്യമല്ല. ഒരു ക്ഷേമരാഷ്ട്രത്തിൽ തൊഴിലില്ലാത്തവർക്ക് തൊഴിലില്ലായ്മവേതനവും മററ് ആനുകൂല്യങ്ങളും ലഭിക്കും. ഒരു സോഷ്യലിസ്റ്റ്‌രാജ്യത്ത് സാധാരണ സാഹചര്യത്തിൽ തൊഴിലില്ലായ്മ ഉണ്ടായിരിക്കുകയില്ല. അഥവാ ഉണ്ടായാൽ തന്നെ, തൊഴിൽരഹിതരുടെ സംരക്ഷണം രാഷ്ട്രം ഏറെറടുക്കുന്നു. ആകയാൽ, ഈ രണ്ടു വ്യവസ്ഥിതികൾ നിലവിലിരിക്കുന്ന രാഷ്ട്രങ്ങളിൽ പട്ടിണിയുടെയോ കഷ്ടപ്പാടിന്റെയോ അപകടമില്ല. എന്നാൽ, ഇന്ത്യയിലെ സ്ഥിതി വ്യത്യസ്തമാണ്. അല്പകാലത്തെ തൊഴിലില്ലായ്മ പോലും വലിയ തോതിൽ പട്ടിണിക്കും രോഗങ്ങൾക്കും മരണത്തിനും ഇടയാക്കും. കെയിൻസിന്റെ അഭിപ്രായം "ദീർഘകാല"ത്തിൽ നാമെല്ലാം മരിക്കും എന്നാണ്. എന്നാൽ ഇന്ത്യ

യിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സ്ഥിതി തുടരുവാൻ അനുവദിച്ചാൽ മരിക്കുന്നതിന് "ദീർഘകാലം" കാത്തിരിക്കേണ്ടി വരികയില്ല; ഹ്രസ്വകാലത്തിൽ തന്നെ അതു സംഭവിക്കും. ഭാവിയെപ്പററിയുള്ള ഈ അനിശ്ചിതാവസ്ഥ നമ്മുടെ തൊഴിലാളികളുടെ മനോവീര്യം നശിപ്പിക്കുന്നുണ്ട്.

അതു കൊണ്ട്, ഉല്പാദനം വർധിപ്പിക്കുക മുഖ്യലക്ഷ്യമായെടുക്കുകയും ഉല്പാദനവർധനയോടനുബന്ധിച്ച് സാന്ദർഭികമായി മാത്രം തൊഴിൽസാധ്യത വർധിച്ചാൽ മതിയെന്ന മനോഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ പദ്ധതി പരിപൂർണമായി പുനഃസംവിധാനം ചെയ്യേണ്ടതായിട്ടുണ്ട്. ഉല്പാദനം വർധിപ്പിക്കുന്നതോടൊപ്പം തൊഴിൽസാധ്യതകളും വർധിപ്പിച്ച്, തൊഴിലന്വേഷകരെ തൃപ്തിപ്പെടുത്തുന്ന മാതൃകയിലുള്ള പദ്ധതിയാണ് നമുക്കാവശ്യമായിട്ടുള്ളത്. തൊഴിൽസാധ്യത വർധിപ്പിക്കാതെ പരമാവധി ഉല്പാദനം വർധിപ്പിക്കുന്ന പദ്ധതിയോ പരമാവധി തൊഴിൽസാധ്യത വർധിപ്പിക്കുകയും ഉല്പാദനം വർധിപ്പിക്കാതിരിക്കുകയും ചെയ്യുന്ന പദ്ധതിയോ നമുക്കാവശ്യമില്ല. തൊഴിൽസാധ്യതകളും ഉല്പാദനസാധനങ്ങളുടെ അളവും പരമാവധി വർധിപ്പിക്കുക എന്നതായിരിക്കണം പദ്ധതിയുടെ ലക്ഷ്യം. ഉല്പാദനവിതരണത്തിൽ പരിപൂർണമായും നീതി പാലിച്ച് ജനങ്ങളുടെ ക്ഷേമം പരമാവധി വർധിപ്പിക്കേണ്ടതും ആവശ്യമാണ്. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം കേരളത്തിലെ തൊഴിലില്ലായ്മപ്രശ്നത്തെ നാം കൈകാര്യം ചെയ്യേണ്ടതു്.

## കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ

കൂടുതൽ ആത്മാർഥതയോടു കൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ ഇന്നത്തെ പദ്ധതി കൊണ്ടു തന്നെ കൂടുതൽ തൊഴിൽസാധ്യതകൾ കേരളത്തിൽ സൃഷ്ടിക്കുവാൻ സാധിക്കും. എന്നാൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതികളിൽ കേന്ദ്രം കേരളത്തെ അവഗണിച്ചിരുന്നു എന്ന വസ്തുത കൂടി ഓർമിക്കേണ്ടതായിട്ടുണ്ട്. രാജ്യത്തിലെ വിവിധ ഭാഗങ്ങൾ തുല്യനിലയിൽ വികസിപ്പിക്കുക, തുല്യനിലയിൽ കേന്ദ്രനിക്ഷേപം വിതരണം ചെയ്യുക എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി കേരളത്തിനുള്ള കേന്ദ്രനിക്ഷേപം വർധിപ്പിക്കേണ്ടതു് ആവശ്യമാണ്. ഇതു് വ്യവസായ-ജലവൈദ്യുത-ജലസേചനപദ്ധതികൾക്കായി ചെലവഴിക്കണം ഇതു് കൂടുതൽ തൊഴിൽസൗകര്യങ്ങൾ സൃഷ്ടിക്കും.

കയർവ്യവസായം, കശുവണ്ടിവ്യവസായം, കൈത്തറിവ്യവസായം തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങളിലെ ഉല്പാദനരീതികളിലും വ്യത്യാസം വരുത്തേണ്ടതാണ്. ഈ വ്യവസായങ്ങളിൽ ആധുനികരീതിയിലുള്ള ഉല്പാദനവ്യവസ്ഥിതി നടപ്പിലാക്കണം. ശാസ്ത്രീയമായ ഉല്പാദനരീതി നടപ്പാക്കാതെ തൊഴിലാളികൾക്ക് അർഹിക്കുന്ന ശമ്പളം നല്കുന്നതിനോ എതിരാളികൾ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുമായി നമ്മുടെ ഉല്പന്നങ്ങൾക്ക് കമ്പോളങ്ങളിൽ മത്സരിക്കുന്നതിനോ സാധിക്കുകയില്ല. (എന്നാൽ, ഇതു് ഈ വ്യവസായങ്ങളിൽ

ഇന്നു് തൊഴിൽ ചെയ്യുന്നവർക്കു് തൊഴിൽ നിഷേധിച്ചു കൊണ്ടായിരിക്കരുതു്.) ഈ വ്യവസായങ്ങളെ പരിപൂർണമായും ആധുനികരീതിയിലാക്കുന്നതിനു് വളരെ കൂടുതൽ ശ്രദ്ധിക്കുവാനുണ്ടു്. ആധുനികീകരണം സാധിക്കുന്നതിൻെറ അടിസ്ഥാനത്തിൽ ഈ വ്യവസായങ്ങളുടെ ഉല്പന്നങ്ങളെ രണ്ടായി തിരിക്കാം. ഒന്നു്, വിപണികളിൽ മററു ഉല്പാദകരുടെ വിഭവങ്ങളോടു് മത്സരിക്കേണ്ട ഉല്പന്നങ്ങൾ; രണ്ടു്, വിപണികളിൽ മാത്സര്യം താരതമ്യേന ഇല്ലാത്തവ. വിപണിയിൽ മത്സരിക്കേണ്ടി വരുന്ന ഉല്പന്നങ്ങളെ സംബന്ധിക്കുന്ന വ്യവസായം നിലനിൽക്കണമെങ്കിൽ സത്വരമായ ആധുനികീകരണം ആവശ്യമാണു്.

അതു പോലെ തന്നെ, ആധുനികീകരണം സാധിക്കുന്നതു മൂലം വളരെ കൂടുതൽ തൊഴിലാളികൾക്കു് തൊഴിൽ നഷ്ടപ്പെടുന്ന വ്യവസായരംഗങ്ങളും, വളരെ കുറച്ചു പേർക്കു മാത്രം തൊഴിൽ നഷ്ടപ്പെടുന്ന രംഗങ്ങളും ഉണ്ടു്. ഉദാഹരണമായി, കയർവ്യവസായത്തിൽ പായ, വല, പരവതാനി തുടങ്ങിയ ഉല്പന്നങ്ങൾ വിപണിയിൽ വലിയ മത്സരത്തെ നേരിടുന്നുണ്ടു്. ആകയാൽ, ഈ സാധനങ്ങളുടെ ഉല്പാദനരീതികളിൽ സാങ്കേതികവൈദഗ്ധ്യം ഉപയോഗപ്പെടുത്തുവാൻ അല്പം പോലും താമസിച്ചു കൂടാ. എന്നാൽ, കയർനാരുകളുടെ ഉല്പാദനത്തിൻെറ കാര്യത്തിൽ പ്രശ്നം കുറെക്കൂടി ലഘുവാണു്. കാരണം, കയർനാരിൻെറ ഉല്പാദനകാര്യത്തിൽ നമുക്കു ഭാഗികമായി കുത്തകയുണ്ടു്. കയർനാരു് ഉല്പാദനരംഗത്തു് വേഗത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കിയാൽ ലക്ഷക്കണക്കിനു് തൊഴിലാളികൾ തൊഴിൽരഹിതരായിത്തീരും. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇവർക്കെല്ലാം തൊഴിൽ കണ്ടുപിടിക്കുക സാധ്യമല്ല. എന്നാൽ, ഭാവിയിൽ കയർനാരു് ഉല്പാദനവ്യവസായവും യന്ത്രവൽക്കരിക്കേണ്ടതായി വരും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു് നല്ല രീതിയിൽ വേതനം നൽകുവാൻ സാധിക്കുകയില്ല.

പരമ്പരാഗതവ്യവസായങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതു മൂലം തൊഴിൽ നഷ്ടപ്പെടുന്നവർക്കു് മററു് തൊഴിൽ നല്കേണ്ടതാണു്. പകരം തൊഴിൽ നല്കുമ്പോൾ, അവർക്കു് മുൻപു് ലഭിച്ചിരുന്ന വേതനത്തിൽ വ്യത്യാസം ഉണ്ടാകുവാനും പാടില്ല. കാരണം, തൊഴിലാളികളെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം സംസ്ഥാനത്തിൻെറതാണു്. ട്രാക്ടർ ഉപയോഗിച്ചു് കാർഷികരംഗത്തു് സാങ്കേതികപുരോഗതി കൈവരുത്തുന്ന കാര്യത്തിലും ഈ തത്വം പ്രായോഗികമാക്കാവുന്നതാണു്.

ഈ രീതിയിൽ മററു തൊഴിൽസാധ്യതകൾ കണ്ടുപിടിക്കുവാൻ സാധിക്കാതെ വന്നാൽ തൊഴിൽരഹിതരായവർക്കും തൊഴിലന്വേഷകർക്കും സംസ്ഥാനഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിൻെറ സഹായത്തോടെ "ആശ്വാസപ്പണികൾ" (Relief works) നല്കണം. തൊഴിൽരഹിതരായവർക്കു് ഇപ്രകാരം നല്കുന്ന വേതനം, അവർക്കു് മുൻപു ലഭിച്ചിരുന്ന വേതനത്തിൻെറ 80 ശതമാനത്തിൽ കുറവായിരിക്കരുതു്.

എല്ലാ തൊഴിലന്വേഷകർക്കും തൊഴിൽ നൽകുവാൻ സാധിക്കുമോ? സാധാരണ ഉയർന്നു കേൾക്കാറുള്ള ഒരു ചോദ്യമാണ്, ഇതു്. 'ധനം' സംഭരിക്കുന്നതിനുള്ള സാധ്യത ഉണ്ടെങ്കിൽ, തൊഴിൽ കണ്ടുപിടിക്കുന്നതിന് പ്രയാസം ഇല്ല എന്നതാണ് ഇതിനുള്ള മറുപടി. റോഡുകൾ, കിണറുകൾ, സ്കൂൾകെട്ടിടങ്ങൾ തുടങ്ങിയവ നിർമിക്കുക, തരിശുഭൂമി കൃഷിക്കുപയുക്തമാക്കിത്തീർക്കുക മുതലായി തൊഴിൽ സൃഷ്ടിക്കുവാനുള്ള സാധ്യതകൾ കേരളത്തിൽ ധാരാളമുണ്ട്. ഈ രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതികവിഭവങ്ങൾ എളുപ്പത്തിൽ സംഭരിക്കുവാൻ കഴിയും. അതു പോലെ തന്നെ, ഈ രീതിയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആവശ്യമായ ആഹാരം, വസ്ത്രം തുടങ്ങിയവയും ഉണ്ടാക്കുവാൻ സാധിക്കും. ഇതു് തൊഴിലില്ലാത്തവരിൽ ഒരു വിഭാഗത്തിന് തൊഴിൽ നൽകുകയും ചെയ്യും. ഭൗതികവിഭവങ്ങൾ സംഭരിച്ചു കഴിഞ്ഞാൽ, വീണ്ടും ആവശ്യമായിട്ടുള്ളതു് ധനവിഭവങ്ങൾ കണ്ടുപിടിക്കുക എന്നതാണ്. ഇതു് വളരെ എളുപ്പമാണ്. കേന്ദ്രഗവണ്മെൻറു്, ബാങ്കുകളുടെ സഹായത്തോടെ, ആവശ്യമായ നാണ്യക്രമീകരണങ്ങൾ നടത്തിയാൽ സമ്പത്തു് സംഭരിക്കുവാൻ സാധിക്കും. ഇപ്രകാരം സംഭരിക്കുന്ന ധനവിഭവങ്ങളിൽ നിന്നു് സംസ്ഥാനഗവണ്മെൻറിന് ആവശ്യമായ തുക നൽകുകയും വേണം.

ജോലി ചെയ്യുന്നതിനും ജീവിക്കുന്നതിനും ഉള്ള അവകാശം നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നതിനാൽ, അതിനാവശ്യമായ സാഹചര്യം സൃഷ്ടിച്ചു കൊടുക്കുവാനുള്ള ബാധ്യത ഗവണ്മെൻറിനുണ്ട്. ആകയാൽ, തൊഴിൽ ഇല്ലാത്ത ആളുകൾക്ക്, അവരുടെ പ്രാഥമികാവശ്യത്തിന് പര്യാപ്തമായ തോതിലെങ്കിലും, തൊഴിലില്ലായ്മവേതനം നൽകുവാനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനാണ്. ഇപ്രകാരം തൊഴിലില്ലായ്മവേതനം നൽകണം എന്ന അഭിപ്രായത്തോടു് ആരും എതിർപ്പു് പ്രകടിപ്പിക്കേണ്ടതായ ആവശ്യമില്ല. തൊഴിലില്ലായ്മവേതനം നൽകേണ്ടതാണ് എന്ന ആശയം നിയമപരമായി അംഗീകരിച്ചിട്ടില്ലെങ്കിലും, ഓരോ വ്യക്തിയുടെയും നിലനില്പിന് ആവശ്യമായതു നല്കുവാനുള്ള ബാധ്യത സ്റ്റേററിനുണ്ട്. അതു കൊണ്ടു് തൊഴിൽ കണ്ടുപിടിക്കുന്നതിൽ പരാജയപ്പെട്ടവർക്കായി ഗവണ്മെൻറു് ആശ്വാസപ്രവർത്തനങ്ങൾ കൈക്കൊള്ളണം. ഇപ്രകാരം നല്കുന്ന തുക അവരുടെ ചുരുങ്ങിയ ആവശ്യങ്ങൾക്ക് തികയുന്നതും ആയിരിക്കണം. തൊഴിലില്ലായ്മവേതനം സ്വീകരിക്കുന്നതിനോടൊപ്പം തന്നെ, പകരം സ്റ്റേററിനു വേണ്ടി അല്പം ജോലി ചെയ്യുവാൻ കൂടി തൊഴിലില്ലാത്തവർ തയ്യാറാകണം. ഈ രീതിയിൽ പ്രവർത്തിച്ചാൽ രാജ്യത്തെ ഉല്പാദനം വർധിക്കുകയും ചെയ്യും. മാത്രമല്ല, തൊഴിലില്ലായ്മവേതനം നല്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ നല്ലൊരു ഭാഗം ഇപ്രകാരം ചെയ്യുന്ന ജോലിയുടെ ഫലമായി ലഭിക്കും.

ആകയാൽ, തൊഴിലില്ലായ്മപ്രശ്നത്തിൻെറ താല്ക്കാലികപരിഹാരത്തിന് ആവശ്യമായിട്ടുള്ളതു്, ആശ്വാസപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക എന്നതാണ്. ഇതു് വൻകിടനിർമാണപ്രവർത്തനങ്ങളുടെ പരിധിയിൽ ഒതുങ്ങി

നിൽക്കണമെന്നില്ല. ചെറുകിട-കുടിൽവ്യവസായങ്ങളുടെ വികസനത്തിലൂടെയും ഇതിനു് ഭാഗികമായി പരിഹാരം കാണുവാൻ സാധിക്കും.

ഈ രീതിയിൽ ഒരു പദ്ധതിക്കു് രൂപം നല്കുമ്പോൾ, തൊഴിൽ ചെയ്യുവാൻ തയ്യാറുള്ള എല്ലാ ആളുകളെയും അതിൻെറ പരിധിക്കുള്ളിൽ കൊണ്ടു വരണം. മാത്രമല്ല, ആശ്വാസപ്രവർത്തനങ്ങളിലൂടെ തൊഴിൽ നല്കുമ്പോൾ മുൻഗണന നല്കേണ്ടതു് കുറഞ്ഞ കാലയളവിനുള്ളിൽ പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കായിരിക്കണം. ഇതിനും ഉപരിയായി, ആശ്വാസപ്രവർത്തനങ്ങൾ, നേരിട്ടുള്ളതും കൃത്യമായി പ്രയോജനങ്ങൾ ഉണ്ടാക്കുന്നതും ആയിരിക്കണം. ഉദാഹരണമായി, നാം ഒരു തോട്ട് നിർമിക്കുന്നതു മൂലം 1000 ഏക്കർ ഭൂമിയിൽ ജലസേചനം നടത്തുവാൻ സാധിക്കുമെങ്കിൽ അതു മൂലം ഉണ്ടാകുന്ന പ്രയോജനം, വർധിക്കുന്ന ഉല്പാദനത്തിൻെറ അളവിനെ അടിസ്ഥാനമാക്കി കണ്ടുപിടിക്കുവാൻ സാധിക്കും. എന്നാൽ ഈ തുക മേന്മയേറിയ ഒരു വായനശാല ഉണ്ടാക്കുന്നതിനു വേണ്ടി ചെലവഴിച്ചാൽ അതിൽ നിന്നു് ലഭിക്കുന്ന പ്രയോജനം അളന്നു് കണ്ടുപിടിക്കുവാൻ സാധ്യമല്ല.

മൂലധനത്തിൻെറ കാര്യത്തിൽ പിന്നോക്കമാകയാലും, കൂടുതൽ തൊഴിൽസാധ്യതകൾ സൃഷ്ടിക്കേണ്ടതായിട്ടുള്ളതിനാലും, കുറഞ്ഞ മുതൽമുടക്കു കൊണ്ടു് കൂടുതൽ തൊഴിൽ സൃഷ്ടിക്കുവാൻ കഴിവുള്ള പദ്ധതികളായിരിക്കണം സൃഷ്ടിക്കേണ്ടതു്.

അതു പോലെ തന്നെ, കാലാകാലങ്ങളിൽ, തൊഴിലന്വേഷകരുടെ വ്യാപ്തിയിൽ വ്യത്യാസം വന്നു കൊണ്ടിരിക്കും. കാരണം, കേരളത്തിൻെറ സാമ്പത്തികരംഗം ഇന്ത്യയുടെ സാമ്പത്തികസ്ഥിതിയുമായും ഭാഗികമായി ലോകത്തിൻെറ സാമ്പത്തികരംഗവുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെയോ ലോകത്തിലെയോ സാമ്പത്തികരംഗങ്ങളിൽ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന ഘടകങ്ങളിൽ നമുക്കു് നിയന്ത്രണം ഇല്ല. ആകയാൽ ഈ രംഗങ്ങളിൽ ഉണ്ടാകുന്ന കുഴപ്പങ്ങൾ സ്വാഭാവികമായും നമ്മുടെ സാമ്പത്തികരംഗത്തെയും ബാധിക്കും. അതു കൊണ്ടു് മുഴുവൻ തൊഴിലന്വേഷകർക്കും തൊഴിൽ നല്കുവാനായി സൃഷ്ടിക്കുന്ന ഏതു് പദ്ധതിയും വേണ്ടത്ര അയവുള്ളതായിരിക്കണം. സാമ്പത്തികരംഗത്തിനു് മാററം ഉണ്ടാകുന്നതിനനുസരണമായി തൊഴിൽസാധ്യതകൾ വികസിപ്പിക്കുകയോ ചുരുക്കുകയോ ചെയ്യുന്നതിനു് സാധിക്കത്തക്ക രീതിയിലായിരിക്കണം തൊഴിൽ നല്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതു്. നമ്മുടെ സാമ്പത്തികരംഗത്തെ മററു ഘടകങ്ങളുടെ പ്രവർത്തനത്തിനു് തടസ്സം നേരിടാത്ത രീതിയിൽ, എപ്പോഴും ആരംഭിക്കാവുന്നതും തുടർന്നു പോകാവുന്നതും എപ്പോഴും അവസാനിപ്പിക്കാവുന്നതും ആയ പരിപാടികൾ ആസൂത്രണം ചെയ്താൽ സാമ്പത്തികരംഗത്തിനുണ്ടാകുന്ന മാററങ്ങൾക്കു് അനുസരണമായി തൊഴിൽ സാധ്യതകളും വ്യത്യാസപ്പെടുത്താം. ഗ്രാമറോഡുകളുടെയും കിണറുകളുടെയും നിർമാണം, കുടിൽവ്യവസായങ്ങൾ തുടങ്ങിയവ ഈ പരിപാടികളിൽ ഉൾപ്പെടുത്താം.

പ്രൊഫസർ കെ. ജെ. മാത്യൂ തരകൻ

# 17

# കേരളത്തിന്റെ വികസനത്തിനാവശ്യമായ മാനേജീരിയൽ മനുഷ്യശക്തി

വ്യവസായവല്ക്കരണം ഇന്ന് മിക്കവാറും സാർവലൗകികമായ ഒരു ലക്ഷ്യമായിത്തീർന്നിരിക്കുന്നു. ഓരോ രാഷ്ട്രവും വ്യവസായവല്ക്കരണത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതു് വികസിതരാഷ്ട്രങ്ങളുടെ കാര്യത്തിലും വികസനോന്മുഖമായ രാഷ്ട്രങ്ങളുടെ കാര്യത്തിലും ഒരു പോലെ ശരിയാണ്. വികസിതരാഷ്ട്രങ്ങൾ, അവയുടെ ഉയർന്ന ജീവിതനിലവാരം ഇനിയും മെച്ചപ്പെടുത്തുവാൻ വേണ്ടി വ്യവസായവല്ക്കരണം വിപുലമാക്കുവാനും വ്യാപിപ്പിക്കുവാനും വഴി തേടുന്നു. വികസനോന്മുഖങ്ങളായ രാഷ്ട്രങ്ങളാകട്ടെ, അവയുടെ സാമ്പത്തിക പുരോഗതിക്കുതകുന്ന ഒരു മാർഗമായി വ്യവസായവല്ക്കരണത്തെ സ്വാഗതം ചെയ്യുന്നു. ഇതിന്റെ അർഥം, പുരോഗതി ആഗ്രഹിക്കുന്ന ഒരു രാഷ്ട്രത്തിനു് വ്യവസായവല്ക്കരണം അത്യന്താപേക്ഷിതമായ ഒന്നാണെന്നാണ്.

ഈ പരിതഃസ്ഥിതിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണയത്നങ്ങൾ സ്വാഭാവികം തന്നെ. നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ ചുറ്റുപാട് ദയനീയവും നൈരാശ്യജനകവുമാണ്. നാം അതിവേഗം വ്യവസായവല്ക്കരണം സാധിക്കേണ്ടിയിരിക്കുന്നു. അസാധാരണമാം വിധം പ്രാധാന്യമർഹിക്കുന്ന വസ്തുതയാണിതു്. ലോകത്തിലെങ്ങുമില്ലാത്ത വിധം അങ്ങേയറ്റത്തെ ജനസാന്ദ്രത കേരളത്തിലുണ്ട്. തരിശായ നിലങ്ങൾ ഉപയോഗപ്രദമാക്കി വിളവ് വികസിപ്പിക്കാനുള്ള സാധ്യത നമുക്ക് തുലോം കുറവാണ്, കാർഷികരംഗത്തെ തൊഴിൽസാധ്യതയും വിരളമാണ്. തൊഴിൽരഹിതരായ വിദ്യാസമ്പന്നരുടെ ശതമാനം ഇപ്പോൾ തന്നെ സ്ഫോടനാത്മകമാം വിധം വളർന്നിട്ടുണ്ട്. അതു നിരന്തരം വർധിച്ചു കൊണ്ടുമിരിക്കുന്നു. ഓരോ വർഷവും കൂടുതൽ കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ എല്ലാ തുറകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ കൂടുതൽ കൂടുതൽ വിദ്യാർഥികൾ പഠിച്ചു വരുന്നു. എന്നാൽ, അതിനു തക്ക വിധം തൊഴിൽവികസനസാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തികനിലവാരത്തിൽ ഒരു തലത്തിലും ഉണ്ടാകുന്നുമില്ല. തന്മൂലം എണ്ണമറ്റ വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ സ്റ്റേറ്റിനെന്നല്ല നമ്മുടെ രാഷ്ട്രത്തിനാകമാനം ഏറ്റവുമധികം നീറുന്ന ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നു. ഈ സ്ഥിതിവിശേഷം ഏറ്റവും

ശോചനീയമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, ഇനി വികസനം കുത്തനെ ആകാശത്തിലേക്കും നേരെ ഭൂഗർഭത്തിലേക്കും മാത്രമേ സാധ്യമാകൂ എന്ന നിലയിലെത്തിയിരിക്കുന്നു! ഇതു് ഫലപ്രദമാക്കാൻ, അങ്ങനെ കഴിയുമെങ്കിൽ, കഴിവുള്ളിടത്തോളം വ്യവസായവല്ക്കരണത്തിൻെറ മാർഗത്തിലൂടെ അതിവേഗം മുന്നേറേണ്ടിയിരിക്കുന്നു.

നമുക്ക് ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുമോ? കഴിയുമെങ്കിൽത്തന്നെ എപ്പോാം? എങ്ങനെ? ഇതു് സംസ്ഥാനത്തിൻെറ ഭാവിയെപ്പററി ചിന്തിക്കുന്ന ഓരോ വ്യക്തിയെയും നേരിടുന്ന ഏററവും നീറുന്ന പ്രശ്നമാണ്.

വ്യവസായവല്ക്കരണത്തിനു് നമുക്ക് രണ്ടു വിധത്തിലുള്ള കഴിവുകളുടെ വികസനം ആവശ്യമാണെന്നു വരുന്നു—ബാഹ്യസമ്പത്തിൻെറ വികസനവും മാനുഷികശക്തികളുടെ വികസനവും. ബാഹ്യസമ്പത്തുകൾ വിജ്ഞാനാധിഷ്ഠിതമായ ടെക്നോളജി, മൂലധനം, ഉപകരണങ്ങളും യന്ത്രസാമഗ്രികളും, വളർന്ന ഗതാഗത-വാർത്താവിനിമയസൗകര്യങ്ങൾ, വ്യവസായം കെട്ടിപ്പടുക്കാനുള്ള മററുപാധികൾ എന്നിവയാണ്. ഇവയൊക്കെ വളരെയധികം പ്രാധാന്യമർഹിക്കുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, വ്യവസായവല്ക്കരണത്തെപ്പററി ചർച്ച ചെയ്യുമ്പോൾ അർധവികസിതരാജ്യങ്ങളിൽ മിക്കപ്പോഴും ഇത്തരം ബാഹ്യസമ്പത്തുകളുടെ കുറവിനെക്കുറിച്ച് ആവശ്യത്തിലധികം പ്രാധാന്യം നൽകി ഊന്നിപ്പറയുന്നതായി കേൾക്കാം, ഇതു് അങ്ങേയററം നിർഭാഗ്യകരമായ ഒരു സംഗതിയാണ്. ഇക്കാര്യത്തിൽ ഒട്ടും താമസം വരുത്താതെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ശരിയായ വിദ്യാഭ്യാസവും പരിശീലനവും കൊണ്ട് മനുഷ്യശക്തി വികസിപ്പിച്ചെടുക്കേണ്ടതു് ഏററവും പ്രധാനമായ വസ്തുതയാണ്. ബാഹ്യസമ്പത്തിൻെറ വികസനം അന്തിമലക്ഷ്യത്തിലേക്കുള്ള മാർഗമാണെങ്കിൽ, മനുഷ്യസമ്പത്തിൻെറ വികസനം അന്തിമലക്ഷ്യമത്രേ. മനുഷ്യസമ്പത്തു് കൂടാതെ ബാഹ്യസമ്പത്തു് വേണ്ടത്ര വികസിപ്പിച്ചെടുക്കുക സാധ്യമല്ല.

ഇതിനുള്ള കാരണം നാം ശരിക്കും മനസ്സിലാക്കണം. തീവ്രമായ വ്യവസായവല്ക്കരണം സംസ്ഥാനത്തു് സാധിക്കുവാൻ ജനങ്ങളുടെ വ്യവസായജ്ഞാനം, വൈദഗ്ധ്യം, അഭിരുചി, മനോഭാവം, മൂല്യങ്ങൾ എന്നിവയിൽ ആകെ ഒരു മാററം വേണ്ടി വരുന്നു. ഇതാണ് സാമൂഹ്യവും സാമ്പത്തികവുമായ എല്ലാ ഉന്നമനത്തിൻെറയും അടിത്തറ. കൃഷിയെ വ്യാവസായികമാർഗത്തിലേക്ക് കൊണ്ടു വരുന്ന കാര്യം തന്നെ ഇവിടെ ഉദാഹരണമായെടുക്കാം. അതിനു് കൃഷിക്കാരൻെറ സമീപനത്തിൽ (മനോഭാവത്തിൽ) വിപ്ലവാത്മകമായ പരിവർത്തനം വരുത്തേണ്ടിയിരിക്കുന്നു. അയാൾ യാഥാസ്ഥിതികപാരമ്പര്യത്തെയും, പഴക്കം ചെന്ന പ്രാകൃതസാമ്പത്തികരീതിയെയും അതിജീവിച്ചേ പററൂ. ശാസ്ത്രാധിഷ്ഠിതമായ വിദ്യാഭ്യാസം അയാളെ ബോധവാനാക്കണം. അയാൾ, പരീക്ഷണത്തിൽ ഉത്സുകനാകണം, ഉൽപാദനം വർധിപ്പിക്കാനുതകുന്ന പുതിയ ടെക്നിക്കുകൾ സ്വീകരിക്കാൻ അയാൾ സന്നദ്ധനാകണം.

വ്യവസായത്തിന്റെ കാര്യത്തിലും ഇതു് ശരിയാണു്. ശാസ്ത്രീയവും ടെക്നോളജിയെ ആസ്പദമാക്കിയുള്ളതുമായ വിദ്യാഭ്യാസത്തിന്റെ വികാസത്തിൽ നിന്നു മാത്രമേ ആവശ്യാനുസാരം വിശേഷയോഗ്യതയുററ മനുഷ്യശക്തി സംജാതമാകൂ. സാമ്പത്തികമായ വളർച്ച വരുത്തുന്ന വ്യവസായവൽക്കരണത്തിനു് ബാഹ്യസമ്പത്തും, വിദഗ്ദ്ധത്തൊഴിൽപരിശീലനവും മാത്രമല്ല ആവശ്യമായിരിക്കുന്നതു്. ജനങ്ങളെ നവീനജീവിതപഥത്തിലേക്കും ചിന്താസരണിയിലേക്കും കർമമാർഗത്തിലേക്കും കൊണ്ടുവരാൻ പററിയ പുതിയ രീതിയിലുള്ള വിദ്യാഭ്യാസം ആവശ്യമാണു്. ഇതിനെപ്പററി റോബർട്ടു് ഹെയിൽബ്രോണർ The Great Assent എന്ന തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "സാമ്പത്തികവികസനത്തിനത്യന്താപേക്ഷിതമായ മൂലധനസൗകര്യങ്ങളുണ്ടാക്കുകയെന്നതു മാത്രം കൊണ്ടു് പാമ്പര്യത്തിൽ അടിയുറച്ച ഒരു സമുദായത്തെ നവീകരിക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്താൻ സാധ്യമല്ല. ആ ത്വരിതപ്രവർത്തനത്തെ സഹായിക്കാൻ തീവ്രമായ സാമൂഹ്യപരിവർത്തനത്തിൽ കുറഞ്ഞ ഒന്നിനും സാധിക്കുകയില്ല. അതായതു്, പെരുമാററങ്ങളിൽ വമ്പിച്ച പരിവർത്തനം; സമയം, പദവി, ധനം, ജോലി എന്നിവയുടെ മൂല്യത്തെക്കുറിച്ചൊരു ലക്ഷ്യനവീകരണം (reorientation); ദൈനംദിനം ജീവിതസമ്പ്രദായത്തിന്റെ ഉടച്ചുവാർക്കൽ—തുടങ്ങിയതെല്ലാം ആവശ്യമാണെന്നർഥം.

ഹിംസാമാർഗത്തിലൂടെയുള്ള ഒരു വിപ്ലവം കൂടാതെ, ഉയർന്നതും വിപുലവുമായ ഈ മാററം വളരെ വേഗം വരുത്താൻ ഒരേയൊരു ഉപാധിയേ ഉപയോഗിക്കാനാവൂ. ശരിയായ, സുശക്തമായ വിദ്യാഭ്യാസവും പരിശീലനവുമാണു് ആ ഉപാധി. എടുത്തു കഴിഞ്ഞാൽ ഉടൻ ആഗ്രഹങ്ങൾ സഫലമാക്കിത്തരുന്ന ഒരു മാന്ത്രികവടിയല്ല അതു്; ബുദ്ധിമുട്ടുള്ള ഉപാധിയാണു്. അതു് ഫലപ്രദമാക്കാൻ മനോവീര്യവും അർപ്പണമനോഭാവവും ആവശ്യമത്രേ. വാസ്തവത്തിൽ നമുക്കു വേണ്ടതു് വിദ്യാഭ്യാസപരവും പരിശീലനവിഷയകവുമായ ഒരു വിപ്ലവമാണു്. അതു് (1) ജനതയുടെ അഭിലാഷങ്ങളെയും ആവശ്യങ്ങളെയും ജീവിതലക്ഷ്യങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ആന്തരികപരിവർത്തനമുളവാക്കും. (2) തൃപ്തികരമായ നിലവാരം നേടാവുന്ന വിധത്തിൽ ഗുണം വർധിപ്പിക്കുന്നതിൽ പുരോഗമനം സംജാതമാക്കും. (3) മനുഷ്യശക്തിയുടെ ആവശ്യകതയെ അടിസ്ഥാനമാക്കി വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ കൈവരുത്തും.

മേൽ വിവരിച്ച വികസനമാർഗത്തിനുതകുന്ന വിദ്യാഭ്യാസവും പരിശീലനവും യാഥാർഥ്യമായിത്തീരണമെങ്കിൽ, ഉപയോഗയോഗ്യമാകണമെങ്കിൽ, അവയെ ഉല്പാദനവുമായി ബന്ധിപ്പിക്കണം. അങ്ങനെ, വിദ്യാഭ്യാസവികസനം സമ്പത്സമൃദ്ധിയും തദ്വാരാ കൂടുതൽ കൂടുതൽ മൂലധനം മുടക്കാനുള്ള സൗകര്യങ്ങളും ഉണ്ടാക്കും. ഈ പ്രശ്നത്തെപ്പററി പറയുമ്പോൾ, വിദ്യാഭ്യാസക്കമ്മീഷന്റെ (1966) റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള താഴെക്കൊടുക്കുന്ന പുനഃസംവിധാനപരിപാടികൾക്കു് വളരെയേറെ മുൻഗണന നൽകേണ്ടിയിരിക്കുന്നു.

(1) വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനപരമായ ഉപാധി ശാസ്ത്രവിജ്ഞാനമായിരിക്കണം.

(2) തൊഴിൽപരിജ്ഞാനം പൊതുവിദ്യാഭ്യാസത്തിന്റെ അവിഭക്തഘടകമായിരിക്കണം.

(3) വ്യവസായം, കൃഷി, വാണിജ്യം എന്നീ മണ്ഡലങ്ങളിലെ അവശ്യകതയ്ക്കനുസരിച്ച് വിദ്യാഭ്യാസം, വിശേഷിച്ചും സെക്കൻഡറിസ്കൂൾതലത്തിൽ, തൊഴിൽപരമാക്കിത്തീർക്കണം.

(4) കൃഷിക്കും, അതുമായി ബന്ധപ്പെട്ടിരിക്കുന്ന വിജ്ഞാനങ്ങൾക്കും പ്രത്യേകം മുൻഗണന നല്കിക്കൊണ്ട് സർവകലാശാലാതലത്തിൽ ശാസ്ത്രീയസാങ്കേതികവിദ്യാഭ്യാസത്തിനും ഗവേഷണത്തിനും പ്രാധാന്യം നൽകണം.

ഈ കാര്യപരിപാടികളിൽ ഓരോന്നിന്റെയും സാധ്യതകളെക്കുറിച്ച് കമ്മിഷൻ കഴിയും വിധം ചർച്ച ചെയ്തിട്ടുണ്ട്. തൊഴിൽപരിജ്ഞാനത്തെപ്പററി അവർ പരാമർശിച്ചിട്ടുള്ളത് ഇവിടെ വിശേഷാൽ പരിഗണന അർഹിക്കുന്നു. ജീവിതവും ഉല്പാദനവും തമ്മിൽ ബന്ധിപ്പിക്കുന്ന മറെറാരു പരിപാടിയെന്ന നിലക്ക് പൊതുവിദ്യാഭ്യാസത്തിലും തൊഴിൽപരമായ വിദ്യാഭ്യാസത്തിലും തൊഴിൽപരിജ്ഞാനം അവിഭക്തഘടകമാക്കിത്തീർക്കണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു. സ്കൂളിലും വീട്ടിലും വർക്ക്ഷോപ്പിലും കൃഷിയിടത്തിലും തൊഴിൽശാലയിലും ഉല്പാദനജോലികളിൽ പങ്കെടുക്കുക—തൊഴിൽപരിജ്ഞാനത്തിന് ഞങ്ങൾ നൽകുന്ന നിർവചനം അതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ നല്ല ഉദ്ദേശ്യത്തോടു കൂടിയ എല്ലാ വിദ്യാഭ്യാസത്തിലും നാല് അടിസ്ഥാനപരമായ ഘടകങ്ങളുണ്ടായിരിക്കണം. സാക്ഷരത്വം അഥവാ ഭാഷാപഠനം, മാനവികശാസ്ത്രങ്ങളുടെയും സാമൂഹ്യശാസ്ത്രങ്ങളുടെയും പഠനം, കണക്ക് പ്രകൃതിവിജ്ഞാനം എന്നിവയുടെ പഠനം എന്നീ മൂന്നു ഘടകങ്ങൾക്കു പുറമെ, തൊഴിൽപരിശീലനവും സാമൂഹ്യക്ഷേമപ്രവർത്തനവും കൂടി അതിലടങ്ങിയിരിക്കണം.

ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ മേല്പറഞ്ഞവയിൽ ആദ്യഘടകത്തിനു വേണ്ടി ഭൂരിഭാഗസമയവും ചെലവാകുന്നു. എന്നിട്ടും പരിമിതമായ ആ മണ്ഡലത്തിൽ പോലും നമ്മുടെ നേട്ടങ്ങൾ അത്ര അനുമോദനാർഹങ്ങളല്ല. രണ്ടാമത്തേതിന്റെ സ്ഥിതി പരുങ്ങലിലാണ്. അതിന് വളരെക്കൂടുതൽ പരിഗണന നൽകേണ്ടിയിരിക്കുന്നു. മൂന്നും നാലും ഘടകങ്ങൾ നിശ്ശേഷം വിഗണിക്കപ്പെട്ടിരിക്കയാണ്. ആ വഴിക്ക് അടുത്ത കാലങ്ങളിലുണ്ടായ ഉദ്യമങ്ങൾ തിരെ അപര്യാപ്തങ്ങളാണ്. അവ ഗണ്യമായ ഒരു ഫലവും ഉളവാക്കിയിട്ടില്ല.

വിജ്ഞാനത്തിന്റെയും ടെക്നോളജിയുടെയും യഥാർത്ഥപ്രഭാവം നിത്യജീവിതത്തിലേക്ക് എത്തിയിട്ടില്ലെന്നത് നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ ശോച്യാവസ്ഥയെ കുറിക്കുന്നു. യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിനും തൊഴിലിനും തമ്മിൽ ഒരു പ്രതിദ്വന്ദിഭാവം (anti thesis) വർധിച്ചു വരികയാണ്,

കായികാധ്വാനം വിദ്യാഭ്യാസമില്ലാത്ത താഴ്ന്ന തരക്കാർക്കുള്ളതാണെന്ന പരമ്പരാഗതമായ മനോഭാവം കൂടുതൽ കൂടുതൽ ഉണ്ടായി വരികയാണ്. അതുകൊണ്ട് പൊതുവിദ്യാഭ്യാസമോ സാങ്കേതികവിദ്യാഭ്യാസമോ ലഭിച്ച ഏവരും ഒരു ഓഫീസ്പണി ലഭിക്കുന്നതിലും ഓഫീസർ എന്ന പദവി ആർജിച്ച് അതിന്റെ ഗുണങ്ങൾ നേടുന്നതിലും ബദ്ധശ്രദ്ധരായിത്തീരുന്നു. എൻജിനീയറിങ് ബിരുദധാരി അന്വേഷിക്കുന്നത് ഓഫീസുജോലിയാണ്. കാർഷികവിജ്ഞാനബിരുദധാരി മേശക്കു പിന്നിലിരുന്ന് ചെയ്യാവുന്ന ജോലി തേടുന്നു. അതുപോലെ പോളിടെക്നിക്കിൽ നിന്നോ വ്യവസായപരിശീലനസ്ഥാപനങ്ങളിൽ നിന്നോ ബിരുദം നേടുന്നവർ സംസ്ഥാനത്തെ പേരു കേട്ട ഏതെങ്കിലും വ്യവസായസ്ഥാപനങ്ങളിൽ ജോലി കിട്ടാൻ കാത്തു നില്ക്കുന്നു. എൻജിനീയറിങ് ബിരുദധാരികളാരും ഒരു ചെറുകിടവ്യവസായം തുടങ്ങുന്ന കാര്യം ചിന്തിക്കുന്നില്ല. കൃഷിവിജ്ഞാനബിരുദധാരി കൃഷിയിടത്തിലെ പണി ഇഷ്ടപ്പെടുന്നില്ല. പോളിടെക്നിക്കിലെയും ഐ. ടി. ഐയിലെയും ട്രെയിനിങ് നേടിയ ഡിപ്ലോമക്കാർ മരപ്പണിക്കാരനോ കല്ലപ്പണിക്കാരനോ ആകാനാഗ്രഹിക്കുന്നില്ല. വിദ്യാസമ്പന്നരായ യുവാക്കളുടെ ഈ മനോഭാവത്തിന് മൂലകാരണം ഔദ്യോഗികപദവിക്കു് നല്കുന്ന അനാരോഗ്യകരമായ പ്രാധാന്യവും ഇത്തിൾക്കണ്ണിയായി കഴിയാനുള്ള പ്രവണതയുമാണ്. ഓഫീസിലെയോ തൊഴിൽശാലയിലെയോ ജോലി ഏററവും സുരക്ഷിതമാണ്. അവിടെ ഒന്നും നഷ്ടപ്പെടാനില്ല. കഠിനാധ്വാനം ചെയ്താലും ചെയ്തില്ലെങ്കിലും സ്വന്തം കഴിവുകളെ ശരിയായ വിധം ഉപയോഗിച്ചാലും ഇല്ലെങ്കിലും പ്രതിമാസവരുമാനം സുനിശ്ചിതമത്രെ. നമ്മുടെ വിദ്യാഭ്യാസവും ട്രെയിനിംഗും ഈ മനോഭാവത്തിനു മാററം വരുത്തുന്നില്ലെങ്കിൽ ഇന്നു് നമുക്കു് അത്യാവശ്യമായിത്തീർന്നിരിക്കുന്ന വ്യാവസായികവിപ്ലവം സാധ്യമാക്കാൻ യോഗ്യരായ ജനവിഭാഗത്തെ കണ്ടെത്താമെന്ന ആശയേ അസ്ഥാനത്താകും.

നാം വളരെ ശ്രദ്ധിക്കേണ്ടതായ മറെറാരു പ്രധാനകാര്യം കൂടിയുണ്ട്. വിദ്യാഭ്യാസം വ്യക്തിത്വത്തിന്റെ വികാസത്തിനും സാമൂഹ്യവും സാംസ്കാരികവുമായ ലക്ഷ്യങ്ങളിലേക്കുള്ള പുരോഗതിക്കും ഉതകുന്നതാകണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. തീവ്രമായ സാമ്പത്തികോന്നമനം ലക്ഷ്യമാക്കുന്ന സമൂഹത്തിൽ വിദ്യാഭ്യാസം കേവലം ഒരു ഉപഭോഗമാത്രവൃത്തിയാകാൻ പാടില്ല; അതു് ഉല്പാദനത്തിന്റെ അടിസ്ഥാനഘടകമായിരിക്കണം. അല്ലെങ്കിൽ ഒരു ദരിദ്രസംസ്ഥാനത്തിന്റെ പരിമിതവിഭവങ്ങൾ ഉപയോഗക്ഷമമല്ലാത്ത ഒന്നിനു വേണ്ടി ധൂർത്തടിക്കപ്പെടും. അതു കൊണ്ട് മനുഷ്യശക്തിയുടെ ആവശ്യകതയെ മുൻനിറുത്തിയുള്ള ഒരു സമീപനത്തിന് വിദ്യാഭ്യാസപദ്ധതിയിൽ ഏററവും മുൻഗണന നൽകുകയാണാവശ്യം.

ഈ കാഴ്ചപ്പാടിലൂടെ നോക്കിയാൽ കേരളത്തിലെ വിദ്യാഭ്യാസപുരോഗതി ഏററവും അസന്തുലിതമാണെന്നു് കാണാം. ഇവിടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ കൂണുകൾ പോലെ പൊന്തി വരികയാണ്. കൂണുകൾ പെട്ടെന്നു് അപ്രത്യക്ഷ

മാകും; എന്നാൽ ഈ സ്ഥാപനങ്ങൾ തുടർന്ന് നിലനില്ക്കുകയും ദരിദ്രമായ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വർധിച്ച ഭാരമായിത്തീരുകയും ചെയ്യും. മാത്രമല്ല, ഇവ ഇപ്പോൾ നിലവിലുള്ള പൊതുവിദ്യാഭ്യാസസൗകര്യങ്ങളെ ഇരട്ടിപ്പിച്ച് ഉല്പാദനത്തെ ഉലയ്ക്കുകയും ചെയ്യും. വർഷംപ്രതി അതിവേഗം രൂപം കൊള്ളുന്ന ഈ സ്ഥാപനങ്ങൾ കാണുമ്പോൾ, കേരളത്തിൽ സോദ്ദേശ്യമായ, ലക്ഷ്യപ്രധാനമായ വിദ്യാഭ്യാസസമ്പ്രദായം ഉണ്ടാകാൻ പോകുന്നില്ലെന്നാണ് തോന്നുക. ഇപ്പോൾ വിദ്യാഭ്യാസമെന്ന പേരിൽ നടക്കുന്നതു സംസ്ഥാനത്തിന്റെ ഒരു മുഖ്യവ്യവസായം മാത്രമാണ്.

ഇക്കാര്യത്തിലൊരു സുദൃഢമായ നയം സ്വീകരിക്കേണ്ടതു് സംസ്ഥാനത്തിന്റെ ചുമതലയാണ്. വളരെ വികാസം പ്രാപിച്ചവയും അതിസമ്പന്നങ്ങളുമായ രാജ്യങ്ങളുൾപ്പെടെ ലോകത്തിൽ ഒരു രാജ്യത്തും, 15,000 ചതുരശ്രമൈൽ വിസ്തീർണമുള്ള കേരളത്തിലുള്ളിടത്തോളം സ്കൂളുകളും കോളേജുകളും അത്രയും സ്ഥലത്തു് ഇല്ലെന്ന കാര്യം നാം മനസ്സിലാക്കണം. വിദ്യാഭ്യാസപദ്ധതിയെ മാനുഷശക്ത്യാസൂത്രണവുമായി ബന്ധപ്പെടുത്തിയില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന കൂററൻ പ്രശ്നത്തെ നേരിടേണ്ടി വരും. മാത്രമല്ല, അതു് ആസൂത്രിതസാമ്പത്തികപുരോഗതിയെ തുരങ്കം വക്കുമെന്നതും തീർച്ചയാണ്. കൂടാതെ ഒരനുഗ്രഹമായി സാധാരണ കരുതിപ്പോരുന്ന വിദ്യാഭ്യാസം വെറും നഷ്ടക്കച്ചവടമായിത്തീരും; ശാപമായിത്തീരും.

ഈ ദുഃസ്ഥിതി തടയാനുള്ള ഒരേ ഒരുപായം, വിദ്യാഭ്യാസരംഗത്തിൽ നിഷ്കൃഷ്ടമായി തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രം പ്രവേശനം നൽകുകയാണ്. വിശേഷിച്ചും, എല്ലാ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും ഈ രീതി സ്വീകരിക്കണം. അതോടൊപ്പം ഇപ്പോൾ നിലവിലുള്ള പാഠ്യക്രമങ്ങളെ മാനുഷികശക്തിയുടെ ആവശ്യത്തിനെ ആസ്പദമാക്കി ഓരോ വർഷവും പുനഃസംവിധാനം ചെയ്യേണ്ടതാണ്. സർവപ്രധാനമായ ഈ രംഗത്തിൽ ഇന്നുള്ള സ്വതന്ത്രമത്സരനയം നിർത്തലാക്കേണ്ട സമയം ആസന്നമായിരിക്കുന്നു.

മാനുഷശക്ത്യാസൂത്രണത്തെയും വിദ്യാഭ്യാസാസൂത്രണത്തെയും സംയോജിപ്പിക്കുക എന്ന സങ്കീർണവും ശ്രമകരവുമായ കൃത്യം സാധിക്കാൻ സംസ്ഥാനതലത്തിൽ ഒരു സ്ഥാപനമുണ്ടാകേണ്ടതു് അത്യാവശ്യമാണ്. രാഷ്ട്രതലത്തിൽ ഇപ്പോൾ പ്ലാനിംഗ്കമ്മിഷൻ പ്ലാനിംഗ്‌വിഭാഗത്തിന്റെ കാഴ്ചപ്പാടിലൂടെ ഇതു് കൈകാര്യം ചെയ്തു പോരുന്നു. കൂടാതെ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷനും പ്രയുക്തമനുഷ്യശക്തിഗവേഷണകേന്ദ്രവും (Institute of Applied Man-power Research) മററു ചില കേന്ദ്രീയമന്ത്രണാലയങ്ങളും ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസക്കമ്മിഷന്റെ റിപ്പോർട്ടിൽ, ഇപ്പോൾ ഉള്ള ഉപാധികളെ രാഷ്ട്രതലത്തിൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെയും, അതെങ്ങനെ ചെയ്യണമെന്നതിനെയും കുറിച്ച് വിവരിച്ചിട്ടുണ്ട്.

രാഷ്ട്രതലത്തിൽ മനുഷ്യശക്ത്യാസൂത്രണം ചെയ്യേണ്ടതു് കേന്ദ്രത്തിന്റെ ചുമതലയാണു്. സംസ്ഥാനതലത്തിലും ഇത്തരം ആസൂത്രിതപദ്ധതികൾക്കുള്ള സ്ഥാപനമുണ്ടാകണം. മനുഷ്യശക്ത്യാസൂത്രണത്തിന്റെ എല്ലാ വശങ്ങളെയും കുറിച്ചു് സുദീർഘമായി പഠിച്ചു് കാലാകാലങ്ങളിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസനയത്തിൽ തീരുമാനങ്ങളെടുക്കാൻ സഹായിക്കേണ്ട ചുമതല ഈ സ്ഥാപനത്തിനായിരിക്കണം. ഈ സമിതിയുടെ പഠനം ഓരോ വർഷവും പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള വിവിധങ്ങളായ തൊഴിൽസ്ഥാപനങ്ങൾക്കു് ആവശ്യമായി വരുന്ന പല പ്രകാരത്തിലുള്ള മനുഷ്യശക്തി ചൂണ്ടിക്കാണിച്ചു കൊടുക്കണം. ഉയർന്ന തോതിൽ ശിക്ഷണം ലഭിച്ചിട്ടുള്ള മനുഷ്യശക്തി വർഷംതോറും ഉൽപാദിപ്പിക്കുന്നതിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുണ്ടാകുന്ന പുരോഗതിയും അഭ്യസ്തവിദ്യരെ തിരഞ്ഞെടുക്കുന്നതിലും പരിശീലനം നൽകുന്നതിലും ജോലിക്കു് നിയമിക്കുന്നതിലും തൊഴിൽസ്ഥാപനങ്ങൾക്കുണ്ടാകുന്ന പുരോഗതിയും നിരന്തരം പരിശോധിച്ചു കൊണ്ടിരിക്കുവാൻ ഇതു് സഹായകമാകും.

സ്റ്റേറ്റ് മാൻപവർ ഡയറക്ടറേറ്റ് ഭാവിയിൽ വളർന്നുയരാൻ സാധ്യതയുള്ള വ്യവസായോദ്യമികളായ മാനേജർമാരെ കണ്ടെത്തണം. അങ്ങനെയുള്ളവർക്കു യോജിച്ച സ്ഥാപനങ്ങൾ വഴി ഈ പരിശീലനം നൽകാവുന്നതാണു്. കേരളത്തിന്റെ വ്യവസായവൽക്കരണത്തിനു് ഒഴിച്ചുകൂടാനാകാത്ത ആവശ്യം, യോഗ്യരായ വ്യക്തികളെ പരിശീലനം നല്കിയെടുക്കുകയെന്നതാണു്. നവീനവും വിപ്ലവാത്മകവുമായ മാർഗങ്ങൾ സ്വീകരിക്കാത്തിടത്തോളം കാലം ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധ്യമല്ല. ഇതു് വളരെ ശ്രദ്ധാപൂർവമായ പ്രയത്നത്തിന്റെ ഫലമായി മാത്രം സാധിക്കാവുന്ന ഒരു കാര്യമാണു്. ഒരു വ്യവസായയൂണിറ്റു തുടങ്ങുന്നതിന്റെയും നടത്തിപ്പോരുന്നതിന്റെയും എല്ലാ വശങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്ന നിലവിലുള്ള സമ്പ്രദായങ്ങളെല്ലാം പൂർണമായും മാറണം; അല്ലെങ്കിൽ അവയ്ക്കു് സമൂലപരിവർത്തനം വരുത്തണം.

ഇന്നത്തെ ഭരണയന്ത്രം ദൈവത്തെപ്പോലെയാണു്. അതു് സർവവ്യാപിയും സർവശക്തവുമാണു്. ക്രിയാത്മകമായ നയപരിപാടികൾ സ്വീകരിച്ചു്, വളർന്നു വലുതാകാവുന്ന വ്യവസായോദ്യമികളുടെ ത്വരയെ വളർത്താനോ നിഷേധാത്മകമായ നയപരിപാടികൾ സ്വീകരിച്ചു് ത്വരയെ നശിപ്പിക്കാനോ അതിനു കഴിയും. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തിൽ ഭരണയന്ത്രത്തെ ഇന്നു് ഭാവിവ്യവസായികൾ വീക്ഷിക്കുന്നതു് ക്രിയാത്മകമായ ഒരു ഉപാധിയായിട്ടല്ല തന്നെ. നേരെ മറിച്ചു് അങ്ങനെയുള്ള പലരും ആത്മാർഥമായും സത്യസന്ധമായും വിശ്വസിക്കുന്നതു്, ദ്രുതഗതിയിൽ നശിച്ചു കൊണ്ടിരിക്കുന്ന ആത്മാഭിമാനമെന്ന കൈമുതൽ സൂക്ഷിക്കണമെന്നുദ്ദേശ്യമുള്ളവർക്കു് സർക്കാർഭരണയന്ത്രവുമായി ഇടപെടാനാകില്ലെന്നാണു്.

ഡോക്ടർ എം. വി. പൈലി

# 18

## വ്യാവസായികബന്ധങ്ങൾ-കേരളത്തിൽ

വ്യാവസായികബന്ധങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തെ ഒരു പ്രശ്ന സംസ്ഥാനമായിട്ടാണ് കണക്കാക്കുന്നത്. പശ്ചിമബംഗാൾ കഴിഞ്ഞാൽ മറെറതൊരു സംസ്ഥാനത്തെയുമപേക്ഷിച്ച് കൂടുതൽ തൊഴിൽകുഴപ്പങ്ങൾ കേരളത്തിലാണുള്ളതെന്ന് പറയപ്പെടുന്നു. കേരളത്തിലെ ജനപ്പെരുപ്പം, ഭീമമായ തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ, മററു സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുവാൻ പോലും നിവൃത്തിയില്ലാത്ത വിധത്തിലാണ്. കേരളത്തിലെ വ്യാവസായികരംഗത്ത് നിരന്തരമായ പ്രക്ഷുബ്ധാവസ്ഥ നിലവിലുണ്ടെന്ന കാരണത്താൽ, ഇവിടെ ആരംഭിച്ചിട്ടുള്ള അല്പം ചില വ്യവസായങ്ങൾ പോലും അന്യസംസ്ഥാനങ്ങളിലേയ്ക്കു മാററിക്കൊണ്ടു പോകുമെന്ന ഭീഷണിയും നിലവിലുണ്ട്. ഈ ഭീഷണി കാര്യമായ തോതിൽ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ലെന്നു മാത്രം. കേരളത്തിലെ തൊഴിൽരംഗത്തെസ്സംബന്ധിച്ച ഈ ആശങ്ക സംസ്ഥാനത്തു കൂടുതൽ മൂലധനമിറക്കുന്ന സംരംഭങ്ങളെ ഒരളവോളം തടസ്സപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞേ തീരൂ. ഓരോ നൂറു തൊഴിലാളിക്കുമെന്ന തോതിൽ, പശ്ചിമബംഗാൾ കഴിഞ്ഞാൽ, ഏററവും കൂടുതൽ തൊഴിൽദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതു് കേരളത്തിലാണെന്നാണ് 1969 വർഷത്തിൽ വിവിധ സ്റ്റേററുകളിലെ തൊഴിൽകുഴപ്പങ്ങളെപ്പററിയുള്ള സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നതു്. പ്രസ്തുത വർഷത്തിൽ അഖിലേന്ത്യാതലത്തിലുള്ള ശരാശരി സംഖ്യ 294 ആണെങ്കിൽ, പശ്ചിമബംഗാളിൽ അതു് 1045-ഉം കേരളത്തിൽ 657-ഉം ആണ്. പശ്ചിമബംഗാൾ കഴിഞ്ഞാൽ കേരളത്തിലാണ് ഏററവും കൂടുതൽ തൊഴിൽദിവസങ്ങൾ നഷ്ടമായിട്ടുള്ളതു്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിലും മൈസൂരിലും ഈ സംഖ്യകൾ യഥാക്രമം 122-ഉം 180-ഉം ആണ്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് ഏററവും കുറച്ചു വ്യവസായസ്ഥാപനങ്ങൾ ഉള്ളതെങ്കിലും, ഏററവും കൂടുതൽ തൊഴിൽതർക്കങ്ങളും പണിമുടക്കങ്ങളും അവിടെയാണ് ഉണ്ടായിട്ടുള്ളതെന്ന പൊതുവായ വിശ്വാസത്തെ ഇതു ബലപ്പെടുത്തുന്നു. ഇതു കൂടാതെ വ്യാപകമായ തോതിലുള്ള പ്രകടനങ്ങളും തൊഴിലുടമകൾക്കു നേരിടേണ്ടി വരുന്ന അസഹ്യതകളും അനവധിയുണ്ടാകാനും. പൊതുജനങ്ങളുടെ അത്യാവശ്യങ്ങൾ നിർവഹിക്കുവാനുള്ള സ്ഥാപനങ്ങളിൽ പോലും ഏതെങ്കിലും വിധത്തിലുള്ള പ്രക്ഷോഭണം കൂടാതെ ഒരു ദിവസവും കടന്നു

പോകാത്ത അവസ്ഥയാണുള്ളതു്. പണിമുടക്കിനേക്കാളും ദുസ്സഹമായ ആക്ഷേപ പ്രകടനങ്ങളും "ഗോസ്‌ലോ" തന്ത്രങ്ങളും ജോലിക്കു ഹാജരാകാതിരിക്കലും അ പലപനീയമായ തോതിൽ ഒട്ടധികം സ്ഥാപനങ്ങളിൽ സ്ഥിരംപരിപാടിയാ യിത്തീർന്നിരിക്കുന്നു. പൊതുമേഖലാവ്യവസായങ്ങളിലും ഗവൺമെൻറുടമയി ലുള്ള സ്ഥാപനങ്ങളിലും ഇതു് പ്രത്യേകിച്ചും വ്യാപകമായ തോതിൽ നടമാ ടുന്നു. അതു കൊണ്ടു് കേരളത്തിലെ വ്യാവസായിക–തൊഴിൽരംഗം അസ്വാ സ്ഥ്യങ്ങൾ നിറഞ്ഞതാണെന്ന ആരോപണം കുറെയൊക്കെ അടിസ്ഥാനമില്ലാ ത്തതല്ല.

## ചിത്രത്തിൻെറ മറുവശം

ഈ ചിത്രത്തിനു് ഒരു മറുവശമുണ്ടു്. സ്ഥിതിവിവരക്കണക്കുകളും ഇതു സംബന്ധിച്ച പൊതുവായ ധാരണകളും കുറെയൊക്കെ സത്യമാണെങ്കിലും മുഴു വൻ സത്യവും വെളിപ്പെടുത്തുന്നില്ല. തുടർച്ചയായ വ്യാവസായികസമാധാന ത്തിലൂടെ കടന്നു പോന്നിട്ടുള്ള വ്യവസായങ്ങൾ സംസ്ഥാനത്തുണ്ടു്. കളമശ്ശേരി വ്യവസായമേഖലയിലുള്ളതും അന്തർദേശീയബന്ധങ്ങളുള്ളതും ദേശീയപ്രാധാ ന്യമുള്ള ഒരടിസ്ഥാനലോഹം ഉല്പാദിപ്പിക്കുന്നതുമായ സംസ്ഥാനത്തെ ഏററവും പഴക്കം ചെന്ന ഫാക്ടറികളിലൊന്നിൽ കഴിഞ്ഞ 15 കൊല്ലക്കാലമായി കൂട്ടായ വിലപേശൽ നടത്തുകയും ഒരൊററ പണിമുടക്കു പോലും സംഭവിക്കാതിരിക്കു കയും ചെയ്തതിൻെറ ചരിത്രമുണ്ടു്. രാജ്യത്തെ മറേറതൊരു സംസ്ഥാനത്തെയു മപേക്ഷിച്ചു് കേരളത്തിൽ ദീർഘകാലാധിഷ്ഠിതവും സമഗ്രവുമായ തൊഴി ലാളി–മാനേജ്മെൻറുകരാറുകൾക്കു് കൂടുതൽ പ്രസക്തിയും മേന്മയുമുണ്ടെന്നു് വ്യവസായബന്ധങ്ങളെക്കുറിച്ചു പഠനം നടത്തുന്ന ഇന്ത്യയിലെയും വിദേശങ്ങ ളിലെയും സകല പഠിതാക്കൾക്കും ബോധ്യപ്പെട്ടിട്ടുണ്ടു്. കേരളത്തിലെ കൂട്ടായ വിലപേശലിലുള്ള ഈ നേട്ടത്തെ എടുത്തു കാട്ടിക്കൊണ്ടു് സംസ്ഥാനത്തെ ഗവർ ണറായിരുന്ന ഇന്ത്യൻ പ്രസിഡൻറു് ശ്രീ വി. വി. ഗിരി രാജ്യത്തെങ്ങുമുള്ള തൊഴിലാളികളുടെയും വ്യവസായയുടമകളുടെയും സമ്മേളനങ്ങളിൽ പ്രസംഗി ച്ചിട്ടുണ്ടു്. ഇന്ത്യയിലെ കൂട്ടായ വിലപേശലിനെ അധികരിച്ചു് മിസിസ് മേരി സുർ എഴുതിയിട്ടുള്ള പുസ്തകത്തിൽ, 1940–ൽ ആലപ്പുഴയിലെ കയററുപായ വ്യവസായം സംബന്ധിച്ചുണ്ടാക്കിയ വ്യവസായബന്ധക്കമ്മിററിയെക്കുറിച്ചു് എടുത്തു പറഞ്ഞിട്ടുണ്ടു്. വ്യവസായത്തിലെ കൂട്ടായ വിലപേശലിനുള്ള ഉപക രണമായി രാജ്യത്തു് ആദ്യമായുണ്ടായ സ്ഥാപനങ്ങളിലൊന്നായിട്ടാണു് ഇതി നെ വിശേഷിപ്പിച്ചിട്ടുള്ളതു്. അദൃഷ്ടപൂർവമായ ഈ വോളൻററി സ്ഥാപന ത്തെക്കുറിച്ചു് പിന്നീടു് പരാമർശിക്കുന്നതാണു്. സംസ്ഥാനത്തുണ്ടായ മറെറാരു ശ്രദ്ധേയമായ സംഭവം, ഒരേ വിലപേശൽ യൂണിററിനകത്തുള്ള പല യൂണിയനു കളുമായി നടത്തിയിട്ടുള്ള വിജയകരമായ തൊഴിലാളി–മുതലാളിഒത്തുതീർപ്പു കൂടിയാലോചനകളാണു്. ഇതു് വളരെ പ്രയാസമുള്ള ഒരു സംഗതിയാണു്. 1956–ൽ കേരളത്തിലെ ഒരു കേബിൾ ഫാക്ടറിയിൽ ആറു യൂണിയനുകളുമായി

ഒരൊത്തുതീർപ്പുണ്ടാക്കി. ഇത്തരത്തിലുള്ള ഒരൊത്തുതീർപ്പുകരാർ ഈ രാജ്യത്തു് മുമ്പുണ്ടായിട്ടില്ല. 1963-ലാണു് ഇത്തരത്തിലുള്ള രണ്ടാമത്തെ തൊഴിൽ ക്കരാർ ഒപ്പുവച്ചതു്. ഇതേ കമ്പനി തന്നെ അഞ്ചു യൂണിയനുകളുമായിട്ടാണു് ആ കരാർ ഉണ്ടാക്കിയതു് (അപ്പോഴേയ്ക്കും ഒരു യൂണിയൻ ക്ഷയിച്ചു കഴിഞ്ഞിരുന്നു). ആ കരാർ ഒപ്പു വച്ച സന്ദർഭത്തിൽ ബന്ധപ്പെട്ട കക്ഷികൾക്കു് അയച്ച ഒരു സന്ദേശത്തിൽ ശ്രീ വി. വി. ഗിരി പറഞ്ഞിരുന്നതു് ഇപ്രകാരമായിരുന്നു: "ഒന്നിലധികം കാരണങ്ങളിൽ ഇതു് വ്യാവസായികബന്ധങ്ങളുടെ ചരിത്രത്തിൽ ധീരവും സുപ്രധാനവുമായ ഒരു സംഭവമാണു്." അദ്ദേഹം ഇങ്ങനെ തുടർന്നു പറയുകയുണ്ടായി: "കേരളത്തിലെ വ്യാവസായികാന്തരീക്ഷം അസ്വസ്ഥതകൾ കൊണ്ടും പണിമുടക്കുകൾ കൊണ്ടും കലുഷമാണെന്നും ഇവിടത്തെ തൊഴിലാളികൾ ക്കുറില്ലാത്തവരാണെന്നുമുള്ള വ്യവസായികളുടെ ആശങ്ക ഇതു ദൂരീകരിച്ചിരിക്കുകയാണു്." പല യൂണിയനുകളുമായി കൂടിയാലോചന നടത്തുന്നതിൻെറയും ഒന്നിലധികം യൂണിയനുകളുമായി കരാറുകൾ ഒപ്പുവയ്ക്കുന്നതിൻെറയും നേട്ടംത്ത മുക്തകണ്ഠം പ്രശംസിച്ചു കൊണ്ടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "മൂന്നു് അഖിലേന്ത്യാസംഘടനകളിൽപ്പെട്ട അഞ്ചു് യൂണിയനുകൾ പൊതുവായ ഒരു കരാറുണ്ടാക്കുന്നതിനു വേണ്ടി ഒന്നിച്ചു മുന്നോട്ടു വന്നു എന്നുള്ളതു്, മുഖ്യപ്രശ്നങ്ങളിലും നയപരമായ കാര്യങ്ങളിലും ട്രേഡ്‌യൂണിയൻ ഐക്യം സാധ്യമാണു് എന്ന വസ്തുതയാണു് കാണിക്കുന്നതു്. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന ആദർശത്തിലേയ്ക്കുള്ള സുപ്രധാനമായ ഒരു കാൽ വെയ്പ്പ് എന്ന നിലയിൽ, ഒരു ട്രേഡ്‌യൂണിയൻപ്രവർത്തകനായ ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നു. ട്രേഡ്‌യൂണിയൻപ്രസ്ഥാനം ഫലപ്രദമായി പുരോഗതി പ്രാപിക്കണമെങ്കിൽ ഈ ആദർശം നടപ്പിലാകേണ്ടതാണു്." ഈ നേട്ടങ്ങൾക്കെല്ലാം ഉപരിയായി, കേരളത്തിലെ സംഘടിതതൊഴിലാളികൾ സാക്ഷരത്വം വേണ്ടത്ര വികസിച്ചിട്ടില്ലാത്ത മററവിടത്തെ തൊഴിലാളികളെയുംകാൾ ഉല്പാദനക്ഷമത, ശാസ്ത്രീയമായ കൂലിനിർണയം, ജോലിയുടെ അളവു്, തൊഴിൽവൈദഗ്ദ്ധ്യത്തിൻെറ മേന്മ എന്നീ കാര്യങ്ങളിൽ കൂടുതൽ ബോധവാന്മാരാണെന്ന വസ്തുതയും ശ്രദ്ധേയമാണു്. കളമശ്ശേരിമേഖലയിലെ സംസ്ഥാപിതവ്യവസായങ്ങളിൽ ഈ നേട്ടങ്ങൾ കൈവന്നിട്ടുണ്ടു്. അവിടത്തെ മാനേജുമെൻറുകൾ ഔദാര്യബുദ്ധിയോടു കൂടി ട്രേഡ്‌യൂണിയൻപ്രസ്ഥാനത്തെ അതിൻെറതായ ഗൗരവത്തിൽ അംഗീകരിച്ചിട്ടുണ്ടു്. തൊഴിലാളി-മാനേജുമെൻറുബന്ധങ്ങളിൽ ശാസ്ത്രീയമായ മാനേജുമെൻറുസമ്പ്രദായം അവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടു്. പ്രസ്തുത പ്രദേശത്തുള്ള രാസവളം, അലൂമിനിയം, രാസവസ്തു, എണ്ണ, നൂൽനൂല്പു് എന്നീ വ്യവസായങ്ങളിൽ വ്യാവസായികഎൻജിനീയറിങ്ങും പ്രവർത്തനപഠനവും (work study) നിലവിൽ വന്നിട്ടുണ്ടു്. സംസ്ഥാനത്തുള്ള ഒരേ ഒരു എണ്ണശുദ്ധീകരണശാലയുടെ കാര്യക്ഷമത അങ്ങേയററം പ്രശംസനീയമാണു്. ഈ പ്രദേശത്തുള്ള ഒരു ഫാക്ടറിയുടെ ഉല്പാദനക്ഷമത ഈയിടെ ഹൈദ്രാബാദിൽ ചേർന്ന ഒരു ദേശീയസെമിനാറിൽ സമർപ്പിക്കപ്പെട്ട ഒരു പ്രബന്ധ

ത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. "വ്യവസായരംഗത്തെ സാങ്കേതികപരിവർത്ത നങ്ങൾ" എന്ന വിഷയത്തെ അധികരിച്ചു നടന്ന പ്രസ്തുത സെമിനാറിൽ വ്യാവ സായികബന്ധം സംബന്ധിച്ചു ഡെൽഹിയിൽ പ്രവർത്തിക്കുന്ന ശ്രീറാം സെ ൻറർ "സാങ്കേതികപരിവർത്തനങ്ങൾ ഏർപ്പെടുത്തൽ—പ്രശ്നങ്ങളും ഉപാധി കളും" എന്ന വിഷയത്തെക്കുറിച്ച് സമർപ്പിച്ച പ്രബന്ധത്തിലാണ് ഇക്കാര്യം പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളത്. കേരളത്തിലെ ഈ വ്യവസായശാല 1962-ൽ കൈവരിച്ച നേട്ടത്തെ ഇംഗ്ലണ്ടിലെ 1961-ലെ എസ്സോയിലെ ഫാ വ്ലേ ഒത്തുതീർപ്പ് തുടങ്ങിയ ഉല്പാദനക്ഷമതാകരാറുകളുടെ നേട്ടങ്ങളുമായി പ്ര സ്തുത പ്രബന്ധത്തിൽ താരതമ്യപ്പെടുത്തിയിട്ടുണ്ട്. ഈ ഫാക്ടറിയിൽ കഴിഞ്ഞ പത്തു വർഷക്കാലമായുള്ള ഉല്പാദനസൂചിക 400 ശതമാനം വർധിച്ചിട്ടുണ്ട്. ഒരു വർഷം 8 ടൺ എന്നുള്ളതു് ഒരു 'മാൻ ഇയറി'ൽ 32 ടൺ ആയി വർധിച്ചു. ഇതേ കാലഘട്ടത്തിൽ ശമ്പളത്തിൽ മുന്നൂറു ശതമാനത്തിലധികം വർധനവുണ്ടാ യിട്ടുണ്ട്. അതായതു് 217 രൂപയിൽ നിന്നും 680 രൂപ ആയുള്ള വർധനവ്. ഉൽപാദനത്തിലെ വർധനവ് പ്രധാനമായും ഫാക്ടറിയുടെ വികസനം മൂലം കൈവന്നിട്ടുള്ളതാണ്. കൂടുതൽ ഉപകരണങ്ങൾ വാങ്ങുവാൻ കമ്പനി കൂടുതൽ മൂലധനം മുടക്കി. എന്നാൽ ഈ വർധിച്ച ഉല്പാദനത്തിനു് കൂടുതൽ ആളുകൾ വേണ്ടി വന്നില്ലെന്നുള്ള വസ്തുത അവശേഷിക്കുന്നു. കാരണം, തങ്ങൾക്കു വർധിച്ച ശമ്പളമായും മററും ലഭിക്കുന്ന ആനുകൂല്യങ്ങൾ തൊഴിലാളികളെ കൂടുതൽ ഉത്തര വാദിത്വങ്ങൾ ഏറെറടുക്കാൻ പ്രേരിപ്പിച്ചു.

അങ്ങനെ, കേരളത്തിലെ തൊഴിൽരംഗം, ഒട്ടവളരെ പണിമുടക്കങ്ങൾ കൊ ണ്ടും നിരന്തരമായ പ്രക്ഷോഭണങ്ങൾ കൊണ്ടും യൂണിയനുകളുടെയും തൊഴിലാളി കളുടെയും ഇടുങ്ങിയ നടപടികൾ കൊണ്ടും ഇരുളടഞ്ഞതായിരിക്കെത്തന്നെ, മററു സംസ്ഥാനങ്ങളിൽ അനുവേപ്പെടാത്ത വിധത്തിലുള്ള തിളക്കമേറിയ ചില വസ്തു തകളും ഈ രംഗത്തുണ്ടെന്നു കാണാവുന്നതാണ്. വ്യാവസായികബന്ധങ്ങളിൽ പ്രത്യക്ഷത്തിൽ കാണാവുന്ന ഈ വൈരുധ്യങ്ങളെക്കുറിച്ച് കൂടുതൽ അഗാധവും വ്യാപകവുമായ പഠനങ്ങൾ നടത്തുകയും ആരോഗ്യകരമായ ഒരു വ്യാവസായി കകാലാവസ്ഥക്കാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടിയുമിരിക്കുന്നു.

## ചരിത്രപശ്ചാത്തലം

കേരളത്തിലെ വ്യാവസായികത്തൊഴിലാളികൾക്കു് ട്രേഡ്യൂണിയൻ പ്ര സ്ഥാനത്തിൻെറ സുദീർഘമായ ഒരു പാരമ്പര്യമുണ്ട്. കയററുപാവ്യവസായം വിവിധ കാരണങ്ങളാൽ പതനാവസ്ഥയിലാണ്. ഈ വ്യവസായത്തിൻെറ പുഷ്കരകാലങ്ങളിൽ ഇതു് സുശക്തമായ ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ ഉറവിടമായിരുന്നിട്ടുണ്ട്. സംസ്ഥാനത്തെ ട്രേഡുയൂണിയൻ പ്രസ്ഥാനത്തിൻെറ മാതൃത്വം അവകാശപ്പെടാവുന്നതു് ട്രാവൻകൂർ കയർഫാക്ടറി വർക്കേഴ്സ് യൂ ണിയനാണ്. ഈ വ്യവസായത്തിലെ തൊഴിലാളികളുടെ അവശതകൾ പരി ഹരിക്കുവാൻ 1921 കാലഘട്ടത്തിൽത്തന്നെ സുശക്തമായ ഒരു ട്രേഡുയൂണിയൻ

ഉണ്ടായിട്ടുണ്ട്. അന്ന് ഈ വ്യവസായത്തിൽ അമ്പതിനായിരത്തിൽപ്പരം തൊഴിലാളികളുണ്ടായിരുന്നു. ഈ കയർഫാക്ടറി വർക്കേഴ്സ് യൂണിയനും അക്കാലത്ത് വ്യത്യസ്തസംസ്ഥാനങ്ങളായിരുന്ന തിരു–കൊച്ചിയിലും മലബാറിലും രൂപം കൊണ്ട മററു യൂണിയനുകളും കൂടിച്ചേർന്ന് ഇന്നാട്ടിലെ സാമൂഹിക–രാഷ്ട്രീയസംഭവവികാസങ്ങൾക്ക നേതൃത്വം നൽകിയെന്നു പറയുന്നതിൽ തെററില്ല. ആകെ ജനസംഖ്യയെ അപേക്ഷിച്ചു നോക്കുമ്പോൾ വ്യവസായത്തൊഴിലാളികളുടെ എണ്ണം ഇന്നും വളരെ ചെറുതാണെങ്കിലും (രണ്ടുകോടി പത്തുലക്ഷം ജനങ്ങൾക്കിടയിൽ വെറും രണ്ടുലക്ഷം പേർ മാത്രം) രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ പരിവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിൽ ഈ വിഭാഗം തങ്ങളുടെ സംഖ്യയ്ക്കാനുപാതികമല്ലാത്ത വിധത്തിൽ വർധിച്ച സ്വാധീനം ചെലുത്തുന്നുണ്ട്. താണശമ്പളം, ദീർഘമായ ജോലിസമയം, മൂപ്പന്മാരുടെ അഴിമതി, ശമ്പളം കൃത്യമായി നൽകാതിരിക്കൽ, പകപോക്കൽ, ഗവണ്മെൻറിൻെറ അടിച്ചമർത്തൽനയങ്ങൾ തുടങ്ങിയവ അവസാനിപ്പിക്കുവാൻ ട്രാവൻകൂർ കയർവർക്കേഴ്സ് യൂണിയനു പല കൊടിയസമരങ്ങളും നടത്തേണ്ടിവന്നു. ട്രേഡുയൂണിയനുകളെ അംഗീകരിക്കുവാൻ തൊഴിലുടമകളെ നിർബന്ധിതരാക്കിയതും, പ്രത്യക്ഷസമരം നടത്തുവാൻ തക്ക ശേഷിയോടു കൂടിയ ശക്തമായ ട്രേഡ്‌യൂണിയനുകളാണെന്നുള്ളതു് എല്ലാക്കാലത്തെയും ഒരു യാഥാർഥ്യമാണ്. എല്ലാ രാജ്യങ്ങളിലും ഇത്തരം പ്രസ്ഥാനങ്ങളുടെ ഉത്ഭവം കൂട്ടായ വിലപേശൽസമ്പ്രദായം വളരുന്നതിനു സഹായിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ രാജ്യത്തെ വ്യവസായരംഗത്തെ അഡ്ജൂഡിക്കേഷൻ സമ്പ്രദായം കൂട്ടായ വിലപേശലിൻെറ പുരോഗതിയെ വീർപ്പുമുട്ടിക്കുന്ന ഒന്നായിത്തീർന്നിട്ടുണ്ട്. രാജ്യം വിദേശഭരണത്തിലമർന്നിരുന്ന 1937-ൽ സുശക്തമായ ട്രേഡുയൂണിയൻ പ്രസ്ഥാനത്തിലൂടെ വിവിധ കയർഫാക്ടറികളിലെ സകല തൊഴിലാളികളും വമ്പിച്ച പണിമുടക്കു നടത്തി. അന്നു തൊഴിലുടമകൾ, പ്രത്യേകിച്ച് തൊഴിലാളി–മുതലാളിബന്ധത്തെസ്സംബന്ധിച്ച് കുറെയൊക്കെ അനുഭവജ്ഞാനമുണ്ടായിരുന്ന ബ്രിട്ടീഷുകാരായ തൊഴിലുടമകൾ, തൊഴിലാളികളോടു യുദ്ധം ചെയ്ത് ഉല്പാദനം കുറയ്ക്കുന്നതിനേക്കാൾ സുശക്തമായ ട്രേഡുയൂണിയൻ പ്രസ്ഥാനത്തോടു രമ്യപ്പെടുകയും അവരോടു് അനുഭാവപൂർവം പെരുമാറുകയുമാണ് യുക്തിപൂർവമെന്നു മനസ്സിലാക്കി. തൊഴിലുടമകൾ തന്നെ, കയറുല്പന്നനിർമാതാക്കളുടെ അസോസിയേഷൻ ഉണ്ടാക്കി. മേൽപ്പറഞ്ഞ ചരിത്രപ്രസിദ്ധമായ പണിമുടക്കിനെത്തുടർന്നായിരുന്നു ഇതു്. ബ്രിട്ടൻ, സ്വീഡൻ തുടങ്ങിയ സകല ജനാധിപത്യരാജ്യങ്ങളിലെയും സംഭവഗതികൾ ഉരുത്തിരിഞ്ഞതു് ഇതേ സ്വഭാവത്തിൽ തന്നെയായിരുന്നു.

### വ്യവസായബന്ധക്കമ്മററി

സുശക്തവും ഏകീകൃതവുമായ ട്രാവൻകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ ഒരു വശത്തും, റെപ്രസൻററീവ് മാനുഫാക്ചറേഴ്സ് അസോ

സിയേഷൻ മറുപക്ഷത്തുമായി. ഈ രണ്ടു കക്ഷികളുടെയും യഥാക്രമമുള്ള ശക്തി കണക്കിലെടുത്തു കൊണ്ടു് സ്വയംസന്നദ്ധതയോടു കൂടി കയർവ്യവസായത്തിൽ വ്യവസായബന്ധക്കമ്മററി രൂപീകരിച്ചു. ഇതേത്തുടർന്നു് ഓയിൽമിൽ വ്യവസായത്തിലും മററു വ്യവസായങ്ങളിലും ആരോഗ്യകരമായ വ്യവസായബന്ധക്കമ്മററികളുടെ ഒരു അധ്യായം ആരംഭിച്ചു. 1940-ൽ തിരുവിതാംകൂർപ്രദേശത്തു് വ്യവസായതലത്തിലൊട്ടാകെ കൂട്ടായ വിലപേശലിനു് സഹായകമായി വർത്തിച്ച വ്യവസായബന്ധക്കമ്മററികളെന്ന ഈ ഏർപ്പാടു് ഇന്ത്യയിലൊട്ടാകെ അദൃഷ്ടപൂർവമായ ഒരു സ്ഥാപനമായിത്തീർന്നു.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഇന്ത്യാഗവൺമെൻറു് രൂപീകരിച്ച റജികമ്മററിയുടെ ഒരു പഠനസംഘം കയർവ്യവസായത്തെക്കുറിച്ചു് എടുത്തു പറഞ്ഞു് പ്രശംസിച്ചിട്ടുണ്ടു്. തൊഴിലുടമകളുടെയും തൊഴിലാളികളുടെയും സംഘടനാപ്രതിനിധികൾ ഉൾക്കൊള്ളുന്ന കയർവ്യവസായം സംബന്ധിച്ച വ്യവസായബന്ധക്കമ്മററി പരസ്പരകൂടിയാലോചനകളിലൂടെ മിക്ക പ്രശ്നങ്ങളും പരിഹരിക്കുന്നു എന്നു് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ സംബന്ധിച്ച് ഈ കമ്മററി കൈക്കൊള്ളുന്ന തീരുമാനങ്ങൾ, ആ ആവശ്യങ്ങൾ ഉന്നയിച്ച കാലം തൊട്ടുള്ള പിൽക്കാലപ്രാബല്യത്തോടു കൂടി നടപ്പാക്കാൻ തൊഴിലുടമകൾ ബാധ്യസ്ഥമായതു കൊണ്ടു് തൊഴിലാളിയൂണിയൻ പണിമുടക്ക നടത്തുകയില്ലെന്നുള്ള വ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നു. കേരളത്തിൽ വ്യാവസായികബന്ധങ്ങൾ സംബന്ധിച്ച ഈ സംഭവവികാസങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന ഘട്ടത്തിൽ തന്നെ, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അഹമ്മദാബാദു് ടെക്സ്റ്റൈൽ ലേബർ അസോസിയേഷൻ രൂപമെടുത്തു. ഈ സംഘടന പ്രചാരം കരസ്ഥമാക്കി. മഹാത്മാഗാന്ധിയെപ്പോലുള്ള ഒരു നേതാവിനെ കൂടാതെയാണു് കേരളത്തിൽ ഇതൊക്കെ സംഭവിച്ചതു്. തൊഴിലാളികളുടെ സംഘടനാശേഷി ഒന്നു കൊണ്ടു മാത്രമായിരുന്നു ഇവിടെ അതൊക്കെ സംഭവിച്ചതു്. ഇക്കാലങ്ങളിൽ വോളൻററി ആർബിട്രേഷന്റെ നേട്ടങ്ങളെക്കുറിച്ചു് നാം ധാരാളമൊക്കെ കേൾക്കാറുണ്ടു്. എന്നാൽ ഇതു് സ്വീകരിക്കുവാൻ തൊഴിലുടമകൾ വൈമുഖ്യം പ്രകടിപ്പിക്കുന്നു. തൊഴിലുടമകളും യൂണിയനും തമ്മിൽ സ്വമേധയായുള്ള ഒരു കൂടിയാലോചനാമനസ്ഥിതിയോടു കൂടിയ ബന്ധം നിലവിലില്ലെങ്കിൽ വോളൻററി ആർബിട്രേഷൻ സാധ്യമല്ല എന്നു മനസ്സിലാക്കാൻ കഴിയാത്തതാണിതിനു കാരണം. നേരെ മറിച്ചു് ആയിരത്തിത്തൊള്ളായിരത്തിനാല്പതുകളിൽ കേരളത്തിൽ വ്യാവസായികബന്ധക്കമ്മററികൾ എന്ന പ്രസ്ഥാനത്തിലൂടെ വികസിച്ച വ്യവസായങ്ങളിലെ കൂട്ടായ വിലപേശൽ മൂലം ചില പ്രദേശങ്ങളിൽ വോളൻററി ആർബിട്രേഷൻ രൂഢമൂലമായി. ആലപ്പുഴയിലെ ഓയിൽമിൽ വ്യവസായത്തിലെയും കളമശ്ശേരിയിലെ സാസൂൺ മിൽസിലെയും (ഇപ്പോൾ ശ്രീചിത്രാ മിൽസ്) തർക്കങ്ങൾ വോളൻററി ആർബിട്രേഷനിലൂടെ 1940 കാലത്തു് പരി

ഹരിക്കുവാൻ കഴിഞ്ഞു എന്നതു് അഭിമാനത്തോടു കൂടി അനുസ്മരിക്കാവുന്നതാണ്. അതിലെയൊക്കെ ആർബിട്രേറ്റർമാർ വ്യാവസായികപ്രശ്നങ്ങളുമായി സമ്പർക്കമില്ലാത്ത ജുഡീഷ്യൽആഫീസർമാരായിരുന്നില്ല. മറിച്ച് തൊഴിലുടമകളും ട്രേഡ്‌യൂണിയൻ നേതാക്കന്മാരുമായിരുന്നു. അവർക്കു് ഈ വിഷയത്തിൽ വേണ്ടത്ര പരിജ്ഞാനമുണ്ടായിരുന്നു. അതു കൊണ്ടു് അവർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ വ്യവസായത്തിലെ ഇരുകൂട്ടർക്കും സ്വീകാര്യമാവുകയും ചെയ്തിരുന്നു. കൊച്ചിയെയും മലബാറിനെയുംകാൾ വ്യാവസായികമായി വികാസം പ്രാപിച്ചിരുന്ന തിരുവിതാംകൂർപ്രദേശത്തുണ്ടായ ആരോഗ്യകരമായ ഈ ജനാധിപത്യസംഭവവികാസങ്ങൾക്ക് പിന്നീട് ഒരു തിരിച്ചടിയുണ്ടായി. ലേബർ അഡ്ജുഡിക്കേഷനും അതേത്തുടർന്നുള്ള നിയമാശ്രയത്വവും കാരണമായിരുന്നു അതു്. കുറഞ്ഞ അളവിൽ ഇത്തരം സംഭവവികാസങ്ങൾ കൊച്ചി–മലബാർ പ്രദേശങ്ങളിലുമുണ്ടായി.

## തൊഴിൽരംഗത്തെ യൂണിയനുകളുടെ പ്രഭാവം

മററു സംസ്ഥാനങ്ങളെയപേക്ഷിച്ച്, കൂടുതൽ സാക്ഷരത്വമുള്ള കേരളത്തിൽ പ്രാരംഭകാലം മുതൽക്കു തന്നെ തൊഴിൽരംഗത്തു് യൂണിയനുകളുടെ അധീശത്വം നിലവിൽ വന്നു. വ്യവസായങ്ങൾ വികസിച്ചില്ലെങ്കിലും ട്രേഡ്‌യൂണിയൻ പ്രസ്ഥാനവും കൂട്ടായ വിലപേശലും 1940 മുതൽക്കു തന്നെ കയർ, ഓയിൽമിൽ, ടെക്സ്റ്റൈൽ, ഓട്ട് തുടങ്ങിയ സംഘടിതവ്യവസായങ്ങളിൽ ദൃഢമൂലമായിക്കഴിഞ്ഞിരുന്നു. രാജ്യത്തു് കർഷകത്തൊഴിലാളികളുടെ ഒരു ട്രേഡ്‌യൂണിയൻ രൂപം കൊണ്ടതു് ആദ്യമായി കേരളത്തിലായിരുന്നു. കുട്ടനാട്ട് കർഷകത്തൊഴിലാളി യൂണിയൻ ഇത്തരത്തിൽ ആദ്യത്തേതായിരുന്നു. കേരളത്തിലെ തൊഴിലാളികൾ തങ്ങളുടെ സംഘടനാശക്തി സംബന്ധിച്ച് കൂടുതൽ ബോധമുള്ളവരാണ്, മററു സംസ്ഥാനങ്ങളിലെ തൊഴിലാളികളെ അപേക്ഷിച്ച്. രാജ്യത്തിന്റെ മററു ഭാഗങ്ങളിലുള്ള തൊഴിലാളികൾ സാക്ഷരത്വത്തിൽ പിന്നോക്കമാണെന്നതാണിതിനു കാരണം. തങ്ങളിൽത്തന്നെ അടങ്ങിയിട്ടുള്ള ശക്തിയുപയോഗിച്ച് അവർ കൂട്ടായ വിലപേശൽ വികസിപ്പിച്ചു. സംഘടിത വ്യവസായങ്ങളിലെ തൊഴിലുടമകൾ ഒരു പരിധിയോളം തൊഴിലാളികളുടെ നേർക്കു് അനുഭാവപൂർവമായ നിലപാടവലംബിച്ചു. പല സ്ഥലങ്ങളിലും ആരോഗ്യകരമായ വ്യാവസായികബന്ധങ്ങളുടെ പ്രവണത പ്രകടമായിരുന്നു; ആദ്യകാലങ്ങളിൽ തൊഴിലുടമകളിൽ നിന്നുള്ള കടുത്ത പ്രതിരോധം തൊഴിലാളികൾക്കു് നേരിടേണ്ടി വന്നു എങ്കിലും.

## ക്ലോക്കിന്റെ സൂചി പുറകോട്ട്

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഉണ്ടായ അഖിലേന്ത്യാ തൊഴിൽനിയമനിർമാണവും കേന്ദ്രട്രേഡ്‌യൂണിയൻ സംഘടനകളുമാണ് സംസ്ഥാനത്തു് ക്ലോക്കിന്റെ സൂചി പുറകോട്ട് തിരിച്ചതു്. രാജ്യത്തിനു കൈവന്ന രാഷ്ട്രീയസ്വാതന്ത്ര്യം, സംഘടിക്കുവാനും തൊഴിൽ ചെയ്യുന്ന ജനവിഭാഗങ്ങളുടെ താല്പര്യ

ങ്ങൾ കൂടുതൽ സംരക്ഷിക്കുവാനുമുള്ള സ്വാതന്ത്ര്യം നൽകി. എന്തായാലും, രാജ്യത്തെ വ്യവസായബന്ധനിയമത്തിൽ നിർബന്ധിതഅഡ്ജൂഡിക്കേഷൻ ഏർപ്പെടുത്തിയതു് കേരളത്തിൽ കൂട്ടായ വിലപേശലിനും ആരോഗ്യകരമായ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും തിരിച്ചടിയായി ഭവിച്ചു. രാജ്യത്തിലെ മററു പ്രദേശങ്ങൾക്കൊപ്പം കേരളത്തിനും വ്യവസായരംഗത്തു് നിയമബന്ധങ്ങൾ പാലിക്കേണ്ടി വന്നു. സ്വന്തമായ കഴിവു കൊണ്ടു് വികസിപ്പിച്ചെടുത്ത തൊഴിലാളി–തൊഴിലുടമബന്ധത്തിൽ നിയമബന്ധങ്ങൾ കടന്നു കൂടി. വ്യാവസായികബന്ധങ്ങളുടെ രംഗത്തു് പല കാര്യങ്ങളിലും കേരളം പ്രഥമസ്ഥാനം അർഹിക്കുന്ന സംസ്ഥാനമായിരുന്നു. എന്നാൽ, കൂട്ടായ വിലപേശലും ട്രേഡുയൂണിയൻ പ്രസ്ഥാനവും വേണ്ടത്ര വികസിച്ചിട്ടില്ലാത്ത മററു സംസ്ഥാനങ്ങളുടെ ചുവടൊപ്പിച്ച് കേരളത്തിനും പിന്നീടു നീങ്ങേണ്ടി വന്നു. കൂട്ടായ വിലപേശൽ മാത്രമല്ല, 1946 മുതല്ക്കു തന്നെ നാലു ശതമാനം മിനിമം വാർഷിക ബോണസ് എന്ന തത്വവും കേരളം കാണിച്ചു കൊടുത്തു. എന്നാൽ, അതു് മററു സംസ്ഥാനങ്ങൾ പിന്തുടരാൻ രണ്ടു ദശവർഷക്കാലം വേണ്ടി വന്നു. നിർബന്ധിതഅഡ്ജൂഡിക്കേഷന്റെയും വ്യവസായരംഗത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനുള്ള തൊഴിൽനിയമങ്ങളുടെയും സ്വാധീനം, കൂട്ടായ വിലപേശൽ, സംയുക്തകൂടിയാലോചന, വോളൻററി ആർബിട്രേഷൻ തുടങ്ങിയവയെയും വ്യവസായരംഗത്തെ മറെറല്ലാ വോളൻററിസംരംഭങ്ങളെയും നിരുത്സാഹപ്പെടുത്തി. ഇതോടൊപ്പം, രാഷ്ട്രീയാശയത്തിൽ അടിയുറച്ച കേന്ദ്രട്രേഡു്യൂണിയൻ സംഘടനകളുടെ പിളർപ്പും ഈ സംസ്ഥാനത്തു് പ്രതികൂലസ്വാധീനം സൃഷ്ടിച്ചു.

## ഒട്ടധികം ദുർബലയൂണിയനുകൾ

**സംസ്ഥാനത്തെ തൊഴിലാളി–മാനേജുമെന്റു്ബന്ധങ്ങളിലുള്ള വൈരുധ്യങ്ങൾ ശരിക്കും മനസ്സിലാക്കുന്നതിനു വേണ്ടിയാണു് ഈ പശ്ചാത്തലവസ്തുതകൾ ഇത്രയും വിശദീകരിച്ചതു്. കേരളത്തിലെ തൊഴിലാളികൾ മററു സംസ്ഥാനങ്ങളിലെ തൊഴിലാളികളെ അപേക്ഷിച്ച് കൂടുതൽ സാക്ഷരരും കൂടുതൽ സംഘടനാബോധം ഉള്ളവരുമാണു്. 1968–69–ൽ സംസ്ഥാനത്തു് 2571 ട്രേഡു് യൂണിയനുകൾ ഉണ്ടായിരുന്നു. ഇക്കൊല്ലത്തിലാകട്ടെ, ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടിൽ ഇങ്ങനെ ഒരു പരാമർശമുണ്ടു്: "കേരള ആനത്തൊഴിലാളി യൂണിയൻ എന്ന പേരിൽ ഒരു യൂണിയൻ രജിസ്റ്റർ ചെയ്തിട്ടുണ്ടു്". ഈ യൂണിയൻ പാപ്പാന്മാരുടെയും കാട്ടാനകളെ മെരുക്കുന്ന ജോലിക്കാരുടെയും ആനയെക്കൊണ്ടു പണിയെടുപ്പിക്കുന്നവരുടെയും യൂണിയനാണു്. റിപ്പോർട്ടിൽ ഇങ്ങനെ തുടർന്നു പറയുന്നു. സംസ്ഥാനത്തെ ട്രേഡു്യൂണിയൻ ചരിത്രത്തിൽ ഇങ്ങനെയൊരു യൂണിയൻ മുമ്പുണ്ടായിട്ടില്ല, മറെറാരു സംസ്ഥാനത്തും ഇത്തരം ഒരു ആനത്തൊഴിലാളി യൂണിയൻ ഉണ്ടായിക്കാണുകയില്ല. സംസ്ഥാനത്തെ തൊഴിലാളികൾ സംഘടിച്ചു സംഘടിച്ച് ഏതു വരെ പോയിരിക്കുന്നു എന്നിതു കാണിക്കുന്നു. എല്ലാ വർക്ക്ഷോപ്പുകളിലും ചായക്കടകളിലും ഹോട്ടലുകളിലും തൊഴിലാളികൾ സംഘടിച്ചിട്ടുണ്ടു്. മററു സംസ്ഥാനങ്ങ**

ളിലെ ട്രേഡ്‌യൂണിയൻ നേതാക്കളെ ചായക്കടയും ഹോട്ടലും ആകർഷിച്ചിട്ടില്ല. ഇത്രയധികം യൂണിയനുകളിലെ അംഗസംഖ്യയോ അവയുടെ സാമ്പത്തികാവസ്ഥയോ ലേബർ ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ഇന്ത്യയിലെ ട്രേഡ്യൂണിയനുകളുടെ അംഗസംഖ്യയും സാമ്പത്തികാവസ്ഥയും അപഗ്രഥിച്ചുകൊണ്ട് നാഷണൽ ലേബർ കമ്മിഷൻ പറയുന്നതിപ്രകാരമാണ്: "ഓരോ യൂണിയനുകളിലെയും അംഗസംഖ്യ വളരെ പരിമിതവും അനുയായികൾ വളരെ കുറവുമാണ്". കേരളത്തിലെ യൂണിയനുകളെ സംബന്ധിച്ചിടത്തോളം ഇതു കൂടുതൽ ശരിയാണ്. ഒരു യൂണിയൻെറ അംഗസംഖ്യ പ്രത്യക്ഷസമരമാരംഭിക്കുന്നതിനുള്ള അവരുടെ ശക്തിയുടെ നിർണായകഘടകമല്ലെന്നു മാത്രം. വ്യവസായരംഗത്തെ വിഭിന്നഗ്രൂപ്പുകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് യൂണിയനുകൾ പിളരുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു സാധാരണ പ്രവണതയായി തീർന്നിരിക്കുന്നു. രാഷ്ട്രീയനേതാക്കൾ തങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങൾക്കു വേണ്ടി തൊഴിലാളികളെ ചൂഷണം ചെയ്യുന്നു എന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. പുറത്തുള്ള രാഷ്ട്രീയഭിന്നതകൾ എന്തു തന്നെയായിരുന്നാലും ട്രേഡ്യൂണിയനുകളിൽ തൊഴിലാളികൾ പ്രധാനമായും ശ്രദ്ധിക്കുന്നത് തങ്ങളുടെ സാമ്പത്തികവും തൊഴിൽപരവുമായ താല്പര്യങ്ങളിലാണെന്ന വസ്തുത ആർക്കും കാണാവുന്നതാണ്. വ്യാവസായികവും വ്യാപാരപരവും കാർഷികവുമായ രംഗങ്ങളിലുള്ള തൊഴിലാളിയൂണിയനുകളുടെ എണ്ണം വളരെയാണെങ്കിലും അവയിൽ ചിലതിനു മാത്രമേ തികഞ്ഞ സംഘടനാബലവും സാമ്പത്തികശേഷിയുമുള്ളു. അതേ സമയം ദീർഘകാലം പണിമുടക്കു നടത്തുവാൻ അവർക്കു കഴിയുകയില്ല എന്നു ധരിക്കുന്നതു് ശരിയായിരിക്കുകയില്ല. പാശ്ചാത്യരാജ്യങ്ങളിലെ തൊഴിലാളികളെപ്പോലെയല്ലാതെ ഇവിടത്തെ തൊഴിലാളികൾ കൂട്ടുകുടുംബങ്ങളിൽ കഴിയുന്നവരാണ്. രാഷ്ട്രീയവും സാമൂഹ്യവുമായ പിന്തുണയും ഇവർക്കുണ്ട്. മാത്രമല്ല, സാധാരാണ കാലഘട്ടങ്ങളിൽ പോലും ഇവരുടെ ജീവിതനിലവാരം വളരെ താണതാണ്. ഈ വസ്തുതകൾ ഇന്ത്യൻ സാഹചര്യങ്ങളിൽ സുദീർഘമായ പണിമുടക്കു നടത്തുന്നതിനു് ഇവർക്കു് അനുകൂലമായി ഭവിക്കുന്നു. മേൽ വിവരിച്ച സംഗതികളിൽ നിന്നും കേരളത്തിലെ ഉല്പാദനപരവും സേവനപരവുമായ എല്ലാ മണ്ഡലങ്ങളിലും യൂണിയൻപ്രവർത്തനത്തിൻെറ സ്വാധീനം നിലനിൽക്കുന്നുണ്ടെന്നു കാണാവുന്നതാണ്.

### മാനേജീരിയൽ സാമർത്ഥ്യം അനിവാര്യം

വ്യാവസായികബന്ധങ്ങൾ നേരെയാക്കുന്നതിൽ മാനേജുമെൻറിനു് ഉത്തരവാദിത്വമുണ്ട്. തൊഴിലാളികൾക്കിടയിലെ യൂണിയൻപ്രവർത്തനത്തിൻെറ തീക്ഷ്ണത കാരണം കേരളത്തിലെ മാനേജുമെൻറുകൾ യൂണിയനുകൾക്കുനേരെയുള്ള പ്രതിരോധം അവസാനിപ്പിച്ചിട്ടുണ്ട്. വളരെ കുറച്ചു ദൃഷ്ടാന്തങ്ങൾ മാത്രമേ മറിച്ചു ചൂണ്ടിക്കാണിക്കുവാനുള്ളു. കേരളത്തിനു പുറത്തു് ട്രേഡ്യൂണിയനുകളുമായി പോരാടി പ്രസിദ്ധി നേടിയിട്ടുള്ള വ്യവസായസ്ഥാപനങ്ങൾ പോലും

കേരളത്തിൽ ട്രേഡ്യൂണിയനുകളെ അംഗീകരിക്കുവാനും അവരുമായി ദീർഘകാലക്കരാറുകൾ ഉണ്ടാക്കുന്നതിനു വേണ്ടി കൂടിയാലോചന നടത്തുവാനും നിർബന്ധിതമായിട്ടുണ്ട്. ആധുനികവ്യവസായരംഗത്ത് അസ്വാസ്ഥ്യങ്ങളുടെ തീജ്വാല ഉയരുമ്പോൾ അവ കെടുത്തുന്നതിനുള്ള ശ്രമത്തേക്കാൾ വലുതാണ് പെഴ്സണൽ മാനേജ്മെൻറിൽ വൈദഗ്ദ്ധ്യം ഉളവാക്കുക എന്നത്. കേരളത്തിനു വെളിയിലുള്ള വ്യവസായസംഘടനകൾ വ്യവസായബന്ധങ്ങളെക്കുറിച്ചു വച്ചു പുലർത്തുന്ന സങ്കല്പം കേരളത്തെ സംബന്ധിച്ചിടത്തോളം പ്രസക്തിയില്ലാത്തതാണ്. കേരളത്തിലെ തൊഴിലാളികൾ സാക്ഷരരും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചു കൂടുതൽ ബോധമുള്ളവരുമാണ്. മേധാവിത്വപരമായ സമീപനം മററു സംസ്ഥാനങ്ങളിൽ കുറെക്കാലം കൂടി തുടർന്നാൽത്തന്നെ കേരളത്തിൽ അതിനു സ്ഥാനമില്ല. കേരളത്തിലെ തൊഴിലാളികളെക്കുറിച്ചു കേൾക്കുന്ന അങ്ങേയററം ഗൗരവതരമായ പരാതികൾ സംബന്ധിച്ചു പോലും, അവയുടെ ഉറവിടം ചില മാനേജ്മെൻറുകളുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള പോരായ്മകളാണെന്നു പറയുന്നത് അതിശയോക്തിയാവില്ല. രാജ്യത്തിന്റെ മററു ഭാഗങ്ങളിൽ തൊഴിൽബന്ധവിഷയങ്ങൾ സംബന്ധിച്ച് തങ്ങൾ വിജയകരമായി കൈക്കൊണ്ടിട്ടുള്ള ഉപാധികൾ തന്നെ കേരളത്തിലും പ്രയോഗിക്കുന്നതിൽ നിന്നാണ് മാനേജ്മെൻറുകൾക്ക് ഈ പരാജയം നേരിടുന്നത്. കേരളത്തിൽ രൂപം കൊള്ളുകയും പിന്നീട് കേരളത്തിനു പുറത്ത് വ്യവസായങ്ങൾ നടത്തുകയും ചെയ്യുന്ന, ഇതേ സങ്കല്പങ്ങൾ വച്ചു പുലർത്തുന്ന മാനേജ്മെൻറുകളെ സംബന്ധിച്ചും ഇതു തന്നെയാണ് വസ്തുത. അങ്ങനെ, ദുർബലവും വിഭക്തവുമായ ട്രേഡ്യൂണിയൻ പ്രസ്ഥാനവും മാനേജ്മെൻറിലുള്ള പൊതുവായ വൈദഗ്ദ്ധ്യക്കുറവുമാണ് രാജ്യത്ത് ആരോഗ്യകരമായ വ്യാവസായികബന്ധങ്ങൾ വികസിക്കുന്നതിന് വിഘാതമായി നിലകൊള്ളുന്നത്.

കേരളത്തിലെ തൊഴിൽരംഗത്തെ പ്രക്ഷോഭകരമായ അവസ്ഥയെക്കുറിച്ച് ഉച്ചത്തിലുള്ള പരാതികൾ കേൾക്കാറുണ്ടെങ്കിലും വ്യവസായബന്ധപരിതസ്ഥിതികളിലുള്ള മററു ചില വസ്തുതകൾ അവഗണിക്കാൻ സാധ്യമല്ല. പണിമുടക്കുകളോടും ലോക്കൗട്ടുകളോടുമനുബന്ധിച്ചുള്ള അക്രമങ്ങൾ മററു സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ കുറവാണ്. തങ്ങളുടെ യൂണിയനുകൾ വ്യവസ്ഥാപിതമായി അംഗീകരിക്കപ്പെടുകയും വേണ്ട കാര്യങ്ങളിൽ തങ്ങളുമായി കൂടിയാലോചന നടത്തുകയും ചെയ്താൽ കേരളത്തിലെ തൊഴിലാളികൾ കൂടുതൽ ഉല്പാദനത്തിനു സഹായകമായ നിലപാടവലംബിക്കും. ഇതിനു ചില മികച്ച ദൃഷ്ടാന്തങ്ങളുമുണ്ട്. കേരളത്തിലെ തൊഴിലാളികൾ സാക്ഷരത്വമുള്ളവരാണെന്നതാണിതിനു കാരണം. വ്യവസായത്തിന്റെ വിവിധങ്ങളായ രംഗങ്ങളിൽ അങ്ങേയററം വൈദഗ്ധ്യം പ്രദർശിപ്പിക്കാൻ കഴിയുന്നവരാണ് അവർ. സംസ്ഥാനത്തിനു വെളിയിൽ പോലും വിദഗ്ദ്ധജോലികൾക്ക് കേരളത്തിൽ നിന്നുള്ള തൊഴിലാളികളെയാണ് കൂടുതലായി നിയോഗിച്ചു വരുന്നത്. ഇക്കാര്യത്തിൽ പ്രാദേശികപക്ഷഭേദം നോക്കാറില്ല.

## പുറത്തു നിന്നുള്ള നേതൃത്വം

രാജ്യത്തെ, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തെ തൊഴിൽബന്ധങ്ങളെ രാഷ്ട്രീയനേതാക്കന്മാർ കലുഷമാക്കുന്നുണ്ടെന്ന കൂടക്കൂടെ കേൾക്കാറുള്ള ആക്ഷേപത്തെക്കുറിച്ചു കൂടി ഒരു വാക്കു പറയേണ്ടതു് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും. ഇന്ത്യയിൽ മാത്രമല്ല, മിക്ക വികസ്വരരാജ്യങ്ങളിലും കണ്ടുവരുന്ന ഈ പ്രവണതയുടെ ചരിത്രപരവും മററുമായ കാരണങ്ങൾ സുദീർഘമായി വിവരിക്കുവാനല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. നാഷണൽ ലേബർ കമ്മിഷൻ അതിന്റെ റിപ്പോർട്ടിൽ ഈ പ്രശ്നം പരാമർശിച്ചിട്ടുണ്ട്. തൊഴിലാളികൾ അല്ലാത്തവർ തൊഴിലാളിയൂണിയനുകളുടെ ഔദ്യോഗികസ്ഥാനങ്ങൾ വഹിക്കുന്നതു് നിയമപരമായി തടയുന്നതിനോട്ട് തങ്ങൾക്കാനുകൂല്യമില്ലെന്നു് കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നു. തങ്ങളുടെ നേതാക്കളായി ആരെ തിരഞ്ഞെടുക്കണമെന്നു തീരുമാനിക്കുവാനുള്ള അവകാശം തൊഴിലാളികൾക്കു തന്നെ വിട്ടു കൊടുക്കുകയാണു് നല്ലതെന്നു് കമ്മിഷൻ അഭിപ്രായപ്പെടുന്നു. ഒരു ജനാധിപത്യരാജ്യത്തിലും ഒരു ട്രേഡ്യൂണിയൻനേതാവു് ഒരു ഫാക്ടറിയിലെയോ സ്ഥാപനത്തിലെയോ ജോലിക്കാരനായിരുന്നിട്ടില്ലെന്ന വസ്തുതയും ശ്രദ്ധേയമാണു്. അവരൊക്കെത്തന്നെ മുഴുവൻ സമയവും ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്നവരാണു്. ഈ രാജ്യത്തെ ട്രേഡ് യൂണിയൻ നേതാക്കളിൽ നിന്നൊരു വ്യത്യാസം അവർക്കുണ്ട്. ഒരു കാലത്തു് അവർ വ്യവസായങ്ങളിൽ ജോലി ചെയ്തിട്ടുള്ളവരും വ്യവസായത്തിന്റെ പ്രവർത്തനങ്ങളെപ്പററി ആഭ്യന്തരമായി അറിവുള്ളവരുമായിരിക്കും. രാഷ്ട്രീയനേതൃത്വം കാരണം ട്രേഡ്യൂണിയനുകൾ വിഭജിക്കപ്പെടുകയും അങ്ങനെ വ്യാവസായികബന്ധങ്ങൾ അപകടപ്പെടുകയും ചെയ്യുമെന്നതു ശരി തന്നെ. വിവിധ രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള വൈരത്തിനും അതു കാരണമാകുമെന്നതും ശരി തന്നെ. അതേ സമയം വ്യവസായത്തൊഴിലാളികളുടെ ലക്ഷ്യം സാമ്പത്തികമായ മേന്മയാണു്. മഹത്തായ വ്യവസായബന്ധങ്ങൾ നിലവിലുണ്ടെന്നു പറയപ്പെടുന്ന ജപ്പാനെപ്പോലുള്ള ഒരു രാജ്യത്തു പോലും രാഷ്ട്രീയച്ഛവയോടു കൂടിയ തൊഴിലാളിപ്രകടനങ്ങൾ ഇന്നു സർവസാധാരണമായി തീർന്നിട്ടുണ്ട്. ജപ്പാൻ ലേബർ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധീകരിക്കുന്ന ജപ്പാൻ ലേബർ ബുള്ളററിന്റെ 1970 ജൂലൈ ലക്കത്തിൽ പറഞ്ഞിരിക്കുന്നതു്, 'ഒക്കിനാവാദിനം' പ്രമാണിച്ചു് ജപ്പാനിലൊട്ടാകെ 358 സ്ഥലങ്ങളിൽ റാലികളും പ്രകടനങ്ങളും നടന്നു എന്നാണു്. ഒക്കിനാവയിലെ അമേരിക്കൻ അധീശത്വത്തിൽ പ്രതിഷേധിച്ചായിരുന്നു ഒക്കിനാവാദിനാചരണം നടത്തിയതു്. ഒക്കിനാവാഉടമ്പടി സ്വയം ദീർഘിപ്പിച്ചതു കാരണം ജപ്പാനിലെ ട്രേഡ്യൂണിയനുകളുടെ കേന്ദ്രസംഘടനയായ സോഹിയോയുമായി അഫിലിയേററു ചെയ്തിട്ടുള്ള യൂണിയനുകൾ സമയപരിധികൾ വച്ചുള്ള പണിമുടക്കുകൾ നടത്തിയെന്നും പ്രസ്തുത പ്രസിദ്ധീകരണത്തിൽ പറയുന്നു. രാഷ്ട്രീയസ്വാധീനവും യൂണിയനുകളുടെ രാഷ്ട്രീയനേതൃത്വവും നല്ല തൊഴിൽബന്ധങ്ങൾ നിലവിലുള്ള ജപ്പാനെ സംബ

ന്ധിച്ചു പോലും അപ്രസക്തമല്ലെന്നു കാണുവാൻ കഴിയും. വ്യവസായത്തെക്കുറിച്ചുള്ള അറിവോടു കൂടിയ ട്രേഡ്‌യൂണിയൻനേതൃത്വം, കൂട്ടായ വിലപേശലിനു പൊതുവായി ഗുരുതരമായ പ്രയാസങ്ങളൊന്നും സൃഷ്ടിക്കുന്നില്ലെന്നുള്ളതാണു പല തൊഴിലുടമകളുടെയും അനുഭവം.

### തൊഴിൽഭരണം

വിവിധ വ്യാവസായങ്ങളിലെ വ്യവസായബന്ധക്കമ്മറ്റികളെ നിരുത്സാഹപ്പെടുത്തുന്ന പ്രവണതയാണ് സംസ്ഥാനത്തെ തൊഴിൽഭരണം പിൽക്കാലങ്ങളിൽ പ്രകടിപ്പിച്ചിട്ടുള്ളത്. ഈ കമ്മററികളുടെ ചരിത്രപരമായ പശ്ചാത്തലം നാം കണ്ടു കഴിഞ്ഞതാണ്. കൂട്ടായ വിലപേശലിന് അവ നൽകിയ സംഭാവനയെക്കുറിച്ചും അറിഞ്ഞു കഴിഞ്ഞു. ലേബർ ഡിപ്പാർട്ടുമെൻറ് ഈയിടെ വരെ ത്രികക്ഷിസമിതികൾ രൂപീകരിക്കുകയും തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള നല്ല ധാരണകൾക്ക് ഈ സമിതികൾ ഉപകരിച്ചിട്ടുണ്ടെന്ന് തങ്ങളുടെ ഭരണറിപ്പോർട്ടുകളിൽ ആവർത്തിച്ചു സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, വിവിധ വ്യവസായങ്ങളിൽ രൂപീകരിച്ചിട്ടുള്ള വ്യസായബന്ധക്കമ്മറ്റികൾ, അവയുടെ കാലാവധി കഴിഞ്ഞു പോയതിനാലോ വീണ്ടും അവ പുനസ്സംഘടിപ്പിക്കാൻ ഗവണ്മെൻറനുമതി ലഭിക്കാത്തതിനാലോ പ്രവർത്തനരഹിതമായിത്തീർന്നിട്ടുണ്ടെന്ന് 1968–69–ലെ ഭരണറിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെ ഈ കമ്മററികളുടെ കാലാവധി കഴിഞ്ഞു പോയിട്ടുള്ള കാലഘട്ടങ്ങളിൽ തൊഴിൽബന്ധങ്ങൾ സംബന്ധിച്ച എല്ലാ കാര്യങ്ങളെയും നിയന്ത്രിച്ചിരുന്നത് നിയമമായിരുന്നു. അങ്ങനെ ഈ വോളൻററിസമിതികൾക്ക് പ്രയോജനകരമായ യാതൊന്നും തന്നെ ചെയ്യാനില്ലാതെ വന്നു. ഒരു ടോട്ടാലിറേററിയൻ സമൂഹത്തിൽ പോലും ഇത്തരം ഒരു നയം പാടില്ലാത്തതായിരുന്നു. കാരണം, നിയമപരമായ ഒരു വീക്ഷണത്തിൽ നിന്നു കൊണ്ടു മാത്രം തൊഴിൽബന്ധം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയില്ല. ഒരു ജനാധിപത്യരാജ്യത്തിലെ തൊഴിൽബന്ധങ്ങളെസ്സംബന്ധിച്ച അടിസ്ഥാനസങ്കല്പങ്ങൾ ഇല്ലാഞ്ഞ കാരണത്താൽ കേരളത്തിലെ വ്യവസായബന്ധക്കമ്മററികൾ എന്ന മഹത്തായ സ്ഥാപനം അസ്തമനോന്മുഖമായിപ്പോയതു് ഒരു ദുരന്തം തന്നെയാണ്. ഇപ്പോഴത്തെ നയം പുനപ്പരിശോധിക്കപ്പെടുമെന്നും കൂട്ടായ വിലപേശലിനും സംയുക്തകൂടിയാലോചനകൾക്കും വേണ്ടിയുള്ള വോളൻററി സമിതി പ്രോത്സാഹിപ്പിച്ചു കൊണ്ടു വരുവാൻ തൊഴിൽഭരണം സന്നദ്ധമാകുമെന്നും പ്രതീക്ഷിക്കുന്നു. തർക്കങ്ങൾ ഉണ്ടാകുമ്പോഴൊക്കെ പരിഹരിക്കുന്നതിനുള്ള ഒരഭ്യാസമായി വ്യവസായബന്ധങ്ങളെ കാണുന്നതിനു പകരം തർക്കങ്ങൾ ഉണ്ടാകാതിരിക്കാൻ കൂട്ടായ വിലപേശലും സംയുക്തകൂടിയാലോചനയും പ്രോത്സാഹിപ്പിക്കുവാനായിരിക്കണം തൊഴിൽഭരണം ശ്രദ്ധിക്കേണ്ടതു്.

രാജ്യത്തെ വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന അസ്വാസ്ഥ്യങ്ങളുടെ ഒരു കാരണം, തൊഴിലാളിയൂണിയനുകളെ അംഗീകരിക്കുന്നതിന് നിയമാധിഷ്ഠിത

മായ ഒരളവുകോൽ ഇല്ലെന്നുള്ളതാണ്. എതിർയൂണിയനുകൾ തമ്മിൽ അവകാശപരിധി സംബന്ധിച്ചുണ്ടാകാവുന്ന തർക്കങ്ങൾ പരിഹരിക്കുവാനും നിയമാധിഷ്ഠിതമായ ഏർപ്പാടുകൾ ഉണ്ടാകേണ്ടതാണ്. യൂണിയനുകൾ തമ്മിലുള്ള പരസ്പരമത്സരം, യൂണിയനുകളുടെ അംഗീകാരം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേരള ഗവണ്മെൻറ് 1957-ലും 1970-ലും രണ്ടു ബില്ലുകൾ തയ്യാറാക്കി. 1957-ലെ ബില്ലിന് കേന്ദ്രഗവണ്മെൻറ് അംഗീകാരം നൽകുവാൻ വിസമ്മതിച്ചു. 1970-ലെ ബില്ലിനും ഇതേ വരെ അംഗീകാരം നൽകിയിട്ടില്ല. കേന്ദ്രഗവണ്മെൻറിന്റെ ഇതേ വരെയുള്ള തൊഴിൽനയം അറിഞ്ഞിടത്തോളം രഹസ്യവോട്ടെടുപ്പിലൂടെ ഭൂരിപക്ഷം നേടുന്ന ഒരു യൂണിയന് അംഗീകാരം നൽകാൻ അനുവദിക്കുന്ന ഒരു നിയമനിർമാണം കേന്ദ്രത്തിനു സ്വീകാര്യമാവില്ലെന്നു വേണം അനുമാനിക്കുവാൻ. തൊഴിൽ ഒരു കൺകറൻറുവിഷയമായതു കൊണ്ടും തൊഴിൽ സംബന്ധിച്ച ഒരു നിയമനിർമാണത്തിന് കേന്ദ്രഗവണ്മെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരം വേണമെന്നതു കൊണ്ടും സംസ്ഥാനഗവണ്മെൻറിന് സഹിക്കേണ്ടി വരുന്ന ഒരു പിഴയാണിത്. അതു കൊണ്ട് ഈ പ്രശ്നം പരിഹരിക്കുവാൻ മററു മാർഗങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ വ്യാവസായികബന്ധങ്ങളെക്കുറിച്ചുള്ള ഈ അപഗ്രഥനം താഴെപ്പറയുന്ന സുപ്രധാന വസ്തുതകൾ വെളിച്ചത്തു കൊണ്ടു വരുന്നു:—

(1) കേരളത്തിലെ വ്യവസായ-തൊഴിൽരംഗം പ്രക്ഷോഭം നിറഞ്ഞതും യൂണിയനുകളുടെ നിയന്ത്രണം അങ്ങേയററം വരെ ഉള്ളതുമാണ്.

(2) മാനേജീരിയൽ വൈദഗ്ധ്യവും ട്രേഡ്യൂണിയനുകളുടെ വ്യവസ്ഥാപിതമായ അംഗീകാരവും മൂലം കൂട്ടായ വിലപേശലിലൂടെയും സംയുക്തകൂടിയാലോചനകളിലൂടെയും ഉല്പാദനത്തോതിലും കാര്യക്ഷമതയിലും മഹത്തായ ഫലങ്ങൾ ഉളവായിട്ടുണ്ട്.

(3) മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതൽ വിജയകരമായ കൂട്ടായ വിലപേശലുണ്ട്.

(4) മാനേജ്മെൻറിൽ പൊതുവായും പേഴ്സണൽ മാനേജ്മെൻറിൽ പ്രത്യേകിച്ചും കുറെക്കൂടി വൈദഗ്ധ്യം കടത്തി വിടുകയാണെങ്കിൽ തൊഴിൽബന്ധങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

(5) തൊഴിലാളികളുടെ വിദ്യാഭ്യാസം കൂടുതൽ അഭിവൃദ്ധിപ്പെടുത്തണം. അതേ സമയം മാനേജ്മെൻറുവിദ്യാഭ്യാസവും പരിശീലനവും സംസ്ഥാനത്തെസ്സംബന്ധിച്ചിടത്തോളം കൂടുതൽ അത്യാവശ്യമാണ്.

(6) തൊഴിൽനിയമങ്ങൾ അടിച്ചേൽപ്പിക്കുകയെന്നതല്ല ആദ്യത്തെയും അവസാനത്തെയും കൃത്യമെന്ന് ഭരണാധികാരികൾ മനസ്സിലാക്കണം. സംസ്ഥാനത്തെ വ്യവസായബന്ധങ്ങളുടെ പാരമ്പര്യത്തിനും പ്രതിഭയ്ക്കും അനുസൃതമായി സ്വമേധയാ കൂടിയാലോചനകൾ പ്രോത്സാഹിപ്പിക്കാൻ ഭരണാധികാരികൾ യത്നിക്കണം. മാനേജീരിയൽവിദ്യാഭ്യാസത്തിനും പരിശീലനത്തിനും തൊഴിലാളികളുടെ വിദ്യാഭ്യാസത്തിനും വേണ്ടി ഉയർന്ന നിലവാരത്തിലുള്ള

ഗവേഷണം സംഘടിപ്പിക്കുകയും യൂണിവേഴ്സിററികൾ തുടങ്ങിയ പ്രൊഫഷണൽ സ്ഥാപനങ്ങളുമായി സഹകരിക്കുകയും വേണം.

(7) ട്രേഡ്യൂണിയനുകളെ അംഗീകരിക്കുന്നതിനു വേണ്ടിയുള്ള കേരളത്തിന്റെ ബില്ല് കേന്ദ്രഗവണ്മെൻറ് അംഗീകരിക്കുവാനുള്ള സാധ്യതകൾ വിരളമായതുകൊണ്ട് സംസ്ഥാനത്തെ വിവിധ കേന്ദ്രട്രേഡ്യൂണിയനുകൾ തമ്മിൽ ഇതു സംബന്ധിച്ച് സ്വമേധയാ പരസ്പരധാരണ ഉളവാക്കുന്നതിന് ഗവണ്മെൻറ് താൽക്കാലികമായി യത്നിക്കണം.

ചുരുക്കത്തിൽ, കേരളത്തിലെ വ്യാവസായികബന്ധങ്ങൾ സങ്കീർണമായ ഒരു പ്രശ്നമാണ്. കേരളത്തിലെ തൊഴിൽരംഗം അസ്വസ്ഥമാണെന്നു മാത്രം പറയുന്നത് പ്രശ്നത്തെ വല ലഘൂകരിക്കലാണ്. സാഹചര്യപരമായ പോരായ്മകൾ ഉണ്ടെങ്കിലും കേരളത്തിലെ തൊഴിൽരംഗത്തിന് വേണ്ടത്ര മാനേജീരിയൽ വൈദഗ്ധ്യമാർജിക്കുവാനും അതിനു തക്ക ഫലങ്ങൾ ഉളവാക്കുവാനും കഴിവുണ്ട്. ഇപ്പോഴത്തെ കുഴപ്പങ്ങൾ പരിഹരിക്കുവാൻ ട്രേഡ്യൂണിയനുകളും തൊഴിലുടമകളും അവരുടെ സംഘടനകളും സംസ്ഥാനഗവണ്മെൻറും ഒരുമിച്ചു യത്നിക്കുകയും പരിതസ്ഥിതിയുടെ യാഥാർഥ്യങ്ങൾ കണ്ടറിഞ്ഞ് ആരോഗ്യകരമായ വ്യവസായബന്ധങ്ങൾ സ്ഥാപിക്കുകയും വേണം. ട്രേഡ്യൂണിയനുകൾ ശക്തിപ്പെടണം. നിയമനടപടികളിലൂടെ പ്രതിവിധി തേടാതെ, കൂട്ടായ വിലപേശലിലൂടെ, യൂണിയനുകളുമായി ഇടപെടുന്നതിന് മാനേജുമെൻറുകൾ കൂടുതൽ സാമർഥ്യം പ്രദർശിപ്പിക്കണം. ഈ ലക്ഷ്യം നേടുന്നതിന് ഗവണ്മെൻറുനയം കൂടുതൽ ഊർജസ്വലവും ചലനാത്മകവുമാകേണ്ടിയിരിക്കുന്നു.

പി. എൻ. കൃഷ്ണപിള്ള

19

# തൊഴിലും തൊഴിലില്ലായ്മയും—കേരളത്തിൽ

**ആമുഖം**

ഇന്ത്യയിൽ തൊഴിലില്ലായ്മ ഏററവും രൂക്ഷമായ ഒരു ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. തൊഴിലില്ലായ്മ, സാമ്പത്തികഭദ്രത മാത്രമല്ല, സാമൂഹിക സുരക്ഷിതത്വം പോലും അപകടത്തിലാക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് ഇന്ത്യയെ വലിച്ചിഴച്ചു കൊണ്ടിരിക്കുകയാണ്. ഈ ആശങ്ക ഭരണാധികാരികൾക്കും ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. അടുത്ത കാലത്തായി ഗവണ്മെൻറുകൾ തൊഴിലില്ലായ്മയെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദേശിക്കുന്നതിനും വിദഗ്ധസമിതികളെ നിയമിക്കുകയും മററു ഭരണപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. ദാന്ത്‌വാലയുടെ നേതൃത്വത്തിലുള്ള അന്വേഷണസമിതി റിപ്പോർട്ട് സമർപ്പിച്ചതു് ഈയടുത്ത കാലത്താണ്. പ്ലാനിംഗ് കമ്മിഷൻ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗങ്ങളെക്കുറിച്ച് ആലോചിച്ചു വരുന്നു. ഈയവസരത്തിൽ കേരളത്തിലെ തൊഴിൽനിലയെയും തൊഴിലില്ലായ്മയെയും വിശകലനം ചെയ്യുന്നതിനുള്ള ശ്രമം അസ്ഥാനത്താവുകയില്ലല്ലോ.

ഇന്ത്യയിലെ മററ് ഏതൊരു സംസ്ഥാനത്തെക്കാളും കേരളത്തിൽ തൊഴിലില്ലായ്മ ഗുരുതരമാണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ പത്തു വർഷക്കാലമായി തൊഴിൽനിലയിലും തൊഴിലില്ലായ്മപ്രശ്നത്തിലും ഉണ്ടായിട്ടുള്ള ഗതിവിഗതികൾ പരിശോധിക്കുമ്പോൾ ഈ വിശ്വാസം എത്രത്തോളം ശരിയാണെന്ന് വ്യക്തമാവുന്നതാണ്. തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുന്നതിനുള്ള നയനിർദേശങ്ങൾ സമർപ്പിക്കുവാനൊന്നും ഇവിടെ ഉദ്ദേശിക്കുന്നില്ല. എങ്കിലും നയനിർദേശങ്ങൾ ആവിഷ്കരിക്കുമ്പോൾ മാർഗദർശകങ്ങളായെടുക്കാവുന്ന ചില സൂചനകൾ നൽകാൻ ശ്രമിക്കാം.

**തൊഴിൽനില**

കേരളത്തിലെ തൊഴിൽനിലയെക്കുറിച്ച് സമഗ്രവും കൃത്യവുമായ കണക്കുകൾ നിലവിലില്ല. എംപ്ലോയ്മെൻറ് സർവീസസ് ഡിപ്പാർട്ടുമെൻറിൽ നിന്ന് കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന തൊഴിൽക്കമ്പോളവിവരങ്ങൾ

## സംഘടിതമേഖലയിലെ തൊഴിൽനില

**(31–3–1961 മുതൽ 31–3–1970 വരെ)**

| | പൊതുമേഖല | | സ്വകാര്യമേഖല | | ഇരുമേഖലകളും ചേർന്നു് | |
|---|---|---|---|---|---|---|
| | (തൊഴിലാളികളുടെ എണ്ണം: ആയിരക്കണക്കിൽ) | സൂചിക (31-3-61 = 100) | (തൊഴിലാളികളുടെ എണ്ണം: ആയിരക്കണക്കിൽ) | സൂചിക (31-3-61 = 100) | (തൊഴിലാളികളുടെ എണ്ണം: ആയിരക്കണക്കിൽ) | സൂചിക (31–3–61 = 100) |
| 31-3-1961-ൽ | 199·04 | 100·0 | 339·07 | 100·0 | 538·11 | 100·0 |
| 31-3-1962-ൽ | 210·89 | 105·9 | 385·02 | 113·5 | 595·91 | 110·7 |
| 31-3-1963-ൽ | 228·07 | 114·6 | 391·82 | 115·6 | 619·89 | 115·2 |
| 31-3-1964-ൽ | 240·98 | 121·1 | 412·74 | 121·7 | 653·72 | 121·5 |
| 31-3-1965-ൽ | 250·34 | 125·8 | 443·81 | 130·9 | 694·15 | 129·0 |
| 31-3-1966-ൽ | 260·53 | 130·9 | 454·20 | 134·0 | 714·73 | 132·8 |
| 31-3-1967-ൽ | 260·64 | 130·9 | 428·50 | 126·4 | 689·14 | 128·0 |
| 31-3-1968-ൽ | 267·91 | 134·6 | 434·89 | 128·2 | 702 80 | 130·6 |
| 31-3-1969-ൽ | 280·88 | 141·1 | 434·44 | 128·1 | 715·32 | 132·1 |
| 31-3-1970-ൽ | 293·32 | 147·4 | 409·56 | 120·8 | 702·88 | 130·6 |

മാത്രമാണ് തുടർച്ചയായി ലഭിക്കുന്ന കണക്കുകൾ. മുൻപേജിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് കേരളത്തിലെ സംഘടിതമേഖല (Organised Sector) യിലെ തൊഴിൽനിലയിൽ വന്നിട്ടുള്ള വ്യതിയാനങ്ങൾ വ്യക്തമാവുന്നതാണ്.

31–3–1961–നും 31–3–1970–നും ഇടയ്ക്ക്, 1·65 ലക്ഷം ആളുകൾക്ക് മാത്രമേ കേരളത്തിലെ സംഘടിതമേഖലയിൽ പുതിയതായി ജോലി കിട്ടിയിട്ടുള്ളു. ഇതിൽ തൊണ്ണൂററിഅയ്യായിരം പേർക്ക് പൊതുമേഖലയാണ് ജോലി നല്കിയത്. സ്വകാര്യമേഖലയിൽ ജോലി കിട്ടിയവരുടെ എണ്ണം എഴുപതിനായിരത്തോളമേ വരുന്നുള്ളു. 1961–ൽ സംഘടിതമേഖലയിലെ തൊഴിലാളികളിൽ 37 ശതമാനം പേർ പൊതുമേഖലയിലും ബാക്കിയുള്ളവർ സ്വകാര്യമേഖലയിലും ആയിരുന്നു. അന്ന്, പൊതുമേഖലയിലുള്ളതിനേക്കാൾ ഒരു ലക്ഷത്തിനാല്പതിനായിരം പേർ സ്വകാര്യമേഖലയിൽ കൂടുതലായി ഉണ്ടായിരുന്നു. 1970 മാർച്ച് ആയപ്പോൾ, ഈ അനുപാതങ്ങളിൽ സാരമായ വ്യതിയാനങ്ങൾ വന്നു കഴിഞ്ഞതായി കാണുന്നു. മൊത്തം തൊഴിലിന്റെ 42 ശതമാനവും പൊതുമേഖലയാണ് നല്കുന്നതെന്ന സ്ഥിതിയായിരിക്കുന്നു. പൊതുമേഖലയിലുള്ളതിനേക്കാൾ ഒരു ലക്ഷത്തിനാല്പതിനായിരം പേർ കൂടുതൽ സ്വകാര്യമേഖലയിലുണ്ടായിരുന്നു. അത് 1970 ആയപ്പോൾ ഒരു ലക്ഷത്തിപ്പതിനാറായിരമായി കുറഞ്ഞു.

പൊതുമേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിൽ 47 ശതമാനം വർധനവുണ്ടായതായിക്കാണാം. പ്രസ്തുത വർധന ഈ ദശകം മുഴുവൻ നിരന്തരമായി തുടർന്നു വരികയായിരുന്നു. സ്വകാര്യമേഖലയിൽ 21 ശതമാനത്തോളമേ തൊഴിൽ വർധിച്ചുള്ളു. 1961 മുതൽ 1966 വരെയുള്ള അഞ്ചു വർഷക്കാലം സ്വകാര്യമേഖല അനുക്രമം വികസിച്ചു വന്നിരുന്നു. 1966 മാർച്ചുമാസം അവസാനിച്ചപ്പോൾ നാലരലക്ഷം പേർ ഈ മേഖലയിലുണ്ടായിരുന്നു. എന്നാൽ, അതിനുശേഷം തൊഴിൽനില പെട്ടെന്നു വഷളായി. ഏതാണ്ട് ഇരുപത്തിയാറായിരം പേർക്ക് ഒരു വർഷം കൊണ്ട് തൊഴിൽ നഷ്ടപ്പെട്ടു. 1968–ൽ കുറെ പേർക്ക് ജോലി തിരിച്ചു കിട്ടി. ആ നില 1969–ലും തുടർന്നു. 1970 മാർച്ചുമാസമായപ്പോൾ, 1969–ൽ ജോലിയിലുണ്ടായിരുന്നവരിൽ ഇരുപത്തിയയ്യായിരം പേർ ജോലിയിൽ നിന്നു പുറന്തള്ളപ്പെട്ടു കഴിഞ്ഞതായി കണക്കുകൾ കാണിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ 1966–നും 1970–നും ഇടയ്ക്ക് സ്വകാര്യമേഖലയിൽ ഒരാൾക്കെങ്കിലും കൂടുതലായി ജോലി കിട്ടിയില്ല. എന്നു തന്നെയുമല്ല, നാല്പത്തയ്യായിരത്തോളം പേർക്ക് ജോലി നഷ്ടപ്പെടുകയും ചെയ്തു.

മേൽപ്പറഞ്ഞ കാലഘട്ടത്തിൽ, ഇന്ത്യയിലെ പൊതുവെയുള്ള തൊഴിലവസരങ്ങൾ ഇതിലും വേഗത്തിൽ കൂടി വന്നിരുന്നതായിട്ടാണ് കാണുന്നത്. 1961–നും 1969–നും ഇടയ്ക്ക് പൊതുമേഖല പ്രതിവർഷം 4·5 ശതമാനം വീതവും സ്വകാര്യമേഖല 3.4 ശതമാനം വീതവും തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിച്ചു കൊണ്ടിരുന്നു. രണ്ടു മേഖലകളും ചേർത്തു നോക്കിയാൽ, തൊഴിലവ

സാരങ്ങൾ ആണ്ടൊന്നിന് 4 ശതമാനം വീതം കൂടിയതായി കാണാം. കേരളത്തിൽ ഈ നിരക്ക് 3 ശതമാനം വീതം മാത്രമായിരുന്നു.

കേരളത്തിലെ സ്വകാര്യമേഖലയെ ഗ്രസിച്ചിരിക്കുന്ന തളർച്ചയും സ്തംഭനവും ഏതെങ്കിലും ഒരു വ്യാവസായികരംഗത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല. കൃഷിയെയും വ്യവസായത്തെയും നിർമാണപ്രവർത്തനങ്ങളെയും ഒന്നു പോലെ ബാധിച്ചിട്ടുണ്ട്. ഈ മാന്ദ്യം. കാർഷികമേഖലയിൽ പതിമൂവായിരം പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടതു്. ഇവരിൽ ഭൂരിപക്ഷം പേരും തേയിലത്തോട്ടങ്ങളിൽ പണിയെടുത്തിരുന്നവരാണ്. ഉത്പാദനവ്യവസായരംഗത്തെ തകർച്ച കൊണ്ട് മുപ്പതിനായിരം പേർക്ക് ജോലി പോയി. ഇവരിൽ ഇരുപതിനായിരത്തോളം പേർ കശുവണ്ടിപ്പരിപ്പ് സംസ്കരിക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരുന്നവരാണ്. നിർമാണരംഗത്തിൽ പത്തൊമ്പതിനായിരം പേർക്കെങ്കിലും ജോലി നഷ്ടപ്പെട്ടിട്ടുണ്ട്. തോടുകൾ, കൈത്തോടുകൾ, അണകൾ മുതലായവ നിർമിച്ചു വന്നവരാണ് ജോലി നഷ്ടപ്പെട്ടവരിൽ അധികം പേരും. കൊല്ലം, കോട്ടയം എന്നീ ജില്ലകളെയാണ് ഈ മാന്ദ്യം ഏററവും കൂടുതലായി ബാധിച്ചിട്ടുള്ളതു്.

1970 മാർച്ചിനു ശേഷം അസ്വാസ്ഥ്യജനകമായ ഈ നിലയ്ക്ക് വലിയ മാററമൊന്നും വന്നിട്ടില്ല. മാത്രമല്ല, തൊഴിൽരംഗം കൂടുതൽ മോശമാവുകയും ചെയ്തു. കൃഷി, വ്യവസായം, നിർമാണപ്രവർത്തനം എന്നീ രംഗങ്ങളിൽ പടർന്നു പിടിച്ചിട്ടുള്ള തളർച്ചയുടെ ഫലം കേരളത്തിൻെറ വരുമാനവർധനയെ സാരമായി ബാധിച്ചിട്ടുണ്ട്. 1961–നു ശേഷം ആണ്ടുതോറും 3 ശതമാനം വീതം മാത്രമേ കേരളത്തിൻെറ വരുമാനം വർധിച്ചുള്ളൂ. ഈ വർധനയുടെ കേവലം 14 ശതമാനം മാത്രമാണ് കാർഷിക–വ്യാവസായിക–നിർമാണമേഖലകളുടെ സംഭാവന.

കേരളത്തിലെ തൊഴിൽനിലയെയും തൊഴിലില്ലായ്മയെയും കുറിച്ച് 1965-ൽ സംസ്ഥാനവ്യാപകമായി നടത്തിയ ഒരു സർവേയുടെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ, ഇന്ന് ഓരോ വ്യത്യസ്തമണ്ഡലത്തിലുമുള്ള തൊഴിലാളികളുടെ എണ്ണം ഏറെക്കുറെ താഴെക്കൊടുത്തിരിക്കുന്ന പ്രകാരമായിരിക്കുവാൻ ഇടയുണ്ട്.

| | | | |
|---|---|---|---|
| 1. | കൃഷിയും അതിനോടു ബന്ധപ്പെട്ട തൊഴിലുകളും | 36·7 | ലക്ഷം |
| 2. | വ്യാവസായികോത്പാദനം | 10·1 | ,, |
| 3. | നിർമാണം | 1·2 | ,, |
| 4. | വ്യാപാരവും വാണിജ്യവും | 5·7 | ,, |
| 5. | പൊതുസേവനരംഗങ്ങൾ | 3·3 | ,, |
| 6. | ഗാർഹികസേവനരംഗങ്ങൾ | 4·0 | ,, |
| 7. | മററു സേവനരംഗങ്ങൾ | 6·8 | ,, |
| | ആകെ | 67·8 | ,, |

### തൊഴിലില്ലായ്മ

സ്വകാര്യമേഖലയുടെ തളർച്ചയും പൊതുമേഖലയുടെ ശേഷിക്കുറവും നിമിത്തം പണ്ടു മുതൽക്കേ കേരളത്തെ ബാധിച്ചിട്ടുള്ള തൊഴിലില്ലായ്മപ്രശ്നം ഇന്ന്

ഏററവും ഗുരുതരമായിത്തീർന്നിരിക്കുകയാണ്. തൊഴിലില്ലായ്മ കേരളത്തിനു് പുത്തരിയല്ല. നാല്പത്തിയഞ്ചു കൊല്ലം മുമ്പ്, അന്നത്തെ തിരുവിതാംകൂർപ്രദേശത്തെ തൊഴിലില്ലായ്മയെക്കുറിച്ച് അന്വേഷിക്കുന്നതിനു് നിയമിതമായ കമ്മിററി, ഒരു ഒഴിവിനു് മൂന്നു് അപേക്ഷകരെന്ന നിലയിൽ തൊഴിലില്ലാത്തവരുടെ എണ്ണം പെരുകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1931-ലെ സെൻസസ് റിപ്പോർട്ടിൽ, തൊഴിലില്ലായ്മപ്രശ്നം അഭ്യസ്തവിദ്യരുടെയിടയിൽ മാത്രമല്ല വിദ്യാവിഹീനരുടെയിടയിലും ഗുരുതരമായിക്കഴിഞ്ഞിരിക്കുന്നുവെന്നു് മുന്നറിയിപ്പു നല്കിയിരുന്നു. ബംഗാളിലൊഴികെ ഇന്ത്യയുടെ മററൊരു പ്രദേശത്തും തിരുവിതാംകൂറിലെപ്പോലെ തൊഴിലില്ലായ്മ രൂക്ഷമായിട്ടില്ലെന്നു പ്രസ്തുത റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുണ്ട്. 1941-ലെ സെൻസസ് റിപ്പോർട്ടിൽ പറയുന്നതു്, 16 വയസ്സിനും 40 വയസ്സിനും ഇടയ്ക്കു് പ്രായമുള്ളവരിൽ 6 ശതമാനം പേർ തൊഴിൽ ലഭിക്കാത്തവരായി ഉണ്ടായിരുന്നുവെന്നാണ്. പഞ്ചവത്സരപദ്ധതികൾ തുടങ്ങിയതിനു ശേഷവും തൊഴിലില്ലായ്മപ്രശ്നത്തിനു് യാതൊരു ഉപശാന്തിയും കാണാൻ നമുക്കു കഴിഞ്ഞില്ല. 1956-57-നും 1958-59-നും ഇടയ്ക്കു്, 10 ശതമാനത്തിലധികം തൊഴിലാളികൾ ജോലിയില്ലാതെ കഴിയുകയായിരുന്നുവെന്നു് അന്നു നടത്തിയ വ്യത്യസ്തപഠനങ്ങൾ തെളിയിക്കുന്നു. 1961-ൽ ഇക്കണക്കിനു് 5·7 ലക്ഷം പേരെങ്കിലും തൊഴിൽ ഇല്ലാത്തവരായി ഉണ്ടായിരുന്നിരിക്കണം. 1962-ൽ നടത്തിയ ഒരു സാമ്പിൾ സർവേയിൽ നിന്നു് മനസ്സിലായതു്, തൊഴിൽ ചെയ്യാവുന്നവരുടെ 13·8 ശതമാനത്തോളം വരുന്ന 7·6 ലക്ഷം പേർക്കു് യാതൊരു തൊഴിലും കിട്ടിയിട്ടില്ല എന്നാണ്.

ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികൾ മുഖേന 6·47 ലക്ഷം പുതിയ തൊഴിലുകൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നാണ് കണക്കു്. എന്നാൽ ഈ കാലയളവിൽ 12·5 ലക്ഷം പേർ തൊഴിൽ ചെയ്യാവുന്നവരുടെ കൂട്ടത്തിലേക്കു് പുതിയതായി പ്രവേശിച്ചിരുന്നു. ഇതിൻെറ അർത്ഥം, തൊഴിലില്ലാത്തവരുടെ മൊത്തംസംഖ്യ 6 ലക്ഷം വർധിച്ചിരിക്കണം എന്നാണ്.

1965-66-ൽ ഗവണ്മെൻറു് വ്യാപകമായി നടത്തിയ ഒരു സർവേയുടെ ഫലങ്ങൾ 5·47 ലക്ഷം പേർ മാത്രമേ തൊഴിലില്ലാത്തവരായി കേരളത്തിലുണ്ടായിരുന്നുള്ളൂ എന്നാണ് കാണിക്കുന്നതു്. ഇതു് അപ്പാടെ സ്വീകരിക്കാവുന്ന ഒരു കണക്കല്ല. സർവേറിപ്പോർട്ടിൽത്തന്നെ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുമുണ്ട്. ഏററവും കൂടുതൽ തൊഴിലവസരങ്ങളുള്ള കൃഷിസമയത്താണ് സർവേ നടത്തിയതു്. സർവേ നടത്തിയ ദിവസത്തിനു മുൻപുള്ള ഒരാഴ്ചക്കാലത്തു് ഏതെങ്കിലും ഒരു ദിവസം അല്പനേരത്തേക്കെങ്കിലും എന്തെങ്കിലും പണിക്കു പോയിട്ടുള്ള എല്ലാവരെയും തൊഴിലുള്ളവരായി സർവേയിൽ കണക്കാക്കുകയും ചെയ്തിരുന്നു. ജോലിയുള്ളവരെന്നു് കണക്കാക്കപ്പെട്ടവരിൽ നാലിലൊരു ഭാഗത്തോളം ആളുകൾ കുറച്ചുകൂടി ആദായം കിട്ടുന്ന മറേറതെങ്കിലും പണി കിട്ടാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നവരായിരുന്നു. നാമമാത്രമായ ജോലി ചെയ്യുന്നവർ മാത്രമല്ല ആഴ്ചയിൽ 42 മണിക്കൂറും 56 മണിക്കൂറും ജോലി ചെയ്യുന്നവർ പോലുമുണ്ടായിരുന്നു ഇക്കൂട്ട

ത്തിൽ. തങ്ങാംക്ക് കിട്ടുന്ന വരുമാനം കൊണ്ടു് കഴിഞ്ഞു കൂടുന്നതിനു് നിവൃത്തി യില്ലെന്നായിരുന്നു ഇവരുടെ പരാതി. ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണു്. പണിത്തിരക്കു് കുറഞ്ഞ കാലത്തായിരുന്നു സർവേ നടന്നതെങ്കിൽ തൊഴിലില്ലാത്തവരുടെ എണ്ണം 5·47 ലക്ഷത്തിലും എത്രയോ അധികമാണെന്നു് കാണാൻ കഴിയുമായിരുന്നു. അതു പോലെ, തൊഴിൽ ഉള്ള ആരം എന്ന നിർവചനത്തിൽ ഒരാഴ്ചയിൽ ഒരു ദിവസമോ മററാ എന്തെങ്കിലും പണി ചെയ്തിട്ടുള്ള എല്ലാവരെയും ചേർത്തതും ശരിയായിരുന്നില്ല. ഈ നിർവചനം സ്വീകരിച്ചതും തൊഴിലില്ലാത്തവരുടെ എണ്ണം കുറച്ചു കാണിക്കുന്നതിനു് ഇടയാക്കിയിട്ടുണ്ടു്.

ഈ സർവേയിൽത്തന്നെ സൂചിപ്പിച്ചിട്ടുള്ള മററാരു കാര്യം, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ തൊഴിൽ ഇല്ലാത്തവരെന്ന നിലയിൽ പേർ രജിസ്റ്റർ ചെയ്യുന്നവരിൽ അഞ്ചിലൊരു ഭാഗം ആളുകരം ചില്ലറജോലികരം ഉള്ളവരാണെന്നതാണു്. മാത്രമല്ല, തൊഴിലില്ലാത്ത ആളുകളിൽ 20 ശതമാനം പേർ മാത്രമേ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ സമീപിക്കാറുള്ളു. മേൽപ്പറഞ്ഞ സർവേയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോരം, ഇപ്പോരം പത്തു ലക്ഷത്തിലേറെ ആളുകരം തൊഴിലില്ലാത്തവരായി ഉണ്ടായിരിക്കുമെന്നു് കണക്കാക്കാം. എന്നാൽ യഥാർത്ഥത്തിലുള്ള എണ്ണം ഇതിലുമെത്രയോ കൂടുതലായിരിക്കാനാണു് സാധ്യത. പൂർണമായും തൊഴിലില്ലാത്തവരായ ആളുകളെ കൂടാതെ, വേണ്ടത്ര തൊഴിലോ വേണ്ട വിധത്തിലുള്ള തൊഴിലോ കിട്ടാതെ വിഷമിക്കുന്ന ഇരുപതോ ഇരുപത്തിയഞ്ചോ ലക്ഷം ആളുകരം വേറെയുമുണ്ടു് (1965-ൽ ഇത്തരക്കാർ 16 ലക്ഷത്തിനും 20 ലക്ഷത്തിനും ഇടക്കു വരുമെന്നാണു് കണക്കാക്കപ്പെട്ടിരുന്നതു്).

കേരളത്തിലെ തൊഴിലില്ലാത്തവരിൽ 45 ശതമാനത്തോളം പേർ സ്ത്രീകളാണു്. തൊഴിലില്ലാത്തവരിൽ അഞ്ചിൽ നാലു ഭാഗവും സാക്ഷരതയുള്ളവരത്രേ. 57 ശതമാനം പേർ മെട്രിക്കുലേഷൻ പരീക്ഷയോ അതിലുമുയർന്ന പരീക്ഷകളോ പാസ്സായിട്ടുള്ളവരാണു്. തൊഴിലില്ലാത്തവരിൽ മുക്കാൽപ്പങ്കും മുപ്പതു വയസ്സിൽ താഴെയുള്ളവരാണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരിൽ പകുതിയോളം പേർ ജോലിക്കു വേണ്ടി ശ്രമിക്കാൻ തുടങ്ങിയിട്ടു് ഒരു വർഷത്തിലേറെയായിരിക്കുന്നു. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ കണക്കുകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള അടുത്ത പേജിൽക്കൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

ഇന്ത്യയിലെ തൊഴിലില്ലാത്ത ആളുകളുടെ മൊത്തം എണ്ണം നോക്കുമ്പോരം, ആകെയുള്ളവരിൽ 7 ശതമാനത്തോളം പേർ കേരളത്തിലാണെന്നാണു് കാണുന്നതു്. തൊഴിലില്ലാത്ത മെട്രിക്കുലേററുകളിൽ, ഒൻപതിൽ ഒരാരം വീതം കേരളക്കാരനാണു്.

വിദ്യാസമ്പന്നരുടെ ഇടയിലെ തൊഴിലില്ലായ്മ മററു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കൂടുതലാണു്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള വിവരങ്ങരം കാണിക്കുന്നതു്, 1966-നും 1969-നും ഇടക്കു്, തൊഴിലില്ലാത്ത ബിരുദധാരികളുടെ (ബിരുദാനന്തരപഠനം കഴിഞ്ഞിട്ടുള്ളവർ ഉരം

പ്പെടെ) എണ്ണം, 4,473-ൽ നിന്നും, 12,689 ആയി ഉയർന്നുവെന്നാണ്. 1965-ലെ സർവേയും ചില കണക്കുകൾ നിരത്തി വെക്കുന്നുണ്ട്. 320 കാർഷിക ബിരുദധാരികളും 190 എൻജിനീയറിങ് ബിരുദധാരികളും 3,800 എൻജിനീയറിങ് ഡിപ്ലോമക്കാരും 1,210 ടെക്നോളജി ഡിപ്ലോമക്കാരും തൊഴിലില്ലാത്തവരായി അന്നു കണ്ടിരുന്നു. ഇന്ന് അതിലും വളരെ മോശമാണ് സ്ഥിതി. കേരളഗവണ്മെൻറിൻെറ സാമ്പത്തിക-സാംഖ്യികബ്യൂറോ നടത്തിയിട്ടുള്ള ചില പഠനങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

## തൊഴിലില്ലായ്മയുടെ ദൈർഘ്യം

| വിദ്യാഭ്യാസയോഗ്യത | തൊഴിലില്ലായ്മയുടെ ദൈർഘ്യം: ഒരു വർഷം വരെ (എണ്ണം—ആയിരക്കണക്കിൽ) | ഒരു വർഷത്തിൽ കൂടുതൽ (എണ്ണം—ആയിരക്കണക്കിൽ) |
|---|---|---|
| 1. ഏഴാം സ്റ്റാൻേറർഡ് വരെ | 214·6 (70 ശതമാനം) | 94·3 (30 ശതമാനം) |
| 2. എട്ടാം സ്റ്റാൻേറർഡു മുതൽ പത്താം സ്റ്റാൻേറർഡു വരെ | 40·2 (43 ,, ) | 52·9 (57 ,, ) |
| 3. മെട്രിക്കുലേഷൻ മുതൽ ബിരുദത്തിനു വേണ്ടി പഠിച്ചിട്ടുള്ളവർ വരെ | 56.4 (12 ,, ) | 78·2 (58 ,, |
| 4. ബിരുദധാരികൾ | 3·6 (55 ,, ) | 2·9 (45 ,, ) |
| 5. ബിരുദാനന്തരപഠനം കഴിഞ്ഞിട്ടുള്ളവർ | 0·7 (100 ,, ) | |

1305 എൻജിനീയറിങ് ബിരുദധാരികൾ 1966-67 അവസാനത്തിൽ ജോലിയില്ലാതെ ഉണ്ടായിരുന്നു. ഡിപ്ലോമക്കാരാകട്ടെ 4737 പേരും. ഇന്ന് ഇവരുടെ എണ്ണം യഥാക്രമം 4700, 11500 എന്ന തോതിലായിരിക്കുമെന്നാണ് മതിപ്പ്. പരിശീലനം ലഭിച്ച ക്രാഫ്റ്റുകാർ 8055-ൽ നിന്ന് 34700 ആയി ഉയർന്നിട്ടുണ്ടാവണം. കാർഷികബിരുദധാരികളിൽ 320 പേർ ജോലിയില്ലാതെ കഴിയുകയായിരുന്നു, 1965-ൽ. അവരുടെ കൂട്ടത്തിലേക്ക് എത്ര പേർ ഇതിനകം ചെന്നു ചേർന്നിട്ടുണ്ട് എന്നതിന് കൃത്യമായ കണക്കുകളില്ല. പക്ഷേ, ഇനിയും 450 പേർ കൂടി ഈ അണികളിലേക്ക്, നാലാം പഞ്ചവത്സരപദ്ധതിക്കാലത്ത് ചെന്നു ചേരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെ സ്ഥിതിയും ശോഭനമല്ല. മെഡിക്കൽബിരുദം നേടിയവരിൽ 1,000 പേരെങ്കിലും, ഇക്കൊല്ലം തൊഴിലില്ലാത്തവരായി തീരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അധ്യാപനപരിശീലനം നേടിയ 19,000 പേർ കൂടി തൊഴിലില്ലാതെ നില്ക്കുന്ന അധ്യാപകരുടെ കൂട്ടത്തിലേക്ക് നാലാം പഞ്ചവത്സരപദ്ധതിക്കാലത്ത്

ചെന്നു ചേരുമെന്നു് കണക്കാക്കപ്പെട്ടിട്ടുണ്ടു്. ബിരുദധാരികളായ അധ്യാപകർ 4000 പേരാണു് ഈ കാലഘട്ടത്തിൽ തൊഴിലില്ലാത്തവരുടെ കൂട്ടത്തിൽ ചേരാൻ പോകുന്നതു്.

ഇതു വരെ നാം പരിശോധിച്ച കണക്കുകളിൽ നിന്നു് തൊഴിലില്ലായ്മയുടെ സ്വഭാവം, കാഠിന്യം, പ്രത്യേകതകൾ മുതലായവ ഏറെക്കുറെ വ്യക്തമായിട്ടുണ്ടു്. തൊഴിലില്ലായ്മ കേരളത്തെ ഉടനീളം പിടികൂടിയിട്ടുള്ള ഒരു മഹാരോഗമായി ത്തീർന്നിരിക്കുന്നു. സ്വകാര്യമേഖല ഇവിടെ തളർന്നു കിടക്കുകയാണു്. തൊഴിൽ സാധ്യതയുള്ള പുതിയ വ്യവസായങ്ങൾ തുടങ്ങുന്നില്ല എന്നതോ പോകട്ടെ, ഉള്ള വ്യവസായങ്ങൾ പോലും അടച്ചു പൂട്ടുന്നതിനുള്ള ശ്രമമാണു് സ്വകാര്യമേഖലയിൽ കാണുന്നതു്. തേയിലത്തോട്ടങ്ങളിലും കശുവണ്ടിവ്യവസായത്തിലും നിർമാണ രംഗങ്ങളിലും ഈ പ്രവണത കൂടുതൽ പ്രകടമാണു്. തൊഴിൽരംഗം സ്തംഭിച്ചു നില്ക്കുകയാണെങ്കിലും, തൊഴിൽ ചെയ്യാവുന്നവരുടെ എണ്ണം അടിക്കടി വർധിച്ചു കൊണ്ടിരിക്കുന്നുണ്ടു്. തൊഴിലുള്ളവരിൽത്തന്നെ, നല്ല ഒരു വിഭാഗം നാമമാത്രമായ ശമ്പളം പററി, അസംതൃപ്തരായി കഴിഞ്ഞു കൂടുകയാണു്. ഒട്ടും തൊഴിലില്ലാത്തവരുടേതിനേക്കാൾ ലഘുവായ പ്രശ്നമല്ല ഇവരുടേതും. ഒട്ടും തൊഴിലില്ലാത്തവരും വേണ്ടത്ര തൊഴിലില്ലാത്തവരും കൂടി ഏകദേശം നാല്പതുലക്ഷത്തോളം പേർ ഇന്നു കേരളത്തിൽ കണ്ടേക്കാം. ഇവരിൽ വിദ്യാസമ്പന്നരും തൊഴിൽവിദഗ്ധരും പ്രത്യേകസേവനമണ്ഡലങ്ങളിൽ ഉയർന്ന പരിശീലനം സിദ്ധിച്ചവരും ഉൾപ്പെടുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ മുമ്പെന്നത്തേക്കാളും രൂക്ഷമായിത്തീർന്നിരിക്കുകയാണു്. ഈ പ്രവണത, ഇനി വരുന്ന വർഷങ്ങളിൽ കൂടിക്കൊണ്ടിരിക്കുമെന്നാണു് ഇതിനെക്കുറിച്ചു നടത്തിയിട്ടുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നതു്.

തൊഴിലില്ലായ്മ ഇവിടെ ഇത്ര രൂക്ഷമാകാൻ കാരണമെന്തു്? കേരളത്തിന്റെ സാമ്പത്തികരംഗം ആലസ്യത്തിലാണെന്നതാണു് ഒരു കാരണം; മററൊന്നു്, അമിതമായ ജനനനിരക്കും. ജനനനിരക്കു് കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഫലം അനുഭവപ്പെടണമെങ്കിൽ പത്തിരുപതു് വർഷങ്ങൾ കഴിയണം. അതു കൊണ്ടു് ഈ പ്രശ്നം രൂക്ഷമാകുന്നതിനു് മോശപ്പെട്ട വികസനത്തോതിനെ മാത്രം കാരണമായി തൽക്കാലം പരിഗണിച്ചാൽ മതി. എന്തു കൊണ്ടു് കേരളത്തിന്റെ വികസനയത്നങ്ങൾ ഇത്ര കുറഞ്ഞ തോതിലായിപ്പോയി?

പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള ഒരു കാരണമുണ്ടു്. കേന്ദ്രഗവണ്മെന്റു് കേരളത്തിൽ വ്യാവസായികസംരംഭങ്ങൾക്കു വേണ്ടി കാര്യമായി പണം മുടക്കിയില്ല എന്നതാണു് ഈ കാരണം. താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു് ഈ ആരോപണം ശരിയാണെന്നു തെളിയും. 1951–52-നും 1967–68-നും മധ്യേയുള്ള കാലയളവിൽ, വിവിധസംസ്ഥാനങ്ങളിൽ കേന്ദ്രഗവണ്മെന്റു് നടത്തിയിട്ടുള്ള വ്യാവസായികമൂലധനനിക്ഷേപം ഈ പട്ടികയിൽ കൊടുത്തിരിക്കുന്നു. 1964–65-ലെ പ്രതിശീർഷവരുമാനത്തിന്റെ അടിസ്ഥാനത്തിലാണു് സംസ്ഥാനങ്ങളുടെ പേർപട്ടിക കൊടുത്തിട്ടുള്ളതു്.

### സംസ്ഥാനങ്ങളിൽ കേന്ദ്രഗവണ്മെൻറ് നടത്തിയിട്ടുള്ള വ്യാവസായികമൂലധനനിക്ഷേപം
(1951–52 മുതൽ 1967–68 വരെ)

| സംസ്ഥാനം | തുക (കോടിക്കണക്കിൽ) രൂപ |
|---|---|
| പഞ്ചാബ് | 32·2 |
| മഹാരാഷ്ട്രം | 49·9 |
| ഗുജറാത്ത് | 48·0 |
| ഹരിയാന | 8·5 |
| പശ്ചിമബംഗാൾ | 408·2 |
| ആന്ധ്രപ്രദേശം | 87·3 |
| മൈസൂർ | 48·4 |
| തമിഴ്നാട് | 245·8 |
| ആസ്സാം | 40·2 |
| കേരളം | 68·3 |
| മധ്യപ്രദേശം | 459·1 |
| ഉത്തരപ്രദേശം | 147·1 |
| ഒറീസ്സ | 418·9 |
| രാജസ്ഥാൻ | 30·5 |
| ബിഹാർ | 356·5 |

(കേരള ഗവണ്മെൻറിൻെറ സംസ്ഥാനപ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ നാലാം പഞ്ചവത്സരപദ്ധതിയുടെ കരടുരേഖ, 46–ാം പുറം.)

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശത്ത് വൻതോതിലുള്ള മൂലധനനിക്ഷേപം കൊണ്ടു മാത്രമേ പുരോഗതിയുണ്ടാവൂ എന്നത് പരക്കെയംഗീകരിക്കപ്പെട്ടുന്ന ഒരു തത്വമാണ്. ഈയടിസ്ഥാനത്തിൽ നോക്കുമ്പോൾ, കേന്ദ്രഗവണ്മെൻറിൻെറ ഉദാരമായ മൂലധനനിക്ഷേപം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങൾ, മററുള്ളവയെ അപേക്ഷിച്ച് കൂടുതൽ പുരോഗതി കൈവരിക്കേണമായിരുന്നു. ബംഗാൾ, മധ്യപ്രദേശം, ഒറീസ്സ, ബിഹാർ എന്നീ സംസ്ഥാനങ്ങൾക്കാണ് വൻപിച്ച തോതിലുള്ള കേന്ദ്രമൂലധനനിക്ഷേപം കിട്ടിയത്. എന്നാൽ, സാമ്പത്തികപുരോഗതിയുടെ ഗതിവേഗം വെച്ചു നോക്കുമ്പോൾ, ഏററവും മോശപ്പെട്ട നില മാത്രമേ ഈ സംസ്ഥാനങ്ങൾക്ക് അവകാശപ്പെടാനുള്ളൂ. ഒരു കാലത്ത്, പ്രതിശീർഷവരുമാനത്തിൻെറ കാര്യത്തിൽ, സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏററവും മുൻപന്തിയിൽ നിന്ന ബംഗാളിൻെറ സ്ഥാനം ഇന്ന് പഞ്ചാബിൻെറയും മഹാരാഷ്ട്രത്തിൻെറയും ഗുജറാത്തിൻെറയും മററും പിന്നിലായിപ്പോയിരി

കുന്നു. അതു പോലെ മധ്യപ്രദേശം, ഒറീസ്സ, ബിഹാർ എന്നീ സംസ്ഥാനങ്ങളിലെ പ്രതിശീർഷവരുമാനം ഗണ്യമായി ഉയർത്തുന്നതിനും വൻതോതിലുള്ള കേന്ദ്രമൂലധനനിക്ഷേപം പ്രയോജനപ്പെട്ടിട്ടില്ല. അവ ഇന്നും ഇന്ത്യയിലെ ഏററവും ദരിദ്രങ്ങളായ സംസ്ഥാനങ്ങളായി തുടരുകയാണ്.

ഈ സംസ്ഥാനങ്ങളുടേതിൽ നിന്ന് തികച്ചും വിഭിന്നമാണ് പഞ്ചാബിൻെറ കഥ. പഞ്ചാബിന് പറയത്തക്ക കേന്ദ്രമൂലധനനിക്ഷേപം ലഭിച്ചിട്ടില്ല. കേവലം 32 കോടി രൂപ മാത്രമേ ഈയിനത്തിൽ ഈ സംസ്ഥാനത്തിനു കിട്ടിയുള്ളു. എന്നാൽ, പഞ്ചാബിലെ പ്രതിശീർഷവരുമാനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്നു നില്ക്കുകയാണ്. ഈ സംസ്ഥാനത്തിൽ നിന്ന് തൊഴിലില്ലായ്മ ഓടി ഒളിച്ചിരിക്കുന്നു എന്നു തന്നെ പറയാം. വ്യാവസായികമായി, പഞ്ചാബ് ഇന്ന് അസൂയാർഹമായ ഒരു പദവി കരസ്ഥമാക്കിയിരിക്കുകയാണ്. 'ഹരിതവിപ്ലവ'ത്തിന് നാന്ദി കുറിച്ചതും വിജയപ്രദമായി ഈ വിപ്ലവം പൂർത്തിയാക്കിയതും പഞ്ചാബു തന്നെ.

പഞ്ചാബിൻെറ അനുഭവം ഒരു വശത്തും മധ്യപ്രദേശം, ഒറീസ്സ, ബിഹാർ എന്നീ സംസ്ഥാനങ്ങളുടെ അനുഭവം മറുവശത്തും വെച്ചു നോക്കുമ്പോൾ ഒരു വസ്തുത വ്യക്തമാവും. എത്ര മൂലധനം ഒരു സംസ്ഥാനത്തു മുടക്കുന്നുവെന്നതല്ല ആ സംസ്ഥാനത്തിൻെറ സാമ്പത്തികോന്നമനത്തിലെ നിർണായകശക്തി. മൂലധനം ഒരു അവശ്യഘടകം തന്നെ. എന്നാൽ, അതു കൊണ്ടു മാത്രമായില്ല. മററു പലതും കൂടി വേണം, സാമ്പത്തികവികസനത്തിന്. സാമ്പത്തികപുരോഗതിക്കു വേണ്ടി വിട്ടുവീഴ്ചയില്ലാതെ ശ്രമിക്കുന്നതിന് തയ്യാറുള്ള, സാമ്പത്തികോന്നമനത്തിനു വേണ്ട സാഹചര്യങ്ങളും സൗകര്യങ്ങളും ഒന്നൊഴിയാതെ പ്രയോജനപ്പെടുത്താൻ ദൃഢനിശ്ചയം ചെയ്ത ഒരു ജനതയാണ് ഇതിൽ ഏററവും പ്രധാനപ്പെട്ട ഘടകം. ഇതില്ലെങ്കിൽ, എത്ര മൂലധനം മുടക്കിയാലും, വെള്ളത്തിൽ വരച്ച വര പോലെ കലാശിക്കുകയേ ഉള്ളൂ. സുപ്രധാനമായ ഈ ഘടകം കേരളത്തെ സംബന്ധിച്ചിടത്തോളം, മിക്കവാറും നിലവിലില്ല എന്നു തന്നെ പറയാമെന്നു തോന്നുന്നു.

കേരളത്തിൻെറ പ്രത്യേകശാപമായിത്തീർന്നിട്ടുള്ള അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് ഉത്തരവാദിത്വം പ്ലാനിംഗ്അധികൃതരിൽ ചാരുന്നത് ഒരു സാധാരണ പതിവാണ്. ഇതിലും വലിയ അർത്ഥമില്ല. ഇന്ത്യാഗവണ്മെൻറും സംസ്ഥാനഗവണ്മെൻറും ഈയപകടത്തെക്കുറിച്ച് ശരിക്കും അറിവുള്ളവരായിരുന്നു. മനുഷ്യശക്തി ആസൂത്രിതമായി വിനിയോഗിക്കുന്നതു സംബന്ധിച്ച നടത്തപ്പെട്ട നിരവധി പഠനങ്ങൾ ഈ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. എന്നാൽ, ഈ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രായോഗികനടപടികൾ സ്വീകരിക്കുന്നതിന് കഴിയാത്ത ഒരു സാമൂഹിക-രാഷ്ട്രീയകാലാവസ്ഥയാണ് ഇന്നുള്ളത്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും അവയിൽ പഠിക്കേണ്ട കുട്ടികളുടെയും എണ്ണം ഉയർത്തുന്നതിനല്ലാതെ എന്തെങ്കിലും കുറവു വരുത്തുന്ന

തിന് ഗവണ്മെൻറുകൾക്ക് സാധിക്കാറില്ല. ഈ സ്ഥിതിയിൽ, ഓരോ കൊല്ലവും പരീക്ഷ കഴിഞ്ഞു പുറത്തിറങ്ങുന്നവരിൽ എത്ര പേർ വീതം തൊഴിലില്ലാതെ അലയേണ്ടി വരുമെന്ന് കണക്കുകൂട്ടിപ്പറയാനല്ലാതെ, ഈ ദുർഗതി തടയുവാൻ വിദ്യാർഥികളുടെ എണ്ണം ചുരുക്കുന്നതിനോ എല്ലാവർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ ഗവണ്മെൻറിന് സാധിക്കാതെയാണിരിക്കുന്നത്. പൊതുമേഖലയിൽ പണമില്ലെന്ന പരാതിയുണ്ട്; സ്വകാര്യമേഖലക്കു മുന്നോട്ടു വരുവാൻ മനസ്സുമില്ല. രാഷ്ട്രീയമായ അസ്വസ്ഥതകളും അക്രമവാസനകളും സ്വകാര്യമേഖലയുടെ അലംഭാവം വർധിപ്പിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒററമൂലികളൊന്നുമില്ല. നാട്ടിൻപുറത്ത് കുറേ പണം ചെലവാക്കിയാൽ, കാർഷികമേഖലയിൽ വേണ്ടത്ര ജോലി കിട്ടാത്ത കൂട്ടർക്ക് കുറച്ച് താൽക്കാലികാശ്വാസം നല്കുന്നതിനു കഴിഞ്ഞേക്കും. പക്ഷേ, ഇന്നു വരെ പരീക്ഷിച്ചു നോക്കിയ തരത്തിലുള്ള ഗ്രാമീണതൊഴിൽ പരിപാടികൾ ഒരു ശാശ്വതപരിഹാരമാവുകയില്ല.

തൊഴിലില്ലാത്ത കൂട്ടർ തന്നെ എത്ര തരമാണുള്ളത്? കാർഷികമേഖലയിൽ തന്നെ തൊഴിലില്ലാതെ കഴിഞ്ഞു കൂടുന്നവർ, കാർഷികമേഖലയിൽ നിന്ന് വിട്ടു പോരുകയോ പുറന്തള്ളപ്പെടുകയോ ചെയ്തതു കൊണ്ട് പട്ടണങ്ങളിൽ തൊഴിൽ തേടി നടക്കുന്നവർ, മററു പണിയൊന്നും കിട്ടാത്തതു കൊണ്ട് ചുമടു ചുമക്കാനും സാധനങ്ങൾ കൊണ്ടു നടന്നു വില്പന നടത്താനും ഒരുമ്പെട്ടിട്ടുള്ളവർ, സാമാന്യവിദ്യാഭ്യാസം നേടിയവർ, ബിരുദധാരികൾ, സാങ്കേതികവിദഗ്ധന്മാർ എന്നിവരെല്ലാം ചേർന്നതാണ് തൊഴിലില്ലാത്തവർ എന്ന ഈ സമൂഹം. കൃഷിയിലും വ്യവസായത്തിലും യന്ത്രവത്ക്കരണം വരുന്നതിനെ ഇവർ എതിർക്കുന്നു. ഇവരുടെ വികാരങ്ങളെ ആളിക്കത്തിക്കാൻ കച്ചകെട്ടിയിറങ്ങിയ രാഷ്ട്രീയകക്ഷികളുണ്ട്, പിന്നിൽ. വ്യാവസായികമേഖല അതിവേഗം പുരോഗമിക്കുന്നതു കൊണ്ടു മാത്രമേ ഇത്തരം ദുർഘടസന്ധികൾ മാറിക്കിട്ടുകയുള്ളൂ. അതു വരെ ഉള്ള ജോലികൾക്ക് വേണ്ടിയുള്ള കടുത്ത മത്സരം മൂലം, ഓരോരുത്തരും കൂടുതൽ കൂടുതൽ യോഗ്യത നേടുന്നതിനു ശ്രമിക്കുകയും തൊഴിലിൻെറ എണ്ണം വർധിക്കാതെയിരിക്കുന്നതോടൊപ്പം തൊഴിലന്വേഷിക്കുന്നവരുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നു കൊണ്ടിരിക്കുന്ന ഇന്നത്തെ രീതി തുടർന്നു നില്ക്കുകയും ചെയ്യും.

വ്യവസായവൽക്കരണത്തിന് വേഗത കിട്ടുന്നതിനും ആ ഗതിവേഗം തുടർന്നു നില്ക്കുന്നതിനും അവശ്യമായ ഒരു സംഗതി, അത് ജനങ്ങളുടെ സ്വന്തം കാര്യമായിത്തീരണമെന്നുള്ളതാണ്. സാമ്പത്തികപുരോഗതിയെന്ന വെല്ലുവിളി സ്വീകരിക്കുന്നതിനുള്ള മനോവീര്യവും ദൃഢബുദ്ധിയും ജനങ്ങളിൽ ഉണ്ടാകണം. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ മാററങ്ങൾ ഉണ്ടാകാതെ ഇത് സാധ്യമല്ല. ആത്മവിശ്വാസം വളർത്താത്ത, സ്വാശ്രയശീലം പഠിപ്പിക്കാത്ത, പരിശ്രമശീലം ഉറപ്പിക്കാത്ത ഇന്നത്തെ വിദ്യാഭ്യാസരീതി തുടരുന്നിടത്തോളം കാലം സ്വന്തമായി തൊഴിൽ ചെയ്തു ജീവിക്കാൻ കഴിവുള്ളവർ വിദ്യാലയങ്ങളിൽ

നിന്നു് പുറത്തു വരികയില്ല. മററുള്ളവർ കൊടുക്കുന്ന ജോലി ചെയ്യാൻ മാത്രമേ അവർക്കു കഴിയൂ. എല്ലാവർക്കും 'ഉദ്യോഗം' നല്കാൻ കഴിയുന്നതു വരെ തൊഴി ലില്ലായ്മപ്രശ്നം അവശേഷിക്കുകയും ചെയ്യും.

വിദ്യാഭ്യാസസമ്പ്രദായത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തുകയും ഇന്ന ത്തെ അഭ്യസ്തവിദ്യർക്കു് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള പ്രായോഗിക പരിശീലനം നല്കുകയും ചെയ്യുന്നതോടൊപ്പം, വ്യവസായവൽക്കരണത്തിനു് അനുകൂലമായ ഒരു അന്തരീക്ഷം ഇവിടെ സൃഷ്ടിക്കപ്പെടുകയും വേണം. ഗ്രാമ വൈദ്യുതീകരണം, ഗതാഗത–വാർത്താവിനിമയവികസനം മുതലായവയ്ക്കു് ഏ റവും മുന്തിയ പരിഗണന നല്കപ്പെടേണ്ടതുണ്ടു്. തൊഴിലില്ലാത്തവരുടെ കൂട്ട ത്തിൽ നിന്നു് സ്വന്തമായി ഉത്പാദനസംരംഭങ്ങളിൽ ഏർപ്പെടാൻ തയ്യാറായി മുന്നോട്ടു വരുന്നവർക്കു്, സാമ്പത്തികസഹായമുൾപ്പെടെയുള്ള എല്ലാത്തരം സ ഹായങ്ങളും എത്തിച്ചു കൊടുക്കുവാൻ ഗവണ്മെൻറും മററു പൊതുമേഖലാസ്ഥാ പനങ്ങളും മുൻകൈ എടുക്കേണ്ടതാണു്. അടുത്ത കാലത്തു് ആരംഭിക്കപ്പെട്ടിട്ടുള്ള എൻജിനീയർമാരുടെ സഹകരണസംരംഭങ്ങൾ ഈ മാർഗത്തിലുള്ള സാധ്യത കളുടെ ഒരു ഉത്തമോദാഹരണമായി എടുത്തു കാണിച്ചു കൊള്ളട്ടെ.

വികസ്വരരാജ്യങ്ങളുടെ സാമ്പത്തികപുരോഗതിയെക്കുറിച്ചു് നടത്തപ്പെട്ടി ട്ടുള്ള ചില പഠനങ്ങളിൽ നിന്നു് വ്യക്തമാവുന്ന ഒരു കാര്യം, പ്രതിശീർഷവരു മാനം 750 രൂപയോളം എത്തുമ്പോൾ, ഈ രാജ്യങ്ങളിൽ നിർമാണസംരംഭങ്ങ ളുടെ ഒരു വേലിയേററം തന്നെ ഉണ്ടാകാറുണ്ടു് എന്നതാണു്. മനഃപൂർവമായ ശ്രമം കൊണ്ടു് ഈ മുന്നേററം അല്പം മുൻപു് വേണമെങ്കിലും ഗവൺമെൻറുകൾ ക്കു് തുടങ്ങി വെയ്ക്കാം. ഇത്തരമൊരു സംരംഭം ശക്തിപ്പെട്ടു തുടങ്ങിയാൽ, തൊ ഴിൽനില പെട്ടെന്നു് മെച്ചപ്പെടുകയും തുടർന്നു് സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർധിക്കുകയും ചെയ്യുന്നതായിട്ടാണു് പല രാജ്യങ്ങളിലെയും അനു ഭവം. റിച്ചെട്നിക്ക് എന്നയാൾ, വിനോദസഞ്ചാരസൗകര്യങ്ങൾ വർധിപ്പി ക്കുന്നതു് തൊഴിലവസരങ്ങൾ ക്രമാതീതമായി വർധിക്കുന്നതിനുള്ള ഫല പ്രദമായ ഒരു മാർഗമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ചുരുക്കത്തിൽ, തൊഴിലില്ലായ്മപ്രശ്നത്തിനു് ഒററയടിക്കു് പരിഹാ രം കാണാനാവില്ലെന്ന സത്യം നമുക്കു് അംഗീകരിക്കാം. കേന്ദ്രഗവണ്മെൻറാ സംസ്ഥാനഗവണ്മെൻറാ മൂലധനനിക്ഷേപം നടത്തിയതു കൊണ്ടു മാത്രം ഇ വിടെ സാമ്പത്തികപുരോഗതിയോ തൊഴിലില്ലായ്മക്കു പരിഹാരമോ ഉണ്ടാ യിക്കൊള്ളണമെന്നില്ല. ജനങ്ങളെ ആവേശഭരിതരാക്കുന്നതിനുള്ള മാർഗങ്ങൾ ആരായണം. സമ്പത്തികമായ എല്ലാ അവസരങ്ങളും പരമാവധി ഉപയോ ഗിക്കാൻ ബദ്ധകങ്കണരായ ജനങ്ങൾ ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. അ തിനു് ഉപകരിക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം ആവിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണു്. ഒരു പക്ഷേ, സാങ്കേതികവിദ്യാഭ്യാസവും പരി ജ്ഞാനവും ആർജിച്ചവരിൽ നിന്നായിരിക്കും സാമ്പത്തികവികസനോദ്യമ ങ്ങൾക്കു് നേതൃത്വം ലഭിക്കാൻ പോകുന്നതു്, അതിനു വേണ്ട അനുകൂലസാഹ

ചയ്യങ്ങൾ സൃഷ്ടിക്കുന്നതിലാണ് ഗവണ്മെൻറിൻെറ ശ്രദ്ധ ഒന്നാമതായി പതി യേണ്ടതു്. ഗ്രാമവൈദ്യുതീകരണം, ഗതാഗത—വാർത്താവിനിമയവികസനം തുടങ്ങിയ കാര്യങ്ങളിൽ ഒട്ടും ഉദാസീനത പാടില്ല തന്നെ. അപകടശങ്ക കൂടാ തെ, ഗവണ്മെൻറിനു് മുന്നിട്ടിറങ്ങാവുന്ന ചില പ്രവർത്തനരംഗങ്ങളാണ് വി നോദസഞ്ചാരസൗകര്യങ്ങൾ വർധിപ്പിക്കുക, നിർമാണസംരംഭങ്ങൾ ആരംഭി ക്കുക എന്നിവ. ഇതിനൊക്കെപ്പുറമേ, കേരളത്തിൻെറ സാമ്പത്തികവികസന യത്നങ്ങളിൽ നിന്നു് ഒഴിഞ്ഞു മാറി നില്ക്കുന്ന സ്വകാര്യമേഖലയെക്കൂടി ഊർജ സ്വലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ, ഇന്ന ത്തെ വ്യവസ്ഥിതിയിൽ, തൊഴിലില്ലായ്മപ്രശ്നം പരിഹൃതമാവുന്നതിനു് വിദൂര സാധ്യതകൾ മാത്രമേയുള്ളു.

പി. ആർ. ഗോപിനാഥൻ നായർ

# 20

## കേരളത്തിലെ തൊഴിലില്ലായ്മയുടെ സാമ്പത്തിക വശത്തെക്കുറിച്ച് നടത്തേണ്ട ഗവേഷണം

കേരളത്തിലെ തൊഴിലില്ലായ്മപ്രശ്നം പൊതുവെ അംഗീകരിക്കപ്പെടുന്നതിൽ കൂടുതൽ വലുപ്പമുള്ളതാണെന്നും അതിനാൽ അതിനെ നിസ്സാരമായി കൈകാര്യം ചെയ്യരുതെന്നുമാണ് ഈ പ്രബന്ധത്തിൽ വാദിച്ചിരിക്കുന്നതു്. കാലം ചെല്ലുന്തോറും ഈ പ്രശ്നം കൂടുതൽ ദുർദമമായിത്തീരുന്നു. അതിനാൽ ഇതു് പരിഹരിക്കുന്നതു് അത്യാവശ്യമായിരിക്കയാണ്. പക്ഷേ, ഭാഗികവും താല്കാലികവുമായ നടപടികളുടെ പ്രത്യക്ഷാനുഭവം മുൻനിർത്തി അത്തരം നടപടികൾ നടപ്പിലാക്കാനുള്ള പ്രലോഭനത്തെ ചെറുത്തു നിന്നേ തീരൂ. കാരണം, അവ പാഴായിപ്പോകും; അവയുടെ ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തും. നമുക്ക് കുറെക്കൂടി വിശാലമായ പരിപ്രേക്ഷ്യമാണാവശ്യം. ഇന്ന് കിട്ടാവുന്നതിലും കൂടുതൽ വിശദമായ വിവരങ്ങളും യുക്തിയുക്തമായ അപഗ്രഥനവും സോദ്ദേശമായ വ്യാഖ്യാനവും ഉണ്ടെങ്കിലേ തൊഴിലില്ലായ്മ പരിഹരിക്കാൻ ഫലപ്രദവും പരസ്പരം യോജിപ്പുള്ളതുമായ ഒരു പരിപാടി നടപ്പാക്കാനൊക്കൂ.

അനുവദനീയമായ മൊത്തംമുതലിറക്ക് കൂട്ടുന്നതു് വഴിയായുള്ള സമ്പദ് വ്യവസ്ഥയുടെ വികസനവും വിവിധീകരണവും കൊണ്ടു മാത്രം തൊഴിലില്ലായ്മ ഇല്ലാതാക്കാൻ കഴിയുകയില്ലെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്ലാനിങ്ങുണ്ടായിരുന്ന രണ്ടു ദശകക്കാലത്തു് തൊഴിലില്ലായ്മ ഏറി വരികയായിരുന്നുവെന്നതാണ് വാസ്തവം.

കേരളത്തിലെ തൊഴിലില്ലായ്മ അതിബൃഹത്തായതു കൊണ്ട് അതിന്റെ സങ്കീർണതയും ദുർദമതയും വർധിക്കുന്നു. തൊഴിലെടുക്കുന്നവരും മൊത്തം ജനസംഖ്യയും തമ്മിലുള്ള അനുപാതത്തിന്റെ കുറവ്, കാർഷികരംഗത്തെ ഇടക്കിടെയുള്ള തൊഴിലില്ലായ്മ, കൃഷിക്കുപയോഗ്യമായ ഭൂമിയുടെ ആളോഹരി ലഭ്യതയുടെ കുറവ്, പഴയ ടെക്നോളജി ഉപയോഗിക്കുന്നതും തുടർച്ചയായി അപര്യാപ്തത്തൊഴിലിനെ അഭിമുഖീകരിക്കുന്നതുമായ പരമ്പരാഗതവ്യവസായങ്ങൾ മുഖ്യഘടകങ്ങളായിട്ടുള്ള ദ്വിതീയമേഖല, നിലവിലുള്ള അപര്യാപ്തത്തൊഴിലിന്റെയും പ്രച്ഛന്നമായ തൊഴിലില്ലായ്മയുടെയും ഉയർന്ന തോതു്, തൃതീയമേഖലയിലെ ഉദ്യോഗാർഥികളുടെ തിരക്ക്, അഭ്യസ്തവിദ്യരുടെ ഇടയിലുള്ള

തൊഴിലില്ലായ്മയുടെ ഉയർന്ന തോത്, തൊഴിൽരംഗത്തുള്ള സമ്മർദം കുറയ്ക്കുന്ന വിധം തൊഴിൽരഹിതർ കേരളത്തിനു പുറത്തു പോകുന്ന കാര്യത്തിൽ വന്നിട്ടുള്ള പ്രതികൂലാവസ്ഥ എന്നിവ ഈ വിഷയത്തിൽ പ്രാധാന്യമർഹിക്കുന്നു. പ്രശ്നത്തിന്റെ സകല വശങ്ങളെക്കുറിച്ചും പര്യാപ്തമായ അറിവും ധാരണയും നമുക്കില്ലെങ്കിൽ പാഴായിപ്പോകുന്നതും സ്വന്തം ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതുമായ നടപടികൾ കൈക്കൊള്ളാൻ നാം എല്ലാ വിധത്തിലും നിർബന്ധിതരാവുമെന്ന് വാദിക്കപ്പെടുന്നു.

നമുക്ക് ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള ഗവേഷണം ആവശ്യമാണ്. ഗവേഷണം നടത്തേണ്ട പ്രധാന മേഖലകളേതെന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. വെറുതെ ചടഞ്ഞിരിക്കാനുള്ള അക്കാദമിക്‌ഗവേഷണങ്ങളല്ല ഇവ. തൊഴിൽഅഭാവത്തെ ഇല്ലായ്മ ചെയ്യുന്നതിന് സാമൂഹ്യക്രമങ്ങളിൽ വരുത്തേണ്ട യുക്തിപൂർവമായ മാററങ്ങളെ ചൂണ്ടിക്കാണിക്കുവാനാണിവിടെ ശ്രമിക്കുന്നത്. കാര്യക്ഷമമായ ചോദനത്തിന്റെ കുറവിൽ നിന്ന് ഉത്ഭവിക്കുന്ന ലളിതവും പ്രസിദ്ധവുമായ തൊഴിലില്ലായ്മയേക്കാൾ ഏറെ സങ്കീർണമായ പ്രശ്നമാണ് 'തൊഴിൽഅഭാവം'.

തൊഴിലില്ലായ്മയുടെ സാമൂഹ്യപ്രത്യാഘാതങ്ങൾ അതിന്റെ സാമ്പത്തിക പ്രത്യാഘാതങ്ങളേക്കാൾ ഒട്ടും പ്രാധാന്യം കുറഞ്ഞവയല്ല. "ആധുനികസാമ്പത്തികജീവിതത്തിലെ വിനാശകരമായ ഘടകങ്ങളിൽ വെച്ച് ഒരു പക്ഷേ, ഏററവും ഗൗരവമായതാണ് തൊഴിലില്ലായ്മ" എന്നും "അത്തരം തൊഴിലില്ലായ്മയുടെ സാമ്പത്തികവിലയേക്കാൾ വലുതാണ് അതിന്റെ സാമൂഹ്യവില" എന്നും ഉള്ള വ്യക്തമായ സങ്കല്പത്തെ അടിസ്ഥാനമായെടുത്തിരുന്നു, ആദ്യത്തെ പഞ്ചവത്സരപദ്ധതി. പക്ഷേ, എല്ലാവർക്കും തൊഴിൽ നല്കാനുള്ള പരിതസ്ഥിതി സൃഷ്ടിക്കാനുള്ള ശ്രമമെന്ന നിലക്കാണ്, എല്ലാവർക്കും തൊഴിൽ നല്കാനുള്ള മാർഗമായിട്ടല്ല വികസനപദ്ധതികൾ അന്ന് പരിഗണിക്കപ്പെട്ടത്. "വികസ്വരവും വിവിധീകരിച്ചതുമായ ഒരു സമ്പദ്‌വ്യവസ്ഥയാണ് കാലാന്തരത്തിൽ എല്ലാവർക്കും തൊഴിൽ ലഭിക്കുമെന്നതിനുള്ള ഏററവും നല്ല ഉറപ്പ്".

മൊത്തംമുതൽമുടക്ക് വർധിപ്പിക്കുന്നതിലൂടെ എല്ലാവർക്കും തൊഴിൽ എന്ന ലക്ഷ്യത്തിന്നായി ശ്രമിക്കുക എന്ന വഴക്കം രണ്ടാം പദ്ധതിയിലും തുടർന്നു. നാലു് മുഖ്യ പ്ലാൻലക്ഷ്യങ്ങളിൽ മൂന്നാമത്തേതായി "തൊഴിൽസാധ്യതകളുടെ ബൃഹത്തായ വികസനം" നിശ്ചയിക്കപ്പെട്ടു. എന്നാൽ, തൊഴിലില്ലായ്മയെ പൂർണമായി തുടച്ചു നീക്കുന്നതിൽ ആദ്യത്തെ രണ്ടു് പ്ലാനുകളും പരാജയപ്പെട്ടു. വാസ്തവത്തിൽ മുതൽമുടക്കിന്റെ തോത് ഇരട്ടിപ്പിച്ചിട്ടും തൊഴിലില്ലാത്തവരുടെ സംഖ്യ 20 ലക്ഷമായി ഉയർന്നു. കാരണം, പ്ലാനിങ്ങിന്റെ ആദ്യദശയിൽ തൊഴിൽസേനയിലേക്ക് പുതുതായി വന്നവരുടെ സംഖ്യയേക്കാൾ വളരെ കുറവായിരുന്നു പുതുതായി സൃഷ്ടിക്കപ്പെട്ട ജോലികളുടെ എണ്ണം.

മൂന്നാം പദ്ധതി ഭാഗികമായെങ്കിലും അതിപ്രധാനമായ ഒരു വസ്തുത അംഗീകരിച്ചു. മുതൽമുടക്ക് ഏറെ വികസിപ്പിച്ചതു കൊണ്ടും വിവിധീകരിച്ചതു

കൊണ്ടും മാത്രം—ദ്രുതഗതിയിലുള്ള പുരോഗതിക്ക് ഇതേറെ മർമപ്രധാനമാണ്—ഇന്ത്യയിലെ തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കാനൊരുമ്പെടുന്നത് പ്രശ്നത്തിന്റെ സങ്കീർണതയെ അതിരുകടന്ന് ലളിതമാക്കി കാണലാണ്. ഇന്ത്യയെപ്പോലുള്ള ഒരു പിന്നണിരാജ്യത്ത് തൊഴിലില്ലായ്മ ഭീകരവും സമ്പദ്ഘടനയിൽ വേരുറച്ചതും ആണെന്നു മാത്രമല്ല, പ്രാദേശികവും തൊഴിൽപരവുമായ വ്യത്യസ്തതകളിൽ മുങ്ങിപ്പൊന്തുന്ന സങ്കീർണമായ ഒരു പ്രതിഭാസം കൂടിയാണ്. ഏറെ വ്യത്യസ്തമായ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കുമനുസരിച്ചുള്ള മററു് നടപടികൾ വേണമെന്നാണിതിന്റെ അർഥം.

അതിനാൽ, വ്യാവസായികപ്രവർത്തനത്തിന്റെ വികേന്ദ്രീകരണം, ചെറുകിടവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കൽ, ഗ്രാമങ്ങളിലെ ഉപയോഗിക്കപ്പെടാത്ത മനുഷ്യശക്തി ഉപയോഗപ്പെടുത്തൽ (റൂറൽ മാൻപവർ സ്കീമുകളെപ്പോലുള്ള പ്രോജക്റ്റുകൾ) എന്നിവയോട് മൂന്നാം പദ്ധതിക്കാലത്ത് ആഭിമുഖ്യമുണ്ടായിരുന്നു. ഈ പ്രത്യേകശ്രമങ്ങളൊക്കെ ഉണ്ടായിട്ടും നാലാം പദ്ധതിയുടെ ആരംഭത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യ ഒരു കോടിയിൽ കവിഞ്ഞു. കൂടുതൽ വിപുലവും കണക്കാക്കാൻ പ്രയാസവുമായ അപര്യാപ്തത്തൊഴിലിന്റെയും പ്രച്ഛന്നമായ തൊഴിലില്ലായ്മയുടെയും കാര്യത്തിൽ പറയത്തക്ക എന്തെങ്കിലും ഫലമുണ്ടായതായി ഒരു സൂചനയുമില്ല. ഉദാഹരണത്തിന് ഗ്രാമീണതൊഴിൽ പരിപാടി (റൂറൽ വർക്ക്സ് പ്രോഗ്രാം) വൻതോതിൽ വിഭാവനം ചെയ്യപ്പെട്ടതാണ്. 25 ലക്ഷം പേർക്ക് വർഷത്തിൽ 100 ദിവസം വീതം ജോലി നല്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു അത്. 150 കോടി രൂപ ചെലവും പ്രതീക്ഷിക്കപ്പെട്ടിരുന്നു. അവസാനം, 20 കോടിയിൽ താഴെ രൂപയാണ് ചെലവാക്കപ്പെട്ടത്. പദ്ധതിയിൽ പറഞ്ഞ ലക്ഷ്യത്തിന്റെ 15 ശതമാനത്തിലേറെ പേർക്ക് ജോലി നൽകാൻ കഴിഞ്ഞില്ല.

വാർഷികപദ്ധതികൾ മാത്രമുണ്ടായ നാലു് കൊല്ലത്തിലിടക്ക് രണ്ടു് ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കപ്പെട്ടു. തൊഴിൽസാധ്യതകളുടെ വർധനവിൽ അവ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുളവാക്കാം. ചെറുകിടവ്യവസായങ്ങൾ വളർത്തുന്നതിനുള്ള നടപടികൾ ഫലപ്രദമായെന്നു തോന്നുന്നു. ആ രംഗത്ത് സ്ഫോടനാത്മകമായ വളർച്ചയാണുണ്ടായിട്ടുള്ളത്. ഇൻഡസ്ട്രീസ് ഡയറക്റ്ററേററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിററുകളുടെ എണ്ണം 1968–ൽ അവസാനിക്കുന്ന 6 വർഷത്തിന്നിടയ്ക്ക് 37,000–ത്തിൽ നിന്ന് 1,40,000–ത്തിലേറെയായി വർധിച്ചു. രണ്ടാമത്, ദേശസാൽകൃതങ്ങളായ ബാങ്കുകൾ ചെറുകിടയൂണിററുകൾക്ക വർധിച്ച കടസൗകര്യങ്ങൾ നല്കി വരുന്നു. 1970 മാർച്ചിൽ അവസാനിക്കുന്ന 9 മാസങ്ങളിൽ ഇവയുടെ സ്വന്തം പേരിലുള്ള ബാങ്ക് എക്കൌണ്ടുകളുടെ എണ്ണം 422–ൽ നിന്ന് 22,000 ആയും ഈ കൂട്ടർക്ക് നല്കിയ കടം വെറും 33 ലക്ഷം രൂപയിൽ നിന്ന് 656 ലക്ഷം രൂപയായും വർധിച്ചു. അതേ സമയം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ–പ്രത്യേകിച്ച് മുമ്പ് രാജ്യത്തൊട്ടാകെ തീരെ കുറവായിരുന്ന സാങ്കേതികവിദ്യാഭ്യാസയോഗ്യതയുള്ളവരുടെ തൊഴിലില്ലായ്മ—വൻ

തോതിൽ പൊട്ടിപ്പുറപ്പെട്ട് പ്രശ്നത്തിന് പുതിയൊരു മാനം കൂടി സൃഷ്ടിച്ചു. നാം നമ്മുടെ പരിപ്രേക്ഷ്യം വികസിപ്പിക്കണം; കൂടുതൽ വിവരം ശേഖരിക്കണം; അതിനെക്കുറിച്ചു കൂടുതൽ നിഷ്കൃഷ്ടമായ പഠനം നടത്താൻ ശ്രമിക്കണം. ഇത്തരത്തിലുള്ള ഈ പ്രബന്ധത്തിലെ മുഖ്യവാദങ്ങളുടെ വെളിച്ചത്തിൽ മുൻ പറഞ്ഞ കാര്യങ്ങൾക്ക് പ്രത്യേകപ്രാധാന്യമുണ്ട്. വിദ്യാഭ്യാസരംഗത്താകെയുള്ള പ്ലാനിങ്ങ് അത്യധികം അവിദഗ്ധമായിരുന്നു. ഒരു പക്ഷേ, അതു കൊണ്ടാവാം നിശ്ചിതസമയത്തിനു മുമ്പു തന്നെ പരിമാണാത്മകലക്ഷ്യങ്ങൾ—പരിമാണാത്മകം എന്ന വിശേഷണത്തിൽ ഞാൻ ഊന്നുന്നു—കൈവരിച്ചതു്. അതേ സമയം അതു് വ്യാവസായികസംരംഭങ്ങളിലെ തൊഴിൽ സൃഷ്ടിക്കുന്ന ലക്ഷ്യത്തിനടുത്തെങ്ങും എത്തിയില്ല. ഉദാഹരണത്തിന് ഉന്നതവിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ എണ്ണം ആറിരട്ടിയായി വർധിപ്പിച്ചപ്പോൾ, മൂന്നു പ്ലാനുകളുടെ കാലത്തു് 76 വലിയ ജലസേചന പദ്ധതികളിൽ 16 എണ്ണവും, 460 ഇടത്തരംപദ്ധതികളിൽ 300 എണ്ണവും മാത്രം ആണ് പൂർത്തീകരിക്കപ്പെട്ടതു്. ഈ പ്രോജക്റ്റുകളുടെ നടത്തിപ്പും ഉപയോജനവുമായി ബന്ധപ്പെട്ട വിപുലമായ തൊഴിൽസാധ്യതകൾ ഒരു നീണ്ട കാലത്തേക്ക് നഷ്ടപ്പെട്ടു എന്നും, കൂടാതെ ബാക്കി നില്ക്കുന്ന സ്കീമുകൾ പൂർത്തിയാക്കാൻ പുതുതായി 1260 കോടി രൂപ മറ്റു് പ്രോജക്റ്റുകളിൽ നിന്നു തിരിച്ചു വിടേണ്ടി വരുമെന്നുമാണ് ഇതിനർഥം (പദ്ധതി പൂർത്തിയാക്കാനുള്ള കാലം നീണ്ടതു മൂലം ഈ പ്രോജക്റ്റുകൾക്കുള്ള ചെലവുകൾ 1940 കോടി രൂപയിൽ നിന്നു് 3200 കോടി രൂപയായി വർധിച്ചിരിക്കുന്നു).

മുകളിൽ വിവരിച്ച അഖിലേന്ത്യാമാതൃകയോട് സാദൃശ്യമുള്ളതാണ് തൊഴിലില്ലായ്മപ്രശ്നത്തോടുള്ള കേരളത്തിന്റെ സമീപനവും, ഇവിടത്തെ ആ പ്രശ്നത്തിന്റെ സ്വഭാവവും വളർച്ചയും. പക്ഷേ, ഒടുവിൽ പറഞ്ഞ രണ്ടിലും എടുത്തു പറയാവുന്ന വ്യത്യാസങ്ങളുണ്ട്. അതിൽ മുഖ്യമായവ താഴെ കൊടുക്കുന്നു.

(1) സംസ്ഥാനത്തിലെ അത്യധികം ഉയർന്ന ജനസാന്ദ്രതയും ഉയർന്ന തോതിൽ തന്നെ തുടർന്നു വരുന്ന ജനപ്പെരുപ്പവും, ലഭ്യമായ ആളോഹരിഭൂമി ഹെക്റ്ററിന്റെ അഞ്ചിലൊന്നിൽ കുറവാക്കിയിരിക്കുന്നു. 100 വർഷങ്ങൾക്കു് മുമ്പുണ്ടായിരുന്ന ആളോഹരിഭൂമിയുടെ ഏഴിലൊന്നാണിതു്. മൊത്തം കൃഷിയോഗ്യമായ ഭൂമി ഇതിന്റെ പകുതിയേയുള്ളു. കൂടാതെ, കൃഷി ചെയ്യാവുന്ന ഭൂമിയിൽ മുഴുവൻ ഇപ്പോൾ കൃഷി ചെയ്യുന്നുണ്ട്. ഭൂമി കൂടുതലുള്ള മറ്റു് സംസ്ഥാനങ്ങളിൽ ചെയ്യാവുന്നതു പോലെ കൂടുതൽ ഭൂമിയിൽ വിള വിറക്കുന്നതിലൂടെ വൻതോതിൽ പുതിയ തൊഴിലുണ്ടാക്കുക ഇവിടെ സാധ്യമല്ല.

(2) ആണ്ടു മുഴുവൻ നീണ്ടുനില്ക്കുന്ന വിളവുകൾ കേരളത്തിൽ ആകെ കൃഷി ചെയ്യുന്ന ഭൂമിയുടെ 47% വരും. ഇന്ത്യയൊട്ടാകെ എടുത്താൽ ഈ അനുപാതം 8% ത്തിൽ കുറവാണ്. ആണ്ടു മുഴുവൻ നിണ്ടുനില്ക്കുന്ന വിളവിലുള്ള തൊഴിൽസാധ്യതകൾ കാലികവിളകളിലേതിനെ അപേക്ഷിച്ച് കുറവാണ്. കേരളത്തിലെ കർഷകത്തൊഴിലാളികളിൽ അപര്യാപ്തത്തൊഴിലുള്ളവർ 8·5 ലക്ഷത്തിൽ കൂട

തൽ വരും. മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അപര്യാപ്തത്തൊഴിലുള്ളവരുടെ തോത് ഇവിടെ വളരെ കൂടുതലാണെന്ന് ഇതു് സൂചിപ്പിക്കുന്നു. കൂടാതെ, തൊഴിലില്ലായ്മയുടെ കാലദൈർഘ്യം കേരളത്തിൽ കൂടുതലാണ്; അതിൻെറ പരിധി കൂടുതൽ വിപുലവും. കുടുംബത്തിലുള്ള കൃഷിജോലി ഏതാണ്ട് ഒന്നര മാസമുണ്ടാവും; ഒരഞ്ചുമാസക്കാലം കാർഷികമേഖലയിൽ പെടാത്ത ജോലി തേടി കർഷകത്തൊഴിലാളി നടക്കുന്നു. ആണ്ടിൽ ബാക്കി കാലം അയാൾക്ക് തീരെ തൊഴിലില്ല.

(3) കേരളത്തിലെ തൊഴിൽസാധ്യതയുടെ എടുത്തു പറയാവുന്ന സവിശേഷതയെന്തെന്ന് (1), (2) ഇവയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവണതകൾ വ്യക്തമാക്കുന്നു. രാജ്യമൊട്ടാകെ എടുക്കുമ്പോൾ മൊത്തംതൊഴിലിൻെറ ഏതാണ്ട് മൂന്നിൽ രണ്ടു ഭാഗം കാർഷികമേഖലയിലാണ്. കേരളത്തിലാകട്ടെ, ഈ അനുപാതം രണ്ടിലൊന്നിൽ അല്പം കൂടുതൽ മാത്രമാണ്.

(4) മുഖ്യമായും വ്യാവസായികവളർച്ചയുടെ മന്ദഗതി കാരണം ദ്വിതീയ മേഖലയിലുള്ള തൊഴിലവസരങ്ങൾ വളരെ കുറച്ചേ വർധിച്ചിട്ടുള്ളൂ. കഴിഞ്ഞ ദശകത്തിൽ പൊന്തി വന്ന ചുരുക്കം വ്യവസായങ്ങളോട് ബന്ധപ്പെട്ടതോ അവയെ ആശ്രയിച്ചതോ ആയി പറയത്തക്ക തൊഴിൽവർധനവുണ്ടായിട്ടില്ല. 1968–69-ൽ അവസാനിച്ച ഏഴ വർഷക്കാലത്തിന്നിടയിൽ പൊതുമേഖലയിലെയും സംഘടിതവ്യവസായങ്ങളിലെയും തൊഴിൽസൂചിക 4 പോയിൻറിലധികം വർധിച്ചില്ല.

(5) ഈ രണ്ടു പ്രവണതകളുടെ––വ്യാവസായികവളർച്ച തടസ്സപ്പെട്ടതും കാർഷികത്തൊഴിലവസരങ്ങൾ വർധിക്കാത്തതും—ഫലമായി തൃതീയമേഖലയിൽ തള്ളിക്കയററമുണ്ടായി. വിശേഷിച്ച്, വാണിജ്യ–വ്യാപാരരംഗത്തു് തിക്കിത്തള്ളലുണ്ട്. ആകെ തൊഴിലുള്ളവരിൽ എട്ടിലൊന്നു പേർ ആ രംഗത്താണ്. പ്രച്ഛന്നമായ അപര്യാപ്തത്തൊഴിലിൻെറ ഉയർന്ന തോതും ആളോഹരിസമ്പാദ്യത്തിൻെറ അപര്യാപ്തതയും ഇനിയും തിട്ടപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്.

(6) പ്രത്യക്ഷമോ പ്രച്ഛന്നമോ സംഭാവ്യമോ ആയ അപര്യാപ്തത്തൊഴിൽ ഒരു തരത്തിലും അടിസ്ഥാനമേഖലയിലോ തൃതീയമേഖലയിലോ മാത്രമായി ഒതുങ്ങി നില്ക്കുന്നില്ല.

സംസ്ഥാനത്തെ പരമ്പരാഗതവ്യവസായങ്ങൾ (ദ്വിതീയമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതു് മുഖ്യമായും ഇവയാണെന്നതു് ശ്രദ്ധേയമാണ്) മിക്കപ്പോഴും, തൊഴിലാളികൾക്ക് മുഴുവൻ സമയത്തെ തൊഴിൽ നല്കുന്നില്ല. കയർവ്യവസായവുമായി ബന്ധപ്പെട്ട മൂന്നു ലക്ഷം ജോലിക്കാരിൽ പകുതി പേരെ മററ് ജോലി ചെയ്യാൻ കിട്ടും. 44 ശതമാനം പേർക്ക് ആഴ്ചയിൽ 28 മണിക്കൂറിൽ കുറച്ചു മാത്രമാണ് ജോലിയുള്ളതു്. കൈത്തറിവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള 70,000 പേരിൽ 56% പേർക്കു് മാത്രമേ ആഴ്ചയിൽ 42 മണിക്കൂറിൽ കൂട

തൽ ജോലി കിട്ടുന്നുള്ളു. 8 ശതമാനം പേർക്ക് ആഴ്ചയിൽ രണ്ടു മണിക്കൂറോളമേ ജോലിയുള്ളു. ഏതാണ്ട് 90,000 തൊഴിലാളികളുള്ള കശുവണ്ടിവ്യവസായം, 25,000-ത്തിൽ കൂടുതൽ തൊഴിലാളികളുള്ള ഓട്ടുവ്യവസായം മുതലായവയിലെ തൊഴിൽ പല കാരണങ്ങളാലും ഇടക്കിടെ തടസ്സപ്പെടുന്നുണ്ട്.* താരതമ്യേന കുറഞ്ഞ കൂലി നല്കുന്ന, താഴ്ന്ന നിലവാരത്തിലുള്ള സാങ്കേതികത്വം ഉപയോഗിക്കുന്ന വ്യവസായങ്ങളാണിവ. ജലഗതാഗതത്തെപ്പോലെ അപര്യാപ്തത്തൊഴിലുള്ള രംഗങ്ങൾ വേറെയും ധാരാളമുണ്ട്. അവയിലെ അപര്യാപ്തത്തൊഴിൽ കണക്കാക്കുന്നതിനു് നിരവധി ബുദ്ധിമുട്ടുകളുണ്ട്. കുറെയൊക്കെ വളർച്ച നേടിയ ഒരു വ്യവസായമാണ് മത്സ്യബന്ധനം. സംസ്ഥാനത്ത് 85,000-ത്തിൽ കൂടുതൽ മീൻപിടിത്തക്കാർ സജീവമായി ഈ രംഗത്തുണ്ട്. മൊത്തം ജനസംഖ്യയുടെ രണ്ടു ശതമാനം നേരിട്ട് ഇതിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഈ മത്സ്യബന്ധനവ്യവസായത്തിൽ പോലും ആറു മാസത്തോളമേ തൊഴിലുണ്ടാവൂ.

(7) 1965-ലെ തൊഴിലില്ലായ്മസർവേ കണക്കാക്കിയിട്ടുള്ളത് തൊഴിലെടുക്കാവുന്നവരുടെ മൊത്തംസംഖ്യ 60.15 ലക്ഷമാണെന്നാണ്. കേരളത്തിലെ മൊത്തംജനസംഖ്യയുടെ മൂന്നിലൊന്നിൽ കുറവാണിത്. തൊഴിൽപ്പാനിങ്ങിനെ സംബന്ധിച്ചേടത്തോളം അസാധാരണമാംവിധം കുറഞ്ഞ ഈ അനുപാതത്തിനു് ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങളുണ്ട്. അധ്വാനിക്കുന്നവൻെറ കുറഞ്ഞ സമ്പാദ്യവും അയാൾ താങ്ങുന്ന വലിയ ആശ്രിതഭാരവും പരിഗണിക്കുമ്പോൾ നിർവചനപ്രകാരം തൊഴിലെടുക്കാവുന്നവരിൽ നിന്നു് ഇപ്പോൾ ഒഴിവാക്കിയിട്ടുള്ള 60-70 വയസ്സ് ഗ്രൂപ്പിലുള്ളവരെ കൂടി തൊഴിലന്വേഷിക്കുന്നവരായി കണക്കാക്കേണ്ടി വരും. ഇതിനു പുറമേ, തീരെ തൊഴിലില്ലാത്തവരെന്നു് വിശേഷിപ്പിക്കപ്പെടുന്ന 5·47 ലക്ഷം പേരിൽ ഏതാണ്ടു 2·5 ലക്ഷം പേർ മാത്രമാണ് വാസ്തവത്തിൽ ജോലിക്കപേക്ഷിക്കുന്നത് (ഏതാണ്ട് 3 ലക്ഷം പേർ തൊഴിലന്വേഷിക്കുന്നില്ല. പക്ഷേ, തൊഴിലെടുക്കാൻ തയ്യാറാണ്.) എന്നതു് കേരളത്തിലെ തൊഴിലില്ലായ്മപ്രശ്നത്തിനു് ഒരു പ്രത്യേകസ്വഭാവം നൽകുന്നു. നിലവിലുള്ള മനുഷ്യശക്തിയെ പരമാവധി ഉപയോഗപ്പെടുത്തണമെങ്കിൽ, നിഷ്ക്രിയരായ ലക്ഷക്കണക്കിനാളുകളിൽ ചലനമുണ്ടാക്കാനും അവരെ ആവേശഭരിതരാക്കാനും കഴിയുമാറു് തക്കതായ തൊഴിലവസരങ്ങൾ നാം കണ്ടുപിടിക്കണം.

(8) മററു മിക്ക സംസ്ഥാനങ്ങളിലും കാണുന്ന തൊഴിൽഘടനയിൽ നിന്നു് തികച്ചും വ്യത്യസ്തമായി, കേരളത്തിൽ സ്വയം തൊഴിൽ നൽകുന്നവർ-ജീവനക്കാരും സ്വന്തം ചെലവിൽ തൊഴിലെടുക്കുന്നവരും-ആകെ തൊഴിലാളികളുടെ 30 ശതമാനത്തിൽ കുറവാണ്. ജീവനക്കാർ 65 ശതമാനം വരും. ശമ്പളം ലഭി

---

* 1965-ൽ നടത്തപ്പെട്ട തൊഴിലില്ലായ്മസർവേ ശേഖരിച്ച വിവരണങ്ങളിൽ നിന്നെടുത്തതാണ് അപര്യാപ്തത്തൊഴിലിനെ സംബന്ധിച്ച കണക്കുകൾ. ഈ സർവേയ്ക്കു് ശേഷം ഈ രംഗത്തു് ഗണ്യമായ മാററമുണ്ടായതായി തോന്നുന്നില്ല.

ക്കാത്ത സഹായികരം ഏതാണ്ട് 6%. കൂടുതൽ ജോലി ഉണ്ടാക്കുന്ന പരിപാടിയിൽ ഇതിന്ന് പ്രത്യേകപ്രാധാന്യമുണ്ട്.

(9) അഭ്യസ്തവിദ്യരുടെ വൻതോതിലുള്ള തൊഴിലില്ലായ്മ—പ്രത്യേകിച്ച് ഉപരിവിദ്യാഭ്യാസത്തിലുണ്ടായ സ്ഫോടനം മൂലമുള്ള അതിൻെറ വളർച്ചയുടെ ഉയർന്ന തോത്—കേരളത്തിലെ തൊഴിൽരംഗത്തെക്കുറിച്ച് ചിന്തിക്കുമ്പോരം ഏററവും അസ്വാസ്ഥ്യമുണ്ടാക്കുന്ന പ്രത്യേകതയായി പൊതുവെ കരുതപ്പെടുന്നു. തീരെ തൊഴിലില്ലാത്തവരെന്ന് കരുതപ്പെടുന്നവരിൽ 25% പേർ മെട്രിക്കുലേററുകാരാണ്. 2,70,000 പേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒന്നര ലക്ഷം വരുന്ന മെട്രിക്കുലേററുകളും സാങ്കേതികവും മററുമായ വിദ്യാഭ്യാസം നേടിയ 13,000 പേരും ഇതിൽ പെടുന്നു. 1965-ലെ ബിരുദധാരികളുടെ ഭാഗധേയത്തെക്കുറിച്ച് തുടർച്ചയായി നടത്തിയ ഒരു പഠനഫലമായി കണ്ടതു്, ആർട്സ് ബിരുദധാരികളിൽ 40% വും സയൻസ് ബിരുദധാരികളിൽ 16% വും മൂന്നു കൊല്ലക്കാലത്തേക്ക് തൊഴിലില്ലാതിരുന്നു എന്നാണ്. ഇപ്പോരം തൊഴിലന്വേഷിക്കുന്ന ബിരുദധാരികരം 11,000-ത്തിലേറെയും പോസ്റ്റ്ഗ്രാജ്വേററുകരം 1700-ഉം വരും. എൻജിനീയറിങ്-മെഡിക്കൽബിരുദധാരികരംക്കിടയിൽ വർധിച്ചു വരുന്ന തൊഴിലില്ലായ്മ അടുത്ത കാലത്തു് പത്രത്തലക്കെട്ടുകരംക്കിടയാക്കി. അത്രയെളുപ്പം കണക്കാക്കാൻ കഴിയാത്തതു കൊണ്ടു് വേണ്ട വിധത്തിൽ ശ്രദ്ധിക്കാത്തൊരു വശം ഈ പ്രശ്നത്തിനുണ്ട്—ബിരുദധാരികളുടെയും ഡിപ്ലോമക്കാരുടെയും ഇടയ്ക്കുള്ള പ്രച്ഛന്നമായ തൊഴിലില്ലായ്മയുടെ ഗണ്യമായ തോത് മൂലം ഉയർന്ന ബിരുദങ്ങളുള്ള പലരും അവരുടെ കഴിവൊന്നും ആവശ്യമില്ലാത്ത ജോലി ചെയ്യുന്നു; അതു കൊണ്ടവർക്ക് കുറഞ്ഞ ശമ്പളമേ കിട്ടുന്നുള്ളു. അത്തരമാളുകരംക്ക് ശരിക്ക് ചേരുന്ന വലിയ പ്രതിഫലമുള്ള ജോലികളിലുണ്ടാവുന്നതിനെ അപേക്ഷിച്ച് വളരെ കുറഞ്ഞ ഉപാന്തപ്രയോജനമേ ഇങ്ങനെ തൊഴിൽ നല്കുന്നതു കൊണ്ടുണ്ടാവൂ. ഇത്തരം നഷ്ടത്തെ ചുരുക്കമായേ ശ്രദ്ധിക്കാറുള്ളു.

ഉപരിവിദ്യാഭ്യാസത്തിലെ ഈ പ്രവണത മാററാൻ വയ്യാത്ത വിധം ഭീഷണമാണെന്നതാണ് മുകളിൽ സൂചിപ്പിച്ച സ്ഥിതിവിശേഷത്തിൻെറ യഥാർഥ ദുരന്തം. മനുഷ്യവിഭവങ്ങളിൽ മുതൽമുടക്കുന്നതു് വർധിപ്പിക്കുക എന്ന മൗലികാവശ്യത്തിനാണ് ഇപ്പോരം കൂടുതൽ ഊന്നൽ കൊടുത്തു കൊണ്ടിരിക്കുന്നതു്. തൊഴിൽചന്തയിലെ സംഭവവികാസങ്ങളെ കുറിച്ചൊരു പരിഗണനയുമില്ലാതെ പാരമ്പര്യമനുസരിച്ച് കേവലം യാന്ത്രികമായി ബിരുദധാരികളെ വൻതോതിൽ പടച്ചുവിടുകയാണ് നിർഭാഗ്യത്തിന് കേരളം ചെയ്യുന്നതു്. 1963-ൽ തന്നെ എൻജിനീയറിങ്മനുഷ്യശക്തിയിലുണ്ടായ ഉല്പാദനാധിക്യത്തെക്കുറിച്ച് ഇൻസ്റ്റിററ്യൂട്ട് ഓഫ് അപ്ലൈഡ് മാൻപവർ റിസർച്ച് (പ്രയുക്തമനുഷ്യശക്തിയെ കുറിച്ചുള്ള ഗവേഷണത്തിനുള്ള ഇൻസ്റ്റിററ്യൂട്ട്) മുന്നറിയിപ്പ് നല്കിയിരുന്നു. കേരളത്തിൽ മററു പല വിഭാഗത്തിനും ഇതു് ബാധകമായിരുന്നു. ഇന്ത്യയിലെ മററേതു സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിനുള്ള പൊതുചെല

വിനേക്കാളും കൂടുതലാണ് കുറെക്കാലമായി കേരളത്തിലുള്ളത്. ഇന്ന് അത് ആളോഹരി 22·86 രൂപ വരും. അഖിലേന്ത്യാതോതിന്റെ ഇരട്ടിയിലധികമാണിത്. കല, സയൻസ്, കോമേഴ്സ് ഇവയിലുള്ള ബിരുദധാരികളുടെ എണ്ണം 1964–65–ൽ 5000 ആയി. പിന്നീട് വർഷം തോറും 30% കണ്ട് വർധിച്ചു കൊണ്ടിരിക്കുകയാണ്. അതു പോലെ മാസ്റ്റർബിരുദമോ സാങ്കേതികമായ മററ് ബിരുദങ്ങളോ നേടുന്നവരുടെ എണ്ണം ആ വർഷം നാലായിരമായിരുന്നു. ഓരോ വർഷവും അത് ശരാശരി 12–15% കണ്ട് വർധിച്ചു വരികയാണ്. ഈ രംഗത്ത് ആരോഗ്യകരമായ ഒരു സന്തുലിതാവസ്ഥ വേണമെങ്കിൽ, ഇവരുടെ ആവശ്യം വർധിക്കുന്നതിനനുസരിച്ച് കോളേജിൽ നിന്ന് പുറത്തു വരുന്നവരുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.

(10) കേരളത്തിന് വെളിയിൽ ലഭിക്കുന്ന തൊഴിൽസാധ്യതകളാണ് കഴിഞ്ഞ കുറെ കാലമായി കേരളത്തിന്റെ സാമ്പത്തികഭദ്രതയെ നിലനിർത്തിയിരുന്നത്. വെളിയിൽ പോകുന്നവരുടെ എണ്ണം 1951–61 കാലഘട്ടത്തിൽ 4 ലക്ഷത്തോളം എത്തിയിരുന്നതായി കണക്കാക്കിയിരിക്കുന്നു. ഈ പ്രവണതയിൽ സാരമായ മാന്ദ്യം സംഭവിച്ചിട്ടുണ്ടെന്നും മുമ്പേ പോയവർ തന്നെ ധാരാളമായി തിരിച്ചു വരാൻ തുടങ്ങിയിരിക്കുന്നുവെന്നുമാണ് ലഭ്യമായ എല്ലാ തെളിവുകളും ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനത്തിലെ തൊഴിലില്ലായ്മപ്രശ്നത്തിന്റെ സങ്കീർണ്ണത ഇതു കൊണ്ട് വളരെ അധികം വർധിക്കുന്നു.

തൊഴിലില്ലായ്മപ്രശ്നത്തിന്റെ ഈ പത്ത് വശങ്ങളെപ്പററി സവിസ്തരം ചർച്ച ചെയ്തത് രണ്ട് പ്രധാന കാരണങ്ങൾ കൊണ്ടാണ്. ഒന്നാമതായി, സാധാരണ നിലയിൽ സങ്കീർണമല്ലാത്തതായി കണക്കാക്കപ്പെടാറുള്ള ഈ പ്രശ്നത്തിന്റെ നൂലാമാലകൾ, സാമാന്യമായിട്ടെങ്കിലും ഇത് ചൂണ്ടാക്കാണിക്കുന്നു. അതിവേഗത്തിലുള്ള വ്യവസായവൽക്കരണം കൊണ്ടോ സാമ്പത്തികപുരോഗതി കൊണ്ടോ തൊഴിലില്ലായ്മ തുടച്ചു നീക്കാം എന്ന് നാം പലപ്പോഴും വാദിക്കാറില്ലേ? ഉദാഹരണത്തിന്, രണ്ട് പഞ്ചവത്സരപദ്ധതിക്കാലത്തിനുള്ളിൽ 1020 കോടി രൂപ മൂലധനം ഇറക്കിയാൽ (1960–61–ലെ വിലപ്രകാരം) പത്തുലക്ഷം പുത്തൻതൊഴിലുകൾ സൃഷ്ടിക്കപ്പെടുമെന്ന് കേരളത്തിന്റെ സാങ്കേതിക–സാമ്പത്തികസർവേയിൽ പറയുന്നു. ഒരു ദശാബ്ദത്തിനുള്ളിൽ വരാവുന്ന വിലക്കയററം—ഏകദേശം 75%—കാരണം ഈ തുക 1800 കോടിയിലധികമായി വർധിക്കും; നമ്മുടെ കണക്കുകളൊന്നും വേണ്ടത്ര കൃത്യമല്ലാതാകും. മാത്രമല്ല നേരത്തേ ചൂണ്ടിക്കാണിച്ച പോലെ സമ്പദ്ഘടനയിന്മേലുള്ള നിരവധി ഇറുക്കിപ്പിടുത്തങ്ങൾ കണക്കിലെടുക്കുന്നുമില്ല. സമ്പദ്ഘടനയുടെ വികാസവും വിവിധീകരണവും തൊഴിലില്ലായ്മപ്രശ്നത്തിന് പരിഹാരമാകുമെന്ന ആശ തകർന്നിരിക്കുന്നു; മുൻവിവരിച്ച പ്രത്യേകസാഹചര്യങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ സൃഷ്ടിപരമായ പുത്തൻ നടപടികൾ ആവശ്യമാണെന്ന് തെളിഞ്ഞിരിക്കുന്നു. രണ്ടാമതായി ഈ പ്രശ്നത്തിന്റെ പ്രത്യേകസവിശേഷതകളെ കുറിച്ചുള്ള വിവരണം നമ്മുടെ അറിവിലുള്ള വിടവുകളെ എടുത്തു കാണിക്കുന്നു. അവ അടച്ചല്ലാതെ

തൊഴിലില്ലായ്മപ്രശ്നത്തെ ശാസ്ത്രീയമായും ഫലപ്രദമായും നേരിടാൻ സാധിക്കില്ല. ഏതെല്ലാം മണ്ഡലങ്ങളിലാണ് ഏതെല്ലാം ദിശകളിലാണ് ഇനി ഗവേഷണം നടത്തേണ്ടതു് എന്നും ഇതു് വ്യക്തമാക്കുന്നു.

പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുന്ന ഗവേഷണമാണ് നമുക്ക് വേണ്ടതു്; അതായതു് ഗവേഷണനിരീക്ഷണങ്ങളും നയരൂപീകരണവും പരസ്പരം ബന്ധപ്പെട്ടിരിക്കണം. ഗവേഷണഫലങ്ങൾ നയങ്ങളെയും ഭരണത്തെയും രൂപപ്പെടുത്തണം. അതേ സമയം ലക്ഷ്യവും പരിപ്രേക്ഷ്യവും ഗവേഷണമാർഗത്തെയും സമ്പ്രദായത്തെയും നിയന്ത്രിക്കുന്നു. തൊഴിൽസാധ്യതയെ നിയന്ത്രിക്കുന്നതു് സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങളാണെന്നും, തൊഴിലിന്റെ എണ്ണത്തിലും ഗുണത്തിലും സാരമായ മാററങ്ങൾ പുറമെ നിന്ന് അടിച്ചേല്പിക്കുവാൻ സാധിക്കുകയില്ലെന്നും സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനപരമായ മാററത്തിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടേ ഇതു് സാധ്യമാകൂ എന്നും മനസ്സിലാക്കിക്കൊണ്ടായിരിക്കണം അടിസ്ഥാനനയങ്ങൾ രൂപീകരിക്കുന്നതു്.

ഈ സന്ദർഭത്തിൽ രണ്ടു തരത്തിലുള്ള ഗവേഷണങ്ങളെ വേർതിരിക്കേണ്ടതുണ്ട്–ദീർഘകാലഗവേഷണവും ഹ്രസ്വകാലഗവേഷണവും.

സമ്പദ്‌വ്യവസ്ഥയുടെ ഘടനയെപ്പററിയും വികാസപരിണാമങ്ങളെപ്പററിയും സൃഷ്ടിക്കപ്പെടുന്ന തൊഴിലിന്റെ എണ്ണത്തെപ്പററിയും സ്വഭാവത്തെപ്പററിയുമെല്ലാമുള്ള വിശദമായ പഠനങ്ങൾ ഉൾക്കൊള്ളുന്ന ഒരു നീണ്ടകാലപരിപാടിയാണ് ആദ്യത്തേതു്. കഴിഞ്ഞ ആസൂത്രിതവികസനത്തിന്റേതായ രണ്ട് ദശാബ്ദക്കാലത്തെ വളർച്ചയുടെ ഗതിയെപ്പററി പ്രത്യേകമായി പഠിക്കണം. സ്വതന്ത്രമായും പരപ്രേരിതമായും ഓരോ കൊല്ലവുമുണ്ടായ മൂലധനനിക്ഷേപം, ഉല്പാദനത്തിനുള്ള മാററങ്ങൾ, ഓരോ വ്യവസായത്തിലും ഉണ്ടായ പുതിയ തൊഴിൽ സാധ്യതകൾ എന്നിവ തമ്മിലുള്ള പരസ്പരബന്ധങ്ങൾ ഈ പഠനത്തിൻ ഫലമായി പുറത്തു വരണം. ഏതു തരത്തിലുള്ള തൊഴിലുകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്, ഓരോന്നിനുമുള്ള കഴിവുകൾ ഇന്നതാണെന്ന് ചിട്ടപ്പെടുത്തിയിട്ടുണ്ടോ ഇത്തരം ചോദ്യങ്ങളെ ആശ്രയിച്ചിരിക്കും തൊഴിൽവൈദഗ്ധ്യത്തിന്റെ ഘടനയും സാങ്കേതികജ്ഞാനത്തിന്റെ നിലവാരവും. പഠനം കൂടുതൽ സമഗ്രമാകുമ്പോൾ ഓരോ വിഭാഗത്തിനും തമ്മിലുള്ള സമാകലിതബന്ധങ്ങൾ നിർണയിക്കാനും തൊഴിൽസംഖ്യ, സ്വഭാവം, വിതരണം എന്നിവയുമായി ബന്ധപ്പെടുവാനും സാധിക്കുന്നതാണ്. വികാസപ്രവണതകളിലേക്കു് ശരിയായ ഉൾക്കാഴ്ച നൽകാനും, പ്രാദേശികസമ്പദ്‌വികസനവുമായി ബന്ധപ്പെട്ട തൊഴിൽ സൂചകാങ്കങ്ങൾ കണ്ടുപിടിക്കാനും ഇതു് സഹായിക്കുന്നു. വിവിധജില്ലകൾ തമ്മിലുള്ള പ്രകടമായ അസംതുലിതാവസ്ഥയുടെ വെളിച്ചത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ പഠനങ്ങൾ നടത്തേണ്ടി വരും. ഇപ്രകാരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒരു ഗവേഷണത്തിന്റെ നയപരമായ പൊരുൾ സുവ്യക്തമാണ്. ഇന്നയിന്ന തരത്തിൽ പെട്ട ഇത്രയിത്ര തൊഴിലുകൾ സൃഷ്ടിക്കാൻ എത്ര മൂലധന നിക്ഷേപം വേണ്ടി വരുമെന്ന് കണക്കാക്കാൻ (സ്വാഭാവികമായും, ചില പരി

മിതികൾക്കുള്ളിൽ) മാത്രമല്ല, ആസൂത്രണപ്രവർത്തനത്തിന്റെ തനതുഫലമായി എത്ര തൊഴിലുണ്ടായി, സ്വാഭാവികമായ വളർച്ച കൊണ്ടു് എത്ര തൊഴിൽ ഉണ്ടായി, എന്നിങ്ങനെ വേർതിരിക്കാനും, ഇതു കൊണ്ടു് സാധിക്കുന്നു. വരുന്ന ഏതാനും കൊല്ലങ്ങൾക്കുള്ളിൽ എന്തെല്ലാം വൈദഗ്ധ്യങ്ങൾ വളർത്തിയെടുക്കണമെന്നും ഏതെല്ലാം പരിശീലനസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും നിർണയിക്കാൻ ഈ പഠനം സഹായിക്കും. 9–ാം ഇനമായി പരാമർശിക്കപ്പെട്ടിട്ടുള്ള, വർഷംപ്രതി വർധിച്ചു വരുന്ന, ഉന്നതവിദ്യാഭ്യാസമുള്ളവരുടെയും സാങ്കേതികപരിജ്ഞാനമുള്ളവരുടെയും അധികപ്പററു് ഇപ്രകാരമൊരു ഗവേഷണത്തിന്റെ ആവശ്യം ചൂണ്ടിക്കാണിക്കുന്നു. ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വൈദഗ്ധ്യത്തിൽ നിന്നു് ഉടലെടുക്കുന്ന നഷ്ടവും നിരാശാബോധവും ഒഴിവാക്കാനും ആസൂത്രണത്തെ ശാസ്ത്രീയമാക്കാനും ഇതു് സഹായിക്കുന്നു.

കേരളത്തിലെ മത്സ്യബന്ധനവ്യവസായത്തിലെ അടുത്ത കാലത്തെ വികാസങ്ങൾ, ദീർഘകാലഗവേഷണത്തിന്റെ ആവശ്യം വിളിച്ചോതുന്ന ഒന്നാന്തരം ഉദാഹരണമാണു്. മത്സ്യബന്ധനവികസനത്തിനു് നമുക്കു് ബൃഹത്തായ ഒരു പരിപാടിയുണ്ടു്. 320 കോടി രൂപ മൂലധനനിക്ഷേപം വരുന്ന ഒരു മാസ്റ്റർപ്ലാൻ നമ്മുടെ പരിഗണനയിലുണ്ടു്. ഈ പ്രോജക്ററിന്റെ വമ്പിച്ച സാധ്യതകളെപ്പററി നമുക്കു് യാതൊരു സംശയവുമില്ല. പക്ഷേ, മത്സ്യബന്ധനത്തിന്റെ സാമ്പത്തികവശങ്ങളെക്കുറിച്ചു് വളരെക്കുറച്ചു് ഗവേഷണങ്ങളേ നടന്നിട്ടുള്ളു എന്നതാണു് വാസ്തവം; ഇൻഡോ–നോർവീജിയൻ പ്രോജക്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു് നടന്നിട്ടുള്ള ചില പഠനങ്ങൾ മാത്രമാണവ. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികസ്ഥിതിയെപ്പററി, അവരുടെ തൊഴിലിന്റെ സ്വഭാവത്തെയും ഉള്ളടക്കത്തെയും പററി, ആധുനികീകരണത്തിന്റെ പ്രത്യാഘാതങ്ങളെപ്പററി, സംസ്ഥാനത്തെ സാമ്പത്തികവികാസത്തിൽ, ഏററവും പ്രധാനമായിത്തീർന്നേക്കാവുന്ന ഈ സെക്ടറിലെ മൂലധനനിക്ഷേപം കൊണ്ടുണ്ടാവുന്ന വിവിധഫലങ്ങളെപ്പററി, എല്ലാം ആഴമേറിയ പഠനങ്ങൾ ആവശ്യമാണു്.

തൊഴിലില്ലായ്മയെക്കുറിച്ചു് ഏററവും സമഗ്രമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കേണ്ട ആവശ്യം, മററില്ലായിടത്തേക്കാളും കൂടുതൽ കേരളത്തിൽ അംഗീകരിക്കപ്പെടുന്നു. നേരത്തേ നടത്തിയ പരിമിതമായ പഠനങ്ങൾക്കു് പുറമെ ചുരുങ്ങിയതു് മൂന്നു വിപുലമായ സർവേകളെങ്കിലും നാം നടത്തിയിട്ടുണ്ടു്. * ഇത്തരത്തിലുള്ള പഠനങ്ങൾ അത്യാവശ്യം തന്നെയാണു്; പക്ഷേ ദീർഘകാ

---

* ഇതിന്റെയൊന്നും ആവശ്യമില്ലെന്നു് പറയുന്ന കൂട്ടരുണ്ടു്—തൊഴിലില്ലായ്മപ്രശ്നം ഗുരുതരമാണെന്നു് നമുക്കറിയാം. ചെയ്യേണ്ടതു് മറെറാന്നുമല്ല, ധാരാളം തൊഴിലുണ്ടാക്കുകയാണു്. ഇതു് പ്രശ്നത്തെ ഏററെ ലളിതമാക്കുകയാണു്. സുഖക്കേടു് നന്നായി തിരിച്ചറിഞ്ഞാൽ ചികിത്സ കൂടുതൽ ഫലിക്കുമെന്നു് നമുക്കറിയാം. തൊഴിലില്ലായ്മ കേരളത്തിലെ സ്ഥായിയായ രോഗമാണു്, വളരെ സങ്കീർണവുമാണു്.

ലഗവേഷണങ്ങളുടെ ആവശ്യം അതു കൊണ്ട് ഇല്ലാതാവുന്നില്ല. ഇവ ഒരു തുടക്കം മാത്രമാണ്. സർവേയിൽ നിന്നു ലഭിച്ച വിവരങ്ങൾ കൂടുതൽ അപഗ്രഥിക്കപ്പെടേണ്ടതും വിശദീകരിക്കപ്പെടേണ്ടതും ഉണ്ട്. നേരത്തേ പട്ടികപ്പെടുത്തിയ കേരളത്തിന്റെ തൊഴിലില്ലായ്മപ്രശ്നത്തിന്റെ പത്തു സവിശേഷതകളും, ഏതേതു് മാർഗങ്ങളിലൂടെയാണ് ദീർഘകാലഗവേഷണം പുരോഗമിക്കേണ്ടതു് എന്നു് ചൂണ്ടിക്കാണിക്കുന്നു. സവിസ്തരസർവേകളുടെ ഫലങ്ങളെ ഓരോ വർഷവും സാമ്പിൾസർവേ കൊണ്ടു് പുതുക്കാം. താഴെ പറയുന്ന ആവശ്യങ്ങളെപ്പററി പ്രത്യേകമായി എടുത്തു പറയേണ്ടിയിരിക്കുന്നു.

(a) കാർഷികമേഖലയിലെ തൊഴിൽനിലവാരത്തെ തുടർച്ചയായി പരിശോധിക്കണം. ആധുനികീകരണം കാർഷികമേഖലയിലെ തൊഴിൽസാംഖ്യയെയും ഭാവിവളർച്ചയെയും എങ്ങനെ ബാധിക്കുന്നു എന്നു് പഠിക്കണം.

(b) ഇന്നു് പൂർണമായി തൊഴിൽ ഇല്ലാത്തവരും തീവ്രമായ തൊഴിൽവേട്ടയിൽ ഏർപ്പെടാത്തവരുമായവർക്കു് ലഭ്യമായേക്കാവുന്ന തൊഴിലുകളുടെ എണ്ണവും തരവും എന്തെന്നു് പഠിക്കണം.

(c) വർഷംതോറും ഡിഗ്രികളും ഡിപ്ലോമകളും എടുത്തു് പുറത്തു വരുന്നവരുടെ ഭാഗധേയങ്ങളെ പിൻതുടരുകയും ദീർഘകാലാടിസ്ഥാനത്തിൽ സാമൂഹ്യനിലവാരങ്ങൾ തിട്ടപ്പെടുത്തുകയും വേണം.

(d) സംസ്ഥാനത്തിൽ നിന്നു് പുറമേക്കുള്ള പോക്കിലെ പ്രവണതകൾ പരിശോധിക്കണം.

(e) തൃതീയമേഖലയിലുള്ള തിരക്കിനെ അപഗ്രഥിക്കണം.

ഹ്രസ്വകാലഗവേഷണം വളരെ പ്രകടമായ പ്രശ്നബന്ധപഠനമാണ്; രൂക്ഷമായ തൊഴിലില്ലായ്മക്കു് ഉടനടി പരിഹാരമാർഗങ്ങൾ കണ്ടുപിടിക്കുന്നതിൽ സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ അങ്ങേയററം പ്രായോഗികമായ ഒരു സമീപനം ആവശ്യമാകയാൽ വിരളമായ വിഭവങ്ങളെ ഏററവും സമർത്ഥമായി ഉപയോഗിക്കുക എന്ന സാമ്പത്തികതത്വം മാത്രമേ ദീക്ഷിക്കേണ്ടതുള്ളു. ഉടൻ നടപ്പാക്കാവുന്നതും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതുമായ പ്രോജക്ററുകൾ ശരിയായ വിധത്തിൽ തിരഞ്ഞെടുക്കുക എന്നതാണ് ഹ്രസ്വകാലഗവേഷണത്തിന്റെ അന്തിമലക്ഷ്യം. കടുത്ത തൊഴിലില്ലായ്മ അനുഭവപ്പെടുന്ന മേഖലകൾക്കും പ്രദേശങ്ങൾക്കും മുൻഗണന നൽകേണ്ടി വരും. പക്ഷേ, ദുരിതാശ്വാസനടപടികളും താല്കാലികപ്രോജക്ററുകളും താല്കാലിക തൊഴിലില്ലായ്മ അതായതു് സഫലമായ ചോദനക്കുറവു് കൊണ്ടുണ്ടാകുന്നതു് പരിഹരിക്കാൻ വേണ്ടി മാത്രം സ്വീകരിക്കണം. സാങ്കേതികവിദ്യാഭ്യാസമുള്ളവരുടെ തൊഴിലില്ലായ്മയെയും പുത്തൻകൂററുകാരുടെ തൊഴിലില്ലായ്മയെയും ഇതു പോലെ തന്നെ നേരിടേണ്ടതാണ്. അതിനിടക്കു തന്നെ ഈ മേഖലകളിലേക്കു് പുതിയ തൊഴിലന്വേഷികൾ വരുന്നതു് കുറക്കുവാൻ വേണ്ട നടപടികളും എടുക്കേണ്ടതാണ്.

ഈ പദ്ധതികൾ സംഘടിപ്പിക്കുന്നതും പൂർത്തിയാക്കുന്നതും എളുപ്പമായിരിക്കണമെന്നതിനു് പുറമെ, അവ കൊണ്ടു് സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾ യഥാർഥത്തിൽ ഉല്പാദനകരങ്ങളും സ്വയം നിലനില്ക്കാൻ കഴിവുള്ളവയുമാകണം. ഏറെ വിദേശനാണ്യമോ അസുലഭമായ സാങ്കേതികപരിജ്ഞാനമോ ആവശ്യമായി വരരുതു്.

പദ്ധതികൾ തിരഞ്ഞെടുക്കാനുള്ള ഹ്രസ്വകാലഗവേഷണത്തിൻെറ രണ്ടു് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം—ഉദാഹരണമായും മുന്നറിയിപ്പായും. ഗ്രാമപ്രദേശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന മനുഷ്യശക്തി പൂർണമായും ഫലപ്രദമായും പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഗ്രാമീണമനുഷ്യശക്തിപരിപാടികൾ അറുപതുകളുടെ ആദ്യത്തിൽ ആരംഭിച്ചു. സിദ്ധാന്തപരമായി പദ്ധതി ഒന്നാന്തരമായിരുന്നു; കുറഞ്ഞ മുതലിറക്കോടു കൂടി, സാമൂഹ്യമായ ആസ്തികൾ സൃഷ്ടിക്കുകയെന്നതു് മിഥ്യാതൊഴിൽശക്തി പ്രയോജനപ്പെടുത്താനും തൊഴിലില്ലായ്മപ്രശ്നം ലഘൂകരിക്കാനും പറ്റിയ ഏററവും നല്ല മാർഗമാണു്. പക്ഷേ, പ്രയോഗത്തിൽ, നേരത്തേ സൂചിപ്പിച്ചതു പോലെ, പദ്ധതി പൊളിഞ്ഞു. എന്നിട്ടും ഇത്തരം പ്രോജക്ററുകളോടുള്ള കമ്പം നമ്മിൽ നിന്നും ഇനിയും വിട്ടുമാറിയിട്ടില്ല. പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ടുള്ള ഹ്രസ്വകാലഗവേഷണം, പ്രതിബന്ധങ്ങളുടെ രൂപവും വലുപ്പവും വ്യക്തമാക്കും. വേണ്ട വിധത്തിൽ പദ്ധതി എങ്ങനെ പുനക്രമീകരിക്കണമെന്നതിനു് നിർദേശങ്ങൾ കൊടുക്കാനും കഴിയും.

ചെറുകിടവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള തീവ്രയത്നങ്ങളെപ്പററി നേരത്തേ സൂചിപ്പിച്ചിരുന്നുവല്ലോ; തൊഴിൽസാധ്യത വർധിപ്പിക്കുന്ന കാര്യത്തിൽ ഇതു് വലിയ വാഗ്ദാനങ്ങൾ നൽകുന്നു. പക്ഷേ, ഒരു കാര്യം; വിപണനം, ചെറുതും വലുതുമായ യൂണിററുകൾ തമ്മിലുള്ള ബന്ധം, പുതിയ സ്ഥാപനങ്ങളുടെ പ്രദർശനഫലങ്ങളും വ്യാപനഫലങ്ങളും—ഇത്തരം വിഷയങ്ങളെപ്പററി കുറെക്കൂടി ഗവേഷണങ്ങൾ നടത്തുന്നതു് നന്നായിരിക്കും.

ദീർഘകാലഗവേഷണവും ഹ്രസ്വകാലഗവേഷണവും എല്ലാം മററു് തൊഴിലൊന്നുമില്ലാത്ത അക്കാദമിക്കുകളുടെ വൃഥാ വ്യായാമമാണെന്നു് പറഞ്ഞു തള്ളുന്ന ദോഷൈകദൃക്കുകൾ ഉണ്ടായിരിക്കും. കെയ്ൻസിൻെറ ഒരു അനുപമാഭിപ്രായം ഓർമിപ്പിക്കുന്നതിൽ കൂടുതലൊന്നും എനിക്കതിനു് ചെയ്യാനില്ല:

"സാമ്പത്തികശാസ്ത്രജ്ഞരുടെ ആശയങ്ങൾ, അവ തെററായിരുന്നാലും ശരിയായിരുന്നാലും, നാം സാധാരണയായി ധരിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ശക്തങ്ങളാണു്. ലോകത്തെ ഭരിക്കുന്നതു് മറെറാന്നുമല്ല. ആരുടെ ആശയങ്ങൾക്കും കീഴടങ്ങാത്തവരെന്നു് സ്വയം അഭിമാനിക്കുന്ന പ്രായോഗികവാദികളും സാധാരണയായി, ഏതോ കാലഹരണപ്പെട്ട സാമ്പത്തികശാസ്ത്രജ്ഞൻെറ അടിമകളായിരിക്കും. 'അശരീരിവാക്കു'കളുടെ അടിസ്ഥാനത്തിൽ ഭരിക്കുന്ന അധികാരപ്രമ

ത്തരും, കൊല്ലങ്ങാക്കു മുമ്പേ ഏതോ അക്കാദമീഷ്യൻ എഴുതിയ വരികളിൽ നിന്നായിരിക്കും ദിവ്യശബ്ദങ്ങാം ശ്രവിക്കുന്നതു്."

തൊഴിലില്ലായ്മ ലഘുവായ ഒരു പ്രതിഭാസമല്ല; ഒററപ്പെട്ട ഒരു ആശയവുമല്ല. പല ആശയങ്ങളും അതിൽ അടങ്ങിയിട്ടുണ്ടു്. ഓരോന്നും പ്രത്യേകം പരിഗണിക്കപ്പെടണം. അറിവു് ശക്തിയാണു്. വിവിധവശങ്ങളെപ്പററിയുള്ള അറിവു് അവയെ നേരിടാനുള്ള നമ്മുടെ ശക്തി വർധിപ്പിക്കുന്നു. ഈ അറിവിനു് നാം പരിധി നിശ്ചയിക്കാതിരിക്കുക.

പ്രൊഫസർ കെ. എസ്. എൽ. പണിക്കർ

21

# വികസനത്തിൻെറ ജനസംഖ്യാപരമായ വശങ്ങൾ

## മുഖവുര

വിഭവങ്ങളുടെ ഉപഭോഗക്കാര്യത്തിൽ, ആളോഹരിവർധനവിൽ നിന്ന് ജനസംഖ്യാവർധനവിൻെറ പ്രശ്നത്തെ വേർപെടുത്തുന്നതു് ഒട്ടും തന്നെ എളുപ്പമല്ലെന്നിരിക്കെ, ദാരിദ്ര്യം, വർഗീയത എന്നിവയാൽ നമ്മുടെ സാമൂഹികചുററുപാടുകളിൽ ഉണ്ടാകുന്ന വൈജാത്യങ്ങളെ ജനസംഖ്യാവർധനവ് എത്രത്തോളം മൂർച്ഛിപ്പിക്കുമെന്നോ അവയുടെ പരിഹാരം എത്ര കണ്ട് വിഷമകരമാക്കുന്നു എന്നോ പരിശോധിക്കുവാൻ നമ്മുടെ കൈവശം യാതൊരു ശാസ്ത്രീയോപാധിയും ഇന്നില്ല. ഒരു നിശ്ചിതസമയത്തു് ഒരു രാജ്യത്തിന്നോ പ്രദേശത്തിന്നോ ഉൾക്കൊള്ളാവുന്ന ഏററവും അനുയോജ്യമായ ജനസംഖ്യയിലെത്തുന്നതിന്ന് വസ്തുനിഷ്ഠമായ മാനദണ്ഡമൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. പക്ഷേ, ഇതു് ഇത്തരം പ്രശ്നങ്ങളെ കൂടുതൽ ഗവേഷണത്തിന്നായി ഏറെറടുക്കുന്നതിൽ നിന്നും നമ്മെ വിമുഖരാക്കേണ്ടതില്ല.

ഒരു രാജ്യത്തിൻെറ ജനസംഖ്യ ആ രാജ്യത്തിൻെറ വളർച്ചയെ മൂന്നു തരത്തിൽ ബാധിക്കുന്നു. ജനതയുടെ വലുപ്പം, വിതരണം, ഗുണം എന്നിവയെ ആശ്രയിച്ചാണിതു്. ജനസംഖ്യയുടെ വലുപ്പം അല്ലെങ്കിൽ ആളുകളുടെ എണ്ണം, ഒരു രാജ്യത്തിൻെറ സാമ്പത്തികസാമൂഹികവികസനത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് എളുപ്പത്തിൽ അറിയാവുന്നതാണ്. എന്നാൽ മററു രണ്ടു വശങ്ങളും പലപ്പോഴും പരിഗണിക്കപ്പെടാറില്ല. ഭൂമിശാസ്ത്രപരവും ഭരണതന്ത്രപരവുമായ പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയോ അല്ലെങ്കിൽ വിവിധ സാമൂഹിക-സാമ്പത്തിക-ജനസംഖ്യാശാസ്ത്രപരവുമായ വർഗങ്ങളെ ആശ്രയിച്ചോ ഉള്ള ജനസംഖ്യാവിതരണം ആ ജനതയിൽ നിർലീനമായ വികസനസാധ്യതയുടെ വ്യക്തമായ ഒരു സൂചികയായിരിക്കും. ഇത്രയില്ലെങ്കിലും ഏതാണ്ടിതേ സമ്പ്രദായത്തിൽ തന്നെ ജനങ്ങളുടെ ശാരീരികശേഷി, മാനസികവികസനം, വൈകാരികസ്ഥിരത എന്നീ ഗുണങ്ങളും സാമൂഹ്യ-സാംസ്കാരികനിലപാടുകളും ഒരു രാജ്യത്തിൻെറ വികസനത്തിൽ അതി പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികരംഗങ്ങളിൽ ജനസംഖ്യാപ്രശ്നത്തിനുള്ള പ്രസക്തിയെ എണ്ണത്തിലുണ്ടാകുന്ന വെറും വർധനവിൽ നിന്നും വേർപെടുത്താൻ സാധ്യമല്ല.

## ജനസംഖ്യയുടെ വലുപ്പവും വികസനവും

ആസൂത്രണവിദഗ്ധന്മാർക്കും ഭരണകർത്താക്കൾക്കും ഒരുപോലെ തലവേദന ഉളവാക്കുന്ന ഏററവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ഒരു രാജ്യത്തിന്റെ ജനസംഖ്യയിലുണ്ടാകുന്ന വർധനവാണ്. തൃപ്തികരമായ ഒരു നിലവാരത്തിൽ ജനങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നതിന്നും പുറമേ അവർക്ക് വാസസ്ഥലം, വസ്ത്രം, വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സൗകര്യങ്ങൾ, വൈദ്യശുശ്രൂഷ, ഗതാഗതം, വിനോദോപാധികൾ എന്നിവ നൽകുകയും നിയമസമാധാനം നിലനിർത്തുകയും ചെയ്യേണ്ടതു് സ്റ്റേററിന്റെ കടമയാണ്. ജനസംഖ്യ വർധിക്കുന്നതിനോടൊപ്പം പ്രശ്നത്തിന്റെ സങ്കീർണതയും വർധിക്കുന്നതു കാണാൻ വിഷമമില്ല.

വൈദ്യശാസ്ത്രത്തിലുണ്ടായിട്ടുള്ള ത്വരിതമായ പുരോഗതിയും പൊതുജനാരോഗ്യം, ശുചീകരണനടപടികൾ എന്നിവയിലുണ്ടായിരിക്കുന്ന മെച്ചപ്പെട്ട സംവിധാനങ്ങളും മലമ്പനി പോലുള്ള പകർച്ചവ്യാധികളുടെ നിർമാർജനവും മെച്ചപ്പെട്ട ജീവിതനിലവാരവും മരണനിരക്കിൽ ഗണ്യമായ കുറവ് സംഭവിക്കുന്നതിന്നിടയാക്കിയിട്ടുണ്ട്. എന്നാൽ, ജനനനിരക്കിലാകട്ടെ ലോകത്തിന്റെ പല ഭാഗങ്ങളിലും ഇതിന്നനുസൃതമായ തോതിൽ കുറവ് ഉണ്ടായിട്ടുമില്ല. തൽഫലമായി ജനസംഖ്യയുടെ വലുപ്പത്തിൽ ഒരത്ഭുതപൂർവമായ വർധനവുണ്ടായി. അതിനും പുറമെ, നിരവധി രാജ്യങ്ങളിൽ ജനസംഖ്യയിലുണ്ടായ വളർച്ചയ്ക്കനുസൃതമായി സാമ്പത്തികവളർച്ചയെ ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞില്ല. ആ രാഷ്ട്രങ്ങളിൽ ഇതു് ആശങ്കയുളവാക്കിയിട്ടുണ്ട്.

അങ്ങനെ, എന്തെങ്കിലും കാര്യമായ സാമ്പത്തികവികസനം നേടുന്നതിന്നായി ജനസംഖ്യാവർധനവിനെ നിയന്ത്രിക്കുകയെന്ന പ്രശ്നം നിരവധി രാഷ്ട്രങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്നുണ്ട്. സാമ്പത്തിക-സാമൂഹികവികസനത്തിനു വേണ്ടിയുള്ള ആസൂത്രണങ്ങളിൽ ജനസംഖ്യാവർധനവിനെ കണക്കിലെടുക്കേണ്ടതു് സുപ്രധാനമായിത്തീർന്നിട്ടുണ്ട്. ജനസംഖ്യാവർധനവിലുണ്ടാകുന്ന കുറവ് സാമ്പത്തികവികസനത്തിൽ മുഖ്യമായി മൂന്ന് ഫലങ്ങളുളവാക്കും. അതിലൊന്നാമത്തേതു് സന്തത്യുൽപാദനപ്രവണതയിലുണ്ടാകുന്ന കുറവിന്റെ ഫലമായി ജനങ്ങളുടെ എണ്ണം കുറയുന്നതാണ്. എണ്ണത്തിൽ കുറവായ ജനത ദേശീയവരുമാനം പങ്കിട്ടെടുക്കുകയെന്നതിന്റെ അർഥം ആളോഹരിവരുമാനം വർധിക്കുകയെന്നതാണ്. സമ്പദ്ഘടനയുടെ ഉല്പാദനക്ഷമതക്കു ക്ഷതം പററാവുന്നിടത്തോളം ജനസംഖ്യാവർധനവിൽ കുറവ് വരാത്തതു കൊണ്ടു് ദേശീയവരുമാനം, ചെറിയ കാലയളവിനുള്ളിലെങ്കിലും കുറയുകയില്ല. അതിനാൽ ജനസംഖ്യവർധനവിലുള്ള കുറവിന്ന് സാമ്പത്തികോൽപാദനഘടകങ്ങളുടെ മേൽ യാതൊരു സ്വാധീനവുമില്ലെന്ന് തല്ക്കാലം വിശ്വസിക്കാവുന്നതാണ്. ജനസംഖ്യാവർധനവിലുണ്ടാകുന്ന കുറവിന്റെ രണ്ടാമത്തെ ആഘാതം മൂലധനസംഭരണം മൂലമാണ്. മൂലധനം വർധിക്കാനിടയുണ്ട്. കാരണം, സന്തത്യുൽപാദനത്തിൽ വരുത്തുന്ന

കുറവ് കുട്ടികളുടെയും കുടുംബങ്ങളുടെയും തോതു് ചെറുതാക്കുകയും അങ്ങനെ, ജനസംഖ്യാവർധന തടയുന്നതിനുള്ള ഉപാധികൾ ഇല്ലായിരുന്നുവെങ്കിൽ ഈ കുട്ടികളുടെ ഉപഭോഗത്തിന്നായി പോകുമായിരുന്ന വരുമാനം തങ്ങളുടെ നിക്ഷേപം വർധിപ്പിക്കുന്നതിന്നായി തിരിച്ചു വിടാൻ മാതാപിതാക്കളെ സഹായിക്കുകയും ചെയ്യും. സമ്പാദിക്കാനുള്ള കഴിവിനെ ബാധിക്കുന്ന ഒരു സുപ്രധാന ഘടകമാണ് ആശ്രിതത്വഭാരമെന്ന ഈയിടെ കണ്ടെത്തിയ വസ്തുത. ഇതു് ഈ നിഗമനത്തെ ശക്തിപ്പെടുത്തുന്നു. ജനസംഖ്യാവർധനവിൽ വരുത്തുന്ന കുറവിൻെറ മൂന്നാമത്തെ ഫലം അധ്വാനശക്തിയുടെ വളർച്ചയിലൂടെയാണ്. ഹ്രസ്വമായ കാലയളവിൽ, ജനസംഖ്യാവർധനവിനെ തടയുന്നതിനുള്ള നടപടികൾ തൊഴിൽശേഷിയെ സാരമായി ബാധിക്കുന്നതല്ല. പക്ഷേ, ദീർഘകാലാടിസ്ഥാനത്തിൽ തൊഴിൽശേഷി കുറയുമെന്ന അർഥത്തിൽ ഇതിന്നൊരു നിഷേധവശമുണ്ട്. തൊഴിലില്ലായ്മ ഉയർന്ന തോതിൽ നിലനിൽക്കുന്നതോ മിച്ചത്തൊഴിൽ ഉള്ളതോ ആയ സമ്പദ്ഘടനകളിൽ ഇത്തരത്തിലുള്ള ഒരു കുറവ്, ദേശീയവരുമാനത്തെ ബാധിക്കുകയില്ല. മററു സമൂഹങ്ങളിൽ പ്രസ്തുത നിഷേധഫലം കൂടുതൽ ഗുരുതരമായിരിക്കും. ഈ മൂന്നു ഫലങ്ങളെയും ഒന്നിച്ചു ചേർത്താൽ ജനസംഖ്യാവർധനവിൽ വരുത്തുന്ന കുറവ് ജീവിതനിലവാരം ഉയർത്തുന്നതിനു വഴിവയ്ക്കുന്നു എന്നു കാണാം. വർധിച്ച മൊത്തംഉല്പാദനത്തിൻെറയും കുറഞ്ഞ ജനസംഖ്യയുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള ഫലം സമ്പദ്ഘടനയെ ആശ്രയിച്ചായിരിക്കും. കാരണം, തൊഴിൽശക്തിയുടെ കുറവ് കാരണം ഉണ്ടായ ഉൽപാദനത്തിൻെറ നിഷേധവശത്തെ കണക്കിലെടുക്കേണ്ടതുണ്ട്. ജനസംഖ്യാവർധനവിൽ പ്രകടത്തിൽ വരുത്തുന്ന കുറവ്, ഇരുപത്തഞ്ചോ മുപ്പതോ വർഷങ്ങൾക്കുള്ളിൽ ഒരു രാജ്യത്തിൻെറ ജീവിതനിലവാരത്തിൽ കാര്യമായ വർധനവുണ്ടാക്കിയിട്ടുണ്ടെന്ന ശ്രദ്ധേയമായ നിഗമനത്തിലേക്കാണ് ഇത്തരം മാതൃകകൾ മുന്നിൽ വെച്ചു കൊണ്ടുള്ള പ്രവർത്തനം എത്തിച്ചിട്ടുള്ളതു്.

ജനസംഖ്യാപ്രശ്നം പ്രാഥമികമായി ജനങ്ങളും ഭക്ഷണവും തമ്മിലുള്ള ഒരു ഓട്ടപ്പന്തയമാണെന്ന്, അതായതു്, ജനങ്ങളുടെ എണ്ണവും, ലഭ്യമായ ഭക്ഷ്യവിഭവങ്ങൾക്കെതിരായി നടത്തുന്ന സമരമാണെന്നു് നിരവധിപേർ കരുതുന്നുണ്ട്. ഇതു് മനുഷ്യനെ മൃഗമായും ഭക്ഷണത്തെ കന്നുകാലിത്തീററയായും തുല്യപ്പെടുത്തുകയാണെന്നു് തോന്നുന്നു. പക്ഷേ, ബദൽസാധ്യതകളെക്കുറിച്ച് ശ്രദ്ധയോടെ പരിശോധിക്കേണ്ട കാര്യം വിസ്മരിച്ചുകൂടാ. മനുഷ്യൻെറ പുരോഗതിയുടെ ചരിത്രം, ചുററുപാടുകളെ നിയന്ത്രിക്കുന്നതിലും ഭാവി ആസൂത്രണം ചെയ്യുന്നതിലും അവൻെറ വർധിച്ചു വരുന്ന കർമകുശലതയുടെ ചരിത്രമാണ്. പ്രഗത്ഭത വിഭവങ്ങൾക്ക് പൂർണമായി പകരം നിൽക്കുകയില്ലെങ്കിലും ആദ്യത്തേതില്ലാതെ രണ്ടാമത്തേതിനെ ഉപയോഗിക്കുവാൻ സാധിക്കുകയില്ല. അതിനും പുറമെ എന്തെല്ലാമാണ് വിഭവങ്ങൾ എന്ന വസ്തുത അനുസരപ്പിക്കുന്ന മാററങ്ങൾക്ക് വിധേയമാണെന്നു് വ്യക്തമാണ്; ഇന്ന് ഉപയോഗിക്കപ്പെടാത്ത വസ്തുക്കളിൽ ഏതൊ

ക്കെയാണ് ഒരു രാത്രി കൊണ്ട് വിലപിടിച്ച വിഭവങ്ങളായി രൂപാന്തര പ്പെടുകയെന്ന് വിദൂരഭാവിയെക്കുറിച്ച് ഒരു പ്രവചനം നടത്താൻ സാധ്യമല്ല. അനിയന്ത്രിതമായ ജനസംഖ്യാവർധനവിന്റെ ഫലമായി ഉളവാകുന്ന ഇരുണ്ട ഭാവിയെപ്പററി സാധാരണയായി അവതരിപ്പിക്കുന്ന ദോഷൈകവീക്ഷണ വുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇത് ഏതാണ്ട് ഒരു ശുഭാപ്തിവീക്ഷണ മാണ്.

ജനസംഖ്യയുമായി ബന്ധപ്പെടുത്തുമ്പോൾ, പ്രകൃതിവിഭവങ്ങൾ ദുർലഭമായ രാജ്യങ്ങളുടെ ജനസംഖ്യാവർധനവിന്റെയും സാമ്പത്തികവികസനത്തിന്റെ യും സാമൂഹികമുന്നേററത്തിന്റെയും ബന്ധങ്ങളെ സംബന്ധിച്ചുള്ള നിഗമനങ്ങ ളിൽ വിപുലമായ അഭിപ്രായഭിന്നതകളുണ്ട്. കൃഷിസ്ഥലത്തിന്റെ വിസ്തീർ ണം വർധിപ്പിക്കുന്നതിനുള്ള മാതൃകാപരമായ നടപടികളും കാർഷികസമ്പ്ര ദായം മെച്ചപ്പെടുത്തുവാനും മികച്ച സാമഗ്രികൾ, ശരിയായ വിദ്യാഭ്യാസം, സാംസ്കാരികസാഹചര്യങ്ങൾ എന്നിവ നൽകുവാൻ ഉള്ള നടപടികളും കാർ ഷികത്തൊഴിലാളികൾക്ക് കൂടുതൽ ഉയർന്ന നേട്ടം ഉണ്ടാക്കിക്കൊടുക്കുന്നതിന്ന സഹായകമായിത്തീരും. പക്ഷേ, ഈ നടപടികൾ ജനസംഖ്യാവർധനവ് കുറയ്ക്കുന്നതിനുള്ള പരിപാടികളുമൊത്ത് പോകേണ്ടതാണ്. ലോകത്തിലെ മിക്ക വികസ്വരരാഷ്ട്രങ്ങളും കുടുംബാസൂത്രണം ഒരു ദേശീയനയമായി പ്രചരി പ്പിക്കുന്നതിന്ന് രാജ്യവ്യാപകമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് കാണുന്നത് ചാരിതാർഥ്യജനകമാണ്. സാധ്യമാകാവുന്നതും നേടിയെടുക്കുന്നതും തമ്മിൽ ഗണ്യമായ ഒരു വിടവ്, പ്രത്യേകിച്ചും കുടുംബാസൂത്രണത്തിൽ ഉണ്ടാകാനിടയു ള്ളതുകൊണ്ട് നിരവധി വികസ്വരരാജ്യങ്ങളിൽ ഇതിന്റെ ഫലം ദൃഷ്ടിഗോച രമാകാനിടയില്ല; പക്ഷേ, ഈ ശ്രമങ്ങളുടെ ഫലങ്ങൾക്ക വേണ്ടി ഒരാൾക്ക ശുഭപ്രതീക്ഷയോടെ മുന്നോട്ട നോക്കാവുന്നതാണ്.

സാമ്പത്തികവികസനത്തിനു തന്നെ ജനസംഖ്യാവർധനവിന്റെ നിരക്കിൽ ഒരാഘാതമേല്പിക്കാൻ കഴിയുമെന്ന് കാണുന്നത് രസാവഹമാണ്. പ്രതിശീർഷ വരുമാനത്തിലുണ്ടാകുന്ന വർധനവ് വിദ്യാഭ്യാസം, നഗരവൽക്കരണം, സ്ത്രീ കൾക്ക് തൊഴിൽ നൽകൽ എന്നിവ ഉൾക്കൊള്ളുന്നു. ഇത് ജനസംഖ്യാവർധ നവിനുള്ള പ്രവണതകളിൽ തന്നെ കാര്യമായ കുറവ് വരുത്തുന്നുണ്ട്. അതേ സമയം, കൂടുതൽ വേഗത്തിലുള്ള സാമ്പത്തികപുരോഗതി, മരണനിരക്കിൽ എടുത്തു പറയത്തക്ക വിധം കുറവു വരുത്തുന്നതാണ്. അതേ സമയം കുട്ടികളുടെ മരണനിരക്കിലുള്ള കുറവ് ചിലപ്പോൾ ജനസംഖ്യാവർധനവിൽ കുറവ് വരു ത്തുന്നതാണ്. കാരണം, തങ്ങളുടെ കുട്ടികളിൽ വലിയൊരു ഭാഗം മുതിർന്ന പ്രായം വരെ ജീവിക്കുന്നതായി മാതാപിതാക്കൾക്ക് കാണാൻ സാധിക്കും.

### ജനതയുടെ വിതരണവും വികസനവും

ജനങ്ങളുടെ പ്രായഘടന അതിന്റെ വികസനശക്തിയുടെ മേൽ വലിയൊരു പരിധിയോളം ആധിപത്യം ചെലുത്തുന്നുണ്ടെന്ന് നേരത്തെ പ്രസ്താവിക്ക

കയുണ്ടായി. തങ്ങളെ ആശ്രയിക്കുന്ന ഒരു വലിയ ശതമാനം കുട്ടികൾക്കും പ്രായമുള്ളവർക്കും വേണ്ടി പ്രായപൂർത്തിയെത്തിയ ആളുകൾക്ക് തങ്ങളുടെ സമ്പാദ്യത്തിൻെറ വലിയ പങ്കും ചെലവഴിക്കേണ്ടി വരുന്നു. അതിനാൽ, ആശ്രിതത്വത്തിൻെറ ഈ നിരക്ക് വികസനത്തിൻെറ സൂചികയായി പലപ്പോഴും ഉപയോഗിക്കപ്പെടുന്നു; ആശ്രിതത്വത്തിൻെറ നിരക്ക് എത്രത്തോളം കുറയുന്നുവോ അത്രത്തോളം കൂടുതൽ വികസനം നേടുകയോ നേടാൻ സാധിക്കുകയോ ചെയ്യും. അതു പോലെ തന്നെ അവികസിതരാഷ്ട്രങ്ങളിൽ സ്ത്രീകളെ വിദഗ്ധപരിശീലനമാവശ്യമായ തൊഴിലുകളിൽ സാധാരണ നിയമിക്കാറില്ല; അങ്ങനെ ആശ്രിതത്വം സൃഷ്ടിക്കുന്ന തരത്തിൽ കഴിവുകളുടെ ദുർവ്യയമാണ് അതിൻെറ ഫലമായുണ്ടാകുന്നത്. അതു കൊണ്ട് ജനസംഖ്യയുടെ പ്രായ–ലിംഗവിതരണം ഒരു രാഷ്ട്രത്തിൻെറ വികസനത്തിൽ സുപ്രധാനമായ പങ്കു വഹിക്കുന്നുണ്ടെന്നു വ്യക്തമാണ്.

ഭൂമിശാസ്ത്രപരമായ വിതരണം, ഗ്രാമങ്ങളിലും നഗരങ്ങളിലുമായുള്ള വിതരണം, സാമൂഹിക–സാമ്പത്തിക–വർഗാടിസ്ഥാനത്തിലുള്ള വിതരണം എന്നിവയെപ്പോലെ വിതരണപരമായ മററു വശങ്ങളും ഉല്പാദനരംഗത്തിലും അങ്ങനെ രാജ്യത്തിൻെറ വികസനത്തിലും സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. വർധിച്ച നിരക്കിലുണ്ടാകുന്ന നഗരവൽക്കരണം വർധിച്ച വ്യവസായവൽക്കരണത്തിൻെറ സൂചനയായിരിക്കും. ഉയർന്ന നിരക്കിലുള്ള സാങ്കേതികവിദ്യാഭ്യാസം മെച്ചപ്പെട്ട സാങ്കേതികപുരോഗതിക്കുള്ള വാഗ്ദാനമാകാനിടയുണ്ട്. അതാകട്ടെ സാമ്പത്തികവികസനത്തിലും സാമൂഹ്യപുരോഗതിയിലുമായിരിക്കും കലാശിക്കുക.

വികസനപരിപാടികൾ ജനങ്ങളുടെ വിതരണത്തെ, പ്രത്യേകിച്ചും ഭൂമിശാസ്ത്രപരമായ വിതരണത്തെ, ബാധിക്കുമെന്നതു ശ്രദ്ധേയമാണ്. വ്യവസായവൽക്കരണം നാടിനെ ത്വരിതമായ നഗരവൽക്കരണത്തിലേക്കും തൽഫലമായി നാട്ടിൻപുറത്തു നിന്ന് നഗരങ്ങളിലേക്ക് യുവാക്കളുടെ കൂട്ടത്തോടെയുള്ള കുടിയേററം നടക്കുന്നതിനും അങ്ങനെ അതു് ഈ പ്രദേശങ്ങളിലെ പ്രായഘടനയെ തകിടം മറിക്കുന്നതിനും ഇടയാക്കുന്നു. ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വിഭവങ്ങളുടെ കണ്ടുപിടിത്തം ഈ പ്രദേശങ്ങളിലേക്കു് കൂട്ടത്തോടെയുള്ള കുടിയേറിപ്പാർപ്പിന്നിട വരുത്തും.

## ജനസംഖ്യയുടെ ഗുണവും വികസനവും

വികസനത്തിൻെറ ഈ വശം പലപ്പോഴും അവഗണിക്കപ്പെട്ട ഭാഗമായിരിക്കും. നേരത്തേ സൂചിപ്പിച്ചതു പോലെ, ജനസംഖ്യാവർധനവിനുള്ള അനുകൂലപരിതസ്ഥിതികളിൽ ഉണ്ടാവുന്ന കുറവും മെച്ചപ്പെട്ട ശുശ്രൂഷയും മേൽനോട്ടവും ലഭിക്കുന്നതും ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിൽ കൃത്യമായ സംഭാവന നൽകാൻ കഴിവുള്ള ശാരീരികശേഷിയോടു കൂടിയ ഒരു പുതിയ തലമുറ ഉണ്ടാവാൻ ഇടവരുത്തിയേക്കും. കൂടാതെ ചെറിയ കുടുംബം കുട്ടികളുടെ മാനസികവികാസം വർധിക്കുന്നതിനും മാതാപിതാക്കളുടെ മാനസികസംഘർഷത്തിൽ അയവു വരുന്നതിനും ഇടയാക്കും. അങ്ങനെ വിക

സനപ്രവർത്തനങ്ങൾക്കനുഗുണമായ, ആരോഗ്യകരമായ ഒരു കാലാവസ്ഥ ഉണ്ടായിത്തീരും. തീർച്ചയായും, വികസനത്തിന്ന്, മെച്ചപ്പെട്ട ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്ന പ്രക്രിയക്ക് ആക്കം കൂട്ടാൻ സാധിക്കും.

പക്ഷേ, ഗുണത്തിന്റെ ഏററവും പ്രധാനപ്പെട്ട ഭാഗം സാമൂഹിക-സാംസ്കാരികപശ്ചാത്തലത്തിൽ നിന്നാണ് സംജാതമാകുന്നത്. തന്റെ ആരോഗ്യകരമായ നിലനില്പിന്നും ജീവിതത്തിന്നും മനുഷ്യന് ഭക്ഷണത്തേക്കാൾ കവിഞ്ഞ് ചിലത് ആവശ്യമാണ്. ഇതാണ് അവനെ മൃഗത്തിൽ നിന്നും വേർതിരിക്കുന്നത്. അങ്ങനെ, ജനസംഖ്യാപ്രശ്നത്തിൽ മൂന്നാമതൊരു അളവ് (മാനം) ഉണ്ടാകുന്നു. വ്യക്തമായി പറഞ്ഞാൽ സാംസ്കാരികവിഭവങ്ങൾ ആണിത്. മനുഷ്യന്റെ മാനസിക-വൈകാരിക-ആത്മീയ-സാമൂഹിക-സാമ്പത്തികാവശ്യങ്ങളെയും അഭിലാഷങ്ങളെയും തൃപ്തിപ്പെടുത്താനും ഉദ്ദേശ്യപൂർണവും സംതൃപ്തവുമായ ജീവിതം നയിക്കുവാനും കേവലമായ നിലനില്പിന്നപരിയായി ചിലത് നേടിയെടുക്കാനും ജനങ്ങൾക്കുള്ള കഴിവാണത്. ഓരോ വ്യക്തിക്കും പൂർണമായി ജീവിക്കാനുള്ള അവസരം സമൂഹം നൽകുന്നതു വരെ ജനസംഖ്യാപ്രശ്നത്തിന് യഥാർഥമായ പരിഹാരം കണ്ടെത്താൻ സാധ്യമല്ല. ജനസംഖ്യാപ്രശ്നം പ്രവാചകന്മാരുടെയും തത്വചിന്തകന്മാരുടെയും കയ്യിൽ നിന്ന് യഥാർഥപ്രവർത്തകന്മാരുടെ കൈയിലേയ്ക്ക് ഏല്പിച്ചു കൊടുക്കേണ്ട സമയം സമാഗതമായിരിക്കുന്നു. "യുദ്ധം സൈന്യത്തിന് ഏല്പിച്ചു കൊടുക്കാൻ വയ്യാത്ത വിധം ഗൗരവമേറിയ ഒന്നാണെ"ന്ന് പറയുന്നതുപോലെ വികസനത്തിന്റെ പശ്ചാത്തലത്തിൽ ജനസംഖ്യാപ്രശ്നത്തിന്നെതിരായുള്ള യുദ്ധവും ജനസംഖ്യയെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകളെടുക്കുന്നവർക്ക് മാത്രമായി ഏല്പിച്ചു കൊടുക്കാൻ വയ്യാത്ത വിധം പരമപ്രധാനമാണ്.

ജനസംഖ്യയും സ്വാതന്ത്ര്യവും വേർപെടുത്താൻ വയ്യാത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്നു. ഒരു സമൂഹം എത്രത്തോളം വലുതും സങ്കീർണവും സാന്ദ്രവുമാണോ അത്രത്തോളം അതിന്റെ വിഭവങ്ങളുടെ മേൽ അതിതീവ്രമത്സരം നടത്തുന്ന ആവശ്യങ്ങൾക്ക് വിധേയമാകുന്നു; അതിനെ ഭരിക്കുന്നതിന്നുള്ള നിയമങ്ങളും നിയന്ത്രണങ്ങളും എണ്ണത്തിൽ കൂടുതലായും തടസ്സങ്ങൾ സൃഷ്ടിക്കുന്നവയായും തീരും. നിയമങ്ങളും നിയന്ത്രണങ്ങളും എത്രത്തോളം കൂടുതലാവുന്നുവോ അത്രത്തോളം സ്വാതന്ത്ര്യം ചുരുങ്ങുകയും സംഘർഷം വർധിക്കുകയും ചെയ്യുന്നു. അങ്ങനെ ജനസംഖ്യാവർധനവ് ജനങ്ങളുടെ ഗുണത്തെ ബാധിക്കും വിധം വർധിച്ച സംഘർഷത്തിന്ന് ഇടവരുത്തുന്നുണ്ടെന്ന് വ്യക്തമാണ്.

## വികസനത്തെ വിലയിരുത്തൽ

വികസനത്തിന്റെ പ്രശ്നം മുഴുവനും അത്രക്ക് സങ്കീർണവും ദുർഘടവുമാകയാൽ ആയാസരഹിതമായ ശുഭാപ്തിവിശ്വാസത്തോടെ അതിനെ ആർക്കും വീക്ഷിക്കാൻ വയ്യ. ദീർഘദൃഷ്ടി സ്വീകരിക്കുന്നതായാൽ അശുഭാപ്തിവിശ്വാസം ആവശ്യമില്ല. മറിച്ച്, ഹ്രസ്വമായ കാലയളവുകളാണ് നാം പരിഗണനയിലെടുക്കുന്നതെങ്കിൽ-ദ്രുതഗതിയിൽ വികസനം നേടാനാണ് നാം ശ്രമിക്കുന്നതെങ്കിൽ-

ലക്ഷ്യങ്ങളും നേട്ടങ്ങളും തമ്മിലുള്ള വിടവ് വളരെ വലുതായിരിക്കും. ഇന്നു മുതൽ 15-ഓ 20-ഓ വർഷങ്ങൾ വരെയുള്ള ഒരു കാലഘട്ടത്തെ കണക്കിലെടുത്താൽ അത് മോശമായിത്തീരില്ല. നൂറോ അതിലധികമോ വർഷങ്ങൾ വരുന്ന ഒരു നീണ്ട കാലയളവ് കണക്കിലെടുക്കുന്നതും അഭിലഷണീയമല്ല; കാരണം അന്ന് നിലവിലുണ്ടാകുന്ന സാഹചര്യങ്ങൾ ഇന്നുള്ളവയിൽ നിന്ന് തികച്ചും വ്യത്യസ്തമാകാനിടയുള്ളതു കൊണ്ട് ആ മാററങ്ങളെ ഒരാൾക്ക് വിഭാവനം ചെയ്‌വാനോ സ്വപ്നത്തിൽ പോലും കാണ്മാനോ സാധ്യമല്ല.

വികസനപ്രവർത്തനത്തെ വിലയിരുത്തുന്നതിൽ മുഖ്യമായ രണ്ട് സമീപനങ്ങളാണ് ഇത്. നിക്ഷേപസമീപനവും വളർച്ചയുടെ മാതൃകാസമീപനവുമാണവ. ഭാഗികമായ സന്തുലിതാവസ്ഥയുടെ വിശകലനത്തിൽ നടത്തുന്ന ഒരു അഭ്യാസമാണ് നിക്ഷേപസമീപനം. അവർ ഉന്നയിക്കുന്ന ചോദ്യം ഏതാണ്ടിപ്രകാരമാണ്: മററെല്ലാ കാര്യങ്ങളും മാററമില്ലാതെ നിലനിൽക്കുമ്പോൾ, ഒററ ജനനത്തെ തടയുന്നതു കൊണ്ട് എന്തു ഫലമാണുണ്ടാവുക? "വളർച്ചയുടെ സമീപനം" പരിശ്രമിക്കുന്നത്, സന്താനോല്പാദനശേഷി കുറക്കുന്നതിനുള്ള ശ്രമങ്ങളിൽ നിന്നുള്ള സാമ്പത്തികനേട്ടങ്ങളെ അളക്കാനാണ്. ഏതു ലാഭമാണ് കൂടുതൽ പ്രധാനമെന്ന് നിർണയിക്കേണ്ടതും പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോഴത്തെ നേട്ടങ്ങളോ ഭാവിയിലുണ്ടാകാൻ പോകുന്ന നേട്ടങ്ങളോ ഏതാണ് കൂടുതൽ പ്രധാനം എന്ന് നിർണയിക്കേണ്ടത് ഒരു വലിയ അളവോളം നമ്മുടെ യുക്തിബോധം തന്നെയാണ്. ജനനനിയന്ത്രണപരിപാടികളുടെ ചെലവുകളെ അവയുടെ നേട്ടവുമായി ബന്ധപ്പെടുത്തുന്നത് ബദൽജനസംഖ്യാശാസ്ത്രനയങ്ങളുടെ ചെലവും നേട്ടവും കണക്കിലെടുത്തു കൊണ്ടാണ്. ഇത് ഒരു ബൃഹദ്സാമ്പത്തികവളർച്ചയുടെ അടിസ്ഥാനത്തിൽ ആയിരിക്കുകയും ചെയ്യും. ഏത് സമീപനം സ്വീകരിച്ചാലും സാമ്പത്തികനേട്ടമാണ് പ്രാധാന്യമേറിയത്. എന്തായാലും വികസനത്തെ സംബന്ധിച്ചുള്ള ഇത്തരം പരിപാടികളുടെ ആഘാതത്തിൻെറ കുറെക്കൂടി വ്യക്തവും ഉന്നം തെററാത്തതുമായ ചിത്രം ലഭിക്കുന്നതിന് ഈ രംഗത്ത് വളരെയധികം ഗവേഷണം ആവശ്യമാണ്.

### കേരളത്തിൻെറ പിൽക്കാലചിത്രം

കേരളത്തെ സംബന്ധിച്ചിടത്തോളം ജനസംഖ്യാപ്രശ്നം തീക്ഷ്ണതയേറിയ ഒന്നാണ്. 38,855 ചതുരശ്രകിലോമീററർ വിസ്തീർണവും 1969-ലെ കണക്കനുസരിച്ച് 206·7 ലക്ഷം ജനങ്ങളും (103·5 ലക്ഷം പുരുഷന്മാരും 103·2 ലക്ഷം സ്ത്രീകളും) ഉള്ള കേരളം വലിയ നഗരങ്ങളൊഴിച്ചാൽ ഇന്ത്യയിലെ ഏററവും ജനസാന്ദ്രത കൂടിയ പ്രദേശമാണെന്ന് കാണാവുന്നതാണ്. മരണത്തെക്കാൾ ജനനത്തോത് നിലനിർത്താൻ കേരളത്തിനു സാധിക്കുന്നുണ്ട്. ജനനനിരക്ക് 1000-ത്തിന് 35 എന്ന നിരക്കിലാവുമ്പോൾ, മരണം വെറും 10 മാത്രമാണ്. അങ്ങനെ വളർച്ചയുടെ നിരക്ക് സ്ഫോടനാത്മകമാണ്; ഈ നില കുറെ വർഷങ്ങളോളം കൂടി തുടരാനുമിടയുണ്ട്. ജനസംഖ്യാവളർച്ചയുടെ ഈ ഉയർന്ന നിരക്കിനെക്കുറിച്ച് ബോധവാന്മാരായ അധികൃതർ സംസ്ഥാനവ്യാപകമായി കുടുംബാസൂത്രണ

പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. അഭിമാനത്തോടെ തന്നെ ആ പരിപാടികളുടെ നേരെ അവർക്ക നോക്കാവുന്നതാണ്. കുടുംബാസൂത്രണത്തെ സംബന്ധിച്ച ആശയങ്ങൾ ധാരാളം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അവ നടപ്പിലാക്കുന്ന കാര്യത്തിലും ഒട്ടും മോശമില്ല. ഹിന്ദുസ്ഥാൻ ലേറ്റക്സ് ഫാക്ടറിയുടെ സ്ഥാപനത്തോടെ, പരിപാടികൾ നടപ്പിലാക്കുന്നതിലും കാര്യമായ വർധനവ് ഉണ്ടാകുമെന്നും, തൽഫലമായി ആസന്നഭാവിയിൽ തന്നെ ഉദ്ദേശിച്ച ജനസംഖ്യാനിയന്ത്രണം ഏർപ്പെടുത്താൻ സാധിക്കുമെന്നും വിശ്വസിക്കാവുന്നതാണ്. കൃഷിക്കുപയുക്തമായ നിലം പരിമിതമാണ്. ഭക്ഷ്യോല്പാദനസമ്പ്രദായത്തിൽ വൻകിടമാററമൊന്നും പ്രതീക്ഷിച്ചുകൂടാ. എന്നാൽ, ഇന്ത്യയുടെ ഫെഡറൽഘടനയിൽ അതു് ഗുരുതരമായ ഒരു പ്രശ്നമായിത്തീരാൻ പോകുന്നില്ല. നാട്ടിൻപുറത്തും നഗരങ്ങളിലുമുള്ള ജനതയുടെ വിതരണം തൃപ്തികരമായ നിലയിലല്ല ഉള്ളതു്. ത്വരിതമായ വ്യവസായവൽക്കരണത്തിലൂടെ മാത്രമേ ഇതു് മാററാൻ സാധിക്കുകയുള്ളൂ. ആശ്രിതത്വത്തിന്റെ നിരക്കു് വളരെ ഉയർന്നതാണ്; ഇതു് വളർച്ചയെ തടസ്സപ്പെടുത്തും. തൊഴിലെടുക്കാൻ കെല്പുള്ളവർ നമുക്കു് വേണ്ടതിൽ കൂടുതലാണുള്ളതു്. സന്താനോല്പാദനശേഷിയുടെ മേൽ ഏർപ്പെടുത്തുന്ന നിയന്ത്രണം മൂലമുണ്ടാകാനിടയുള്ള നിഷേധ്വശം (ദോഷം) ഇവിടെ സംജാതമാവുകയില്ല. ഒരു പൈലററ് ഗവേഷണപദ്ധതിയെന്ന നിലക്കു് ഡോ. സാരാഭായി ഉന്നയിച്ച നിർദേശങ്ങളനുസരിച്ചു് ചിലതു് ചെയ്യില്ലെങ്കിൽ, ആസന്നഭാവിയിൽ ഗുരുതരമായിത്തീരാനിടയുള്ള ഒരു വലിയ പ്രശ്നമാണ് തൊഴിലില്ലായ്മ. ജീവിതനിലവാരമുയർന്നിട്ടുണ്ടെങ്കിൽ പോലും വലിയൊരു വിഭാഗം കുട്ടികൾ പോഷകാഹാരം വേണ്ടത്രയില്ലാത്ത നിലയിലാണ് വളരുന്നതു്. ഇതു് മോശപ്പെട്ട വർഗത്തെ സൃഷ്ടിക്കുന്നു. കേരളത്തിലെ ജനങ്ങൾ ഇന്ത്യയിലെ മററു പ്രദേശങ്ങളിലുള്ളവരേക്കാൾ പാരമ്പര്യത്തിൽ പിടിച്ചുനിൽക്കുന്നവരാണെന്നു് തോന്നുന്നു. സമീപനത്തിലുണ്ടായിരിക്കുന്ന മാററങ്ങളെയും, പുതിയ ജീവിതമൂല്യങ്ങളെയും നേടിയെടുക്കാനും കേരളത്തിൽ പരക്കെ കാണുന്ന ജീവിതത്തിന്റെ നേരെയുള്ള നിഷേധാത്മകവും നിസ്സംഗവുമായ സമീപനത്തിൽ വിപ്ലവകരമായ മാററം വരുത്തുവാനും ശരിയായ വിദ്യാഭ്യാസം നൽകേണ്ടതു് അത്യാവശ്യമാണ്. ഇതിന്നു് കൂടുതൽ ഗവേഷണവും വേണം.

പ്രൊഫസർ ആർ. കൃഷ്ണപിള്ള

# 22

# തൊഴിലാളികളുടെ നിലപാട്-കേരളത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് ഒരു പ്രതിബന്ധം

## ആമുഖം

കേരളം ഒരു പ്രശ്നസംസ്ഥാനമായി ചിത്രീകരിക്കപ്പെടാറുണ്ട്. അതിന്റെ സാമ്പത്തികവളർച്ച വളരെയധികം പ്രശ്നങ്ങളാൽ സങ്കീർണമാണ്. അവയിൽ പലതും ഭാരതത്തിൽ ഒട്ടാകെ കാണുന്നവ തന്നെയാണ്. എന്നാൽ, അത്തരം പ്രശ്നങ്ങളിൽ ചിലതു് കേരളത്തിന്റെ പ്രത്യേകതയാണ്. ഇവയിൽ സാമ്പത്തികപുരോഗതിക്കു് പ്രതിബന്ധമായി കാണുന്ന ചിലതിലേക്കു് വിരൽ ചൂണ്ടുകയാണ് ഈ പ്രബന്ധോദ്ദേശ്യം. സാമ്പത്തികവളർച്ചക്കു് വേണ്ട സാധാരണ വിഭവമുടക്കുകൾ കേരളത്തിൽ ആവശ്യത്തിനുണ്ടു്, അല്ലെങ്കിൽ ഉണ്ടാക്കാം. എന്നാൽ, ഉള്ള വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനു വേണ്ട ഇച്ഛാശക്തി (ആഗ്രഹം) ഇല്ലെന്നുള്ളതാണ് പ്രധാനപോരായ്മ. സോദ്ദേശ്യവും ആത്മാർഥവുമായ തൊഴിലിനോട് കേരളപാരമ്പര്യവും നേതാക്കളും ഒരു എതിർപ്പു് സൃഷ്ടിച്ചിട്ടുണ്ടു്. ജനങ്ങളുടെ (പ്രത്യേകിച്ചും, ശമ്പളത്തിനു വേണ്ടി ജോലി ചെയ്യുന്ന എല്ലാത്തരം തൊഴിലാളികളുടെയും) ഈ നിലപാടാണ് വേണ്ട തോതിലുള്ള മൂലധനമുടക്കുകൾ കേരളത്തിൽ നടക്കാതിരിക്കുന്നതിന്റെ ഒരു കാരണം. അതു കൊണ്ടു് സാമ്പത്തികപ്രശ്നങ്ങളെക്കാളേറെ, സാമുദായികപ്രശ്നങ്ങളാണ് കേരളത്തിന്റെ സാമ്പത്തികവളർച്ചയെ തടസ്സപ്പെടുത്തുന്നതു്.

## വിഭവമുടക്കുകൾ പര്യാപ്തമാണോ?

കേരളത്തിലിന്നുള്ള വിഭവങ്ങൾ പരിശോധിച്ചാൽ, അളവിലും ഗുണത്തിലും അവ മേന്മയേറിയതാണെന്ന് മനസ്സിലാക്കാം. ഭൂമി, തൊഴിൽ, മൂലധനം, സംഘാടകത്വം എന്നീ ഉല്പാദനോപാധികൾ ഏററവും മികച്ചതാണ്. മെച്ചപ്പെട്ട രീതിയിൽ ഉല്പാദനം നടത്തുന്നതിനു് വേണ്ട വിധാനങ്ങളും കേരളത്തിൽ വളർന്നിട്ടുണ്ടു്. വിഭവലഭ്യതയുടെ ഒരു ഹ്രസ്വവിശകലനമാണ് താഴെ കൊടുക്കുന്നതു്.

## എ. ഭൂമി

കേരളത്തിന്റെ മൊത്തംവിസ്തീർണം 38,59,000 ഹെക്ടറാണ്. ഇതിൽ 92,000 ഹെക്ടർ മാത്രമേ കൃഷിക്കുപയുക്തമല്ലാതുള്ളു. ബാക്കിയുള്ളതു് വളരെ ഫലഭൂയിഷ്ഠമാണ്. കേരളീയരല്ലാത്തവരുടെ പോലും മുക്തകണ്ഠമായ പ്രശംസക്കു് ഈ വസ്തുത പാത്രീഭൂതമായിട്ടുണ്ട്. കേരളത്തിലുടനീളം കാണുന്ന ഹരിതഭംഗിയും കൃഷിയും ഭാരതത്തിന്റെ മററു ഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അത്ഭുതം ജനിപ്പിക്കത്തക്കതാണ്. മെച്ചപ്പെട്ട വിത്തും വളവും ഉപയോഗിക്കുന്നതു കൊണ്ടു് ഭൂമിയുടെ ഉല്പാദനശേഷി ഏററവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഭൂമിയുടെ കാര്യക്ഷമത ഇനിയും വർധിപ്പിക്കുകയും ചെയ്യാം. ഉയർന്ന തോതിലുള്ള സാങ്കേതികത്വവും ഉല്പാദനസമ്പ്രദായങ്ങളും സ്വീകരിക്കുകയും ജനങ്ങൾ ആത്മാർഥമായി തൊഴിലെടുക്കുകയും ചെയ്താൽ ഉല്പാദനത്തോതു് വളരെ വർധിപ്പിക്കാവുന്നതാണ്.

വ്യാവസായികവികസനത്തിനു് ഭൂമിയുടെ വിസ്തീർണത്തേക്കാൾ അതിന്റെ ഫലഭൂയിഷ്ഠതയും ഭൂമിശാസ്ത്രപരമായ കിടപ്പും ആണ് പ്രധാനമായിട്ടുള്ളതു്. ഈ കാര്യത്തിലും കേരളം എന്ന ഈ കൊച്ചുസംസ്ഥാനം അനുഗൃഹീതമാണ്. ധാരാളം ശുദ്ധവെള്ളം തരുന്ന 44 നദികൾ, ഒന്നാംതരം ശീതോഷ്ണാവസ്ഥ, നീണ്ട കടൽത്തീരം, നാണ്യവിളകളുടെ കേന്ദ്രമായ മലഞ്ചരിവുകൾ, തേക്കു് മുതലായ കമ്പോളസാധ്യതയുള്ള വമ്പിച്ച മരങ്ങൾ വളരുന്ന വനം, പല തരത്തിലുള്ള ധാതുമണലുകൾ, കോഴിക്കോട്ടെ ഇരുമ്പയിർ, കുമ്പളയിലെ ബോക്സൈററു്, തൊടുപുഴയിലെ ഗ്രാഫൈററു്, അഭ്രം എന്നിവ വമ്പിച്ച വ്യവസായങ്ങൾ തുടങ്ങുന്നതിനു വേണ്ട അസംസ്കൃതസാധനങ്ങളിലേക്കും സാധ്യതകളിലേക്കും വിരൽ ചൂണ്ടുന്നവയാണ്. ഈ മേന്മകളെ ശരിയായ വിധത്തിൽ ഉപയോഗിക്കുന്ന മനുഷ്യപ്രയത്നം ഉണ്ടാകണമെന്നു മാത്രം. ചുരുക്കത്തിൽ, ഭൂമിയുടെ അഭാവമോ ഉല്പാദനശേഷിക്കുറവോ കേരളത്തിന്റെ സാമ്പത്തികവളർച്ചക്കു് വിലങ്ങുതടിയല്ല. അങ്ങനെയായിരുന്നെങ്കിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ കൃശഗാത്രയായ ജപ്പാൻ, ഒന്നാംകിടവ്യവസായരാജ്യങ്ങളിലൊന്നായിത്തീരുകയില്ലായിരുന്നു.

പട്ടിക–1

### കേരളത്തെപ്പററിയുള്ള ചില വിവരങ്ങൾ

| | | |
|---|---|---|
| ആകെ വിസ്തീർണം | 3858523 | ഹെക്ടർ |
| വനം | 1055811 | ,, |
| കൃഷിക്കുപയുക്തമല്ലാത്ത ഭൂമി | 91830 | ,, |
| ഉപയോഗിക്കാത്ത കൃഷിഭൂമി | 98556 | ,, |
| കടൽത്തീരം | 580 | കി. മീ. |
| നദികൾ | 44 | എണ്ണം |

| | | | |
|---|---|---|---|
| ബോക്സൈറ്റ് നിക്ഷേപം | | (ലക്ഷം ടൺ) | 18 |
| ഇരുമ്പയിർ | ,, | (കോടി ടൺ) | 33 |
| ഗ്രാഫൈറ്റ് | ,, | (ലക്ഷം ടൺ) | 70 |
| ചൈനാക്ലേ | ,, | ( ,, ) | 170 |

["കേരള ഇക്കണോമിക്സ് റിവ്യൂ", "കേരളത്തിന്റെ 4–ാം പദ്ധതി, കരട്" എന്നിവയോട് കടപ്പാട്.]

## ബി. തൊഴിലാളി

തൊഴിലാളിസമ്പത്ത് കേരളത്തിൽ വേണ്ടുവോളം ഉണ്ട്. ഒരു പക്ഷേ, അത് ആവശ്യത്തിൽ കൂടുതലുണ്ടെന്നും സമ്മതിക്കേണ്ടി വരും. ഉദ്ദേശം 2·1 കോടി ആളുകൾ 1968–ൽ ഉണ്ടായിരുന്നു. കേരളജനസംഖ്യ വർഷംതോറും 2·476 ശതമാനം വർധിക്കുന്നതു കൊണ്ട് ഇന്നത്തെ ജനസംഖ്യ 2·25 കോടി യായിരിക്കും. ഇവരിൽ, 1961–ലെ കാനേഷുമാരി കണക്കനുസരിച്ച്, 52 ശതമാനം, 15 മുതൽ 59 വയസ്സു വരെ ഉള്ളവരും തൊഴിൽ ചെയ്യാൻ കഴിവുള്ളവരും ആയിരുന്നു. എന്നാൽ, ജനസംഖ്യയുടെ 33·3 ശതമാനം ആളുകൾക്കു മാത്രമേ തൊഴിലുള്ളു. ബാക്കിയുള്ള 19 ശതമാനം ആളുകൾ തൊഴിൽരഹിതരോ ജോലി വേണ്ടാത്തവരോ ആണ്.

തൊഴിലുള്ളവരിൽ തന്നെ പലരും അർധതൊഴിൽ മാത്രമുള്ളവരാണ്. കഴിവുകൾ മുഴുവനും ഉപയോഗിക്കത്തക്ക തൊഴിൽസൗകര്യങ്ങളില്ലാത്തവരോ വർഷത്തിൽ കുറച്ചു ദിവസങ്ങൾ മാത്രം തൊഴിലുള്ളവരോ ആണ് ഈ കൂട്ടർ. അർധതൊഴിലുള്ളവർ ഗ്രാമപ്രദേശങ്ങളിലാണ് കൂടുതലായി കാണപ്പെടുന്നത്. 17·8 ലക്ഷം പേർ ഇത്തരത്തിൽ ഭാഗികമായി തൊഴിലില്ലാത്തവരാണെന്ന് തൊഴിൽവകുപ്പുമന്ത്രി കേരളനിയമസഭയിൽ മാർച്ച് 16–ാം തീയതി പ്രസ്താവിക്കുകയുണ്ടായി.

യാതൊരു തൊഴിലും ഇല്ലാത്തവർ 9·06 ലക്ഷം ഉണ്ടെന്നും അദ്ദേഹം അന്ന് പ്രസ്താവിച്ചു. ഇത്തരക്കാർ കൂടുതലായി പട്ടണങ്ങളിലാണ് കാണപ്പെടുന്നതു്. ഇവരുടെ സംഖ്യ നാലാം പദ്ധതിയുടെ അവസാനത്തോടു കൂടി 14.3 ലക്ഷമായി വർധിക്കുമെന്നാണ് കേരള പ്ലാനിംഗ്ബോർഡ് അഭ്യൂഹിക്കുന്നതു്.

ഒരു ജോലിയും ഇല്ലാത്തവരിൽ സാങ്കേതികവിദഗ്ധരുടെയും സാധാരണക്കാരായ അഭ്യസ്തവിദ്യരുടെയും സംഖ്യ കുറച്ചൊന്നുമല്ല. താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ അതു് വ്യക്തമാക്കുന്നു. കേരളത്തിന്റെ പ്രധാനകയറ്റുമതിച്ചരക്ക് ഈ അഭ്യസ്തവിദ്യരായിരുന്നു. ഈ കയറ്റുമതിയുടെ സാധ്യതകൾ ഇന്ന് കുറഞ്ഞു കൊണ്ടിരിക്കുന്നു.

പട്ടിക–2

## സാങ്കേതികവിദ്യാഭ്യാസം ലഭിച്ച തൊഴിലില്ലാത്തവർ നാലാം പദ്ധതിയുടെ അവസാനത്തിൽ

| | |
|---|---|
| എൻജിനീയറിങ്ങ് ഡിപ്ലോമക്കാർ | 18,380 |
| " ബിരുദധാരികൾ | 8,283 |
| ക്രാഫ്റ്റ് പഠിച്ചവർ | 73,850 |
| ഡോക്ടർമാർ | 900 |
| ബി. എസ്സ്.കാർ | 5,000 |
| ടി. ടി. സി ക്കാർ | 15,000 |

കേരളത്തിലെ തൊഴിലാളിയെ പററി ഒരു വസ്തുത കൂടി ഓർത്തിരിക്കേണ്ടതാണ്. അക്ഷരാഭ്യാസവും വിദ്യാഭ്യാസവും താരതമ്യേന കൂടുതലുള്ള ഇവർ, ഏതു് സങ്കീർണമായ തൊഴിലും വേഗത്തിൽ വശമാക്കുന്നു.

ചുരുക്കത്തിൽ, നിലവിലിരിക്കുന്ന വേതനനിരക്കുകളിൽ ഏതു തരത്തിലുള്ള തൊഴിലാളിയെയും എത്ര വേണമെങ്കിലും ലഭ്യമാണ്. സാങ്കേതികപരിജ്ഞാനം ഉള്ളവരും ഇല്ലാത്തവരും ജോലി അന്വേഷിച്ച് ചുററിത്തിരിയുന്ന നാടാണ് കേരളം. തൊഴിലാളികളുടെ അഭാവമാണ് സാമ്പത്തികവളർച്ച ഉണ്ടാകാത്തതിൻെറ കാരണമെന്നു് പറയുന്നതു് മൗഢ്യമായിരിക്കും.

### സി. സംഘാടകത്വം

ഒന്നാം തരം സംഘാടകസാമർത്ഥ്യം പ്രദാനം ചെയ്യാൻ കഴിവുള്ളവരാണ് കേരളീയർ. അവരിൽ പ്രഗത്ഭന്മാർ പലരും കേരളത്തിനു പുറത്തുള്ള വ്യവസായങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു. ചിലർ, അവരുടെ സ്വന്തം ബിസിനസ്സുകൾ ഇന്ത്യയുടെ മററു് ഭാഗങ്ങളിൽ നടത്തുന്നുണ്ട്. ഇവരാരും തന്നെ സ്വന്തം കഴിവുകൾ കേരളത്തിനകത്തു് പ്രയോഗിക്കുന്നില്ലെന്നുള്ളതു് ശ്രദ്ധേയമാണ്. ശരിയായ വ്യവസായാന്തരീക്ഷം ഉണ്ടായാൽ ഇവരിൽ പലരും, കേരളവ്യവസായരംഗത്തേയ്ക്കു് മടങ്ങി വന്നേക്കും.

കേരളത്തിലുള്ള സംഘാടകർ തന്നെ പല തരത്തിലുള്ള ഞെരുക്കങ്ങളുടെ അതിർവരമ്പുകൾക്കുള്ളിൽ വീർപ്പുമുട്ടി കഴിയുകയാണ്. ഈ ഞെരുക്കങ്ങൾ പലതും സാമുദായികമായ കീറാമുട്ടികളാണ്. സ്വന്തക്കാരനെ മാനേജരായി നിയമിക്കേണ്ടി വരുക, അസംസ്കൃതസാധനങ്ങൾ നിർദിഷ്ടസ്ഥലങ്ങളിൽ നിന്നു മാത്രമേ വാങ്ങാൻ സാധിക്കുവെന്നു വരുക, ഉല്പന്നങ്ങൾ ഇന്ന ഇടത്തു തന്നെ വില്ക്കേണ്ടി വരുക, ജോലിക്കെടുക്കുന്ന തൊഴിലാളികൾ ഒരു പ്രത്യേകപ്രദേശത്തുള്ളവരോ ഒരു രാഷ്ട്രീയാഭിപ്രായമുള്ളവരോ ആയിരിക്കണമെന്നു് നിർബന്ധം വരുക—ഇത്യാദികൾ മേൽ സൂചിപ്പിച്ച ഞെരുക്കങ്ങളിൽ ചിലതാണ്. ഇവയിൽ നിന്നും വിമുക്തമാകാൻ സാധിച്ചാൽ ഈ സംഘാടകർ വമ്പിച്ച വ്യവസായങ്ങൾ ലാഭകരമായി നടത്താൻ കഴിവുള്ളവരാണ്. ഏതായാലും സംഘാടകത്വ

ത്തിന്റെ ദാരിദ്ര്യം കേരളത്തിന്റെ സാമ്പത്തികപുരോഗതിക്ക് ഒരു തടസ്സമാണെന്നു് തോന്നുന്നില്ല.

## ഡി. മൂലധനം

സാമ്പത്തികപുരോഗതിയ്ക്കാവശ്യമായ മൂലധനസ്വരൂപണം കേരളത്തിലുണ്ടോ എന്ന ചോദ്യത്തിനു്, ഇല്ല എന്ന മറുപടിയായിരിക്കും പലരും തരുന്നതു്. എന്നാൽ അത്ര തറപ്പിച്ചു് പറയാവുന്ന ഒരു കാര്യമല്ല അതു്. മൂലധനസ്വരൂപണം, കേരളത്തിൽ സാമാന്യമായി നടക്കുന്നുണ്ടെന്നു് വാദിക്കാവുന്നതാണു്. അതില്ലെങ്കിൽ തന്നെ, ആവശ്യമുള്ള മൂലധനം കേരളത്തിലേക്കു് ആകർഷിക്കാവുന്നതാണു്. ഇവിടത്തെ വ്യവസായാന്തരീക്ഷം ഈ തരത്തിലുള്ള ആകർഷണശക്തിയുള്ളതല്ല. കേരളത്തിനകത്തോ പുറത്തോ ഉള്ള മൂലധനം വൻകിടവ്യവസായങ്ങൾ കേരളത്തിൽ നടത്താനായി മുമ്പോട്ടു വരുന്നില്ലെന്നതു് ഒരു വസ്തുതയാണു് അല്പം ചില നിക്ഷേപങ്ങൾ നടക്കുന്നതു തന്നെ ഉയർന്ന സാങ്കേതികത്വവും ഉല്പാദനക്ഷമതയുമുള്ള രംഗങ്ങളിൽ അല്ല താനും. മൂലധനത്തിന്റെ ഈ വക പ്രവണതകളെപ്പററി അടുത്ത വിഭാഗത്തിൽ വിശകലനം ചെയ്യാം.

ഒരു വസ്തുത അംഗീകരിക്കേണ്ടതുണ്ടു്, കേരളത്തിലെ വ്യവസായാന്തരീക്ഷം വ്യവസായങ്ങൾ തുടങ്ങാൻ അനുകൂലമല്ലെന്ന തോന്നൽ പല മൂലധനഉടമകൾക്കും ഉണ്ടു്. ഈ തോന്നലാണു് മൂലധനത്തിന്റെ അഭാവത്തേക്കാൾ സാമ്പത്തികവികസനത്തിന്റെ വിലങ്ങുതടി.

## ഈ. വിധാനങ്ങൾ

വിധാനങ്ങളുടെ കാര്യത്തിലും അപര്യാപ്തത കാര്യമായ ഒരു പ്രതിബന്ധമല്ല. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ വമ്പിച്ച മുതൽമുടക്കുകളും വിധാനങ്ങൾ പടുത്തുയർത്തുന്നതിനുള്ള സംരംഭങ്ങളും ഇന്ത്യ ഒട്ടാകെ നടന്നിട്ടുണ്ടു്.

പട്ടിക–3

### കേന്ദ്ര-സംസ്ഥാനഗവൺമെൻറുകളുടെ 1951–52 മുതൽ 1968–69 വരെയുള്ള വികസനച്ചെലവുകൾ (കോടിരൂപ കണക്കിൽ)

| വർഷം | കേന്ദ്രം | ശതമാനം | സംസ്ഥാനം | ശതമാനം |
|---|---|---|---|---|
| 1951–52 | 42·49 | 100 | 203·75 | 100 |
| 1956–57 | 108·9 | 254 | 341·6 | 167 |
| 1961–62 | 174·44 | 411 | 660·2 | 324 |
| 1966–67 | 279·86 | 659 | 1213·19 | 595 |
| 1968–69 | 348 99 | 821 | 1459·72 | 716 |

അവലംബം: "കേന്ദ്ര–സംസ്ഥാനധനകാര്യബന്ധങ്ങൾ"—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്—കേരള—1969

അങ്ങനെ സംസ്ഥാനങ്ങളുടെ വികസനച്ചെലവിൽ 716 ശതമാനവും കേന്ദ്രത്തിന്റെ ചെലവിൽ 821 ശതമാനവും വർധനവുണ്ടായി. അതിന്നനുസരിച്ചുള്ള

വളർച്ചയും വിധാനങ്ങളിലുണ്ടായിട്ടുണ്ട്. കേരളത്തിലെ വികസനച്ചെലവുകളുടെ ഒരു താരതമ്യപ്പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്.

പട്ടിക–4

കേരള ഗവൺമെൻറിന്റെ വികസനച്ചെലവുകൾ
1951–'52–ലും 1968–'69–ലും (കോടിരൂപ കണക്കിൽ)

| ഇനം | 1951–'52 | 1968–'69 |
|---|---|---|
| വിദ്യാഭ്യാസം | 3·39 | 44·44 |
| പൊതുജനാരോഗ്യം മുതലായവ | 1·59 | 14·14 |
| കൃഷി, സഹകരണം " | 0·54 | 8·11 |
| ജലസേചനം " | 0·89 | 2·68 |
| പൊതുമരാമത്ത് | 2·45 | 6·53 |
| മററുള്ളതും ചേർത്ത് ആകെ | 9·76 | 87·29 |

അവലംബം: "കേന്ദ്രസംസ്ഥാനധനകാര്യബന്ധങ്ങൾ"–പട്ടിക–7.

കഴിഞ്ഞ ഇരുപതുവർഷം കൊണ്ട് വിധാനസൗകര്യങ്ങൾ കേരളത്തിൽ വളരെ വർധിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന ചില ഉദാഹരണങ്ങൾ ഈ വസ്തുത പ്രകടമാക്കുന്നു.

പട്ടിക–5

| | | |
|---|---|---|
| ആളോഹരിവൈദ്യുതിയുല്പാദനം | 60·5 | KWH |
| സാക്ഷരതാശതമാനം (1961–ൽ) | 46·8 | ശതമാനം |
| സർവകലാശാല | 3 | |
| സാധാരണകോളേജുകൾ | 83 | |
| എൻജിനീയറിങ് കോളേജ് | 6 | |
| കാർഷിക " | 1 | |
| വെററിനറി " | 1 | |
| ട്രെയിനിങ് " | 19 | |
| പോളിടെക്നിക്കുകൾ | 20 | |
| ജൂനിയർടെക്നിക്കൽസ്കൂൾ | 21 | |
| ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിസ്റ്റ്യൂട്ട് | 25 | |
| ചികിത്സാലയങ്ങൾ (1966–67) | 505 | |
| ആശുപത്രിക്കിടക്കകൾ | 17,253 | |
| കാർഷികവായ്പാസഹകരണസംഘങ്ങൾ | 2,170 | |
| കാർഷികപ്രവർത്തന " " | 190 | |
| സാമൂഹ്യവികസനബ്ലോക്കുകൾ | 144 | |

| | |
|---|---|
| റെയിൽവേ | 888 കി. മീ. |
| റോഡ് | 17,182 ,, |
| ജലഗതാഗതമാർഗങ്ങൾ | 1,885 ,, |
| വ്യോമദൂരം | 287 ,, |
| തുറമുഖങ്ങൾ | 13 |
| പോസ്റ്റാഫീസ് | 3491 |
| ടെലിഗ്രാഫ്ഓഫീസ് | 528 |
| ടെലിഫോൺ | 25,253 |
| റേഡിയോസ്റ്റേഷൻ | 3 |
| ദിനപ്പത്രങ്ങൾ | 46 |
| ബാങ്ക് ആഫീസുകൾ (1970-ൽ) | 644 |

[അവലംബം: എൻ. ബി. എസ്. വിശ്വവിജ്ഞാനകോശം-നാലാം വാല്യം-1970]

ഇവ കൂടാതെ വ്യവസായികൾക്കും കൃഷിക്കാർക്കും വായ്പാസൗകര്യങ്ങൾ, സാങ്കേതികോപദേശമാർഗങ്ങൾ, ചരക്കുകൾ വിററഴിക്കുന്നതിനുള്ള വിധാനങ്ങൾ എന്നിവയും വളർന്നിട്ടുണ്ട്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ, ചെറുകിടവ്യവസായകോർപ്പറേഷൻ എന്നിങ്ങനെയുള്ള വായ്പാഏജൻസികളും സ്മോൾ ഇൻഡസ്ട്രീസ് സർവീസ് ഇൻസ്റ്റിററ്യൂട്ട് മുതലായ സാങ്കേതികോപദേശകസ്ഥാപനങ്ങളും വെയർഹൗസിങ്ങ് കോർപ്പറേഷൻ പോലെയുള്ള വില്പനസഹായസംവിധാനങ്ങളും കേരളത്തിലുണ്ട്. അങ്ങനെ വ്യവസായവികസനത്തിനും സാമ്പത്തികവളർച്ചയ്ക്കും ആവശ്യമായ വിധാനങ്ങൾ കേരളത്തിൽ നിലവിലുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, വിഭവങ്ങളുടെയോ വിധാനങ്ങളുടെയോ കുറവു കൊണ്ടല്ല സാമ്പത്തികപുരോഗതി ഉണ്ടാകാത്തതു്. ഇവ ഒക്കെ ഉണ്ടായിട്ടും കേരള സമ്പദ്‌വ്യവസ്ഥ ഇന്നും അവികസിതമാണ്. അതിൻെറ കാരണങ്ങൾ അടുത്ത ഭാഗത്തിൽ വിശകലനം ചെയ്യുന്നുണ്ട്.

## സാമ്പത്തികവികസനം നേരിടുന്ന പ്രതിബന്ധങ്ങൾ

മേൽ വിവരിച്ച വസ്തുതകളിൽ നിന്നും, കേരളത്തിൻെറ വ്യാവസായീകരണവും സാമ്പത്തികവികാസവും വിഭവങ്ങളുടെ അപര്യാപ്തത കൊണ്ടല്ല നടക്കാത്തതു് എന്നു് മനസ്സിലാക്കാം. ദരിദ്രർ വസിക്കുന്ന സമ്പന്നസംസ്ഥാനമാണ് കേരളം എന്നു് പറയുന്നതാണ് കൂടുതൽ യുക്തിപൂർവമായിട്ടുള്ളതു്. വിഭവങ്ങൾ ആവശ്യത്തിനുണ്ടെങ്കിലും കേരളീയർ ഇന്നും താഴ്ന്ന ജീവിതനിലവാരം ഉള്ളവരായിക്കഴിയുന്നു. എന്തു കൊണ്ടാണ് ഈ വിരോധാഭാസം ഉണ്ടായതു്? പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാമെങ്കിലും രണ്ടെണ്ണം പ്രത്യേകം വിശകലനം ചെയ്യാം.

1. കേരളത്തിലെ തൊഴിലാളിയെപ്പററിയുള്ള ഭയം.
2. തൊഴിലാളികളുടെ നിലപാട്. കഠിനവും ഉദ്ദേശ്യപ്രേരിതവുമായ ജോലി (കൂലിക്കു്) ചെയ്യുന്നതിനുള്ള വിമുഖത,

ഇതിൽ ഒന്നാമത്തേതു് വ്യാവസായവൽക്കരണത്തെ നയിക്കേണ്ട സംഘാടകനെ തടയുമ്പോൾ, രണ്ടാമത്തേതു് ഉൽപാദനത്തിൽ പ്രധാനപങ്കാളിയായ തൊഴിലാളിയെ കടിഞ്ഞാണിടുന്നതാണ്. രണ്ടും സാമുദായികപ്രവണതകളാണ്. ഈ പ്രവണതകൾ രണ്ടും ഒന്നിച്ച് പ്രവർത്തിച്ച് കേരള വ്യവസായ രംഗം അനാകർഷകമാക്കുന്നു.

എ. ഭയം

കേരളത്തിലെ വ്യവസായബന്ധങ്ങൾ സമാധാനപരമല്ല എന്ന അഭിപ്രായം പലർക്കുമുണ്ട്. ഇതു് ഏററിയകുറും തെററാണെന്നഭിപ്രായമുള്ളവരുണ്ടെങ്കിലും, ഈ പൊതുധാരണ, മുതലാളിമാരെ മുതൽമുടക്ക് നടത്തുന്നതിനു മുൻപ് പലതവണ ചിന്തിപ്പിക്കുന്നതായി കാണാം. മുതലാളികൾ, മററു് സംസ്ഥാനങ്ങളിൽ മുതൽമുടക്കു നടത്തുന്നതിൽ കാണിക്കുന്ന വ്യഗ്രതക്ക് അടിസ്ഥാനം ഈ ഭയമാണ്. ഇതുണ്ടാകാൻ കാരണം എന്തെന്ന് പരിശോധിക്കാം.

കേരളത്തിലെ വ്യവസായങ്ങളിൽ "മുതലാളി–തൊഴിലാളി" ബന്ധമാണ് നിലവിലുള്ളതു്. തൊഴിലാളികളെ പററിയുള്ള ഭയം ഉണ്ടാകാൻ ഒരു കാരണമിതാണ്, കേരളത്തിലെ വ്യവസായങ്ങളിൽ മുതൽമുടക്കു നടത്തിയിട്ടുള്ളവരിലധികവും മുതലാളിമാരോ പങ്കാളികളോ (ഉടമസ്ഥർ) ആണ്. മുൻപറഞ്ഞ "മുതലാളി–തൊഴിലാളി" ബന്ധമുണ്ടാകാനുള്ള കാരണം ഇതാണ്. കേരളത്തിലെ വ്യവസായശാലകളിൽ മിക്കതും മുതലാളിമാരുടെതാണെന്ന് താഴെയുള്ള പട്ടിക പരിശോധിച്ചാൽ മനസ്സിലാകും.

പട്ടിക–6

കേരളത്തിലെ വ്യവസായശാലകൾ 31—12—1967-ൽ

| | വ്യാവസായശാല | എണ്ണം | ജോലി ചെയ്യുന്നവർ |
|---|---|---|---|
| 1. | എണ്ണയാട്ടൽ | 251 | 1755 |
| 2. | കശുവണ്ടിഫാക്ടറി | 241 | 96867 |
| 3. | സ്റ്റാർച്ചും ഭക്ഷണസാധനങ്ങളും | 157 | 7785 |
| 4. | തുണിനെയ്ത്ത് | 219 | 15403 |
| 5. | കയർഫാക്ടറി | 142 | 5243 |
| 6. | തടിയറുപ്പ് | 242 | 4126 |
| 7. | മററ് തടിവ്യവസായങ്ങൾ | 193 | 5848 |
| 8. | അച്ചടിയും ബയൻറിങ്ങും | 204 | 4873 |
| 9. | റബ്ബറും ടയർ റീട്രേഡിങ്ങും | 131 | 3478 |
| 10. | ഓടും കല്ലും | 225 | 13577 |
| 11. | മോട്ടോർ റിപ്പയർഷോപ്പ് | 140 | 4225 |
| | ആകെ | 2145 | 163180 |
| 12. | മററുള്ളവ | 682 | 39168 |
| | ആകെ | 2827 | 202348 |

അവലംബം: കേരള ഇക്കണോമിക് റിവ്യൂ–1968–പേജ് 147–149.

163180 തൊഴിലാളികൾ ജോലി ചെയ്തിരുന്ന 2145 വ്യവസായശാലകൾ ചെറുകിടഉടമസ്ഥസ്ഥാപനങ്ങളായിരുന്നു. 1 മുതൽ 11 വരെ കൊടുത്തിരിക്കുന്ന പട്ടികയിൽ അധികപങ്കും അത്തരം ചെറിയ സ്ഥാപനങ്ങളാണ്. ആലുവയിലെ "ഫാക്ടി"നെ പോലെയുള്ള വൻകിടവ്യവസായശാലകൾ പട്ടികയിൽ "മററുള്ളവ" എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആധുനിക രീതിയിലുള്ള ഭരണക്കാരും "മാനേജ്മെൻറ്–തൊഴിലാളി" ബന്ധങ്ങളും അത്തരം വൻകിടവ്യവസായങ്ങളിൽ മാത്രമേ കാണാറുള്ളു. കേരളത്തിൽ വൻകിട വ്യവസായസ്ഥാപനങ്ങൾ വളരെ കുറവാണ്. അതു കൊണ്ട് കേരളത്തിലെ വ്യവസായങ്ങളിൽ "മുതലാളി–തൊഴിലാളി" ബന്ധമാണ് നിലവിലിരിക്കുന്നതെന്ന് പറയാം.

വലിയ വ്യവസായശാലകളിലുണ്ടാകുന്ന തൊഴിൽത്തർക്കങ്ങൾ ഉടമകളുടെ പ്രതിനിധികളായ മാനേജർമാരും തൊഴിലാളികളും കൂടി മിക്ക സന്ദർഭങ്ങളിലും പറഞ്ഞു തീർക്കാറുണ്ട്. വ്യവസായം തൻെറ സ്വന്തമാണെന്നുള്ള അഹന്തയോടു കൂടിയ സമീപനമല്ല മാനേജരുടെത്. ഉല്പാദനപ്രക്രിയയിൽ തൊഴിലാളിയുടെ പങ്കിനെ അംഗീകരിക്കാൻ അവർ തയ്യാറാണ്. അതു കൊണ്ടാണ് തൊഴിൽത്തർക്കങ്ങൾ വേഗം തീർക്കുന്നതിന് സാധിക്കുന്നത്. എന്നാൽ, ചെറിയ സ്ഥാപനങ്ങളിൽ "മുതലാളി–തൊഴിലാളി" ബന്ധം നിലവിലിരിക്കുന്നതു കൊണ്ട്, നിസ്സാരതർക്കങ്ങൾ പോലും പലപ്പോഴും ദീർഘിക്കാറുണ്ട്. സ്വന്തം അവശതകളും അവകാശങ്ങളും എന്താണെന്ന് നല്ല വണ്ണമറിയുന്ന കേരളത്തിലെ തൊഴിലാളി, മുതലാളിമാരുടെ അഹന്തയെയും മുതലാളിത്തരീതിയെയും എതിർക്കുന്നു. മുതലാളിത്തഭാവങ്ങൾ ഒരു വശത്തും, താൻ വെറും ഒരു തൊഴിലാളിയാണെന്ന അപകർഷതാബോധ (യാതൊരു വിധത്തിലും അപകർഷതാബോധം ഉണ്ടാകേണ്ടവനല്ല ഉല്പാദനത്തിലെ പ്രധാന പങ്കാളിയായ തൊഴിലാളി) ത്തിൽ നിന്നുണ്ടാകുന്ന മുതലാളിമാരോടുള്ള വെറുപ്പ് മറുവശത്തും, ഉള്ളതു കൊണ്ട്, തൊഴിൽത്തർക്കങ്ങൾ അത്ര എളുപ്പത്തിൽ തീരാറില്ല. ഈ വസ്തുതയാണ് തൊഴിൽബന്ധങ്ങൾ സമാധാനപരമല്ല എന്ന ധാരണയും തൊഴിലാളിയെ പററിയുള്ള ഭയവും ഉണ്ടാക്കുന്നത്. ഈ വിശകലനത്തിൽ നിന്ന് കേരളത്തിലെ എല്ലാ വ്യവസായശാലാഉടമകളും നീചരാണെന്നോ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കാൻ മനസ്സില്ലാത്തവരാണെന്നോ ധരിക്കേണ്ടതില്ല. പലരും അങ്ങനെയാണെന്ന് ധരിക്കത്തക്ക വണ്ണമാണ് കാര്യങ്ങൾ നീങ്ങുന്നതെന്നു മാത്രം.

കേരളീയർ, ഏററവും അധികം വ്യക്തിത്വം ഉണ്ടെന്നഭിമാനിക്കുന്നവരും അടിമത്തം സഹിക്കാത്ത ചിന്താഗതിക്കാരും ആണ്. ഈ വസ്തുതയും തൊഴിൽത്തർക്കങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളിയെ ഭയപ്പെടുന്നതിനും കാരണമാകുന്നു. കേരളത്തിൽ ഒരാളും മറെറാരാളുടെ നിയന്ത്രണം ഇഷ്ടപ്പെടുന്നില്ല. 1955–ൽ ആണെന്ന് തോന്നുന്നു, ശ്രീ എസ്. കെ. ഡെ. ഭാരത് സേവക് സമാജിൻെറ കേരളത്തിലെ ഒന്നാമത്തെ നേതൃത്വപരിശീലനക്യാമ്പിൽ പങ്കെടുക്കുന്നതി

നായി ശാസ്താംകോട്ടയിൽ എത്തുകയുണ്ടായി. കേരളീയരുടെ സ്വാതന്ത്ര്യബോധത്തെപ്പററി മനസ്സിലാക്കിയിരുന്ന അദ്ദേഹം, പ്രസ്തുത വസ്തുത എപ്പോഴും ഓർത്തിരിക്കേണ്ടതാണെന്നും, ഭാരതത്തിൻെറ മററു ഭാഗങ്ങളിലെ പോലെ സമാജിൻെറ പ്രവർത്തനങ്ങൾ കേരളത്തിൽ വിജയിച്ചു കൊള്ളണമെന്നില്ലെന്നും പരിശീലകരോടു പറഞ്ഞതു സ്മർത്തവ്യമാണ്. മുതലാളിയുടെ ഏതൊരു ഉത്തരവിനെയും സംശയദൃഷ്ട്യാ വീക്ഷിക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും ആർക്കും കീഴടങ്ങാത്ത ഈ സ്വഭാവം തൊഴിലാളിയെ പ്രേരിപ്പിക്കുന്നു. അങ്ങനെ, ഓരോ ഉത്തരവും സ്വീകാര്യമാണോ എന്നു പരിശോധിക്കുന്നു. തൊഴിൽ യൂണിയനുകൾ ഈ പ്രവണതയ്ക്കു ആക്കവും ശക്തിയും കൊടുത്തിട്ടുണ്ട്. വ്യവസായഉടമയുടെ മുതലാളിത്തഭാവങ്ങളും മേൽ പ്രസ്താവിച്ച പരിശോധനയെ തീക്ഷ്ണമാക്കുന്നുണ്ട്.

മുതലാളിയും തൊഴിലാളിയും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ട വ്യവസായരംഗത്തു മേൽ വിവരിച്ച പ്രവണതകൾ ഉള്ളതു കൊണ്ടു വളരെയധികം വ്യവസായത്തർക്കങ്ങൾ ഉണ്ടാകുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. സ്വാതന്ത്ര്യലബ്ധിക്കു ശേഷം വ്യവസായത്തർക്കങ്ങളുടെ എണ്ണവും വ്യാപ്തിയും വളരെ വർധിച്ചിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ ഈ വസ്തുത വ്യക്തമാക്കുന്നു.

പട്ടിക—7

### കേരളത്തിലെ തൊഴിൽത്തർക്കങ്ങൾ

| വർഷം | എണ്ണം |
|---|---|
| 1950—51 | 2,637 |
| 1951—52 | 3,009 |
| 1952—53 | 3,155 |
| 1953—54 | 3,932 |
| 1954—55 | 5,297 |
| 1955—56 | 5,803 |
| 1956—57 | 7,572 |
| 1957—58 | 7,724 |
| 1958—59 | 7,769 |
| 1959—60 | 6,889 |
| 1960—61 | 5,027 |
| 1961—62 | 5,383 |
| 1962—63 | 4,156 |
| 1963—64 | 3,413 |
| 1964—65 | 3,819 |

അവലംബം: Dr. K. Ramachandran Nair, Industrial Relations in Kerala, Ph. D. thesis.

ഈ തർക്കങ്ങളുടെ എണ്ണം വർധിക്കുന്നതിൽ നേതാക്കന്മാർക്കുള്ള പങ്കിനെപ്പററി അടുത്ത ഭാഗത്തിൽ വിശകലനം ചെയ്യാം. അടിക്കടി ഉണ്ടാകുന്ന ഈ വ്യവസായത്തർക്കങ്ങളാണ് മുകളിൽ പ്രതിപാദിച്ച ഭയത്തിൻെറ ആണിക്കല്ല്. കേരളത്തിൽ സ്വരൂപിക്കപ്പെടുന്ന മൂലധനത്തിൻെറ ഒഴുക്കുകൾ തടയപ്പെടുന്നതിൻെറയും മറുനാടൻമൂലധനം കേരളത്തിലേക്കു വരാതിരിക്കുന്നതിൻെറയും കാരണം മുൻപറഞ്ഞ തർക്കങ്ങളും ഭയവുമാണ്. മൂലധനഒഴുക്കുകളുടെ വിശകലനത്തിൽ നിന്നു് ഇതു് കുറെക്കൂടി വ്യക്തമാക്കാം.

## മൂലധനസ്വരൂപണവും അതിൻെറ ഒഴുക്കുകളും

മൂലധനത്തിൻെറ അപര്യാപ്തതയേക്കാൾ അതിൻെറ ഒഴുക്കുകളുടെ പ്രത്യേകതയാണ് കേരളത്തിൽ വൻകിടവ്യവസായങ്ങളിൽ മുതൽമുടക്കു് കുറഞ്ഞിരിക്കുന്നതിൻെറ കാരണം. സാങ്കേതികത്വവും ഉല്പാദനശക്തിയും കൂടുതലുള്ള വ്യവസായങ്ങളിൽ മുതൽമുടക്കു് കുറയുന്നതു കൊണ്ട് കേരള സമ്പദ്‌വ്യവസ്ഥയുടെ വളർച്ചനിരക്കു് താരതമ്യേന കുറവാണ്. കേരളത്തിൽ സ്വരൂപിക്കപ്പെടുന്ന മൂലധനം സാധാരണയായി ഏതേതു് രംഗങ്ങളിലേക്കാണ് നീങ്ങുന്നതെന്നു് പരിശോധിക്കാം.

സാക്ഷരത്വവും വിദ്യാഭ്യാസവും കൂടുതലുള്ള കേരളീയരുടെ സമ്പാദ്യത്തോതു് മററു് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടിയിരിക്കാനാണ് സാധ്യത. മക്കളുടെ വിദ്യാഭ്യാസം, വിവാഹം, വാർധക്യകാലത്തെ സ്വന്തം ചെലവുകൾ എന്നിങ്ങനെ ഭാവിയിലുണ്ടാകാവുന്ന ആവശ്യങ്ങളെപ്പററി വസ്തുനിഷ്ഠമായി വീക്ഷിക്കുന്നതിനു് വിദ്യാഭ്യാസമുള്ള കേരളീയർക്കു് കൂടുതൽ കഴിവുണ്ട്. ഈ ആവശ്യങ്ങൾക്കു വേണ്ടി പണം സ്വരൂപിക്കാനുള്ള പ്രവണത ഇവിടെ കൂടുതലായിരിക്കും. ചിട്ടിപ്രസ്ഥാനവും ബാങ്കിങ്ങും ഇത്ര മാത്രം വിജയിച്ച മറെറാരു സംസ്ഥാനം ഉണ്ടോ എന്നു് സംശയിക്കണം. ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളുടെ വികസനത്തെയല്ല, ഇവിടെ സൂചിപ്പിക്കുന്നതു്; സ്വകാര്യബാങ്കുകൾ കേരളത്തിൽ കഴിഞ്ഞ ദശകങ്ങളിൽ ആർജിച്ച നേട്ടങ്ങളെയാണ്. ബാങ്കുകൾ, ചിട്ടികൾ, വായ്പാസഹകരണസംഘങ്ങൾ, പോസ്റ്റാഫീസ്‌നിക്ഷേപങ്ങൾ, പ്രോവിഡൻറ് ഫണ്ട്, ഇൻഷ്വറൻസ് എന്നീ മാർഗങ്ങളിൽ കൂടി പണം സ്വരൂപിക്കപ്പെടുന്നു. 1970 സെപ്റ്റംബറിൽ 644 ബാങ്കാഫീസുകൾ കേരളത്തിലുണ്ടായിരുന്നു. ഇന്ത്യയിലെയും മററു് സംസ്ഥാനങ്ങളിലെയും ആളോഹരിവരുമാനം കേരളത്തിലെതിനേക്കാൾ കൂടുതലാണ്. 1964–65–ൽ ഇന്ത്യയുടെ ആളോഹരിവരുമാനം 423 രൂപ ആയിരുന്നപ്പോൾ കേരളത്തിൽ 391 രൂപ ആയിരുന്നു. ഇന്നു് ഈ അന്തരം കൂടിയിരിക്കുകയാണ്. എന്നിട്ടും, കേരളീയർ ആളോഹരിസമ്പാദ്യങ്ങളും നികുതികളുമായി കഴിഞ്ഞ മൂന്നു് പഞ്ചവത്സര പദ്ധതിക്കാലത്തു് 71 രൂപ സ്വരൂപിച്ചപ്പോൾ, ഇന്ത്യക്കാർ പൊതുവിൽ വെറും 72 രൂപയാണ് സ്വരൂപിച്ചതു്. ഇതിൽ നിന്നു്, കൂടുതൽ സമ്പാദിക്കാനും നികുതിയടയ്ക്കാനും കേരളീയർ സന്നദ്ധരാണെന്നു് വ്യക്തമാകുന്നുണ്ട്. അതു

പോലെ തന്നെ നാലാം പദ്ധതിക്ക വേണ്ടി കേരളീയർ 53. 39 കോടി രൂപ സമാഹരിക്കമെന്നു് കരടുപദ്ധതിയിൽ കണക്കാക്കിയിരിക്കുന്നു.

പട്ടിക–8

## വിഭവസമാഹരണം

| | ഇനം | തുക |
|---|---|---|
| 1. | വിദ്യുച്ഛക്തിബോർഡു് എടുക്കുന്ന 7·87 കോടി രൂപ ഉൾപ്പെടെ കിട്ടാവുന്ന പൊതുക്കടം | 25·44 കോടി രൂപ |
| 2. | ചെറുസമ്പാദ്യങ്ങൾ | 10·00 " " |
| 3. | പ്രോവിഡൻറു് ഫണ്ടു് മുതലായവ | 17·95 " " |
| | ആകെ | 53·39 " " |

അവലംബം: "കേരളത്തിൻെറ നാലാം കരടുപദ്ധതി"—സ്റ്റേററു് പ്ലാനിംഗ് ബോർഡു്–പേജു് 35.

ഈ 53·39 കോടി രൂപ സർക്കാർ സമാഹരിക്കുന്ന തുകയാണു്. ഇതു കൂടാതെ സ്വകാര്യവ്യവസായങ്ങളിലെ മുതൽമുടക്കുകൾക്കായി മൂലധനസ്വരൂപണം വേറെ നടക്കുന്നുണ്ടു്. ചുരുക്കത്തിൽ, സമ്പാദ്യപ്രവണത കൂടുതലുള്ള കേരളത്തിൽ മൂലധനസ്വരൂപണം നല്ല തോതിൽ നടക്കുന്നുണ്ടു്. ആളോഹരി വരുമാനം കുറവുള്ള കേരളീയർ നടത്തുന്ന മൂലധനസ്വരൂപണപരിശ്രമങ്ങൾ ശ്ലാഘനീയമാണു്.

കേരളത്തിലേക്കു് മറെറാരു വിധത്തിലും പണം വരുന്നുണ്ടു്. പ്രധാന കയററുമതിച്ചരക്കായ അഭ്യസ്തവിദ്യർ മറുനാട്ടുകളിൽ ജോലി ചെയ്യുന്നു. അവരുടെ വരുമാനത്തിൻെറ ഒരംശം കേരളത്തിലേക്കു് ഒഴുകുന്നു. ഇതിൽ കൂടുതലും ബന്ധുക്കളുടെ ഉപഭോഗാവശ്യങ്ങൾക്കാണു് ചെലവാകുന്നതെങ്കിലും, ഒരു ഭാഗം മൂലധനക്കമ്പോളത്തിൽ നിക്ഷേപിക്കപ്പെടുന്നു. വ്യവസായ ഫൈനാൻസു് കോർപ്പറേഷൻ, മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും മൂലധനക്കമ്പോളത്തിൽ എത്തുന്നു. ഇതെല്ലാം എവിടെ മുടക്കപ്പെടുന്നു എന്നു് പരിശോധിക്കാം.

കേരളത്തിലെ മുതൽമുടക്കുകളുടെ സിംഹഭാഗവും, ഭയാശങ്കകളില്ലെന്നു് വിശ്വസിക്കപ്പെടുന്ന, താരതമ്യേന ഉൽപ്പാദനക്ഷമത കുറവുള്ള, വ്യവസായരംഗങ്ങളിലാണു് നിക്ഷേപിക്കപ്പെടുന്നതു്. വിദ്യാഭ്യാസരംഗമാണു് ഇതിലൊന്നു്. വിദേശമിഷനറിമാരുടെ ചുവടു പിടിച്ചു് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കിയാൽ ആദായം കിട്ടുമെന്നു് കേരളത്തിലെ മതവിഭാഗങ്ങൾ ധരിച്ചു. വിദ്യാഭ്യാസാന്തരീക്ഷം ശുദ്ധവും ശാന്തവുമായിരുന്നു. അങ്ങനെ മത്സരബുദ്ധിയോടു കൂടി വളരെയധികം സ്കൂളുകളും കോളേജുകളും ഇവർ സ്ഥാപിച്ചു. കോടിക്കണക്കിനു് മുതൽമുടക്കിയാണു് ഇവ ഉണ്ടാക്കപ്പെട്ടതു്. ഇതിനും പുറമെ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസച്ചെലവുകൾക്കായി കേരളീയർ ഓരോ വർഷവും വമ്പിച്ച മുതൽമുടക്കു് നടത്തുന്നുണ്ടു്. വിദ്യാഭ്യാസം ഉൽപ്പാദനപരമല്ലെന്നു് പറയുന്നില്ല. എന്നാൽ ഗോചരങ്ങളായ ഉൽപ്പന്നങ്ങൾ, വ്യവസായശാലകളിൽ

നിന്നെന്ന പോലെ കമ്പോളത്തിലേക്കു്, കോളേജുകളിൽ നിന്നും വരുന്നില്ല. ദരിദ്രയായ കേരളം ഇത്ര വളരെ മുതൽമുടക്കു് ഈ മേഖലയിൽ നടത്തുന്നതു് അഭികാമ്യമാണോ എന്നു് ചിന്തിക്കേണ്ടതാണു്. ഏതായാലും, ഇതാണു് ഒരു വസ്തുത. വിദ്യാഭ്യാസം കൊണ്ടു മാത്രം സാമ്പത്തികവളർച്ച ഉണ്ടാകുകയില്ല എന്നാണു് ആധുനികകേരളചരിത്രം പഠിപ്പിക്കുന്നതു്.

നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളാണു് മറ്റൊരു മേഖല. റബ്ബർ, ഏലം, കാപ്പി, ചായ, നാളികേരം അടയ്ക്ക തുടങ്ങിയവയുടെ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനു് കേരളത്തിലെ ഇടത്തട്ടുകാർ ധാരാളം പണം മുടക്കിയിട്ടുണ്ടു്. സാങ്കേതികത്വം കുറഞ്ഞ കൃഷിസമ്പ്രദായങ്ങളുള്ള ഈ വ്യവസായത്തിൽ നിന്നു് മൂലധനത്തിനു് വേണ്ട പ്രതിഫലം കിട്ടാറില്ല. എന്നാൽ മററു് വ്യവസായങ്ങളെ അപേക്ഷിച്ചു് ഈ രംഗം ശാന്തമായിരുന്നു, തൊഴിൽക്കുഴപ്പങ്ങൾ കുറവായിരുന്നതാണു് അതിൻെറ അഭികാമ്യതക്കു കാരണം.

ഒന്നും രണ്ടും ആളുകളെ കൊണ്ടു് നടത്താവുന്നതും തൊഴിൽത്തർക്കങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലാത്തതുമായ ചെറുകിടവ്യവസായങ്ങളിലേക്കും പണം ഉരുത്തിരിഞ്ഞു് മാറിയിട്ടുണ്ടു്. കേരത്തിലുള്ളതു പോലെ ചെറിയ ചായക്കടകൾ, മുറുക്കാൻകടകൾ, ടാക്സിക്കാറുകൾ എന്നിവ മററു് സ്ഥലങ്ങളിൽ കാണാൻ വിഷമമാണു്.

സാധാരണവ്യവസായങ്ങൾ എന്നു പറയാവുന്ന രംഗങ്ങളിൽ മുടക്കപ്പെട്ടിരിക്കുന്ന മൂലധനത്തിൻെറ ഭൂരിഭാഗവും കാർഷികോല്പന്നസംസ്കരണവ്യവസായങ്ങളിലാണു്. കയർ, കശുവണ്ടി, തടി എന്നീ വ്യവസായങ്ങൾ ഈ പട്ടികയിലുൾപ്പെടുന്നു. കേരളത്തിലെ പ്രധാനവ്യവസായങ്ങളാണു് അവ. ഇവയിലെ സാങ്കേതികത്വം പ്രാഥമികവും ഉല്പാദനക്ഷമത അല്പവും ആണു്. കേരളത്തിലെ ചുരുക്കം ചില വ്യവസായങ്ങളിൽ മാത്രമാണു് ഉയർന്ന സാങ്കേതികത്വം പ്രയോഗിക്കപ്പെടുന്നതു്. അവയിൽ പലതും പൊതുമേഖലാസ്ഥാപനങ്ങളാണു്. മററു് കാരണങ്ങളാൽ അവയുടെ ഉല്പാദനക്ഷമത കുറവാണു്. ചുരുക്കത്തിൽ, ഇപ്പോഴുള്ള വ്യവസായങ്ങളിൽ നിന്നും സാമ്പത്തികവളർച്ചയുടെ തോതു് ഉയർത്തുന്നതിനു് പര്യാപ്തമായ ഉല്പാദനക്ഷമത പ്രതീക്ഷിക്കാവുന്നതല്ല. കേരളത്തിലെ വ്യവസായരംഗങ്ങളിൽ മുടക്കപ്പെട്ടിരിക്കുന്ന മൂലധനം ഉയർന്ന കാര്യക്ഷമതയോടു കൂടിയല്ല ഉപയോഗിക്കപ്പെടുന്നതു്.

കേരളത്തിൽ സ്വരൂപിക്കപ്പെടുന്ന മൂലധനത്തിൻെറ ഒരു ഭാഗം മറുനാടുകളിൽ നിക്ഷേപിക്കപ്പെടുന്നു. കേരളത്തിലെ തൊഴിലാളിയെ ഭയന്നിട്ടോ വ്യവസായസൗകര്യങ്ങൾ മററു് സ്ഥലങ്ങളിൽ കൂടുതലുള്ളതു കൊണ്ടോ ആണു് ഈ പ്രവണത ഉണ്ടാകുന്നതു്. കേരളീയരുടെ ഉടമയിലും ഭരണത്തിലും ഉള്ള വ്യവസായങ്ങൾ ഭാരതത്തിൻെറ മററു് ഭാഗങ്ങളിൽ കാണാം. അവയിൽ ചിലതു് ഇടത്തരമോ വൻകിടയിലുള്ളതോ ആണു്. മദ്രാസിലെ മാൻസ്ഫീൽഡ് ടയർ ഫാക്ടറി ഒരുദാഹരണമാണു്.

ഇത്തരത്തിൽ പുറത്തേക്കു പോകുന്നതു പോലെ തന്നെ മൂലധനം കേരളത്തിനകത്തേക്കും ഒഴുകുന്നുണ്ടു്. കേന്ദ്രപദ്ധതികൾക്കായി കേരളത്തിൽ മുടക്കപ്പെടുന്ന

മൂലധനം, കേരളീയരല്ലാത്ത ഇന്ത്യൻ മുതലാളിമാരുടെ വകയായി ഇവിടത്തെ വ്യവസായങ്ങളുടെ നടത്തിപ്പിനു് മുടക്കപ്പെടുന്ന മൂലധനം, വിദേശരാജ്യങ്ങളുടെ സഹകരണത്തോടു കൂടി നടത്തുന്ന വ്യവസായങ്ങളിലേക്കു് ആ രാജ്യങ്ങളിൽ നിന്നും വരുന്ന മൂലധനം, എന്നിവ ഇതിൽ പെടുന്നു. എന്നാൽ, ഈദൃശമൂലധനം കേരളത്തിലേക്കു് വരാൻ മടി കാണിക്കുന്നുണ്ടു്. വരാൻ തയ്യാറുള്ളവയെ വിദഗ്ധമായി കേരളീയർ തടയുകയും ചെയ്യുന്നു. ഇന്ത്യയുടെ ബഹുമാനപ്പെട്ട പ്രസിഡൻറ് ശ്രീ വി. വി. ഗിരി, കേരള ഗവർണർ ആയിരുന്നപ്പോൾ, ഭാരതത്തിലെ വൻകിടമുതലാളിമാരെ കേരളത്തിലേക്കു് ആകർഷിക്കുന്നതിനു് ആത്മാർത്ഥമായ ഒരു ശ്രമം നടത്തി. വിജയിച്ചില്ല. ശ്രീ ടി. വി. തോമസ് കേരളത്തിലെ വ്യവസായ മന്ത്രി ആയിരുന്നപ്പോൾ ജപ്പാൻമൂലധനത്തെ കേരളത്തിലേക്കു് ആകർഷിച്ചതാണു്. എന്നാൽ, കേരളീയർ അതു് തടഞ്ഞു. അമേരിക്കൻമൂലധനമോ റഷ്യൻമൂലധനമോ ഇവിടേക്കു കൊണ്ടു വരാൻ തീരുമാനിച്ചാൽ അതിനെയും കേരളീയർ തടയുന്നതാണു്. കേന്ദ്രപദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിൻെറ മൂലധനം പോലും മടിച്ചുമടിച്ചാണു് കേരളത്തിൽ മുടക്കപ്പെടുന്നതു്. കൊച്ചിയിലെ കപ്പൽനിർമാണശാല ഒരുദാഹരണമാണു്. പാലക്കാട്ടു് സ്ഥാപിക്കാൻ നിശ്ചയിച്ചിരുന്ന സൂക്ഷ്മോപകരണശാല നഷ്ടപ്പെട്ടതും ഓർക്കേണ്ടതാണു്. ഈ വസ്തുതകൾ കേരള വ്യവസായരംഗത്തിൻെറ അനാകർഷകതയിലേക്കു് വിരൽ ചൂണ്ടുന്നു.

കേരളത്തിനകത്തേക്കു് വരുന്ന മൂലധനം പുറത്തേക്കു പോകുന്നതിനേക്കാൾ കൂടുതലെങ്കിൽ, അതു് കേരളത്തിൻെറ വരുമാനവ്യവസ്ഥയുടെ ആക്കം അധികഗുണിത (Super Multiplier) മാക്കിത്തീർക്കും. നേരെ മറിച്ചു് പുറത്തേയ്ക്കു പോകുന്ന തുകയാണു് കൂടുതലെങ്കിൽ അതു് വരുമാനവർധനയുടെ ആക്കം കുറയ്ക്കും. *

---

* അധികഗുണിതം (Super Multiplier) $K = \frac{1}{1-a-b}$

"ത്വര" (Accelerator)യും "ഗുണിതവും" കൂടി സായുക്തപ്രവർത്തനം നടത്തി ഒരു രൂപ മൂലധനമുടക്കിൽ നിന്നും എത്ര മടങ്ങു് ദേശീയവരുമാനം വർധിപ്പിക്കുന്നു എന്നു കാണിക്കുന്നതാണു് "അധികഗുണിതസംഖ്യ." സമുദായത്തിലെ "സീമാന്തോപഭോഗാഭിനിവേശം" ("a"), 0·75–ഉം "സീമാന്തമൂലധനനിഃക്ഷേപാഭിനിവേശം" ("b") 0·15–ഉം ആണെങ്കിൽ $K = \frac{1}{1-0{\cdot}75-0{\cdot}15} = 10$. ദേശീയവരുമാനം പത്തു് മടങ്ങു് വർധിക്കുന്നു.

എന്നാൽ പുറത്തേക്കുള്ള മൂലധനപ്രവാഹം 0·25 എന്ന തോതിലും, അകത്തേക്കുള്ള പ്രവാഹം 0·20 എന്ന നിരക്കിലും ആയാൽ, അററമുതൽമുടക്കു് (0·15 + 0·20 — 0·25) 0·10 ആയിത്തീരുന്നു. അപ്പോൾ $Kr = \frac{1}{1-0{\cdot}75-0{\cdot}10} = 6{\cdot}6$ ആകുന്നു. ദേശീയവരുമാനം 6·6 മടങ്ങു മാത്രമേ വർധിക്കുന്നുള്ളൂ.

1951–64 കാലത്തു് കേരളത്തിന്റെ സാമ്പത്തികവളർച്ചത്തോതു് 4 ശതമാനമായിരുന്നു. ഇതരസംസ്ഥാനങ്ങളെക്കാൾ കുറവാണു് ഈ തോതു്. കേരളത്തിനകത്തേക്കു് വന്ന മൂലധനം പുറത്തേക്കു പോയതിൽ നിന്നും വളരെ കൂടുതലല്ലെന്ന വസ്തുത, മററു് കാരണങ്ങളോടൊപ്പം, ഈ വളർച്ചത്തോതു് കുറയ്ക്കാൻ കാരണമായി എന്നു് അനുമാനിക്കാം.

കേരളത്തിൽ സ്വരൂപിക്കപ്പെടുന്ന മൂലധനത്തിന്റെ ഒഴുക്കുകളിൽ കാണുന്ന പ്രത്യേകത ശ്രദ്ധേയമാണു്. കേരളത്തിലെ തൊഴിലാളിയെപ്പററിയുള്ള ഭയവും വ്യവസായരംഗത്തിന്റെ അനാകർഷകത്വവും കാരണം, മൂലധനം ഉല്പാദനക്ഷമത കുറവുള്ള രംഗങ്ങളിലേക്കു് നീങ്ങുകയാണുണ്ടായതു്. കാർഷികോല്പന്നസംസ്കരണം, വിദ്യാഭ്യാസം, പ്ലാൻറേഷൻ, ചെറുകിടബിസിനസ്സുകൾ എന്നിവയിലേക്കും കേരളത്തിനു് പുറത്തേക്കും മൂലധനം ഒഴുകി മാറിയതു കൊണ്ടു്, വൻകിടവ്യവസായങ്ങളിൽ മുതൽമുടക്കു് കുറഞ്ഞു. സാമ്പത്തികവളർച്ചയ്ക്കു് ഇതൊരു പ്രതിബന്ധമായിത്തീർന്നു.

## ബി. കേരളത്തിലെ തൊഴിലാളികളുടെ നിലപാട്

ആത്മാർഥമായി ജോലി ചെയ്യുന്നതിനുള്ള വിമുഖതയാണു് കേരളത്തിന്റെ സാമ്പത്തികവളർച്ചക്കും വ്യാവസായികവികസനത്തിനും പ്രധാനതടസ്സമായി നിൽക്കുന്നതു്. എല്ലാ തുറകളിലുമുള്ള ജോലിക്കാരും ഈ അപവാദത്തിനർഹരാണു്. എന്നാൽ സ്വമേധയാ പണിയെടുക്കുമ്പോൾ, ഇത്രയും പരിശ്രമശീലരായ തൊഴിലാളികൾ ചുരുക്കമാണു്. അതേ സമയം, കൂലിക്കു വേണ്ടി ജോലി ചെയ്യുമ്പോൾ ഉദാസീനതയും കാര്യക്ഷമതയും വളരെ കുറയുന്നു. ഉദാഹരണത്തിനു് ഒരു മോട്ടോർ റിപ്പയർ ഷോപ്പിലെ തൊഴിലാളി തന്നെയാണു് അതിന്റെ ഉടമ എന്നിരിക്കട്ടെ. അയാൾ രാപ്പകൽ പണിയെടുത്തു് വരുമാനം വർധിപ്പിക്കുന്നതായി കാണാം. അതേ ഷോപ്പു് മററാരാൾ വിലയ്ക്കു് വാങ്ങി അതേ തൊഴിലാളിയെത്തന്നെ നിയമിക്കുമ്പോൾ, ദിവസം പത്തും പന്ത്രണ്ടും മണിക്കൂർ പണിയെടുത്തിരുന്ന അയാൾ ഫാക്ടറിനിയമങ്ങൾക്കും മററു് ആനുകൂല്യങ്ങൾക്കും വേണ്ടി മുദ്രാവാക്യം മുഴക്കുന്നു. ചെയ്യുന്ന എട്ടു മണിക്കൂർ ജോലി തന്നെ കാര്യക്ഷമതയില്ലാത്തതായി തീരുന്നു. എന്താണിങ്ങനെ സംഭവിക്കുന്നതു്? മുതലാളിമാരെല്ലാം തൊഴിലാളികളെ ചൂഷണം ചെയ്താണു് ജീവിക്കുന്നതെന്ന പൊതുവിജ്ഞാനമായിരിക്കാം കാരണം. ഏതായാലും കഠിനപ്രയത്നത്തിനും ഉദ്ദേശ്യപ്രേരിതമായ തൊഴിലിനും ജോലിക്കാർ (കൂലിക്കു് പണിയെടുക്കുന്ന യൂണിവേഴ്സിററി പ്രൊഫസർ മുതൽ പാടത്തും ഫാക്ടറികളിലും ഉള്ള കൂലിക്കാർ വരെ) തയ്യാറല്ല. ശമ്പളം കുറവുള്ള തുറകളിലും കായബലം കൊണ്ടു് ജോലി ചെയ്യുന്ന ദിവസക്കൂലിക്കാരുടെ ഇടയിലും ഈ പ്രവണത ഏററവും കൂടുതലാണു്. അല്പം വിദ്യാഭ്യാസമുള്ളവരാണെങ്കിൽ, ശാരീരികപ്രയത്നങ്ങൾ എല്ലാം തന്നെ നിഷിദ്ധമാണു്. തൊഴിൽമാഹാത്മ്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ പ്രബോധനങ്ങളോ ഭാരതത്തിന്റെ രാഷ്ട്രീയസ്വാതന്ത്ര്യമോ ഈ ചിന്താഗതി മാററാനുതകിയില്ല.

ജോലിക്കാരുടെ ഈ നിലപാട് ഇന്നത്തെ തലമുറയുടെ പൈതൃകമാണ്. നിലവിലുള്ള വിദ്യാഭ്യാസരീതി ഈ നിലപാടിൻെറ ആക്കം വർധിപ്പിക്കുന്നു. ഉന്നതകുലജാതനായ ഒരുവൻ പട്ടിണി കിടന്നാലും കായക്ലേശമുള്ള ജോലിക്കു പോകുകയില്ല. ഒരു കൂലിക്കാരൻെറ മകൻ പോലും, പത്താംക്ലാസ്സ് പാസ്സായിക്കഴിഞ്ഞാൽ പിന്നീട് ശാരീരികാധ്വാനത്തിനു തയ്യാറല്ല. ആ തരത്തിലുള്ള ജോലികൾ അധഃസ്ഥിതർക്കു മാത്രം വിധിച്ചിട്ടുള്ളതാണെന്ന ചിന്താഗതി പാരമ്പര്യമായിട്ടുള്ളതാണ്.

ഏതു് തൊഴിലും മഹത്താണെന്നും കഠിനപ്രയത്നം രാജ്യത്തിൻെറയും വ്യക്തികളുടെയും ചില ഉദ്ദേശ്യസിദ്ധികൾക്കു വേണ്ടിയാണെന്നുമുള്ള കാഴ്ചപ്പാടില്ലാത്ത കാലത്തോളം, ഒരു രാജ്യത്തിനും സാമ്പത്തികവളർച്ച ഉണ്ടാകുന്നതല്ല എന്ന് ചരിത്രം പഠിപ്പിക്കുന്നു. ലോകത്തിലെ വികസിതരാജ്യങ്ങൾ കഠിനാധ്വാനം ഒന്നു കൊണ്ടു മാത്രമാണ് ആ നിലയിലെത്തിയതു്. രണ്ടാം ലോകയുദ്ധത്തിൽ സകലവും നശിച്ച പശ്ചിമജർമനി പെട്ടെന്ന് ഉയിർത്തെഴുന്നേററതിൻെറ രഹസ്യവും അതാണ്. ചുരുങ്ങിയ ഒരു കാലം കൊണ്ടു് ജപ്പാൻ വികസിതരാജ്യങ്ങളുടെ മുൻപന്തിയിൽ എത്തിയതും ഉദ്ദേശ്യപ്രേരിതമായ തൊഴിൽ വീക്ഷണം കൊണ്ടാണ്. "സിയോണിസ്റ്റ് പുരാണകഥകളിൽ" നിന്നും ഉൾക്കൊണ്ട ആവേശത്തോടെ ഇസ്രായേൽജനത അധ്വാനിച്ച്, മണലാരണ്യത്തെ പറുദീസയാക്കി മാററിയിരിക്കുകയാണ്. റഷ്യയും ചൈനയും പുതിയ പ്രത്യയശാസ്ത്രത്തിൽ നിന്നും ഉടലെടുത്ത ഉദ്ദേശ്യപ്രേരിതമായ കഠിനപ്രയത്നത്തിൽ കൂടി വമ്പിച്ച സാമ്പത്തികവളർച്ച കൈവരുത്തി. അങ്ങനെ വികസിതരാജ്യങ്ങളുടെ വളർച്ച കഠിനപ്രയത്നമെന്ന ശിലയിൽ പടുത്തുയർത്തിയിരിക്കുകയാണ് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഇന്ത്യയിലോ കേരളത്തിലോ ജനതയെ ഒന്നിപ്പിച്ച് കഠിനപ്രയത്നം ചെയ്യിപ്പിക്കുന്നതിനുതകുന്ന പ്രേരകങ്ങൾ ഒന്നുമില്ല. രാജ്യപുരോഗതി അത്യാവശ്യമാണെന്നുള്ള ലക്ഷ്യബോധം ജനിപ്പിക്കുന്നതിന് പര്യാപ്തമായ പ്രത്യയശാസ്ത്രമോ വിശ്വാസമോ ആശയങ്ങളോ വളർന്നിട്ടില്ല. ഓരോരുത്തരും "അവനവനിസത്തിൽ" മാത്രം വിശ്വസിക്കുന്ന ഒരു സാഹചര്യമാണിന്നുള്ളതു്. സ്വാതന്ത്ര്യസമരകാലത്തും ചൈനീസ് ആക്രമണകാലത്തും കണ്ട തരത്തിലുള്ള ഐക്യവും നിശ്ചയദാർഢ്യവും സാമ്പത്തികപുരോഗതിക്ക് അത്യാവശ്യമാണ്. അതു് വളർത്തിയെടുക്കാനുതകുന്ന തത്വസാഹിതകളോ ആഗ്രഹാശയങ്ങളോ വളരേണ്ടതു് അത്യാവശ്യമാണ്.

## കാരണങ്ങൾ

ശാരീരികപ്രയത്നത്തോടു് വിമുഖത ഉണ്ടാകാനുള്ള കാരണം എന്തെന്ന് പരിശോധിക്കാം. പാരമ്പര്യത്തിനും നേതൃത്വത്തിനും ഈ ചിന്താഗതി വളർത്തുന്നതിൽ ഉള്ള പങ്ക് ചൂണ്ടിക്കാണിക്കേണ്ടതാണ്.

## 1. പാരമ്പര്യം

കായികാധ്വാനത്തോടുള്ള വിമുഖത കേരളത്തിൻെറ പാരമ്പര്യമാണ്. മുമ്പുകാലങ്ങളിൽ കേരളസമുദായം പ്രവൃത്തിപരമായി രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. മേൽത്തട്ടിലുള്ള നമ്പൂതിരിമാർ ഈശ്വരചിന്ത, സമയം പോക്കുന്നതിനുള്ള കലാപ്രവർത്തനങ്ങൾ, വെടിപറയൽ, അലസത എന്നിവയിൽ മുഴുകിയിരുന്നു. വിസ്തൃതമായ ഭൂപ്രദേശങ്ങളുടെ ഉടമകളായിരുന്ന ഇവർക്ക് വേണ്ട വരുമാനം കിട്ടുന്നതിന് വ്യവസ്ഥ ചെയ്തിരുന്നതു കൊണ്ട്, ദുർവ്യയശീലങ്ങളും വളർന്നു. അങ്ങനെ, അലസതയും ദുർവ്യയവും സമുദായത്തിൻെറ മേൽത്തട്ടിലുള്ളവരുടെ വർഗസ്വഭാവമായിത്തീർന്നു. അതേ സമയം, മററുള്ളവർ നമ്പൂതിരിമാരെ തീററിപ്പോററുന്നതിനും തങ്ങളുടെ അഷ്ടിക്കുള്ളവ ഭൂമിയിൽ നിന്ന് ഉണ്ടാക്കുന്നതിനും ക്ലേശിച്ചിരുന്നു. ചുരുക്കത്തിൽ, കഠിനപ്രയത്നവും ദാരിദ്ര്യവും സമുദായത്തിലെ താഴെക്കിടയിലുള്ളവരുടെ വർഗസ്വഭാവമായിത്തീർന്നു. ആധുനികവ്യവസായങ്ങളിലും കച്ചവടങ്ങളിലും ഏർപ്പെട്ടതു കൊണ്ട് കുറേ പാവങ്ങളും ധനികരായി. അവരും ഉയർന്നവരുടെ വർഗസ്വഭാവം സ്വീകരിച്ച് മേൽത്തട്ടിലേക്ക് നുഴഞ്ഞു കയറി. ക്രമേണ ഉദാസീനതയും ആർഭാടച്ചെലവുകളും സാമ്പത്തികഉയർച്ചയുടെ പ്രത്യക്ഷലക്ഷണങ്ങൾ ആയി ജനം ധരിക്കാനിടയായി. ഉയർച്ചയാഗ്രഹിക്കുന്ന ദരിദ്രർ പോലും ഈ പ്രത്യക്ഷലക്ഷണങ്ങൾ സ്വീകരിച്ച് ഉന്നതത്വം അഭിനയിക്കുവാൻ തുടങ്ങി. അങ്ങനെ, തൊഴിലടിസ്ഥാനത്തിലുണ്ടായിരുന്ന വർണഭേദങ്ങൾ, ജനതയെ ഒന്നാകെ അലസരും കഠിനാധ്വാനവിദ്വേഷികളും ആക്കി. ആ പാരമ്പര്യം നാം ഇന്നും തുടരുകയാണ്.

## 2. നേതൃത്വം

കേരളീയർ അധ്വാനവിദ്വേഷികളാകാനുള്ള മറെറാരു കാരണം സമുദായനേതാക്കളുടെ ഉപദേശങ്ങളാണ്. ആരെയും അനിഷേധ്യനേതാക്കളായി അംഗീകരിക്കാൻ കേരളത്തിലുള്ളവർ തയ്യാറല്ല. എന്നാലും, രണ്ടു തരത്തിലുമുള്ള നേതാക്കൾ പറയുന്നത് എന്തെന്ന് ശ്രദ്ധിക്കാനും അവനവന് ഇഷ്ടമുള്ളടത്തോളം ആ ഉപദേശങ്ങൾ പ്രായോഗികമാക്കുവാനും ഉള്ള ഒരു പ്രവണത കാണുന്നുണ്ട്. രാഷ്ട്രീയനേതാക്കളും തൊഴിലാളിനേതാക്കളുമാണ് ഈ രണ്ടു ശ്രദ്ധേയർ.

## 3. രാഷ്ട്രീയനേതാക്കൾ

ഉദ്ദേശ്യപ്രേരിതമായ കഠിനാധ്വാനം ചെയ്ത് സാമ്പത്തികവികാസവും വ്യക്തിയുടെ വളർച്ചയും ഉണ്ടാക്കണമെന്ന് നിർബന്ധപൂർവം ആഹ്വാനം ചെയ്യുന്ന രാഷ്ട്രീയനേതാക്കളെ കേരളം ഇനിയും കാണേണ്ടിയിരിക്കുന്നു. അതിനു പകരം ഉദാസീനത, ദുർവ്യയം എന്നീ ജനമനസ്സിൻെറ പരമ്പരാഗ്രഹങ്ങളായ മുദ്ദലതന്ത്രികളിലാണ് അവർ വീണമീട്ടുന്നത്. ഓരോ രാഷ്ട്രീയപ്പാർട്ടിയും, തങ്ങൾക്കു വേണ്ടി വോട്ടു ചെയ്താൽ ഒരു നല്ല ജീവിതം പ്രദാനം ചെയ്യുന്ന ഗവണ്മെൻറ് ഉണ്ടാക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. ജനങ്ങൾ ഓരോ വോട്ടെടുപ്പിലും വോട്ടു ചെയ്ത ശേഷം വാഗ്ദാനം ചെയ്യപ്പെട്ട നല്ല ജീവിതമെന്ന് അവർ വിശ്വ

സിക്കുന്ന അലസതയിലേക്കും ദുർവ്യയത്തിലേക്കും വിരമിക്കുന്നു. അലസത നടമാടുമ്പോൾ മെച്ചപ്പെട്ട ജീവിതം ഒരു ഗവണ്മെൻറിനും പ്രദാനം ചെയ്യാൻ സാധ്യമല്ല. അതു കൊണ്ടു് പുതിയ വോട്ടെടുപ്പും പുതിയ ഗവണ്മെൻറും ഉണ്ടാക്കാൻ രഷ്ട്രീയനേതാക്കൾ വ്യഗ്രതപ്പെട്ടു് കൂടുതൽ കൂടുതൽ മിഥ്യയായ വാഗ്ദാനങ്ങൾ മത്സരബുദ്ധിയോടു കൂടി നൽകുകയാണു്. ഇതിൻെറ കൂടെ അന്യോന്യദൂഷണവർഷങ്ങളും കാലുവാരലും നിരന്തരസംഭവങ്ങളായിരിക്കുകയാണു്. അധികാരത്തിനും മന്ത്രിക്കസേരകൾക്കും വേണ്ടിയുള്ള രാഷ്ട്രീയച്ചൂതാട്ടം മാത്രമാണിതെല്ലാം. ഈ അന്തരീക്ഷത്തിൽ രാജ്യത്തിൻെറ സാമ്പത്തികപുരോഗതി ഇക്കൂട്ടർ ശ്രദ്ധിക്കാതിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. കേരളീയരുടെ മുഖ്യവ്യവസായം രാഷ്ട്രീയം കൈകാര്യം ചെയ്യുകയാണു്. അതിനിടയിൽ സാമ്പത്തികപുരോഗതിക്കാവശ്യമായ കഠിനപ്രയത്നം ഇല്ലാതെ പോകുന്നതിൽ അതിശയിക്കാനില്ല.

## 4. യൂണിയൻനേതാക്കൾ

തൊഴിലാളിയൂണിയൻനേതാക്കളാണു് നേതൃത്വം നൽകുന്ന മററൊരു പ്രധാനപ്പെട്ട വിഭാഗം. വാഗ്ദാനങ്ങൾ നൽകുന്നതിൽ അവരും പിൻപിലല്ല. അതു കൊണ്ടു് കൂടുതൽ വാഗ്ദാനങ്ങൾ കൊടുക്കുന്ന നേതാക്കളുടെ അണികളുടെ സംഖ്യാബലം, താല്ക്കാലികമെങ്കിലും, കൂടുതലാണു്. വ്യവസായങ്ങളിൽ, കഠിനാധ്വാനത്തിൻെറ കുറവു കാരണം ഉല്പാദനം വർധിക്കാത്തതു കൊണ്ടു്, ഇവരുടെ വാഗ്ദാനങ്ങളും പലപ്പോഴും പൊള്ളയാണു്.

ഇന്ത്യയിൽ തൊഴിലാളിയൂണിയനുകൾ രാഷ്ട്രീയനേതാക്കന്മാരാണു് സംഘടിപ്പിച്ചതു്. അതു കൊണ്ടു് യൂണിയനുകളിൽ ഒരു പ്രത്യേകരാഷ്ട്രീയചായ്‌വു് കാണാം. ഐ. എൻ. ടി. യു. സി, ഏ. ഐ. ടി. യു. സി, എച്ചു്. എം. എസ്, യു. ററി. യു. സി. എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണു്. ഇന്നും തൊഴിൽയൂണിയനുകൾ രാഷ്ട്രീയനേതാക്കളുടെ അധീനതയിലും നടത്തിപ്പിലും ആണു്. ഓരോ രാഷ്ട്രീയപ്പാർട്ടിക്കും അതിൻെറ തൊഴിലാളിയൂണിയനുണ്ടു്. പാർട്ടി പിളരുമ്പോൾ യൂണിയനും പിളരും. അങ്ങനെ വളരെയധികം യൂണിയനുകൾ ഉണ്ടായിട്ടുണ്ടു്. ഓരോ രാഷ്ട്രീയപ്പാർട്ടിയുടെയും പരിപാടികൾക്കും പ്രക്ഷോഭണങ്ങൾക്കും യൂണിയൻ കൂട്ടു നിൽക്കുകയും വേണം, ഇതു കൊണ്ടാണു്, സ്വാതന്ത്ര്യലബ്ധിക്കു ശേഷം തൊഴിൽത്തർക്കങ്ങളും നഷ്ടപ്പെട്ട തൊഴിൽദിനങ്ങളും നിരന്തരമായി വർധിച്ചതും ഉല്പാദനവും സാമ്പത്തികവളർച്ചയും മുതൽമുടക്കിനനുസരിച്ചുണ്ടാകാതിരുന്നിട്ടുള്ളതും.

പട്ടിക–9

## കേരളത്തിലെ വ്യവസായത്തർക്കങ്ങളും തൊഴിൽദിനനഷ്ടവും

| വർഷം | ജോലിനിർത്തി വച്ചത് എണ്ണം | ബന്ധപ്പെട്ട തൊഴിലാളികൾ എണ്ണം | നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ എണ്ണം |
|---|---|---|---|
| 1950—51 | 113 | 30,582 | 2,53,142 |
| 1951—52 | 188 | 1,21,463 | 5,83,960 |
| 1952—53 | 121 | 30,116 | 2,12,125 |
| 1953—54 | 78 | 93,781 | 5,19,398 |
| 1954—55 | 294 | 1,30,970 | 6,36,287 |
| 1955—56 | 117 | 86,502 | 2,67,981 |
| 1956—57 | 144 | 1,11,214 | 2,04,730 |
| 1957—58 | 591 | 1,49,667 | 12,22,378 |
| 1958—59 | 253 | 1,11,214 | 10,10,655 |
| 1959—60 | 96 | 19,757 | 1,23,910 |
| 1960—61 | 111 | 87,946 | 5,81,302 |
| 1961—62 | 111 | 41,459 | 2,14,612 |
| 1962—63 | 84 | 1,00,156 | 20,60,951 |
| 1963—64 | 109 | 34,348 | 1,61,969 |
| 1964—65 | 134 | 42,759 | 5,51,222 |
| 1965 | 195 | N. A. | 7,85,093 |
| 1966 | 289 | ” | 22,87,367 |
| 1967 | 297 | ” | 23,72,853 |
| 1968 | 296 | ” | 24,26,681 |

അവലംബം:—N. A. = Not Available (ഉപലഭ്യമല്ല)

1. Dr. K. Ramachandran Nair—Industrial Relations in Kerala
2. Kerala Labour and Industries Review—July 1969

മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകൾ സ്വയം സംസാരിക്കുന്നവയാണ്. 1950-51-നെ അപേക്ഷിച്ച് തൊഴിൽദിനങ്ങൾ പത്തിരട്ടിയാണ് 1968-ൽ നഷ്ടപ്പെട്ടത്. കമ്മ്യൂണിസ്റ്റ്ഭരണം ഉണ്ടായിരുന്ന 1957–59 കാലത്തും 1967–68 കാലത്തും ആണ് ഏററവും കൂടുതൽ തൊഴിൽദിനനഷ്ടം ഉണ്ടായിട്ടുള്ളത്. രാഷ്ട്രീയനേതാക്കളുടെ പങ്ക് പ്രകടമാക്കുന്ന കണക്കുകളാണവ.

ഇന്ത്യയിലെ രാഷ്ട്രീയച്ഛായയ്‌വുള്ള തൊഴിൽയൂണിയനുകഠം "പണിമുടക്കുകളെയും പ്രത്യക്ഷസമരങ്ങളെയും അമിതമായി ആശ്രയിക്കുന്നു" എന്നു് "ഇക്കണോമിക്‌ടൈംസ്" എഴുതുകയുണ്ടായി. കേരളത്തിലും ഇതേ പ്രവണത കാണുന്നുണ്ടു്. അവശതകഠം പരിഹരിക്കുന്നതിനു വേണ്ടിയും രാഷ്ട്രീയഉദ്ദേശ്യങ്ങഠംക്കു വേണ്ടിയും യൂണിയനുകഠം നിരന്തരമായി തൊഴിൽത്തർക്കങ്ങഠം ഉണ്ടാക്കുകയും മെല്ലെപ്പോക്കുനയം നടപ്പാക്കുകയും ചെയ്യുന്നു. കേരളത്തിലെ എല്ലാത്തരം തൊഴിലാളികളുടെ ഇടയിലും ഈ പ്രവണത കാണുന്നുണ്ടു്. ശമ്പളവർധനവിനും മററു് ആനുകൂല്യങ്ങഠംക്കുമായി കോളേജ്‌പ്രൊഫസർ മുതൽ കൂലിക്കാർ വരെ (പോലീസുകാരുഠംപ്പെടെ) ഉള്ളവർ മുദ്രാവാക്യങ്ങളുമായി അടിക്കടി തെരുവിലിറങ്ങാറുണ്ടു്. പലപ്പോഴും ഈ പ്രകടനങ്ങഠം രാഷ്ട്രീയപ്രേരിതവുമാണു്.

സമരങ്ങളും മെല്ലെപ്പോക്കുനയങ്ങളും കാരണം കേരളത്തിലെ തൊഴിലാളിയുടെ കാര്യക്ഷമത വളരെ കുറഞ്ഞിട്ടുണ്ടു്. കുട്ടനാടൻ പാടങ്ങളിൽ ഇന്നുള്ള ആറുമണിക്കൂർ തൊഴിൽദിനം അഞ്ചുമണിക്കൂറാക്കാൻ ആണു് തൊഴിലാളി ആഗ്രഹിക്കുന്നതു്. ഇന്നു് ആറുമണിക്കൂർ കൊണ്ടു് ചെയ്യുന്ന ജോലി രണ്ടു ദശകങ്ങഠംക്കു മുമ്പു് രണ്ടു മണിക്കൂർ കൊണ്ടു് ചെയ്തു തീർക്കുമായിരുന്നു. അത്രയ്ക്കു് കാര്യക്ഷമത കുറഞ്ഞിട്ടുണ്ടു്. ഈ പ്രവണത രാഷ്ട്രീയപ്രേരിതമാണു്. ഏതായാലും, ഇതു് സാമ്പത്തികവളർച്ചയെ സാരമായി ബാധിക്കുന്നുണ്ടു്. ലാഭം ഉദ്ദേശിച്ചു മുതൽ മുടക്കാൻ തയ്യാറാകുന്ന മുതലാളി നഷ്ടമാണു് അഭിമുഖീകരിക്കുന്നതു്. അതുകൊണ്ടു് കേരളത്തിൽ മൂലധനമുടക്കു് നടത്തുന്നതിലും ഭേദം വെറുതെ ഇരിക്കുകയാണു് എന്നു് സംഘാടകർ തീരുമാനിക്കുന്നെങ്കിൽ അതിശയിക്കേണ്ടതില്ല.

## ഉപസംഹാരം

കേരളത്തിൻെറ സാമ്പത്തികവളർച്ചയും വ്യാവസായീകരണവും നടക്കാത്തതിൻെറ പ്രധാനകാരണം, മുതൽമുടക്കിനുള്ള വിഭവങ്ങളുടെ അപര്യാപ്തതയല്ല, പ്രത്യുത ഉദ്ദേശ്യപ്രേരിതമായ കഠിനാധ്വാനത്തിൻെറ അഭാവമാണെന്നു് മുകളിൽ വിശദീകരിക്കുകയുണ്ടായി. ഈ കുറവു് ഒരു രാഷ്ട്രീയ–സാമുദായികപ്രശ്നമാണെന്നും വ്യക്തമാക്കി. ഇതു് പരിഹരിക്കുന്നതിനു് ഒരു ഉറച്ച ഗവണ്മെൻറും പ്രായോഗികവീക്ഷണമുള്ള രാഷ്ട്രീയനേതൃത്വവും അനിവാര്യമാണു്.

എന്നാൽ, രാജ്യശ്രേയസ്സിനു് പര്യാപ്തമായേക്കാവുന്ന ഒരു ആധുനികപ്രവണത സാമൂഹ്യചക്രവാളത്തിൽ ഒരു രജതരേഖ പോലെ കാണാം. യുവത്വം സമുദായത്തിലെ ഫ്യൂഡലിസ്റ്റിക്കു് പാരമ്പര്യങ്ങളും കാപട്യങ്ങളും തുടച്ചുമാററുന്നതിനു് തുനിഞ്ഞിറങ്ങിയിരിക്കുകയാണെന്നു് തോന്നുന്നു. സ്വാർഥമായ കാര്യങ്ങഠംക്കു വേണ്ടി മാത്രം നിലകൊണ്ടിരുന്ന പല പഴയ നേതാക്കളെയും അവർ തുത്തെറിയുകയോ അവരുടെ പഴഞ്ചൻ അഭിപ്രായങ്ങളെ ആധുനികമാക്കുകയോ ചെയ്യുന്നു. കേരളത്തിൽ അടുത്ത കാലങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകഠം ഇതിൻെറ പ്രത്യക്ഷപ്രകടനങ്ങളാണു്. ഗ്രാമങ്ങളിലും സംഘടിതരായ യുവാക്കഠം ഈ പ്രക്രിയയിലേർപ്പെട്ടിരിക്കുന്നതു് ശുഭോദർക്കമാണു്. കാലാന്തരത്തിൽ, ഈ

പ്രവണതകരം, കഠിനാധ്വാനത്തിന്റെ മാഹാത്മ്യം ഉയർത്തുകയും ഉദ്ദേശ്യപ്രേരിതമായ ഒരു ജനതയെ വാർത്തെടുക്കുകയും ചെയ്യേണ്ടതാം. രാജ്യത്തിന്റെ സാമ്പത്തികവളർച്ച കൈവരുത്തുന്നതിനുതകുന്ന രീതിയിൽ ഈ സംഭവവികാസങ്ങളെ തിരിച്ചു വിടുന്നതിനുള്ള ബുദ്ധിയും കാഴ്ചപ്പാടും യുവതലമുറക്കുണ്ടാകട്ടെ.

പ്രൊഫസർ ജോസഫ് കെ. അലക്സാൻഡർ

# 23

## കേരളത്തിൻെറ വ്യാവസായികമായ പിന്നോക്കാവസ്ഥ-അതിൽ നിന്നുള്ള മോചനമാർഗം

പ്ലാനിങ്ങ്കമ്മിഷൻ ഇയ്യിടെ പൊട്ടിച്ച ഒരു "ഗുണ്ടിൻെറ" ചെമ്പ് പുറത്താക്കുകയും മൂന്നു പഴയ കള്ളക്കഥകൾ തകർക്കുകയും ആണ് ഈ പ്രബന്ധത്തിൻെറ ലക്ഷ്യം.

### പുതിയ ഗുണ്ട്

എന്തെന്നാൽ കേരളം വ്യാവസായികമായി പിന്നണിയിൽ കിടക്കുന്ന ഒരു സംസ്ഥാനമല്ല, മറിച്ച് ഇന്ത്യയിലെ വികസിതസംസ്ഥാനങ്ങളിൽ ഒന്നാണത്രേ (പിന്നണിപ്രദേശങ്ങൾ വേർതിരിച്ചറിവാനുള്ള പ്രവർത്തനക്കമ്മിററിയുടെ റിപ്പോർട്ട്–പ്ലാനിങ്ങ്കമ്മിഷൻ).

### രണ്ടു പഴയ കള്ളക്കഥകൾ

(1) ഭൗതികവിഭവങ്ങളുടെ അഭാവം, വ്യവസായികളുടെ ദൗർലഭ്യം, തൊഴിലാളികളുടെ അച്ചടക്കരാഹിത്യം എന്നിവയാണ് കേരളത്തിൻെറ പിന്നോക്കാവസ്ഥക്കു കാരണം എന്നു പറയുന്നവരുണ്ട്.

(2) കേന്ദ്രസർക്കാരിൻെറ ഇന്നത്തെ വ്യവസായനയങ്ങൾ മാററാതെ തന്നെ, സാമൂഹ്യ–സാമ്പത്തികഘടനയിൽ പുരോഗമനപരമായ പരിവർത്തനങ്ങൾ വരുത്താതെ തന്നെ, കേരളത്തെ ത്വരിതഗതിയിലും വ്യാപകമായും വ്യവസായവൽക്കരിക്കാം എന്നു പറയുന്നവരുമുണ്ട്.

### വസ്തുതകൾ

സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം നമ്മുടെ രാഷ്ട്രം നേരിട്ടിട്ടുള്ള ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് ഇന്ത്യൻ യൂണിയനിലെ വിവിധസംസ്ഥാനങ്ങളുടെയും പ്രദേശങ്ങളുടെയും വളർച്ചയിലുള്ള അസമത്വം. രാഷ്ട്രത്തിൻെറ ഐക്യത്തിനു തന്നെ ഇതു് ഒരു ഭീഷണിയായി തീർന്നിരിക്കുന്നു. സംസ്ഥാനങ്ങളിലെ ആളോഹരിവരുമാനം, പൊതുധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വിഭവങ്ങളുടെ ഒഴുക്ക്, കേന്ദ്രപദ്ധതികളുടെ സ്ഥാനങ്ങൾ, സ്വകാര്യവ്യവസായങ്ങളുടെ സ്ഥാനം നിർണയിക്കുന്ന രീതി എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും നയങ്ങളിലും ആസൂത്രണപരിപാടികളിലും എന്തോ അടി

സ്ഥാനപരമായ തകരാറുണ്ടെന്നു് ചിന്തിക്കുന്നവരെയെല്ലാം ബോധ്യമാക്കിയിട്ടുണ്ടു്. കേരള പ്ലാനിങ്ങ്ബോർഡു് ഇന്ത്യാഗവണ്മെൻറിനും പ്ലാനിങ്ങ്കമ്മിഷനും ദേശീയവികസനസമിതിക്കും നൽകിയ "നാലാം പഞ്ചവത്സരപദ്ധതിക്കുള്ള ബദൽനയങ്ങൾ" എന്ന രേഖയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ടു്.

1968 സെപ്തംബർ 13-നു് കൂടിയ ദേശീയവികസനസമിതിയുടെ കമ്മററിയോഗത്തിൽ പ്രാദേശികാസമത്വങ്ങളുടെ പ്രശ്നത്തെപ്പററി പഠിക്കുവാനായി പ്രവർത്തകഗ്രൂപ്പുകൾ ഉണ്ടാക്കണമെന്നു് തീരുമാനിക്കുകയുണ്ടായി. NDC കമ്മററിയുടെ ഈ തീരുമാനം നടപ്പിൽ വരുത്തിയപ്പോൾ പ്ലാനിങ്ങ് കമ്മിഷൻ ഗുരുതരമായ ഒരു തെററു ചെയ്തു: ഏതാനും സംസ്ഥാനസർക്കാരുകളിലെ (ഏതടിസ്ഥാനത്തിലാണു് തിരഞ്ഞെടുത്തതു് എന്നു് നമുക്കറിഞ്ഞുകൂട) ഉദ്യോഗസ്ഥന്മാർ മാത്രമുള്ള ഒരു പഠനഗ്രൂപ്പാണു് അവർ രൂപീകരിച്ചതു്. അതിൻെറ ചെയർമാൻ ഒരു ഐ. സി. എസ്. ഉദ്യോഗസ്ഥനും! പ്ലാനിങ്ങ് കമ്മിഷൻെറ സെക്രട്ടറി ബി. ഡി. പാണ്ഡെയല്ലാതെ മററാരുമായിരുന്നില്ല ഇതു്. മധ്യപ്രദേശ്, ആന്ധ്രപ്രദേശ്, ഒറീസ്സ, രാജസ്ഥാൻ, ആസ്സാം എന്നീ സംസ്ഥാനങ്ങൾ കമ്മററിയിൽ പ്രതിനിധീകരിക്കപ്പെട്ടു. പിന്നോക്കസംസ്ഥാനങ്ങളായ കേരളത്തിൻെറയും മൈസൂറിൻെറയും പ്രതിനിധികൾ കമ്മററിയിൽ ഉണ്ടായിരുന്നില്ല. എന്തെല്ലാമോ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചില സംസ്ഥാനങ്ങൾ വ്യാവസായികമായി പിന്നോക്കാവസ്ഥയിലാണെന്നു് ഒരു റിപ്പോർട്ടും കമ്മററി പുറത്തു കൊണ്ടുവന്നു. അത്ഭുതമെന്നു പറയട്ടെ, കമ്മററിയുടെ ദൃഷ്ടിയിൽ കേരളവും മൈസൂരും വ്യാവസായികമായി പുരോഗമിച്ച സംസ്ഥാനങ്ങളാണു്! കമ്മററിയംഗങ്ങളുടെ സ്വന്തം സംസ്ഥാനങ്ങൾ വ്യാവസായികമായി പിന്നോക്കാവസ്ഥയിലും!

പാണ്ഡെകമ്മററിറിപ്പോർട്ടു് മുഴുവൻ തെററാണു്; യാതൊരു ശാസ്ത്രീയാടിസ്ഥാനവുമില്ലാത്തതാണു്. വ്യാവസായികപിന്നോക്കാവസ്ഥ നിർണയിക്കാൻ റിപ്പോർട്ടിൽ തോന്നിയ ചില മാനദണ്ഡങ്ങൾ സ്വീകരിച്ചു; എല്ലാവരും പരിഗണിക്കുന്ന അനവധി മാനദണ്ഡങ്ങൾ അവർ വിട്ടുകളഞ്ഞു. ഗതാഗതസൗകര്യത്തിനു് അതിൽ, അമിതമായ പ്രാധാന്യം കല്പിച്ചു കാണുന്നു. കേരളത്തിലെ ഗതാഗതസൗകര്യം താരതമ്യേന മെച്ചപ്പെട്ടതാണെന്നതു് ശരിയാണു്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കേരളത്തിൽ ചതുരശ്രകിലോമീററർ ഒന്നിനു് കൂടുതൽ റോഡുകളുണ്ടു് എന്നതു കൊണ്ടു് അതിനെ വ്യാവസായികമായി പുരോഗമിച്ച ഒരു സംസ്ഥാനമായി കണക്കാക്കിയിരിക്കുകയാണു്. പല ഇനങ്ങളിലായി കിട്ടിയ സൂചകസംഖ്യകളുടെ ഏതാണ്ടു് ശരാശരിയെടുത്തു് കൂട്ടിച്ചേർത്തിരിക്കുകയാണു്. പ്ലാനിങ്ങ് കമ്മിഷനിലെ ഈ വിദഗ്ദ്ധസമിതിക്കു് ഏതു വിദ്യാർത്ഥിക്കും അറിയാവുന്ന "ഭാരിതശരാശരി" എന്ന സംഖ്യികീയകസമ്പ്രദായം പോലും അറിയാമായിരുന്നില്ല.

അശാസ്ത്രീയമായ ഈ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കേരളം വ്യാവസായികമായി പുരോഗമിച്ച സംസ്ഥാനമാണെന്നു് വിധി കല്പിച്ചിരിക്കയാണു്.

ഇതിൻെറ അടിസ്ഥാനത്തിൽ പ്രത്യേകസഹായത്തിനുള്ള കേരളത്തിൻെറ ന്യായമായ അവകാശം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഈ അനീതി നീക്കപ്പെടാനായി ശ്രമിക്കേണ്ടതു് കേരളത്തിൻെറ വികസനത്തിനു് ചുമതലപ്പെട്ട എല്ലാവരുടെയും കടമയാണ്.

## വികസനത്തിനു വേണ്ട വിഭവാടിസ്ഥാനങ്ങളും സാധ്യതകളും

ഇൽമനൈററ്, റൂട്ടൈൽ, മോണോസൈററ്, സിർക്കോൺ തുടങ്ങിയ വില പിടിച്ച ധാതുക്കാം മറെറങ്ങും കാണാത്ത വിധത്തിൽ സാന്ദ്രീകൃതമായി ഇവിടെ കാണപ്പെടുന്നു. കേരളതീരത്തിലെ ലോഹമണലുകാം വളരെക്കാലമായി പല വിദേശരാജ്യങ്ങളുടെയും അസൂയക്കു് പാത്രമായിരുന്നു; തങ്ങളുടെ പല വ്യവസായങ്ങാംക്കും അവർ ഈ മണലിലെ ധാതുക്കളെയാണ് ആശ്രയിച്ചിരുന്നതു്. പക്ഷെ, നിർഭാഗ്യമെന്നു പറയട്ടെ, ഈ ധാതുക്കാം യാതൊരു വിധത്തിലും സംസ്കരിക്കാതെ അതേപടി കയററി അയയ്ക്കുകയാണ് ചെയ്യുന്നതു്. അങ്ങനെ, അവ സംസ്കരിച്ചു് മററു് ഉല്പന്നങ്ങളാക്കി മാററുമ്പോാം ഉണ്ടാകുന്ന മൂല്യവർധന സംസ്ഥാനത്തിനു് നഷ്ടമാകുന്നു. അടുത്ത കാലത്തായി കോഴിക്കോട്ടപ്രദേശത്തു് കണ്ടുപിടിക്കപ്പെട്ട മേത്തരം മാഗ്നൈററ്നിക്ഷേപങ്ങാം, നമ്മുടെ വിഭവസമ്പത്തു് കൂടുതൽ വിപുലമാക്കിയിരിക്കുന്നു. കേരളത്തിൽ പറയത്തക്ക കൽക്കരി നിക്ഷേപങ്ങളൊന്നുമില്ലെങ്കിലും വ്യവസായങ്ങാംക്കു് ആവശ്യമായ ഊർജം, കൊല്ലം മുഴുവൻ ലഭിക്കുന്ന ചെലവു കുറഞ്ഞ ജലവിദ്യുച്ഛക്തിയിൽ നിന്നു കിട്ടുന്നതാണ്. 60 ശതമാനം ഭാരഗുണകത്തിൽ (ലോഡ്ഫാക്ടർ) പ്രവർത്തിക്കുമ്പോാം 200 ലക്ഷം കിലോവാട്ടു് ശക്തി ഉല്പാദിപ്പിക്കുവാൻ കേരളത്തിനു കഴിയുമെന്നു് കണക്കുകാം കാണിക്കുന്നു. ഇന്ത്യയിലൊട്ടാകെ 400 ലക്ഷം കിലോവാട്ടാണ് ലഭിക്കുന്നതു്. മേൽപ്പറഞ്ഞ വിഭവങ്ങാംക്കു പുറമെയാണ് കേരളത്തിൻെറ ബൃഹത്തായ കടൽവിഭവങ്ങാം. ഇപ്പോാം തന്നെ ഇന്ത്യയിലെ മൊത്തം സമുദ്രമത്സ്യബന്ധനത്തിൻെറ 40 ശതമാനം കേരളത്തിലാണ്; മത്സ്യോല്പന്നങ്ങളുടെ കയററുമതിയുടെ 85 ശതമാനവും കേരളത്തിൽ നിന്നാണ്; കേരളത്തിൻെറ കടൽത്തീരം വെറും 10 ശതമാനം മാത്രമായിരുന്നിട്ടും കൂടി. കരയിൽ നിന്നു് 10–20 കിലോമീററർ ദൂരം വരെയുള്ള കടലിൽ മത്സ്യബന്ധനം വൻതോതിൽ വികസിപ്പിക്കുന്നതിനും അനേകം സംസ്കരണശാലകളും ഉല്പാദനകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും സാധ്യതയുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

കേരളത്തിൻെറ മറെറാരു പ്രധാനവിഭവമാണ് വനസമ്പത്തു്. നിരവധി പേർക്കു തൊഴിൽ നൽകുന്ന പ്ലൈവുഡ്, കടലാസ്സ്, ന്യൂസ്പ്രിൻറു് തുടങ്ങി ധാരാളം വനാധിഷ്ഠിതവ്യവസായങ്ങാംക്കു് ഇവിടെ സാധ്യതയുണ്ടു്. ആനക്കൊമ്പടക്കമുള്ള മററനേകം ചെറുകിടവ്യവസായങ്ങാംക്കു് പുറമെയാണിതു്.

മാനുഷികവിഭവങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ മറെറാരു സംസ്ഥാനവും കേരളത്തോടു കിടനിൽക്കുകയില്ല. ഉയർന്ന സാക്ഷരതാവും സാങ്കേതികപരിജ്ഞാനമുള്ളവരുടെ സുലഭതയും കേരളത്തിലെ മാനുഷികവിഭവത്തിൻെറ മാററു കൂട്ടുന്നു. വ്യവസായസംഘടനാപാടവം കേരളത്തിൽ കുറവാ

ണെന്ന വാദവും വസ്തുതകൾക്ക് നിരക്കുന്നതല്ല. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലുള്ള വ്യവസായങ്ങൾക്ക് കേരളം നൽകിയിട്ടുള്ള വ്യവസായസംഘാടകരും മാനേജർമാരും മററും ഉയർന്ന നിലവാരം പുലർത്തുന്നവരാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള കമ്പനികളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ലിസ്ററ് പരിശോധിച്ചാൽ ഇതു് വ്യക്തമാകുന്നതാണ്. തൊഴിലാളികളുടെ അച്ചടക്കരാഹിത്യവും സമരങ്ങളും കേരളത്തിൽ പ്രത്യേകപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നതു് വളരെക്കാലമായി പ്രചരിപ്പിക്കുന്ന അസത്യമാണ്; മററു സംസ്ഥാനങ്ങളിലെ തൊഴിൽവിവരക്കണക്കുകളുമായി തട്ടിച്ചു നോക്കിയാൽ ഇക്കാര്യം വെളിവാകും.

എന്നിട്ടും, കേരളം വ്യാവസായികമായി ഇന്ത്യയിലെ ഏററവും പിന്നോക്കമായ സംസ്ഥാനങ്ങളിലൊന്നാണ്. മൊത്തം തൊഴിലാളികളുടെ എണ്ണത്തിൽ വ്യാവസായികത്തൊഴിലാളികളുടെ ശതമാനം, ഇന്ത്യയുടെ മൊത്തവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ കൂടുതലാണെന്ന് കാണാം. പക്ഷേ, ഇവരിൽ അധികം പേരും കയർ, കശുവണ്ടി, കൈത്തറി, ബീഡി മുതലായ പരമ്പരാഗതങ്ങളും ഉല്പാദനക്ഷമത കുറഞ്ഞതുമായ കൃഷ്യധിഷ്ഠിതവ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഇന്ത്യയിലെ ഒരു ശരാശരി ഫാക്ടറിത്തൊഴിലാളിക്കു കിട്ടുന്ന ദിവസക്കൂലി 6·10 രൂപയാണ്. ആ സ്ഥാനത്തു് കേരളത്തിലെ ഫാക്ടറിത്തൊഴിലാളിക്കു കിട്ടുന്ന ശരാശരി കൂലി 3·50 രൂപയിൽ കുറവാണെന്നു കാണുന്നു. ഓരോ തൊഴിലാളിക്കും വേണ്ടി നിക്ഷേപിക്കുന്ന മൂലധനത്തിൻെറ കണക്കിൽ നിന്നും കേരളത്തിലെ വ്യവസായത്തിൻെറ പിന്നോക്കാവസ്ഥ തെളിയും. ഇന്ത്യൻ ശരാശരി 5830 ക. / തൊഴിലാളി ആയിരിക്കേ കേരളത്തിലെ ശരാശരി 3737 ക. / തൊഴിലാളി ആകുന്നു.

### ഈ സമ്പ്രദായത്തിൻെറ പൊരുൾ

ഇന്നത്തെ സാമൂഹ്യ–സാമ്പത്തികവ്യവസ്ഥിതിക്കു കീഴിൽ തന്നെ പ്രാദേശികാസമത്വങ്ങൾ നീക്കാമെന്ന് പ്ലാനിങ്ങ് കമ്മിഷനും കേന്ദ്രഗവണ്മെൻറും പ്രചരണം നടത്തിയിട്ടുണ്ട്. പക്ഷേ, ഏറെക്കാലം അതു നടന്നില്ല. കമ്മിഷൻെറ ഡെപ്യൂട്ടി ചെയർമാൻ ശ്രീ ഡി. ആർ. ഗാഡ്ഗിൽ ഒരു പ്രൊഫസ്സർ കൂടിയായിരുന്നു. പ്രൊഫസ്സറുടെ ദൃഷ്ടിയിൽ കൂടി നോക്കിയപ്പോൾ അദ്ദേഹത്തിനു സത്യം കാണേണ്ടി വന്നു.

"ഇവിടെ ഒരു കുഴപ്പം നേരിടുന്നു. വലിയ കമ്പനികൾക്കാണ് വിദേശസഹകരണം നേടാനും പുതിയ പുതിയ തുറകളിലേക്ക് വികസിക്കുവാനും ഏററവും അധികം സൗകര്യം. അതിനാൽ, അവരിൽ കൂടെയായിരിക്കും എളുപ്പത്തിലും വേഗത്തിലും വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ കഴിയുക എന്നു തോന്നിയേക്കാം. അങ്ങനെ ചെയ്യുമ്പോഴാകട്ടെ, സമ്പത്തിൻെറയും സാമ്പത്തികശക്തിയുടെയും കേന്ദ്രീകരണം കൂടുതൽ ശക്തമാകുന്നു." *

* Planning Commission, Fourth Five Year Plan, 1969–1974, p. 14.

"സോഷ്യലിസ"മെന്നും പുരോഗമനനയങ്ങളെന്നും മററുമുള്ള മറകൾക്ക പിന്നിൽ വൻകിടബിസിനസ്സുകാരെ സഹായിക്കുന്നതും വിദേശമൂലധനത്തെയും സഹകരണത്തെയും പ്രോത്സാഹിപ്പിക്കുന്നതുമായ ഒരു നയമാണ് ഇന്ത്യാഗവണ്മെൻറ് തുടരുന്നത്. "സോഷ്യലിസ്ററ്മാതൃക" എന്ന പേരിൽ ഇന്ത്യയിൽ ഇതേ വരെ ശക്തിപ്പെടുത്തി പ്രോത്സാഹിപ്പിച്ചിരുന്ന സമ്പദ്‌വ്യവസ്ഥ, വർധിച്ചു വരുന്ന കുത്തകകളുടെയും കേന്ദ്രീകരണത്തിൻെറയും അടിസ്ഥാനത്തിലുള്ള മുതലാളിത്ത-നാടുവാഴിത്തവ്യവസ്ഥയാണ്. ഈ പ്രവണത പിൻതിരിപ്പിച്ചില്ലെങ്കിൽ ദേശീയാസമത്വങ്ങൾ കുറയ്ക്കാനും പിന്നാക്കപ്രദേശങ്ങൾ വ്യവസായവൽക്കരിക്കുവാനും സാധ്യമല്ല.

അസമാനങ്ങളായ പ്രാദേശികവികസനവും വിവിധവർഗങ്ങൾക്കിടയിലെ അസമത്വവും മുതലാളിത്തവ്യവസ്ഥയുടെ അടിസ്ഥാനനിയമങ്ങളാണ്. മുതലാളിത്തവ്യവസ്ഥിതിയിലെ വികസനനിയമങ്ങളെയും മൂലധനനിക്ഷേപസമ്പ്രദായങ്ങളെയും പററിയുള്ള പൂർണമായ അജ്ഞതയിൽ നിന്നു മാത്രമാണ്, ഇന്നത്തെ സാമൂഹ്യ-സാമ്പത്തികവ്യവസ്ഥകളുള്ളിൽ നിന്ന് കൊണ്ടു തന്നെ കേരളത്തിനെപ്പോലെ വ്യാവസായികമായി പിന്നോക്കമായ സംസ്ഥാനങ്ങളെ വേഗത്തിൽ വ്യവസായവൽക്കരിക്കാം എന്ന വ്യാമോഹം ഉടലെടുക്കുന്നത്.

വഴിക്കുവഴിയായി വന്ന കേരളത്തിലെ വ്യവസായമന്ത്രിമാരെല്ലാം തന്നെ ഇന്നത്തെ വ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിലും കേന്ദ്രഗവണ്മെൻറിൻെറ മുതലാളിത്തനയത്തിൻ കീഴിലും നിന്നു കൊണ്ടു തന്നെ കേരളത്തെ അതിവേഗത്തിൽ വ്യവസായവൽക്കരിക്കാമെന്ന് വീമ്പു പറഞ്ഞിരുന്നു; പക്ഷേ അവ നിഷ്ഫലപ്രസ്താവനകളുടെ ആവർത്തനം മാത്രമായി പരിണമിച്ചിരിക്കുകയാണ്. എന്തു കൊണ്ടെന്നാൽ, മുതലാളിത്തവ്യവസ്ഥയിൻ കീഴിൽ പിന്നോക്കനിലയിൽ കിടക്കുന്ന ഒരു കാർഷികസമ്പദ്‌വ്യവസ്ഥയുടെ ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണം (ജപ്പാൻെറയോ മറേറതെങ്കിലും രാജ്യത്തിൻെറ സഹായത്തോടെയോ അല്ലാതെയോ ആകട്ടെ) സാമ്പത്തികപ്രതിസന്ധിയുടെ മൂർച്ഛനം, വിലക്കയററം, തൊഴിലില്ലായ്മ, ജനങ്ങൾക്കുള്ള വിഷമങ്ങൾ, തൊഴിലാളികളുടെ മേലുള്ള ചൂഷണത്തിൻെറ വർധന എന്നിവയിൽ കൂടി മാത്രമേ സാധ്യമാകൂ. ഈ ഏടാകൂടത്തിൽ നിന്നും രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗം കേന്ദ്രഗവണ്മെൻറിൻെറ മുതലാളിത്തനയങ്ങളെ എതിർത്തു് സോഷ്യലിസത്തിലേക്കു നീങ്ങുകയെന്നതാണ്. ഈ അർഥത്തിൽ കേരളത്തിൻെറ വ്യവസായവൽക്കരണം ഇന്ത്യയുടെ മുഴുവൻ ഭാവിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ഡോക്ടർ കെ. മാത്യുകുരിയൻ എം. പി.

# 24

## കേരളത്തിൻെറ വ്യവസായവളർച്ചയ്ക്ക് തടസ്സമായിട്ടുള്ള ഘടകങ്ങൾ

അഭിപ്രായവ്യത്യാസങ്ങൾക്കിടയില്ലെന്ന് വിശ്വസിക്കുന്ന ചില ധാരണകളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഈ പ്രബന്ധം തുടങ്ങുന്നത്. കേരളത്തിൻെറ വികസനം ഒരു പ്രശ്നമായി അവശേഷിക്കുന്നത് ഇവിടത്തെ പ്രകൃതിവിഭവങ്ങൾ, വ്യവസായസാധ്യതകൾ, മനുഷ്യശക്തി എന്നിവ ദീർഘകാലമായി ശരിയായ രീതിയിൽ ഉപയോഗിക്കാത്തതു മൂലമാണ്. ഇതിൻെറയെല്ലാം ഫലമായി ഇന്ന് അതികഠിനമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്നു. കേരളത്തിന് വിശാലമായ കൃഷിഭൂമിയും നാണ്യവിളകൾ നന്നായി ഉണ്ടാകുന്ന സമൃദ്ധമായ ഉൾപ്രദേശങ്ങളും ഉണ്ട്. ഇതു് രാജ്യത്തിൻെറ വിദേശീയവിനിമയത്തിനും കയററുമതിയിൽ കൂടി നല്ലൊരു തുക സമ്പാദിക്കുന്നതിനും സഹായകമാണ്. എന്നിട്ടും കേരളീയർ പൂർണമായും തൊഴിൽവ്യാപൃതരല്ലെന്നു മാത്രമല്ല ആയിരക്കണക്കിനാളുകൾ തൊഴിൽരഹിതരായിരിക്കുകയുമാണ്. ഇതു് വിദ്യാഭ്യാസത്തിൻെറ കുറവു കൊണ്ടോ കയർവ്യവസായ വൈദഗ്ധ്യത്തിൽ നൈസർഗികമായ അഭിരുചി ഇല്ലായ്മ കൊണ്ടോ അല്ല.

### ജനസംഖ്യാസ്ഫോടനം

കേരളത്തിലെ ജനപ്പെരുപ്പം അവഗണിക്കാൻ സാധ്യമല്ലാത്ത രീതിയിലുള്ള ഒരു പ്രശ്നമാണ്. ഇവിടെ കൊടുക്കുന്ന സ്ഥിതിവിവരക്കണക്കുകളിൽ നിന്ന് ഇതു് മനസ്സിലാക്കാവുന്നതാണ്. ഇന്ത്യാരാജ്യത്തിൻെറ 1·187% മാത്രം വിസ്താരമുള്ള കേരളത്തിൽ 1961–ൽ രാഷ്ട്രത്തിലെ മൊത്തത്തിലുള്ള ജനസംഖ്യയുടെ 3·85% ഉണ്ടായിരുന്നു. കേരളത്തിലെ ജനസംഖ്യ 1901–1961 കാലയളവിൽ 64 ലക്ഷത്തിൽ നിന്നും 169 ലക്ഷമായി വർധിച്ചു–164 ശതമാനം വർധനവു്. ഇതേ സമയം ഇന്ത്യയിലെ ജനസംഖ്യ 2384 ലക്ഷത്തിൽ നിന്നും 4392 ലക്ഷമായി വർധിച്ചു–84·2% വർധനവ്. കണക്കനുസരിച്ച് 1901–ലെ ഓരോ വ്യക്തിയുടെയും സ്ഥാനത്തു് 1966 ആയപ്പോഴേക്കും മൂന്നു വ്യക്തികളുണ്ടായി. ഈ കാലഘട്ടത്തിൽ കേരള സംസ്ഥാനത്തു് ഏറെക്കുറെ വ്യവസായവൽക്കരണവും, കെമിക്കലുകൾ, മെററലർജി, യന്ത്രോപകരണങ്ങൾ, റബ്ബർ, സിറാമിക്സ് മുതലായവയുടെ ഉല്പാദനകേന്ദ്രങ്ങളും ഉണ്ടായെങ്കിലും കൂടി വന്ന ജന

പ്പെരുപ്പം ഇവയെയെല്ലാം പൂർണമായും നിഷ്പ്രഭമാക്കിക്കളയുകയാണുണ്ടായതു്. കേരളത്തിലെ ജനപ്പെരുപ്പം കൊണ്ടുണ്ടാകുന്ന ഈ സ്ഥിതിവിശേഷത്തിനു് ഇവിടത്തെ ബുദ്ധിജീവികൾ അവരുടെ പങ്കു് ശരിയായ രീതിയിൽ നിർവഹിച്ചില്ലെങ്കിൽ ഇന്ത്യയിൽ കേരളത്തിലായിരിക്കും ആദ്യമായി ജനസംഖ്യാസ്ഫോടനം ഉണ്ടാകുന്നതു്. അതിൻെറ തിരിച്ചടി രാജ്യമെങ്ങും അലയടിക്കും. കേരളീയരെ, തിളയ്ക്കുന്ന ഒരു പാത്രത്തിനു ചുററും നട്ടം തിരിയുന്നവരായിട്ടാണു് സത്യത്തിൽ ഞാൻ കരുതുന്നതു്. ഇതിനെ ശമിപ്പിക്കുവാൻ ഒന്നും തന്നെ ചെയ്യുന്നില്ലെങ്കിൽ ചുററുമുള്ളവരെല്ലാം നശിച്ചു പോയെന്നു വന്നേക്കാം. എന്തു കൊണ്ടെന്നാൽ പ്രക്ഷുബ്ധരായ ജനങ്ങൾ നിരാശയുടെ പേരിൽ നമ്മുടെ സ്വാതന്ത്ര്യത്തെയും ഡെമോക്രാററിക് സ്ഥാപനങ്ങളെയും തകർക്കത്തക്ക രീതിയിൽ പ്രവർത്തിക്കുമെന്നുള്ളതു തന്നെ.

## സംസ്ഥാനത്തിലെ മുതൽമുടക്കിൻെറ താഴ്ന്ന അനുപാതം

രാജ്യാടിസ്ഥാനത്തിലുള്ള കേരളീയരുടെ സംഭാവനകളെ കണക്കിലെടുക്കുമ്പോൾ അവരുടെ തന്നെ സംസ്ഥാനത്തു് ലഭ്യമായിട്ടുള്ള തൊഴിലവസരങ്ങൾ സ്വീകരിച്ചു് അവർക്കു് ഇന്നു് നിലവിലുള്ള അതൃപ്തികരമായ സ്ഥിതിവിശേഷം മാററി സ്ത്രീകൾക്കും പുരുഷന്മാർക്കും നല്ലൊരു ഭാവി ഉണ്ടാക്കികൊടുക്കാൻ സാധിച്ചേക്കും എന്നു കരുതാം. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ കുറച്ചൊക്കെ വ്യവസായവൽക്കരണം ഈ സംസ്ഥാനത്തു് നടന്നുവെങ്കിലും അതു് വേണ്ടുവോളം ആയില്ല എന്നു മാത്രമല്ല, തുടർന്നുള്ള ഈ രംഗത്തെ പ്രവർത്തനങ്ങൾ വളരെ സാവധാനത്തിലുമായിരുന്നു. ഇതു് വ്യക്തമാക്കുന്ന ചില കണക്കുകൾ ഇന്ത്യയുടെതുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം എവിടെ നിൽക്കുന്നു എന്നുള്ളതിൻെറ ഒരു സൂചന കൂടി ലഭിക്കും. 1966 ജൂൺ 30 വരെ കേരളത്തിൽ ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷൻ 10·68 കോടി രൂപയുടെ വ്യവസായ സാമ്പത്തികവിതരണം നടത്തി, 13 യൂണിററുകളിലായി. എന്നാൽ അതേ സമയം ഇന്ത്യയിൽ 430 യൂണിററുകളിലായി 282·75 കോടി രൂപ ഈ വഴിയ്ക്കു് ചെലവഴിച്ചു. അങ്ങനെ കേരളത്തിൻെറ വിഹിതം 3·7% ആയിരുന്നു. കേരളത്തിലെ വ്യവസായങ്ങൾക്കു് 31–12–66 വരെ ഐ. സി. ഐ. സി. ഐ. യുടെ സംഭാവന 9 യൂണിററുകളായിരുന്നു. അവയ്ക്കു് 1·96 കോടി രൂപയുടെ ധനസഹായം കിട്ടി. ഇതു് രാജ്യത്താകെ 425 യൂണിററുകൾക്കു നല്കിയ 178 കോടി രൂപയുടെ 1·1% മാത്രമായിരുന്നു. 1965–66 കാലങ്ങളിൽ കേരളസ്റ്റേററ് ഫിനാൻസ് കോർപ്പറേഷൻ 45 കോടി രൂപയുടെ ലോൺ വിതരണം ചെയ്തതായിട്ടു കാണുന്നു. എന്നാൽ, ഇതു് ഇന്ത്യാരാജ്യത്തെ സ്റ്റേററ് ഫിനാൻസ് കോർപ്പറേഷനുകൾ ചെലവഴിച്ചതുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ വെറും 2·3% മാത്രമാണെന്നു മനസ്സിലാക്കാം. ലഭിക്കാവുന്ന വ്യവസായസാമ്പത്തികസഹായത്തിൻെറ നല്ലൊരു വിഹിതം എന്തു കൊണ്ടു് നമുക്കു് ലഭിക്കുന്നില്ല? അതായതു്, എന്തു കൊണ്ടു് പുതിയ വ്യവസായങ്ങൾ കേരളത്തിൽ മററു പലയിടത്തും ആരംഭിക്കുന്നതു പോലെ ആരംഭിക്കുന്നില്ല എന്നു ഞാൻ ചോദിക്കുകയാണു്.

## വ്യവസായവളർച്ചയ്ക്കു വേണ്ട അദൃശ്യശക്തി

കേരളത്തിലെ വ്യവസായരംഗത്തു് ഇന്ത്യയിലെ മൊത്തമുള്ള മനുഷ്യാധ്വാനത്തിൻെറ ഒരു നല്ല ഭാഗം ഉണ്ടെങ്കിലും, ഇവിടത്തെ വ്യവസായഘടനയെ കുറിച്ചുള്ള ഒരു വിചിന്തനം മിക്ക വ്യവസായങ്ങളുടെയും പിന്നോക്കനിലയെ തെളിയിക്കുവാൻ ഉതകുന്നതാണു്. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ വ്യവസായങ്ങൾ, കാർഷികാടിസ്ഥാനത്തിലുള്ള പാരമ്പര്യവ്യവസായങ്ങൾ എന്നീ ഉല്പാദനം കുറഞ്ഞ വ്യവസായരംഗങ്ങളിൽ കൂടുതൽ തൊഴിലാളികൾ പ്രവൃത്തി എടുക്കുന്നു. ഓരോ തൊഴിലാളിക്കും കേരളത്തിലെ വ്യവസായരംഗത്തെ മുതൽമുടക്കു് ·3737 രൂപയാണെങ്കിൽ ഇന്ത്യ മൊത്തത്തിൽ ഇതു് ·5830 രൂപയാണു്. ഇതിൽ നിന്നും കേരളത്തിലെ വ്യവസായരംഗത്തെ പിന്നാക്കസ്വഭാവം മനസ്സിലാക്കാവുന്നതാണു്.

ഇൽമനൈററു്, മോണോസൈററ്, സിലിമിനൈററ്, ചൈനാകളിമണ്ണു് തുടങ്ങിയ അപൂർവമിനറലുകളുടെ ശേഖരം കേരളത്തിൽ കൂടുതലായിട്ടുണ്ടു്. നല്ലയിനം മാഗ്നറ്ററയിററു്അയിരു് കോഴിക്കോട്ടു് ഭാഗത്തു് ഉള്ളതായി കണ്ടുപിടിച്ചതു് കേരളത്തിലെ പ്രാകൃതികവിഭവങ്ങളുടെ അളവു് ഒന്നു കൂടി വർധിപ്പിക്കയാണുണ്ടായതു്. പ്രാകൃതികറബ്ബറിൻെറ വേണ്ടുവോളമുള്ള ലഭ്യതയും വ്യാവസായികശക്തി വർധിപ്പിക്കുന്നതിനുള്ള മറെറാരു ഘടകം കൂടി ആണു്. സ്ഥിരമായ ജലവൈദ്യുതശക്തിയുമുണ്ടു്. ഇതു് കൽക്കരിയുടെ കുറവിനെ നികത്തുന്നു. മുകളിൽ പറഞ്ഞ പ്രകൃതിവിഭവങ്ങളുടെ കൂട്ടത്തിൽ കേരളത്തിലെ കടൽസമ്പത്തു കൂടി ഉൾപ്പെടുത്തുമ്പോൾ ഇവിടത്തെ വ്യാവസായികവികസനത്തിനു് വളരെ സാധ്യതകളുണ്ടെന്നു് എളുപ്പം മനസ്സിലാക്കാം.

കേരളത്തിലെ മനുഷ്യവിഭവം മററു സംസ്ഥാനങ്ങളുടെതിനേക്കാൾ എത്രയോ അധികമാണു്. കൂടാതെ, അക്ഷരജ്ഞാനത്തിലും സാങ്കേതികപരിജ്ഞാനത്തിലും ഉയർന്ന നിലവാരം പുലർത്തുന്ന ജനങ്ങളുള്ള കേരളത്തിനു് വാസ്തവത്തിൽ മനുഷ്യശക്തിക്കുറവിൻെറ പ്രശ്നം ഒരിക്കലും അനുഭവപ്പെടുകയില്ല.

വ്യാവസായികതത്വത്തിൽ പിന്നെയുള്ള ഒരു പോരായ്മ എന്താണു്? കേരളത്തിലെ പ്ലാൻേറഷൻ, കശുവണ്ടിവ്യവസായം, ആലുവ–കൊച്ചിപ്രദേശങ്ങളിലെ നിർമാണവ്യവസായങ്ങൾ തുടങ്ങിയവയെ നിരീക്ഷിക്കുന്ന ഒരാൾക്കു് വേഗം മനസ്സിലാകുന്ന ഒരു വസ്തുതയുണ്ടു്. അതായതു്, ഇവയിൽ മിക്കതും സ്റേററ് ഗവണ്മെൻറിൻെറയോ കേന്ദ്രഗവണ്മെൻറിൻെറയോ ധനസഹായത്താലോ അല്ലെങ്കിൽ, കേരളത്തിനു് പുറത്തുള്ള മുതലുടമകളുടെ ശ്രമത്താലോ, ഉണ്ടായവയാണെന്നു്. ഇങ്ങനെ കേന്ദ്രഗവണ്മെൻറിൻെറയോ കേരളത്തിനു് വെളിയിലുള്ള സ്വകാര്യവ്യവസായശാലകളുടെയോ കൃപാകടാക്ഷം കാത്തിരിക്കേണ്ട പാപ്പരത്തം കേരളത്തിനുണ്ടായിപ്പോയോ എന്നു് ഏതൊരാളും അതിശയിക്കും. തീർച്ചയായും ഇങ്ങനെ അല്ലെന്നു ഞാൻ കരുതുന്നു. സംസ്ഥാനത്തിനു്

വേണ്ട പ്രകൃതിവിഭവങ്ങളുണ്ട്. എന്നാൽ, അവയെല്ലാം ഉല്പാദനത്തിനു വിധേയമാക്കാൻ സാധ്യമല്ലാത്ത വിധത്തിൽ കെട്ടുപിണഞ്ഞു കിടക്കുകയാണ്.

കഴിഞ്ഞ രണ്ടു മൂന്നു വർഷത്തിനകത്തു് കേരളത്തിൽ നാം കണ്ട ഹരിതവിപ്ലവം, കൃഷിക്കാരെ അവർ സ്വപ്നം പോലും കണ്ടിരിക്കാത്ത സാമ്പത്തികമെച്ചമുള്ള ഒരു സ്ഥിതിയിൽ കൊണ്ടെത്തിച്ചു. അവർക്കു് ഈ പണം എങ്ങനെയാണ് കൂടുതൽ ഉപയോഗപ്രദമായി ചെലവഴിക്കേണ്ടതെന്നതിനെക്കുറിച്ച് യാതൊരു ബോധവും ഇല്ലായിരുന്നു. ആദ്യം അവർക്കു് തോന്നിയതു്, പണം ഭൂമി വാങ്ങുന്നതിനും കെട്ടിടനിർമാണത്തിനും ചെലവ് ചെയ്യാമെന്നാണ്. അവരുടെ സമ്പാദ്യം ഇങ്ങനെ ലക്ഷ്യമില്ലാതെ ചെലവഴിക്കുന്നതിൽ ആർക്കും അവരെ കുററപ്പെടുത്തുവാൻ സാധ്യമല്ല. കാരണം അവർക്കു് വേണ്ട മാർഗനിർദേശം കൊടുക്കാൻ ആളില്ലെന്നുള്ളതു തന്നെ. എന്നാൽ, ഇങ്ങനെ പണം നിക്ഷേപിക്കുന്നതു കൊണ്ടു് ഒരാൾക്കു് അതിൽ നിന്നു് എന്തു് ആദായം പ്രതീക്ഷിക്കാനാണ്.

ധനശേഷിയുള്ളവരിൽ പലരും യാതൊരു രീതിയിലുമുള്ള മുതൽമുടക്കിനു താല്പര്യമുള്ളവരല്ല. അവർ പണം കാത്തുസൂക്ഷിക്കുന്നതിൽ കവിഞ്ഞു് പണം മുടക്കുന്നതിൽ താല്പര്യമില്ലാത്ത ഒരു മാനസികാവസ്ഥ രൂപപ്പെടുത്തി എടുത്തിരിക്കുന്നതായി കാണുന്നു. സംഘാടകത്വത്തിൽ ഒരു ചെറിയ വിഭാഗം താല്പര്യം കാണിച്ചു. കേരളത്തിനു പുറത്തു് യൂണിററുകൾ സംഘടിപ്പിച്ചു. ഈ സംസ്ഥാനത്തിൽ ലഭിയ്ക്കുന്ന ചുററുപാട് ഏതൊരു തരത്തിലുമുള്ള സംരംഭങ്ങൾക്കും യോജിച്ചതല്ല എന്നുള്ളതു കൊണ്ടായിരിക്കാം ഇപ്രകാരം സംഭവിച്ചതു്. ഈ സംസ്ഥാനത്തിൽ നിലനിൽക്കുന്ന ദയനീയമായ അവസ്ഥയുടെ ഒരു പ്രതിഫലനമാണ് ഇതു്. ആയതിനാൽ നമ്മുടെ സംസ്ഥാനത്തു് മുതൽ മുടക്കാൻ കഴിവുള്ളവർക്കു് വേണ്ടതിൻ വണ്ണം വിദ്യാഭ്യാസം നൽകി, വ്യവസായരംഗത്തു് മുതൽമുടക്കുവാൻ തക്ക വിധം അവരുടെ കാഴ്ചപ്പാടു് മാറേറണ്ടതായിട്ടുണ്ടെന്നു് എനിയ്ക്കു തോന്നുന്നു.

സംഘാടകർക്കു് ഒരിക്കൽ നേതൃത്വം ലഭിക്കപ്പെടുകയാണെങ്കിൽ അതു് മററുള്ള പലരെയും ഈ രംഗത്തു് കൊണ്ടു വരികയും അങ്ങനെ സംസ്ഥാനത്തു് കൂടുതൽ വ്യവസായവൽക്കരണം നടക്കുകയും ചെയ്യും.

തൊഴിലാളികളെ ശരിയ്ക്കു നയിക്കുന്നതിൽ തൊഴിലാളിനേതാക്കൾക്കു വന്ന പരാജയം, പരോക്ഷമായ വ്യവസായശക്തിയെ കണ്ടെത്തുന്നതു് പോയിട്ടു് നിലവിലുള്ള വ്യാവസായികശക്തിയുടെ പൂർണമായ ഉപയോഗത്തിനു് പോലും ഉതകുന്ന തൊഴിൽബന്ധത്തെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന ഒരു ധാരണ, ശരിയായാലും തെററായാലും, ഇന്നു് നിലനിൽക്കുന്നുണ്ടു്. ഇതു് ഇല്ലാതാക്കുന്നതിനു് വളരെ നീണ്ട ഒരു കാലഘട്ടം വേണ്ടി വന്നേക്കാം. തൊഴിൽരഹിതരായ വർഗങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ക്ഷമയില്ലായ്മ കാണിക്കുന്നു എന്ന കാര്യം ഞാൻ മറച്ചു പിടിക്കുന്നില്ല. സ്വയം ചിന്തിക്കുവാൻ കഴിവുള്ളവർ, വ്യവസായവൽക്ക

രണം ചില വികസിതപ്രദേശങ്ങളിൽ ഉള്ളതായി കാണുന്നതു് ഒരു രാത്രി കൊണ്ടുണ്ടായതല്ല എന്ന കാര്യം മററു സഹോദരന്മാരെ പറഞ്ഞു മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യവസായപുരോഗതിക്കു് അതിന്റേതായ സമയം എടുക്കും. അതു പോലെ തന്നെ കവിഞ്ഞ ക്ഷമയും കുറെയൊക്കെ വേണം. ഓരോരുത്തരുടെയും പ്രയത്നം സഫലീകരിക്കുവാൻ വേണ്ടി, കേരളത്തിലെ പ്രകൃതിസമ്പത്തു് നല്ല വണ്ണം ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി, മുടക്കുമുതൽ കേരളത്തിലെത്തുന്നതിനു വേണ്ട അവസ്ഥ സൃഷ്ടിക്കുന്നതിനു വേണ്ടി ഞാൻ എന്റെ സ്നേഹിതന്മാരോടും കേരളത്തിലെ ജനങ്ങളോടും പരിശ്രമിക്കാൻ അഭ്യർഥിക്കുന്നു. അങ്ങനെ ചെയ്താൽ മാത്രമേ സംസ്ഥാനത്തിനു് സ്വയം എന്തു ചെയ്യാൻ സാധിക്കുമെന്നു് അറിയാൻ പററൂ. തൊഴിലാളിനേതാക്കൾ തൊഴിലാളികളെ നിസ്സാരകാര്യങ്ങൾക്കു വേണ്ടി സമരം ചെയ്യുന്നതിനു് ഉപദേശിക്കുന്നതിനേക്കാൾ, കൂടുതൽ ഉല്പാദിപ്പിക്കുന്നതിനു് ഉപദേശിക്കുന്നതു് തൊഴിലാളികളുടെ ക്ഷേമത്തിനു് അധികം സഹായകരമായിരിക്കുകയില്ലേ എന്നതാണു് പ്രസ്തുത നേതാക്കളോടുള്ള എന്റെ ചോദ്യം.

തൊഴിൽച്ചെലവു് വർധിച്ചു വരുന്ന ഈ അവസരത്തിൽ രാജ്യത്തെ ചെറു യൂണിററുകളുടെ നിലനിൽപ്പു് ഒരു ചോദ്യചിഹ്നം തന്നെയാണു്. ഇന്നു് നിലനിൽക്കുന്ന ഈ യൂണിററുകളുടെ വികസനത്തിനുള്ള ഒരേ ഒരു മാർഗം പല രീതിയിലും അവയെ വിപുലപ്പെടുത്തുക എന്നുള്ളതാണു്. ഉണ്ടാക്കപ്പെടുന്ന ഓരോ ഉറപ്പികയും എന്തു കൊണ്ടു് ലാഭവിഹിതബോണസിനായും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായും വിതരണം ചെയ്യപ്പെടുന്നില്ല എന്നുള്ളതിന്റെ കാരണങ്ങൾ തൊഴിലാളിവർഗം മൊത്തത്തിലും തൊഴിലാളിനേതാക്കൾ പ്രത്യേകിച്ചും മനസ്സിലാക്കിയാൽ മാത്രമേ ഇതു സംഭവിക്കുകയുള്ളൂ.

ശരിയായിട്ടുള്ള സോഷ്യലിസം എന്നതു കൊണ്ടർഥമാക്കുന്നതെന്താണു്? നല്ല വണ്ണം ആസൂത്രണം ചെയ്ത രീതിയിൽ മനുഷ്യശക്തിയും പ്രകൃതിസമ്പത്തും ചെലവിടുന്നതു മൂലം രാജ്യത്തിന്നു് ഉണർവും പുരോഗതിയും ഉണ്ടാവുക, സ്വയംപര്യാപ്തത മൂലം വളർച്ചയും വികാസവും കൈവരിക, പൊതുജനങ്ങളുടെ ജീവിതനിലവാരം ഉയരുക, എല്ലാവരുടെയും സന്തോഷത്തിനു വേണ്ടി ഓരോരുത്തരുടെയും കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തുക ഇത്തരം കാര്യങ്ങളാണു് സോഷ്യലിസം കൊണ്ടർഥമാക്കുന്നതു്. തൊഴിലാളിവർഗത്തെ ഉദ്ദിഷ്ടസ്ഥാനത്തേക്കു് നയിക്കുന്നുവെന്നവകാശപ്പെടുന്ന വ്യക്തികളിൽ നിന്നു് നാം പ്രതീക്ഷിക്കുന്നതു് സോഷ്യലിസത്തെ പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതിനു് വേണ്ട ഉയർന്ന രീതിയിലുള്ള ബുദ്ധിയും അറിവും സ്വഭാവവും ആത്മാർപ്പണവും ആണു്.

### ഉള്ളവന്റെ ഉദാസീനത

തൊഴിൽകാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും മററുള്ള പലരെയും പല വിധത്തിൽ സഹായിക്കാൻ കഴിയുന്ന വ്യക്തികളോടു്, അവർ ഭാവിയി

ലേയ്ക്കു് കണ്ണോടിച്ചു് കേരളത്തിലെ പ്രതിസന്ധികളെക്കുറിച്ചു് ഒന്നു ചിന്തിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. തൊഴിലില്ലായ്മയുടെയോ അർധതൊഴിലില്ലായ്മയുടെയോ ഫലമായുണ്ടാകുന്ന തൊഴിൽപ്രശ്നങ്ങളുടെ ഒരു വലിയ വലയത്തിൽപ്പെട്ടു കിടക്കുന്നവരാണു് നാമെന്നു വിശ്വസിക്കുന്നവരിൽ ഒരാളാണു് ഞാൻ. നമ്മുടെ നാടു് വ്യാവസായികമായി പുരോഗതി പ്രാപിച്ചിരുന്നെങ്കിൽ കേരളീയരുടെ രാഷ്ട്രീയവും ആശയപരവുമായ ദൈനംദിനപ്രശ്നങ്ങളോടുള്ള സമീപനം ഇന്നുള്ളതിൽ നിന്നും വളരെ വ്യത്യസ്തമായ ഒന്നായിരിക്കുമായിരുന്നു. കുറച്ചു കൂടി വലിയ വ്യവസായശാലകൾ കെട്ടിപ്പെടുത്തിരുന്നെങ്കിൽ ഇവിടെ വലുതും ഇടത്തരവും ചെറുതുമായ കീഴ്ഘടകങ്ങളുടെ ഒരു ശൃംഖല തന്നെ ഉണ്ടാകുകയും, അവ നമ്മുടെ വിദ്യാസമ്പന്നരായ ഒരു വലിയ വിഭാഗം പേർക്കു് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ഇതു് ഇങ്ങനെ സംഭവിക്കാതിരുന്നതിനു് ഉത്തരവാദികൾ നമ്മുടെ നാട്ടിലെ തന്നെ സാമ്പത്തികഭദ്രതയുള്ള ചില ആൾക്കാരാണു്. ഈ കുറവു് നികത്തുന്നതിനു് അവർക്കു് ഇനിയും സമയമുണ്ടെന്നു് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

## രാഷ്ട്രീയാന്തരീക്ഷം

വാസ്തവത്തിൽ ഇന്നു് നാം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നതു് സ്വഭാവഗുണത്തിൻെറ ഒരു പ്രതിസന്ധിയെയാണു്. പൊതുജീവിതത്തിൽ രാഷ്ട്രത്തിലെ ഉത്തമരും ബുദ്ധിമാന്മാരുമായ ആളുകളെ ഇറക്കി ഈ പ്രതിസന്ധിയെ തരണം ചെയ്യുവാൻ വേണ്ട വിജയകരമായ ചുവടുവയ്പ് നടത്തുക എന്നതാണു് ഇന്നു് രാഷ്ട്രത്തിനു ചെയ്യാൻ കഴിയുന്ന മുഖ്യജോലി. മനുഷ്യരാശിയുടെ ⅐ ഭാഗം അധിവസിക്കുന്ന ഇന്നാട്ടിലെ പ്രശ്നങ്ങൾ രാഷ്ട്രീയം തൊഴിലായി സ്വീകരിച്ചവർക്കു് വിട്ടുകൊടുക്കുന്നതു് ജനതയോടു ചെയ്യുന്ന ഏററവും വലിയ അപരാധം ആയിരിക്കും. ജപ്പാൻ, ജർമനി, ഫ്റാൻസ്, ക്യാനഡ തുടങ്ങിയ വികസിതരാഷ്ട്രങ്ങളിലെ നിയമസഭകളിലെ പകുതി അംഗങ്ങളും തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരും സാങ്കേതികവിദഗ്ധന്മാരും ആണു്. ഇവർക്കു് പൊതുജീവിതത്തിൽ കടക്കുന്നതു് ഒരു തരം ത്യാഗം തന്നെയാണു്. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ ഈ രംഗം രാഷ്ട്രീയം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കു വേണ്ടി മാത്രമായി നീക്കിവെച്ചിരിക്കുകയാണു്. വിദ്യാഭ്യാസവിചക്ഷണർ, ഇന്ത്യയിലെ രാഷ്ട്രീയപ്രവർത്തകരെയും വ്യവസായികളെയും ഇവിടത്തെ കുഴപ്പങ്ങൾക്കെല്ലാം കുററപ്പെടുത്തുന്നു. എന്നാൽ, അവർ സ്വന്തം തൊഴിൽ തന്നെ നന്നായി ചെയ്യുന്നതിനു് കാര്യമായി ഒന്നും ചെയ്യുന്നില്ല. വ്യവസായപ്രമുഖന്മാരും നട്ടെല്ലില്ലാത്ത രീതിയിൽ കൂടക്കൂടെ രംഗത്തു് വരുകയും മററുള്ളവർ തങ്ങൾക്കു വേണ്ടി വാദിക്കുമെന്നു കരുതുകയും ചെയ്യുന്നു. നമ്മുടെ കാലഘട്ടത്തിൻെറ ചരിത്രം എഴുതപ്പെടുമ്പോൾ ഈ വ്യവസായപ്രമുഖന്മാരും ബുദ്ധിജീവികളും ചരിത്രകാരന്മാരുടെ പിടിയിൽ നിന്നു് രക്ഷപ്പെടുകയില്ല. ഒരു ചെറിയ പ്രതിപക്ഷത്തിൻെറ ശബ്ദം

ഇന്നു് ഭൂരിപക്ഷത്തിന്റെ ശബ്ദമായി തെററിദ്ധരിപ്പിക്കപ്പെടുന്നു. മാത്രമല്ല, അർഥവത്തായ താഴ്ന്ന ശബ്ദം മനസ്സിലാക്കാൻ ആരുംക്കാരില്ല താനും.

## രാഷ്ട്രീയസ്ഥിരത-ഒരു ആവശ്യം

വസ്തുതകളെ സത്യസന്ധമായും പക്ഷപാതം കൂടാതെയും വീക്ഷിക്കുന്നതിനു് ഞാൻ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ടു്. ഇന്നത്തെ ദയനീയമായ സ്ഥിതിവിശേഷത്തിനു് കാരണക്കാർ നമ്മുടെ സമൂഹത്തിന്റെ ഒരു വിഭാഗം മാത്രമാണെന്നു് പറയാൻ സാധ്യമല്ല. മറേറ വിഭാഗവും ഒന്നല്ലെങ്കിൽ മറെറാരു വിധത്തിൽ ഇതിനു കാരണക്കാരാകും. രാഷ്ട്രീയസ്ഥിരത ഉണ്ടായാൽ, ക്രമേണ സംഘാടകർ ആത്മവിശ്വാസം നേടി ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണത്തിനു് വേണ്ട ശ്രമം നടത്തി പുതിയ വ്യവസായങ്ങൾ ഉണ്ടാക്കുന്നതാണു്. വ്യവസായസമാധാനത്തിനും പുരോഗതിയ്ക്കും ഒരു ഉറച്ച ഗവണ്മെൻറു് അത്യന്താപേക്ഷിതമാണു്. നാം നമ്മുടെ രാജ്യത്തു് സ്വീകരിച്ചിട്ടുള്ളതു് മുതലാളിത്തമോ സോഷ്യലിസമോ രണ്ടും ഇടകലർന്ന സമ്പദ്‌വ്യവസ്ഥയോ എന്തായാലും കൊള്ളാം, വ്യവസായങ്ങൾക്കു് ഒരു ഉറച്ച ക്രമവും നിലനില്പും ലഭിക്കുന്നതിന്നു് ഗവണ്മെൻറിനെ ആശ്രയിക്കേണ്ടതുണ്ടു്. സ്റ്റേററിന്റെ സഹായമുണ്ടെങ്കിലേ അവയ്ക്കു വേണ്ട പോലെ പ്രവർത്തിക്കാനും വികസിക്കാനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യാനും കഴിയൂ. ഭരണസ്ഥിരത ഉള്ളിടത്തോളം കാലം ഒരു പ്രത്യേകദേശത്തെ ബാധിക്കുന്ന രാഷ്ട്രീയാശയഗതികളെപ്പററി വ്യവസായപ്രമുഖർക്കു് ഭയപ്പെടേണ്ടതില്ല.

ഒരു വ്യവസായിയെ മോശക്കാരനായി കാണുന്ന മനോഭാവമാണു് ഇന്നുള്ളതെന്ന കാര്യം കൂടി എടുത്തു പറയേണ്ടതായിട്ടുണ്ടു്. ഇതു് ഒരു ഫാഷൻ തന്നെ ആയിത്തീർന്നിട്ടുണ്ടു്. ഇയാളെ സമൂഹദ്രോഹി എന്നു മുദ്ര കുത്തി, പുറംതള്ളപ്പെട്ടവനെന്ന നിലയിൽ മററുള്ളവർ പെരുമാറുന്നു. എല്ലാ വ്യവസായികളും അഭിമാനിക്കത്തക്കതായ ഒരു പദവി നേടി എടുത്തിട്ടുണ്ടെന്നു് ഞാൻ പറയുന്നില്ല. ഉത്തമരും പ്രസിദ്ധരും സാമൂഹ്യമായ കടപ്പാടുകളെപ്പററി ബോധവാന്മാരുമായ ഒരു വലിയ കൂട്ടം വ്യവസായികളുണ്ടെന്നുള്ള കാര്യം തറപ്പിച്ചു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ രാഷ്ട്രീയപ്രവർത്തകരും തൊഴിലാളിനേതാക്കളും അവസരവാദികളല്ലാത്തതു പോലെ തന്നെയാണു് വ്യവസായപ്രമുഖരുടെ കാര്യവും. കൂടാതെ, ഗവണ്മെൻറു് വളരെ കൂടുതൽ നിയമങ്ങൾ തെററി പ്രവർത്തിക്കുന്ന വ്യവസായികൾക്കു വേണ്ടി കൊണ്ടു വന്നിട്ടുണ്ടു്. അതിനാൽ വ്യവസായികളെ തരം താഴ്ത്തി കാണുന്ന ഏർപ്പാടു് ഉപേക്ഷിക്കപ്പെടണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

## താഴ്ന്ന പ്രതിശീർഷവരുമാനം

ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം 22 വർഷങ്ങൾ കഴിഞ്ഞു. എന്നിട്ടും ഇന്ത്യ ഇന്നും ലോകത്തിലെ അവികസിതരാജ്യങ്ങളുടെ പട്ടികയിലാ

ണ്. ഇന്ത്യൻജനതയുടെ ജീവിതനിലവാരം മോശമായി തന്നെ തുടരുന്നു. ഇതു് കുറഞ്ഞ രീതിയിലുള്ള പ്രതിശീർഷവരുമാനത്തിൽ നിന്നു് മനസ്സിലാക്കാവുന്ന താണ്. വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരം അല്ലെങ്കിൽ സാമ്പത്തികനിലവാരം ദേശീയവരുമാനത്തെ ആശ്രയിച്ചു മാത്രം ശരിയായ രീതിയിൽ താരതമ്യപ്പെടുത്തുക സാധ്യമല്ല—ഈ കണക്കുകൂട്ടലുകളെല്ലാം ഒരേ നാണ്യയൂണിററിൻെറ അടിസ്ഥാനത്തിലായാൽ തന്നെയും. ഇന്നു് നിലനില്ക്കുന്ന കൈമാററത്തോതു് വിവിധ കറൻസികളുടെ വാങ്ങുന്ന വിലയോടു് പല രാജ്യങ്ങളിലും നേരിട്ടു് ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. ലോകത്തിൻെറ പല ഭാഗത്തും ഏഷ്യയിലെ തിരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങളിലും മേൽപ്പറഞ്ഞ പല പരിമിതികളുണ്ടായിട്ടും താഴെ ചേർത്ത പട്ടികയിൽ കൊടുത്ത പ്രതിശീർഷദേശീയവരുമാനം, സാമ്പത്തികപ്രവർത്തനത്തിൻെറ നിലവാരത്തിലുള്ള അസമത്വങ്ങളെ ശരിക്കും പ്രതിഫലിപ്പിക്കുന്നുണ്ടു് (അവസാനം കൊടുത്തിരിക്കുന്ന പട്ടിക കാണുക).

രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പാണ് ജർമനിയും ജപ്പാനും സാമ്പത്തികമായ അഭിവൃദ്ധി ഉണ്ടാക്കിയതു്. പിന്നീടു് ഈ രണ്ടു് രാജ്യങ്ങളും അതിദാരുണമായി നശിപ്പിക്കപ്പെട്ടു. ഈ രണ്ടു് രാജ്യത്തും ഗവണ്മെൻറും വ്യവസായ–വ്യാപാരനായകരും തമ്മിൽ വളരെ അടുത്ത സഹകരണമാണുണ്ടായതു്. എല്ലാവരും ഒപ്പം നടന്നില്ലെങ്കിൽ അവശ്യങ്ങളായ പ്രോജക്ടുകൾ ഒരിക്കലും നടപ്പിലാവുകയില്ല; സന്ദർഭവശാൽ ഏതെങ്കിലും ഉണ്ടായാൽ തന്നെ അധികകാലം നിലനിൽക്കുകയില്ല.

## പ്രതിശീർഷദേശീയവരുമാനത്തിന്റെ താരതമ്യപഠനം

| പ്രതിശീർഷദേശീയവരുമാനം<br>പ്രദേശങ്ങളും രാജ്യങ്ങളും | ഇന്ത്യൻ രൂപയിൽ<br>1963 | 1965 | ശ്രദ്ധിക്കപ്പെടേണ്ടതു് |
|---|---|---|---|
| 1. ആഫ്രിക്ക | 571 | — | |
| 2. വ. അമേരിക്ക | 11,810 | 13,381 | |
| 3. കരീബിയൻ, ലാററിനമേരിക്ക | 1,429 | 1,667 | ക്യൂബ ഒഴിച്ചു് |
| 4. കിഴക്കു്–തെക്കുകിഴക്കു് ഏഷ്യ | 667 | — | ചൈന, മംഗോളിയ, വ. കൊറിയ, വ. വിയത്നാം എന്നിവ ഒഴിച്ചു് |
| (a) അഫ്ഗാനിസ്ഥാൻ | 284 | — | 1963 മാർച്ചു് 21 മുതൽ 12 മാസങ്ങൾ |
| (b) ബർമ | 290 | — | 1963 സെപ്റ്റംബർ കൊണ്ടവസാനിക്കുന്ന 12 മാസങ്ങൾ |
| (c) സിലോൺ | 614 | 624 | |
| (d) ചൈന (തയ്‌വാൻ) | 719 | 881 | |
| (e) ഹോങ്ങ്കോങ്ങ് | 1,419 | — | |
| (f) ഇന്ത്യ | 367 | 421 | ഏപ്രിൽ 1 മുതൽ തുടങ്ങുന്ന 12 മാസങ്ങൾ |
| (g) ഇന്തോനേഷ്യ | 390 | — | |
| (h) ഇറാൻ | 857 | 986 | മാർച്ചു് 21 മുതൽ തുടങ്ങുന്ന 12 മാസങ്ങൾ |
| (i) ജപ്പാൻ | 2,662 | 3,305 | |
| (j) കൊറിയൻ റിപ്പബ്ലിക്ക് | 610 | 486 | |
| (k) ലാവോസ് | 266 | — | |
| (l) മലേഷ്യ | 1,071 | 1,176 | |
| (m) നീപ്പാളം | 1,368 | 1,421 | ജൂലൈ 15 കൊണ്ടവസാനിക്കുന്ന 12 മാസങ്ങൾ |

| | | | | |
|---|---|---|---|---|
| (n) | പാക്കിസ്ഥാൻ | 390 | 452 | ജൂലൈ 1 കൊണ്ടാരംഭിക്കുന്ന 12 മാസങ്ങൾ |
| (o) | ഫിലിപ്പൈൻസ് | 1,004 | 1,052 | |
| (p) | സിംഗപ്പൂർ | 2,319 | 2,419 | |
| (q) | തായ്‌ലൻഡ് | 467 | 519 | |
| (r) | വിയത്നാം റിപ്പബ്ലിക് | 390 | 557 | |
| 4. A. | കിഴക്ക്–തെക്കുകിഴക്ക് ഏഷ്യ (ജപ്പാൻ ഒഴിച്ച്) | 429 | — | ചൈന, മംഗോളിയ, വ. കൊറിയ, വ. വിയത്നാം എന്നിവ ഒഴിച്ച് |
| 5. | മധ്യപൗരസ്ത്യരാജ്യങ്ങൾ | 1,192 | — | |
| 6. | യൂറോപ്പ് | 4,667 | 5,429 | അൽബേനിയ, ബൾഗേറിയ, ചെക്കോസ്ലോവാക്യ, പൂർവജർമനി, ഹംഗറി, പോളൻഡ്, റുമേനിയ, യു. എസ്. എസ്. ആർ., യുഗോസ്ലേവിയ എന്നിവ ഒഴിച്ച് |
| 7. | ഓഷ്യാനിയ | 5,905 | 6,524 | |
| 8. | ലോകം | 2,524 | — | അൽബേനിയ, ബൾഗേറിയ, ചൈന, ക്യൂബ, ചെക്കോസ്ലോവാക്യ, പൂർവജർമനി, ഹംഗറി, മംഗോളിയ, വ. കൊറിയ, വ. വിയത്നാം, പോളൻഡ്, റുമേനിയ, യു. എസ്, എസ്. ആർ., യുഗോസ്ലേവിയ എന്നിവ ഒഴിച്ച് |

ബി. എസ്. ദേശായി

## മൂന്നാം ഭാഗം

# വികസനത്തിലെ സാമ്പത്തികേതരഘടകങ്ങൾ

25

## വികസനത്തെ ബാധിക്കുന്ന ചില ഘടകങ്ങൾ

വ്യക്തിസ്വാതന്ത്ര്യത്തിനു് ഉറപ്പു നൽകിക്കൊണ്ടുള്ള ജനാധിപത്യപാർലമെൻററിസമ്പ്രദായത്തിൻെറ അടിസ്ഥാനത്തിലാണു്, നാം ഇന്ത്യയിൽ ആസൂത്രണം അംഗീകരിച്ചിട്ടുള്ളതു്. നമ്മുടെ പരീക്ഷണത്തിനു് മററൊരു മാതൃകയില്ല. സമാധാനപരവും നിർബന്ധമില്ലാത്തതുമായ മാർഗങ്ങളിലൂടെ ദീർഘകാലപ്രാധാന്യമുള്ള സാമ്പത്തിക-സാമൂഹികപരിവർത്തനങ്ങൾ വരുത്തിത്തീർക്കാമെന്ന സങ്കല്പത്തെ അടിസ്ഥാനമാക്കിയുള്ളതാണു് നമ്മുടെ പരീക്ഷണം. പ്രതിശീർഷ ഉല്പാദനവും വരുമാനവും തൃപ്തികരമായ നിരക്കിൽ വർധിപ്പിച്ചു കൊണ്ടും, ഉന്നമനത്തിനുള്ള സൗകര്യങ്ങൾ കൂടുതൽ കൂടുതൽ ജനവിഭാഗങ്ങളിലേയ്ക്കു് ഒരു പോലെ ലഭ്യമാക്കിക്കൊണ്ടും ജനങ്ങളുടെ ജീവിതനിലവാരം തുടർച്ചയായി ഉയർത്തിക്കൊണ്ടു വരികയെന്നതായിരുന്നു സ്വാതന്ത്ര്യത്തിനു ശേഷം 1950-കളിൽ കൈക്കൊണ്ട ആസൂത്രണത്തിൻെറ ലക്ഷ്യം. അതോടൊപ്പം തന്നെ സ്വത്തിലും വരുമാനത്തിലുമുള്ള അസമത്വങ്ങൾ കുറച്ചു കൊണ്ടു വരികയും, ഭാരങ്ങൾ കൂടുതൽ സമീകൃതമായി പങ്കിടുകയും ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രക്രിയയിൽ സ്റ്റേററിനു് അതിപ്രധാനമായ ഒരു പങ്കു വഹിക്കാനുണ്ടാകും എന്നും അംഗീകരിക്കപ്പെട്ടിരുന്നു. അങ്ങനെ സോഷ്യലിസ്ററുസാമ്പത്തികവ്യവസ്ഥയുടെയും മാർക്കററു് സാമ്പത്തികവ്യവസ്ഥയുടെയും അഭിലഷണീയമായ വശങ്ങൾ കൂട്ടിച്ചേർക്കുകയെന്നതായിരുന്നു പരിപാടി.

കഴിഞ്ഞ 20 കൊല്ലത്തെ ആസൂത്രിതപ്രവർത്തനങ്ങളുടെ ഫലമായി പല തുറകളിലും ഗണ്യമായ പുരോഗതിയുണ്ടായി എന്നതിൽ തർക്കമില്ല. പക്ഷേ, ലക്ഷ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നേട്ടങ്ങൾ വളരെ കുറവാണെന്നതിലും തർക്കമില്ല. പ്രതീക്ഷകൾ വലുതായിരുന്നു; നേട്ടങ്ങൾ പരിമിതവും. ഇതിനു പല കാരണങ്ങളുമുണ്ടു്. വിദേശാക്രമണങ്ങളും മഴയില്ലായ്മയും അവയിൽ പ്രധാനങ്ങളാണു്. മാത്രമല്ല, നമ്മുടെ ആസൂത്രണപ്രയത്നങ്ങളിൽ അന്തർലീനമായിരുന്ന പല വൈരുധ്യങ്ങളും സംഘട്ടനങ്ങളും വികസനപ്രക്രിയയുടെ ഫലമായി പുറത്തു വരികയും ചെയ്തു. സാമ്പത്തികവികസനത്തിൻെറ മുഴവൻ പൊരുളിനെപ്പററിയും അതോടു കൂടി വരുന്ന ചുമതലകളെപ്പററിയും സജീവമായ ബോധം ഉണ്ടായിരിക്കണമെന്നതാണു് നാം ആദ്യമായി ഉൾക്കൊണ്ട പാഠം. ലക്ഷ്യങ്ങൾക്കു് അനുസൃതമായ നയങ്ങൾ അംഗീകരിക്കുകയും ഉറച്ച

പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ ലക്ഷ്യങ്ങൾക്കും നേട്ടങ്ങൾക്കും ഇടയിലുള്ള വിടവിനെപ്പററി അത്ഭുതപ്പെടുന്നതിൽ അർത്ഥമില്ല.

മാത്രമല്ല, ഒരു ലക്ഷ്യം നേടാനായി പ്രവർത്തിക്കുന്ന ഒരാൾ തൻെറ പ്രയത്നങ്ങൾക്ക് വിഘാതമായി നിൽക്കുന്ന ഞെരുക്കങ്ങൾ അഥവാ സംരോധനങ്ങൾ ഏവയെന്നു അറിഞ്ഞിരിക്കണം. സംരോധനങ്ങൾ ഏവയെന്നു ഗ്രഹിക്കാനും അവക്കെതിരെ വേണ്ട നടപടി സ്വീകരിക്കാനും കഴിയാതെ പോയാൽ സംഗതികൾ എളുപ്പമാണെന്നു ധരിക്കുകയും ഏറെ ഫലങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യും. ഫലമോ, ലക്ഷ്യം നേടാതെ വരുമ്പോഴുള്ള നിരാശയും വ്യർത്ഥതാബോധവും. നമ്മുടെ വികസനപ്രയത്നങ്ങളിൽ നാം അപ്രകാരമുള്ള ഒരു ഘട്ടത്തിൽ എത്തിയിരിക്കുന്നതായി തോന്നുന്നു. ആ പ്രവർത്തനങ്ങളെ ബാധിക്കുന്ന വിഷമങ്ങളെപ്പററി വസ്തുനിഷ്ഠവും സത്യസന്ധവുമായി പഠിച്ചെങ്കിലേ അവ നീക്കുവാനും പുരോഗതി ത്വരിതപ്പെടുത്തുവാനും സാധ്യമാകൂ.

മൂല്യങ്ങളെ വിലയിരുത്തുന്നതിൽ നിന്നാണ് ചില സംരോധനങ്ങൾ ഉണ്ടാകുന്നത്. ഉദാഹരണത്തിന്, ഭീഷണി കൊണ്ടോ ബലം പ്രയോഗിച്ചോ ഒരാളെ കൊണ്ട് ഒരു പ്രവൃത്തി ചെയ്യിക്കാം. പക്ഷേ ബലപ്രയോഗം ചീത്തയാണെന്ന ധാരണയുണ്ടെങ്കിൽ, മൂല്യനിർണയമുണ്ടെങ്കിൽ, ഇവിടെ വേഗത്തിന്മേൽ സംരോധനം അനുഭവപ്പെടും. എല്ലായ്പ്പോഴും ഇതു് അനാശാസ്യമാണെന്ന് പറയുക വയ്യെന്നതു് ശരി തന്നെ. ഇവിടെ മനസ്സിലാക്കേണ്ടതു് ഒന്നാണ്: സാമ്പത്തികവികാസം പ്രധാനമായ—പ്രബലമായ—ലക്ഷ്യം ആണെങ്കിലും ഏറെ അഭിലഷണീയങ്ങളായ മററു ലക്ഷ്യങ്ങളുമുണ്ട്.

പ്രകൃതിവിഭവസമ്പത്താണ് മറെറാരു തരം സംരോധനത്തിൻെറ ഉറവിടം. അവശ്യധാതുസമ്പത്തുകൾ വ്യാവസായികാടിസ്ഥാനത്തിൽ ചൂഷണം ചെയ്യാൻ പററിയ തോതിൽ ഇല്ലെങ്കിൽ വ്യവസായവൽക്കരണം വിഷമകരവും മന്ദവും ആയിത്തീരും. കൂടാതെ, വലിയ രാജ്യങ്ങളിൽ സ്റ്റേററിൻെറ വലുപ്പം തന്നെ വികസനപ്രവർത്തനങ്ങളെ ഞെരുക്കുന്നതാണ്. ദേശീയനയങ്ങളിലും പരിപാടികളിലും കേന്ദ്രഭരണകൂടത്തിനു് സാധ്യമാകുന്ന നിയന്ത്രണസ്വാധീനങ്ങൾ, ജനസംഖ്യയും രാജ്യത്തിൻെറ വലുപ്പവും വികസനനിലവാരവും തമ്മിലുള്ള ബന്ധങ്ങൾ, തീരുമാനങ്ങളെടുക്കുന്ന അധികാരകേന്ദ്രത്തിൽ നിന്നും വിവിധഭാഗങ്ങളിലേക്കുള്ള ദൂരം, പ്രാദേശികമായ പിന്നോക്കാവസ്ഥ തുടങ്ങിയ ഘടകങ്ങളിലൂടെയാണ് ഈ ഞെരുക്കം പ്രത്യക്ഷപ്പെടുന്നതു്. കേരളത്തിൻെറ കാര്യം ഇവയ്ക്കു് ഉദാഹരണമാണെന്നതു് കൂടുതൽ വിശദീകരിക്കാതെ തന്നെ വ്യക്തമാണ്.

വികസനപ്രക്രിയ തൊടുത്തു വിട്ടു കഴിഞ്ഞാൽ സ്വയമേവ ത്വരിതപ്പെടുകയും, അതിവേഗത്തിൽ മുന്നോട്ടു പോവുകയും ചെയ്യുമെന്ന നിഗമനം സംഗതികളെ അതിലഘൂകരിക്കലാണ്. പാശ്ചാത്യരാജ്യങ്ങളുടെയും സോവിയററ് യൂണിയൻെറയും ജപ്പാൻെറയും അനുഭവങ്ങളായിരിക്കാം ഈ നിഗമനങ്ങൾക്ക് ആധാരം. പരമ്പരാഗതസമൂഹത്തിൻെറ വികസനം വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ്; സമൂഹത്തെ ആകെ ആധുനികീകരിക്കുക കൂടി ചെയ്യേണ്ടതുണ്ട്.

മൂലധനനിക്ഷേപം കൊണ്ടു മാത്രം ഇതു നടക്കുന്നതല്ല. സാമൂഹ്യപരിവർത്തനം കൂടാതെയുള്ള മൂലധനനിക്ഷേപം, സ്വാതന്ത്ര്യത്തിനു മുമ്പ് നടന്നിരുന്ന പോലെ, ഇരുതട്ടുസമ്പദ്‌വ്യവസ്ഥയിൽ കലാശിക്കുന്നു. വളരെ കുറച്ചു മാത്രം പേർ പങ്കെടുക്കുന്ന ഒരു ആധുനികമേഖലയാണ് ആദ്യത്തെ തട്ട്; ഇതിന്റെ നേരിയ പുറംമൂടിക്കു കീഴിൽ അതുമായി യാതൊരു ബന്ധവുമില്ലാത്തതും അടുത്ത കാലത്തൊന്നും ആധുനികീകരിക്കപ്പെട്ടുമെന്ന ആശയ്ക്കു വഴിയില്ലാത്തതും ബഹുഭൂരിപക്ഷം ജനങ്ങളടങ്ങുന്നതുമായ പരമ്പരാഗതമേഖലയാണ് രണ്ടാമത്തെ തട്ട്.

സാമൂഹ്യഘടനയും നടപടിക്രമങ്ങളും സമൂഹത്തിലെ വിവിധ ഗ്രൂപ്പുകളുടെ മനോഭാവങ്ങളും ആധുനികീകരണപ്രക്രിയയിന്മേലും സാമ്പത്തികവികസനത്തിന്മേലും പല രൂപത്തിലുള്ള സംരോധനങ്ങൾ സൃഷ്ടിക്കുന്നു. ഇവ മാററുവാൻ വളരെയേറെ വിഷമമാണ്; പക്ഷേ, പ്രകൃതിവിഭവങ്ങളുടെ ദൗർലഭ്യതകളെ സംബന്ധിച്ച ഞെരുക്കങ്ങളിൽ നിന്നു് വ്യത്യസ്തമായി, ഇവ മാററാവുന്നതാണ്. ഈ ഞെരുക്കങ്ങളുടെ അസ്തിത്വം അംഗീകരിക്കുകയും, വികസനത്തെ അവ എങ്ങനെ തടയുന്നു എന്നു് വ്യക്തമാക്കുകയും, പരിഹാരാർത്ഥം സാമൂഹികവും വ്യവസ്ഥാപരവുമായ ശക്തികൾ സൃഷ്ടിക്കുകയും ചെയ്യില്ലെങ്കിൽ തുടർച്ചയായ സാമ്പത്തികവികസനം സാധ്യമാകയില്ല; പലപ്പോഴും മാന്ദ്യവും വീഴ്ചയും ഉണ്ടായിരിക്കും. ഏതാനും വർഷത്തെ വികസനത്തിനു ശേഷം അനേകവർഷത്തെ നിശ്ചലത, അസമമായ വികസനം, പൂർത്തീകരിക്കപ്പെടാത്ത വാഗ്ദാനങ്ങൾ, നേടാത്ത ലക്ഷ്യങ്ങൾ തുടങ്ങിയവയായിരിക്കും ഫലം. പ്രശ്നങ്ങളുടെ വലുപ്പവും അടിയന്തിരസ്വഭാവവും (കാലക്രമത്തിൽ ഇവ മൂർച്ഛിക്കുന്നു!) വികസനപ്രക്രിയയിൽ സംഘട്ടനങ്ങളും തകിടംമറിച്ചിലുകളും സൃഷ്ടിക്കുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, സാമ്പത്തികവികസനാസൂത്രണത്തിന്റെ ലക്ഷ്യം, പരമ്പരാഗതസമൂഹത്തിൽ നിന്നും ആധുനികസമൂഹത്തിലേയ്ക്കുള്ള പരിവർത്തനം എത്രയും ചുരുങ്ങിയ കാലഘട്ടത്തിൽ നിർവഹിക്കുകയെന്നതായിരിക്കേ, വികസനത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി ആവശ്യമായ തിരുത്തൽനടപടികൾ സ്വീകരിച്ചില്ലെങ്കിൽ, ഈ പരിവർത്തനകാലഘട്ടം വളരെയേറെ, ഒരു നൂററാണ്ടിൽ കൂടുതൽ തന്നെ, നീണ്ടേക്കും.

അതാണ് ലാററിനമേരിക്കയിൽ സംഭവിച്ചതു്. നാം, നമ്മുടെ വികസനപ്രയത്നങ്ങളിലും വികസനപ്രക്രിയയിലും പടിഞ്ഞാറൻ യൂറോപ്പിന്റെയും യു. എസ്. എ–യുടെയും സോവിയററ് യൂണിയന്റെയും വിജയങ്ങളെ മാതൃകയായി കാണാറുണ്ട്. അങ്ങനെയുള്ള സമീപനത്തിൽ, അവിടത്തെ ത്വരിതവികസനത്തിന്റെ കാരണഘടകങ്ങളി (മൂലധനനിക്ഷേപം ഇതിൽ ഒന്നാണ്) ലായിരിക്കും നമ്മുടെ ശ്രദ്ധ. അതു വേണ്ടതു തന്നെ. അതേ സമയം, വികസനപ്രവർത്തനങ്ങൾക്കു് ധാരാളം തടസ്സങ്ങൾ വന്ന സന്ദർഭങ്ങളും, അതിന്റെ കാരണങ്ങളും കൂടി പഠിക്കുന്നതു നന്നായിരിക്കും. ഇക്കാര്യത്തിൽ ലാററിനമേരിക്കൻ രാജ്യങ്ങളുടെ കഴിഞ്ഞ ഒരു നൂററാണ്ടുകാലത്തെ അനുഭവങ്ങളിൽ നിന്നു് നമുക്കേറെ പഠിക്കാനുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, അതെപ്പററി ഗൗനിച്ചി

ട്ടില്ല. ലാററിനമേരിക്കൻ രാജ്യങ്ങൾക്ക നേരിടേണ്ടി വന്നതും, അവ നേരിട്ടു കൊണ്ടിരിക്കുന്നതും ആയ മിക്ക പ്രശ്നങ്ങളും നാമിന്നു നേരിടുകയാണ്. തോതിന് അല്പാല്പം വ്യത്യാസം കാണാം. ലാററിനമേരിക്കക്കാരുടെ ആവേശവും അക്രമാസക്തിയും ഇവിടെ കാണുന്നില്ലെന്നും കൂടി ഒരു വ്യത്യാസമുണ്ട്.

സാമൂഹ്യപരിഷ്ക്കരണത്തിലും പരിവർത്തനത്തിലും പ്രത്യേകമായി പരിഗണിക്കപ്പെടേണ്ട ഗ്രൂപ്പുകൾ താഴെ ചേർത്തവയാണ്. (1) നഗരത്തിലെ പ്രമാണിമാർ—വ്യവസായികൾ, കച്ചവടക്കാർ തുടങ്ങിയവർ (2) ഭരണപ്രമാണിമാർ (3) തൊഴിലാളികൾ—സർക്കാർജിവനക്കാരും സംഘടിതതൊഴിലാളികളും അസംഘടിതതൊഴിലാളികളും (4) രാഷ്ട്രീയപ്പാർട്ടികൾ. ഈ ഗ്രൂപ്പുകളുടെ മനോഭാവങ്ങൾ, പരിവർത്തനത്തിൻെറയും വികസനത്തിൻെറയും നിരക്കിനെ ഗണ്യമായ വിധത്തിൽ നിയന്ത്രിക്കുന്നു. ഇവർ മാററത്തെ പ്രേരിപ്പിക്കുന്നവരായും തടസ്സപ്പെടുത്തുന്നവരായും വരാം. ലാററിനമേരിക്കയുടെ ആധുനികീകരണത്തെ തടസ്സപ്പെടുത്തുന്ന സാമൂഹികവും വ്യവസ്ഥാപരവുമായ ഘടകങ്ങളെപ്പററി 'സോഷ്യൽറിസർച്ച്' * എന്ന പ്രസിദ്ധീകരണത്തിൽ കൊടുത്തിരിക്കുന്ന ചില നീണ്ട ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം.

## വ്യവസായികളും കച്ചവടക്കാരും

"ലാററിനമേരിക്കയിലെ വ്യവസായികളുടെ കൂട്ടത്തിൽ സമൂഹത്തിൻെറ അടിത്തട്ടിൽ നിന്ന് സ്വപ്രയത്നം കൊണ്ട് ഉയർന്നു വന്നവരെ കാണാൻ വിഷമമാണ്. അവരിൽ ബഹുഭൂരിഭാഗവും ഒന്നുകിൽ പരമ്പരാഗതഭരണാധികാരിവർഗങ്ങളിൽ പെട്ടവരായിരിക്കും; അല്ലെങ്കിൽ പുറമെ നിന്ന് കുടിയേറിപ്പാർത്ത ഇടത്തരക്കാരായിരിക്കും....ഈ വ്യവസായസംഘാടകന്മാരാകട്ടെ, നിലവിലുള്ള സാമൂഹ്യബന്ധങ്ങൾ നിലനിർത്തുന്നതിലും, തങ്ങളുടെ വീക്ഷണവുമായി യോജിക്കുന്ന രാഷ്ട്രീയപാർട്ടികളുടെയും സാമുദായികഗ്രൂപ്പുകളുടെയും പിൻതുണ നേടുന്നതിലും താല്പര്യമുള്ളവരായി കാണപ്പെടുന്നു. മിക്ക ലാററിനമേരിക്കൻ വ്യവസായികളും വ്യാപാരികളും താരതമ്യേന ഉയർന്ന കുടുംബങ്ങളിൽ ജനിച്ചവരും ശരാശരിയിൽ കൂടുതൽ വിദ്യാഭ്യാസമുള്ളവരുമാണ്. അവർ തങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതു തന്നെ താരതമ്യേന ഉയർന്ന സ്ഥാനങ്ങളിൽ നിന്നുമാണ്. തങ്ങളുടെ വർഗോൽപത്തിയുടെയും അനുഭവത്തിൻെറയും ഫലമായി ഈ വ്യവസായസംഘാടകർക്ക് താഴെയുള്ള ജനസാമാന്യവുമായി സമ്പർക്കമുണ്ടാകാനോ അവരുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമായി താദാത്മ്യം പ്രാപിക്കാനോ സാധിക്കുന്നില്ല. ജനിച്ച സമുദായം, വിദ്യാഭ്യാസം, ഉദ്യോഗങ്ങൾ എന്നിവയുടെ ഫലമായി ഈ കൂട്ടർ ഉൾക്കൊള്ളുന്ന മൂല്യങ്ങൾ പരമ്പരാഗതമായ മേലേക്കിട-ഇടത്തരം വർഗങ്ങളുടെതാണ്; അവരുടെ ലക്ഷ്യങ്ങളുമായി താദാത്മ്യം പ്രാപിക്കുവാനും അവരുമായി സഹകരിച്ചു പ്രവർത്തിക്കാനും ആണ് ഈ വ്യാപാരികളുടെ സ്വാഭാവികവാസന. ബന്ധുത്വത്തിൻെറയും സൗഹൃദത്തിൻെറയും കെട്ടുപാടുകളിൽ പെട്ട നഗരത്തിലെ വ്യവസായസംഘാ

* ഫോക്കസ്—ദി ഫ്യൂച്ചർ ഓഫ് ലാററിൻ അമേരിക്ക

ടകർക്ക്, നിലവിലുള്ള സാമൂഹ്യഘടന മാററാൻ വേണ്ട തരത്തിലുള്ള വീക്ഷണം ഉണ്ടായിരിക്കയില്ല; കൂടുതൽ പഴഞ്ചൻ ചിന്താഗതിയായിരിക്കും അവരുടെതു്.

"പണ്ടുകാലം മുതൽക്കേ തുടർന്നു വന്ന പല പ്രവർത്തനസമ്പ്രദായങ്ങളും മനോഭാവങ്ങളും ഇന്നും തുടർന്നു വരുന്നു:—കുടുംബസ്വത്തായ കമ്പനികൾ, മുതലാളികളും തൊഴിലാളികളും തമ്മിലുള്ള പിതൃതുല്യമായ സാമൂഹ്യബന്ധങ്ങൾ, വംശാഗതമായ മാനേജ്മെൻറ്, അതിവേഗത്തിൽ ലാഭമുണ്ടാക്കാനുള്ള വെമ്പൽ, ക്ഷാമസന്ദർഭങ്ങളെ അമിതാദായസമ്പാദനത്തിനും ചൂഷണത്തിനും വേണ്ടി ഉപയോഗപ്പെടുത്തൽ............തുടങ്ങിയവ. *

"വ്യാവസായിക–വ്യാപാരമണ്ഡലത്തിൽ ഇത്രയും പ്രബലമായ സ്ഥാനം ലഭിച്ചിട്ടുള്ളതു കൊണ്ടു്, പുതിയ വ്യാവസായികവരേണ്യന്മാർ സാമ്പത്തികവികസനത്തിനുള്ള തടസ്സങ്ങളെ തട്ടി നീക്കാൻ ശ്രമിക്കുമെന്നതു് വളരെ അസംഭാവ്യമാണു്....

"ഗവണ്മെൻറിൻെറ വൻതോതിലുള്ള ഇടപെടൽ വലിയ കമ്പനികളെ വളരെയധികം സഹായിച്ചിട്ടുണ്ടു്. സർക്കാർ നൽകുന്ന വായ്പാസഹായങ്ങളെല്ലാം ഇവർക്കാണു് കിട്ടിയിട്ടുള്ളതു്. രാഷ്ട്രീയപ്പാർട്ടികളും സ്ഥാപനങ്ങളുമായുള്ള ബന്ധം കാരണം ഈ ലാററിനമേരിക്കൻ വ്യവസായികളോ വ്യാപാരികളോ തങ്ങൾക്കു് ഗവണ്മെൻറുമായി ഇന്നുള്ള ബന്ധങ്ങൾക്കു് ഉലച്ചിൽ തട്ടത്തക്കവിധം സ്വയം രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെടുമെന്നും കരുതുക വയ്യ. വലിയ കമ്പനികളിലെ മാനേജർമാർ, സാധാരണയായി അനവധി സ്ഥാപനങ്ങളിലെ ഡയരക്ടർമാരായിരിക്കും. സാമ്പത്തികഘടനയിലുള്ള കെട്ടുപിണച്ചിൽ കാരണം ഏതെങ്കിലും ഒരു സ്ഥലത്തു മാത്രമായി മാററങ്ങൾ വരുത്താനും വിഷമമാണു്....

"സാമ്പത്തികവികസനത്തെക്കുറിച്ചുള്ള പഠനങ്ങളിൽ ഏററവും കുറഞ്ഞ അപഗ്രഥനം നടന്നിട്ടുള്ള ഒരു തുറയാണു് വ്യാപാരവും കൃഷിയും തമ്മിലുള്ള ബന്ധം. രണ്ടു പ്രത്യേകമേഖലകൾ ഉണ്ടെന്നാണു് സങ്കല്പം (അങ്ങനെ പറയുന്നില്ലെങ്കിലും). പക്ഷേ രണ്ടിലും പെടുന്ന അംഗങ്ങളുടെ സംഖ്യ ചെറുതൊന്നുമല്ല. കാർഷികരംഗത്തു് കാര്യമായ പരിഷ്കാരമൊന്നും വരാത്തതിൻെറ പ്രധാനരാഷ്ട്രീയകാരണങ്ങളിൽ ഒന്നു്, അതിനു വേണ്ടിയുള്ള ശ്രമം, രാഷ്ട്രീയശക്തിയുള്ള നഗരവ്യാപാരികളുമായി നേരിട്ടു് ഏററുമുട്ടുവാൻ ഇടവരുത്തുമെന്നതാണു്. കൃഷിയും വ്യാപാരവും തമ്മിൽ ചാർച്ചയുടെയും സ്വത്തിൻെറയും അടിസ്ഥാനത്തിലുള്ള ബന്ധം, കാർഷികപരിഷ്കാരങ്ങൾക്കു പിന്തുണ ലഭിക്കാത്തതിൻെറ കാരണം വ്യക്തമാക്കുന്നു....

---

* ഈ രേഖയിൽ തന്നെ മറെറാരിടത്തു്: "ഇന്നത്തെ ലാററിനമേരിക്കൻ വ്യവസായിയുടെ മനോഭാവം ഇന്നും ഇതാണെന്നു പറയാം: ഉടൻ ആദായം ലഭിക്കാനുള്ള ആർത്തി, ദീർഘകാലാടിസ്ഥാനത്തിൽ ധനം നിക്ഷേപിക്കാനുള്ള മടി, സാങ്കേതികവും സംഘടനാപരവുമായ മാററത്തോടുള്ള എതിർപ്പു്."

### ഭരണവരേണ്യന്മാർ

"മന്ത്രിസഭകളും കൂട്ടുകെട്ടുകളും ഇടയ്ക്കിടയ്ക്ക് മാറുന്നു; രാഷ്ട്രീയപാർട്ടികളുടെ ശക്തിയിൽ ശീഘ്രമായ മാററങ്ങളും വരുന്നു. പക്ഷേ, രാഷ്ട്രീയസംവിധാനത്തിൻെറ തുടർച്ചയും സ്ഥിരതയും കാത്തു സൂക്ഷിക്കുവാൻ ഭരണവരേണ്യന്മാരാൽ നയിക്കപ്പെടുന്ന ഉദ്യോഗസ്ഥമേധാവിവർഗമുണ്ട്. ഭരണപ്രധാനികൾ സാമൂഹ്യപരിവർത്തനത്തെ ഇഷ്ടപ്പെടുന്നു എന്ന് സ്ഥൂലമായി പറയാം. 'പ്രഭു'ക്കളുമായി താദാത്മ്യം പ്രാപിക്കുന്ന പരമ്പരാഗതമധ്യവർഗക്കാരിൽ നിന്നും വ്യത്യസ്തമാണ് ഇവർ............

"ലോകത്തിൽ മററിടങ്ങളിലെല്ലാമുള്ള തങ്ങളുടെ കൂട്ടുകാരെപ്പോലെ, ഈ ഭരണവരേണ്യന്മാരും ആഗ്രഹിക്കുന്ന സാമൂഹ്യപരിവർത്തനം, സമൂഹഘടനയിലുള്ള ക്രമികമായ അല്പസ്വല്പമാററങ്ങൾ മാത്രമാണ്. ഇത്തരം അല്പസ്വല്പമാററങ്ങളിൽ കവിഞ്ഞെന്തെങ്കിലും ചെയ്യാൻ ശ്രമിക്കുന്നതും ഘടനാപരമായ മാററങ്ങൾ ഉൾക്കൊള്ളുന്നതുമായ വികസനപദ്ധതികൾക്ക് ഭരണവരേണ്യന്മാരിൽ നിന്നുള്ള എതിർപ്പ് നേരിടേണ്ടി വരുന്നു. * ഒരു തരം രാഷ്ട്രീയപ്രത്യയശാസ്ത്രത്തെക്കുറിച്ച് സംസാരിക്കുകയും സ്വകാര്യസംരംഭങ്ങളോട് ശത്രുത പ്രകടിപ്പിക്കുകയും ചെയ്യുന്നതു് പതിവാണെങ്കിലും ഇവർ മിക്കവാറും നാഗരികരായ സാമ്പത്തികവരേണ്യർക്ക് എതിരല്ലാത്ത ഒരു നയമാണ് നടപ്പിലാക്കുന്നതു്. ഉദാരമതികളായ പരിഷ്കരണവാദികൾക്കിടയിൽ സാധാരണ കാണപ്പെടുന്ന വിധം, ഉടനടി വിപ്ലവകരമായ പ്രത്യാഘാതങ്ങളില്ലാത്തതും ഹ്രസ്വകാലപരിഹാരങ്ങളിൽ വിശ്വാസമർപ്പിക്കുന്നതുമായ ഒരു വിപ്ലവകരപ്രത്യയശാസ്ത്രത്തിൻെറ ദ്വന്ദ്വാത്മകഭാവങ്ങളാണ് ലാററിനമേരിക്കയിലെ ഭരണവരേണ്യന്മാരിൽ കാണപ്പെടുന്നതു്.

"മിക്ക ലാററിനമേരിക്കൻ രാജ്യങ്ങളെയും ബാധിച്ചിരിക്കുന്ന കടുത്ത സ്തംഭനം ഒഴിവാക്കി കിട്ടാനുള്ള ശക്തമായ ഒരു വ്യവസായവല്ക്കരണശ്രമത്തിനാവശ്യമായ ദേശീയപ്രയത്നത്തെ, ഭരണവരേണ്യന്മാരുടെ പ്രകടമായ അത്യുപഭോഗസ്വഭാവം ദുർബലപ്പെടുത്തുന്നു. കഠിനാധ്വാനം ചെയ്യാനും ത്യാഗം ചെയ്യാനും സേവനം നടത്താനും തൊഴിലാളികളോടും ജീവനക്കാരോടുമുള്ള ഗവണ്മെൻറിൻെറ ഉൽബോധനങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു; കാരണം, ഉന്നതഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ജീവിതസമ്പ്രദായം ഈ ഉൽബോധനങ്ങൾക്ക് തീരെ വിരുദ്ധമായി വർത്തിക്കുന്നു. സംയമനത്തിനു പകരം അപ്പോഴപ്പോഴുള്ള സുഖഭോഗങ്ങളിൽ ഊന്നുന്ന ഭരണാധികാരികളുടെ യഥാർഥസ്വഭാവം ഉദ്യോഗസ്ഥവർഗത്തെ ഇനിയും സ്വാധീനിച്ചു കൊണ്ടിരിക്കും; അവരുടെ സ്വഭാവത്തിനു മാർഗനിർദേശം നല്കുന്ന മാതൃകയായിരിക്കുകയും ചെയ്യും. ഭരണവരേണ്യ

---

* എതിർപ്പ് ഒരിക്കലും നേരിട്ടല്ല. "ഇതു് മുമ്പ് കുറെപ്പേർ പറഞ്ഞതും പ്രവർത്തിച്ചതുമാണ്" എന്ന, പരിഹാസവും ദോഷദർശനവും സൂചിപ്പിക്കുന്ന ആ പുഞ്ചിരി മാത്രമാണ് മിക്കവാറും കാണുക.

ന്മാർ ശ്രദ്ധേയമായ സാമൂഹ്യ–സാമ്പത്തികപരിഷ്കാരങ്ങൾ ആരംഭിക്കുവാൻ പോകുന്നു എന്നതിന് ഒരു തെളിവുമില്ല. *

## തൊഴിലാളികൾ: ഗവണ്മെൻറ്ജീവനക്കാർ, പൊതുമേഖലാജീവനക്കാർ, സംഘടിതതൊഴിലാളികൾ

"(ആഭ്യന്തരവും വിദേശീയവുമായ) ബാങ്കിങ്ങിലും വ്യാപാരത്തിലും സ്വകാര്യപൊതുവ്യവസായസംരംഭങ്ങളിലും അർധസ്വയംഭരണകോർപ്പറേഷനുകളിലും ഗവണ്മെൻറ്ഏജൻസികളിലും (ഗവണ്മെൻറിൽ വരുന്ന ഓരോ മാററത്തിനു ശേഷവും ഇവ പെരുകുന്നു) എഴുത്തുജീവനക്കാരുടെ (White collar employees) എണ്ണം പല മടങ്ങു വർധിച്ചിട്ടുണ്ട്–ലാററിനമേരിക്കയിലെ മിക്ക രാജ്യങ്ങളിലെയും വ്യവസായനിലവാരം താണിരുന്നിട്ടും. ഒരു വ്യവസായ–സാങ്കേതികശാസ്ത്രവിപ്ലവത്തിൻെറ ഉപോല്പന്നമല്ല സർവീസ്മേഖല. സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായ കയററുമതിമേഖലയിൽ ഏറി വന്ന വാണിജ്യപ്രവർത്തനങ്ങളുടെ സഹായാർഥം എഴുത്തുജോലിക്കാരുടെ എണ്ണം പെരുകി വന്നു–പ്രത്യേകിച്ച് ഈ നൂററാണ്ടിൻെറ ആദ്യകാലത്ത്. സമ്പദ്‌വ്യവസ്ഥയിൽ ഗവണ്മെൻറിൻെറ പങ്കാളിത്തം വർധിക്കുകയും ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെ എണ്ണം അതിവേഗം ഏറി വരികയും ചെയ്തതു് ഗവണ്മെൻറ് ആഫീസുകളിലെ എഴുത്തുജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാക്കി. തൽഫലമായി, ചില രാജ്യങ്ങളിൽ ഇവരുടെ എണ്ണം വലിയ സ്ഥാപനങ്ങൾ കൂലിക്കു് നിർത്തിയിട്ടുള്ള വ്യവസായത്തൊഴിലാളികളുടെ എണ്ണത്തേക്കാൾ ഏറിയിട്ടുണ്ട്............

"ഉറുഗ്വെ, ചിലി മുതലായ ചില രാജ്യങ്ങളിലെ നഗരങ്ങളിൽ ഏററവും സംഘടിതവും ഏററവും "സമരാവേശ"വുമുള്ള ഗ്രൂപ്പുകളിൽ ഒന്നാണ് എഴുത്തുജീവനക്കാരുടെതു്. തലസ്ഥാനനഗരിയിൽ, അതിൽ തന്നെ വലിയ ആഫീസുകളിൽ, ഏറെക്കുറെ കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള അവർ സാമൂഹ്യ–രാഷ്ട്രീയസമരമുറകളിൽ പങ്കെടുക്കുന്നതിൽ നല്ല കഴിവ് പ്രദർശിപ്പിച്ചിട്ടുണ്ട് (1968–ൽ മുഴുവൻ പൊതുമേഖലാജീവനക്കാരുടെ യൂണിയനുകളും ഗവണ്മെൻറും തമ്മിലുള്ള സംഘട്ടനങ്ങളെയും, അവരുടെ പണിമുടക്കുകളെയും കുറിച്ച് പ്രതിവാരറിപ്പോർട്ടുകൾ ഉറുഗ്വെയിലും ചിലിയിലും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു). സാമൂഹ്യക്ഷേമത്തിനുള്ള നിയമനിർമാണങ്ങൾ നടപ്പിലാക്കിക്കാനും, വേതനം പററി ജീവിക്കുന്ന മററു വിഭാഗങ്ങളിൽ നിന്നു് വിഭിന്നമായ വേതനനിലവാരം കൈവരിക്കാനും അവർക്കു തങ്ങളുടെ സംഘടനകളിലൂടെ കഴിഞ്ഞു.

"വലിയ കമ്പനികൾ കൂലിക്കു നിർത്തിയിട്ടുള്ള വ്യവസായഫാക്ടറിത്തൊഴിലാളികളുടെ എണ്ണം ചെറുതാണ്. ഫാക്ടറിത്തൊഴിലാളികളുടെ എണ്ണം വർ

---

* ഇത്തരം പരിശ്രമങ്ങൾ നമ്മുടെ ചുററുപാടിൽ, രാഷ്ട്രീയനിഷ്പക്ഷതയുടെ പേരിൽ അവരുടെ പങ്കല്ലെന്നു കൂടി വാദിക്കാവുന്നതാണ്. എന്നാൽ ഇതു് ചെന്നവസാനിക്കുന്നതു് പരിപാടിയുടെ നിഷ്പക്ഷതയിലാണെന്ന വസ്തുത പ്രസിദ്ധമാണ്.

ധിച്ചിട്ടും, വ്യവസായത്തൊഴിലാളികളിൽ ഏതാണ്ട് പകുതി ഇപ്പോഴും കൈവേലകളിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. * ഭിന്നജാതീയമായ വ്യവസായസാഹചര്യത്തിലാണ് ഫാക്ടറിത്തൊഴിലാളികൾ ജോലി ചെയ്യുന്നത്.

"അമേരിക്കൻ ഐക്യനാടുകളിലെ ബിസിനസ് യൂണിയനുകളെ മാതൃകയാക്കി/രൂപം കൊണ്ടിട്ടുള്ളതും, അംഗങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ വേണ്ടി മാത്രം പ്രവർത്തിക്കുന്നതും (അല്പശമ്പളക്കാരായ തൊഴിലാളികളിൽ ഭൂരിഭാഗത്തെയോ തൊഴിലില്ലാത്തവരെയോ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഇവ നന്നേ കുറച്ചേ താൽപര്യം കാണിക്കാറുള്ളു—അതും ഒരടവായിട്ടു മാത്രം) ഗിൽഡിൻെറ ** പ്രവർത്തനശൈലി കൈക്കൊള്ളുന്നതുമായ വ്യവസായത്തൊഴിലാളികളുടെയും എഴുത്തുജോലിക്കാരുടെയും ട്രേഡ് യൂണിയനുകൾ പരിവർത്തനത്തിനു കൂടുതൽ കൂടുതൽ എതിരായിത്തീർന്നിട്ടുണ്ട്....... ..

"വിപ്ലവപരമായ വാക്ധോരണി പൊഴിക്കുന്നുണ്ടെങ്കിലും, ബിസിനസ് യൂണിയനിസം എന്ന തങ്ങളുടെ നയത്തിലൂടെ ഈ ഗ്രൂപ്പുകൾ വ്യാവസായിക വ്യാവസായികേതരതൊഴിലാളികൾ തമ്മിലും, സംഘടിതാസംഘടിതത്തൊഴിലാളികൾ തമ്മിലും, ഉള്ള സാമൂഹ്യ-സാമ്പത്തികവിടവ് വർധിപ്പിച്ചിട്ടുണ്ട്. കാലം ചെല്ലുന്നതോടെ ഈ വ്യത്യാസങ്ങൾ മൂർച്ഛിച്ചു വരികയാണ്. തങ്ങളേക്കാൾ ഭാഗ്യം കുറഞ്ഞ നാട്ടുകാരുടെ അസംഖ്യം സാമൂഹ്യപ്രശ്നങ്ങളിൽ ഉദാസീനത കാണിക്കാൻ യൂണിയൻകാരെ ഇതു് പ്രേരിപ്പിച്ചിട്ടുണ്ട്............

"ഫാക്ടറിത്തൊഴിലാളികളിൽ നിന്നും എഴുത്തുജോലിക്കാരിൽ നിന്നും വ്യത്യസ്തമായി, നാഗരികസൂചീസ്തംഭത്തിൻെറ ഏററവും താഴത്തെ തട്ടിലുള്ളതു് ഉപതൊഴിലാളിവർഗമാണ്. ഒററക്കെട്ടത്താൽ ഇവരാണ് നഗരത്തിലെ ഏററവും വലിയ വിഭാഗം. സേവനമേഖലയുടെ ഒരു ഭാഗമായാണ് ഇവരെ തരംതിരിച്ചിട്ടുള്ളതു്. ഭാഗികമായോ ഒററയ്ക്കും തെററക്കുമോ തൊഴിലുള്ളവരും, വിവിധതരം പ്രത്യുല്പാദനപരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ട് ജീവിതവൃത്തി കഴിച്ചുകൂട്ടുന്നവരുമായ അല്പശമ്പളക്കാരടങ്ങുന്നതാണ് ഈ ഉപതൊഴിലാളിവർഗം. വില കുറഞ്ഞ ഏതാനും സാമാനങ്ങൾ കൊണ്ട് നടന്നു വില്ക്കുന്നവർ, വീട്ടുവേലക്കാർ, കാർ നോക്കുന്നവർ, ചെരിപ്പു് മിനുക്കുന്നവർ, പത്രങ്ങളും ലോട്ടറിടിക്കററും വില്ക്കുന്നവർ, വല്ലപ്പോഴും ദിവസക്കൂലിയ്ക്കു പോകുന്നവർ തുടങ്ങിയവരെല്ലാം ഇതിൽപ്പെടുന്നു. വ്യാവസായികോല്പാദനവുമായി ഈ നാഗരിക ഉപതൊഴിലാളിവർഗത്തിനു നേരിട്ട് ബന്ധമില്ല. എങ്കിലും ഉല്പാദനത്തുറകളിലുള്ള എല്ലാ തൊഴിലാളികളും കൈവേലക്കാരും കൂടിയ എണ്ണത്തേക്കാൾ കൂടുതലാണിവർ. കുറഞ്ഞ ശമ്പളത്തിനുള്ള സേവനത്തുറകളിലുള്ളവരിൽ മിക്കവരും

---

* നമ്മുടെ നാട്ടിൽ പരമ്പരാഗതവ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരും ഈ വിഭാഗത്തിൽ പെടും.

** വ്യാവസായികവിപ്ലവം പൊട്ടി പുറപ്പെടുന്നതു വരെ ബ്രിട്ടനിലെ പുരോഗതിയ്ക്കു് തടസ്സമായി നിന്നതു്, പരിഷ്കരണത്തിനും പരിവർത്തനത്തിനും എതിരായി ഗിൽഡുകൾ എടുത്ത നിലപാടാണ്.

നാട്ടിൻപുറത്തു നിന്നു് കുടിയേറിപ്പാർത്തവരാണു്. അതേ സമയം വ്യവസായ ത്തൊഴിലാളികളിൽ മിക്കവരും നേരത്തേ നഗരത്തിൽ വന്നു പാർത്ത വിഭാഗ ത്തിൽപ്പെടുന്നു. അങ്ങനെ ഈ രണ്ടുകൂട്ടരും തമ്മിൽ സാംസ്കാരികവും സാമ്പത്തി കവുമായ വ്യത്യാസങ്ങളുണ്ടു്. ഇതു് ചിലപ്പോഴെങ്കിലും രാഷ്ട്രീയമായ ഭിന്നി പ്പിലേയ്ക്കു വഴിതെളിയ്ക്കുന്നു. നഗരജനതയിൽ സാമ്പത്തികമായി സജീവമായ വി ഭാഗത്തിൽ ഉപതൊഴിലാളിവർഗത്തിന്റെ അനുപാതം വർധിച്ചിരിയ്ക്കുന്നു. ഇക്ക ഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ പ്രവണത കൂടുതൽ വ്യക്തമായിരിയ്ക്കുന്നു.

"നഗരത്തിലെ ഈ ബഹുജനങ്ങളും വ്യവസായത്തൊഴിലാളികളും തമ്മിലു ള്ള വ്യത്യാസം അവരുടെ സാമ്പത്തികനിലയിൽ മാത്രമല്ല, അവർ അഭിമുഖീക രിക്കുന്ന അടിയന്തിരപ്രശ്നങ്ങളിലുമുണ്ടു്. അതിനാൽ അവരുടെ രാഷ്ട്രീയവും സാമൂഹ്യവുമായ ആഭിമുഖ്യവും വ്യത്യസ്തമാണു്. വ്യവസായത്തൊഴിലാളിക ളുടെ അടിയന്തിരതാല്പര്യം തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിലാണു്—സാ മൂഹ്യഇൻഷ്വറൻസ്സംരക്ഷണം, കൂലിക്കൂടുതൽ, ജോലിഭദ്രത, ഉദ്യോഗക്കയ റ്റം തുടങ്ങിയവയിൽ. മറിച്ചു്, വ്യവസായേതരഉപതൊഴിലാളിവർഗത്തിന്റെ താല്പര്യം ജീവസന്ധാരണത്തിലാണു്—ഭദ്രമായ തൊഴിൽ നല്കാൻ കഴിയുന്ന ഏ തെങ്കിലുമൊരു വ്യവസായത്തിലോ മറേറതെങ്കിലും സ്ഥാപനത്തിലോ ജോലി നേടൽ, ഒരു ചെററപ്പുര പണിയാനുള്ള ഒരു സ്ഥലം ലഭിയ്ക്കൽ, ഭൂമിയിൽ സ്ഥിരാ വകാശം നേടൽ മുതലായവയിൽ..............ഭിന്നാത്മകമായ സാമ്പത്തികപ്രവർ ത്തനങ്ങളിൽ അവർ ഏർപ്പെട്ടിരിക്കുന്നു എന്നതിനാൽ ഉപതൊഴിലാളിവർഗ ത്തെ ട്രേഡ്യൂണിയനുകളായി സംഘടിപ്പിയ്ക്കാൻ സാധ്യമായിട്ടില്ല. രണ്ടാമതു്, ഓരോ സ്ഥാപനത്തിനകത്തുമുള്ള ശമ്പളം, സേവനവ്യവസ്ഥകൾ മുതലായ പ്രശ്ന ങ്ങളിൽ മാത്രം ട്രേഡ്യൂണിയനുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു കൊണ്ടു്, ഫാക്ട റിയ്ക്കു പുറത്തുള്ള ഉപതൊഴിലാളിവർഗത്തിന്റെ കാര്യത്തിൽ അവയ്ക്കു പറയ ത്തക്ക താൽപര്യമില്ല. മൂന്നാമതായി, നിയമപരവും രാഷ്ട്രീയവുമായ നിബന്ധ നകൾ വിപുലാടിസ്ഥാനത്തിലുള്ള സാമൂഹ്യ–സാമ്പത്തികസംഘടനയെ തട സ്സപ്പെടുത്തുകയും, സാമൂഹ്യമായ ശകലീകരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിനു പുറമേ, മിക്ക ലാററിനമേരിയ്ക്കൻ ഗവണ്മെൻറുകളുടെയും തൊഴിൽനയം കക്ഷിബന്ധങ്ങൾ വളർത്തുന്നു. തൽഫലമായി, നഗരതൊഴി ലാളിവർഗത്തിന്റെ പ്രത്യേകവിഭാഗങ്ങളുടെ സങ്കുചിതമായി രൂപം കൊടുക്ക പ്പെട്ടിട്ടുള്ള പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കാൻ തൊഴിലാളിസംഘടനകൾ പ്രോത്സാഹിക്കപ്പെടുന്നു..... ..."

ഈ നിലപാടുകൾ മൂലം സമൂഹത്തിൽ ഘടനാപരമായ മാററം വരുത്തുന്ന തിനുള്ള ഏജൻസി തൊഴിലാളിവർഗമാകുമെന്നു് പ്രതീക്ഷിച്ചുകൂടെന്നു് വ്യക്ത മാണു്.

### രാഷ്ട്രീയപാർട്ടികൾ

"ഒന്നാമതായി, എല്ലാ ലാററിനമേരിയ്ക്കൻ രാഷ്ട്രീയപാർട്ടികളും യൂറോപ്യൻ പാർട്ടികളുടെ കാർബൺ കോപ്പികളാണു്. ലാററിനമേരിയ്ക്കൻ ഭരണഘടനകൾ, ദേശീയയാഥാർഥ്യങ്ങളിൽ നിന്നു് പാടെ അകന്നു നില്ക്കുന്ന വിദേശഭരണഘടന

കരം ഏച്ചു ചേർത്തുണ്ടാക്കിയതാണ്. ലാററിനമേരിക്കൻ കാല്പനികതത്തിൻെറയും പ്രാദേശികതത്തിൻെറയും ചായം പൂശിയിട്ടുണ്ട് എന്നു മാത്രം.......

"ഇറക്കുമതി ചെയ്യപ്പെട്ട പ്രത്യയശാസ്ത്രങ്ങൾ ഓരോ യൂറോപ്യൻ കാലഘട്ടത്തിൻെറയും പ്രത്യേകതകൾ ഉൾക്കൊള്ളുന്നവയാണ്—ഇന്നത്തെ കാലഘട്ടത്തിൻെറതൊഴിച്ച്...........ക്യൂബൻ വിപ്ലവത്തിൻെറ വിജയവും കമ്മ്യൂണിസ്റ്റ് ചൈനയുടെ വളർന്നു വരുന്ന ശക്തിയും വിയത്നാമിലെ സ്തംഭനാവസ്ഥയും, കാമിലൊ ടോറെസ്സിൻെറയും ചേ ഗുവാരയുടെയും പരാജയങ്ങളുടെ പ്രത്യാഘാതത്തോടൊപ്പം, രാഷ്ട്രീയകക്ഷികളിൽ സമ്മർദം ചെലുത്താൻ ലാററിനമേരിക്കൻ യുവാക്കളെ പ്രേരിപ്പിച്ചിട്ടുണ്ട്. കൂടുതൽ തീവ്രമായ പരിഷ്കാരങ്ങൾ വരുത്താനും, അധികാരത്തിലെത്താൻ അക്രമത്തെ ഒരു ന്യായമായ മാർഗമായി വീണ്ടും പരിഗണിക്കാനും ആ കക്ഷികളെ വെല്ലുവിളിക്കുകയാണവർ. 1950–കളിലാകെ വിപ്ലവകാരികൾ "വികസനവാദികൾക്ക്" പിന്തുണ നല്കി; ഇപ്പോൾ വികസനവാദികൾ വിപ്ലവകാരികളെ പിന്താങ്ങാൻ നിർബന്ധിതരായിരിക്കുയാണ്. നീതി എല്ലാവർക്കും ഒരേ പോലെ അവകാശപ്പെട്ടതാക്കുകയാണ് ലക്ഷ്യം.............

"ലാററിനമേരിക്കൻ പാർട്ടികൾ അല്പായുസ്സുക്കളാണ്. വേറൊരു തരത്തിൽ പറഞ്ഞാൽ ലാററിനമേരിക്കൻ പാർട്ടികളുടെ മരണനിരക്ക് വളരെ ഉയർന്നതാണ്. കൂടാതെ അവയുടെ സ്വഭാവം ചാഞ്ചാട്ടങ്ങൾക്കു ഏറെ വിധേയമാണ്. "ദൈവത്തോടൊപ്പം ഉറങ്ങാൻ കിടക്കുകയും പിശാചിനോടൊപ്പം ഉണർന്നെഴുന്നേല്ക്കുകയും" ചെയ്യുന്ന ലാററിനമേരിക്കൻ പാർട്ടികളുടെ ഒന്നിൻെറ സ്വഭാവം നയസ്ഥിരത ആഗ്രഹിക്കുന്നവർക്ക് തീരെ ദുർഗ്രഹമായിരിക്കുന്നു..... സോഷ്യലിസ്ററുകാരുടെ നയസ്ഥിരത, പ്രത്യയശാസ്ത്രപരമായി അസ്ഥിരരായിരിക്കാനുള്ള അവരുടെ വാസനക്കു പുറമെ, സമീപകാലത്തായി എപ്പോഴും കൂടുമ്പോൾ ഭിന്നിക്കാനുള്ള പ്രവണത കൂടി പ്രദർശിപ്പിക്കുന്നുണ്ട്.

"നിലനില്പിനു വേണ്ടി രാഷ്ട്രീയപാർട്ടികൾ പലപ്പോഴും വിവിധ പാർട്ടികളുടെ കൂട്ടുകെട്ടുകളായ യൂണിയനെസ്, അലയൻസസ് എന്നിവയിൽ അഭയം പ്രാപിക്കുന്നു. സ്വാഭാവികമായി ഇവ ഇവയിലടങ്ങിയിരിക്കുന്ന പാർട്ടികളെക്കാളും അല്പായുസ്സുക്കളാണ്. * ഈ "അലയൻസു"കൾ മിക്കവാറും എല്ലാ

* രാഷ്ട്രീയാസ്ഥിരത പുരോഗതിയെ തടസ്സപ്പെടുത്തുന്ന ഒരു ഘടകമാകണമെന്നില്ല. എന്നിരുന്നാലും, ഫലത്തിൽ അതിൻെറ പോക്ക് ആ വഴിക്കാണ്. കാരണം, ഒരു ദീർഘകാലവീക്ഷണം കൈക്കൊള്ളാനോ ദൃഢമായ വികസനതീരുമാനങ്ങളെടുക്കാനോ അതിനു വിഷമമായിരിക്കും. നിലനില്പ് മുഖ്യലക്ഷ്യമാകുമ്പോൾ ചെറിയ വിഭാഗങ്ങളെ ബാധിക്കുന്ന വികസനതീരുമാനങ്ങൾ പോലും എടുക്കുവാനാവില്ല. വിപ്ലവത്തെയും വികസനത്തെയും സംബന്ധിച്ച പ്രസംഗം അനവരതം നടത്തുക; എന്നാൽ വികസനവും തീരുമാനമെടുക്കലും അതേ സമയം സ്തംഭിക്കപ്പെടുക—ഇങ്ങനെ ഒരവസ്ഥാവിശേഷം ഇതു മൂലം വന്നു ചേരുന്നു.

രാജ്യങ്ങളിലും കാണാം; മിസ്സുവാറും എല്ലാ തിരഞ്ഞെടുപ്പിന്റെയും അവസരങ്ങളിലും................

"ലാററിനമേരിക്കയിലെ രാഷ്ട്രീയരംഗത്തിന്റെ 'വിലങ്ങനെയുള്ള' ഒരു പരിപ്രേക്ഷ്യം പരമാബദ്ധമാണ്. വിവിധരാഷ്ട്രീയപാർട്ടികൾക്കിടയിലുള്ള വ്യത്യാസങ്ങളുടെ തരത്തേക്കാൾ അവയുടെ തോതിനെക്കുറിച്ച് സംസാരിക്കുന്നതാണ് കൂടുതൽ വസ്തുനിഷ്ഠമായിരിക്കുക. ഒരു പക്ഷേ രാഷ്ട്രീയകക്ഷികളെന്നതിനേക്കാൾ രാഷ്ട്രീയഗണങ്ങൾ (Political factions) എന്നു പറയുകയാവും കൂടുതൽ ശരി. പരിപ്രേക്ഷ്യം 'വിലങ്ങനെ'യല്ല 'കുത്തനെ'യാണ് ആകേണ്ടതു്. അതായതു്, വിവിധ സാമൂഹ്യ–സാമ്പത്തികവർഗങ്ങളിൽ നിന്നു് അംഗങ്ങളെ ഉൾക്കൊള്ളുന്നതാണ് ഓരോ രാഷ്ട്രീയപ്പാർട്ടിയും. ചില മൗലികപ്രശ്നങ്ങളിൽ പാർട്ടികൾ തമ്മിൽ വ്യത്യാസമില്ല. ഉദാഹരണത്തിനു്, അടിയന്തിരമായ സാമൂഹ്യസാമ്പത്തികപരിവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ച് ചോദ്യമില്ല. ജനസംഖ്യാസമ്മർദം, ആഭ്യന്തരമായ കുടിയേററം, ആഭ്യന്തരവും വൈദേശികവുമായ കൊളോണിയലിസത്തിന്റെ അവശിഷ്ടങ്ങൾ, പടർന്നു് പിടിച്ചിരിക്കുന്ന തൊഴിലില്ലായ്മ, പലായനം ചെയ്യുന്ന മൂലധനം, കുറഞ്ഞ ഉല്പാദനനിലവാരം, സാമ്പത്തികവളർച്ചയുടെ കുറഞ്ഞ തോതു്, കുറഞ്ഞു വരുന്ന കയററുമതിവിലകൾ, വിദേശവിപണികളുടെ അസ്ഥിരത, ഇറക്കുമതിവിലകളുടെ വർധന, വിപ്ലവത്തിനുള്ള വമ്പിച്ച സാധ്യതകൾ മുതലായവ അടിയന്തിരമായ ശ്രദ്ധ ആവശ്യപ്പെടുന്നു. ഘടനയാകെ തല്ലിക്കൂട്ടണമെന്നും പൂർണമായി അഴിച്ചുപണിയണമെന്നും കാലാനുസൃതമാക്കണമെന്നുമുള്ള കാര്യങ്ങളിൽ എല്ലാ പാർട്ടികളും യോജിക്കുന്നു. മുൻഗണന, തന്ത്രം, കാലം എന്നീ കാര്യങ്ങളിലാണ് അവ വിയോജിക്കുന്നതു്. സമൂഹത്തിന്റെ ഒരു ഭാഗത്തെ ചങ്ങലക്കിടുന്നുവെന്നു് തോന്നിക്കുന്ന നീതിന്യായവ്യവസ്ഥയിൽ നിന്നാണ് ചില പാർട്ടികൾ ആരംഭിക്കുക. ക്രമസമാധാനത്തെയും അധികാരത്തെയും പ്രാഥമികമായി പരിഗണിക്കുന്ന പാർട്ടികളാണിവ. ചില വളരെ ചെറിയ പാർട്ടികൾക്കാവശ്യം പൂർണവും അക്രമപരവുമായ വിപ്ലവമാണ്. ഇതു നടത്താനായി അവ കാര്യമായി ഒന്നും ചെയ്യുന്നില്ലതാനും. അതു പോലെ യാഥാസ്ഥിതികപാർട്ടികൾ യഥാർഥത്തിൽ യാഥാസ്ഥിതികമല്ല. ലാററിനമേരിക്കൻ രാഷ്ട്രീയപാർട്ടികൾ തമ്മിലുള്ള മുഖ്യമായ വ്യത്യാസങ്ങൾ, സമൂഹത്തിന്റെ വിവിധ അടരുകളിലേക്കു് അവ എത്ര ആഴത്തിൽ തുളച്ചു കയറുന്നു എന്നതിനെ ആസ്പദമാക്കിയുള്ളതാണ്. സാമൂഹ്യ–സാമ്പത്തികപ്രക്രിയകൾ പഠിക്കുന്നതിനു ചുരുക്കം രാഷ്ട്രീയപാർട്ടികളേ സമയവും പണവും ചെലവഴിക്കുന്നുള്ളു. സ്വന്തം പ്രവർത്തനങ്ങളെ തന്നെ അവ ശരിക്കു പരിശോധിക്കുന്നില്ല........

"ഒരു രാഷ്ട്രീയപ്പാർട്ടിയും ഇതു വരെ ഏറെറടുക്കാത്ത കാര്യങ്ങളുണ്ട്........... ഉന്നയിക്കാൻ പാർട്ടികളില്ലാത്ത പ്രശ്നങ്ങളാണ് ഇവ.

"ശരിക്കും മൗലികമായ പ്രശ്നങ്ങളെ സംബന്ധിച്ച് രാഷ്ട്രീയപാർട്ടികൾ തമ്മിൽ വ്യത്യാസമില്ലെങ്കിൽ, പ്രത്യയശാസ്ത്രപരമായി അപ്രധാനമായ കാര്യങ്ങ

ളിലാണ് അവ തമ്മിലുള്ള വീക്ഷണവ്യത്യാസങ്ങളെങ്കിൽ, ധാരാളം പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നുണ്ടെങ്കിൽ, ഒരു പ്രശ്നവും ഉയർത്തിപ്പിടിക്കാത്ത പാർട്ടികളുണ്ടായിരിക്കണമെന്ന് വരുന്നു....

"എല്ലായിടത്തുമുള്ള പാർട്ടികൾ പരസ്പരം അവസരവാദികളെന്നു കുററപ്പെടുത്തുന്നത് ഒരു പതിവാണ്. എന്നാൽ ഇവ തമ്മിൽ പ്രത്യയശാസ്ത്രപരമായ അഭിപ്രായവ്യത്യാസങ്ങൾ വളരെ കുറച്ചേയുള്ളുവെന്നോ തീരെ ഇല്ലെന്നോ മനസ്സിലാക്കുന്ന നിഷ്പക്ഷനിരീക്ഷകനു പലപ്പോഴും അത്ഭുതം തോന്നിയേക്കാം— ബൊളീവിയ, ഗ്വാട്ടിമാല, പെറു, പനാമ ഈ രാജ്യങ്ങളിലെ പാർട്ടികളെപ്പററി ഏതൊരാളും അത്ഭുതപ്പെട്ടേക്കാവുന്നതു പോലെ, ഈ രാജ്യങ്ങളിലെ മിക്ക പാർട്ടികളും പ്രശ്നങ്ങളൊന്നും ഉയർത്തിപ്പിടിക്കുന്നില്ലെന്ന് വ്യക്തമാണ്........."

പൊതുവെ ലാററിനമേരിക്കയെ കുറിച്ചും ഓരോ പ്രത്യേകരാജ്യങ്ങളെക്കുറിച്ചുമുള്ള പരാമർശങ്ങൾ മുകളിലുദ്ധരിച്ച ഭാഗങ്ങളിൽ നിന്നെടുത്തു മാററിയാൽ, നമുക്കു ചുററും സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള തുറന്നടിച്ചതും വസ്തുനിഷ്ഠവുമായ വിവരണമാണ് നാം വായിക്കുന്നതെന്നാണ് തോന്നുക. നമ്മുടെ കാര്യത്തിലാകട്ടെ, വികസനത്തെ തടസ്സപ്പെടുത്തുന്ന സാമ്പത്തികേതരഘടകങ്ങളെ, സർവവ്യാപിയായ ജാതി-വർഗീയലക്ഷണം (Syndrome) കൂടുതൽ സങ്കീർണമാക്കുന്നു. വാസ്തവത്തിൽ, പഴയതോ പുതിയതോ ആയ ഏതു രംഗത്തെയും ഈ ജാതി-വർഗീയലക്ഷണത്തെ മറികടക്കുന്നതിനുള്ള കഴിവുകേടാണ് നമ്മുടെ കാര്യത്തിൽ വികസനത്തിനുള്ള ഏററവും വലിയ തടസ്സമായി നില്ക്കുന്നത്. ഈ നിലപാടുകളും പെരുമാററമാതൃകകളും മൂലമുണ്ടാകുന്ന തടസ്സങ്ങളെ ബുദ്ധിജീവികളും സർവകലാശാലകളും പൊതുജനദൃഷ്ടിയിൽ കൊണ്ടുവരണം. ബന്ധപ്പെട്ട വിഭാഗങ്ങൾ സ്വരക്ഷയിലുള്ള താൽപര്യം കൊണ്ട് തന്നത്താൻ ദ്രുതഗതിയിലുള്ള വികസനത്തിനുള്ള വിലങ്ങുതടികൾ തട്ടി മാററാൻ ശ്രമിച്ചെന്നു വരികയില്ല; വാചകക്കസർത്തു തുടരുകയേയുള്ളു. മുമ്പു പ്രസ്താവിച്ചതു പോലെ ഈ തടസ്സങ്ങൾ നീക്കാൻ വേണ്ട ശക്തികളെ സൃഷ്ടിച്ചില്ലെങ്കിൽ, ഇത്രയും കാലമായി നാം ധരിച്ചു വെച്ചതു പോലെ വേഗത്തിലുള്ളതും സ്വാത്മപാലനക്ഷമവുമായ ഒരു പ്രക്രിയയായിരിക്കില്ല വികസനം; പിന്നെയോ, തട്ടിയും തടഞ്ഞും സാമൂഹ്യസംഘട്ടനത്തോടു കൂടിയുമാണ് അതു മുന്നോട്ടു നീങ്ങുക. ഒരു പരമ്പരാഗതസമൂഹത്തിൽ നിന്ന് ആധുനികസമൂഹത്തിലേക്കുള്ള വികസനത്തിന്റെ പരിവർത്തനഘട്ടം അനിശ്ചിതകാലത്തേക്ക് നീണ്ടു നില്ക്കുകയും ചെയ്യും.

വി. രാമചന്ദ്രൻ ഐ. ഏ. എസ്.

# മനശ്ശാസ്ത്രവും ദേശീയവികസനവും

ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ മനശ്ശാസ്ത്രത്തിൻെറ സേവനം ഓരോ മനുഷ്യനും ലഭിക്കുന്നതിനാൽ സാമൂഹ്യശാസ്ത്രങ്ങളിൽ വച്ച് അതിപ്രധാനമായ ഒരു സ്ഥാനം മനശ്ശാസ്ത്രത്തിനുണ്ടെന്ന് തീർത്തു പറയാവുന്നതാണ്. ആധുനികജീവിതത്തിൽ പരിവർത്തനങ്ങളുണ്ടാകുന്ന പ്രക്രിയയിൽ ഇന്നത്തെ മനശ്ശാസ്ത്രം ഒരു പങ്ക് വഹിക്കുന്നുണ്ട്. മനുഷ്യപ്രയത്നത്തിൻെറ ഓരോ അംശത്തിലും മനശ്ശാസ്ത്രം കനത്ത സംഭാവനകളാണ് ഇന്ന് നല്കി കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും കഴിഞ്ഞ ഏതാനും ദശകങ്ങളിൽ പുരോഗമന രാഷ്ട്രങ്ങളിലെ ഗവൺമെൻറുകൾ, വ്യവസായവാണിജ്യമേഖലകൾ തുടങ്ങിയവ മനശ്ശാസ്ത്രത്തിൻെറയും മനശ്ശാസ്ത്രകാരന്മാരുടെയും സംഭാവനകൾ പരമാവധി പ്രയോജനപ്പെടുത്തി വരുന്നു. എന്നാൽ, നമ്മുടെ രാജ്യത്തെ നില കുറച്ച് വിഭിന്നമാണ്. കൂടുതൽ ക്രിയാത്മകമായ പങ്കു വഹിക്കാൻ മനശ്ശാസ്ത്രത്തിനു് കഴിയുമെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു.

ദേശീയവികസനത്തിൻെറയും സാമ്പത്തികവളർച്ചയുടെയും സംരംഭങ്ങളിൽ ദൂരക്കാഴ്ചയോടു കൂടിയ വിദ്യാഭ്യാസനയവും ശാസ്ത്രീയചിന്തയും കൈക്കൊള്ളേണ്ടിയിരിക്കുന്നു. വാസനാസമ്പന്നരെയും പ്രതിഭാശാലികളെയും പ്രോത്സാഹിപ്പിക്കൽ, കാലപ്പഴക്കം ചെന്നതും അടിസ്ഥാനപരവുമായ വിദ്യാഭ്യാസപ്രശ്നങ്ങൾ (പ്രത്യേകിച്ചും വിദ്യാർത്ഥികളുടെ ഇടയിലെ അസ്വാസ്ഥ്യം തുടങ്ങിയവ) പരിഹരിക്കൽ എന്നിവ നമ്മുടെ ശ്രദ്ധയെ പ്രത്യേകിച്ച് ആകർഷിക്കും. പ്രായോഗികമനശ്ശാസ്ത്രജ്ഞനു് ജനസംഖ്യാപ്രശ്നം കൈകാര്യം ചെയ്യുന്നതിൽ ഒരു പ്രധാനസ്ഥാനമുണ്ട്. ദേശീയവികസനത്തിനാവശ്യമായ പ്രേരണാഘടകങ്ങളാണ് മറെറാരു രംഗം. ഇവിടെ മനശ്ശാസ്ത്രജ്ഞനു് സൂക്ഷ്മമായ അറിവും ക്രിയാത്മകമായ നിർദേശങ്ങളും ദേശീയോൽപാദനം വർധിപ്പിക്കാൻ വേണ്ടി ഉണ്ടാകേണ്ടിയിരിക്കുന്നു.

രാഷ്ട്രങ്ങളുടെ ചരിത്രങ്ങൾ അപഗ്രഥനം ചെയ്യുമ്പോൾ അവയുടെ വളർച്ചയും പുരോഗമനവും പ്രധാനമായും ചില പ്രേരകഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നതായി കാണാം. ഇവയിൽ പ്രധാനമായതു് നേട്ടഃപ്രേരണ (Achievement motive) എന്ന പേരിൽ അറിയപ്പെടുന്ന ഒരു വ്യക്തിത്വ (പേഴ്സണാലിററി)

സവിശേഷതയാണ്. വിജയം വരിക്കാനാവശ്യമായ ഒരു ആന്തരികപ്രചോദനം ഈ പ്രേരണ പ്രദാനം ചെയ്യുന്നു. നേട്ടപ്രേരണകളെ സംബന്ധിച്ച് നടത്തിയ നിരവധി പഠനങ്ങൾ ഇതു സംബന്ധമായ പല വിവരങ്ങളും നല്കുകയുണ്ടായി, ഇത്തരത്തിലൊരു പഠനം മൂലം ഇടത്തരക്കാരുടെ ഇടയിൽ കൂടുതൽ നേട്ടസ്കോറുകൾ ഉള്ളതായി കണ്ടിട്ടുണ്ട്. പ്രേരണാനേട്ടങ്ങളുടെ സഞ്ചയരൂപം വ്യക്തി പ്രതിനിധാനം ചെയ്യുന്ന സംസ്കാരത്തെ ആശ്രയിച്ചിരിക്കുന്നതായി മറെറാരു പഠനം വെളിപ്പെടുത്തുന്നു. കൂട്ടായ പ്രവൃത്തിയും നേട്ടപ്രേരണയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് മാക്ലീലാൻഡ് പഠനം നടത്തുകയുണ്ടായി. 'ദി അച്ചീവിംഗ് സൊസൈററി' (The Achieving Society) എന്ന തൻെറ പ്രസിദ്ധമായ ഗ്രന്ഥത്തിൽ മാക്ലീലാൻഡ് സാമ്പത്തികവികസനത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള പ്രാധാന്യം വിശകലനം ചെയ്യുന്നതു കാണാം. ഗവൺമെൻറിൻെറ സ്വഭാവം (കോളണിവാഴ്ച, ഏകാധിപത്യം, ജനാധിപത്യം തുടങ്ങിയവ), ഭരണാധികാരിയുടെ ശക്തി, സായുധസേനാനയം, ഭൂമിശാസ്ത്രപരമായ സ്ഥാനം, പ്രകൃതിവിഭവങ്ങൾ, കാലാവസ്ഥ, ജനസംഖ്യയും അതിൻെറ വളർച്ചയും, വർഗം, സാങ്കേതികവികാസം, സാംസ്കാരികമിശ്രണം തുടങ്ങിയവ സാമ്പത്തികവികാസത്തിലെ പ്രധാന ഘടകങ്ങളാണെന്ന് പലരും ചൂണ്ടിക്കാണിക്കുന്നു. ചരിത്രപരവും വസ്തുനിഷ്ഠവുമായ പല പഠനങ്ങളും അപഗ്രഥനം ചെയ്താൽ സാമ്പത്തികവികാസത്തിലെ ഏററവും പ്രധാനമായ ഘടകം മനുഷ്യപ്രേരണകളാണെന്ന് കാണാൻ കഴിയും. ആവശ്യനേട്ടങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിന്നു വേണ്ട മനശ്ശാസ്ത്രപരീക്ഷകൾ ഇതിനകം നിർമിച്ചിട്ടുണ്ട്. മററ് വിവിധഘടകങ്ങളും ആവശ്യനേട്ടവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് പഠിക്കാൻ ചില തന്ത്രങ്ങൾ ഉപയോഗിച്ചുവരുന്നു. താരതമ്യസാംസ്കാരികപഠനങ്ങൾ വിവിധ രാജ്യങ്ങളിലെ ജനങ്ങൾക്കിടയ്ക്ക് വിവിധതോതിലുള്ള നേട്ടനിലവാരങ്ങളാണുള്ളതെന്ന് തെളിയിച്ചിട്ടുണ്ട്. ഏതാണ്ട് ഒരേ സംവിധാനത്തിലുള്ള രണ്ട് രാഷ്ട്രങ്ങളിൽ ഒന്ന് വികസിക്കുകയും മറേറത് അവികസിതമായി തുടരുകയും ചെയ്യുന്നതിന് കാരണം ഈ പഠനങ്ങൾ വിശദമാക്കുന്നു. ഉദാഹരണമായി, ജപ്പാൻ വളരെയേറെ വികാസം പ്രാപിച്ചപ്പോൾ ചൈനയും അറബിരാജ്യങ്ങളും പിന്നോക്കം നിന്നതിന് കാരണം ഇവിടെ വ്യക്തമാണ്. പ്രേരണയിൽ നിന്ന് വേർതിരിച്ച് നോക്കിയാൽ മൂല്യങ്ങൾ തുടങ്ങിയ മനശ്ശാസ്ത്രഘടകങ്ങൾ പോലും സാമ്പത്തികവികാസത്തിൽ അത്ര വളരെ പ്രധാനമാണെന്ന് തോന്നുന്നില്ല. കഠിനപ്രയത്നവും ഉൽക്കർഷേച്ഛയുമുള്ള രാജ്യങ്ങളാണ് മുന്നേറിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാണ്. വളരെ വേഗതയിലും സ്വയം നിലനിൽപ്പുള്ളതുമായ സാമ്പത്തികവളർച്ച ഉണ്ടാകുന്നതിനു മുമ്പ് മനശ്ശാസ്ത്രപരമായ വ്യതിയാനങ്ങൾ ഉണ്ടായേ മതിയാവൂ എന്നതു് തർക്കമററ സംഗതിയത്രേ. പുരോഗതിക്ക് വേണ്ടിയുള്ള അഭിലാഷം, ആദർശപരമായ ചലനം, വ്യതിയാനം, നേട്ടം തുടങ്ങിയവ ജനങ്ങളിലുണ്ടാകണം. രാജ്യത്ത് നേട്ടപ്രേരണ വളർത്തിയെടുക്കുന്നതിനു പൊതുമേഖലയിലും സ്വകാര്യമേഖലയിലും വായ്പാസൗകര്യങ്ങൾ, ഗ്രാമപ്രദേശങ്ങളിൽ ക്രയവിക്രയങ്ങൾ

കൾക്കുള്ള സൗകര്യങ്ങൾ തുടങ്ങിയവ ഉണ്ടാകണം. ഗ്രാമപ്രദേശങ്ങളുടെ വ്യവസായവൽക്കരണം പുതിയ മാനദണ്ഡങ്ങളും മൂല്യങ്ങളും ആവശ്യമുള്ളിടത്തെല്ലാം പ്രദാനം ചെയ്യാൻ പ്രയോജനപ്പെടുന്നു. വൻതോതിലുള്ള വ്യവസായകേന്ദ്രീകരണം, നഗരങ്ങളിലെ ജനബാഹുല്യം തുടങ്ങിയവയിൽ നിന്നുണ്ടാകുന്ന ദോഷങ്ങൾ ദൂരീകരിക്കാനും ഈ നയം സഹായിക്കുന്നു.

## തൊഴിലില്ലായ്മപ്രശ്നം

വിവിധങ്ങളായ ഉപഭോഗവസ്തുക്കളുടെ കുറവും വളരെയധികം തൊഴിലില്ലായ്മയും അടുത്തടുത്തായി സ്ഥിതിചെയ്യുന്നതു് അസാധാരണമായ ഒരു വൈരുധ്യം തന്നെയാണ്. സ്വന്തം നിലയിൽ ചെറുകിടവ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്കു് വളരെയേറെ അഭിവൃദ്ധി പ്രാപിക്കാനുള്ള സാധ്യത തെളിഞ്ഞു കാണുന്നുണ്ടു്. വിവിധതരത്തിലുള്ള വ്യവസായങ്ങൾക്കു് ഗവണ്മെൻറു് പ്രോത്സാഹനം നല്കി വരുന്നു. ഡോക്ടർമാർക്കും എൻജിനീയർമാർക്കും മററു യോഗ്യതകൾ ഉള്ളവർക്കും വായ്പകൾ നല്കുന്നുണ്ടു്. സ്വകാര്യമേഖലയിലുള്ള വിവിധ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ ബാങ്കുകൾക്കു് വിവിധ പദ്ധതികളുണ്ടു്. തൊഴിലില്ലാത്തവർക്കുള്ള ഉത്തേജനത്തിൻെറ അഭാവമാണു് പുരോഗതിക്കു് വിലങ്ങുതടിയായി വർത്തിക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ ഗവണ്മെൻറു് ജോലികളിൽ വളരെക്കുറച്ചു് താല്പര്യം മാത്രമേ ആളുകൾ കാണിക്കുന്നുള്ളൂ. വാസനാസമ്പന്നരായ ആളുകൾ സ്വന്തമായി ഏതെങ്കിലും തൊഴിലിലേർപ്പെടാനാണു് ആഗ്രഹിക്കുന്നതു്. നേരെ മറിച്ചു്, നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ നൂററാണ്ടുകളായുള്ള ഏകാധിപത്യപരമായ പഴഞ്ചൻ സമ്പ്രദായങ്ങളിൽക്കൂടി വളർന്നവരാകയാൽ അവർക്കു് അപകടസാധ്യതകളെ നേരിടാനാവശ്യമായ ആത്മവിശ്വാസവും, സാഹസികത്വം, സന്നദ്ധത എന്നിവയും കാണുന്നില്ല. ഒരു പക്ഷേ, ബ്രിട്ടീഷ് ഭരണം ഈ ആശ്രയഭാവത്തിനും പരിചാരകമനഃസ്ഥിതിക്കും ഒരു പരിധി വരെ കാരണമാകാം.

## ആധുനികീകരണത്തെ ചെറുക്കൽ

കൃഷി, കച്ചവടം, വ്യവസായം തുടങ്ങിയ വൈവിധ്യമുള്ള രംഗങ്ങളിൽ മാററത്തിൻെറ ആവശ്യം വളരെയധികം അനുഭവപ്പെട്ടിട്ടുണ്ടു്. വ്യവസായരംഗത്തെ യന്ത്രവൽക്കരണം, മിശ്രഉല്പാദനരീതികൾ, കംപ്യൂട്ടറുകളുടെ ഉപയോഗം എന്നിവയ്ക്കെതിരെ ശക്തിയായ പ്രതിരോധം ഉയർന്നു വന്നിട്ടുണ്ടു്. നമ്മുടെ ആളുകൾ പഴമയുടെ കരാളഹസ്തങ്ങളിൽ ബന്ധനസ്ഥരാണു്. മാററങ്ങളെ സംശയദൃഷ്ടിയോടെ അവർ വീക്ഷിക്കുന്നു. പുതിയ സംരംഭങ്ങളെ അവർ ചെറുക്കുന്നു. വിദ്യാഭ്യാസരംഗത്തു് കാര്യമായ പുരോഗതി നമ്മുടെ രാജ്യത്തിനു് കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ബഹുഭൂരിഭാഗം ആളുകളും അന്ധവിശ്വാസം, ആചാരം, ശീലം, കീഴ്വഴക്കം എന്നിവയുടെ പിടിയിൽ അമർന്നു് കഴിയുന്നവരാണു്. ശാസ്ത്രീയമായ വീക്ഷണം, ഗവേഷണമനഃസ്ഥിതി, പുതിയ ആശയ

ങ്ങരം പരീക്ഷിക്കാനുള്ള മനസ്സാന്നിധ്യം, നിർദ്ദേശങ്ങരം, സാധ്യതകരം എന്നിവയുടെ അഭാവം എന്നിവ പ്രകടമാണ്.

## സ്ഥിരതയുള്ള സ്വഭാവത്തിന്റെ ആവശ്യകത

സ്ഥിരതയുള്ള സ്വഭാവത്തോടു കൂടിയ ആളുകളെ കൂടാതെ ഒരു രാഷ്ട്രത്തിനും വികസിക്കാൻ സാധ്യമല്ല. പല തരത്തിലുള്ള സംഘർഷങ്ങരം ഇന്ന് ഇന്ത്യയിൽ സാധാരണമാണ്. ഇവയെല്ലാം ചേർത്ത് സ്വഭാവത്തിന്റെ സംഘർഷമെന്ന് പറയാവുന്നതാണ്. ഒരു കൂട്ടം മടിയന്മാർക്ക് ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധ്യമല്ല. ചുമതലയിൽ നിന്നും പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള പ്രവണത ഇന്ന് എവിടെയും പ്രകടമാണ്. ഏററവും എളുപ്പമായ മാർഗം നേടാനാണ് എല്ലാവരുടെയും നീക്കം. കുറച്ച് ജോലി ചെയ്താൽ മതിയെന്ന ഒരു തെററായ ധാരണയാണ് ഗവണ്മെൻറ് ജോലികരംക്ക് വേണ്ടിയുള്ള പരക്കംപാച്ചിലുകളുടെ പുറകിലുള്ളത്. ഒഴിഞ്ഞുമാറലും രക്ഷപ്പെടലും ആദർശമായും ഗുണവിശേഷമായും കണക്കാക്കപ്പെടുന്നു. പല പണിമുടക്കുകളും പൂട്ടിയിടലുകളും സമരങ്ങളും ആളുകരംക്ക് തൊഴിൽ ചെയ്യാനുള്ള മനസ്സില്ലായ്മയെ കാണിക്കുന്നു. തൊഴിലിൽ നിന്ന് അകന്നു മാറി നില്ക്കാൻ പല രാഷ്ട്രീയക്കാരും പ്രേരിപ്പിക്കുന്നുമുണ്ട്.

അമേരിക്ക, ജപ്പാൻ തുടങ്ങിയ വികസിതരാഷ്ട്രങ്ങളിൽ തൊഴിലിനോടുള്ള മനോഭാവം ഇതിൽ നിന്നൊക്കെ തികച്ചും വിഭിന്നമാണ്. അവിടെ തൊഴിലിൽ ആളുകരം ആത്മാഭിമാനവും അന്തസ്സും കണ്ടെത്തുന്നു. ഒരു വ്യക്തിയുടെ ക്ഷേമത്തിന് തൊഴിൽ അനിവാര്യമാണ്.

ദേശീയസ്വഭാവത്തിൽ കാര്യമായ മാററം വരുത്തണമെങ്കിൽ കോഴവാങ്ങലിനെയും അഴിമതിയെയുമൊക്കെ ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. വികസനപരിപാടികരംക്ക വേണ്ടി ചെലവഴിക്കുന്നതിൽ ഭൂരിഭാഗവും ധൂർത്തടിക്കുകയാണ് ഇവിടെ പതിവ് എന്ന് ഒരു പരാതി പലപ്പോഴും കേരംക്കാറുണ്ട്. പല പൊതുമേഖലാസംരംഭങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. വർഗീയതയും 'തൻപിള്ള' മനോഭാവവും ഇവയോട് ബന്ധപ്പെട്ടവയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളിലും തൊഴിലുകളിലും ചില സമുദായങ്ങരംക്ക വേണ്ടി സീററുകരം സംവരണം ചെയ്യുന്ന ഏർപ്പാട് ഈ ദുസ്ഥിതിയെ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഒരു കൂട്ടം ആളുകരം പിന്നോക്കം നില്ക്കുന്നതു സാമ്പത്തികമായിട്ടാണ്.

തൊഴിലില്ലായ്മയെ സംബന്ധിച്ച് വളരെയേറെ കോലാഹലമുണ്ടാക്കുന്നുണ്ടെങ്കിലും വളരെ ഉയർന്ന ശമ്പളം നല്കിയാൽ പോലും ആളുകളെ ലഭിക്കാത്ത തൊഴിലുകരം നമ്മുടെ നാട്ടിലുണ്ടെന്നതു് രസകരമായ ഒരു വസ്തുതയാണ്. ഇതിൽ നിന്നും തൊഴിലിലുള്ള അഭിമാനം നമ്മുടെ നാട്ടിൽ ഇനിയുമൊരു യാഥാർത്ഥ്യമായിട്ടില്ലെന്ന് മനസ്സിലാക്കാം.

യാഥാർത്ഥത്തിലുള്ള സേവനമനഃസ്ഥിതിയും സത്യസന്ധമായ ഉദ്ദേശ്യങ്ങളും പല നേതാക്കന്മാരിലും കാണുന്നില്ല. നേതാക്കന്മാർ തന്നെ ചഞ്ചലസ്വഭാവക്കാ

രാണെങ്കിൽ നയിക്കപ്പെടുന്നവർ ദൃഢചിത്തരായിരിക്കണമെന്നു് ശഠിക്കുന്നതിൽ കഴമ്പില്ല. ഉല്പാദനം വർധിപ്പിക്കേണ്ടതിന്റെ ആവശ്യത്തെ സംബന്ധിച്ചു് രാഷ്ട്രീയക്കാർ ബോധവാന്മാരായിരിക്കണം. വ്യവസായരംഗത്തെ സംഘർഷാവസ്ഥ പരമാവധി കുറയ്ക്കാനും അതിലൂടെ ഉല്പാദനവർധനവുണ്ടാക്കാനും അവർ തയ്യാറാകണം. അവരുടെ ലക്ഷ്യങ്ങൾക്കു് വേണ്ടി സാമുദായിക മനോഭാവം തുടങ്ങിയ ലോലവികാരങ്ങളെ ചൂഷണം ചെയ്യാതിരിക്കാൻ അവർ ശ്രമിക്കേണ്ടതുണ്ടു്.

## വിദ്യാഭ്യാസ-ശാസ്ത്രനയങ്ങൾ

ദേശീയവികസനത്തിലും സാമ്പത്തികവളർച്ചയിലും മനുഷ്യശക്തി അതിപ്രധാനമായ ഒരു ഘടകമാണു്. യോഗ്യതയുള്ള മനുഷ്യശക്തിയുടെ കുറവു് ഭാവിവികസനപരിപാടികളെ സാരമായി ബാധിക്കുന്നു. നല്ല രീതിയിൽ ആസൂത്രണം ചെയ്ത വിദ്യാഭ്യാസനയത്തിൽ സെക്കൻഡറിവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. വിദ്യാഭ്യാസനയം സാമ്പത്തികവളർച്ചയുടെ ഒരു പ്രധാനഘടകമാണു്. എന്തെന്നാൽ യോഗ്യതയുള്ള മനുഷ്യശക്തിയുടെ കുറവു് സാമ്പത്തികവളർച്ചയുടെ ആരംഭത്തിനും പുരോഗതിക്കും വിലങ്ങുതടിയായിത്തീരുന്നു. ഈ കുറവു് സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ ബാധിക്കുന്നതു പോലെ തന്നെ സാമ്പത്തികവികാസത്തെയും ബാധിക്കുന്നുവെന്നു് ഓർക്കേണ്ടിയിരിക്കുന്നു. 15 മുതൽ 20 വരെ വർഷങ്ങൾ ദൈർഘ്യമുള്ള വിപുലമായ ഒരു വിദ്യഭ്യാസപദ്ധതിയാണു് നമുക്കു് ആവിഷ്കരിക്കേണ്ടതു്. സാമ്പത്തികവളർച്ചയുടെ ആവശ്യങ്ങളെ അനുസരിച്ചു വേണം ശാസ്ത്രനയത്തിനു് രൂപം നല്കേണ്ടതു്. അതിവേഗത്തിലുള്ള വിജ്ഞാനവർധനവു് കാരണം ഇന്നലത്തെ സമ്പ്രദായം ഇന്നു് പോരാതെ വരുന്നു. അതിനാൽ വിജ്ഞാനത്തിന്റെ വിവിധശാഖകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയോടു് ഇണങ്ങിച്ചേരുന്ന വിധത്തിൽ അയവുള്ള ഒരു വിദ്യാഭ്യാസപരിപാടിക്കു് രൂപം നല്കേണ്ടിയിരിക്കുന്നു. ഓരോ സാമ്പത്തികപരിപാടിക്കും മുന്നോടിയായി ഓരോ വിദ്യാഭ്യാസപരിപാടിയുണ്ടാകണം. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കോഴ്സുകൾ ജീവിതത്തോടു് ബന്ധമുള്ളതും അങ്ങനെ ദേശീയവികസനത്തിലേക്കു് നയിക്കുന്നതുമാകാൻ പ്രത്യേകിച്ചു് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വിദ്യാർഥിപ്രശ്നങ്ങൾ

ദേശീയവികസനത്തെ കണക്കിലെടുത്തു കൊണ്ടു് വിദ്യാഭ്യാസരംഗത്തും ശാസ്ത്രരംഗത്തും നയങ്ങൾ ആവിഷ്കരിക്കുമ്പോൾ ഇന്നു് വിദ്യാർഥികളുടെ ഇടയിൽ നിലവിലുള്ള അസ്വാസ്ഥ്യങ്ങളുൾപ്പെടെയുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. വേണ്ടത്ര സൗകര്യങ്ങൾ പ്രദാനം ചെയ്യാതെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം മാത്രം പെരുകിയതിന്റെ ഫലമായി പല ദോഷങ്ങളുമുണ്ടായിട്ടുണ്ടു്. വിദ്യാർഥികളുടെ ഇടയിലുള്ള അസ്വാസ്ഥ്യം ഇന്നു് സാർവജനീനമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ടെങ്കിലും വികാസം പ്രാപിച്ചു കൊണ്ടിരിക്കുന്ന ഒരു രാജ്യമായ ഇന്ത്യയ്ക്കു് അതിന്റെ യുവതലമുറയുടെ ഊർജം മുഴുവൻ

ധൂർത്തടിച്ചു് കളയുവാൻ സാധ്യമല്ല. ദേശീയവികസനത്തിനു് ഇന്ത്യയിലെ യുവതലമുറ അവരുടെതായ പങ്കു വഹിക്കേണ്ടിയിരിക്കുന്നു. മനുഷ്യപ്രവൃത്തിയിലും വിദ്യാഭ്യാസപ്രശ്നങ്ങളിലും മന:ശാസ്ത്രജ്ഞന്മാർ അഗാധമായ താല്പര്യം കാണിക്കുന്നവരാകയാൽ വിദ്യാർഥികളുടെ ഇടയിൽ ഇന്നു് നിലവിലുള്ള അസ്വാസ്ഥ്യങ്ങൾക്കു് പരിഹാരം കാണാൻ അവർ ബാധ്യസ്ഥരാണു്. വസ്തുനിഷ്ഠമായ നിരവധി പഠനങ്ങൾ, പല സാമൂഹ്യ–മനഃശാസ്ത്രഘടകങ്ങളും ഈ പ്രശ്നത്തിലുൾപ്പെട്ടിട്ടുള്ളതായി ചൂണ്ടിക്കാണിക്കുന്നു. കേരള യൂണിവേഴ്സിററിയുടെ മനഃശാസ്ത്രവകുപ്പു് അടുത്ത കാലത്തു് നടത്തിയ ഒരു പഠനത്തിൽ, 90% വിദ്യാർഥികളും ഉന്നതവിദ്യാഭ്യാസം പ്രയോജനപ്പെടുത്താൻ തങ്ങൾ നടത്തുന്ന ഉദ്യമങ്ങളെ വിദ്യാർഥിലോകത്തിലെ അസ്വാസ്ഥ്യങ്ങൾ പ്രതികൂലമായി ബാധിക്കുന്നുവെന്നു് രേഖപ്പെടുത്തുകയും, ഏതാണ്ടു് 60% വിദ്യാർഥികൾ ഈ ചുററുപാടുകൾക്കു് പരിഹാരം കാണാൻ സാധിക്കുമെന്നു് ആശ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

### അധ്യാപക-വിദ്യാർഥിബന്ധം

വിദ്യാർഥികളിൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്താൻ ഇന്നു് അധ്യാപകർക്കു് കഴിയുന്നില്ല. ക്ലാസ്സിലെ വിദ്യാർഥികളുടെ എണ്ണം വളരെക്കൂടുതലായതാണിതിനു് കാരണം. അധ്യാപകരും രക്ഷാകർത്താക്കളും തമ്മിൽ ബന്ധം പുലർത്തുന്നില്ല. പാഠ്യവിഷയങ്ങളിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർഥികളിൽ പ്രത്യേകശ്രദ്ധ ചെലുത്താൻ അധ്യാപകർക്കു് കഴിയുന്നില്ല. വിദ്യാർഥികൾക്കാവശ്യമായ നിർദേശം നൽകാനോ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണാനോ ഇന്നത്തെ സ്കൂളധികൃതർക്കും കോളേജധികൃതർക്കും സാധിക്കുന്നില്ലെന്ന പരാതി വിദ്യാർഥികളിൽ നിന്നുണ്ടായിട്ടുണ്ടു്.

### ഭാവിയെപ്പററി ആശങ്ക

ഒട്ടു മിക്ക വിദ്യാർഥികൾക്കും അവരുടെ ഭാവിയെപ്പററി ആശങ്കയുണ്ടു്. അവർക്കു് വ്യക്തമായ ഉദ്ദേശ്യങ്ങളോ ലക്ഷ്യങ്ങളോ ജീവിതത്തിലില്ല.

### വിദ്യാഭ്യാസസമ്പ്രദായത്തിലെ പോരായ്മകൾ

ഇന്നത്തെ വിദ്യാഭ്യാസരീതി പരീക്ഷയെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടു് സംവിധാനം ചെയ്തിട്ടുള്ളതാണു്. വിദ്യാഭ്യാസസമ്പ്രദായത്തിൻെറ അടിസ്ഥാനഘടനയ്ക്കു് വലിയ മാററമൊന്നുമുണ്ടാക്കാതെ കോഴ്സുകൾക്കു് ചില മാററങ്ങളുണ്ടാക്കുക നമ്മുടെ രാജ്യത്തു് ഒരു പതിവായി മാറിയിട്ടുണ്ടു്. ഇതു് പഴയ കുപ്പിയിൽ പുതിയ വീഞ്ഞു് പകരുന്നതു പോലെയേയുള്ളു. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം വ്യക്തിത്വം (പേഴ്സണാലിററി) വളരാൻ സഹായപ്രദമല്ല.

വിദ്യാർഥികൾക്കു് അവരുടെ താല്പര്യം, അഭിരുചി എന്നിവയെ മുൻനിർത്തി കോഴ്സുകൾ തിരഞ്ഞെടുക്കാനുള്ള ചുററുപാടു് നമ്മുടെ രാജ്യത്തു് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. നേതൃത്വപരിശീലനം ലഭിക്കാനുള്ള മാർഗ

ങ്ങളും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിരളമാണ്. നിലവിലിരിക്കുന്ന സമ്പ്രദായത്തിൽ സ്വഭാവരൂപീകരണത്തിനു് പ്രത്യേകപ്രാധാന്യം നൽകിയിട്ടില്ല. ഗതാഗതസൗകര്യങ്ങൾ, പരീക്ഷണശാലകൾ, വായനശാലകൾ, സ്ഥലസൗകര്യം, വേണ്ടത്ര അധ്യാപകർ, യോഗ്യതയുള്ള അധ്യാപകർ തുടങ്ങിയ പലതിന്റെയും അഭാവം ഇന്നത്തെ ദുസ്ഥിതിക്കു് കാരണമാണ്. കോളേജുകളുടെയും സർവകലാശാലകളുടെയും തെററായ നയങ്ങൾ ചൂണ്ടിക്കാണിക്കപ്പെടേണ്ട മറെറാരു കാരണമത്രേ. വിവിധകോളേജുകളിൽ വിവിധ രീതികളിലാണു് ഫീസു് വസൂലാക്കി വരുന്നതു്. ശരിയായ സമയത്തു് അധ്യാപകരെ നിയമിക്കാതിരിക്കുക, കൂടക്കൂടെയുള്ള അധ്യാപകരുടെ സ്ഥലംമാററം, കോഴവാങ്ങൽ, അധികൃതരുടെ വൈരനിര്യാതനബുദ്ധി, വർഗീയത, 'തൻപിള്ള' മനോഭാവം തുടങ്ങിയവയും കാരണങ്ങളായി ചൂണ്ടിക്കാണിക്കാം.

ഇവിടെ മനഃശാസ്ത്രജ്ഞനു് പലതും ചെയ്യാൻ കഴിയും. പ്രത്യേകപരിശീലനം ലഭിച്ച മന:ശാസ്ത്രകാരന്മാരുടെ നേതൃത്വത്തിൽ വിദ്യാർഥിസേവനപരിപാടികൾ ആസൂത്രണം ചെയ്യണം. തൊഴിൽനിദർശനപരിപാടികൾ നടപ്പാക്കുന്നതിലൂടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സമൂലമായ മാററം വരുത്തി, മന:ശാസ്ത്രജ്ഞനു് ദേശീയവികസനപരിപാടികളിൽ ഭാഗഭാക്കാകേണ്ടതുണ്ടു്.

## പ്രതിഭാശാലികളും വാസനാസമ്പന്നരും

ദേശീയവികസനപരിപാടികളിൽ എന്തു കൊണ്ടും പ്രാധാന്യമേറിയ ഒന്നാണു് പ്രതിഭാശാലികളെയും വാസനാസമ്പന്നരെയും കണ്ടെത്തുക എന്നതു്. തെററായ ചുററുപാടിലകപ്പെട്ട പ്രതിഭാശാലികൾ മുന്നോട്ടു വരാൻ ശ്രമിക്കാറില്ല. ഇക്കൂട്ടരെ തിരഞ്ഞു പിടിക്കാനുള്ള ശ്രമങ്ങൾ ഒരു ദേശീയപരിപാടിയായി പാശ്ചാത്യരാജ്യങ്ങളിൽ വളരെ വർഷങ്ങൾക്കു മുമ്പു തന്നെ ആരംഭിച്ചു കഴിഞ്ഞു. തെററായ തൊഴിൽ തിരഞ്ഞെടുക്കുന്നവർ ദേശീയവികാസത്തിനു് വിലങ്ങായി നിൽക്കുന്നതിനാൽ വിദഗ്ധമായി ആസൂത്രണം ചെയ്ത തൊഴിൽനിദർശനപരിപാടികൾ കഴിയുന്നതും വേഗം നടപ്പാക്കേണ്ടിയിരിക്കുന്നു.

## ജനസംഖ്യാപ്രശ്നം

ജനസംഖ്യാവിസ്ഫോടനവും നല്ലൊരു വിഭാഗത്തിന്റെ നിലനിൽപ്പും ദേശീയവികാസത്തിനു് ഒരു ഭീഷണിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ജനസംഖ്യയെ നിയന്ത്രിക്കുന്നതിൽ മനഃശാസ്ത്രത്തിനു് അതിപ്രധാനമായ ഒരു പങ്കു് വഹിക്കുവാനുണ്ടു്. കുടുംബാസൂത്രണത്തോടുള്ള മനോഭാവം പഠിക്കാനായി സാമൂഹ്യമനഃശാസ്ത്രജ്ഞന്മാർ തയ്യാറാക്കിയ സമ്പ്രദായങ്ങൾ ഉപയോഗിക്കാവുന്നതാണ്. കേരള യൂണിവേഴ്സിററിയുടെ മനഃശാസ്ത്രവകുപ്പ്, കുടുംബത്തിന്റെ വലുപ്പത്തെ സംബന്ധിച്ച ചില മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. മൂന്നു് മനോഭാവത്തോതുകൾ ഇവിടെ ആലോചനക്കെടുത്തിരിക്കുന്നു. കുടുംബത്തിന്റെ വലുപ്പം കുട്ടിയിൽ എത്ര മാത്രം സ്വാധീനം ചെലുത്തുന്നുവെന്നു് പഠിക്കാൻ കഴിയും. വളർച്ചയിലും മനഃശാസ്ത്രഘടനയിലും ഉള്ള വ്യത്യാസങ്ങൾ,

വലുപ്പം കൂടിയ കുടുംബങ്ങളിലെയും ചെറിയ കുടുംബങ്ങളിലെയും കുട്ടികളിൽ എത്ര മാത്രമുണ്ടെന്നതിനെപ്പററി താരതമ്യപഠനം നടത്തിയിട്ടുണ്ട്. ഗർഭനിരോധമാർഗങ്ങൾ സ്വീകരിക്കുന്നതിൻെറ മനഃശാസ്ത്രഫലങ്ങളെ സംബന്ധിച്ചും ഗവേഷണം നടത്താൻ കഴിയും. ഇത്തരം മാർഗങ്ങൾ ആരായുന്നവരുടെ മാനസികാരോഗ്യം പരിശോധിക്കപ്പെടേണ്ടതുണ്ട്. കുടുംബാസൂത്രണപരിപാടികളെ എതിർക്കുന്നവരുടെ വ്യക്തിസ്വഭാവത്തെ സംബന്ധിച്ചും ഗവേഷണം നടത്താൻ തയ്യാറാകണം.

കുട്ടിക്കാലത്തും തുടർന്നും ഉള്ള മരണനിരക്കുകൾ ഇന്നു് വളരെയേറെ കുറഞ്ഞിട്ടുണ്ട്. വിവിധരോഗങ്ങൾക്കു പ്രതിവിധികൾ കണ്ടുപിടിച്ചും ചുററുപാടുകളെ നിയന്ത്രിച്ചുമാണു് ഇതു സാധിച്ചതു്. ഈ സ്ഥിതിവിശേഷം നമ്മുടെ ദേശീയവികാസപരിപാടികളെ സാരമായി ബാധിക്കുന്നുണ്ട്. വാർധക്യത്തിലെത്തിയ പലരും മാനസികരോഗികളത്രേ.

ദേശീയവികാസം വളരെ വിപുലമായ ഒരു പരിപാടിയാണു്. ജീവിതത്തിൻെറ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ ശ്രമം കൊണ്ടു മാത്രമേ ഇതു് വിജയത്തിലെത്തിക്കാൻ കഴിയൂ. നൂതനമാർഗങ്ങളവലംബിച്ചു കൊണ്ടുള്ള വിദ്യാഭ്യാസസമ്പ്രദായം, തൊഴിൽനിദർശനപരിപാടികൾ, കുടുംബാസൂത്രണപദ്ധതികൾ, മനുഷ്യപ്രേരണകൾക്കുള്ള പ്രോത്സാഹനം എന്നിവ നടപ്പിലാക്കുന്നതിനോടൊപ്പം, ജനസംഖ്യാവർധനവു്, തൊഴിൽക്കുഴപ്പം, വിദ്യാർഥികളുടെ ഇടയിലുള്ള അസ്വാസ്ഥ്യം തുടങ്ങിയ ഭീതിജനകങ്ങളായ പ്രശ്നങ്ങൾക്കു് ഉടനടി പരിഹാരം കണ്ടെത്തുകയും കൂടെ ചെയ്താൽ മാത്രമേ ദേശീയവികാസവും സാമ്പത്തികവളർച്ചയും ഒരു രാഷ്ട്രത്തിനു് കൈവരിക്കാൻ സാധിക്കുകയുള്ളു. ഈ പ്രശ്നങ്ങളിലെല്ലാം ഒരു മാനുഷികാംശം കൂടെ ഉള്ളതിനാൽ മനഃശാസ്ത്രജ്ഞനു് ദേശീയവികസനപ്രക്രിയയിൽ അതിപ്രധാനമായ കടമ നിർവഹിക്കേണ്ടതുണ്ട്.

പ്രൊഫസർ ഇ. ഐ. ജോർജു്

# 27

## കേരളത്തിന്റെ സാമ്പത്തികപുരോഗതിക്ക് തടസ്സമായി നിൽക്കുന്ന രാഷ്ട്രീയവും ഭരണപരവുമായ ചില വസ്തുതകൾ

കേരളത്തിന്റെ സാമ്പത്തികപുരോഗതിക്ക് തടസ്സമായി നിൽക്കുന്ന രാഷ്ട്രീയവും ഭരണപരവുമായ ചില വസ്തുതകൾ പരിശോധിക്കുമ്പോൾ, ആദ്യമായി ഇന്ത്യക്കാകമാനമുള്ള ചില പ്രശ്നങ്ങളെയും, കേരളത്തിനു മാത്രമുള്ള മററു ചില പ്രശ്നങ്ങളെയും വേർതിരിച്ച് കാണേണ്ടിയിരിക്കുന്നു.

ഇന്ത്യക്ക് പൊതുവിൽ എന്ന പോലെ കേരളത്തിനും, അവികസിതമോ അല്ലെങ്കിൽ വികസിച്ചു കൊണ്ടിരിക്കുന്നതോ ആയ ഒരു സമ്പദ്വ്യവസ്ഥയാണുള്ളത്. അതു പോലെ തന്നെ രണ്ടിനും, സാമ്പത്തികപുരോഗതി കൈവരുത്താനുള്ള ഒരു മാർഗമായി, സ്വകാര്യമേഖലയിലുള്ള സാമ്പത്തികസ്ഥാപനങ്ങൾക്ക് പുറമേ, പൊതുമേഖലയിലുള്ള സ്ഥാപനങ്ങളും നിലവിലുണ്ട്. ഈ രണ്ടു മേഖലകളിൽ വച്ച്, ലാഭത്തെ മാത്രം ആധാരമാക്കിയുള്ള സ്വകാര്യവ്യവസ്ഥിതിക്ക്, താരതമ്യേന ഒരു താണസ്ഥാനവും, പൊതുമേഖലക്ക് ഉന്നതസ്ഥാനവുമാണ് നൽകിയിരിക്കുന്നത് എന്നു പറയാം. എന്നാൽ, പൊതുമേഖലയിൽ ഉള്ള സാമ്പത്തികസ്ഥാപനങ്ങളുടെ കാര്യക്ഷമതക്കുറവിനെക്കുറിച്ച്, ജനങ്ങളുടെ ഇടയിൽ ചില ന്യായമായ പരാതികൾ ഉത്ഭവിച്ചിട്ടുണ്ട്. ഇതിന് ഉപോൽബലകമായി, "സ്വകാര്യസ്വത്തെന്ന" തത്വത്തിൻ കീഴിൽ "വെറും മണ്ണ് പൊന്നാക്കി മാററാ"മെന്ന്, സ്വകാര്യവ്യവസ്ഥിതിയെ അനുകൂലിക്കുന്നവർ ഉദാഹരണസഹിതം, സമർഥിക്കാറുണ്ട്. കൂടാതെ, ഈ രണ്ടു വിഭാഗങ്ങളിലും രാഷ്ട്രത്തിന്റെ നിലനിൽപ്പിനു തന്നെ ഹാനികരമാകത്തക്ക വിധത്തിൽ രൂക്ഷമായ തൊഴിലില്ലായ്മയുണ്ടെന്നുള്ളതും, അതു് വർധിച്ചു കൊണ്ടിരിക്കുകയാണെന്നുള്ളതും ഒരു വാസ്തവം മാത്രമാണ്. മേൽ പറഞ്ഞ വസ്തുതകൾക്കു പുറമേ, കേരളത്തിനു മാത്രം, പ്രത്യേകമായി മററു ചില പ്രശ്നങ്ങളുണ്ട്.

കേരളത്തിലെ ഭക്ഷ്യപ്രശ്നവും കാർഷികമായ പിന്നോക്കനിലവാരവും ആദ്യമായി മനസ്സിൽ ഉദിക്കുന്ന പ്രശ്നങ്ങളാണ്. ഇന്ത്യയിൽ ആകമാനമുണ്ടായിട്ടുള്ള പുരോഗതിക്കനുസരണമായി, കേരളത്തിലും ചില പുരോഗതിയുണ്ടായിട്ടുണ്ടെ

ങ്കിലും, അവ, താരതമ്യേന കുറവാണ്. ഏതായാലും ആയതു് നമ്മുടെ പഴയ സമ്പ്രദായങ്ങളിൽ മാററം വരുത്തുന്നതിനു് സഹായകരമായിട്ടുണ്ടോ എന്നു് സംശയമാണു്. ഉദാഹരണമായി, ആഹാരത്തിന്റെ കാര്യത്തിൽ നാം ഇന്നും സ്വയം പര്യാപ്തതയിൽ നിന്നു് വിദൂരമാണു്. അതു പോലെ, കേരളത്തിന്റെ സാമ്പത്തികസവിശേഷതകളിൽ പെട്ടതാണു്, ഭക്ഷ്യധാന്യങ്ങളെ അപേക്ഷിച്ചു്, "നാണ്യവിള"കൾക്കുള്ള പ്രാധാന്യം. ഇന്ത്യയിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ചു് കേരളത്തിന്റെ ഉയർന്ന സാക്ഷരതത്വത്തിന്റെ പശ്ചാത്തലത്തിൽ, ഇവിടത്തെ തൊഴിലില്ലായ്മയും തൊഴിൽ ചെയ്യുന്നവർക്കു തന്നെയുള്ള ജോലിക്കുറവും ദർശിക്കാവുന്നതാണു്.

ഇന്ത്യക്കാകമാനമുള്ള സാമ്പത്തികപുരോഗതിക്കു് തടസ്സമായിരിക്കുന്ന ചില വസ്തുതകൾ സൂചിപ്പിച്ചുവല്ലോ. ഇത്തരുണത്തിൽ ഇന്ത്യയിലെ വ്യവസായപ്രമുഖനായ ജെ. ആർ. ഡി. ടാററ പറഞ്ഞ അഭിപ്രായങ്ങൾ പ്രസ്താവയോഗ്യമാണു്. സ്വകാര്യസ്വത്തിന്മേലും, സ്വകാര്യവ്യവസ്ഥിതിയിന്മേലും ഉള്ള ഗവൺമെൻറിന്റെ നിയന്ത്രണങ്ങൾ പലതാണെന്നു മാത്രമല്ല പൊതുമേഖലയുടെ മേൽ തന്നെ ഗവൺമെൻറു് നടപ്പിൽ വരുത്തിയിട്ടുള്ള മററു ശക്തമായ നിയന്ത്രണങ്ങളും അപലപനീയമാണെന്നു് അദ്ദേഹം ഊന്നി പറയുകയുണ്ടായി.

ഇനി കേരളത്തിന്റെ പ്രത്യേകപരിതസ്ഥിതിയിൽ, രാഷ്ട്രീയവും ഭരണപരവുമായ ചില അവസ്ഥാവിശേഷങ്ങൾ മൂലം, സാമ്പത്തികപുരോഗതിക്കു വന്നിട്ടുള്ള തടസ്സങ്ങളെക്കുറിച്ചു് പ്രതിപാദിക്കാം.

ഈ സവിശേഷതകളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു്, കേരളത്തിലെ രാഷ്ട്രീയമണ്ഡലത്തിൽ വന്നിട്ടുള്ള അസ്ഥിരതയാണു്. ഇന്ത്യയിലെ മറേറതു സംസ്ഥാനത്തെയും അപേക്ഷിച്ചു്, ഈ വിഷയത്തിൽ, കേരളം മുൻപന്തിയിലാണെന്നു് പൊതുവേ അറിവുള്ള സംഗതിയാണു്. എന്നാൽ, ഇതു് അത്ര പ്രാധാന്യമർഹിക്കുന്നതല്ലെന്നു് ചിലർ ഉദാഹരണസഹിതം പറഞ്ഞേക്കാം. ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ, ഇത്തരത്തിലുള്ള മന്ത്രിസഭകളുടെ മാററങ്ങൾ ധാരാളം ഉണ്ടായിരുന്നിട്ടും, സാമ്പത്തികപുരോഗതി കൈവരിച്ചിട്ടുള്ള രാജ്യങ്ങൾ ഇല്ലാതില്ല. ഫ്രാൻസിലെ മൂന്നാമത്തെ റിപ്പബ്ളിക്കു്, രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ഇററലി ഇവ ഉദാഹരണങ്ങളാണു്. എന്നാൽ, ഫ്രാൻസിന്റെ കാര്യത്തിൽ കാര്യക്ഷമതയ്ക്കു് പേരുകേട്ടിട്ടുള്ള ഒരു സിവിൽസർവീസ്സും ഇററലിയുടെ കാര്യത്തിൽ, ശക്തമായ ഒരു സ്വകാര്യസമ്പദ്‌വ്യവസ്ഥിതിയും ഉണ്ടായിരുന്നെന്നുള്ള വസ്തുത ഓർമിക്കേണ്ടതാണു്. പക്ഷേ, കേരളത്തിന്റെ കാര്യത്തിൽ അത്തരത്തിലുള്ള ഒരു സിവിൽസർവീസ്സോ ഒരു സ്വകാര്യമേഖലയോ പ്രവർത്തിക്കുന്നില്ല എന്നുള്ളതു് ഒരു ദുഃഖസത്യമാണു്.

ഇപ്പോൾ പ്രസ്താവിച്ച രാഷ്ട്രീയാസ്ഥിരതയൊന്നു മാത്രമല്ല, കേരളത്തിന്റെ സാമ്പത്തികപുരോഗതിക്കു് തടസ്സമായി നിൽക്കുന്നതു്. അതിന്റെ ഒരു ഭാഗമാണു്, അനൈക്യവും അഭിപ്രായഭിന്നതകളുമുള്ള കൂട്ടമന്ത്രിസഭകളുടെ പതിവായുള്ള വരവും പോക്കും. ഫ്രാൻസിലെ മൂന്നാം റിപ്പബ്ളിക്കിൽ, പല മന്ത്രിസഭകളും

ഉണ്ടാകുകയും പിരിഞ്ഞു പോകുകയും ചെയ്തിട്ടുണ്ടെങ്കിലും അത്തരം മന്ത്രിസഭകളുടെ അംഗത്വത്തിൽ വലിയ മാററങ്ങൾ ഉണ്ടായിരുന്നിട്ടില്ല. മിക്കവാറും ചില നിസ്സാരമാററങ്ങളേ ഉണ്ടായിട്ടുള്ളു. വിവിധ മന്ത്രിസഭകൾ തമ്മിലുള്ള ആശയാദർശങ്ങളിലും വലിയ വ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടില്ല. കേരളത്തിൻെറ ചരിത്രം ഇതിൽ നിന്നെത്രയോ വ്യത്യസ്തമാണ്!

കൂടാതെ, കേരളത്തിൽ, ഇടക്കിടെ ഉണ്ടായിട്ടുള്ള പ്രസിഡൻറുഭരണങ്ങളുടെ ചരിത്രവും പ്രസിദ്ധമാണ്. മററൊരു സംസ്ഥാനത്തിലും ഇത്രയും തവണയും ഇത്രയും സമയവും പ്രസിഡൻറുഭരണം ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. അപ്രകാരം ഉണ്ടാകുന്ന പ്രസിഡൻറുഭരണത്തിൻ കീഴിൽ സാധാരണയായി അംഗീകരിച്ചിട്ടുള്ള ഒരു അലിഖിതനിയമമുണ്ട്. പഴയ അംഗീകൃതനയങ്ങൾ മാത്രം നടപ്പാക്കുകയും പുതിയ സംരംഭങ്ങൾ വളരെ വിരളമായി മാത്രം നടപ്പാക്കുകയും ചെയ്യുകയെന്നതാണിത്. ഉദാഹരണത്തിന്, പശ്ചിമബംഗാളിലെ ഭൂപരിഷ്ക്കരണനിയമങ്ങളും, കൽക്കത്തയിലെ നിയമപരിപാലനശ്രമങ്ങളും എടുക്കാം. ചില പ്രത്യേകപരിതസ്ഥിതികളിൽ, പ്രസിഡൻറുഭരണകാലം, ഉത്തമമാണെങ്കിലും, പൊതുവിൽ ആ കാലഘട്ടം, ഒരു സ്റ്റേററിൻെറ സാമ്പത്തിക പുരോഗതിക്ക് തടസ്സമായിത്തന്നെ നിൽക്കുന്നുവെന്നു പറയാം.

കമ്മ്യൂണിസ്ററുമന്ത്രിസഭകൾ നിലവിലുള്ള സംസ്ഥാനങ്ങളിൽ (കേരളവും പശ്ചിമബംഗാളുമുൾപ്പെടെ) മററൊരു അവസ്ഥാവിശേഷം കാണാവുന്നതാണ്. കേന്ദ്രത്തിൽ കോൺഗ്രസ്സ്ഭരണം നിലവിലുള്ളിടത്തോളം കാലം, അത്തരം ഭരണമില്ലാത്ത സംസ്ഥാനങ്ങളിൽ, വളരെയൊന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നൊരു അഭിപ്രായവും വിശ്വാസവും നിലവിലുണ്ട്. അതിൻെറ ഫലമായി, സ്വകാര്യസ്വത്തിൽ അധിഷ്ഠിതമായ ഒരു "ബൂർഷ്വാസി" പ്രമാണമായി ഭരണഘടനയെയും പഴയ വ്യവസ്ഥിതിക്ക് താങ്ങായി നിൽക്കുന്ന ഒരു യാഥാസ്ഥിതികസ്ഥാപനമായി കോടതികളെയും അവർ കാണുകയും, അതനുസരിച്ച് അവയെ നിരന്തരം അധിക്ഷേപിക്കുകയും ചെയ്യുന്നു. കേന്ദ്രത്തിൽ ഈയിടെ ഉണ്ടായിട്ടുള്ള നയവ്യത്യാസങ്ങൾ, ഈ പ്രവണതക്ക് ഒരറുതി വരുത്തിയിട്ടുണ്ടെന്ന് പറയാം.

അപ്രകാരം തന്നെ അവഗണിക്കപ്പെടാൻ വയ്യാത്ത ഒരു സംഗതിയാണ്, ചില സംസ്ഥാനങ്ങളിൽ-പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റധികാരത്തിൻ കീഴിലുള്ള സംസ്ഥാനങ്ങളിൽ-അഖിലേന്ത്യാ സർവീസ്സുകളായ "ഇൻഡ്യൻ അഡ്മിനിസ്ട്രേററീവ് സർവീസ്സി"നെയും "ഇൻഡ്യൻ പോലീസ്സ് സർവീസ്സി"നെയും കുറച്ചപ്പെടുത്തുവാനുള്ള പ്രവണത. നമുക്ക്, കേന്ദ്രത്താൽ തിരഞ്ഞെടുക്കപ്പെട്ട്, കേന്ദ്രത്താൽ പരിശീലിപ്പിക്കപ്പെട്ട്, കേന്ദ്രത്തിൻെറ ശിക്ഷണവലയത്തിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഒരുന്നതസിവിൽസർവീസ്സും പോലീസ്സ്സർവീസ്സും ഉണ്ട്. ഇത് നമ്മുടെ ഭരണഘടനയുടെ ഒരു സവിശേഷതയാണ്. എന്നാൽ, ഭാഗ്യദോഷമെന്നു പറയട്ടെ, ഇവയെയും അധിക്ഷേപിക്കുന്നത്, കമ്മ്യൂണിസ്റ്റ് സംസ്ഥാനഗവൺമെൻറുകളുടെ ഇപ്പോഴത്തെ ഒരു സമ്പ്രദായമാണ്,

(ഇവയുടെ കൂട്ടത്തിൽ, കോൺഗ്രസ്സ് ഭരണത്തിൻ കീഴിലുള്ള ചില സംസ്ഥാനങ്ങളും ഉൾപ്പെടും.) അടുത്ത കാലം വരെ ഇക്കൂട്ടർ, സർവീസ് സംഘടനകളെ കേന്ദ്രത്തിന്റെ ആജ്ഞാനുസാരികളായി മാത്രമല്ല കണ്ടിരുന്നതു്; കോൺഗ്രസ്സ് പാർട്ടിയുടെ തന്നെ ദൂതന്മാരായാണു് കരുതിയിരുന്നതു്. അതിനാൽ രണ്ടു് സർവീസ് സംഘടനകളിലുമുള്ളവർ, അവർ ഏതു പ്രവൃത്തിമണ്ഡലങ്ങളിലായാലും ശരി, കമ്മ്യൂണിസ്റ്റ് ഗവൺമെൻറുകളുടെ നയങ്ങളുമായി യാതൊരു തരത്തിലും പൊരുത്തപ്പെട്ടു പോകാത്ത മനോഭാവക്കാരാണെന്നാണു് ഈ വാദം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വർഗസംഘടന, മററുള്ളവയിൽ നിന്നു് വ്യത്യസ്തമാണെന്നും അതിനനുസരണമായി, ഉന്നതവർഗങ്ങളിൽ പെട്ടതെന്നു് കരുതപ്പെടുന്ന ഈ സർവീസ്സുകളിൽ ഉള്ളവരോടു് അവർക്കു് ശത്രുതാമനസ്ഥിതിയുണ്ടാകുകയാണെങ്കിൽ, അതു് സ്വാഭാവികമാണെന്നും, ഇത്തരുണത്തിൽ ഓർമിക്കേണ്ടതുണ്ടു്.

അപ്രകാരം കേരളത്തിന്റെ സാമ്പത്തികപുരോഗതിക്കു് വിഘാതമായി നിൽക്കുന്ന സാഹചര്യങ്ങളിൽ, ഈ രണ്ടു കേന്ദ്രസർവീസ്സ് സംഘടനകളോടുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെൻറിന്റെ മനോഭാവവും ഉൾപ്പെടും. ഒരു സംസ്ഥാനത്തിന്റെ പുരോഗതിക്കു്, രാഷ്ട്രീയാധികാരികളും ഗവണ്മെൻറുദ്യോഗസ്ഥന്മാരും തമ്മിലുള്ള ആരോഗ്യകരമായ സമീപനം ആവശ്യമാണെന്നു് പറയേണ്ടതില്ലല്ലോ. ഈ പ്രതികൂലസാഹചര്യങ്ങളിൽ, പല രംഗങ്ങളിലും കേരളത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിൽ, ആയതു്, ഈ മാർഗതടസ്സങ്ങൾക്കതീതമായി നിന്ന പഴയ തത്വങ്ങളുടെ ശക്തി കൊണ്ടു മാത്രമാണു്.

അവസാനമായി, കേരളത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും പുരോഗതി കൈവരുത്തുന്നതിനും എന്തെല്ലാം ചെയ്യുവാൻ സാധിക്കും എന്ന ചോദ്യം അവശേഷിക്കുന്നു. കേന്ദ്രത്തിൽ നിന്നും സ്റ്റേററുകളിലേക്കു് കൂടുതൽ സാമ്പത്തികാധികാരങ്ങൾ കൈമാറുകയെന്നതാണു് പൊതുവെ അംഗീകരിച്ചിട്ടുള്ള ഒരു തത്വം. ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ കൂട്ടുഗവണ്മെൻറുകളുടെ കാലം സ്റ്റേററുകളിലെന്നല്ല കേന്ദ്രത്തിൽ പോലും വന്നിരിക്കുകയാണല്ലോ. കേന്ദ്രഗവണ്മെൻറും സ്റ്റേററുഗവണ്മെൻറുകളും തമ്മിൽ മാനസികമായി കൂടുതൽ അടുക്കാൻ ഉള്ള സാഹചര്യങ്ങളിലൊന്നായി ഇതിനെ കണക്കാക്കാവുന്നതാണു്. പുരോഗമനപരമായ കാര്യങ്ങൾ തയ്യാറാക്കുന്നതിനും, അവ നടപ്പിൽ വരുത്തുന്നതിനും വേഗതയും അതോടൊപ്പം, അതിശ്രദ്ധയും ആവശ്യമാണു്. എന്നാൽ കൂട്ടുമന്ത്രിസഭകൾ ഈ പറഞ്ഞ ആശയവുമായി പൊരുത്തപ്പെടാറില്ല. ഇപ്പോഴത്തെ പുതിയ പരിതസ്ഥിതിയിൽ (കേന്ദ്രത്തിലും സ്റ്റേററുകളിലും ഉള്ള ഇടത്തോട്ടുള്ള ചായ്‌വ്) ഇതു് വലിയ വിപത്തുകൾ ഉണ്ടാക്കിത്തീർക്കുന്നില്ലെന്നു മാത്രം. കേരളത്തിലെ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പു് ഫലങ്ങളും കേന്ദ്ര–സ്റ്റേററുബന്ധങ്ങളിൽ വലിയ പിളർപ്പുണ്ടാക്കുമെന്ന വിചാരത്തിനു് വഴി കൊടുക്കുന്നില്ല. ഫ്രാൻസിലെ ബുദ്ധിജീവികളുടെ ഇടയിൽ ഒരു വിശ്വാസപ്രമാണമുണ്ടു്–ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ് വോട്ടുകൾ 25 ശതമാനത്തിൽ കൂടുതൽ ആകാതിരിക്കുന്നിട

ത്തോളം കാലം തങ്ങളുടെ രാജ്യം സുരക്ഷിതമാണെന്നതാണിതു്. പക്ഷേ, ആ ആശയവുമായി പൊരുത്തപ്പെട്ടു പോകണമെന്നു മാത്രം! ഒരു പക്ഷേ, അതേ തീരുമാനത്തിൽ തന്നെ കേരളത്തിൻെറയും ഇന്ത്യയുടെ തന്നെയും കാര്യത്തിൽ നാം എത്തേണ്ടി വരും!

ഇന്ത്യയുടെ മുൻപറഞ്ഞ രണ്ടു കേന്ദ്രീകൃതസർവീസ്സുകളെ സംബന്ധിച്ചു്, ഒരു കാര്യവും കൂടി ഓർമ വരുന്നു. അതും കൂടി പറഞ്ഞു് ഈ ലേഖനം അവസാനിപ്പിക്കാം. ഇത്രയും വൈരുധ്യങ്ങൾ ഉൾക്കൊണ്ട (സാമൂഹ്യമായും രാഷ്ട്രീയമായും ഭാഷാപരമായും എന്നു വേണ്ടാ എല്ലാത്തരത്തിലും) ഈ രാഷ്ട്രത്തിൽ, ഈ രണ്ടു് കേന്ദ്രസർവീസ്സുകൾ അത്യുന്നതമായ ഒരു കൃത്യം നിർവഹിക്കുന്നുണ്ടു്-ഒരു "ദേശീയോൽഗ്രഥനകൃത്യം". സർദാർ പട്ടേൽ മുതലായ മഹാശയന്മാർ, ഇപ്രകാരം ദൂരവീക്ഷണത്തോടു കൂടി നിലനിർത്തിയ ഈ സർവീസ്സുകൾ, ഇന്ത്യയുടെ ഒരു പ്രത്യേകതയാണെന്നും, ഇന്ത്യൻ ഭരണസമ്പ്രദായത്തിൽ അവയ്ക്കു് ഒരു ഉയർന്ന സ്ഥാനമാണുള്ളതെന്നും നാം മറക്കരുതു്. ഇന്ത്യയുടെ രാഷ്ട്രീയഭരണസമ്പ്രദായത്തിൽ അവയെക്കൊണ്ടു് എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നാലും നാം അവയെ എന്നും ഉലച്ചിൽ കൂടാതെ നിലനിർത്തുമെന്നുള്ള പ്രത്യാശയോടു കൂടി ഈ ലേഖനം സമാപിപ്പിച്ചു കൊള്ളുന്നു.

പ്രൊഫസർ വി. കെ. എൻ. മേനോൻ

28

# കേരളത്തിലെ സാമ്പത്തികവികസനത്തിൻെറ രാഷ്ട്രീയവശങ്ങൾ

രാഷ്ട്രീയമാററങ്ങളോടൊപ്പം സാമ്പത്തികമാററങ്ങളും ഉണ്ടാകുന്നു എന്നു പറയുന്നതു് അത്ര ശരിയല്ല. ജനായത്തപരവും സ്വേച്ഛാധിപത്യപരവുമായ രാഷ്ട്രീയവ്യവസ്ഥിതികളിലെല്ലാം സാമ്പത്തികമാററങ്ങൾ ഉണ്ടായിട്ടുണ്ടു്. * വ്യാവസായികവികസനത്തിൻെറ അളവു് രാഷ്ട്രീയവും ഭരണപരവുമായ നിലവാരത്തെ കുറിക്കുന്നു എന്നാണു് റോസ്റ്റോവിൻെറ അഭിപ്രായം. * * വേറൊരു സിദ്ധാന്തം ബ്യൂറോക്രസിയുടെ കാര്യക്ഷമത സാമ്പത്തികവികസനത്തിനു് ഉത്തേജകമാണു് എന്നതാണു്. എന്നാൽ, ഇതു് ശരിയാണെന്നു് തോന്നുന്നില്ല. ബ്രിട്ടീഷ്ഭരണകാലത്തു് ഇന്ത്യയിൽ സുശക്തമായ ഒരു ബ്യൂറോക്രസി ഉണ്ടായിരുന്നു. എന്നാൽ ഇതു് സാമ്പത്തികവികസനത്തിനു് സഹായിച്ചതായി പറയാൻ നിർവാഹമില്ല. ബ്യൂറോക്രസിയുടെ കാര്യക്ഷമതയല്ല സാമ്പത്തികവികസനത്തെ ലക്ഷ്യമാക്കിയുള്ള പരിപാടികളോടു് ജനങ്ങളുടെ സമീപനമാണു് വികസനത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായതു്. ചുരുക്കത്തിൽ പറഞ്ഞാൽ രണ്ടു് ഘടകങ്ങളാണു് ആവശ്യമായിട്ടുള്ളതു്. ഭരണയന്ത്രത്തിൻെറ മൂല്യങ്ങൾ സാമ്പത്തികവികസനത്തെ ലക്ഷ്യമാക്കിയുള്ളവയായിരിക്കണം. ഈ മൂല്യങ്ങൾ ജനസാമാന്യത്തെക്കൊണ്ടു് അംഗീകരിപ്പിക്കുവാനും ചുരുക്കത്തിൽ ജനകീയമൂല്യങ്ങളാക്കിത്തീർക്കാനും ഭരണയന്ത്രത്തിനും രാഷ്ട്രീയവ്യവസ്ഥിതിക്കും സാധിക്കണം. ഇതു സംഭവിച്ചാൽ മാത്രമേ സാമ്പത്തികവികസനം ക്ഷിപ്രഗതിയിലാകാൻ സാധ്യതയുള്ളു.

പ്രൊഫസർ ഡേവിസ് ഈ. ആസ്റ്ററുടെ അഭിപ്രായത്തിൽ രാഷ്ട്രീയവ്യവസ്ഥിതികളെ മൂന്നായി തരംതിരിക്കാം. (1) സജ്ജീകരണവ്യവസ്ഥിതികൾ (2) അനുരഞ്ജനവ്യവസ്ഥിതികൾ (3) ആധുനികീകരണസ്വേച്ഛാധിപത്യങ്ങൾ. ബ്രിട്ടീഷ്ഭരണകാലത്തുള്ള ഇന്ത്യ അനുരഞ്ജനവ്യവസ്ഥിതിയുടെ ഒരു ഉത്തമഉദാഹരണമാണു്. ഇന്ത്യയിലെ ബ്രിട്ടീഷ്നയം, ഭിന്നിച്ചു നില്ക്കുന്ന ജനവിഭാഗങ്ങളുടെ ഇടയിൽ ഒരു മധ്യസ്ഥനെന്ന നിലയിൽ പ്രവർത്തിക്കുക എന്നതായിരുന്നു.

---

* Aspects of Political Development by Lucian Pye, p. 34.

* * The stages of economic growth by Walt W. Rostow.

ഇതിൻെറ അർഥം സാമ്പത്തികമോ സാമൂഹ്യമോ ആയ മാററത്തിനു വേണ്ടി ഗവണ്മെൻറ് കാര്യമായി പ്രവർത്തിച്ചിരുന്നില്ല എന്നുള്ളതാണ്. നിയമസമാധാനം പാലിക്കുകയും ക്ഷാമം, പകർച്ചവ്യാധി എന്നിവയുണ്ടാകുന്ന അടിയന്തിരഘട്ടങ്ങളിൽ ചിലതൊക്കെ ചെയ്യുകയും മാത്രമായിരുന്നു ഗവണ്മെൻറിൻെറ കർത്തവ്യമെന്ന ബോധമായിരുന്നു ഈ നയത്തിൻെറ അടിസ്ഥാനം. ഗതാഗതവികസനത്തിനും ജലസേചനപദ്ധതികഠംക്കും ബ്രിട്ടീഷുകാർ കുറെ സംഭാവനകഠം നടത്തി എന്നുള്ളതൊഴിച്ചാൽ രാജ്യത്തിൻെറ പൊതുവായ സാമ്പത്തികവികസനത്തിന് ബ്രിട്ടീഷുകാർക്ക് പരിപാടിയൊന്നുമില്ലായിരുന്നു. ഇന്ത്യൻ ദേശീയതചമാണ് സാമൂഹ്യപരിഷ്കാരങ്ങഠംക്കും സാമ്പത്തികവികസനത്തിനും വേണ്ടി മുറവിളികൂട്ടിച്ചത്.

മൈസൂർ, ബറോഡ, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളുടെ സമീപനം ബ്രിട്ടീഷ്ഭരണത്തിൻെറതിൽ നിന്ന് വ്യത്യസ്തമായിരുന്നു. ആസ്സുരുടെ നിർവചനമനുസരിച്ചുള്ള ആധുനികീകരണസേചച്ഛാധിപത്യവ്യവസ്ഥിതികളായിരുന്നു ഇവ. തിരുവിതാംകൂറും ബറോഡയും സാമൂഹ്യപരിഷ്കാരങ്ങളുടെ മുൻപന്തിയിൽ നിന്നു. സ്റ്റേററ്മുതലാളിത്തം എന്ന ലക്ഷ്യത്തെ ആസ്പദമാക്കിയുള്ള വ്യാവസായീകരണപദ്ധതികളും നാട്ടുരാജ്യങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. ബറോഡയിൽ വി. ററി. കൃഷ്ണമാചാരിയും മൈസൂറിൽ എം. വിശേചശചരയ്യയും തിരുവിതാംകൂറിൽ മോറിസ്വാട്ട്സും സി. പി. രാമസചാമിഅയ്യരും കൊച്ചിയിൽ ആർ. കെ. ഷൺമുഖംചെട്ടിയും സ്റ്റേററുമുതലാളിത്തത്തെ ലക്ഷ്യമാക്കിയുള്ള വ്യാവസായീകരണത്തിൽ ശ്രദ്ധ പതിപ്പിച്ചിരുന്നവരാണ്. ഇവരിൽ ആർ. കെ. ഷൺമുഖംചെട്ടി സചതന്ത്രഭാരതത്തിലെ ധനകാര്യമന്ത്രിയായും വി. ററി. കൃഷ്ണമാചാരി പ്ലാനിങ്കമ്മിഷൻെറ ഉപാധ്യക്ഷനായും നിയമിതരായതു് പ്രസ്താവ്യമാണ്. എന്നാൽ, പൊതുജനാഭിപ്രായത്തെ സമാഹരിക്കുവാനുള്ള പരിപാടികളൊന്നും ഈ നാട്ടുരാജ്യങ്ങളിലില്ലായിരുന്നു. സാമ്പത്തികവികസനത്തെ ലക്ഷ്യമാക്കിയുള്ള ആസൂത്രിതപരിപാടികളല്ല സ്റ്റേററ്മുതലാളിത്തത്തിനുള്ള ചില പരീക്ഷണങ്ങളാണ് ഈ നാട്ടുരാജ്യങ്ങളിൽ നടന്നതു്. എങ്കിലും നാട്ടുരാജ്യങ്ങളുടെ സമീപനവും ബ്രിട്ടീഷിന്ത്യയുടെ സമീപനവും വ്യത്യസ്തമായിരുന്നു എന്നുള്ളതു് പ്രസ്താവ്യമാണ്. സ്റ്റേററ് പറേറർണലിസം (State Paternalism) എന്ന സിദ്ധാന്തത്തിലാണ് നാട്ടുരാജ്യങ്ങഠം വിശചസിച്ചിരുന്നതെങ്കിൽ പത്തൊമ്പതാം നൂററാണ്ടിൽ നിലചിലിരുന്ന ലൈസെഫെയർ സിദ്ധാന്തത്തിലാണ് ബ്രിട്ടീഷ്ഭരണാധികാരികഠം വിശചസിച്ചിരുന്നതു്.

സചാതന്ത്ര്യത്തിനു ശേഷം കേരളം 'ആധുനികീകരണസചഭാവത്തോടു കൂടിയ സേചച്ഛാധിപത്യം' എന്ന വ്യവസ്ഥിതിയിൽ നിന്ന് അനുരഞ്ജനാത്മകമായ ഒരു വ്യവസ്ഥിതിയിലേക്ക് മാറി. രാജ്യത്തിലെ വിവിധ താല്പര്യങ്ങളുടെ ഭിന്നമായ വീക്ഷണങ്ങളെ പൊരുത്തപ്പെടുത്തുക എന്ന ലക്ഷ്യം സാമ്പത്തികവികസനം എന്ന ലക്ഷ്യത്തേക്കാഠം പ്രാധാന്യമുള്ളതായി കരുതപ്പെട്ടു. സ്റ്റേററ് ഉടമയിൽ വ്യവസായങ്ങഠം ആരംഭിക്കുന്നതിനു പകരം മുതലാളിത്തവ്യവസ്ഥിതിയെ

അംഗീകരിക്കുക എന്ന നയമാണ് ആദ്യകാലത്തുണ്ടായ കോൺഗ്രസ്സ് ഗവണ്മെന്റുകൾ അംഗീകരിച്ചതു്. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ പദ്ധതികൾ തയ്യാറാക്കുവാൻ സംസ്ഥാനഗവൺമെൻറിനോട്ട് ആവശ്യപ്പെട്ടപ്പോൾ നയപരിപാടികളെ സംബന്ധിച്ചിടത്തോളമുള്ള 'പാപ്പരത്തം' വളരെ പ്രകടമായി. 1951–52–ലെ ബജററിൽ കൊള്ളിച്ചിരുന്ന കുറെ പദ്ധതികൾ പഞ്ചവത്സരപദ്ധതികളായി രൂപം പ്രാപിക്കുകയാണ് ചെയ്തതു്. ഒരു വർഷത്തെ ബജററ് തയ്യാറാക്കുന്നതിനു് പകരം അഞ്ചു വർഷത്തെ ബജററ് തയ്യാറാക്കുന്നതാണ് പഞ്ചവത്സരപദ്ധതി എന്നാണ് നമ്മുടെ ഭരണാധികാരികൾ വിചാരിച്ചിരുന്നതു്.

കേരളത്തിലെ സാമ്പത്തികവികസനത്തെ സംബന്ധിച്ചിടത്തോളം അഞ്ചു ചോദ്യങ്ങൾക്കു് ഉത്തരം പറയേണ്ടിയിരിക്കുന്നു. ഒന്നാമത്തെ ചോദ്യം, രാഷ്ട്രീയമായ അസ്ഥിരത സാമ്പത്തികവികസനത്തെ ബാധിച്ചിട്ടുണ്ടോ എന്നുള്ളതാണ്. രണ്ടാമത്തെ ചോദ്യം, ഇന്നത്തെ ഭരണയന്ത്രം സാമ്പത്തികവികസനത്തിനു് ഉതകുന്ന ഒന്നാണോ എന്നുള്ളതാണ്. മൂന്നാമത്തെ ചോദ്യം, കേരളത്തിലെ രാഷ്ട്രീയകക്ഷികൾക്കു് സാമ്പത്തികവികസനത്തെ സംബന്ധിച്ചിടത്തോളം സൃഷ്ടിപരമായ ഒരു സമീപനം ഉണ്ടോ എന്നതാണ്. നാലാമത്തെ പ്രശ്നം, വിവിധ രാഷ്ട്രീയസിദ്ധാന്തങ്ങൾക്കു് സാമ്പത്തികവികസനത്തിനു് കാര്യമായി സംഭാവന ചെയ്യാൻ സാധിക്കുമോ എന്നാണ്. ഇതു കൂടാതെ ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയവും ഭരണപരവുമായ സംവിധാനത്തിൽ കേരളത്തിനു് സാമ്പത്തികരംഗത്തു് കാര്യമായ പുരോഗതിക്കു് സാധ്യത ഉണ്ടോ എന്നുള്ളതു് സുപ്രധാനമായ ഒരു പ്രശ്നമാണ്.

കേരളത്തിൽ ജനായത്തഭരണം വന്നതോടു കൂടി അസ്ഥിരതയുള്ള മന്ത്രിസഭകൾ ഭരിക്കുന്ന ഒരു അവസ്ഥ വന്നു. ഈ അസ്ഥിരത സാമ്പത്തികവികസനത്തെ ബാധിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രധാനപ്രശ്നം. എന്നാൽ, രാജാക്കന്മാരുടെ ഭരണകാലത്തും മന്ത്രിമാരിൽ മാററം വരാറുണ്ടായിരുന്നു എന്നുള്ള കാര്യം പലരും വിസ്മരിക്കുന്നുണ്ട്. സ്വേച്ഛാധിപത്യപ്രവണതയുള്ള ഒരു വ്യവസ്ഥിതി സാമ്പത്തികവികസനത്തെ സഹായിക്കുന്നതായി തെളിവൊന്നുമില്ല. രാഷ്ട്രീയമായി ഏററവും അസ്ഥിരതയുള്ള കാലത്താണ് ഫ്രാൻസിന്റെ സാമ്പത്തികവികസനം നടന്നതു്. ഒരു ജനായത്തവ്യവസ്ഥിതി സാമ്പത്തികവികസനത്തെ ബാധിക്കുന്നു എന്നുള്ളതു് ശരിയല്ല. * ഒരു സ്വേച്ഛാഭരണത്തിനു് വിഭവങ്ങൾ കുറെ കൂടി ശാസ്ത്രീയമായി വിതരണം ചെയ്യാൻ സാധിച്ചേക്കാം. എന്നാൽ, വിഭവശക്തികളുടെ വിതരണം മാത്രം കൊണ്ടു് സാമ്പത്തികവികസനം ഉണ്ടാകാൻ പോകുന്നില്ല. പ്രൊഫസർ പൈയുടെ അഭിപ്രായത്തിൽ ജനായത്തപരമായ കക്ഷിരാഷ്ട്രീയത്തിൽ കൂടി സാമ്പത്തികവികസനം സാധിക്കാൻ വളരെ സാധ്യതകളുണ്ട്.

---

* Aspects of Political Development by Lucian Pye, p. 72.

1947-ന ശേഷം വിവിധകക്ഷികളുടെ ആഭിമുഖ്യത്തിലുള്ള അസംഖ്യം ഗവണ്മെൻറുകൾ കേരളത്തിൽ നിലവിൽ വന്നിട്ടുണ്ട്. മിക്കവാറും എല്ലാ രാഷ്ട്രീയ കക്ഷികളും കേരളം ഭരിക്കുകയോ ഭരണത്തിൽ പങ്കാളികളായി ചേരുകയോ ഉണ്ടായിട്ടുണ്ട്. എന്നാൽ, ഈ കക്ഷികൾക്കും ഗവണ്മെൻറുകൾക്കും കാര്യമായ തോതിൽ സാമ്പത്തികവികസനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വികസനത്തെ സംബന്ധിച്ചിടത്തോളം ചില മന്ത്രിസഭകൾ വെറും സ്റ്റാററസ്കോ (status quo) അല്ലെങ്കിൽ നിലവിലിരിക്കുന്ന വ്യവസ്ഥ മുറുകെ പിടിക്കുന്ന ഗവണ്മെൻറുകളായിരുന്നു. വിവിധതാല്പര്യങ്ങളെ എങ്ങനെയെങ്കിലും തൃപ്തിപ്പെടുത്തുന്നതിനുള്ള ആകാംക്ഷ ഈ ഗവണ്മെൻറുകൾ പ്രകടിപ്പിച്ചിരുന്നതൊഴിച്ചാൽ കാര്യമായി എന്തെങ്കിലും ചെയ്യാൻ അവർക്ക് സാധിച്ചില്ല. വ്യക്തമായ ഒരു നയപരിപാടിയുമായി മുമ്പോട്ടു വന്ന ഏകഗവണ്മെൻറ് കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ സിദ്ധാന്തങ്ങളാണ് ഈ ഗവണ്മെൻറിന് പ്രേരകമായത്. ഭൂമി വിതരണം ചെയ്യുക, വ്യാവസായികത്തൊഴിലാളികളുടെ കൂലി വർധിപ്പിക്കുക, പ്രൈവററ് സ്കൂൾ അധ്യാപകർക്ക് സേവനസ്ഥിരത കൊടുക്കുക എന്നീ വ്യക്തമായ ലക്ഷ്യങ്ങൾ ഈ ഗവണ്മെൻറിന് ഉണ്ടായിരുന്നു. എന്നാൽ, വ്യാവസായികവും കാർഷികവുമായ വികസനത്തെ സംബന്ധിച്ചിടത്തോളം ഇതും ഒരു സ്റ്റാററസ് കോ (status quo) ഗവണ്മെൻറായിരുന്നു. വിഭവങ്ങൾ വിതരണം ചെയ്യുന്നതിലല്ലാതെ ഉല്പാദനം വർധിപ്പിക്കുന്നതിലോ കൂടുതൽ തൊഴിൽസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലോ ഈ ഗവണ്മെൻറ് ശ്രദ്ധിച്ചിരുന്നില്ല. 1967-69-ലെ മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള ഐക്യമുന്നണിമന്ത്രിസഭ കൂടുതൽ ഭൂപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിലും പ്രൈവററ് കോളേജ് അധ്യാപകർക്ക് സേവനസ്ഥിരത ഏർപ്പെടുത്തുന്നതിലും താല്പര്യം കാണിച്ചു. എന്നാൽ, പൊതുവായ സാമ്പത്തികവികസനത്തെ സംബന്ധിച്ച പരിപാടികൾ ഇല്ലാത്തതു കൊണ്ട് ഇതിനെയും ഒരു സ്റ്റാററസ്കോ ഗവണ്മെൻറായി കരുതേണ്ടിയിരിക്കുന്നു.

കേരളത്തിലെ രാഷ്ട്രീയമായ അസ്ഥിരത സാമ്പത്തികവികസനത്തെ സാരമായി ബാധിച്ചു എന്ന് പറയുന്നത് ശരിയായിരിക്കുകയില്ല. സ്വാതന്ത്ര്യത്തിന് മുമ്പുണ്ടായിരുന്ന ഭരണപരമായ ചട്ടക്കൂട് സ്വാതന്ത്ര്യത്തിനു ശേഷവും തുടരുകയാണ് ഉണ്ടായത്. അഖിലേന്ത്യാസർവീസുകൾ കേരളത്തിലേക്ക് വ്യാപിപ്പിക്കുക എന്നുള്ളത് മാത്രമാണ് ഭരണരംഗത്തുണ്ടായ സുപ്രധാനമായ മാററം. ഭരണപരമായ തത്വശാസ്ത്രത്തെ മാററുന്നതിന് ഇത്തരം നിസ്സാരമായ പരിഷ്കാരങ്ങൾ സഹായിക്കുകയില്ല എന്ന് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. ഭരണപരമായ നിഷ്പക്ഷത കൂടുതൽ ഉറപ്പിക്കുന്നതിന് അഖിലേന്ത്യാസർവീസുകളുടെ ഏർപ്പെടുത്തൽ സഹായിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെയും കൊച്ചിയിലെയും സിവിൽസർവീസുകൾ രാഷ്ട്രീയമായ നിഷ്പക്ഷത പാലിച്ചിരുന്നെങ്കിലും സാമൂഹ്യവും സാംസ്കാരികവുമായ ചലനങ്ങളിൽ താല്പര്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ, ഇന്നത്തെ അഖിലേന്ത്യാസർവീസുകൾക്ക് ഈ

താല്പര്യമില്ല. ഭരണപരമായ കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നു എന്നുള്ളതല്ലാതെ സാമൂഹ്യമോ സാംസ്കാരികമോ ആയ ചലനങ്ങളിൽ ഒരു തരത്തിലുമുള്ള പങ്ക് ഇവർക്കില്ല. മന്ത്രിസഭാംഗത്തേക്കാൾ ഉന്നതമായ ഉദ്യോഗസ്ഥപീഠങ്ങളിലാണ് കൂടുതൽ മാററങ്ങൾ അനുഭവപ്പെടുന്നത്. ഉദ്യോഗസ്ഥന്മാരെ കൂടെക്കൂടെ ട്രാൻസ്ഫർ ചെയ്യുന്നതു കൊണ്ട് ഏതെങ്കിലും ഭരണരംഗത്ത് സ്വാധീനം ചെലുത്തുന്ന ഉദ്യോഗസ്ഥന്മാർ ചുരുക്കമാണ്.

രാഷ്ട്രീയക്കാരുടെ ഇടയിലുള്ള വികസനോന്മുഖമായ ഒരു തത്വശാസ്ത്രത്തിന്റെ അഭാവത്തെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചുവല്ലോ. നമ്മുടെ രാഷ്ട്രീയനേതാക്കന്മാർ ഇടത്തോ വലത്തോ മധ്യത്തിലോ മറേറതു ഭാഗത്തോ ആയിരുന്നാലും പ്രായേണ യാഥാസ്ഥിതികരാണ് എന്ന് പറയുന്നതിൽ തെററില്ല. അവരവരുടെ രാഷ്ട്രീയകക്ഷികളുടെ സിദ്ധാന്തപരമായ വീക്ഷണകോണങ്ങളിൽ കൂടി ചിന്തിക്കുന്നവരാണെന്നല്ലാതെ, സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യുന്നവരല്ല എന്ന് പൊതുവെ പറയാവുന്നതാണ്. രാഷ്ട്രീയകക്ഷികൾ നിർദേശിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥവൃന്ദത്തെ മാത്രം ആശ്രയിക്കുന്ന കാര്യത്തിൽ ഇവർ തമ്മിൽ യോജിപ്പ് കാണുന്നു. വളരെക്കാലത്തേക്ക് കേരളത്തിലെ പ്ലാനിങ് ഉപദേശകസമിതിയിൽ ഒരു സാമ്പത്തികശാസ്ത്രജ്ഞൻ ഇല്ലായിരുന്നു എന്ന് പറഞ്ഞാൽ പലരും ആശ്ചര്യം പ്രകടിപ്പിക്കും. ഒരു പ്ലാനിങ് ബോർഡ് സംഘടിപ്പിക്കണമെന്ന കേന്ദ്രനിർദേശം വളരെ വൈകിയ ശേഷമാണ് നടപ്പിലാക്കിയത്. ഈ ബോർഡ് സംഘടിപ്പിച്ചതിന്റെയും പുനഃസംഘടിപ്പിച്ചതിന്റെയും പിന്നിൽ രാഷ്ട്രീയപരിഗണനകളായിരുന്നു പ്രധാനമായിട്ട് ഉണ്ടായിരുന്നത്. പ്ലാനിങ്രംഗത്ത് സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയത് അടുത്ത കാലത്താണ്.

കേരളത്തിലും ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും ഭരണപരമായ പാരമ്പര്യവും രാഷ്ട്രീയപ്രക്രിയയും തമ്മിൽ ഒരു ചേർച്ചയില്ലായ്മ ഉണ്ട്. ബ്രിട്ടീഷ് ഭരണകാലത്തെപ്പോലെ, യഥാർഥമായ അധികാരം ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണ്. അധികാരത്തിൽ വരുന്ന രാഷ്ട്രീയകക്ഷികൾ ഉദ്യോഗസ്ഥന്മാരുടെ അധികാരം ഉറപ്പിക്കുവാനല്ലാതെ കുറയ്ക്കുന്നതിനല്ല സഹായിക്കുന്നത്. മന്ത്രിസഭകൾ അസ്ഥിരമായിരിക്കുമ്പോൾ ഈ പ്രവണത കൂടുന്നു.

കേരളത്തിലെ പ്രശ്നം, രാഷ്ട്രീയനേതാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും കൂടാതെ ഭരണനയരൂപീകരണത്തിൽ സ്വാധീനതകളുള്ള വേറെ ഗ്രൂപ്പുകൾ ഇല്ല എന്നുള്ളതാണ്. ദിനപ്പത്രങ്ങൾക്ക് കുറെയൊക്കെ സ്വാധീനമുണ്ട്. എന്നാൽ, ഏതെങ്കിലും രാഷ്ട്രീയകക്ഷിയുമായി ബന്ധമില്ലാത്ത പത്രങ്ങൾ ഇല്ല. മററു രാജ്യങ്ങളിൽ സ്വതന്ത്രമായ ഗ്രൂപ്പുകൾ ബിസിനസ്സ് സമൂഹത്തിൽ നിന്നോ സർവകലാശാലകളിൽ നിന്നോ ആണ് വരുന്നത്. കേരളത്തിലെ ബിസിനസ്സ്സമൂഹം ശക്തമായ ഒന്നല്ല. സർവകലാശാലകളുടെ എണ്ണം കൂടി വരുന്നുണ്ടെങ്കിലും നയരൂപീകരണവുമായി അവയെ ബന്ധപ്പെടുത്തണമെന്ന് ആരും

ആഗ്രഹിക്കുന്നില്ല. സർവകലാശാലകളെ വെറും ഭരണവിഭാഗങ്ങളായാണ് അധികാരികളും പൊതുജനങ്ങളും സങ്കല്പിക്കുന്നത്. പുതിയ ആശയങ്ങൾ കൊണ്ടു വരുന്നതിനോ നയരൂപീകരണത്തിൽ സഹായിക്കുന്നതിനോ സർവകലാശാലകളെ ഉപയോഗിക്കുന്നതിലുള്ള വിമുഖത പഴയ ബ്രിട്ടീഷ്പാരമ്പര്യത്തിലുള്ള യാഥാസ്ഥിതികമനോഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ആധുനികജനായത്തരാഷ്ട്രങ്ങളിൽ ഉള്ള തരം രാഷ്ട്രീയം കേരളത്തിലോ മററു സംസ്ഥാനങ്ങളിലോ ഇല്ല. ഒരു നിർവചനമനുസരിച്ച് രാഷ്ട്രീയമെന്നു പറയുന്നത്, വിവിധ താല്പര്യങ്ങളെ ഒത്തുതീർപ്പിൽ എത്തിക്കുന്നതും, കക്ഷികളുടെ സ്വാധീനശക്തിയനുസരിച്ച് അധികാരത്തിൽ സ്വാധീനം ചെലുത്തുന്നതിനു് അവസരം നൽകുന്നതും ആയ ഒരു പ്രക്രിയയാണ്. എന്നാൽ, രാഷ്ട്രീയമെന്നു് ഇന്ത്യയിൽ അർഥമാക്കുന്നത് അധികാരം സമ്പാദിക്കുക എന്നുള്ളതാണ്. സമൂഹത്തിൽ വിഭിന്നമായ താല്പര്യങ്ങൾ ഉണ്ടു് എന്നു് മനസ്സിലാക്കുന്ന ഒന്നാണ് യഥാർഥമായ രാഷ്ട്രീയം. ചില വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നു് ആവശ്യപ്പെടുന്ന സിദ്ധാന്തപരമായ രാഷ്ട്രീയം (Ideological Politics) കേരളത്തിലുണ്ടു്. അതേ സമയം ചില താല്പര്യങ്ങൾ എന്നും സംരക്ഷിക്കണമെന്ന സ്റ്റാററസ്കോരാഷ്ട്രീയവും കേരളത്തിലുണ്ടു്. ചിലരുടെ താല്പര്യങ്ങളും അവകാശവാദങ്ങളും കേൾക്കുവാൻ ആളുണ്ടു്. എന്നാൽ, വിവിധതാല്പര്യങ്ങളെ സംയോജിപ്പിച്ച് നയപരിപാടികൾ രൂപീകരിക്കുക—അതായത് സംസ്ഥാനത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിനു് യോജിച്ച പരിപാടികൾ രൂപീകരിക്കുക—എന്നുള്ള പരിപാടി നടക്കുന്നില്ല. ഇന്നത്തെ ചുററുപാടുകളിൽ കേരളത്തിലെ രാഷ്ട്രീയവ്യവസ്ഥിതിക്കു് മൗലികമായ മാററങ്ങൾ വരുത്തുന്നതിനുള്ള കഴിവില്ല എന്നു് പറയേണ്ടിയിരിക്കുന്നു.

ഡോക്ടർ വി. കെ. സുകുമാരൻനായർ

## 29

# ആസൂത്രണത്തിൻെറ സാമൂഹ്യപശ്ചാത്തലം

സാമ്പത്തികാസൂത്രണം തുടങ്ങി വെറും പതിനഞ്ചുവർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും ആസൂത്രണശ്രമങ്ങൾക്കൊരു കടിഞ്ഞാണിടാൻ ഗവണ്മെൻറ് നിർബന്ധിതമായി. നാലാം പഞ്ചവത്സരപദ്ധതിയുടെ വിഭവസാധ്യതയെ കുറിച്ചുള്ള അനിശ്ചിതത്വമാണിതിന്ന് പ്രധാനകാരണം. ഈ അനിശ്ചിതാവസ്ഥ പദ്ധതിയുടെ രണ്ടാം വർഷമായ ഇന്നും തുടരുകയാണ്. ഇനിയും അതു് നീണ്ടുപോകാൻ സാധ്യതയുണ്ട്. ഇന്ത്യയുടെ സർവ്വപ്രശ്നങ്ങൾക്കുമുള്ള ഒററമൂലിയായിട്ടാണ് പഞ്ചവത്സരപദ്ധതികൾ അവതാരം ചെയ്തതു്. ആ സ്ഥിതിക്ക് വലിയ ആർഭാടത്തോടും ശബ്ദകോലാഹലങ്ങളോടും കൂടിയാണവയാരംഭിച്ചതു്. എന്നാൽ, പ്രതീക്ഷകൾ അസ്ഥാനത്താക്കിക്കൊണ്ട് ഇന്ന് പഞ്ചവത്സരപദ്ധതികൾ കേവലമൊരു ചടങ്ങു മാത്രമായി അവശേഷിച്ചിരിക്കുകയാണ്.

ഈ ദുസ്ഥിതിയ്ക്ക് പ്രധാനകാരണം വിളംബരം ചെയ്ത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പദ്ധതികൾക്കുണ്ടായ പരാജയമാണ്. ആസൂത്രണപ്രക്രിയയുടെ സ്വഭാവത്തെക്കുറിച്ച് വിദഗ്ധന്മാരുടെ കണക്കുകൂട്ടലിൽ ഉണ്ടായ പിശകു മൂലമാണിതു് സംഭവിച്ചതു്. ആവിഷ്കരിക്കുന്ന പദ്ധതികളുടെ സാങ്കേതികപൂർണത മാത്രം ശ്രദ്ധിച്ചാൽ പോര. ആസൂത്രണത്തിൻെറ സാമൂഹ്യപശ്ചാത്തലവും കൂടി കണക്കിലെടുക്കേണ്ടതുണ്ട് എന്ന നഗ്നസത്യം ഈ പ്രതിസന്ധി മൂലം പുറത്തു കൊണ്ടുവരപ്പെട്ടു. ധീരവും ബൃഹത്തുമായ ഒരു പുതിയ ലോകം വിഭാവന ചെയ്യുക മാത്രമല്ല ആസൂത്രണത്തിൻെറ ലക്ഷ്യം. അതു് സ്ഥാപിക്കുവാനാവശ്യമായ ക്രിയാത്മകവും പ്രായോഗികവുമായ പരിപാടികൾ ആവിഷ്കരിക്കുക, ആ പരിപാടികളുടെ പ്രവർത്തനത്തിനാവശ്യമായ പെരുമാററരീതികൾ ജനങ്ങളിൽ വളർത്തുക എന്നിവയും ആസൂത്രണത്തിൽപ്പെട്ടതാണ്. ആസൂത്രണം മൂലം നടപ്പിൽ വരുത്തേണ്ട പരിപാടികളും പെരുമാററരീതികളും നിലവിലുള്ള സമ്പ്രദായങ്ങളിൽ നിന്ന് വളരെ വിഭിന്നമാണ്. തന്നെയുമല്ല, മാമൂലുകളുടെ വിവേകത്തെത്തന്നെ ചോദ്യം ചെയ്യുന്നവയാണ്. ആസൂത്രണം ജനങ്ങളിൽ നിന്നാവശ്യപ്പെടുന്ന പെരുമാററരീതികളിൽ പ്രധാനമായതു്, പ്രശ്നങ്ങളോടു പുതിയ കാഴ്ചപ്പാടും അവയുടെ പരിഹാരത്തിന്ന് പുതിയ സമീപനവും, കൂടാതെ പുതിയ മൂല്യങ്ങൾ, പുതിയ ചക്രവാളങ്ങൾ, പുതിയ സാമൂഹ്യബന്ധങ്ങൾ മുതലായവയുമാണ്. ഇവ പാരമ്പര്യാധിഷ്ഠിതമായ ഒരു സമൂഹത്തെ പിടിച്ചുലയ്ക്കാൻ പര്യാ

പ്പമായതാണ്. തന്മൂലം വലിയ സമ്മർദം മൂലമല്ലാതെ ഈ പുതിയ പെരുമാററ ച്ചട്ടങ്ങൾ സ്വീകരിക്കുവാൻ ജനങ്ങൾ തയ്യാറാവുകയില്ല. ഈ സമ്മർദം രാഷ്ട്രീയനേതൃത്വത്തിൽ നിന്നാണുണ്ടാകേണ്ടതു്. ജനകീയഭരണത്തിൽ ഈദൃശസംരംഭങ്ങൾ ജനരോഷമിളക്കി വിടാൻ കാരണമായേയ്ക്കുമെന്നതു കൊണ്ടു് ആസൂത്രണത്തിലടിയുറച്ചു് വിശ്വസിച്ചു് അതിൻെറ നടത്തിപ്പിനായി അർപ്പണമനോഭാവത്തോടു കൂടി മുമ്പോട്ടു വന്നിട്ടുള്ള ഒരു രാഷ്ട്രീയനേതൃത്വത്തിനു് മാത്രമേ ഇതു് സാധ്യമാവൂ.

ഒരു പുതിയ സമൂഹം നിർമിക്കുന്നതിനു് വേണ്ടി ഇപ്രകാരം പ്രതിജ്ഞാബദ്ധമായി മുന്നോട്ടിറങ്ങിയ ഒരു നേതൃത്വം നമുക്കുണ്ടോ എന്നതാണു് ഇന്നു് നമ്മുടെ പ്രശ്നം. സ്വാതന്ത്ര്യസമ്പാദനത്തിനു് ശേഷമുള്ള ഇരുപത്തിനാലു വർഷങ്ങളിലെ ചരിത്രം പരിശോധിച്ചാൽ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഇത്തരമൊരു നേതൃത്വമുണ്ടായിരുന്നതായി കാണാൻ വിഷമമാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം ആസൂത്രിതസാമൂഹ്യപരിവർത്തനങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഏതെങ്കിലും രാഷ്ട്രീയനേതൃത്വം ഇതരനേതൃത്വങ്ങളിൽ നിന്നു് ഭേദമായിരുന്നു എന്നു തെളിയിയ്ക്കാൻ വസ്തുതകളൊന്നും തന്നെയില്ല. ആസൂത്രണപ്രസ്ഥാനത്തിൻെറ ആദ്യഘട്ടങ്ങളിൽ, ആസൂത്രണത്തെക്കുറിച്ചു് നേതൃത്വത്തിനു് പൂർണമായ അറിവില്ലാതിരുന്നതു മൂലം ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പല പാകപ്പിഴകളും വന്നു ചേർന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയായപ്പോഴേയ്ക്കും ഇക്കാര്യത്തിൽ കൂടുതൽ പരിജ്ഞാനം സിദ്ധിച്ചിരുന്നെങ്കിലും പദ്ധതിനിർമാണത്തിൽ ശ്രദ്ധ ചെലുത്താതെ ആ ചുമതല ബ്യൂറോക്രസിയെ ഏല്പിക്കുകയാണു് ചെയ്തതു്. ഭരണകക്ഷികളുടെ രാഷ്ട്രീയസാമ്പത്തികതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും അഭീഷ്ടപരിപാടികൾ പദ്ധതിയിലുൾക്കൊള്ളിയ്ക്കുന്നതിലും മാത്രമേ ഇക്കാലത്തു് നേതൃത്വം ശ്രദ്ധിച്ചിരുന്നുള്ളൂ. എന്നാൽ, ആസൂത്രണത്തിൻെറ മേന്മയെക്കുറിച്ചു് ഗിരിപ്രഭാഷണങ്ങൾ നടത്തുന്നതിലും അതിൻെറ ബാഹ്യമായ ചടങ്ങുകൾ നിർവഹിയ്ക്കുന്നതിലും നേതൃത്വം നിഷ്കർഷ പാലിച്ചിരുന്നു.

ഉറച്ചതും അർപ്പണമനോഭാവത്തോടു കൂടിയതുമായ ഒരു ഗവണ്മെൻറ് ആസൂത്രണത്തിൻെറ വിജയത്തിനത്യന്താപേക്ഷിതമാണു്. ഇങ്ങനെയുള്ള ഗവണ്മെൻറിനു മാത്രമേ പ്രശ്നങ്ങളോടു് ദീർഘകാലികവും ഏകോപനാത്മകവുമായ സമീപനത്തിനു് സാധ്യമാവൂ. ഇങ്ങനെ കെട്ടുറപ്പുള്ള ഒരു ഗവണ്മെൻറു് കേരളത്തിലുണ്ടായിട്ടില്ല. രാഷ്ട്രീയകക്ഷികളുടെ ബഹുവിധത്വവും അംഗങ്ങളുടെ അനിശ്ചിതമായ കക്ഷിക്കൂറും ഗവണ്മെൻറുകളുടെ നിലനില്പിനെ തീരെ പരുങ്ങലിലാക്കി. അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരുന്ന മന്ത്രിസഭാപതനം ഈ സ്ഥിതിവിശേഷത്തിൻെറ പ്രത്യാഘാതമായിരുന്നു. ഇതു് ദീർഘവീക്ഷണത്തോടെ പ്രശ്നങ്ങളെ സമീപിക്കുവാനാവശ്യമായ സ്വസ്ഥതയ്ക്കു് തടസ്സമുണ്ടാക്കി. അനിശ്ചിതമായ ഈ പശ്ചാത്തലത്തിൽ ക്ഷിപ്രപ്രയോജനകരങ്ങളായ പരിപാടികൾ നടപ്പിൽ വരുത്തുന്നതിലായിരുന്നു ഭരണകക്ഷികളുടെ ശ്രദ്ധ. ആസന്നമായി വന്നേയ്ക്കാവുന്ന തിരഞ്ഞെടുപ്പിൽ വിജയത്തിനാവശ്യമായ പൊതുജനസഹകരണം നേടുന്ന

തിനു് ഇപ്രകാരമുള്ള പരിപാടികൾ സഹായകമാണു്. അങ്ങനെ ജനസമ്മതി നേടുന്ന സാമൂഹ്യക്ഷേമപരിപാടികൾ, ആവശ്യത്തിലും വിഭവശേഷിയിലും കവിഞ്ഞ തോതിൽ പദ്ധതികളിൽ സ്ഥലം പിടിച്ചു. സമ്മതിദായകരുടെ വർഗീയവും പ്രാദേശികവുമായ മനോഭാവ (കൂറു്)വും അവരുടെ പ്രബലമായ സമ്മർദശേഷിയും രാഷ്ട്രീയനേതൃത്വത്തിനു് സ്വതന്ത്രവും ആസൂത്രിതാധിഷ്ഠിതവുമായ നയപരിപാടികൾ നടപ്പിൽ വരുത്തുന്നതിനു് വിഘാതമായി നിന്നു.

ആവിഷ്കരണത്തിന്റെ വിജയത്തിനാവശ്യമായ മറെറാരു സംഗതി പ്രശ്നങ്ങളോടുള്ള ശാസ്ത്രീയമായ സമീപനമാണു്. ഒരു പ്രശ്നത്തിന്റെ സർവപരിഹാരമാർഗങ്ങളും ആരാഞ്ഞു് അവയിൽ നിന്നു് ഏററവും ഫലപ്രദമായ മാർഗം തിരഞ്ഞെടുത്തു് നിശ്ചിതകാര്യപരിപാടിയനുസരിച്ചു് നടപ്പിൽ വരുത്തുകയാണു് ശാസ്ത്രീയസമീപനം എന്നതു കൊണ്ടുദ്ദേശിക്കുന്നതു്. സ്ഥലകാലപശ്ചാത്തലത്തിൽ പരസ്പരം ഏകോപിച്ചിട്ടുള്ള പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരങ്ങളുടെ സമാഹാരമാണു് ഒരു പദ്ധതി. അതിലെ ഘടകങ്ങളുടെ ആപേക്ഷികപ്രാധാന്യത്തിലോ നടത്തിപ്പിലോ മാററം വരുത്തിയാൽ ആവിഷ്കരണതത്വം ബലികഴിക്കപ്പെടും. എന്നാൽ, ഇതാണു് കേരളത്തിലെ പഞ്ചവത്സരപദ്ധതികളിൽ സംഭവിച്ചതു്. പ്രശ്നങ്ങളുടെ പരിഹാരങ്ങൾ പര്യാപ്തങ്ങളായിരുന്നവയല്ലെന്നു മാത്രമല്ല ബലഹീനങ്ങളായ ഈ പരിപാടികളിൽ തന്നെ പ്രവർത്തനസമയത്തു് ഭേദഗതി വരുത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ജനകീയസമ്പ്രദായത്തിൽ വികസനപരിപാടികളുടെ തിരഞ്ഞെടുപ്പിലും നടത്തിപ്പിലും നീക്കുപോക്കില്ലാത്ത ഒരു സമീപനം സാധ്യമല്ല എന്നിരിക്കിലും ശാസ്ത്രീയതത്വം ബലികഴിക്കാതെ തന്നെ പരിപാടികൾ നടപ്പിൽ വരുത്താൻ സാധിക്കുന്നതാണു്. നമ്മുടെ ആഗ്രഹങ്ങളെയോ വാഗ്ദാനങ്ങളെയോ ആശ്രയിച്ചല്ല പ്രത്യുത, പ്രവൃത്തികളെ ആശ്രയിച്ചാണല്ലോ ഫലങ്ങൾ ലഭ്യമാകുന്നതു്.

സേവനമനോഭാവമുള്ള ഒരു ഉദ്യോഗസ്ഥമണ്ഡലം ആസൂത്രണത്തിനത്യന്താപേക്ഷിതമാണു്. വികസനശ്രമങ്ങളിലേർപ്പെട്ടിരിക്കുന്ന ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തു് പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ഇതിനു നിർണായകമായ ഒരു പങ്കുണ്ടു്. വിദ്യാഭ്യാസവും ഭരണപരിചയവും ഇതിലെ അംഗങ്ങൾക്കു് ധാരാളമുണ്ടെങ്കിലും വികസനപരിപാടികൾ നടപ്പാക്കുന്നതിനാവശ്യമായ അയവും പരീക്ഷണങ്ങൾക്കുള്ള കഴിവും ഇവർക്കു് തീരെ കുറവാണു്. വ്യക്തികളുടെ ശേഷിക്കുറവു മൂലമല്ല, സംഘടനയുടെ ന്യൂനത മൂലമുണ്ടാകുന്നതാണിതു്. ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ അന്തരീക്ഷം അംഗങ്ങളെ യഥാസ്ഥിതികരും ചട്ടങ്ങളുടെ അടിമകളുമാക്കി മാററുന്നു. ദീർഘകാലം ഈ ചട്ടക്കൂടിൽ പ്രവൃത്തി എടുക്കുന്നതു മൂലം അംഗങ്ങളുടെ മനോഭാവം ഇടുങ്ങിയതും അയവില്ലാത്തതുമായിത്തീരുന്നു. ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ (ബ്യൂറോക്രസി) ഈ പ്രവണത മാററാൻ രാഷ്ട്രീയനേതൃത്വത്തിനു് കഴിഞ്ഞില്ലെങ്കിൽ വികസനപരിപാടികൾ വിജയിക്കുവാൻ വിഷമമാണു്. എന്നാൽ ഇതിനു് രണ്ടു കാര്യങ്ങൾ ആവശ്യമാണു്. ഒന്നാമതായി, പ്രശ്നങ്ങളെക്കുറിച്ചു

വ്യാപകവും പൂർണവുമായ പരിജ്ഞാനം നേതൃത്വത്തിനുണ്ടായിരിക്കണം. രണ്ടാമതായി, പ്രശ്നപരിഹാരത്തിനു വേണ്ട നടപടികളെടുക്കുന്നതിനുള്ള കഴിവും ആഗ്രഹവും അവർക്കുണ്ടായിരിക്കണം. ഇവ രണ്ടും നമ്മുടെ നേതൃത്വത്തിന് ഉണ്ടായിട്ടില്ല. നേരെ മറിച്ച്, രാഷ്ട്രീയനേതൃത്വം ബ്യൂറോക്രസിയുടെ മൂല്യങ്ങൾ സ്വീകരിക്കുകയും അതുമായി ഒത്തുചേർന്ന് പ്രവർത്തിക്കുകയും കൂടി ചെയ്തുവന്നു. തന്മൂലം സാമൂഹ്യപരിവർത്തനത്തിന് വേണ്ട ഗുണങ്ങൾ ഉദ്യോഗസ്ഥമണ്ഡലത്തിൽ ഉണ്ടായില്ല.

വികസനപദ്ധതികളിൽ ശ്രദ്ധിക്കേണ്ട മറ്റൊരു സംഗതി വികസനത്തിനാവശ്യമായ കഴിവും ആഗ്രഹവും ജനങ്ങളിൽ വളർത്തിയെടുക്കുകയെന്നതാണ്. പാരമ്പര്യത്തിലടിയുറച്ച, കൃഷിപ്രധാനമായ രാഷ്ട്രങ്ങളിൽ ഇതു കൂടുതൽ ആവശ്യമാണ്. ആസൂത്രണത്തിലെ പരമപ്രധാനവും, എന്നാൽ ഏറ്റവും ദുഷ്കരവുമായ ഒരു ചുമതലയാണിത്. ജനങ്ങൾക്ക് ആവശ്യമായ ഉത്തേജനം നൽകുവാനും അവരെ പ്രതിജ്ഞാബദ്ധരും കർമകുശലരുമായ പ്രതിനിധികളായി മാറ്റുവാനും കഴിഞ്ഞില്ലെങ്കിൽ പരിവർത്തനപ്രധാനമായ യാതൊരു പരിപാടിയും വിജയിക്കുകയില്ല. ആസൂത്രണത്തിന്റെ പ്രഥമതത്വമാണിത്. വികസനോന്മുഖമായ പഞ്ചവത്സരപദ്ധതികളുടെ കാര്യത്തിൽ ഇതു് പ്രത്യേകം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഒരു സ്കൂൾ കെട്ടിടം ഏതാനും മാസങ്ങൾക്കുള്ളിൽ തയ്യാറാക്കാം. എന്നാൽ വിദ്യാഭ്യാസത്തിനായി കുട്ടികളെ അവിടേക്കയയ്ക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക അത്ര എളുപ്പമല്ല. അതിനാവശ്യമായ കഴിവുകളും മാർഗങ്ങളും കെട്ടിടനിർമാണസംരംഭങ്ങളിൽ നിന്ന് വളരെ വിഭിന്നമാണ്. ശോഭനമായ ഭാവിക്കു വേണ്ടി ജനങ്ങളിൽ ആഗ്രഹവും അർപ്പണമനോഭാവവും ജനിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിനുണ്ടായ കഴിവുകേട് ഇന്ത്യൻ പദ്ധതികളിലടങ്ങിയിട്ടുള്ള പല പരിപാടികളുടെയും കാര്യക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. സർവപ്രധാനമായി കണക്കാക്കിയിട്ടുള്ള കാർഷികവികസനം, കുടുംബാസൂത്രണം മുതലായ പരിപാടികളുടെ കാര്യത്തിലും ഇതു് വാസ്തവമാണ്.

വികസനപരിപാടികൾക്കു വേണ്ടി ജനങ്ങളെ സജ്ജമാക്കുന്നതിലും, അവയിൽ ജനങ്ങൾക്കാഗ്രഹം സൃഷ്ടിക്കുന്നതിലും രണ്ടു സംഗതികൾ അന്തർലീനമായിട്ടുണ്ട്. കഠിനാധ്വാനത്തിന് ജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണാദ്യത്തേതു്. അധ്വാനം കൊണ്ടു മാത്രമേ സമൂഹത്തിന്റെ വരുമാനം വർധിപ്പിക്കുവാൻ സാധിക്കൂ. ജനങ്ങളുടെ അധ്വാനത്തിന്റെ ഫലമായി ഉണ്ടാകുന്ന ആദായത്തിന്റെ ഒരു ഭാഗം പാഴ്ച്ചെലവിനുപയോഗിക്കാതെ പുനരുല്പാദനത്തിനായി മാറ്റിവയ്ക്കുക എന്നതാണ് മറ്റൊരു സംഗതി. അധ്വാനവും സമ്പാദ്യവും ഒരുമിച്ചു മുന്നോട്ടു പോയാൽ മാത്രമേ വലിയ മൂലധനനിക്ഷേപങ്ങളാവശ്യമായ രാഷ്ട്രപുനർനിർമാണപരിപാടികൾ നടപ്പാക്കാൻ സമൂഹത്തിനു സാധിക്കൂ. എന്നാൽ, നമ്മുടെ സമൂഹത്തിൽ ഈ രണ്ടു ഗുണങ്ങളുടെയും അഭാവമുണ്ടായിട്ടുണ്ട്. നമ്മുടെ സംസ്കാരം അധ്വാനത്തിന് വലിയ വില കല്പിക്കുന്നില്ല, പോരെങ്കിൽ പ്രവൃത്തി ചെയ്യുന്നതിന് പ്രതികൂലമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിൽ രാഷ്ട്രീയ

നേതൃത്വം ഗണ്യമായ പങ്ക് വഹിക്കുന്നുമുണ്ട്. ഇന്ത്യയിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് നമ്മുടെ തൊഴിലാളികൾ കൂടുതൽ ഉല്പാദനശേഷിയുള്ളവരാണെന്നിരിക്കിലും, വാസ്തവത്തിൽ ഉല്പാദനകാര്യത്തിൽ അവർ ഇതരസംസ്ഥാനങ്ങളേക്കാൾ വളരെ പിന്നിലാണ്. രാഷ്ട്രീയകക്ഷികളുടെ തണലിലും സ്വാധീനത്തിലും കഴിയുന്ന തൊഴിലാളിസംഘടനകൾ ഉല്പാദനത്തോടും അധ്വാനത്തോടും പൊതുവെ നിഷേധാത്മകമായ മനോഭാവമാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ പ്രവണത തടയുന്നതിന് നേതാക്കന്മാർ യാതൊന്നും ചെയ്തിട്ടില്ല തന്നെ. ഇത് വികസനപ്രക്രിയക്ക് ഏററവും ഹാനികരമായ ഒരവസ്ഥാവിശേഷമാണ്.

ഐശ്വര്യപൂർണമായ ഭാവി കൈവരുത്തുവാനാവശ്യമായ ത്യാഗങ്ങൾ സഹിക്കുന്ന കാര്യത്തിലും സമൂഹത്തിന്റെ നിലപാട് നിഷേധാത്മകമാണ്. കൂടുതൽ നികുതിഭാരം സ്വീകരിക്കുന്നതിലും നിർബന്ധസമ്പാദ്യപദ്ധതിയിൽ പണം നിക്ഷേപിക്കുന്നതിലും ഉപഭോഗസാധനങ്ങളിൽ നിന്ന് ഉല്പാദനവസ്തുക്കളിലേയ്ക്ക് സമ്പാദ്യം തിരിച്ചു വിടുന്നതിലും ഇത് വളരെ പ്രകടമാണ്. ശ്രേഷ്ഠതയ്ക്കും ആഡംബരച്ചടങ്ങുകൾക്കും വേണ്ടി പണം ചെലവഴിക്കുന്ന പ്രവണതയ്ക്ക് സാരമായ മാററം ഇതു വരെ ഉണ്ടായിട്ടില്ല. അങ്ങനെ സമ്പാദ്യത്തിന്റെ സിംഹഭാഗം വികസനത്തെ സംബന്ധിച്ചിടത്തോളം അപ്രാപ്യമായിത്തീരുന്നു. സാമ്പത്തികമായ പിന്നണിനിലയും തന്മൂലമുള്ള കുറഞ്ഞ ആളോഹരി വരുമാനവും വികസനാവശ്യങ്ങൾക്ക് വേണ്ട വിഭവങ്ങളിൽ കമ്മി സൃഷ്ടിക്കുന്ന പശ്ചാത്തലത്തിലാണ് മുകളിൽ പ്രസ്താവിച്ച പ്രവണതയെ വീക്ഷിക്കേണ്ടത്.

അധ്വാനവും മിതവ്യയവും ത്യാഗമനോഭാവവും യാതൊരു രാഷ്ട്രീയകക്ഷിയും അതിന്റെ പ്രത്യയശാസ്ത്രത്തിലോ പ്രകടനപത്രികയിലോ ഉൾപ്പെടുത്തിയിട്ടില്ല. സാമ്പത്തികവികസനം സാധ്യമാക്കുന്നതിന് ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യങ്ങളാണിവയെന്ന ക്രൂരസത്യത്തെക്കുറിച്ചുള്ള പൂർണമായ അജ്ഞത ജനങ്ങളിലെന്ന പോലെ രാഷ്ട്രീയകക്ഷികളിലുമുണ്ടെന്നുള്ളതിന് തെളിവാണിത്. ജനങ്ങളുടെ ഉന്നമനത്തിന് അവരിൽ നിന്ന് യാതൊരു പരിശ്രമങ്ങളും ആവശ്യപ്പെടാതെ അവർക്കു വേണ്ട എല്ലാ വിധ കാര്യങ്ങളും നേടിക്കൊടുത്തു കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നതിൽ ഇന്ന് രാഷ്ട്രീയകക്ഷികൾ തമ്മിൽ മത്സരമാണ്. ഇതു മൂലം തങ്ങളുടെ ഭാഗത്തു നിന്ന് യാതൊരു ശ്രമവും കൂടാതെ സാമ്പത്തികവികസനം സാധിക്കാമെന്ന് പൊതുജനം ധരിച്ചുവശായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, തങ്ങൾ ഭരണച്ചുമതലയേല്പിച്ച കക്ഷികൾ പ്രതീക്ഷകൾ നിറവേററാതെ വരുമ്പോൾ ജനങ്ങൾ നിരാശരും പ്രതികൂലമനസ്ഥിതിക്കാരുമാകുന്നതിൽ അവരെ കുററപ്പെടുത്തിക്കൂടല്ലോ.

**ജനകീയസമ്പ്രദായത്തിൽ, സാമ്പത്തികാസൂത്രണത്തിനാവശ്യമായ വിവേകവും അച്ചടക്കവും ജനങ്ങളിലുളവാക്കാനുള്ള ചുമതല രാഷ്ട്രീയപ്പാർട്ടികളുടെ, വിശിഷ്യാ, ഭരണകക്ഷിയുടെ ആണ്. ഇതിന്, ആദ്യമായി നേതൃത്വം തന്നെ**

ഈ വിവേകവും പെരുമാററരീതിയും കൈക്കൊള്ളണം. ഭരണകക്ഷികൾ ആസൂത്രണത്തിൻെറ ചട്ടങ്ങളനുസരിക്കുന്നില്ലെങ്കിൽ, ആ ചട്ടങ്ങൾ മററുള്ളവരിൽ ചുമത്തി വശ്ശുവാനുള്ള സംരംഭം വിജയിക്കുകയില്ല. ഇന്ത്യയിൽ ആസൂത്രണശ്രമങ്ങൾക്കുണ്ടായിട്ടുള്ള ഏററവും വലിയ മാർഗതടസ്സം അവയുടെ ആസൂത്രണ സംഘാടകരിൽ ആസൂത്രണച്ചട്ടങ്ങളനുസരിക്കുന്നതിനു് വേണ്ട അർപ്പണമനോഭാവമില്ലെന്നതാണു്. ആസൂത്രണമാരംഭിച്ചിട്ടു് രണ്ടു ദശവത്സരങ്ങളായിട്ടും വികസനശ്രമങ്ങളിൽ പ്രത്യേകം എടുത്തുപറയാവുന്ന യാതൊരു നേട്ടങ്ങളും ഉണ്ടായിട്ടില്ലാത്തതു് ഇതു കൊണ്ടാണു്. രാഷ്ട്രീയനേതാക്കന്മാർ തങ്ങളുടെ ചുമതല ശരിക്കു മനസ്സിലാക്കുകയും ശരിയായ വിധത്തിൽ അവ നിർവഹിക്കുകയും ചെയ്യില്ലെങ്കിൽ, ആസൂത്രണം പ്രശ്നപരിഹാരത്തിനുതകാതെ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും പാഴ്ച്ചെലവു് വരുത്തുന്നതുമായ ഒരു ചടങ്ങായി തരം താണു പോകും.

ഡോക്ടർ പി. കെ. ബി. നായർ

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 330.95483 Acc. No. 1443

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

330.95483 01443
KAM-K

കമാലുദ്ദീൻ ടി. എ
കേരളത്തിന്റെ സാമ്പത്തിക
വികസനം.

KOTTAYAM PUBLIC LIBRARY

Call No 330. 95483 Acc. No 1443

Author മുഹ്യുദ്ദീൻ ടി. എ

Title കേരളത്തിന്റെ സാമ്പത്തിക വികസനം

Indic Digital Archive Foundation

gpura.org